# രാഷ്ട്രീയസിദ്ധാന്തം



XI-ാം ക്ലാസിലേക്കുള്ള
രാഷ്ട്രതന്ത്രശാസ്ത്ര പാഠപുസ്തകം


കേരളസർക്കാർ

പൊതുവിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി

കേരളം 2019

*First Edition*
*March 2006 Chaitra 1928*

***Reprinted***
*June 2014*

**PD 45T MJ**

***© National Council of Educational Research and Training, 2006***

**ALL RIGHTS RESERVED**

- No part of this publication may be reproduced, stored in a retrieval system or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise without the prior permission of the publisher.
- This book is sold subject to the condition that it shall not, by way of trade, be lent, re-sold, hired out or otherwise disposed of without the publisher's consent, in any form of binding or cover other than that in which it is published.
- The correct price of this publication is the price printed on this page. Any revised price indicated by a rubber stamp or by a sticker or by any other means is incorrect and should be unacceptable.

**Rs. .....**

*Printed on 80 GSM paper*

Published by the SCERT. Thiruvananthapuram
Department of Education.
Government of Kerala
&
Printed at:
Centre for Advanced Printing and Training (C-apt).
(Government of Kerala), Thiruvananthapuram

# Foreword

The National Curriculum Framework (NCF), 2005, recommends that children's life at school must be linked to their life outside the school. This principle marks a departure from the legacy of bookish learning which continues to shape our system and causes a gap between the school, home and community. The syllabi and textbooks developed on the basis of NCF signify an attempt to implement this basic idea. They also attempt to discourage rote learning and the maintenance of sharp boundaries between different subject areas. We hope these measures will take us significantly further in the direction of a child-centred system of education outlined in the National Policy on Education (1986).

The success of this effort depends on the steps that school principals and teachers will take to encourage children to reflect on their own learning and to pursue imaginative activities and questions. We must recognise that given space, time and freedom, children generate new knowledge by engaging with the information passed on to them by adults. Treating the prescribed textbook as the sole basis of examination is one of the key reasons why other resources and sites of learning are ignored. Inculcating creativity and initiative is possible if we perceive and treat children as participants in learning, not as receivers of a fixed body of knowledge.

These aims imply considerable change in school routines and mode of functioning. Flexibility in the daily time-table is as necessary as rigour in implementing the annual calendar so that the required number of teaching days is actually devoted to teaching. The methods used for teaching and evaluation will also determine how effective this textbook proves for making children's life at school a happy experience, rather than a source of stress or boredom. Syllabus designers have tried to address the problem of curricular burden by restructuring and reorienting knowledge at different stages with greater consideration for child psychology and the time available for teaching. The textbook attempts to enhance this endeavour by giving higher priority and space to opportunities for contemplation and wondering, discussion in small groups, and activities requiring hands-on experience.

The National Council of Educational Research and Training (NCERT) appreciates the hard work done by the textbook development committee responsible for this book. We wish to thank the Chairperson of the advisory group in Social Sciences, Professor Hari Vasudevan and the Chief Advisors for this book, Professor Suhas Palshikar and Professor Yogendra Yadav for guiding the work of this committee. Several teachers contributed to the development of this textbook; we are grateful to their principals for making this possible. We are indebted to the institutions and organisations which have generously permitted us to draw upon their resources, material and personnel. We are especially grateful to the members of the National Monitoring Committee, appointed by the Department of Secondary and Higher Education, Ministry of Human Resource Development under the Chairmanship of Professor Mrinal Miri and Professor G.P. Deshpande, for their valuable time and contribution. As an organisation committed to systemic reform and continuous improvement in the quality of its products, NCERT welcomes comments and suggestions which will enable us to undertake further revision and refinement.

*Director*
National Council of Educational Research and Training

New Delhi
*20 December 2005*

# Preface

The NCERT this year has introduced a separate paper on Political Theory for students of Class XI. This change has come as a part of the larger project to revise and redesign the school curricula. Previously students were exposed to political ideas and theories primarily through the study of political ideologies, such as, Liberalism, or Marxism, or Fascism. Concepts like freedom and equality entered the picture only indirectly in terms of their place in a given system of ideas. In the new course the central focus is on concepts rather than ideologies. The objective of the course is to introduce students to some of the important ideas and concepts which form a part of the living tradition of political thought in the world.

In the writing of this book the approach which was followed was to try and involve the students in the process of learning, both as recipients and creators of knowledge. The objective was to encourage students to *do* political theory by training them to scrutinise and reflect upon the ways we make sense of and conceptualise our world, as well as to develop and extend their understanding. Hence, even as each chapter begins with some minimum, and at times commonsensical, understanding of a concept, it tries to introduce students to different dimensions of the concept and give them a feel of the range of ideas that can be marshaled while taking positions and offering reasons.

For all of you, the students, who will study political theory and be examined in this subject, we hope will be this approach to the study of political theory more engaging. We wanted you not only to learn about the ideas which have been developed by thinkers over the ages but also to be able to respond to them on the basis of your own experience of the world. As you will see, the concepts included in this book – freedom, equality, rights, nationalism – are used in everyday life not only by politicians and governments but by all of us. We speak frequently of our freedoms and rights, of the fairness and unfairness of things, of our desire to be treated equally, of our sentiments about nationalism or peace, or other such ideals. The concepts that we are going to study in this book are thus already part of our lives. We apply them in our personal life, in the family, in the school, or among our friends, and we also use them when we take positions on public policies or political debates.

The starting point of our study is not therefore unfamiliar. But we hope that through the study of political theory you will be able to refine your ideas and express them with greater precision and clarity. If, at the end of the year, you are able to critically reflect on your beliefs and ideas and offer reasoned and compelling arguments in defence of your position, we think that this experiment would have been successful. The side comments, suggestions for activities, and exercises in each chapter were designed to indicate how these concepts could help you interpret the often-confusing world in which we live. As with all such new projects, mistakes might have been made but we look forward to feedback from you.

Even though students were the major focus of our thinking when planning the book we recognise the crucial role that teachers play in the learning process. We hope that the book will also empower teachers to use it not as a repository of truths but as a starting point for generating a creative classroom environment. The different exercises and activities included in each chapter were intended not as directions for what the teachers have to do in their classes. Rather they were meant to be indicators of how the ideas in a chapter and the book as a whole could be appropriated and developed.

We might also add that in addition to the main text, boxes have been introduced in each chapter to draw your attention to the political thought and contribution of a particular theorist or of a system of ideas. These too were conceived as ways of enriching and deepening the discussion, without compelling the student to commit to memory who said what, when and why. We do hope that the teachers will assess students in terms of their ability to think for themselves by understanding the different aspects and dimensions of a given concept rather than for their skill in rehearsing and reproducing all the possible arguments and usages of a concept discussed in the text. Such an open-ended approach may present a challenge both for teachers and students but it should become an integral part of our educational system.

In this short preface, rather than prescribing what needs to be done, and how, we have tried to share with you how we approached the writing of the book. From teachers also we would appreciate feedback about the book and its design.

Writing the book was a collective enterprise of a number of people and it involved a continuous dialogue regarding the meaning of concepts and how they could be taught. We recognised both the need to listen to each other as well as to convince others of our point of view. The end result is before you and we will wait to get your response.

*Chief Advisors*
Suhas Palshikar
Yogendra Yadav

*Advisors*
Gurpreet Mahajan
Sarah Joseph

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമമാർഗം എന്നതിനോടൊപ്പം സാംസ്കാരികത്തനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ. ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

# Textbook Development Committee

**Chairperson, Advisory Committee for Textbooks at the Secondary Level**

Hari Vasudevan, *Professor,* Department of History, University of Calcutta, Kolkata

**Chief Advisors**

Suhas Palshikar, *Professor,* Department of Politics and Public Administration, University of Pune, Maharashtra

Yogendra Yadav, *Senior Fellow,* Centre for the Study of Developing Societies, Delhi

**Advisors**

Gurpreet Mahajan, *Professor,* Centre for Political Studies, School of Social Sciences, Jawaharlal Nehru University, New Delhi

Sarah Joseph, (Retd.) *Reader,* Lady Sri Ram College, New Delhi, 2A, Palacina Apts., 43, M.E.G.Officers Colony, Banaswadi Road, Bangalore

**Members**

Ashok Acharya, *Professor,* Department of Political Science, Art Faculty Extension, Delhi University, Delhi

Bhagat Oinam, *Associate Professor,* Center of Philosophy, JNU, New Delhi

Lajwanti Chattani, *Associate Professor,* Department of Political Science, MS University Baroda, Vadodara, Gujarat

Mangesh Kulkarni, *Reader,* Department of Politics and Public Administration, University of Pune, Maharashtra

Meenakshi Tandon, *PGT* (Pol. Sc.), Sardar Patel Vidyalaya, New Delhi

Neeraj Priya, *Lecturer,* N 16, Navin Shahadara, Delhi

Peter R. D' Souza, *Professor and Co-Director Lokniti,* Senior Fellow, CSDS, 29, Rajpur Road, Delhi

Rajeev Bhargava, *Professor and Senior Fellow,* CSDS, 29 Rajpur Road, Delhi

Rajesh Dev, *Lecturer* , Women's College, Laithumkhrah, Shillong, Meghalaya

Rupa Sen, *Principal,* Former PGT (Pol. Sc.) Ajanta Public School, Gurgaon

Satya P. Gautam, *Professor,* Centre for Philosophy, SSS, JNU, New Delhi

Vasanthi Srinivasan, *Associate Professor,* B-20, University of Hyderabad, Gachi Bowli Campus, Hyderabad

Vipul Mudgal, *Editor,* HT-School edition, Hindustan Times House, New Delhi

**Member-Coordinator**

Sanjay Dubey, *Reader,* DESSH, NCERT, New Delhi

# പാഠപുസ്തക വിവർത്തനം

## ശില്പശാലയിൽ പങ്കെടുത്തവർ

**ഡോ. അനിൽകുമാർ പി.**
*അസിസ്റ്റന്റ് പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം*

**കുഞ്ഞിമുഹമ്മദ് എ.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, എച്ച്.എം.വൈ.എച്ച്.എസ്.എസ്. മഞ്ചേരി, മലപ്പുറം*

**വി. കെ. ജോബിഷ്**
*എച്ച്.എസ്.എസ്.ടി. മലയാളം, ജി.എച്ച്.എസ്.എസ്. പാണത്തൂർ, കാസർഗോഡ്*

**പ്രദീപ്കുമാർ എൽ.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, ഗവ.എച്ച്.എസ്.എസ്. പട്ടാഴി, കൊല്ലം*

**പ്രസന്നകുമാർ എസ്.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, ഗവ.എച്ച്.എസ്.എസ്. കഞ്ചിക്കോട്, പാലക്കാട്*

**ഫൈസൽ വി.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, ജി.എച്ച്.എസ്.എസ്. കുണ്ടുപറമ്പ, കോഴിക്കോട്*

**ഡോ. ബിജു ലക്ഷ്മണൻ**
*അസോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് ഗാന്ധിയൻ സ്റ്റഡീസ്, എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം*

**ബിൽബി ജോസഫ്**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, എ.എം.എം.എച്ച്.എസ്.എസ്. ഇടയാറൻമുള, പത്തനംതിട്ട*

**മുരളീധരൻ നായർ പി.എൻ.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, എൻ.എസ്.എസ്.എച്ച്.എസ്.എസ്. കിടങ്ങൂർ, കോട്ടയം*

**മുഹമ്മദ് ഷരീഫ്**
*അസിസ്റ്റന്റ് പ്രൊഫസർ, ഫാറൂഖ് ട്രെയിനിംഗ് കോളേജ്, കോഴിക്കോട്*

**രാജേന്ദ്രകുമാർ പി.സി.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, ജി.എച്ച്.എസ്.എസ്. ഇരിങ്ങല്ലൂർ, കോഴിക്കോട്*

**ഷിഹാബ് എ.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, പി.എൻ.എം.ജി.എച്ച്.എസ്.എസ്. കൂന്തള്ളൂർ*

**സജി വറുഗീസ്**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, ഗവ.എച്ച്.എസ്.എസ്, മുളക്കുഴ, ചെങ്ങന്നൂർ*

**സുധീഷ്കുമാർ.ജി**
*അസിസ്റ്റന്റ് പ്രൊഫസർ, എം.ജി. കോളേജ്, തിരുവനന്തപുരം*

## അക്കാദമിക് കോഡിനേറ്റർ

**രമേഷൻ. കെ**, *റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.*

# Acknowledgements

We would like to thank all the people who have been associated with this book in different capacities. At the initial stages of planning inputs were provided by a committee which included school teachers, representatives of the NCERT and some State Education Boards in addition to chapter writers. Although it is difficult to mention the names of all the people who helped in the production and preparation of this book, we would like to mention Vasanthi Srinivasan from Hyderabad Central University and Mangesh Kulkarni from Pune University for contributing chapters and willingly offering additional help through editorial and other inputs. We would also like to thank Peter D'Souza, S. Gautam, Rajeev Bhargava, Bhagat Oinam, Ashok Acharya, Nivedita Menon, Lajwanti and Janaki Srinivasan for contributing to the text. Their contributions kick-started this project. Besides them several young teachers and research students provided invaluable help in giving the book its final form. We would in particular like to thank Ankita Pandey, Divya Singh and Navanita Sinha from JNU, Sriranjani from CSDS and Mohinder Singh and Papia SenGupta from Delhi University. We would also like to thank Aarti Sethi and Rafia Zaman in helping the preparation of the box items.

For some of the images used in this book, we would like to thank www.africawithin.com, www.ibiblio.org, www.narmada.org, Sardar Sarovar Narmada Nigam Ltd., and the National Archives and Records Administration, USA .Our special thanks also to P. Sainath, Harikrishna, Deepa Jani and Shweta Rao for allowing us to use their pictures and images. Most of all we would like to thank R.K. Laxman for letting us use Cartoons from his various collections. We are grateful to Mathew John for proof reading and to DTP Operator, Arvind Sharma for assistance in finalising the book.

The design of this book has the stamp of Shweta Rao and if the book has an attractive look that compels you to leaf through it, it is on account of her efforts.

# ഉള്ളടക്കം

Z5D1G3


| | | |
|---|---|---|
| 1. | രാഷ്ട്രീയസിദ്ധാന്തം: ഒരു ആമുഖം | 1 - 18 |
| 2. | സ്വാതന്ത്ര്യം | 19 - 34 |
| 3. | സമത്വം | 35 - 59 |
| 4. | സാമൂഹ്യനീതി | 60 - 74 |
| 5. | അവകാശങ്ങൾ | 75 - 87 |
| 6. | പൗരത്വം | 88 - 106 |
| 7. | ദേശീയത | 107 - 121 |
| 8. | മതേതരത്വം | 122 - 141 |
| 9. | സമാധാനം | 142 - 157 |
| 10. | വികസനം | 158 - 174 |
| | പദാവലി | 175 - ..... |

# THE CONSTITUTION OF INDIA

## PREAMBLE

**WE, THE PEOPLE OF INDIA,** having solemnly resolved to constitute India into a [1]**[SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC]** and to secure to all its citizens :

**JUSTICE,** social, economic and political;

**LIBERTY** of thought, expression, belief, faith and worship;

**EQUALITY** of status and of opportunity; and to promote among them all

**FRATERNITY** assuring the dignity of the individual and the [2][unity and integrity of the Nation];

**IN OUR CONSTITUENT ASSEMBLY** this twenty-sixth day of November, 1949 do **HEREBY ADOPT, ENACT AND GIVE TO OURSELVES THIS CONSTITUTION.**

1. Subs. by the Constitution (Forty-second Amendment) Act, 1976, Sec.2, for "Sovereign Democratic Republic" (w.e.f. 3.1.1977)
2. Subs. by the Constitution (Forty-second Amendment) Act, 1976, Sec.2, for "Unity of the Nation" (w.e.f. 3.1.1977)

## അധ്യായം 1

# രാഷ്ട്രീയസിദ്ധാന്തം: ഒരു ആമുഖം
# (Political Theory: An Introduction)



യുക്തിപൂർവ്വം ചിന്തിക്കാനും സ്വന്തം പ്രവർത്തികളുടെ നന്മതിൻമകൾ തിരിച്ചറിയാനും സാധിക്കുന്നു എന്നത് മനുഷ്യവർഗത്തിന്റെ സവിശേഷതയാണ്. ഭാഷ ഉപയോഗിച്ച് ആശയവിനിമയം നടത്താനുള്ള ശേഷിയും മനുഷ്യന്റെ പ്രത്യേകതയാണ്. മറ്റു ജീവിവർഗങ്ങളിൽ നിന്നും വ്യത്യസ്തമായി ഏറ്റവും ആഴത്തിലുള്ള ചിന്തകളും അഭിപ്രായങ്ങളും പ്രകടിപ്പിക്കാനും നന്മതിന്മകളെക്കുറിച്ച് ചർച്ച ചെയ്യാനും മനുഷ്യന് സാധിക്കുന്നു. രാഷ്ട്രീയസിദ്ധാന്തം മനുഷ്യസത്തയുടെ രണ്ടുവശങ്ങളിൽ നിന്നും ഉത്ഭവിക്കുന്നതാണ്. എങ്ങനെയാണ് ഒരു സമൂഹത്തെ സംഘടിപ്പിക്കേണ്ടത്? എന്തുകൊണ്ടാണ് നമുക്ക് ഒരു ഗവൺമെന്റ് ആവശ്യമായി വരുന്നത്? ഏതാണ് ഏറ്റവും നല്ല രൂപത്തിലുള്ള ഗവൺമെന്റ്? നിയമങ്ങൾ നമ്മുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നുണ്ടോ? എന്താണ് രാഷ്ട്രത്തിന് പൗരൻമാരോടുള്ള കടമ? പൗരൻമാരെന്ന നിലയിൽ നാം പരസ്പരം എങ്ങനെ കടപ്പെട്ടിരിക്കുന്നു? തുടങ്ങിയ ചോദ്യങ്ങളെ ഇത് വിശകലനം ചെയ്യുന്നു.

രാഷട്രീയസിദ്ധാന്തം മുകളിൽ പറഞ്ഞിട്ടുള്ള ചോദ്യങ്ങളെ പരിശോധനാവിധേയമാക്കുകയും രാഷട്രീയജീവിതത്തിന്റെ അടിത്തറയായിട്ടുള്ള സ്വാതന്ത്ര്യം, നീതി, സമത്വം തുടങ്ങിയ മൂല്യങ്ങളെക്കുറിച്ച് ആഴത്തിലുള്ള ചിന്തകൾക്കു രൂപം നൽകുകയും ചെയ്യുന്നു. ഈ മൂല്യങ്ങളെയും മറ്റ് അനുബന്ധചിന്തകളുടെ അർത്ഥത്തെയും പ്രാധാന്യത്തെയും രാഷ്ട്രീയസിദ്ധാന്തം വിശദീകരിക്കുന്നു. പഴയതും പുതിയതുമായ തത്ത്വചിന്തകളെ കേന്ദ്രീകരിച്ചുകൊണ്ടാണ് ഈ മൂല്യങ്ങളുടെ നിലവിലുള്ള നിർവചനങ്ങൾക്ക് കൂടുതൽ വ്യക്തത നൽകുന്നത്. നമ്മൾ നിത്യജീവിതത്തിൽ ഇടപഴകുന്ന വിദ്യാലയം, കച്ചവടസ്ഥാപനങ്ങൾ, ബസ്, തീവണ്ടി, സർക്കാർ ഓഫീസ് തുടങ്ങിയ സ്ഥാപനങ്ങളിൽ എത്രത്തോളം സ്വാതന്ത്ര്യവും സമത്വവും ഉണ്ടെന്നുള്ളതും രാഷ്ട്രീയസിദ്ധാന്തം പരിശോധിക്കുന്നു. ഒരു പടി കൂടി കടന്ന് നിലവിലുള്ള നിർവചനങ്ങൾ പര്യാപ്തമാണോയെന്നും, അതുപോലെ നിലവിലുള്ള സ്ഥാപനങ്ങളെയും (സർക്കാർ, ഉദ്യോഗസ്ഥവൃന്ദം) നയരൂപീകരണപ്രക്രിയകളെയും ജനാധിപത്യപരമായി എങ്ങനെ മെച്ചപ്പെടുത്താമെന്നും രാഷ്ട്രീയ സിദ്ധാന്തം പരിഗണിക്കുന്നു. രാഷട്രീയപ്രശ്നങ്ങളെക്കുറിച്ച് യുക്തിപരമായി ചിന്തിക്കാനും നമ്മുടെ കാലത്തെ രാഷ്ട്രീയസംഭവവികാസങ്ങളെ വിലയിരുത്താനും പൗരനു പരിശീലനം നൽകുക എന്നതു രാഷ്ട്രീയസിദ്ധാന്തത്തിന്റെ ലക്ഷ്യമാണ്.

ഈ അധ്യായത്തിൽ എന്താണ് രാഷ്ട്രീയ സിദ്ധാന്തം എന്നും എന്തുകൊണ്ട് നമ്മൾ അതു പഠിക്കണം എന്നതിനെക്കുറിച്ചും പരിശോധിക്കുന്നു.

**നമുക്ക് സംവദിക്കാം**

എന്താണ് രാഷ്ട്രീയം?

## 1.1 എന്താണ് രാഷ്ട്രീയം? (What is politics?)

എന്താണ് രാഷ്ട്രീയം എന്നതിനെക്കുറിച്ച് ആളുകൾക്ക് വ്യത്യസ്തമായ അഭിപ്രായങ്ങളാണുള്ളതെന്ന് നിങ്ങൾ ശ്രദ്ധിച്ചിരിക്കും. രാഷ്ട്രീയ

നേതാക്കൻമാരും തെരെഞ്ഞെടുപ്പിൽ മത്സരിച്ച് രാഷട്രീയപദവികൾ വഹിക്കുന്നവരും രാഷ്ട്രീയം ഒരു പൊതുസേവനമാണെന്ന് അവകാശപ്പെട്ടേക്കാം. എന്നാൽ, മറ്റു ചിലരെ സംബന്ധിച്ച് ക്രമക്കേടുകളിലൂടെയും തിരിമറികളിലൂടെയും സ്വന്തം അഭിലാഷങ്ങൾ നേടിയെടുക്കുന്നതാണ് രാഷ്ട്രീയം. കുറച്ചുപേർക്കാകട്ടെ രാഷ്ട്രീയക്കാർ എന്ത് ചെയ്യുന്നുവോ അതാണ് രാഷ്ട്രീയം. രാഷ്ട്രീയക്കാരുടെ കൂറുമാറ്റത്തെയും കപടവാഗ്ദാനങ്ങളെയും വലിയ അവകാശവാദങ്ങളെയും, വ്യത്യസ്ത ഗ്രൂപ്പുകൾക്കിടയിൽ നടത്തുന്ന ഉപജാപങ്ങളെയും കണ്ടുകൊണ്ടിരിക്കുന്നവർ രാഷ്ട്രീയത്തെ വെറും 'കുംഭകോണം' മാത്രമായിട്ടേ കണക്കാക്കുന്നുള്ളൂ. ജീവിതത്തിന്റെ വിവിധ തുറകളിൽ വ്യാപരിക്കുന്നവർ സ്വാർഥ താൽപര്യത്തിനുവേണ്ടി കുത്സിത മാർഗങ്ങൾ ഉപയോഗിക്കുന്നതിനെ 'അവർ രാഷട്രീയം കളിക്കുന്നു' എന്നാണ് വിശേഷിപ്പിക്കാറുള്ളത്. ഇത്, രാഷ്ട്രീയം എന്നാൽ 'അഴിമതി' മാത്രമാണെന്ന ബോധം എത്രത്തോളം ആഴത്തിൽ പതിഞ്ഞിരിക്കുന്നു എന്നതിനു തെളിവാണ്. ക്രമക്കേടിലൂടെ ടീമിൽ തന്റെ സ്ഥാനം നിലനിർത്തുന്ന കളിക്കാരനെയും, അച്ഛന്റെ പദവി ദുരുപയോഗം ചെയ്യുന്ന സഹപാഠിയേയും, മേലധികാരിയോട് അമിതവിധേയത്വം പ്രകടിപ്പിക്കുന്ന സഹപ്രവർത്തകനെയും നമ്മൾ ഹീനമായ രാഷ്ട്രീയക്കളി കളിക്കുന്നവർ എന്നാണ് വിശേഷിപ്പിക്കാറുള്ളത്. അത്തരത്തിലുള്ള ദുഷ്പ്രവർത്തികൾകണ്ട് രാഷ്ട്രീയത്തോട് ഒരു നിരാശാമനോഭാവം നമ്മളിൽ വളർന്നുവന്നിട്ടുണ്ട്. നമ്മൾ പറയാറുണ്ട്, "നമുക്ക് രാഷ്ട്രീയത്തിൽ താൽപര്യമില്ല," അല്ലങ്കിൽ "ഞാൻ രാഷ്ട്രീയത്തിൽ നിന്നും അകന്നു നില്ക്കാൻ ആഗ്രഹിക്കുന്നു" എന്നൊക്കെ. സാധാരണക്കാർ മാത്രമല്ല, രാഷ്ട്രീയപാർട്ടികൾക്ക് സംഭാവനകൾ നൽകി അവരിൽ നിന്നും നേട്ടങ്ങൾ കൊയ്യുന്ന വ്യാപാരികളും സംരംഭകരും തങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് രാഷ്ട്രീയത്തിൽ കുറ്റം ആരോപിക്കാറുണ്ട്. രാഷ്ട്രീയത്തെ കുറ്റം പറയുന്ന ചലച്ചിത്രതാരങ്ങളും ഒരിക്കൽ രാഷ്ട്രീയത്തിൽ ഇറങ്ങിയാൽ ആ കളിയിൽ ആണ്ടുപോകാറുണ്ട്.



നിങ്ങൾ രാഷ്ട്രീയത്തിൽ നിന്നും വിരമിക്കണം നിങ്ങളുടെ പ്രവർത്തികൾ മോശമായ രീതിയിൽ ഇവനെ സ്വാധീനിക്കുന്നു. കള്ളം പറഞ്ഞും വഞ്ചിച്ചും മുന്നോട്ട് പോകാമെന്നാണ് ഇവനും വിചാരിക്കുന്നത്.

R. K. Laxman in the Times of India

അങ്ങനെ നമ്മൾ രാഷ്ട്രീയത്തിന്റെ വ്യത്യസ്ത കാഴ്ചപ്പാടുകളെ പരിചയപ്പെട്ടു. നാം അകന്നുനില്ക്കേണ്ടവിധം തെറ്റായ ഒന്നാണോ രാഷ്ട്രീയം? അതോ കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തെ സൃഷ്ടിക്കുന്നതിനു നമ്മൾ പങ്കെടുക്കേണ്ടുന്ന സുപ്രധാനമായ ഒരു പ്രവർത്തനമാണോ രാഷ്ട്രീയം?

പത്രം വായിച്ച് ഏതൊക്കെ പ്രശ്നങ്ങളാണ് തലക്കെട്ടുകളിൽ ഇടം പിടിച്ചിരിക്കുന്നതെന്ന് കണ്ടെത്തുക. അവ നിങ്ങളെ സംബന്ധിച്ച് പ്രസക്തമാണെന്നു കരുതുന്നുണ്ടോ?

തെറ്റായ മാർഗങ്ങളിലൂടെ സ്വാർഥതാൽപര്യങ്ങൾ നേടുന്നതിനുള്ള ഒരു മാർഗമായി രാഷ്ട്രീയം മാറുന്നത് നിരാശാജനകമാണ്. ഏതു സമൂഹത്തിന്റെയും അവിഭാജ്യവും സുപ്രധാനവുമായ ഘടകമാണ് രാഷ്ട്രീയം എന്നു നാം തിരിച്ചറിയേണ്ടതുണ്ട്. രാഷ്ട്രീയം നമ്മളെ ഒരു സർപ്പത്തെപ്പോലെ വരിഞ്ഞുമുറുക്കിയിരിക്കുകയാണ്, അതുമായി ഏറ്റുമുട്ടുകയല്ലാതെ വേറേ വഴിയില്ല എന്ന് മഹാത്മാഗാന്ധി ഒരിക്കൽ പറയുകയുണ്ടായി. ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ സംഘാടനമോ കൂട്ടായ തീരുമാനമെടുക്കലോ ഇല്ലാതെ ഒരു സമൂഹത്തിനും നിലനിൽക്കാനാവില്ല. കുടുംബം, ഗോത്രങ്ങൾ, സാമ്പത്തിക സ്ഥാപനങ്ങൾ തുടങ്ങിയ നിരവധി സ്ഥാപനങ്ങൾ ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും സഫലീകരിക്കുന്നതിന് ഉയർന്നുവരുകയുണ്ടായി. ഒരുമിച്ചു ജീവിക്കാനും പരസ്പരമുള്ള നമ്മുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് അറിയാനും ഇത്തരം സ്ഥാപനങ്ങൾ നമ്മെ സഹായിക്കുകയുണ്ടായി. അത്തരം സ്ഥാപനങ്ങളിൽ സുപ്രധാനമായ പങ്ക് വഹിക്കുന്ന ഒന്നാണ് ഗവൺമെന്റ്. അതുകൊണ്ടുതന്നെ എങ്ങനെയാണ് ഗവൺമെന്റുകൾ രൂപം കൊള്ളുന്നതെന്നും അവ എങ്ങനെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും രാഷ്ട്രീയത്തിന്റെ പരിഗണനാ വിഷയമാണ്.

പക്ഷേ, രാഷ്ട്രീയം എന്നതിനെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിലേക്ക് മാത്രം ചുരുക്കാൻ കഴിയില്ല. യഥാർഥത്തിൽ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ വിവിധ രീതികളിൽ ജനങ്ങളെ ബാധിക്കാറുണ്ട്. നമ്മുടെ സാമ്പത്തിക, വിദ്യാഭ്യാസ, വിദേശ നയങ്ങൾക്ക് രൂപംനൽകുന്നത് ഗവൺമെന്റാണെന്ന് നമുക്കറിയാം. ജനജീവിതം മെച്ചപ്പെടുത്താൻ ഈ നയങ്ങൾ തീർച്ചയായും സഹായകരമായിരിക്കും. എന്നാൽ കാര്യപ്രാപ്തിയില്ലാത്തതും അഴിമതിയിൽ മുങ്ങിയതുമായ ഒരു ഗവൺമെന്റ് ജനങ്ങളുടെ ജീവനും സുരക്ഷക്കും ഭീഷണിയായിരിക്കും. തർക്കങ്ങൾ സംഘർഷങ്ങളിലേക്ക് നയിക്കുന്നത് തടയാൻ ഗവൺമെന്റിന് കഴിഞ്ഞില്ലെങ്കിൽ കമ്പോളങ്ങളും സ്കൂളുകളും അടച്ചിടേണ്ടിവരുന്ന സാഹചര്യമുണ്ടാകും. അപ്പോൾ നമുക്ക് അത്യാവശ്യസാധനങ്ങൾ വാങ്ങാൻ കഴിയില്ല. രോഗികളെ അടിയന്തിരമായി ആശുപത്രികളിൽ എത്തിക്കാൻ കഴിയാതെ വരുന്നു. അതുപോലെതന്നെ സ്കൂളുകളിൽ അധ്യയനം മുടങ്ങുകയും പാഠഭാഗങ്ങൾ കൃത്യസമയത്തിന് പഠിപ്പിച്ചു തീർക്കാൻ കഴിയാതെ വരുകയും ചെയ്യുന്ന സാഹചര്യത്തിൽ കുട്ടികൾ ഫീസ് കൊടുത്ത് ട്യൂഷനു പോകേണ്ടിവരും. ഇങ്ങനെ നമ്മുടെ ജീവിതം ആകെ താറുമാറാകുന്നു. അതേസമയം വിദ്യാഭ്യാസനിലവാരവും തൊഴിൽ ലഭ്യതയും മെച്ചപ്പെടുത്താനുള്ള നടപടികളാണ് ഗവൺമെന്റ്

**നമുക്കിതു ചെയ്യാം**

എങ്ങനെയൊക്കെയാണ് നമ്മുടെ ദൈനംദിനജീവിതത്തെ രാഷ്ട്രീയം സ്വാധീനിക്കുന്നത്. നിങ്ങളുടെ ജീവിതത്തിലെ ഒരു ദിവസത്തെ സംഭവങ്ങളെ വിലയിരുത്തുക.

കൈക്കൊള്ളുന്നതെങ്കിൽ നമുക്ക് നല്ല സ്കൂളിൽനിന്നും വിദ്യാഭ്യാസം ലഭിക്കാനും നല്ലൊരു തൊഴിൽ ലഭിക്കുന്നതിനുമുള്ള അവസരമുണ്ടാകുകയും ചെയ്യുന്നു.

ഗവൺമെന്റിന്റെ നടപടികൾ നമ്മളെ ബാധിക്കുമെന്നതുകൊണ്ടുതന്നെ അതിന്റെ പ്രവർത്തനങ്ങളെ നാം ശ്രദ്ധാപൂർവം വീക്ഷിക്കാറുണ്ട്. നമ്മൾ സംഘടനകൾ രൂപീകരിക്കുകയും അതിലൂടെ നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി പ്രചരണങ്ങൾ നടത്തുകയും ചെയ്യും. നമ്മൾ മറ്റുള്ളവരുമായി നിരന്തരചർച്ചകളിൽ ഏർപ്പെട്ടുകൊണ്ട് ഗവൺമെന്റ് പിന്തുടരേണ്ട ലക്ഷ്യങ്ങൾക്ക് രൂപം കൊടുക്കുന്നു. ഗവൺമെന്റിന്റെ നയങ്ങളോട് വിയോജിപ്പുതോന്നുന്ന അവസരങ്ങളിൽ നാം പ്രതിഷേധപ്രകടനങ്ങൾ നടത്തുകയും നിയമങ്ങളിൽ മാറ്റം വരുത്താൻ ഗവൺമെന്റിനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. നമ്മൾ നമ്മുടെ ജനപ്രതിനിധികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ആവേശപൂർവം സംസാരിക്കുകയും അഴിമതി വർധിച്ചിട്ടുണ്ടോ ഇല്ലയോ എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്യുന്നു. അഴിമതിയെ പൂർണമായും തുടച്ചു നീക്കാൻ കഴിയുമോ? ചില വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള സംവരണം നീതിയുക്തമാണോ? തുടങ്ങിയ ചോദ്യങ്ങൾ ഈ ചർച്ചാവേളയിൽ ഉയർന്നുവരാറുണ്ട്. ഈ രീതിയിൽ നമ്മൾ നിലവിലുള്ള അപചയങ്ങൾക്കും പ്രശ്നങ്ങൾക്കും പിന്നിലുള്ള കാരണങ്ങൾ മനസിലാക്കുകയും അവയ്ക്ക് പരിഹാരം കണ്ടെത്തി കുടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിന്റെ രൂപം കൊള്ളലിനായി സ്വപ്നം കാണുകയും ചെയ്യുന്നു.

ചുരുക്കിപ്പറഞ്ഞാൽ, എന്താണ് നീതിയുക്തമെന്നും, നമുക്കും നമ്മുടെ സമൂഹത്തിനും അഭിലഷണീയമായതെന്തൊക്കെയാണെന്നുമുള്ള വ്യത്യസ്ത വീക്ഷണങ്ങളിൽ നിന്നാണ് രാഷ്ട്രീയം ഉത്ഭവിക്കുന്നത്. സമൂഹത്തിൽ നടക്കുന്ന നിരവധി ചർച്ചകളിലൂടെ ഉരുത്തിരിയുന്ന കൂട്ടായ തീരുമാനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഒരു വശത്ത് ഇത് ഗവൺമെന്റിന്റെ പ്രവർത്തനം ജനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും മറുവശത്ത് ജനങ്ങൾ എങ്ങനെയാണ് സമരങ്ങളിലൂടെ ഗവൺമെന്റിന്റെ തീരുമാനങ്ങളെത്തന്നെ സ്വാധീനിക്കുന്നതെന്ന വസ്തുതയും രാഷ്ട്രീയത്തിൽ ഉൾപ്പെടുന്നു. ജനങ്ങൾ പരസ്പരം വാദപ്രതിവാദത്തിൽ ഏർപ്പെടുത്തുന്നതിനെയും സമൂഹത്തിന്റെ വികസനത്തിനും പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉതകുന്ന കൂട്ടായ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതിനെയും നാം രാഷ്ട്രീയമെന്നാണ് വിളിക്കാറുള്ളത്.

> **നമുക്ക് സംവദിക്കാം**
>
> വിദ്യാർഥികൾ രാഷ്ട്രീയത്തിൽ പങ്കാളികളാകണോ?

### 1.2 രാഷ്ട്രീയസിദ്ധാന്തത്തിൽ എന്താണ് നാം പഠിക്കുന്നത്?
**(WHAT DO WE STUDY IN POLITICAL THEORY?)**

നമുക്കുചുറ്റും ഒന്നു കണ്ണോടിച്ചാൽ ചലനാത്മകതയും വികസനവും പരിവർത്തനങ്ങളുമാണ് നാം കാണുന്നത്. എന്നാൽ, ഒന്നുകൂടി ആഴത്തിൽ കാര്യങ്ങൾ മന

സിലാക്കാൻ ശ്രമിക്കുകയാണെങ്കിൽ ജനങ്ങളെയും നയരൂപീകരണത്തെയും സ്വാധീനിക്കുന്ന ആശയങ്ങളും തത്വങ്ങളും ഏതൊക്കെയാണെന്നും നമുക്ക് മനസിലാക്കാൻ കഴിയും. ജനാധിപത്യം, സ്വാതന്ത്ര്യം സമത്വം തുടങ്ങിയ മൂല്യങ്ങൾ ഇതിനുദാഹരണമാണ്. ഇന്ത്യയും അമേരിക്കയും ഉൾപ്പടെയുള്ള നിരവധി രാജ്യങ്ങൾ ഈ മൂല്യങ്ങളെ ഭരണഘടനയുടെ ഭാഗമാക്കി സംരക്ഷിച്ചുവരുന്നു.

ഈ പ്രമാണങ്ങളൊന്നുംതന്നെ പെട്ടന്നുണ്ടായവയല്ല. കൗടില്യൻ, അരിസ്റ്റോട്ടിൽ, ജീൻ ജാക്വിസ് റൂസ്സോ, കാറൽ മാർക്സ്, മഹാത്മാഗാന്ധി, അംബേദ്കർ തുടങ്ങിയവരുടെ കാലം മുതൽ തന്നെ ചർചചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ആശയങ്ങളുടെയും മൂല്യങ്ങളുടെയും അടിത്തറയിലാണ് അവ കെട്ടിപ്പൊക്കിയിരിക്കുന്നത്. ബി.സി. അഞ്ചാം നൂറ്റാണ്ടിൽത്തന്നെ പ്ലേറ്റോയും അരിസ്റ്റോട്ടിലും രാജവാഴ്ചയാണോ ജനാധിപത്യമാണോ മികച്ച വ്യവസ്ഥ എന്നതിനെക്കുറിച്ച് അവരുടെ വിദ്യാർഥികളുമായി സംവാദത്തിൽ ഏർപ്പെട്ടിരുന്നു. ആധുനികകാലത്ത് സ്വാതന്ത്ര്യം മനുഷ്യന്റെ മൗലികാവകാശമാണന്ന് ആദ്യം വാദിച്ചത് റൂസ്സോയാണ്. മാർക്സിന്റെ അഭിപ്രായത്തിൽ സ്വാതന്ത്ര്യംപോലെതന്നെ പ്രധാനമാണ് സമത്വവും. മഹാത്മാഗാന്ധിയാകട്ടെ യഥാർത്ഥ സ്വാതന്ത്ര്യത്തെക്കുറിച്ച് അഥവാ സ്വരാജിനെക്കുറിച്ച് അദ്ദേഹത്തിന്റെ ഹിന്ദ്സ്വരാജ് എന്ന പുസ്തകത്തിൽ വിശദീകരിച്ചിരിക്കുന്നു. പട്ടികജാതിക്കാരെ ന്യൂനപക്ഷമായി പരിഗണിക്കണമെന്നും അവർക്ക് പ്രത്യേക പരിരക്ഷ നൽകണമെന്നും അബേദ്കർ ശക്തിയുക്തം വാദിച്ചു. ഈ ആശയങ്ങളെയെല്ലാം ഇന്ത്യൻ ഭരണഘടനയിൽ വളരെ പ്രധാന്യത്തോടെ ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ ഭരണഘടനയുടെ ആമുഖം സ്വാതന്ത്ര്യത്തെയും സമത്വത്തെയും ഉയർത്തിപ്പിടിക്കുന്നു. അതുപോലെ തന്നെ അവകാശങ്ങളെക്കുറിച്ചുള്ള ഭരണഘടനയിലെ അധ്യായത്തിൽ എല്ലാതരത്തിലുള്ള തൊട്ടുകൂടായ്മയേയും നിരോധിച്ചിരിക്കുന്നു. കൂടാതെ, ഗാന്ധിയൻ ആശയങ്ങൾ നിർദ്ദേശക തത്വങ്ങളിൽ പ്രതിഫലിച്ചിരിക്കുന്നു.

ഭരണഘടനകൾ, ഗവൺമെന്റ്, സാമൂഹ്യജീവിതം എന്നിവക്കു രൂപം നൽകിയ ആശയങ്ങളെയും തത്വങ്ങളെയും വ്യവസ്ഥാപിതമായിതന്നെ രാഷ്ട്രീയ സിദ്ധാന്തം പഠനവിധേയമാക്കുന്നു. കൂടാതെ സ്വതന്ത്ര്യം, സമത്വം, നീതി, ജനാധിപത്യം, മതേതരത്വം തുടങ്ങിയ മൂല്യങ്ങൾക്ക് വ്യക്തമായ അർഥങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നു. രാഷ്ട്രീയസിദ്ധാന്തം, നിയമവാഴ്ച (rule of law) അധികാര വേർതിരിവ് (Separation of powers), നീതിന്യായപുനപ്പരിശോധന തുടങ്ങിയ തത്വങ്ങളുടെ പ്രധാന്യത്തെക്കുറിച്ച് ഗൗരവമുള്ള അന്വേഷണങ്ങൾ നടത്തുന്നു. വ്യത്യസ്തരായ ചിന്തകർ ഈ വിഷയങ്ങളെ സാധൂകരിച്ചുകൊണ്ടുനടത്തിയ അഭിപ്രായങ്ങളെ വിലയിരുത്തിക്കൊണ്ടാണ് ഇത്തരം അന്വേഷണങ്ങൾ നടത്തുന്നത്. റൂസ്സോ, മാർക്സ്, ഗാന്ധി എന്നിവർ രാഷ്ട്രീയക്കാരായിരുന്നില്ലെങ്കിൽപോലും അവരുടെ ആശയ

> ഈ അധ്യായത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും രാഷ്ട്രീയചിന്തകരെ കുറിച്ച് ഒരു ചെറുകുറിപ്പ് തയ്യാറാക്കുക (50 വാക്കുകളിൽ)

ങ്ങൾ എല്ലായിടത്തെയും നിരവധി തലമുറകളിൽപ്പെട്ട രാഷ്ട്രീയക്കാരെ സ്വാധീനിച്ചിട്ടുണ്ട്. നമ്മുടെ കാലഘട്ടത്തിലും സ്വാതന്ത്ര്യവും ജനാധിപത്യവും പോലെയുള്ള മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന ചിന്തകളുണ്ട്. രാഷ്ട്രീയസൈദ്ധാന്തികർ ഇത്തരം വാദഗതികൾ നിരത്തുന്നതു കൂടാതെ സമകാലികരാഷ്ട്രീയ അനുഭവങ്ങളെ വിലയിരുത്തിക്കൊണ്ട് ഭാവി സംഭവവികാസങ്ങൾ കൂടി പ്രവചിക്കാൻ ശ്രമിക്കുന്നു.

താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകളിലും സാഹചര്യങ്ങളിലും ഏതു രാഷ്ട്രീയതത്വം അല്ലങ്കിൽ മൂല്യമാണ് പ്രവർത്തിക്കുന്നതെന്നു നിങ്ങൾക്ക് കണ്ടെത്താനാകുമോ?

1. ഏതു വിഷയമാണ് ഞാൻ സ്കൂളിൽ പഠിക്കേണ്ടതെന്നു തീരുമാനിക്കാൻ എനിക്ക് കഴിയണം.
2. അയിത്താചരണം നിരോധിച്ചിരിക്കുന്നു.
3. എല്ലാ ഇന്ത്യക്കാരും നിയമത്തിനുമുന്നിൽ തുല്യരാണ്.
4. ന്യൂനപക്ഷങ്ങൾക്ക് അവരുടേതായ സ്കൂളുകളും കോളേജുകളും ഉണ്ടായിരിക്കും.
5. ഇന്ത്യ സന്ദർശിക്കുന്ന വിദേശികൾക്ക് ഇന്ത്യയിലെ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാൻ കഴിയില്ല.
6. ചലച്ചിത്രങ്ങൾക്കോ മാധ്യമങ്ങൾക്കോ സെൻസർഷിപ്പ് ഏർപ്പെടുത്താൻ പാടില്ല.
7. വിദ്യാർഥികളുമായി ആലോചിച്ചതിനു ശേഷമായിരിക്കണം വാർഷിക ആഘോഷപരിപാടികൾ തീരുമാനിക്കാൻ.
8. എല്ലാവരും റിപ്പബ്ലിക് ദിനാഘോഷച്ചടങ്ങുകളിൽ പങ്കെടുക്കണം.

പക്ഷേ ഇതെല്ലാം നമ്മളെ സംബന്ധിച്ച് ഇപ്പോഴും പ്രസക്തമാണോ? സ്വാതന്ത്ര്യവും ജനാധിപത്യവും നമ്മൾ നേടിയെടുത്തു കഴിഞ്ഞില്ലേ? ഇന്ത്യ ഒരു സ്വതന്ത്രപരമാധികാരരാജ്യമായെങ്കിലും സ്വാതന്ത്ര്യത്തെയും സമത്വത്തെയും സംബന്ധിക്കുന്ന ചോദ്യങ്ങൾ അവസാനിപ്പിക്കാൻ സമയമായിട്ടില്ല. എന്തുകൊണ്ടെന്നാൽ സ്വാതന്ത്ര്യം, സമത്വം, ജനാധിപത്യം എന്നിവയെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ സാമൂഹ്യജീവിതത്തിൽ ഉയർന്നുവരുകയും അവ വ്യത്യസ്ത അളവിൽ വിവിധ മേഖലകളിൽ പ്രതിഫലിക്കുകയും ചെയ്തിരിക്കുന്നു. ഉദാഹരണമായി, തുല്യാവകാശങ്ങളിലൂടെ രാഷ്ട്രീയസമത്വം ഉറപ്പാക്കിയിട്ടുണ്ടെങ്കിലും ആ രീതിയിൽ സാമൂഹ്യവും സാമ്പത്തികവുമായ സമത്വം ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ജനങ്ങൾക്ക് തുല്യമായ രാഷ്ട്രീയാവകാശങ്ങൾ ഉണ്ടെങ്കിലും ജാതിയുടെയും ദാരിദ്ര്യത്തിന്റെയും അടിസ്ഥാനത്തിലുള്ള സാമൂഹികവിവേചനങ്ങൾ നിലനിൽക്കുന്നു. ചിലർക്ക് സമൂഹത്തിൽ പ്രത്യേക സ്ഥാനമാനങ്ങൾ കിട്ടുമ്പോൾതന്നെ മറ്റുള്ളവർക്ക് അവരുടെ അടിസ്ഥാനാവശ്യങ്ങൾ പോലും നിറവേറ്റാൻ കഴിയുന്നില്ല. ചിലർക്ക് ജീവിതത്തിൽ അവർ ആഗ്രഹിച്ച കാര്യങ്ങളൊക്കെ നേടാൻ കഴിയു

*പുരാതനഗ്രീസിൽ ഏഥൻസ് നഗരത്തിലെ ഏറ്റവും വിവേകശാലിയായ മനുഷ്യനായിട്ടാണ് സോക്രട്ടീസിനെ കണക്കാക്കിയിരുന്നത്. സമൂഹം, മതം, രാഷ്ട്രം എന്നിവയെ സംബന്ധിച്ച് ജനമനസുകളിൽ അടിയുറച്ചു പോയ വിശ്വാസങ്ങളെ വെല്ലുവിളിക്കുകയും ചോദ്യം ചെയ്യുകയും ചെയ്തതിന്റെ പേരിലായിരുന്നു അദ്ദേഹത്തിന്റെ പ്രശസ്തി. ഈ കാരണത്താൽ തന്നെയാണ് ഏഥൻസിലെ ഭരണാധികാരികൾ അദ്ദേഹത്തിനു മരണശിക്ഷ വിധിച്ചതും.*

*അദ്ദേഹത്തിന്റെ ശിഷ്യനായ പ്ലേറ്റോ സോക്രട്ടീസിന്റെ ജീവിതത്തെയും ആശയങ്ങളെയും കുറിച്ച് വളരെ വിശദമായി എഴുതിയിട്ടുണ്ട്. പ്ലേറ്റോ തന്റെ റിപ്പബ്ലിക് എന്ന കൃതിയിൽ സോക്രട്ടീസിനെ ഒരു കഥാപാത്രമായി അവതരിപ്പിക്കുകയും അദ്ദേഹത്തിലൂടെ എന്താണ് നീതി? എന്ന ചോദ്യത്തെ വിശകലനവിധേയമാക്കുകയും ചെയ്യുന്നു.*

*സോക്രട്ടീസും, സിഫാലസും തമ്മിലുള്ള ഒരു സംഭാഷണത്തിലൂടെയാണ് ഈ പുസ്തകം ആരംഭിക്കുന്നത്. ഈ സംഭാഷണത്തിലൂടെ സിഫാലസും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും നീതിയെക്കുറിച്ചുള്ള തങ്ങളുടെ ധാരണ അപര്യാപ്തവും ആധികാരികമല്ലാത്തതുമാണെന്ന് തിരിച്ചറിയുന്നു.*

*ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്, യുക്തിപൂർവമായ വാദഗതികളിലൂടെ നിലവിലുള്ള കാഴ്ചപ്പാടിന്റെ പരിമിതികളെയും പൊരുത്തക്കേടിനെയും തുറന്നു കാണിക്കുന്നു എന്നതാണ്. അങ്ങനെ അദ്ദേഹത്തിന്റെ എതിരാളികൾക്ക് തങ്ങൾ ജീവിതത്തിൽ മുറുകെപ്പിടിച്ച കാഴ്ചപ്പാടുകൾ ഒന്നും നിലനിൽക്കുന്നതല്ല എന്ന് ക്രമേണ മനസിലാകുന്നു.*

മ്പോൾ മറ്റു ചിലർക്ക് സ്കൂളിൽ പോകാനോ അതുവഴി മാന്യമായ ഒരു തൊഴിൽ കണ്ടെത്താനോപോലും കഴിയുന്നില്ല. അവരെ സംബന്ധിച്ച് സ്വാതന്ത്ര്യം എന്നു പറയുന്നത് ഒരു വിദൂരസ്വപ്നം മാത്രമാണ്.

രണ്ടാമതായി, നമ്മുടെ ഭരണഘടന സ്വാതന്ത്ര്യം ഉറപ്പാക്കിയിട്ടുണ്ടെങ്കിലും അതിനു എല്ലായ്പ്പോഴും പുതിയ വ്യാഖ്യാനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതു നാം ചില കളികളിൽ ഏർപ്പെടുന്നതിനു സമാനമായ അനുഭവമാണ്. നമ്മൾ ക്രിക്കറ്റോ ചെസ്സോ കളിക്കുമ്പോൾ കളിയുടെ നിയമങ്ങൾ എങ്ങനെയൊക്കെ വ്യാഖ്യാനിക്കാമെന്ന് മനസിലാക്കുന്നു. അതേപോലെ, ഭരണഘടന ഉറപ്പാക്കിയിരിക്കുന്ന മൗലികാവകാശങ്ങൾ മാറിവരുന്ന സാഹചര്യങ്ങൾക്കനുസൃതമായി വ്യാഖ്യാനിക്കപ്പെടുന്നു. ഉദാഹരണമായി, ജീവനോപാധിക്കുള്ള (Right to livelihood) അവകാശം കോടതികളുടെ വ്യാഖ്യാനത്തിലൂടെ ജീവിക്കാനുള്ള അവകാശത്തിന്റെ (Right to life) ഭാഗമായി മാറി. ഒരു പുതിയ നിയമത്തിലൂടെ വിവരാവകാശവും (Right to Information) നിലവിൽ വന്നിരിക്കുന്നു. സമൂഹം പുതിയ വെല്ലുവിളികൾ നേരിടുന്നതിനനുസരിച്ച് പുതിയ വ്യാഖ്യാനങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മുടെ ഭരണഘടന ഉറപ്പു നൽകിയിരിക്കുന്ന മൗലികാവകാശങ്ങൾ പുതിയ സാഹചര്യങ്ങൾക്കനുയോജ്യമായ രീതിയിൽ കോടതിവ്യാഖ്യാനത്തിലൂടെയും ഗവൺമെന്റ് സ്വീകരിക്കുന്ന നയതീരുമാനങ്ങളിലൂടെയും ഭേദഗതികൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു.

*എങ്ങനെയാണ് സോക്രട്ടീസ് ഈ നേട്ടം കൈവരിക്കുന്നതെന്ന് വായിച്ചു നോക്കൂ.*

"നിങ്ങളുടെ സംഭാഷണം മികച്ചതായിരുന്നു.
സിഫാലസ്, ഞാൻ പറഞ്ഞു: പക്ഷേ നീതിയെക്കുറിച്ച് പറയുമ്പോൾ, എന്താണ് നീതി?
–സത്യം പറയുക അതുപോലെ കടങ്ങൾ തീർക്കുക – നീതിയെന്നാൽ ഇതിൽ കൂടുതൽ ഒന്നുമല്ലേ? ഇവയുടെ കാര്യത്തിൽത്തന്നെ വ്യത്യസ്തതകളില്ലേ?
ഒരു സുഹൃത്ത് അയാളുടെ ശരിയായ മാനസികാവസ്ഥയിൽ കുറച്ച് ആയുധങ്ങൾ എന്നെ ഏൽപ്പിച്ചു എന്നു കരുതുക? എന്നാൽ അയാളുടെ മനോനില തെറ്റിയ അവസരത്തിൽ അവ തിരികെ വേണമെന്ന് ആവശ്യപ്പെട്ടാൽ അത് തിരികെക്കൊടുക്കാൻ ഞാൻ ബാധ്യസ്ഥനാണോ?

'നിങ്ങൾ പറയുന്നത് ശരിയാണ്, അദ്ദേഹം പറഞ്ഞു.

അപ്പോൾ സത്യം പറയുന്നതും കടം കൊടുത്തു തീർക്കുന്നതുമാണ് നീതി എന്നു പറഞ്ഞാൽ അത് നീതിയുടെ ശരിയായ നിർവ്വചനമാകണമെന്നില്ല.
നമ്മുടെ സുഹൃത്തുക്കൾക്ക് നന്മ ചെയ്യുന്നതും ശത്രുക്കൾക്ക് ദോഷം വരുത്തുന്നതുമാണ് നീതി എന്നു ലളിതമായി പറയുന്നതിനു പകരം നമ്മൾ കുറേക്കൂടി വ്യക്തമായി പറയേണ്ടത്, സുഹൃത്തുക്കൾ നല്ലവരായിരിക്കുമ്പോൾ അവർക്ക് നന്മ ചെയ്യുക അതുപോലെ ശത്രുക്കൾ തിന്മ നിറഞ്ഞവരായിരിക്കുമ്പോൾ അവർക്ക് ദോഷം വരുത്തുക എന്നതാണ് നീതി എന്നാണോ?
ശരിയാണ്, അത് എനിക്ക് സത്യമായി തോന്നുന്നു.

മൂന്നാമതായി, ലോകത്തിന്റെ മാറ്റത്തിനനുസരിച്ച് സ്വാതന്ത്ര്യത്തിനു പുതിയ മാനങ്ങൾ കൈവരുന്നു, അതുപോലെ പുതിയ ഭീഷണികളും. ഉദാഹരണമായി വിവരസാങ്കേതികവിദ്യകളുടെ അഭൂതപൂർവമായ വളർച്ചയുടെ ഫലമായി ആഗോളവാർത്താവിനിമയ ശൃംഖലകൾ ഉപയോഗിച്ച് സാമൂഹികപ്രവർത്തകർക്ക് ഗോത്ര സംസ്കാരത്തെയും വനങ്ങളെയും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ കൂടുതൽ എളുപ്പത്തിലാക്കാൻ കഴിയും. അതേസമയം, തന്നെ കുറ്റവാളികൾക്കും ഭീകരർക്കും ഈ പുതിയ സാങ്കേതിക സംവിധാനം അവരുടെ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ കഴിയുമെന്നത് യാഥാർഥ്യവുമാണ്. കൂടാതെ ഇന്റർനെറ്റ് വഴിയുള്ള വ്യാപാരം സമീപഭാവിയിൽ കൂടുതൽ, വർധിക്കുമെന്നതിൽ സംശയമില്ല. ഇത് അർഥമാക്കുന്നത് സാധനസേവനങ്ങൾ ലഭ്യമാകാൻ ഇന്റർനെറ്റിൽ നമ്മളെക്കുറിച്ച് രേഖപ്പെടുത്തുന്ന വിവരങ്ങൾ സംരക്ഷിക്കപ്പെടണമെന്നാണ്. അതുകൊണ്ടു തന്നെ സൈബർ പൗരൻമാർ (Netizen) ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾ ഇഷ്ടപ്പെടുന്നില്ലെങ്കിൽപോലും വ്യക്തിസുരക്ഷക്കും സ്വകാര്യതയുടെ സംരക്ഷണത്തിനും കുറച്ചു നിയന്ത്രണങ്ങൾ ആവശ്യമാണെന്നു

**നമുക്കിതു ചെയ്യാം**

വിവിധ മാസികകളിൽ നിന്നും വർത്തമാനപ്പത്രങ്ങളിൽ നിന്നും കാർട്ടൂണുകൾ ശേഖരിക്കുക. ഏതൊക്കെ പ്രശ്നങ്ങളാണ് അവ പ്രധാനമായും പരിഗണിക്കുന്നത്? ഏത് രാഷ്ട്രീയദർശനമാണ് അവ ഉയർത്തിക്കാണിക്കുന്നത്?

പക്ഷേ നീതിമാനായ വ്യക്തിക്ക് ഒരാളെ മുറിവേൽപ്പിക്കാൻ കഴിയുമോ?

'അവൻ അവന്റെ ശത്രുക്കളെയും ദുഷ്ടന്മാരെയും മുറിവേൽപ്പിക്കും എന്നതിനു സംശയം വേണ്ട"

കുതിരകളെ മുറിവേൽപ്പിക്കുമ്പോൾ അവയെ നന്നാക്കുകയാണോ നശിപ്പിക്കുകയാണോ ചെയ്യുന്നത്?

"നശിപ്പിക്കുകയാണ്"

നശിപ്പിക്കുക എന്നാൽ കുതിരയുടെ നല്ല ഗുണങ്ങൾ നശിപ്പിക്കുക, അല്ലാതെ നായയുടേതല്ല.

അതെ, കുതിരയുടെ നല്ല ഗുണങ്ങൾ നശിപ്പിക്കപ്പെടുന്നു.

അതുപോലെ നായയുടെ നല്ല ഗുണങ്ങളും നശിപ്പിക്കപ്പെടുന്നു. കുതിരയുടേതല്ല.

അതെ, തീർച്ചയായും അങ്ങനെ തന്നെ.

അതുപോലെ മുറിവേൽക്കുന്ന മനുഷ്യന്റെ നന്മയും നശിപ്പിക്കപ്പെടുകയില്ലേ?

ഉറപ്പായും

നശിപ്പിക്കപ്പെടുന്ന ആ മാനുഷിക നന്മയല്ലേ നീതി?

തീർച്ചയായും.

അംഗീകരിക്കാൻ നിർബന്ധിതമായിരിക്കുന്നു. ഇതിന്റെ ഫലമായി ഇന്റർനെറ്റ് ഉപയോഗിക്കുന്നവർക്ക് എത്രമാത്രം സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നതിനെക്കുറിച്ച് ചോദ്യങ്ങൾ ഉയർന്നുവന്നിരിക്കുന്നു. ഉദാഹരണമായി, അപരിചിതരായിട്ടുള്ളവർക്ക് അനധികൃത ഇ–മെയിൽ സന്ദേശങ്ങൾ അയക്കാൻ ഒരു വ്യക്തിക്ക് അവകാശമുണ്ടോ? നിങ്ങളുടെ ഉൽപ്പന്നങ്ങളുടെ പരസ്യങ്ങൾ ചാറ്റ് റൂമുകളിൽ (Chat rooms) പ്രദർശിപ്പിക്കാനാകുമോ? തീവ്രവാദികളെ പിടികൂടുന്നതിന്റെ ഭാഗമായി സ്വകാര്യ ഈ -മെയിൽ സന്ദേശങ്ങൾ വായിക്കാൻ ഗവൺമെന്റിനധികാരമുണ്ടോ? ഈ മേഖലയിൽ എത്രമാത്രം നിയന്ത്രണങ്ങളാകാം? അതുപോലെ ആർക്കാണ് നിയന്ത്രണങ്ങൾ ഏർപ്പടുത്താനുള്ള അവകാശം? ഗവൺമെന്റിനോ അതോ സ്വകാര്യസംവിധാനങ്ങൾക്കോ? ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം കണ്ടെത്താൻ രാഷ്ട്രീയ സിദ്ധാന്തം നമ്മെ സഹായിക്കുമെന്നുള്ളത് അതിന്റെ പ്രസക്തി വർധിപ്പിക്കുന്നു.

### 1.3 രാഷ്ട്രീയസിദ്ധാന്തം പ്രയോഗത്തിൽ (Putting Political Theory to Practice)

ഈ പാഠപുസ്തകത്തിൽ നമ്മൾ രാഷ്ട്രീയസിദ്ധാന്തത്തിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. സ്വാതന്ത്ര്യം, സമത്വം, പൗരത്വം, നീതി, വികസനം, ദേശീയത, മതേതരത്വം തുടങ്ങിയ രാഷ്ട്രീയാശയങ്ങളുടെ ഉത്ഭവം, അർഥം, പ്രാധാന്യം എന്നിവയെ ഇവിടെ പഠനവിധേയമാക്കിയിരിക്കുന്നു. നമ്മൾ സാധാരണയായി ഒരു വിഷ

അപ്പോൾ മുറിവേൽക്കപ്പെടുന്ന മനുഷ്യന് അനീതി മാത്രമേ പ്രവർത്തിക്കാൻ കഴിയൂ.

അതായിരിക്കും അതിന്റെ ഫലം.

ഒരു കുതിരപരിശീലകന് അയാളുടെ വിദ്യ കൊണ്ട് ഒരു മോശം കുതിരക്കാരനെ സൃഷ്ടിക്കാനാകുമോ?

അത് അസാധ്യമാണ്.

ഒരു സംഗീതജ്ഞനു അയാളുടെ സംഗീതം കൊണ്ട് മനുഷ്യരെ സംഗീതവിരോധികളാക്കാൻ കഴിയുമോ?

തീർച്ചയായും കഴിയില്ല.

ഒരു നീതിമാന് നീതിയിലൂടെ മനുഷ്യരെ അനീതിയുള്ളവരാക്കാൻ കഴിയുമോ, അല്ലെങ്കിൽ പൊതുവായി പറഞ്ഞാൽ നല്ലവർക്ക് നന്മയിലൂടെ മറ്റുള്ളവരിൽ തിന്മ വളർത്താൻ കഴിയുമോ?

ഒരിക്കലുമില്ല.

അപ്പോൾ നീതിമാൻമാരായ മനുഷ്യരാണു നല്ലവർ?

തീർച്ചയായും.

നന്മയുള്ളവർക്ക് ആരെയെങ്കിലും ദ്രോഹിക്കാൻ കഴിയുമോ?

അത് അസാധ്യമാണ്.

അപ്പോൾ ഒരു സുഹൃത്തിനെയോ മറ്റാരെയെങ്കിലുമോ മുറിവേൽപ്പിക്കുന്നത് ഒരു നീതിമാനു യോജിച്ച പ്രവൃത്തിയല്ല മറിച്ച് അതൊരു അനീതിക്കാരന്റെ പ്രവൃത്തിയാണ്.

യത്തെ സംബന്ധിച്ച് ഒരു ചർച്ചക്ക് തുടക്കമിടുമ്പോൾ "എന്താണ് ഇതുകൊണ്ട് അർഥമാക്കുന്നത്?" എന്ന് ചോദിക്കാറുണ്ട്, അതുപോലെ ഇത് "എത്രത്തോളം പ്രാധാന്യമുള്ളതാണെന്നും. രാഷ്ട്രീയസൈദ്ധാന്തികർ എന്താണ് സ്വാതന്ത്ര്യം, എന്താണ് സമത്വം എന്നീ ചോദ്യങ്ങൾ ചോദിക്കുകയും വിഭിന്നങ്ങളായ നിർവചനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്നു. ഗണിതശാസ്ത്രത്തിൽ ത്രികോണത്തിനും ചതുരത്തിനും ഓരോ നിർവചനങ്ങൾ മാത്രമേ ഉള്ളൂ. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി സമത്വം, സ്വാതന്ത്ര്യം, നീതി തുടങ്ങിയ ആശയങ്ങൾക്ക് നിരവധി നിർവ്വചനങ്ങളാണ് രാഷ്ട്രീയസിദ്ധാന്തത്തിലുള്ളത്.

ഇതിനുകാരണം സമത്വം എന്നത് നമ്മളും മറ്റുള്ളവരുമായുള്ള ബന്ധത്തിൽ നിന്നും ഉരുത്തിരിയുന്ന ഒരാശയമാണ്. വസ്തുക്കളിൽ നിന്നും വ്യത്യസ്തമായി മനുഷ്യർക്ക് സമത്വത്തെക്കുറിച്ചും തങ്ങളുടേതായ അഭിപ്രായമുണ്ടായിരിക്കും. ഇങ്ങനെ രൂപം കൊള്ളുന്ന വിഭിന്നങ്ങളായ അഭിപ്രായങ്ങളെ മനസിലാക്കുകയും സമീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതെങ്ങനെ നമുക്ക് സാധ്യമാക്കാം? സമത്വവുമായി ബന്ധപ്പെട്ട നമ്മുടെ അനുഭവങ്ങൾ പരിശോധിച്ചു നോക്കാം.

കടകളിലും ആശുപത്രികളിലും 'ക്യൂ' തെറ്റിച്ച് ചില ആളുകൾ മുന്നിൽ കയറാൻ ശ്രമിക്കുന്നത് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. ചില അവസരങ്ങളിൽ അങ്ങനെ ചെയ്യുന്നവരോട് പുറകിൽ പോയി കൃത്യമായ വരിയിൽ നിൽക്കാൻ

നിങ്ങൾ പറയുന്നത് ശരിയാണ് സോക്രട്ടീസ്.

ഒരു രോഗത്തെ പ്രതിരോധിക്കാനും അതിൽ നിന്ന് മുക്തി നേടാനും ശേഷിയുള്ളവനു തന്നെയാണ് ഒരു രോഗത്തെ സൃഷ്ടിക്കാനും കഴിയുന്നത്.

'ഉറപ്പായും'

ഒരു സൈനികപ്പാളയത്തിന്റെ നല്ല സംരക്ഷകനു തന്നെയായിരിക്കും ശത്രുവിന്റെ പാളയത്തിലേക്ക് നുഴഞ്ഞു കയറാനും കഴിയുക?

തീർച്ചയായും.

അപ്പോൾ ഒരു വസ്തു നന്നായി സൂക്ഷിക്കാൻ കഴിയുന്നവൻ ഒരു നല്ല മോഷ്ടാവും കൂടിയായിരിക്കും.?

ആ കാഴ്ചപ്പാട് ശരിയാണ്.

അപ്പോൾ ഒരുവനു പണം നന്നായി സൂക്ഷിക്കാനറിയാമെങ്കിൽ അത് മോഷ്ടിക്കാനും കഴിയും.

"അത് നിങ്ങളുടെ വാദത്തിൽ അന്തർലീനമായിരിക്കുന്നുണ്ട്.

അപ്പോൾ ഒരു നീതിമാനായ മനുഷ്യൻ മോഷ്ടാവായി മാറുന്നു.

നിങ്ങൾ വാദിച്ചത് നല്ലവർ നമ്മുടെ സുഹൃത്തുക്കളും മോശക്കാർ നമ്മുടെ ശത്രുക്കളും എന്നല്ലേ?

ആവശ്യപ്പെടുന്നത് കേൾക്കുമ്പോൾ നമുക്ക് സന്തോഷം തോന്നാറുണ്ട്. അതേസമയം, അവർ വരിലംഘിച്ച് തള്ളിക്കയറുമ്പോൾ നമ്മൾ വഞ്ചിക്കപ്പെട്ടതായി തോന്നുന്നു. ഇത്തരം പ്രവൃത്തികളെ നമ്മളെതിർക്കുന്നു. കാരണം, തുല്യ അവസരം നമ്മൾ ആഗ്രഹിക്കുന്നു. അപ്പോൾ സമത്വം എന്നത് തുല്യ അവസരവുമാണ്. അതേസമയംതന്നെ അംഗപരിമിതർക്കും പ്രായം ചെന്നവർക്കും ഇത്തരം അവസരങ്ങളിൽ കൊടുക്കുന്ന പ്രത്യേക പരിഗണന മനസിലാക്കാൻ നമുക്ക് ബുദ്ധിമുട്ടില്ല.

പക്ഷേ, നമ്മുടെ ശ്രദ്ധയിൽ വരുന്ന മറ്റൊരുകാര്യം അനേകം പാവപ്പെട്ട ആളുകൾക്ക് പണമില്ലാത്തതുകൊണ്ട് കടകളിൽ പോയി സാധനം വാങ്ങാനോ ആശുപത്രിയിൽ ചികിത്സ നേടാനോ കഴിയുന്നില്ല എന്നതാണ്. ഇവരിൽ കുറേപ്പേർ കൽവെട്ട്, ഇഷ്ടികനിർമാണം തുടങ്ങിയ മണിക്കൂറുകൾ നീളുന്ന ജോലിയിൽ ഏർപ്പെടുന്നവരായിരിക്കും. ഒരു സമൂഹത്തിൽ കുറച്ചുപേരുടെ അടിസ്ഥാനാവശ്യങ്ങൾ പോലും നിറവേറ്റപ്പെടുന്നില്ല എന്നത് അനീതിയാണെന്ന് നമ്മുടെ രാഷ്ട്രീയ ബോധം നമ്മോട് പറയും. അതുവഴി സമത്വം എന്നത് നീതിയുമായി ബന്ധപ്പെട്ടതാണെന്നും അതുകൊണ്ട് മനുഷ്യരെ സാമ്പത്തികചൂഷണത്തിലൂടെ നിരാലംബരാക്കുന്നത് ശരിയല്ലെന്നും നമ്മൾ മനസ്സിലാക്കും.



സ്വന്തം ആഹാരത്തിനുള്ള വക കണ്ടെത്താൻ ജോലി ചെയ്യുന്നതുകൊണ്ട് സ്കൂളിൽ പോകാൻ കഴിയാത്ത കുട്ടികളുടെ കാര്യം ആലോചിച്ചു നോക്കൂ. അതു

അതെ.

അപ്പോൾ, നമ്മുടെ സുഹൃത്തുക്കൾക്ക് നൻമ ചെയ്യുകയും ശത്രുക്കൾക്ക് ദോഷം വരുത്തുകയും ചെയ്യുക എന്നതാണ് നൻമ എന്നതിനു പകരം പറയേണ്ടത്. നമ്മുടെ സുഹൃത്തുക്കൾ നല്ലവരായിരിക്കുമ്പോൾ നൻമ ചെയ്യുക. നമ്മുടെ ശത്രുക്കൾ മോശക്കാരായിരിക്കുമ്പോൾ ദോഷം ചെയ്യുക എന്നാണോ?

" അതാണ് എനിക്ക് സത്യമായി തോന്നുന്നത്".

കുതിരയ്ക്ക് മുറിവേൽക്കുമ്പോൾ അത് മെച്ചപ്പെടുകയാണോ നശിക്കുകയാണോ ചെയ്യുന്നത്?

അവസാനം പറഞ്ഞത്.

നശിക്കുകയെന്നു പറഞ്ഞാൽ കുതിരയുടെ നല്ല ഗുണങ്ങൾ നശിപ്പിക്കപ്പെടും, അല്ലാതെ നായയുടെ അല്ലേ?

അതെ കുതിരയുടെ തന്നെ.

അതുപോലെ നായകൾക്ക് അതിന്റെ നല്ല ഗുണങ്ങൾ നഷ്ടപ്പെടും. കുതിരയുടെ നല്ല ഗുണങ്ങളല്ല നഷ്ടപ്പെടുക?

തീർച്ചയായും.

അതുപോലെ മുറിവേൽക്കുന്ന മനുഷ്യന്റെയും യഥാർഥനൻമ നശിപ്പിക്കപ്പെടും?

പോലെതന്നെ, രക്ഷാകർത്താക്കൾ ജോലിക്കുപോകുന്നതു കാരണം ഇളയകുട്ടികളെ നോക്കാൻ ചുമതലപ്പെട്ട പെൺകുട്ടികളുടെ കാര്യവും. അവർക്കും സ്കൂൾ പഠനം ഇടക്കുവച്ച് നിർത്തേണ്ടതായി വരുന്നു. ഈ അവസ്ഥയിൽ ഇന്ത്യൻ ഭരണഘടന വിദ്യാഭ്യാസത്തിനുള്ള അവകാശം മൗലികാവകാശമാക്കിയിട്ടുണ്ടെങ്കിലും അതെല്ലാം വെറും ഔപചാരികതകൾ മാത്രമായി ചുരുങ്ങുന്നു. അപ്പോൾ ഗവൺമെന്റ് ഈ കുട്ടികളുടെയും അവരുടെ രക്ഷാകർത്താക്കളുടെയും കാര്യത്തിൽ എന്തെങ്കിലും ചെയ്യണമെന്ന് നമ്മൾ ആഗ്രഹിക്കുന്നു.

അങ്ങനെ, സമത്വത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടുകൾ വളരെ സങ്കീർണമാണെന്നു നമ്മൾ മനസിലാക്കി. നമ്മൾ ഒരു ക്യൂവിലൊ, കളിസ്ഥലത്തോ നിൽക്കുമ്പോൾ നമ്മൾ അവസരസമത്വം ആഗ്രഹിക്കുന്നു. നമ്മൾ ശാരീരികാവശതകൾ ഉള്ളവരാണെങ്കിൽ നമുക്ക് പ്രത്യേക പരിഗണന ആവശ്യമായി വരുന്നു. നമുക്ക് നമ്മുടെ അടിസ്ഥാനാവശ്യങ്ങൾ പോലും നിറവേറ്റാൻ കഴിയാത്ത സാഹചര്യത്തിൽ അവസരസമത്വം കൊണ്ട് പ്രയോജനമൊന്നുമില്ല. അതുകൊണ്ടു തന്നെ നമുക്ക് സ്കൂളിൽ പോകാനും സഹായങ്ങൾ ലഭ്യമാകുന്നതിനും അനുയോജ്യമായ വിഭവങ്ങളുടെ നീതിയുക്തമായ (തൊഴിൽ, മാന്യമായ വേതനം, ചികിത്സാസഹായം തുടങ്ങിയവ) വിതരണത്തിനുമുള്ള വ്യവസ്ഥകൾ ഉണ്ടായിരിക്കണം. ഇത് നീതി ലഭ്യമാക്കാൻ ഉത്തരവാദിത്വപ്പെട്ട ഒരു സംവിധാനത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.

തീർച്ചയായും.

ആ മനുഷ്യനൻമയെന്നാൽ നീതി അല്ലേ?

ഉറപ്പായും.

അപ്പോൾ പീഡിതനാകുന്ന മനുഷ്യന് അനീതി മാത്രമേ പ്രവർത്തിക്കാൻ കഴിയൂ?

അതായിരിക്കും അതിന്റെ ഫലം.

ഒരു സംഗീതജ്ഞന് അയാളുടെ സംഗീതം കൊണ്ട് മനുഷ്യരെ സംഗീതവിരോധികളാക്കാൻ കഴിയുമോ?

ഒരിക്കലുമില്ല.

ഒരു കുതിരക്കാരനു അയാളുടെ വിദ്യ കൊണ്ട് മോശം കുതിരക്കാരനെ സൃഷ്ടിക്കാൻ കഴിയുമോ?

അസാധ്യമാണ്.

അപ്പോൾ നീതിമാനു നീതി കൊണ്ട് ഒരു മനുഷ്യനെ നീതിരഹിതനാക്കാനാകുമോ, അല്ലെങ്കിൽ സാധാരണ രീതിയിൽ പറഞ്ഞാൽ, നല്ലവർക്ക് നന്മയിലൂടെ മറ്റുള്ളവരിൽ തിന്മ വളർത്താനാകുമോ?

തീർച്ചയായും സാധ്യമല്ല.

നല്ലവരായ മനുഷ്യർക്ക് ആരെയെങ്കിലും ദ്രോഹിക്കാൻ കഴിയുമോ?

അത് അസാധ്യമാണ്.

സമത്വത്തെക്കുറിച്ചും നമുക്ക് നിരവധി നിർവചനങ്ങൾ ഉള്ളതിനു കാരണം അതിന്റെ അർഥം സാഹചര്യങ്ങൾക്കനുസരിച്ച് മാറും എന്നതുകൊണ്ടാണ്. സമത്വം എന്ന ആശയം നമ്മളുമായി എങ്ങനെയൊക്കെ ബന്ധപ്പെട്ടിരിക്കുന്നു എന്ന രീതിയിൽ ആരംഭിച്ച ചർച്ച അവസാനം എത്തിച്ചേർന്നത് മറ്റുള്ളവരിലേക്കാണ് (ദരിദ്രർ, നിരാംലംബർ, മുതിർന്നവർ തുടങ്ങിയവർ). അങ്ങനെ നമ്മൾ സമത്വത്തിന്റെ വിവിധ അടുക്കുകളുള്ള അർഥതലങ്ങൾ കണ്ടെത്തി.

രാഷ്ട്രീയസൈദ്ധാന്തികർ രാഷ്ട്രീയതത്ത്വങ്ങളുടെ അർഥം വ്യക്തമാക്കുന്നത് അതെങ്ങനെയാണ് സാധാരണഭാഷയിൽ മനസിലാക്കപ്പെടുന്നതും ഉപയോഗിക്കപ്പെടുന്നതും എന്ന് പരിശോധിച്ചുകൊണ്ടാണ്. അതിന്റെ വിവിധ അർഥതലങ്ങൾ അവർ ചിട്ടയായ ചർച്ചകൾക്കും വിശകലനത്തിനും വിധേയമാക്കുന്നു. എപ്പോഴൊക്കെയാണ് അവസരസമത്വം മാത്രം മതിയാകുന്നത്? എപ്പോഴൊക്കെയാണ് ആളുകൾക്ക് പ്രത്യേകപരിഗണന ആവശ്യമായി വരുന്നത്? അത്തരം പ്രത്യേക പരിഗണനകൾ എത്ര നാളത്തേയ്ക്കും എത്രകാലത്തേയ്ക്കും കൊടുക്കാം? സ്കൂൾ പഠനം ഉപേക്ഷിച്ചുപോകാതിരിക്കാൻ പാവപ്പെട്ട കുട്ടികൾക്ക് ഉച്ച ഭക്ഷണം നൽകണമോ? രാഷ്ട്രീയസൈദ്ധാന്തികർ ഇത്തരത്തിലുള്ള നിരവധി ചോദ്യങ്ങളെ അഭിമുഖീകരിക്കുന്നു. ഈ പ്രശ്നങ്ങളെല്ലാം പ്രായോഗികതലത്തിൽ വരുന്നവയായതുകൊണ്ടുതന്നെ അവ വിദ്യാഭ്യാസത്തിന്റെയും തൊഴിലിന്റെയും കാര്യത്തിൽ പൊതുനയരൂപീകരണത്തിനുള്ള മാർഗനിർദേശങ്ങളായി മാറുന്നു.

മാത്രമല്ല നീതിമാൻമാരായ മനുഷ്യരല്ലേ നല്ല മനുഷ്യർ?

തീർച്ചയായും.

അപ്പോൾ ഒരു സുഹൃത്തിനെയോ മറ്റ് ആരെയെങ്കിലുമോ ദ്രോഹിക്കുന്നത് ഒരു നീതിമാന്റെ പ്രവൃത്തിയല്ല, മറിച്ച് അതിനു വിരുദ്ധമായിട്ടുള്ള അനീതി കാണിക്കുന്നവന്റെ പ്രവൃത്തിയായിരിക്കില്ലേ?

താങ്കളുടെ അഭിപ്രായം വളരെ ശരിയാണെന്ന് എനിക്കു തോന്നുന്നു സോക്രട്ടീസ്.

അപ്പോൾ ഒരാൾ കൊടുത്തുതീർക്കാനുള്ള കടത്തെക്കുറിച്ചും ഇങ്ങനെ പറയുകയാണെന്നിരിക്കട്ടെ. തന്റെ സുഹൃത്തുക്കളോടുള്ള കടം നന്മയാണെന്നും ശത്രുക്കളോടുള്ളത് തിന്മയാണെന്നും അത് സത്യമല്ലാത്തതുകൊണ്ട് തന്നെ വിവേകശൂന്യവുമാണ്. നമ്മൾ നേരത്തെ വ്യക്തമാക്കിയതുപോലെ മറ്റൊരാളെ ദ്രോഹിക്കുന്നത് ഒരു തരത്തിലും നീതീകരിക്കാനാകില്ല.

ഞാൻ താങ്കളോട് പൂർണമായും യോജിക്കുന്നു. പോളിമാർക്കസ് വ്യക്തമാക്കി.

സമത്വത്തിന്റെ കാര്യത്തിലെന്നപോലെ മറ്റു രാഷ്ട്രീയാശയങ്ങളുടെ കാര്യത്തിലും ദൈനംദിനജീവിതത്തിൽ നിന്നും ഉയർന്നുവരുന്ന അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ട് അവയുടെ വിവിധ അർഥതലങ്ങൾ ചർച്ചചെയ്യുകയും അനുയോജ്യമായ നയരൂപീകരണനിർദേശങ്ങളായി അവതരിപ്പിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യം, പൗരത്വം, അവകാശങ്ങൾ, വികസനം, നീതി, സമത്വം, ദേശീയത, മതേതരത്വം തുടങ്ങിയ പ്രധാനപ്പെട്ട ആശയങ്ങൾ തുടർന്നുള്ള ആധ്യായങ്ങളിൽ നമ്മൾ ചർച്ചചെയ്യുന്നു.

## 1.4 നമ്മൾ എന്തുകൊണ്ട് രാഷ്ട്രീയസിദ്ധാന്തം പഠിക്കണം?
## (Why Should We Study Political Theory?)

നമുക്ക് രാഷ്ട്രീയകാഴ്ചപ്പാടുകൾ ഉണ്ട്, എങ്കിലും നമ്മൾ രാഷ്ട്രീയസിദ്ധാന്തം പഠിക്കേണ്ടതുണ്ടോ? രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയക്കാർക്കല്ലേ ഈ പഠനം കൂടുതൽ അനുയോജ്യം? അല്ലെങ്കിൽ നയരൂപീകരണം നടത്തുന്ന ഉദ്യോഗസ്ഥർക്കല്ലേ ഇത് ആവശ്യം? അതുമല്ലെങ്കിൽ രാഷ്ട്രീയസിദ്ധാന്തം പഠിപ്പിക്കുന്ന അധ്യാപകർക്കല്ലേ ഇത് വേണ്ടിവരുന്നത്? ഭരണഘടന വ്യാഖ്യാനിക്കുന്ന വക്കീലൻമാരും ന്യായാധിപൻമാരും മാത്രം ഇത് പഠിച്ചാൽ പോരെ? അല്ലെങ്കിൽ ചൂഷണത്തെ തുറന്നു കാണിക്കുകയും പുതിയ അവകാശങ്ങൾക്കുവേണ്ടി വാദിക്കുകയും ചെയ്യുന്ന സാമൂഹ്യപ്രവർത്തകരും പത്രപ്രവർത്തകരും അല്ലേ ഇതു പഠിക്കേണ്ടത്? നമ്മൾ ഹയർസെക്കന്ററി വിദ്യാർഥികൾ സ്വാതന്ത്ര്യത്തിന്റെയോ സമത്വത്തിന്റേയോ അർഥമറിഞ്ഞിട്ട് എന്തു ഗുണമാണ് ഉണ്ടാകുക?.

ഒന്നാമതായി നാം മനസിലാക്കേണ്ട കാര്യം മുകളിൽ പരാമർശിച്ച എല്ലാ വിഭാഗങ്ങൾക്കും രാഷ്ട്രീയസിദ്ധാന്തം അത്യാവശ്യമാണെന്നുള്ളതാണ്. ഹയർസെക്കന്ററി വിദ്യാർഥികൾ എന്നനിലയ്ക്ക് മുകളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒരു തൊഴിൽ മേഖലയായിരിക്കും ഭാവിയിൽ നമ്മൾ തെരഞ്ഞെടുക്കുക. അതുകൊണ്ട് പരോക്ഷമായി നമുക്ക് രാഷ്ട്രീയസിദ്ധാന്തപഠനം ഇപ്പോൾത്തന്നെ പ്രസക്തമാണ്. മറ്റൊന്ന് നമ്മൾ ഗണിതശാസ്ത്രജ്ഞരോ എഞ്ചിനീയറോ ആയില്ലെങ്കിൽക്കൂടി നമ്മൾ ഗണിതശാസ്ത്രം പഠിക്കാറില്ലേ? അതിനുകാരണം അടിസ്ഥാന ഗണിതം നമ്മുടെ ദൈനംദിനജീവിതത്തിൽ ആവശ്യമായി വരുന്നതുകൊണ്ടല്ലേ?

രണ്ടാമതായി; നമ്മളെല്ലാം വോട്ടവകാശമുള്ളവരും മറ്റു പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കേണ്ട പൗരൻമാരുമാണ്. ഇത്തരത്തിൽ ഉത്തരവാദിത്തത്തോടുകൂടി പ്രവർത്തിക്കണമെങ്കിൽ നമ്മൾ ജീവിക്കുന്ന ലോകത്തെ രൂപപ്പെടുത്തിയിട്ടുള്ള രാഷ്ട്രീയ ആശയങ്ങളെക്കുറിച്ചും സ്ഥാപനങ്ങളെക്കുറിച്ചും അടിസ്ഥാനപരമായ അറിവ് നമുക്കുണ്ടായിരിക്കണം. വിവരസാങ്കേതികവിദ്യ പ്രബലമായ ഒരു സമൂഹത്തിൽ ഗ്രാമസഭകളിൽ പങ്കെടുക്കുന്നതിനായാലും സാമൂഹ്യമാധ്യമങ്ങളിൽ നടക്കുന്ന ചർച്ചകളിലും സർവേകളിലും പങ്കെടുക്കുന്നതിനായാലും യുക്തിസഹമായ ചിന്തയും അറിവും നിർണയകമാണ്. ഇവിടെയെല്ലാം ആലോചനാരഹിതമായ അഭിപ്രായപ്രകടനങ്ങൾ നമ്മളെ ഒരുതരത്തിലും സഹായിക്കില്ല. എന്നാൽ, നമ്മൾ ചിന്താശേഷിയോടെയും പക്വമായും ഇടപെടുകയാണെങ്കിൽ നമ്മുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും ചർച്ചചെയ്യാനും ഈ പുതിയ മാധ്യമങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും.

ഒരു പൗരൻ എന്നനിലക്ക് നമ്മൾ ഒരു സംഗീതസഭയിലെ കേൾവിക്കാരെപ്പോലെയാണ്. നമ്മൾ അവിടെ ഗാനം ആലപിക്കുകയും സംഗീതം ചിട്ടപ്പെടുത്തുകയും ചെയ്യുന്ന പ്രധാനപ്പെട്ട കലാകാരൻമാരിൽ ഉൾപ്പെടുന്നില്ല. പക്ഷേ, നമ്മളായിരിക്കും പരിപാടികളുടെ മൊത്തത്തിലുള്ള അന്തരീക്ഷം തീരുമാനിക്കുന്നതും, സംഗീതം ആസ്വദിച്ചുകൊണ്ട് പുതിയവയ്ക്കുവേണ്ടിയുള്ള നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്യുന്നത്. കേൾവിക്കാർ നല്ല അറിവുള്ളവരും ഉയർന്ന ആസ്വാദനശേഷിയുള്ളവരുമാണെന്നു മനസിലാക്കുമ്പോൾ സംഗീതജ്ഞർ മികച്ച പ്രകടനം കാഴ്ചവെക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ? അതുപോലെ രാഷ്ട്രീയവിദ്യാഭ്യാസം നേടിയവരും കുടുതൽ ജാഗരൂകരുമായ ഒരു പൗരസമൂഹവും പ്രായോഗികരാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്നവരെ പൊതുനൻമക്കുവേണ്ടി പ്രവർത്തിക്കാൻ പ്രേരിപ്പിയ്ക്കും.

മൂന്നാമതായി: സ്വാതന്ത്ര്യം, സമത്വം, മതേതരത്വം എന്നിവ നമ്മുടെ ജീവിതത്തിലെ അമൂർത്തങ്ങളായ പ്രശ്നങ്ങളല്ല. നമ്മൾ മിക്കപ്പോഴും കുടുംബങ്ങളിലും, വിദ്യാലയങ്ങളിലും, കോളേജുകളിലും വ്യാപാരശാലകളിലുമൊക്കെ ഉണ്ടാകുന്ന പലതരത്തിലുള്ള വിവേചനങ്ങൾ കണ്ടു പരിചയിച്ചവരാണ്. നമ്മളിൽ

നിന്നും വ്യത്യസ്തരായ ജാതി, മത, ലിംഗ വിഭാഗങ്ങളിൽപ്പെട്ടവരോട് നമുക്ക് ചില മുൻവിധികളുണ്ട്. നമ്മൾ അടിച്ചമർത്തപ്പെട്ടിരിക്കുന്നു എന്നു തോന്നിയാൽ അതിൽ നിന്നും മോചനം ആഗ്രഹിക്കും. അതിന് കാലതാമസം നേരിട്ടാൽ ഒരു അക്രമാസക്തമായ വിപ്ലവത്തെപ്പോലും ന്യായീകരിക്കാൻ നമ്മൾ തയാറാകും. ഇനി നമ്മൾ ആഭിജാതവർഗത്തിൽ ഉൾപ്പെട്ടിരിക്കുകയാണെങ്കിലോ, നമ്മുടെ സ്വന്തം വേലക്കാരും സഹായികളും അവരുടെ അന്തസുകാക്കാൻ കഷ്ടപ്പെടുന്ന സമയത്തുപോലും അത് അടിച്ചമർത്തലാണെന്ന് അംഗീകരിക്കാൻ നമ്മൾ വിസമ്മതിക്കും. ചില സമയത്ത് നമ്മുടെ കീഴ്ജീവനക്കാർക്ക് ഇത്രയൊക്കെ ലഭിക്കാൻ മാത്രമേ അർഹതയുള്ളു എന്നു നാം ചിന്തിച്ചേക്കാം. രാഷ്ട്രീയസിദ്ധാന്തം നമ്മളെ രാഷ്ട്രീയകാര്യങ്ങളിൽ നമ്മുടെ അനുഭവങ്ങളും ആശയങ്ങളും എന്തെന്നു പരിശോധിക്കാൻ പ്രേരിപ്പിക്കുന്നു. അവയെ നമ്മൾ സൂക്ഷ്മതയോടെ നിരീക്ഷിക്കുകയാണങ്കിൽ നമ്മുടെ ആശയങ്ങളും സമീപനങ്ങളും കൂടുതൽ ഉദാരമാക്കാൻ നമുക്ക് കഴിയും.

അവസാനമായി, വിദ്യാർഥികൾ എന്ന നിലക്ക് നമ്മൾ പ്രസംഗമൽസരങ്ങളിലും സംവാദങ്ങളിലും പങ്കെടുക്കാറുണ്ട്. അവയിൽ ഉന്നയിക്കുന്ന കാര്യങ്ങൾ തെറ്റാണോ ശരിയാണോ, നീതിയാണോ, അനീതിയാണോ എന്നതിനെക്കുറിച്ച് നമുക്ക് നമ്മുടേതായ അഭിപ്രായങ്ങളുണ്ടാകും. പക്ഷേ അവ യുക്തിസഹമാണോ അല്ലയോ എന്നതിനെക്കുറിച്ച് നമുക്ക് ധാരണയുണ്ടായിരിക്കില്ല. നമ്മൾ മറ്റുള്ളവരുമായി വാദപ്രതിവാദങ്ങളിൽ ഏർപ്പെടുമ്പോഴാണ് നമ്മളുന്നയിക്കുന്ന വാദഗതികളെ യുക്തിസഹമായി പ്രതിരോധിക്കേണ്ട ആവശ്യകത നമുക്ക് ബോധ്യമാകുന്നത്. സമത്വത്തെക്കുറിച്ചോ, നീതിയേക്കുറിച്ചോ കൂടുതൽ ആഴത്തിൽ ചിന്തിക്കാനും അതുവഴി നമ്മുടെ അഭിപ്രായങ്ങളെ നവീകരിച്ചുകൊണ്ട് പൊതുനൻമക്ക് ഉതകുന്ന രീതിയിൽ കൂടുതൽ ശക്തമായ വാദങ്ങൾ ഉന്നയിക്കാനും രാഷ്ട്രീയസിദ്ധാന്തം നമ്മെ സഹായിക്കുന്നു. അത്തരത്തിൽ യുക്തിസഹമായി സംവദിക്കാനും ഫലപ്രദമായ ആശയവിനിമയത്തിനുമുള്ള ശേഷി, വിവരസാങ്കേതികവിദ്യ ആധിപത്യം ചെലുത്തുന്ന നിലവിലെ ലോകക്രമത്തിനു വലിയൊരു മൂലധനമായിരിക്കും.

അഭ്യാസം

## അഭ്യാസം

1. രാഷ്ട്രീയസിദ്ധാന്തത്തെ സംബന്ധിച്ചു താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനയിലെ ശരി/തെറ്റ് ഏതെന്നു കണ്ടെത്തുക?
   (a) രാഷ്ട്രീയസ്ഥാപനങ്ങൾക്ക് അടിത്തറയിടുന്ന ആശയങ്ങളെക്കുറിച്ച് ഇത് ചർച്ചചെയ്യുന്നു.
   (b) വ്യത്യസ്തമതങ്ങൾ തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ച് ഇത് വിശദീകരിക്കുന്നു.
   (c) സ്വാതന്ത്ര്യം, സമത്വം തുടങ്ങിയ ആശയങ്ങളുടെ അർഥതലങ്ങളെക്കുറിച്ച് ഇത് വിശദീകരിക്കുന്നു.
   (d) രാഷ്ട്രീയപ്പാർട്ടികളുടെ പ്രകടനത്തെക്കുറിച്ച് (Performance) ഇത് പ്രവചനങ്ങൾ നടത്തുന്നു.
2. രാഷ്ട്രീയമെന്നാൽ രാഷ്ട്രീയക്കാരുടെ പ്രവർത്തനങ്ങൾക്കുപരിയായിട്ടുള്ള ഒന്നാണ്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഉദാഹരണ സഹിതം വിശദമാക്കുക.
3. ജാഗ്രതയുള്ള പൗരൻമാർ ജനാധിപത്യത്തിന്റെ വിജയകരമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.
4. ഏതെല്ലാം രീതിയിലാണ് രാഷ്ട്രീയസിദ്ധാന്തപഠനം നമുക്ക് ഉപയോഗപ്രദമായിത്തീരുന്നത്? രാഷ്ട്രീയസിദ്ധാന്തം നമുക്ക് ഉപയോഗപ്രദമാകുന്ന നാലു സന്ദർഭങ്ങൾ കണ്ടെത്തുക?
5. മികച്ചതും വിശ്വസനീയവുമായ നിങ്ങളുടെ ഒരു വാദത്തിന് ആവശ്യമായ ശ്രദ്ധ നൽകാൻ മറ്റുള്ളവർ നിർബന്ധിതരാകുമെന്നു നിങ്ങൾ കരുതുന്നുണ്ടോ?
6. രാഷ്ട്രീയസിദ്ധാന്ത പഠനം ഗണിതശാസ്ത്രപഠനം പോലെയാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം യുക്തിപൂർവം സമർഥിക്കുക.

അധ്യായം 2

E6V1E8

# സ്വാതന്ത്ര്യം (Freedom)

## അവലോകനം



മനുഷ്യരിലും മനുഷ്യസമൂഹങ്ങളിലും ശക്തരായ വിഭാഗങ്ങൾ മറ്റുള്ളവരുടെമേൽ ആധിപത്യം സ്ഥാപിച്ചതിന്റെയും അവരെ അടിമകളാക്കിയതിന്റെയും ചൂഷണം ചെയ്തതിന്റെയും എത്രയോ ഉദാഹരണങ്ങൾ മാനവചരിത്രം  നമുക്ക് നൽകുന്നു. എന്നാൽ, ഇത്തരം മേധാവിത്വങ്ങൾക്കെതിരായുള്ള വീരോചിതമായ ചെറുത്തുനിൽപുകളുടെ പ്രചോദനാത്മകമായ ഉദാഹരണങ്ങളും അത് നമുക്ക് നൽകുന്നു. എല്ലാം ത്യജിക്കാനും ജീവൻതന്നെ ബലികഴിക്കാനും മനുഷ്യനെ സന്നദ്ധനാക്കുന്ന ഈ സ്വാതന്ത്ര്യബോധം യഥാർഥത്തിൽ എന്താണ്? സ്വന്തം ജീവിതത്തിന്റെയും ജീവിത ഭാഗധേയത്തിന്റെയും നിയന്ത്രണങ്ങൾ തങ്ങൾക്ക് തന്നെയായിരിക്കണമെന്നും സ്വന്തം ഇഷ്ടത്തിനനുസരിച്ച് തീരുമാനമെടുക്കുവാനും പ്രവർത്തിക്കുവാനും അവസരം തങ്ങൾക്കുണ്ടാവണമെന്നുള്ള ജനങ്ങളുടെ ചിന്തയിലും ആഗ്രഹങ്ങളിലുമാണ് സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടങ്ങളുടെ അന്തസ്സത്ത കുടികൊള്ളുന്നത്. വ്യക്തികൾ മാത്രമല്ല സമൂഹവും അവരുടെ സ്വാതന്ത്ര്യത്തിന് മൂല്യം കൽപ്പിക്കുകയും അവരുടെ സംസ്കാരവും ഭാവിയും സംരക്ഷിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

എന്നിരുന്നാലും ജനങ്ങളുടെ വ്യത്യസ്തമായ താൽപര്യങ്ങളും ആഗ്രഹങ്ങളും നിലനിൽക്കുന്ന ഏതൊരു സാമൂഹ്യജീവിതക്രമത്തിലും ചില നിയമങ്ങളും നിയന്ത്രണങ്ങളും ആവശ്യമാണ്. ഇത്തരം നിയമങ്ങൾ ജനങ്ങളുടെ സ്വാതന്ത്ര്യത്തിനുമേൽചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ടെങ്കിലും വ്യക്തികൾക്ക് സുരക്ഷിതത്വവും സ്വയം വികസിക്കുവാനുള്ള അവസരങ്ങളും പ്രദാനം ചെയ്യുന്നതിനാൽ പൊതുവെ  അവയൊക്കെ സ്വീകരിക്കപ്പെടാറുണ്ട്.സാമൂഹ്യമായി ആവശ്യമുള്ള നിയന്ത്രണങ്ങളെയും മറ്റു നിയന്ത്രണങ്ങളെയും വ്യത്യാസപ്പെടുത്തുന്നതിനുള്ള തത്വങ്ങൾ രൂപപ്പെടുത്തുന്നതിലാണ് രാഷ്ട്രീയസിദ്ധാന്തത്തിലെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചർച്ചകൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഒരു സമൂഹത്തിലെ, സാമൂഹ്യസാമ്പത്തികഘടനകൾ സ്വാതന്ത്ര്യത്തിനു വരുത്താവുന്ന സാധ്യമായ പരിമിതികളെ സംബന്ധിച്ചും സംവാദങ്ങൾ നടക്കാറുണ്ട്. ഇത്തരം ചില സംവാദങ്ങളെക്കുറിച്ച് ഈ അധ്യായത്തിൽ ചർച്ചചെയ്യുന്നു.

ഈ അദ്ധ്യായം പഠിക്കുന്നതിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ മനസിലാക്കുന്നതിന് നിങ്ങൾ പ്രാപ്തരാകും.

- വ്യക്തികൾക്കു വേണ്ട സ്വാതന്ത്ര്യം, സമൂഹത്തിനുവേണ്ട സ്വാതന്ത്ര്യം, പ്രാധാന്യം എന്നിവ  മനസ്സിലാക്കുവാൻ.
- സ്വാതന്ത്ര്യത്തിന്റെ നിഷേധാത്മകവും ക്രിയാത്മകവുമായ തലങ്ങൾ തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുവാൻ.
- ഹാനി തത്ത്വം എന്ന പദത്തിന്റെ അർഥം വിശദീകരിക്കുവാൻ.

## 2.1 സ്വാതന്ത്ര്യമെന്ന ആശയം (The ideal of Freedom)

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്തുന്നതിനുമുൻപ് സ്വാതന്ത്ര്യത്തിനുവേണ്ടി ഐതിഹാസികമായ സമരം നയിച്ച നെൽസൺ മണ്ടേലയുടെ ചരിത്രം നമുക്ക് പരിശോധിക്കാം. 20–ാം നൂറ്റാണ്ടിലെ മഹാരഥൻമാരിലൊരാളായിരുന്ന നെൽസൺ മണ്ടേലയുടെ ആത്മകഥയുടെ പേരായിരുന്നു സ്വാതന്ത്ര്യത്തിലേക്കുള്ള ദീർഘയാത്ര (Long Walk To Freedom ). ദക്ഷിണാഫ്രിക്കയിലെ വർണവെറിയുള്ള ഭരണകൂടത്തിനെതിരെ അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ വർണവിവേചനം കാണിച്ച വെള്ളക്കാരുടെ ഗവൺമെന്റിനെതിരെ ജനങ്ങൾ നടത്തിയ ചെറുത്തുനിൽപുകൾ ദക്ഷിണാഫ്രിക്കയിലെ കറുത്തവർഗക്കാർ സഹിച്ച അപമാനങ്ങൾ, കഷ്ടതകൾ, പോലീസ് ക്രൂരതകൾ എന്നിവയെക്കുറിച്ചാണ് തന്റെ ആത്മകഥയിൽ മണ്ടേല പ്രതിപാദിക്കുന്നത്. ദക്ഷിണാഫ്രിക്കയിലെ ആ ഭരണകൂടം ജനങ്ങളെ രാഷ്ട്രീയാടിസ്ഥാനത്തിൽ വേർതിരിച്ചുകൊണ്ട് അവരോട് വിവേചനം കാണിച്ചു. വെള്ളക്കാർ താമസിക്കുന്ന സ്ഥലത്ത് കറുത്തവർഗക്കാർക്ക് അധിവാസം നിഷേധിക്കപ്പെട്ടത്, രാജ്യത്തിനുള്ളിൽ അവർക്ക് സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടത്, ആരെ വിവാഹം കഴിക്കണമെന്ന് തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടത് തുടങ്ങിയവ കറുത്ത വർഗക്കാരോട് കാണിച്ച വിവേചനങ്ങൾക്കുള്ള ഉദാഹരണങ്ങളായിരുന്നു. മണ്ടേലയുടെയൊ സഹപ്രവർത്തകരുടെയൊ പോരാട്ടം അന്യായമായ ഈ നിയന്ത്രണങ്ങൾക്കെതിരെയുള്ളതായിരുന്നു. അത് ദക്ഷിണാഫ്രിക്കയിലെ എല്ലാ ജനങ്ങളുടെയും (കറുത്തവർഗക്കാരുടെയും വെളുത്തവർഗക്കാരുടെയും മറ്റു വർണക്കാരുടെയും) സ്വാതന്ത്ര്യത്തിനുള്ള തടസങ്ങൾ നീക്കുന്നതിനുള്ള പോരാട്ടമായിരുന്നു. അതായിരുന്നു മണ്ടേലയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള ദീർഘയാത്ര.




ഈ സ്വാതന്ത്ര്യത്തിനു വേണ്ടി തന്റെ ജീവിതത്തിലെ നീണ്ട 28 വർഷങ്ങൾ അദ്ദേഹത്തിന് ജയിലിൽ കഴിയേണ്ടിവന്നു. ഇതിൽ മിക്കപ്പോഴും അദ്ദേഹം ഏകാന്തതയിലുമായിരുന്നു. അയാളുടെ യൗവ്വനവും സുഹൃത്തുക്കളോടൊത്തുള്ള സന്തോഷകരമായ ജീവിതവും, തനിക്ക് പ്രിയപ്പെട്ട കായികവിനോദവും (ബോക്സിംഗ് മണ്ടേലയുടെ പ്രിയപ്പെട്ട കായികവിനോദമായിരുന്നു.) ഇഷ്ടപ്പെട്ട വസ്ത്രവും, പ്രിയപ്പെട്ട സംഗീതവും ജീവിതത്തിന്റെ ഭാഗമായ നിരവധി ആഘോഷങ്ങളും ഒരു ആദർശത്തിനുവേണ്ടി ത്യജിക്കേണ്ടി വരുന്നത് ഒന്ന് സങ്കൽപ്പിച്ചുനോക്കൂ. സ്വന്തം ജനതയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടി എന്ന ഒറ്റക്കാരണത്താൽ എന്ന് മോചിപ്പിക്കപ്പെടുമെ



സ്വാതന്ത്ര്യം പോലെ മഹത്തായ ഒരു ആദർശത്തിനു വേണ്ടി പോരാടുന്നതു മഹാൻമാരും മഹതികളും മാത്രമാണോ?
എന്നെ സംബന്ധിച്ചിടത്തോളം ഈ തത്വത്തിന് എന്തർത്ഥമാണുള്ളത്?




ന്നറിയാതെ ഈ സന്തോഷങ്ങളെല്ലാം ത്യജിച്ച് ഏകാന്തതടവറയിൽ തളയ്ക്കപ്പെടുന്ന ഒരു വ്യക്തിയെക്കുറിച്ച് ചിന്തിച്ചുനോക്കൂ. സ്വാതന്ത്ര്യത്തിനു വേണ്ടി മണ്ടേലക്ക് വ്യക്തിപരമായി വലിയ വില നൽകേണ്ടി വന്നു.

ഇനി നമുക്ക് മ്യാൻമാറിലെ ജനാധിപത്യവാദിയായിരുന്ന ആങ് സാൻ സൂകിയുടെ ചരിത്രം പരിശോധിക്കാം. മഹാത്മാഗാന്ധിയുടെ അഹിംസാ സിദ്ധാന്തം അവരിൽ വലിയ പ്രചോദനം ചെലുത്തിയിരുന്നു. കുട്ടികളിൽ നിന്നും വേർപെട്ട്, ക്യാൻസർ ബാധിച്ച് മരണത്തോട് മല്ലടിച്ച് ഇംഗ്ലണ്ടിൽ ചികിത്സയിലായിരുന്ന ഭർത്താവിനെ സന്ദർശിക്കുവാൻ കഴിയാതെ വളരെക്കാലം അവർ മ്യാൻമാറിലെ പട്ടാളഭരണത്തിൻകീഴിൽ വീട്ടുതടങ്കലിലായിരുന്നു. ഇംഗ്ലണ്ടിൽ ചികിത്സയിലായിരുന്ന തന്റെ ഭർത്താവിനെ സന്ദർശിച്ചാൽ തനിക്ക് മ്യാൻമാറിലേക്ക് ഒരിക്കലും തിരിച്ചുവരാൻ സാധിക്കില്ലെന്ന് അവർ ഭയപ്പെട്ടിരുന്നു. ആങ്സാൻ സൂകി തന്റെ സ്വാതന്ത്ര്യത്തെ തന്റെ ജനങ്ങളുടെ സ്വാതന്ത്ര്യവുമായാണ് ബന്ധപ്പെടുത്തിയത്. ഭയത്തിൽ നിന്നുള്ള മോചനം (Freedom From Fear ) എന്ന തന്റെ ലേഖനസമാഹാരത്തിൽ യഥാർഥസ്വാതന്ത്ര്യം എന്നാൽ "ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണെന്നും, ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തോടെ ജീവിക്കുവാൻ കഴിയുന്നില്ലെങ്കിൽ ഒരു വ്യക്തിക്കും അന്തസായ ഒരു മനുഷ്യജീവിതം സാധ്യമല്ലെന്നും" സൂകി അഭിപ്രായപ്പെടുന്നു. ഇത്തരം ആഴത്തിലുള്ള ചിന്തകൾ നമ്മളെ ഇരുത്തി ചിന്തിപ്പിക്കാനും അതിന്റെ പരിണിതഫലങ്ങളെക്കുറിച്ചാലോചിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. മറ്റുള്ളവരുടെ അഭിപ്രായങ്ങളെയോ, അധികാരികളുടെ മനോഭാവത്തെയോ, നാം ചെയ്യുവാൻ ഇഷ്ടപ്പെടുന്ന കാര്യങ്ങളിൽ സമുദായങ്ങളുടെ പ്രതികരണത്തെയോ, ഒപ്പമുള്ളവരുടെ പരിഹാസത്തെയോ, നമ്മുടെ മനസിലുള്ള കാര്യങ്ങൾ തുറന്നുപറയുമ്പോൾ നാം ഭയപ്പെടേണ്ടതില്ലെന്ന് സൂകി പറയുന്നു. എന്നിട്ടും പലപ്പോഴും നമ്മൾ ഇത്തരം ഭയം പ്രകടിപ്പിക്കുന്നു. ആങ് സാൻ സൂകിയുടെ അഭിപ്രായത്തിൽ മാന്യമായ ഒരു മനുഷ്യജീവിതത്തിന് ഇത്തരം ഭയപ്പാടുകളെ അതിജീവിക്കേണ്ടത് അത്യാവശ്യമാണ്.

നെൽസൺ മണ്ടേലയുടെയും ആങ് സാൻ സൂകിയുടെയും പുസ്തകങ്ങളിൽ സ്വാതന്ത്ര്യം എന്ന ആശയത്തിന്റെ കരുത്ത് നമുക്ക് ദർശിക്കുവാൻ സാധിക്കും. നമ്മുടെ ദേശീയസമരത്തിന്റെയും ഏഷ്യയിലെയും ആഫ്രിക്കയിലെയും ജനങ്ങൾ ബ്രിട്ടീഷുകാരുടെയും, ഫ്രഞ്ചുകാരുടെയും, പോർച്ചുഗീസുകാരുടെയും, കോളനിവാഴ്ച്ചക്കെതിരെ നടത്തിയ സന്ധിയില്ലാസമരങ്ങളുടെയും കേന്ദ്രബിന്ദു സ്വാതന്ത്ര്യം എന്ന ഈ ആശയമാണ്.

**നമുക്കിതു ചെയ്യാം**

നിങ്ങളുടെ ഗ്രാമത്തിലോ പട്ടണത്തിലോ ജില്ലയിലോ ഉള്ള ആരെങ്കിലും സ്വന്തം സ്വാതന്ത്ര്യത്തിനു വേണ്ടിയോ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയോ പോരാടിയതായി നിങ്ങൾക്കറിയാമോ? ആ വ്യക്തിയെക്കുറിച്ചും അദ്ദേഹം സ്വാതന്ത്ര്യത്തിന്റെ ഏത് ആശയത്തിനുവേണ്ടിയാണോ സമരം നടത്തിയത് എന്നതിനെ സംബന്ധിച്ചും ഒരു കുറിപ്പ് തയ്യാറാക്കുക.

**സ്വരാജ്**

ഇന്ത്യൻ രാഷ്ട്രീയചിന്തയിൽ സ്വാതന്ത്ര്യം എന്ന ആശയത്തിന് സമാനമായ ഒരു സങ്കല്പമാണ് സ്വരാജ്. സ്വ (സ്വയം) രാജ് (ഭരണം) എന്ന രണ്ട് വാക്കുകളിൽ നിന്നുമാണ് സ്വരാജ് എന്ന ആശയം ഉരുത്തിരിഞ്ഞത്. സ്വയം ഭരണമെന്നും സ്വത്വത്തിന്റ മേലുള്ള ഭരണം എന്നുമാണിതിനർഥം. ഇന്ത്യൻസ്വാതന്ത്ര്യസമരപശ്ചാതലത്തിൽ സ്വാതന്ത്ര്യത്തെ ഒരു രാഷ്ട്രീയവും ഭരണഘടനാപരവുമായ ആവശ്യമായും സാമൂഹ്യ കൂട്ടായ്മ തലത്തിൽ അതിനെ ഒരു മൂല്യമായും കണക്കാക്കി. അതുകൊണ്ടാണ് ഇന്ത്യൻസ്വാതന്ത്ര്യസമരത്തിൽ സ്വരാജ് എന്ന ആശയത്തെ ഒരു പ്രധാന ആഹ്വാനമായിട്ട് തിലകൻ അദ്ദേഹത്തിന്റെ വാക്കുകളിലൂടെ' സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്. ഞാൻ അത് നേടിയെടുക്കും' എന്ന് ഊന്നിപ്പറഞ്ഞത്. ഹിന്ദുസ്വരാജ് എന്ന തന്റെ ഗ്രന്ഥത്തിൽ സ്വരാജിനെ 'അഹ'ത്തിൻ മേലുള്ള ഭരണമായിട്ടാണ് മഹാത്മാഗാന്ധി വിശേഷിപ്പിക്കുന്നത്. ഗാന്ധി പറയുന്നു; "നാം നമ്മെ ഭരിക്കുവാൻ പഠിക്കുമ്പോൾ അതാണ് സ്വരാജ്." സ്വരാജ്യം എന്നാൽ കേവല സ്വാതന്ത്ര്യം മാത്രമല്ല, ഒരു വ്യക്തിയുടെ ആത്മാഭിമാനത്തെയും സ്വന്തം ഉത്തരവാദിത്വത്തേയും സ്വയം സാക്ഷാത്കാരത്തെയും മനുഷ്യത്വരഹിതമായ സ്ഥാപനങ്ങളുടെ പിടിയിൽ നിന്നും മുക്തമാക്കികൊണ്ടുള്ള വിമോചനമാണത്. അതിന് സമുദായത്തോടും സമൂഹത്തോടുമുള്ള ബന്ധത്തെയും തിരിച്ചറിയുക എന്നത് സ്വാതന്ത്ര്യം നേടിയെടുക്കുന്നതിന് നിർണായകമാണ്.

നീതിബോധത്തിലധിഷ്ഠിതമായി വ്യക്തികളെയും അവരുടെ കൂട്ടായ കഴിവുകളെയും സ്വതന്ത്രമാക്കുന്നതായിരിക്കണം നാം പിന്തുടരുന്ന വികസനമെന്ന് ഗാന്ധിജി വിശ്വസിച്ചു. 1909 ൽ ഗാന്ധിജി ഹിന്ദ്സ്വരാജ് എഴുതിയ കാലഘട്ടത്തിലെപ്പോലെ 21-ാം നൂറ്റാണ്ടിലും ഇത്തരം ചിന്തകൾക്ക് പ്രാധാന്യമുണ്ടെന്ന് പറയേണ്ടതില്ലല്ലോ.

## 2.2 എന്താണ് സ്വാതന്ത്ര്യം (What is Freedom?)

എന്താണ് സ്വാതന്ത്ര്യം എന്ന ചോദ്യത്തിനുള്ള ലളിതമായ ഉത്തരം നിയന്ത്രണങ്ങളുടെ അഭാവമാണ്. ഒരു വ്യക്തിയുടെ മേൽ ബാഹ്യമായ നിയന്ത്രണങ്ങൾ ഇല്ലാതിരിക്കുമ്പോൾ സ്വാതന്ത്ര്യം നിലനിൽക്കുന്നു എന്ന് പറയാം. ഈ നിർവ്വചനമനുസരിച്ച് ഒരു വ്യക്തി സ്വതന്ത്രനാണെന്ന് പറയുന്നത് അദ്ദേഹം/അവൾ ബാഹ്യമായ നിയന്ത്രണങ്ങൾക്കോ ബലപ്രയോഗങ്ങൾക്കോ വിധേയനാകാതിരിക്കുകയും അയാൾക്ക്/ അവൾക്ക് സ്വതന്ത്രമായി തീരുമാനങ്ങൾ എടുക്കുവാനും പ്രവർത്തിക്കുവാനും സാധിക്കുകയും ചെയ്യുമ്പോഴാണ്. എന്നിരുന്നാലും നിയന്ത്രണങ്ങളുടെ അഭാവം സ്വാതന്ത്ര്യത്തിന്റെ ഒരു തലം മാത്രമാണ്. സ്വതന്ത്രമായി ആശയപ്രകടനം നടത്തുന്നതും തങ്ങളിൽ അന്തർലീനമായ കഴിവുകളെ വികസിപ്പിക്കുന്നതും സ്വാതന്ത്ര്യമാണ്. ഈ അർഥത്തിൽ ജനങ്ങളുടെ സർഗാത്മകതയും സാധ്യതകളും വികസിപ്പിച്ചെടുക്കുന്നതിനുള്ള സാഹചര്യം കൂടിയാണ് സ്വാതന്ത്ര്യം.

സ്വാതന്ത്ര്യത്തിന്റെ രണ്ടുതലങ്ങളായ, ബാഹ്യമായ നിയന്ത്രണങ്ങളുടെ അഭാവവും ജനങ്ങൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുവാനുള്ള സാഹചര്യവും പ്രധാനപ്പെട്ടതാണ്. കുറഞ്ഞ സാമൂഹ്യനിയന്ത്രണങ്ങൾക്കുവിധേയമായി ഒരു സമൂഹത്തിലെ മുഴുവൻ അംഗങ്ങളെയും അവരുടെ കഴിവുകൾ വികസിപ്പിക്കുവാൻ പ്രാപ്തരാക്കുന്ന സമൂഹമാണ് സ്വതന്ത്രസമൂഹം.

സമൂഹത്തിൽ ജീവിക്കുന്ന ഒരു വ്യക്തിയ്ക്കും ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങളുടെയോ തടസങ്ങളുടെയോ പൂർണമായ അഭാവം അനുഭവിക്കാമെന്ന് പ്രതീക്ഷിക്കുവാൻ സാധ്യമല്ല. അപ്പോൾ നീതീകരിക്കാവുന്നതും അല്ലാത്തതും, സ്വീകരിക്കാവുന്നതും തള്ളിക്കളയേണ്ടതുമായ സാമൂഹ്യനിയന്ത്രണങ്ങളെ

നിശ്ചയിക്കേണ്ടതായി വരുന്നു. ഏത് സാമൂഹ്യനിയന്ത്രണമാണ് ആവശ്യമായി വരുന്നത് എന്ന് മനസിലാക്കുവാൻ വ്യക്തിയും സമൂഹവും (ഗ്രൂപ്പ്, സമുദായം, രാഷ്ട്രം) തമ്മിലുള്ള ബന്ധം നാം പരിശോധിക്കേണ്ടതുണ്ട്. ഒരു വ്യക്തിക്ക് തെരഞ്ഞെടുക്കുവാനും തീരുമാനിക്കുവാനും പ്രവർത്തിക്കുവാനും അനുവാദം നൽകുന്നതും നിഷേധിക്കുന്നതും സമൂഹത്തിന്റെ ഏതൊക്കെ സവിശേഷതകളാണെന്ന് നാം അറിയേണ്ടതുണ്ട്. ഏതെല്ലാം സവിശേഷതകളാണ് അഭിലഷണീയവും, അല്ലാത്തതും, ഏതൊക്കെയാണ് നീക്കം ചെയ്യപ്പെടേണ്ടവ, നിലനിർത്തപ്പെടേണ്ടവ എന്ന് നാം തീരുമാനിക്കണം. ആവശ്യവും അനാവശ്യവുമായ നിയന്ത്രണങ്ങളെ വേർതിരിച്ചറിയുന്നതിന് നാം ഉപയോഗിക്കുന്ന തത്ത്വങ്ങൾ വ്യക്തികളും സംഘങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധങ്ങളിലും ബാധകമാണ് എന്ന് നമ്മൾ അറിയേണ്ടതുണ്ട്.

നിയന്ത്രണത്തിന്റെ അഭാവം എന്ന അർഥത്തിലാണ് സ്വാതന്ത്ര്യത്തെ നാം ഇതുവരെ നിർവ്വചിച്ചത്. സ്വതന്ത്രമായി തെരെഞ്ഞെടുക്കുവാനുള്ള നമ്മുടെ കഴിവിനെ പരിമിതപ്പെടുത്തുന്ന സാമൂഹ്യനിയന്ത്രണങ്ങളെ ലഘൂകരിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുക എന്നതാണ് സ്വതന്ത്രനായിരിക്കുക എന്നതുകൊണ്ട് നാം അർഥമാക്കുന്നത്. എന്നിരുന്നാലും ഇത് സ്വാതന്ത്ര്യത്തിന്റെ ഒരു വശം മാത്രമാണ്. മറ്റൊരുരീതിയിൽ പറഞ്ഞാൽ സ്വാതന്ത്ര്യത്തിന് ഒരു അനുകൂലാത്മക തലവുമുണ്ട്. ഒരു സമൂഹം സ്വതന്ത്രമാകണം എങ്കിൽ വ്യക്തികൾക്കും സംഘങ്ങൾക്കും സമുദായത്തിനും രാഷ്ട്രത്തിനും അവർ ആഗ്രഹിക്കുന്ന രീതിയിൽ അവരുടെ ഭാഗധേയം നിർണയിക്കുവാൻ കഴിയുന്ന തരത്തിൽ അതിന്റെ മേഖലകൾ വിശാലമാകണം. സ്വാതന്ത്ര്യം ഈ അർഥത്തിൽ കായികം, ശാസ്ത്രം, കല, സംഗീതം, പര്യവേഷണം തുടങ്ങിയ മേഖലകളിൽ വ്യക്തികളുടെ സർഗാത്മകതയെയും ഭാവുകത്വത്തെയും, കഴിവുകളെയും പൂർണാർത്ഥത്തിൽ പരിപോഷിപ്പിക്കുന്നു. ഏറ്റവും പരിമിതമായ നിയന്ത്രണങ്ങളിൽ നിന്നുകൊണ്ട് സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കുവാൻ ഓരോ വ്യക്തിയെയും പ്രാപ്തനാക്കുന്ന ഒരു സമൂഹമാണ് സ്വതന്ത്രസമൂഹം. സ്വാതന്ത്ര്യം മൂല്യവത്താണ്, കാരണം അത് തെരെഞ്ഞെടുക്കുവാനും നമ്മുടെ വിധി നിർണയിക്കുവാനും നമ്മെ അനുവദിക്കുന്നു. കൂടാതെ അത് വ്യക്തികളുടെ യുക്തിബോധത്തെയും വിലയിരുത്തലിനെയും വേണ്ടരീതിയിൽ വിനിയോഗിക്കുവാൻ അനുവദിക്കുന്നു.

> **നമുക്ക് ചർച്ച ചെയ്യാം**
>
> ആരെ വിവാഹം കഴിക്കണമെന്ന് തീരുമാനിക്കുന്ന കാര്യത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. ഇക്കാര്യത്തിൽ രക്ഷിതാക്കൾക്ക് യാതൊരു അഭിപ്രായവും ഉണ്ടാവരുത്

### നിയന്ത്രണങ്ങളുടെ ഉറവിടങ്ങൾ (The Sources of Constraints)

വ്യക്തികളുടെ സ്വാതന്ത്ര്യത്തിനുമേലുള്ള നിയന്ത്രണങ്ങൾ മേധാവിത്വത്തിൽ നിന്നോ ബാഹ്യനിയന്ത്രണങ്ങളിൽ നിന്നോ രൂപപ്പെട്ടേക്കാം. അത്തരം നിയന്ത്രണങ്ങൾ ബലപ്രയോഗത്തിലൂടെയോ അല്ലെങ്കിൽ നിയമപരമായ അധികാരങ്ങൾ ഉപയോഗിച്ച് ഗവൺമെന്റുകൾ ഉണ്ടാക്കുന്ന നിയമങ്ങൾ മുഖേനയോ നടപ്പിലാ

**സ്വാതന്ത്ര്യത്തെക്കുറിച്ച് -നേതാജി സുഭാഷ് ചന്ദ്രബോസ്**

നമുക്ക് ഒരു ആദർശവിപ്ലവം സൃഷ്ടിക്കണമെങ്കിൽ നമ്മുടെ ജീവിതത്തിൽ നാം പൂർണമായും സ്വാംശീകരിച്ചിട്ടുള്ള ഒരു ആദർശത്തെ നാം ഉയർത്തിപ്പിടിക്കണം. ആ ആദർശമാണ് സ്വാതന്ത്ര്യം. എന്നാൽ സ്വാതന്ത്ര്യം എന്ന വാക്കിന് വ്യത്യസ്ത വ്യാഖ്യാനങ്ങളുണ്ട്. നമ്മുടെ രാജ്യത്തുപോലും സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വ്യത്യസ്തഘട്ടങ്ങളിലൂടെ പരിണമിച്ചുകൊണ്ടേയിരിക്കുന്നു. സ്വാതന്ത്ര്യം കൊണ്ട് ഞാനർഥമാക്കുന്നത് പരിപൂർണമായ സ്വതന്ത്ര്യമാണ്- വ്യക്തികൾക്കും സമൂഹത്തിനുമുള്ള സ്വാതന്ത്ര്യം, പണക്കാർക്കും പാവപ്പെട്ടവർക്കുമുള്ള സ്വാതന്ത്ര്യം, എല്ലാ വ്യക്തികൾക്കും എല്ലാ വിഭാഗങ്ങൾക്കുമുള്ള സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യം രാഷ്ട്രീയാടിമത്വത്തിൽ നിന്നുള്ള വിമോചനം മാത്രമല്ല സമ്പത്തിന്റെ തുല്യമായ വിതരണവും, ജാതിവിലക്കുകളും സാമൂഹ്യാസമത്വങ്ങളും ഇല്ലാതാക്കൽ, വർഗീയതയെയും മതപരമായ അസഹിഷ്ണുതയെയും നിർമാർജനം ചെയ്യൽ എന്നിവ കൂടിയാണ്. കഠിനഹൃദയരായ സ്ത്രീപുരുഷൻമാർക്ക് ഈ ഒരാശയം ഉട്ടോപ്യനാണെന്ന് തോന്നാമെങ്കിലും ഇതിനു മാത്രമാണ് ആത്മാവിന്റെ ചോദനയെ ജ്വലിപ്പിക്കുവാൻ കഴിയുന്നത്.

*(1929- ഒക്ടോബർ 19 ന് ലാഹോറിൽ വെച്ചു നടന്ന വിദ്യാർഥി സമ്മേളനത്തിലെ അധ്യക്ഷ പ്രസംഗം)*

ക്കാവുന്നതാണ്. കൊളോണിയൽ ഭരണാധികാരികൾ അവർ കീഴടക്കിയ പ്രദേശങ്ങളിലെ ജനങ്ങൾക്കുമേൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ, ദക്ഷിണാഫ്രിക്കയിൽ നിലനിന്നിരുന്ന വർണവിവേചനം തുടങ്ങിയവ ഇത്തരം നിയന്ത്രണങ്ങൾക്ക് ഉദാഹരണങ്ങളായിരുന്നു. ഏതെങ്കിലും രീതിയിലുള്ള ഒരു ഗവൺമെന്റ് അനിവാര്യമാണ്. എന്നാൽ അതൊരു ജനാധിപത്യഗവൺമെന്റാവുകയാണെങ്കിൽ രാഷ്ട്രത്തിലെ ജനതയ്ക്ക് തങ്ങളുടെ ഭരണാധികാരികളുടെ മേൽ ചില നിയന്ത്രണങ്ങൾ നിലനിർത്തുവാൻ സാധിക്കും. അതുകൊണ്ട്, ജനങ്ങളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് ജനാധിപത്യഗവൺമെന്റാണെന്ന് കരുതപ്പെടുന്നു.

ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായിട്ടുള്ള സാമൂഹ്യ അസമത്വങ്ങൾ, ഒരു സമൂഹത്തിലെ കടുത്ത സാമ്പത്തിക അസമത്വം എന്നിവയുടെ ഫലമായി സ്വാതന്ത്ര്യത്തിനുള്ള നിയന്ത്രണങ്ങൾ ഉയർന്നുവരാം. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സുഭാഷ് ചന്ദ്രബോസിന്റെ ഉദ്ധരണികൾ അത്തരം നിയന്ത്രണങ്ങൾ ഇല്ലാതാക്കുന്നതിനു വേണ്ടി രാജ്യം പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### എന്തുകൊണ്ടാണ് നമുക്ക് നിയന്ത്രണങ്ങൾ ആവശ്യമായി വരുന്നത്? (WHY DO WE NEED CONSTRAINTS?)

നിയന്ത്രണങ്ങളില്ലാത്ത ഒരു ലോകത്ത് നമുക്ക് ജീവിക്കുക അസാധ്യമാണ്. നമുക്ക് ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. കാരണം, നിയന്ത്രണങ്ങളില്ലെങ്കിൽ സമൂഹത്തിൽ കലഹങ്ങളുണ്ടാവും.ആശയഭിന്നതകളോ അഭിപ്രായവ്യത്യാസങ്ങളോ ജനങ്ങൾ തമ്മിൽ ഉടലെടുത്തേക്കാം, അവരുടെ ആഗ്രഹങ്ങൾ പരസ്പരം ഏറ്റുമുട്ടിയേക്കാം, ദുർലഭമായ വിഭവങ്ങൾ കൈവശപ്പെടുത്തുന്നതിന് അവർ പരസ്പരം മത്സരിച്ചേക്കാം, സമൂഹത്തിൽ വിയോജിപ്പുകൾ ഉടലെടുക്കുന്നതിന്

ഇത്തരത്തിൽ നിരവധി കാരണങ്ങളുണ്ട്. ചില വിയോജിപ്പുകൾ തുറന്ന സംഘട്ടനത്തിലേക്ക് വരെ നയിച്ചേക്കാം. വിവിധ കാരണങ്ങളുടെ പേരിൽ പരസ്പരം സംഘർഷത്തിലേക്ക് നീങ്ങുന്ന ആളുകളെ നമുക്കു ചുറ്റും കാണാം. സംഘർഷങ്ങൾക്കുള്ള കാരണം ചിലപ്പോൾ ഗൗരവമുള്ളതോ അല്ലെങ്കിൽ നിസ്സാരമോ ആകാം. റോഡിൽ വാഹനം ഓടിക്കുന്നതിന്റെ പേരിലോ, പാർക്കിംഗ് സ്ഥലത്തിന്റെ പേരിലോ, വീടിന്റെയോ സ്ഥലത്തിന്റെയോ പേരിലോ, ഒരു പ്രത്യേക സിനിമ പ്രദർശിപ്പിക്കുന്നതിന്റെ പേരിലോ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രശ്നത്തിന്റെ പേരിലോ തർക്കങ്ങൾക്കും അതിക്രമങ്ങൾക്കും അതുവഴി ജീവൻ തന്നെ നഷ്ടപ്പെടുന്നതിലേക്കും വഴി വെച്ചേക്കാം. അതുകൊണ്ട് അക്രമങ്ങൾ നിയന്ത്രിക്കുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും ഓരോ സമൂഹത്തിനും ചില സംവിധാനങ്ങൾ ആവശ്യമാണ്. മറ്റുള്ളവരുടെ അഭിപ്രായങ്ങളെ അംഗീകരിക്കുകയും നമ്മുടെ അഭിപ്രായങ്ങളെ മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കാതിരിക്കുകയും ചെയ്താൽ നമുക്ക് സ്വതന്ത്രമായും കുറഞ്ഞ നിയന്ത്രണങ്ങളോടെയും ജീവിക്കുവാൻ സാധിക്കും. ആദർശപരമായി ഒരു സ്വതന്ത്രസമൂഹത്തിൽ നമുക്ക് നമ്മുടെ അഭിപ്രായങ്ങൾ ഉയർത്തിപ്പിടിക്കുവാനും നമ്മുടെ ജീവിതരീതികൾ വികസിപ്പിക്കുവാനും നമ്മുടെ താൽപര്യങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കുവാനും കഴിയണം.

എന്നാൽ അത്തരമൊരു സമൂഹത്തിന്റെ സൃഷ്ടിക്കും ചില നിയന്ത്രണങ്ങൾ വേണം. ഏറ്റവും ചുരുങ്ങിയത് നാം വ്യത്യസ്തവീക്ഷണങ്ങളെയും അഭിപ്രായങ്ങളെയും വിശ്വാസങ്ങളെയും ബഹുമാനിക്കുവാൻ തയാറാവണം. എന്നിരുന്നാലും ചിലപ്പോൾ നമ്മുടെ വിശ്വാസങ്ങളോട് ശക്തമായ പ്രതിബദ്ധത വെച്ചു പുലർത്തുവാൻ നമ്മുടേതിൽ നിന്ന് വ്യത്യസ്തമായതോ വിരുദ്ധമായതോ ആയ വീക്ഷണങ്ങളെ എതിർക്കേണ്ടതാണെന്ന് നാം കരുതുന്നു. അവരുടെ വീക്ഷണ

### ഉദാരവാദം(liberalism)

ഒരാളുടെ രക്ഷിതാക്കൾ വളരെ ഉദാരമനസ്കരാണെന്ന് നാം പറയുമ്പോൾ അതുകൊണ്ടർഥമാക്കുന്നത് അവർ വളരെ സഹിഷ്ണതുയുള്ളവരാണെന്നാണ്. ഒരു രാഷ്ട്രീയപ്രത്യയശാസ്ത്രം എന്ന നിലയിൽ ഉദാരവാദം സഹിഷ്ണുതയെ ഉന്നതമൂല്യമായി കാണുന്നു. ഒരാളുടെ അഭിപ്രായങ്ങളോടും വിശ്വാസങ്ങളോടും വിയോജിക്കുമ്പോൾ പോലും അത് പ്രകടിപ്പിക്കാനുള്ള അവരുടെ അവകാശത്തെ ഉദാരവാദികൾ സംരക്ഷിക്കുന്നു. സഹിഷ്ണുതയെ പിന്തുണക്കുന്ന ഏക ആധുനിക പ്രത്യയശാസ്ത്രമല്ല ഉദാരവാദം.

ആധുനിക ഉദാരവാദത്തെ വ്യതിരിക്തമാക്കുന്നത് അത് വ്യക്തിസ്വാതന്ത്ര്യത്തിനു നൽകുന്ന പ്രാമുഖ്യമാണ്. ഉദാരവാദികളെ സംബന്ധിച്ചിടത്തോളം കുടുംബം, സമൂഹം, സമുദായം എന്നിവക്ക് തനതായ മൂല്യങ്ങൾ ഒന്നും തന്നെയില്ല. നേരെമറിച്ച് അവയുടെ മൂല്യം അളക്കുന്നത് വ്യക്തികളിലൂടെയാണ്; ഉദാഹരണത്തിന് ഉദാരവാദികളുടെ അഭിപ്രായത്തിൽ ആരെ വിവാഹം കഴിക്കണമെന്നുള്ള തീരുമാനമെടുക്കുവാനുള്ള അധികാരം വ്യക്തികൾക്കായിരിക്കണം അല്ലാതെ കുടുംബം, ജാതി, സമുദായം എന്നിവയ്ക്കാകരുത്. സമത്വം എന്ന മൂല്യത്തിനേക്കാൾ ഉദാരവാദികൾ പ്രധാന്യം നൽകുന്നത് വ്യക്തിസ്വാതന്ത്ര്യത്തിനാണ്. ഉദാരവാദികൾ രാഷ്ട്രീയാധികാരത്തെ സംശയദൃഷ്ടിയോടെയാണ് കാണുന്നത്.

ചരിത്രപരമായി ഉദാരവാദം സ്വതന്ത്രകമ്പോളത്തെയും രാഷ്ട്രത്തിന്റെ ചുരുങ്ങിയ പ്രവർത്തനത്തെയുമാണ് അനുകൂലിക്കുന്നത്. എങ്കിലും ഇന്നത്തെ ഉദാരവാദം രാഷ്ട്രത്തിന്റെ ക്ഷേമരാഷ്ട്രസങ്കൽപ്പത്തെ വകവെച്ചു കൊടുക്കുകയും സാമൂഹ്യ സാമ്പത്തിക അസമത്വങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതിന്റെ ആവശ്യകതയെ അംഗീകരിക്കുകയും ചെയ്യുന്നു.

ങ്ങളെയും ജീവിതരീതികളെയും അസ്വീകാര്യമോ, അനഭിലഷണീയമോ ആയി നാം കാണുന്നു. അത്തരമൊരു സാഹചര്യത്തിൽ ചില നിയമപരമോ രാഷ്ട്രീയമോ ആയ നിയന്ത്രണങ്ങൾ നമുക്ക് ആവശ്യമാണ്. ഒരു വിഭാഗത്തിന്റെ വീക്ഷണങ്ങളെ മറ്റൊരു വിഭാഗത്തിന് മേൽ നിർബന്ധപൂർവം അടിച്ചേൽപ്പിക്കാതെ ചർച്ചയിലൂടെയോ, സംവാദങ്ങളിലൂടെയോ പരിഹരിക്കുന്നതിന് ഈ നിയന്ത്രണങ്ങൾ അനിവാര്യമാണ്. ചിലപ്പോൾ നമ്മെ ഭീഷണിപ്പെടുത്തിയോ പീഡിപ്പിച്ചോ അവരുടെ താൽപര്യങ്ങൾ നമ്മളിൽ അടിച്ചേൽപ്പിക്കുവാൻ ശ്രമം നടന്നേക്കാം. അത്തരമൊരു സാഹചര്യത്തിൽ നമ്മുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് ശക്തമായ നിയമത്തിന്റെ പിന്തുണ നമുക്ക് ആവശ്യമാണ്.

സ്വാതന്ത്ര്യത്തിൻമേലുള്ള നിയന്ത്രണങ്ങളിൽ ആവശ്യമായതും നീതീകരിക്കാവുന്നതും അല്ലാത്തതുമായത് ഏതെന്ന് കണ്ടെത്തുകയാണ് പ്രധാന പ്രശ്നം. ഒരു വ്യക്തി എന്ത് ചെയ്യണമെന്നും എന്ത് ചെയ്യരുതെന്നും നിശ്ചയിക്കുവാൻ ആ വ്യക്തിക്ക് ഉപരിയായുള്ള അധികാരകേന്ദ്രം ഏതാണ്? ബാഹ്യമായ എല്ലാ നിയന്ത്രണങ്ങളിൽ നിന്നും മുക്തമായ ഏതെങ്കിലും മേഖലകൾ നമ്മുടെ ജീവിതത്തിലും പ്രവൃത്തിയിലും ഉണ്ടോ?

## 2.4 ഹാനിതത്വം (Harm Principle)

സ്വാതന്ത്ര്യത്തിന്റെ പരിമിതികൾ, മത്സരക്ഷമത, നിയന്ത്രണം ചുമത്തുമ്പോഴുണ്ടാകുന്ന പ്രത്യാഘാതങ്ങൾ തുടങ്ങിയ പ്രശ്നങ്ങളെ നാം അഭിമുഖീകരിക്കുമ്പോൾ മാത്രമെ മുകളിൽ സൂചിപ്പിച്ച ചോദ്യങ്ങൾക്ക് തൃപ്തികരമായി ഉത്തരം നൽകുവാൻ നമുക്ക് സാധിക്കുകയുള്ളൂ. സ്വാതന്ത്ര്യത്തെപ്പറ്റി ('On Liberty') എന്ന പ്രബന്ധത്തിൽ ജെ.എസ്. മിൽ ഇതുമായി ബന്ധപ്പെട്ടു നടത്തിയ നിരീക്ഷണങ്ങളും നാം പരിശോധിക്കേണ്ടതുണ്ട്. രാഷ്ട്രീയസിദ്ധാന്തത്തിന്റെ ചർച്ചയിൽ ഹാനിതത്വം ('Harm Principle') എന്നാണ് ഈ നിരീക്ഷണങ്ങൾ അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾ പരിശോധിച്ചതിനു ശേഷം അതിന്റെ വിശദീകരണത്തിലേക്ക് കടക്കാം.



അയാൾ എന്തുകൊണ്ട് 'മനുഷ്യകുലത്തെ' കുറിച്ച് സംസാരിക്കുന്നു? അപ്പോൾ സ്ത്രീകളോ?

*"മാനവരാശി ഒറ്റയ്ക്കോ, കൂട്ടായോ, മറ്റൊരു വ്യക്തിയുടെ പ്രവർത്തനസ്വാതന്ത്ര്യത്തിൽ ഇടപെടുന്നുണ്ടെങ്കിൽ അതിന്റെ ഒരേയൊരു ലക്ഷ്യം ആത്മരക്ഷയായിരിക്കണം. ഒരു പരിഷ്കൃതസമൂഹത്തിലെ ഏതെങ്കിലുമൊരംഗത്തിനുമേൽ അയാളുടെ ഇച്ഛയ്ക്കെതിരായി അധികാരം പ്രയോഗിക്കുന്നെങ്കിൽ അതിന്റെ ലക്ഷ്യം മറ്റുള്ളവർക്കു ഹാനി (ബുദ്ധിമുട്ട്/നാശം) ഉണ്ടാക്കുന്നത് തടയുന്നതിനായിരിക്കണം."*

സ്വസംബന്ധിയായ പ്രവൃത്തികളും (Self regarding actions) അപരസംബന്ധിയായ പ്രവൃത്തികളും (Other regarding action) തമ്മിലുള്ള വ്യത്യാസം ജെ.എസ്. മിൽ ഇവിടെ ഉദ്ധരിക്കുന്നു. ഒരാളുടെ പ്രവർത്തിയുടെ പ്രത്യാഘാതങ്ങൾ മറ്റുള്ളവരെ ബാധിക്കാതെ അയാളെ മാത്രം ബാധിക്കുന്നതാണെങ്കിൽ അത്തരം പ്രവൃത്തികളാണ് സ്വസംബന്ധിയായ പ്രവൃത്തികൾ. എന്നാൽ ഒരാളുടെ പ്രവൃത്തികളുടെ പ്രത്യാഘാതങ്ങൾ മറ്റുള്ളവരെ ബാധിക്കുന്നുണ്ടെങ്കിൽ അത്ത

രം പ്രവൃത്തികളാണ് അപരസംബന്ധിയായ പ്രവൃത്തികൾ. ഒരു വ്യക്തിയുടെ സ്വത്വത്തിനെയോ സ്വസംബന്ധിയായ പ്രവർത്തനങ്ങളെയോ ബാധിക്കുന്ന കാര്യങ്ങളിൽ ഇടപെടുവാൻ രാഷ്ട്രത്തിനോ മറ്റേതെങ്കിലും ബാഹ്യശക്തികൾക്കോ അധികാരമില്ലെന്ന് മിൽ വാദിക്കുന്നു. അല്ലെങ്കിൽ  ലളിതമായ ഭാഷയിൽ പറഞ്ഞാൽ 'അതെന്റെ കാര്യമാണ്, എനിക്ക് ഇഷ്ടമുള്ളതുപോലെ  ഞാനിതുചെയ്യും.' 'ഇത് നിന്നെ ബാധിക്കുന്നില്ലെങ്കിൽ പിന്നെ അതിനെകുറിച്ച് ആശങ്കപ്പെടുന്നതെന്തിന്'. നേരെമറിച്ച്, മറ്റുള്ളവർക്ക് പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന പ്രവൃത്തിയോ ഹാനികരമാവുന്ന പ്രവൃത്തിയോ ആണ് നാം ചെയ്യുന്നതെങ്കിൽ ബാഹ്യശക്തികളുടെ ഇടപെടലിന് അത് അവസരമൊരുക്കുന്നു. ചുരുക്കത്തിൽ മറ്റുള്ളവരുടെ പ്രവൃത്തിമൂലം നമുക്ക് ഹാനി ഉണ്ടാവുകയാണെങ്കിൽ തീർച്ചയായും ഒരു ബാഹ്യശക്തി അത്തരം പ്രവൃത്തിയിൽ നിന്ന് നമ്മെ സംരക്ഷിച്ചിരിക്കണം. മറ്റുള്ളവർക്ക് ഹാനികരമാകുന്ന തരത്തിലുള്ള ഒരു വ്യക്തിയുടെ പ്രവർത്തനത്തെ തടയേണ്ടത് രാഷ്ട്രമാണ്.

എന്നിരുന്നാലും അന്തസുള്ള ഒരു മനുഷ്യജീവിതത്തിന് അവശ്യം വേണ്ടതും മനുഷ്യസമൂഹത്തിന്റെ  അടിസ്ഥാനവുമായ സ്വാതന്ത്ര്യത്തിന് പ്രത്യേക സാഹചര്യങ്ങളിൽ മാത്രമേ നിയന്ത്രണം ഏർപ്പെടുത്താവൂ. ഒരാളുടെ പ്രവൃത്തിമൂലമുണ്ടാകുന്ന ഹാനി ഗുരുതരമാണെങ്കിൽ നിയന്ത്രണം ഏർപ്പെടുത്തണം. എന്നാൽ ഹാനി നിസ്സാരമാണെങ്കിൽ നിയമപരമായ ഇടപെടൽ ആവശ്യമില്ലെന്നും അതിന് സാമൂഹ്യമായ നിരാകരണം മതിയെന്നുമാണ് മിൽ നിർദേശിക്കുന്നത്. ഉദാഹരണമായി, ഒരു അപ്പാർട്ട്മെന്റിൽ ഉച്ചത്തിലൊരാൾ പാട്ടുവെച്ചാൽ പോലീസിനെ അറിയിക്കേണ്ട ആവശ്യമില്ല പകരം അപ്പാർട്ട്മെന്റിലെ മറ്റു താമസക്കാർ അതിനെതിരെ പ്രതികരിച്ചാൽ മതി. ഉച്ചത്തിൽ പാട്ടു വെച്ചതുമൂലം അവർക്കുണ്ടായ അസൗകര്യങ്ങളെപ്പറ്റി അവർക്ക് പ്രതികരിക്കാം. തങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെ പരിഗണിച്ചു കൊണ്ട് ഉച്ചത്തിൽ പാട്ടു വെക്കുന്ന വ്യക്തിയെ അവർക്ക് അവഗണിക്കാം. ഉച്ചത്തിൽ പാട്ടുവെക്കുന്നതുമൂലം അപ്പാർട്ടുമെന്റിലെ മറ്റുള്ളവർക്ക് സംസാരിക്കുന്നതിനും, ഉറങ്ങുന്നതിനും, സ്വന്തമായി പാട്ടു കേൾക്കുന്നതിനുമാണ് തടസമുണ്ടാക്കുക. ഇത് ചെറിയ ഉപദ്രവങ്ങളാണ്, നിയമപരമായ ശിക്ഷ അതിനാവശ്യമില്ല. സാമൂഹ്യമായ അവഗണനകൾ മാത്രം മതി. എന്നാൽ ഒരു വ്യക്തിയുടെ അപര സംബന്ധിയായ പ്രവൃത്തിയുടെ ഫലം ഒരു നിശ്ചിതവിഭാഗം വ്യക്തികൾക്ക് ഗുരുതരമായ ദോഷം വരുത്തുകയാണെങ്കിൽ നിയമപരമായ നിയന്ത്രണങ്ങൾ ആവാം. അല്ലാത്തപക്ഷം സ്വാതന്ത്ര്യസംരക്ഷണത്തിനു വേണ്ടി ഈ അസൗകര്യങ്ങൾ സമൂഹം  സഹിക്കണം.

മറ്റുള്ളവർക്ക് ദോഷകരമല്ലാത്തിടത്തോളം ജനങ്ങൾ വ്യത്യസ്ത ജീവിതരീതികളോടും വ്യത്യസ്ത വീക്ഷണങ്ങളോടും വ്യത്യസ്ത താൽപര്യങ്ങളോടും സഹിഷ്ണുത കാണിക്കുവാൻ തയ്യാറാവണം. എന്നാൽ, ജനങ്ങളെ അപകടത്തിലാക്കുന്ന. അവർക്കിടയിൽ വെറുപ്പു വളർത്തുന്ന വീക്ഷണങ്ങളോടും പ്രവൃത്തികളോടും സഹിഷ്ണുത പുലർത്തേണ്ട കാര്യമില്ല. വെറുപ്പുണ്ടാക്കുന്ന പ്രചാരണങ്ങൾ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിന് ഹാനികരമാകുന്നു.  മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിന് ഹാനികരമാകുന്ന പ്രചാരണങ്ങളെ വെറുക്കുകയും അത്തരം



**നമുക്ക് ചിന്തിക്കാം**

വസ്ത്രധാരണരീതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ഏത് വസ്ത്രം ധരിക്കണം എന്ന് തീരുമാനിക്കുന്നത് ഒരാളുടെ സ്വാതന്ത്ര്യത്തിന്റെ പ്രകടനമാണെങ്കിൽ വസ്ത്രധാരണത്തിന് നിയന്ത്രണമേർപ്പെടുത്തുന്ന താഴെക്കൊടുത്ത സാഹചര്യങ്ങളെ നമ്മൾ എങ്ങനെയാണ് നോക്കിക്കാണേണ്ടത്?

- സമത്വത്തിന്റെ ആവിഷ്കാരം എന്ന വാദത്തിന്റെ അടിസ്ഥാനത്തിൽ ചൈനയിൽ, മാവോയുടെ ഭരണകാലത്ത് എല്ലാവരും മാവോ സ്യൂട്ടുകൾ ധരിക്കേണ്ടതുണ്ടായിരുന്നു.
- സ്ത്രീകൾക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വസ്ത്രധാരണരീതിയിൽ നിന്ന് വ്യത്യസ്തമാണ് എന്ന കാരണത്താൽ, സാനിയാ മിർസയുടെ വസ്ത്രധാരണരീതിക്കെതിരായി ഒരു മതപുരോഹിതൻ ഫത്വ പുറപ്പെടുവിക്കുകയുണ്ടായി.
- ടെസ്റ്റ് ക്രിക്കറ്റ് മൽസരത്തിലെ നിയമം എല്ലാ കളിക്കാരും വെള്ള വസ്ത്രം ധരിക്കണമെന്ന് നിഷ്കർഷിക്കുന്നു.
- വിദ്യാർത്ഥികൾ സ്കൂൾ യൂണിഫോം ധരിക്കേണ്ടതുണ്ട്.

**ചില ചോദ്യങ്ങൾ നമുക്ക് ചർച്ചചെയ്യാം.**

- വസ്ത്രധാരണത്തിൽ നിയന്ത്രണങ്ങളേർപ്പെടുത്തുന്നത് എല്ലായ്പ്പോഴും നീതീകരിക്കപ്പെടുന്നുണ്ടോ? അതോ ചില അവസരങ്ങളിൽ മാത്രമോ? എപ്പോഴാണത് സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നത്.
- ആർക്കാണ് ഇത്തരം നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുവാനുള്ള അധികാരം? വസ്ത്രധാരണരീതിയിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ മതനേതാക്കൾക്ക് അധികാരം നൽകേണ്ടതുണ്ടോ? ഒരാൾ എന്തു ധരിക്കണമെന്ന് രാഷ്ട്രത്തിനു തീരുമാനിക്കുവാൻ സാധിക്കുമോ? ക്രിക്കറ്റ് കളിക്കുമ്പോൾ കളിക്കാർ എന്ത് വസ്ത്രം ധരിക്കണമെന്നതിനുള്ള നിയമം ഉണ്ടാക്കുവാൻ അന്താരാഷ്ട്രക്രിക്കറ്റ്സമിതിക്ക് അധികാരമുണ്ടോ?
- ഈ അടിച്ചേൽപ്പിക്കൽ അമിതമാണോ? സ്വയം ആവിഷ്കരിക്കുന്നതിനുള്ള വ്യക്തികളുടെ വ്യത്യസ്തരീതികളെ അത് പരിമിതപ്പെടുത്തുന്നുണ്ടോ?
- ഈ അടിച്ചേൽപ്പിക്കലുകൾ സ്വീകരിക്കപ്പെടുന്നതിന്റെ അനന്തരഫലങ്ങൾ എന്തൊക്കെയാണ്? മാവോയുടെ ചൈനയിലെ പോലെ എല്ലാവരും ഒരേ വസ്ത്രം ധരിച്ചാൽ സമൂഹത്തിൽ സമത്വമുണ്ടാകുമോ? കായികമൽസരങ്ങളിൽ ഫലപ്രദമായി മത്സരിക്കുവാൻ കഴിയുന്ന തരത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുവാൻ കഴിയാത്തതിനാൽ, മൽസരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അവസരം സ്ത്രീകൾക്ക് നിഷേധിക്കപ്പെടുന്നുണ്ടോ?

പ്രവൃത്തികളുടെ മേൽ നിയന്ത്രണങ്ങൾ ചുമത്തപ്പെടുകയും ചെയ്യണം. നമ്മൾ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ സ്വാതന്ത്ര്യത്തെത്തന്നെ നശിപ്പിക്കുന്ന തരത്തിലേക്ക് പോകുന്നില്ല എന്ന് നാം ഉറപ്പുവരുത്തണം. ഉദാഹരണമായി, ഒരാൾ വിദ്വേഷമുണ്ടാക്കുന്ന തരത്തിൽ പ്രചാരണം നടത്തിയാൽ അതിന്റെ പേരിൽ അയാളെ ജീവപര്യന്തം തടവിന് ശിക്ഷിക്കണമെന്ന് ആവശ്യപ്പെടാൻ പാടില്ല. എന്നാൽ ഇത്തരം പ്രവർത്തനങ്ങളിൽ നിന്ന് മാറി നിൽക്കണമെന്ന ഭരണകൂടത്തിന്റെ താക്കീത് അവഗണിച്ചുകൊണ്ട് അയാൾ പ്രവർത്തനം തുടരുകയാണെങ്കിൽ അയാളുടെ സഞ്ചാരസ്വാതന്ത്ര്യം നിയന്ത്രിക്കുകയോ, പൊതുയോഗങ്ങൾ ചേരാനുള്ള അയാളുടെ അവകാശത്തിൽ അൽപം നിയന്ത്രണം വരുത്തുകയോ ചെയ്യാം.

ഇത്തരം നീതീകരിക്കുവാൻ പറ്റുന്ന നിയന്ത്രണങ്ങൾക്ക് "യുക്തിപരമായ നിയന്ത്രണങ്ങൾ" എന്നാണ് ഭരണഘടനയുമായി ബന്ധപ്പെട്ട ചർച്ചയിൽ ഉപയോഗി

ക്കുന്ന പദം. നിയന്ത്രണങ്ങളാവാം, പക്ഷേ, അവ നിർബന്ധമായും യുക്തി സഹമായിരിക്കണം. അതായത് അതിനെ യുക്തികൊണ്ട് പ്രതിരോധിക്കുവാൻ കഴിയുന്ന വിധത്തിലാവണം. എന്നാൽ അത് സമൂഹത്തിലെ സ്വാതന്ത്ര്യത്തിന്റെ പൊതു സ്വഭാവത്തെ ബാധിക്കുന്ന രീതിയിൽ അമിതമാകാനോ നിയന്ത്രിക്കേണ്ടുന്ന പ്രവർത്തനത്തിനു അനുപാതരഹിതമാകാനോ പാടില്ല. സ്വാതന്ത്ര്യത്തിനുമേൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുന്നത് ഒരു ശീലമാക്കി മാറ്ററുത്. അങ്ങനെ മാറ്റിയാൽ അത് സ്വാതന്ത്ര്യത്തിനുതന്നെ ഹാനികരമാവും.

## 2.5 നിഷേധാത്മകസ്വാതന്ത്ര്യവും ക്രിയാത്മകസ്വാതന്ത്ര്യവും (NEGATIVE AND POSITIVE LIBERTY)

ഈ അധ്യായത്തിന്റെ ആദ്യഭാഗത്ത് സ്വാതന്ത്ര്യത്തിന്റെ രണ്ടു തലങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരുന്നല്ലോ. ബാഹ്യനിയന്ത്രണങ്ങളുടെ അഭാവത്തിലുള്ള സ്വാതന്ത്ര്യവും, വ്യക്തിത്വവികസനത്തിനുള്ള അവസരങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യവും. രാഷ്ട്രീയസിദ്ധാന്തത്തിൽ സ്വാതന്ത്ര്യത്തിന്റെ ഈ തലങ്ങളെ നിഷേധാത്മകസ്വാതന്ത്ര്യം എന്നും ക്രിയാത്മകസ്വാതന്ത്ര്യമെന്നുമാണ് പറയുന്നത്. ഒരു വ്യക്തിക്ക് ഇഷ്ടമുള്ളതെന്തും ചെയ്യാനും എന്തും ആയിത്തീരുവാനുമുള്ള അലംഘനീയമായ ഒരു മേഖലയെ നിർവചിക്കുവാനും പ്രതിരോധിക്കുവാനുമാണ് നിഷേധാത്മകസ്വാതന്ത്ര്യം ശ്രമിക്കുന്നത്. ബാഹ്യമായ ഇടപെടലുകളില്ലാത്ത ഈ മേഖല ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം പവിത്രമാണ്. ഈ മേഖലയിൽ ഒരു വ്യക്തി ചെയ്യുന്ന പ്രവർത്തനത്തെ തടസപ്പെടുത്തുവാൻ പാടില്ല. ഇത്തരം ഒരു മേഖല നിലനിൽക്കുക എന്നത് മനുഷ്യപ്രകൃതത്തെയും അന്തസിനെയും അംഗീകരിക്കാൻ ആവശ്യമാണ്. ഈ മേഖല അയാൾക്ക് ഇടപെടലുകളില്ലാതെ പ്രവർത്തിക്കുവാൻ കഴിയുന്ന മേഖലയായിരിക്കും. ഈ മേഖലയുടെ വലിപ്പം കൂടുന്തോറും സ്വാതന്ത്ര്യവും കൂടുന്നു. ഈ കാര്യം വളരെക്കാലമായി ചർച്ചചെയ്യപ്പെടുന്നതാണ്. ആ ചർച്ചകൾ ഇനിയും തുടരുകതന്നെ ചെയ്യും.

നിഷേധാത്മകസ്വാതന്ത്ര്യത്തിന്റെ വക്താക്കൾ വാദിക്കുന്നത് അലംഘനീയവും ഇടപെടലുകളുമില്ലാത്ത ഒരു മേഖല ഓരോ വ്യക്തിക്കും ആവശ്യമാണെന്നാണ്. ഈ മേഖല വളരെ ചുരുങ്ങിയതാണെങ്കിൽ മനുഷ്യന്റെ അന്തസ്സ് അതുമായി പൊരുത്തപ്പെടേണ്ടി വരും. നമുക്ക് ഇവിടെ ഒരു ചോദ്യം ഉന്നയിക്കാനുണ്ട്. സ്കൂൾ, കളിക്കളം, ഓഫീസ് എന്നിവിടങ്ങളിൽ ഉപയോഗിക്കേണ്ട വസ്ത്രത്തിന്റെ തെരെഞ്ഞെടുപ്പിനെക്കുറിച്ചാണ് ഈ ചോദ്യം. ഇത് ഒരു ചുരുങ്ങിയ മേഖലയുമായി ബന്ധപ്പെട്ടതായതിനാൽ ഇതിൽ ബാഹ്യശക്തികൾക്ക് ഇടപെടാൻ പാടില്ലെന്നാണോ? അതല്ലെങ്കിൽ രാഷ്ട്രം, മതാധികാരികൾ, ഐ.സി.സി. (ICC) അല്ലെങ്കിൽ സി.ബി.എസ്.ഇ (CBSE) തുടങ്ങിയവയ്ക്ക് ഇടപെടാൻ പറ്റുമോ? ഏതുമേഖലയിലാണ് ഞാൻ യജമാനനായിരിക്കുക എന്ന ചോദ്യത്തിനുള്ള വിശദീകരണമായിട്ടാണ് നിഷേധാത്മകസ്വാതന്ത്ര്യത്തിന്റെ വാദങ്ങൾ ഉയരുന്നത്. ഇത് എന്തിൽ നിന്നുള്ള സ്വാതന്ത്ര്യം എന്ന ആശയത്തിന്റെ വിശദീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഇതിന് വിപരീതമായി, ക്രിയാത്മകസ്വാതന്ത്ര്യം കൂടുതൽ ശ്രദ്ധകൊടുക്കുന്നത് "എന്തിനുവേണ്ടിയുള്ള സ്വാതന്ത്ര്യം" എന്ന ആശയം വിശദീകരിക്കുന്നതിനാണ്. ക്രിയാത്മകസ്വാതന്ത്ര്യത്തിന്റെ വക്താക്കൾ 'എന്നെ ആരാണ് ഭരിക്കുന്നത്?' എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് നൽകുന്ന്ത്. അതിനുള്ള ആദർശപരമായ ഉത്തരം 'ഞാൻ തന്നെയാണ് എന്നെ ഭരിക്കുന്നത്' എന്നതാണ്. ക്രിയാത്മകസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് നീണ്ട പാരമ്പര്യമുണ്ട്. അത് റൂസോ, ഹെഗൽ, മാർക്സ്, ഗാന്ധി, അരവിന്ദഘോഷ് എന്നിവരിലേക്കും അവരിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട ചിന്തകരിലേക്കും നീളുന്നു. വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തിന്റെ അവസ്ഥയും സ്വഭാവവും, അതിലൂടെ മനുഷ്യന്റെ വ്യക്തിവികാസത്തിൻ മേലുള്ള തടസങ്ങൾ കുറച്ചു കൊണ്ടുവന്ന് ഈ ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള സാഹചര്യവും സംബന്ധിച്ചാണ് ക്രിയാത്മകസ്വാതന്ത്ര്യത്തിന്റെ വക്താക്കൾ ചിന്തിക്കുന്നത്. വ്യക്തി ഒരു വിടരുന്ന പുഷ്പം പോലെയാണ്. ഫലഭൂയിഷ്ഠമായ മണ്ണും മതിയായ സൂര്യപ്രകാശവും ആവശ്യമായ വെള്ളവും കൃത്യമായ പരിചരണവും ഉണ്ടെങ്കിൽ മാത്രമെ ആ പുഷ്പം വിടരുകയുള്ളൂ.

ഒരു വ്യക്തിക്ക് തന്റെ കഴിവുകൾ വികസിപ്പിക്കണമെങ്കിൽ ഭൗതികവും രാഷ്ട്രീയവും സാമൂഹ്യവുമായ അനുകൂലസാഹചര്യങ്ങൾ ആവശ്യമാണ്. അതായത് ദാരിദ്ര്യത്തിൽ നിന്നും തൊഴിലില്ലായ്മയിൽ നിന്നും ആ വ്യക്തി മുക്തമായിരിക്കണം. ആ വ്യക്തിയുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും നിറവേറ്റുന്നതിന് വേണ്ടി ഭൗതികവിഭവശേഷി ഉണ്ടായിരിക്കണം. ആ വ്യക്തിയ്ക്ക് തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പങ്കെടുക്കുവാൻ അവസരമുണ്ടായിരിക്കണം. എങ്കിൽ മാത്രമെ നിർമിക്കപ്പെടുന്ന നിയമങ്ങളിൽ അയാളുടെ താൽപര്യങ്ങളും ഇച്ഛകളും പ്രതിഫലിക്കുകയുള്ളൂ. ഏറ്റവും ചുരുങ്ങിയത് അവരുടെ ഇംഗിതങ്ങൾ പരിഗണിക്കപ്പെടുകയെങ്കിലും വേണം. സർവോപരി, ഒരുവ്യക്തിയുടെ ബുദ്ധിപരവും മാനസികവുമായ വികാസത്തിന് ഒരു വ്യക്തിക്ക് വിദ്യാഭ്യാസ സൗകര്യങ്ങളും അതിനോടനുബന്ധിച്ച് അവസരങ്ങളും ലഭിക്കേണ്ടതാണ്. എങ്കിൽ മാത്രമെ അയാൾക്ക് മെച്ചപ്പെട്ട ഒരു ജീവിതം നയിക്കുവാൻ പറ്റുകയുള്ളൂ.



നമ്മുടെ പരിസ്ഥിതിയെ നശിപ്പിക്കുവാൻ നമുക്ക് സ്വാതന്ത്ര്യമുണ്ടോ?

സമൂഹത്തിനകത്തുമാത്രമെ ഒരു വ്യക്തിക്ക് സ്വതന്ത്രനായിരിക്കുവാൻ കഴിയൂ എന്ന് ക്രിയാത്മകസ്വാതന്ത്ര്യം തിരിച്ചറിയുന്നു. അതുകൊണ്ട് വ്യക്തിയുടെ വികാസത്തിന് പറ്റിയ രൂപത്തിൽ ആ സമൂഹത്തെ മാറ്റിയെടുക്കണം. എന്നാൽ നിഷേധാത്മകസ്വാതന്ത്ര്യം പരിഗണിക്കുന്നത് യാതൊരു ഇടപെടലുമില്ലാത്ത അലംഘനീയമായ ഒരു മേഖല രൂപപ്പെടുത്തുന്നതിനായാണ് ആ മേഖലയ്ക്ക് പുറത്തുള്ള സമൂഹത്തിന്റെ അവസ്ഥകളെ അത് പരിഗണിക്കുന്നില്ല. സമൂഹത്തിന്റെ സ്ഥിരത പരിഗണിച്ചുകൊണ്ട് സാധ്യമാകുന്ന രീതിയിൽ ഈ മേഖല വികസിപ്പിക്കുവാനാണ് നിഷേധാത്മകസ്വാതന്ത്ര്യം ആഗ്രഹിക്കുന്നത്. നിഷേധാത്മകസ്വാതന്ത്ര്യവും ക്രിയാത്മകസ്വാതന്ത്ര്യവും ഒത്തുപോവുകയും പരസ്പരം

പിന്തുണയ്ക്കുകയും ചെയ്യുന്നു. എന്നാൽ സ്വേച്ഛാധിപതികളായ ഭരണാധികാരികൾ തങ്ങളുടെ ഭരണത്തെ ന്യായീകരിക്കുവാൻ ക്രിയാത്മകസ്വാതന്ത്ര്യത്തിന്റെ വാദങ്ങളെ ഉപയോഗപ്പെടുത്താറുണ്ട്.

## ആവിഷ്കാരസ്വാതന്ത്ര്യം (Freedom of Expression )

ഏറ്റവും കുറഞ്ഞ ഇടപെടലുകൾക്ക് വിധേയമാകേണ്ട ഒരു മേഖലയാണ് ആവിഷ്കാരസ്വാതന്ത്ര്യം. ആവിഷ്കാരസ്വാതന്ത്ര്യം നിയന്ത്രിക്കപ്പെടരുത് എന്നതിന് ജെ.എസ്. മിൽ തക്കതായ കാരണങ്ങൾ നിരത്തുന്നുണ്ട്. ഇത് നല്ല ചർച്ചയ്ക്കുള്ള വിഷയമാണ്.

പുസ്തകങ്ങൾ, നാടകങ്ങൾ, സിനിമകൾ, അക്കാദമികമായ ഗവേഷണ പ്രബന്ധങ്ങളിൽ വരുന്ന ലേഖനങ്ങൾ എന്നിവ നിരോധിക്കണമെന്ന് പലപ്പോഴായി ആവശ്യങ്ങൾ ഉയർന്നുവരാറുണ്ട്. പുസ്തകം നിരോധിക്കണമെന്ന ആവശ്യത്തെ ഇതുവരെ നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ നമുക്ക് പരിശോധിക്കാം. തെരെഞ്ഞെടുക്കലുകളാണ് സ്വാതന്ത്ര്യം എന്ന് നാം കണ്ടു. ഇവിടെയാണ് നിഷേധാത്മകസ്വാതന്ത്ര്യവും ക്രിയാത്മകസ്വാതന്ത്ര്യവും തമ്മിൽ വേർതിരിവുകളുണ്ടാകുന്നത്. നീതീകരിക്കത്തക്ക നിയന്ത്രണങ്ങൾ ഇവിടെ ആവശ്യമായി വരും. ശരിയായ നടപടിക്രമങ്ങളിലൂടെയും പ്രധാനപ്പെട്ട ധാർമികവാദങ്ങളിലൂടെയുമാണ് ഇത്തരം നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടത്. ആവിഷ്ക്കാര സ്വാതന്ത്ര്യം ഒരു മൗലികമൂല്യമാണ്. അതുകൊണ്ടുതന്നെ അതിനെ നിയന്ത്രിക്കുവാൻ ശ്രമിക്കുന്നവരിൽ നിന്ന് അതിനെ സംരക്ഷിക്കുവാൻ ചില അസൗകര്യങ്ങൾ സഹിക്കുവാൻ സമൂഹം തയാറാകണം. വോൾട്ടയറുടെ പ്രസ്താവന ഓർക്കുക "നിങ്ങൾ പറയുന്നതിനോട് ഞാൻ വിയോജിക്കുന്നു. എന്നാൽ അതുപറയുവാനുള്ള നിങ്ങളുടെ അവകാശത്തിനായി ഞാൻ മരണം വരെ പോരാടും." ആവിഷ്കാര സ്വാതന്ത്ര്യത്തിനു വേണ്ടി നാം വളരെ പ്രതിജ്ഞാബദ്ധരാണ്.

കുറച്ചുവർഷങ്ങൾക്കുമുമ്പ് സിനിമാനിർമ്മാതാവായ ദീപ മേത്ത വാരണാസിയിലെ വിധവകളെക്കുറിച്ച് ഒരു സിനിമയെടുക്കുവാൻ തീരുമാനിച്ചു. വിധവകളുടെ അവസ്ഥ പുറത്തുകൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ നിർമിക്കുവാൻ ഉദ്ദേശിച്ച ആ സിനിമക്കെതിരെ ഒരു വിഭാഗം ആളുകളുടെ രൂക്ഷമായ എതിർപ്പ് ഉണ്ടായി. ഇന്ത്യയെ മോശമായി ചിത്രീകരിക്കുന്നതാണ് ഈ സിനിമയെന്നും. അത് വിദേശപ്രേക്ഷകർക്കു വേണ്ടി നിർമിക്കുന്നതാണെന്നും അവർ കരുതി. കൂടാതെ, പ്രാചീനപട്ടണമായ വാരണാസിക്ക് അത് ഒരു ചീത്തപ്പേരുണ്ടാക്കുമെന്നും അവർക്ക് തോന്നി. ആയതിനാൽ വാരണാസിയിൽ വെച്ച് സിനിമ നിർമിക്കുവാൻ അവർ അനുവദിച്ചില്ല.പിന്നീട് ആ സിനിമ മറ്റെവിടെയോ വെച്ച് നിർമിക്കപ്പെട്ടു. അതുപോലെ ഓബ്രെ മേനോൻ എഴുതിയ 'രാമായണ റീ ടോൾഡ്' (Ramayana Retold) എന്ന പുസ്തകവും സൽമാൻ റുഷ്ദിയുടെ 'സാത്താന്റെ വചനങ്ങൾ' (The Satanic Verses) എന്ന നോവലും സമൂഹത്തിലെ ചില ആളുകളുടെ ശക്തമായ എതിർപ്പുമൂലം നിരോധിക്കപ്പെട്ടു. 'ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം' (The Last Temptation of Christ) എന്ന സിനിമയും 'ഞാൻ നാഥുറാം സംസാരിക്കുന്നു' (Mee Nathuram Boltey) എന്ന നാടകവും പ്രതിഷേധം കാരണം നിരോധിക്കേണ്ടിവന്നു.

നിരോധനം കുറഞ്ഞ കാലത്തേക്കുള്ള ഒരു പരിഹാരമാർഗമാണ്. അത് താൽക്കാലികമായി പ്രശ്നത്തിനു പരിഹാരമാകുമെങ്കിലും ദീർഘകാലത്തിൽ സമൂഹത്തിന്റെ സ്വാതന്ത്ര്യത്തിന് ഹാനികരമാണ്. കാരണം, ഒരിക്കൽ നിരോധനം തുടങ്ങിയാൽ നിരോധനം പിന്നെ ശീലമായി മാറും. ഇതു കൊണ്ടർഥമാക്കുന്നത് നിരോധനം ഒരിക്കലും വേണ്ടെന്നാണോ? ഒരു സിനിമ പൂർണ്ണമായും നിരോധിക്കാതെ സിനിമയുടെ ഒരുഭാഗം മാത്രം നിരോധിക്കുന്നതും നിരോധനം തന്നെയല്ലേ? അതുകൊണ്ട് എല്ലായ്പ്പോഴും ചർച്ച ചെയ്യപ്പെടുന്ന ചോദ്യം ഇതാണ്. എപ്പോൾ നിരോധിക്കാം? എപ്പോൾ നിരോധനം പാടില്ല? നിരോധനം ഒരിക്കലും പാടില്ലേ? നിങ്ങളുടെ അറിവിനുവേണ്ടി ഇംഗ്ലണ്ട് കൊട്ടാരത്തിലെ ഒരു കാര്യം പറയട്ടെ. ഇംഗ്ലണ്ടിലെ കൊട്ടാരത്തിൽ ജോലിക്ക് പ്രവേശിക്കുമ്പോൾ എല്ലാവരും ഒരു കരാറിൽ ഏർപ്പെടേണ്ടതുണ്ട്. അതായത്, രാജകൊട്ടാരത്തിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് എഴുതുന്നതിൽ നിന്നും അവർക്ക് വിലക്കുണ്ടായിരുന്നു. അത്തരം ജോലിക്കാരൻ കൊട്ടാരത്തിലെ ജോലി ഉപേക്ഷിച്ചു പോകുമ്പോൾ കൊട്ടാരം രഹസ്യങ്ങളെപ്പറ്റി എന്തെങ്കിലും എഴുതുവാനോ, അഭിമുഖം നടത്തുവാനോ അവിടുത്തെ കാര്യങ്ങളെപ്പറ്റി പുസ്തകം രചിക്കുവാനോ പാടില്ല. ഇത് ആവിഷ്കാരസ്വാതന്ത്ര്യത്തിനെതിരെയുള്ള നീതീകരിക്കാൻ പറ്റാത്ത നിയന്ത്രണമല്ലേ?

### ആവിഷ്കാരസ്വതന്ത്ര്യം

19-ാം നൂറ്റാണ്ടിലെ ഒരു രാഷ്ട്രീയ ചിന്തകനും പ്രവർത്തകനുമായിരുന്നു ബ്രിട്ടണിലെ ജോൺ സ്റ്റുവർട്ട് മിൽ. ആവിഷ്ക്കാര സ്വതന്ത്ര്യത്തിന്റെ (ചിന്താസ്വാതന്ത്ര്യവും ചർച്ചാ സ്വതന്ത്ര്യവും ഉൾപ്പെടെ) ശക്തനായ വക്താവായിരുന്നു അദ്ദേഹം. 'സ്വാതന്ത്ര്യത്തെപ്പറ്റി' (On Liberty) എന്ന അദ്ദേഹത്തിന്റെ കൃതിയിൽ, ചിലരുടെ ആശയങ്ങൾ വിവാദപരമോ, തെറ്റോ, വഴിതെറ്റിക്കുന്നതോ ആണെങ്കിൽ പോലും അവർക്ക് ആവിഷ്കാര സ്വാതന്ത്ര്യം ഉണ്ടാവേണ്ടതിന്റെ 4 കാരണങ്ങൾ അദ്ദേഹം പറയുന്നു. ഒന്നാമതായി ഒരാശയവും പൂർണമായി തെറ്റല്ല. നമുക്ക് തെറ്റെന്ന് തോന്നുന്നതിലും സത്യത്തിന്റെ ഒരംശമുണ്ടാവും. ഒരു തെറ്റായ ആശയത്തെ നാം നിരോധിച്ചാൽ അതിൽ അടങ്ങിയിരിക്കുന്ന സത്യത്തിന്റെ അംശം നമുക്ക് നഷ്ടപ്പെടും.

രണ്ടാമതായി സത്യം സ്വമേധയാ ഉയർന്നു വരില്ല. വിരുദ്ധ ആശയങ്ങളുടെ സംഘട്ടനങ്ങളിലൂടെയാണ് സത്യം ഉയർന്നുവരുന്നത്. ഇന്ന് നമുക്ക് തെറ്റാണെന്ന് തോന്നുന്ന ആശയങ്ങൾ യഥാർത്ഥത്തിൽ നാം ശരിയെന്ന് കരുതുന്ന ആശയങ്ങളുടെ ആവിർഭാവത്തിന് കാരണമായേക്കാം.

മൂന്നാമതായി ഈ ആശയങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങൾ മൂല്യവത്താകുന്നത് കഴിഞ്ഞ കാലഘട്ടത്തിൽ മാത്രമല്ല നേരെമറിച്ച് എക്കാലത്തും അത് മൂല്യവത്തായി നിലനിൽക്കും. മൂല്യമില്ലാത്ത ചിന്തകളിലേക്ക് നമ്മൾ തരംതാഴുന്നതിൽ നിന്നും സത്യം നമ്മെ തടയും. വിരുദ്ധമായ ഒരു ആശയത്തോട് തുലനം ചെയ്തു കൊണ്ടു മാത്രമെ ഒരു ആശയം വിശ്വസനീയമാണെന്ന് നമുക്ക് ഉറപ്പു വരുത്തുവാൻ സാധിക്കൂ.

അവസാനമായി നാം സത്യമെന്ന് കരുതുന്നത് യഥാർത്ഥ സത്യമാണോ എന്ന് നമുക്ക് ഉറപ്പില്ല. പലപ്പോഴും ഒരു സമൂഹം ഒന്നടങ്കം തെറ്റാണെന്ന് കരുതി അടിച്ചമർത്തിയ ആശയങ്ങൾ ശരിയാണെന്ന് പിന്നീട് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇന്ന് സ്വീകരിക്കുവാൻ പറ്റാത്തതായി കരുതി ഒരു സമൂഹം പൂർണ്ണമായും അടിച്ചമർത്തുന്ന പല ആശയങ്ങളും യഥാർത്ഥത്തിൽ അമൂല്യമായ വിജ്ഞാനത്തിന്റെ സ്രോതസ്സുകളാണ് നമുക്ക് നഷ്ടപ്പെടുത്തുന്നത്.

വിവിധ തരത്തിലുള്ള നിയന്ത്രണങ്ങൾ നിലനിൽക്കുകയും വ്യത്യസ്ത സാഹചര്യങ്ങളിൽ നാം അതിന് വിധേയരാവുകയും ചെയ്യുന്നു. സാമൂഹ്യവും, മതപരവും, സാംസ്കാരികവുമായ സംഘടിതാധികാരികളിൽ നിന്നോ രാഷ്ട്രത്തിന്റെ ശക്തിയുടെയോ പിൻബലത്തിലാണ് ഇത്തരം നിയന്ത്രണങ്ങൾ വരുന്നതെങ്കിൽ അത് നമ്മുടെ സ്വാതന്ത്ര്യത്തെ തടയുക തന്നെ ചെയ്യും. അതിനെതിരെ പോരാടുക പ്രയാസമായിരിക്കും. എന്നാൽ നമ്മുടെ ലക്ഷ്യങ്ങളും അഭിലാഷങ്ങളും പൂർത്തീകരിക്കുന്നതിനുവേണ്ടി സ്വമേധയാ ചില നിയന്ത്രണങ്ങൾ സ്വീകരിക്കുകയാണെങ്കിൽ നമ്മുടെ സ്വാതന്ത്ര്യത്തെ അത് അത്ര പരിമിതപ്പെടുത്തുന്നില്ല. ഏത് സാഹചര്യത്തിലായാലും ചില വ്യവസ്ഥകളെ സ്വീകരിക്കുവാൻ നമ്മെ നിർബന്ധിക്കുന്നില്ല എങ്കിൽ നമ്മുടെ സ്വാതന്ത്ര്യം പരിമിതപ്പെട്ടതായി അവകാശപ്പെടാൻ നമുക്ക് കഴിയില്ല.

ബാഹ്യമായ നിയന്ത്രണങ്ങളുടെ അഭാവമാണ് സ്വാതന്ത്ര്യം എന്ന് പറഞ്ഞുകൊണ്ടാണ് നാം തുടങ്ങിയത്. തിരഞ്ഞെടുക്കുവാനുള്ള നമ്മുടെ കഴിവും ശേഷിയും സ്വാതന്ത്ര്യത്തിൽ ഉൾക്കൊള്ളുന്നുണ്ടെന്ന് ഇപ്പോൾ നാം തിരിച്ചറിഞ്ഞു. നമ്മൾ തിരഞ്ഞെടുക്കുമ്പോൾ നമ്മുടെ പ്രവർത്തനത്തിലുള്ള ഉത്തരവാദിത്വവും അതിന്റെ പ്രത്യാഘാതവും നാം സ്വീകരിക്കുവാൻ തയ്യാറാവണം. കുട്ടികൾ രക്ഷിതാക്കളുടെ ശ്രദ്ധയിലും പരിഗണനയിലുമാണ് വേണ്ടതെന്ന് സ്വാതന്ത്ര്യത്തിന്റെ വക്താക്കൾ ഭൂരിഭാഗവും വാദിക്കുന്നത് ഇക്കാരണത്താലാണ്. ശരിയായ രീതിയിൽ തെരെഞ്ഞെടുപ്പുകൾ നടത്തുവാനുള്ള ലഭ്യമായ അവസരങ്ങളെ യുക്തിപൂർവം വിലയിരുത്തുവാനും നമ്മുടെ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുവാനുമുള്ള നമ്മുടെ പ്രാപ്തി എന്നിവ വിദ്യാഭ്യാസത്തിലൂടെയും ന്യായവിചാരങ്ങളിലൂടെയും നാം ആർജിക്കേണ്ടതുണ്ട്. രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും അധികാരത്തെ പരിമിതപ്പെടുത്തിക്കൊണ്ട് മേൽപ്പറഞ്ഞ കഴിവുകൾ പരിപോഷിപ്പിക്കപ്പെടേണ്ടതുണ്ട്.

# അഭ്യാസം

അഭ്യാസം

1. സ്വാതന്ത്ര്യം കൊണ്ട് അർഥമാക്കുന്നതെന്താണ്? വ്യക്തികളുടെ സ്വാതന്ത്ര്യവും രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?
2. നിഷേധാത്മകസ്വാതന്ത്ര്യവും ക്രിയാത്മകസ്വാതന്ത്ര്യവും തമ്മിലുള്ള വ്യത്യാസമെന്ത്?
3. സാമൂഹ്യനിയന്ത്രണങ്ങൾകൊണ്ടർഥമാക്കുന്നത് എന്താണ്? സ്വാതന്ത്ര്യം അനുഭവിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ആവശ്യമുണ്ടോ?
4. പൗരൻമാരുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിൽ രാഷ്ട്രത്തിന്റെ പങ്കെന്താണ്?
5. ആവിഷ്കാരസ്വാതന്ത്ര്യം കൊണ്ടർഥമാക്കുന്നത് എന്താണ്? സ്വാതന്ത്ര്യത്തിനുമേലുള്ള ന്യായമായ നിയന്ത്രണങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ വീക്ഷണങ്ങൾ എന്താണ്? ഉദാഹരണങ്ങൾ നൽകുക.

## അധ്യായം 3

# സമത്വം (Equality)

## അവലോകനം



നമ്മുടെ ഭരണഘടനയിൽ സംരക്ഷിച്ചുവരുന്ന ഒരു മൂല്യംകൂടിയായ സമത്വമെന്ന ആശയത്തെക്കുറിച്ചാണ് ഈ അധ്യായം. ഈ ആശയത്തെക്കുറിച്ച് കൂടുതലായി ചിന്തിക്കുവാൻ താഴെപ്പറയുന്ന ചോദ്യങ്ങളെ ഈ അധ്യായം പരിശോധിക്കുന്നു.

- എന്താണ് സമത്വം? ധാർമികവും രാഷ്ട്രീയവുമായ ഈ ആശയത്തിന് എന്തുകൊണ്ടാണ് നാം പരിഗണന നൽകേണ്ടത്?
- എല്ലാവരെയും എല്ലാ സാഹചര്യങ്ങളിലും ഒരുപോലെ പരിഗണിക്കുക എന്നതാണോ സമത്വം അനുശാസിക്കുന്നത്?
- ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ എങ്ങനെയാണ് നാം അസമത്വത്തെ കുറയ്ക്കുന്നതും സമത്വത്തെ പിന്തുടരുന്നതും?
- സമത്വത്തിന്റെ രാഷ്ട്രീയവും, സാമ്പത്തികവും സാമൂഹികവുമായ വ്യത്യസ്തമാനങ്ങളെ നാം എങ്ങനെ വേർതിരിക്കും?

ഈ ചോദ്യങ്ങളെ മനസ്സിലാക്കി അവയ്ക്ക് ഉത്തരങ്ങൾ നൽകുന്നതിനിടയിൽ നമ്മുടെ കാലഘട്ടത്തിലെ പ്രധാനപ്പെട്ട ആശയസംഹിതകളായ സോഷ്യലിസം, മാർക്സിസം, ഉദാരവാദം, സ്ത്രീപക്ഷവാദം എന്നിവയെ നിങ്ങൾ അഭിമുഖീകരിക്കേണ്ടിവരും.

അസമത്വത്തിന്റെ അവസ്ഥകളെക്കുറിച്ചുള്ള വസ്തുതകളും കണക്കുകളും ഈ അധ്യായത്തിൽ നിങ്ങൾക്ക് കാണാം. ഈ വസ്തുതകളും കണക്കുകളും നിങ്ങൾ മനഃപാഠമാക്കേണ്ടതില്ല. അസമത്വത്തിന്റെ സ്വഭാവത്തെ നിങ്ങൾ തിരിച്ചറിയുന്നതിനുവേണ്ടി മാത്രമാണിവ.

## 3.1. എന്തുകൊണ്ട് സമത്വം പ്രസക്തമാകുന്നു? (WHY DOES EQUALITY MATTER?)

പലനൂറ്റാണ്ടുകളായി മനുഷ്യസമൂഹത്തെ പ്രചോദിപ്പിക്കുകയും വഴികാട്ടുകയും ചെയ്ത ശക്തമായ ഒരു ധാർമിക-രാഷ്ട്രീയ ആശയമാണ് സമത്വം. മനുഷ്യരെല്ലാവരും ദൈവത്തിന്റെ സൃഷ്ടിയാണെന്ന് ഉദ്ഘോഷിക്കുന്ന എല്ലാ മതങ്ങളിലും വിശ്വാസങ്ങളിലും ഈ ആശയം അന്തർലീനമാണ്. ഒരു രാഷ്ട്രീയാദർശമെന്ന നിലയിൽ നിറം, ലിംഗപദവി, വർഗം, ദേശീയത എന്നിവയ്ക്കതീതമായി എല്ലാ മനുഷ്യർക്കും തുല്യ മൂല്യമുണ്ടെന്ന ആശയത്തെയാണ് സമത്വസങ്കൽപം വിഭാവനം ചെയ്യുന്നത്. പൊതുമാനവികതയുടെ അടിസ്ഥാനത്തിൽ എല്ലാ മനുഷ്യരും തുല്യ പരിഗണനയും തുല്യബഹുമാനവും അർഹിക്കുന്നുവെന്നു സമത്വം അനുശാസിക്കുന്നു. ഉദാഹരണമായി, 'സാർവത്രിക മനുഷ്യാവകാശങ്ങൾ' അല്ലെങ്കിൽ 'മനുഷ്യരാശിക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ' എന്നീ ആശയങ്ങൾക്ക് പിന്നിലെ ചേതോവികാരം മനുഷ്യരെല്ലാം ഒന്നാണെന്ന ഈ കാഴ്ചപ്പാടാണ്.

ആധുനികകാലത്ത് മനുഷ്യർക്കിടയിൽ സ്ഥാനം, സാമ്പത്തികപദവി, വിശേഷാവകാശങ്ങൾ എന്നിങ്ങനെയുള്ള അസമത്വങ്ങളെ അനുകൂലിക്കുന്ന രാഷ്ട്രങ്ങൾക്കും സാമൂഹ്യസ്ഥാപനങ്ങൾക്കും എതിരെയുള്ള പോരാട്ടങ്ങളിൽ എല്ലാ മനുഷ്യരും തുല്യരാണെന്ന മുദ്രാവാക്യം ഉപയോഗിക്കപ്പെട്ടു. രാജവാഴ്ചയ്ക്കും ഭൂപ്രഭുക്കന്മാരുടെ കുലീന വാഴ്ചക്കെതിരെയും പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രഞ്ചുവിപ്ലവകാരികൾ നടത്തിയ പോരാട്ടങ്ങളിൽ 'സ്വാതന്ത്ര്യം', 'സമത്വം', 'സഹോദര്യം' എന്നീ മുദ്ര്യാവാക്യങ്ങൾ ഉപയോഗിച്ചു. ഇരുപതാം നൂറ്റാണ്ടിൽ ഏഷ്യയിലെയും ആഫ്രിക്കയിലെയും കോളനിവിരുദ്ധ – വിമോചനപോരാട്ടങ്ങളിലും സമത്വത്തിനു വേണ്ടിയുള്ള ആവശ്യം ഉയർന്നുവന്നു. നമ്മുടെ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരായി കരുതുന്ന ദളിതുകൾ,

**നമുക്കിത് ചെയ്യാം**

സമത്വമെന്ന ആദർശത്തെ അംഗീകരിക്കുന്ന ഉദ്ധരണികൾ വ്യത്യസ്ത മതഗ്രന്ഥങ്ങളിൽ നിന്ന് ശേഖരിച്ച് അവ ക്ലാസ് മുറിയിൽ വായിക്കുക.

ഞാനറിയുന്ന എല്ലാ ആളുകളുംതന്നെ ഏതെങ്കിലുമൊരു മതത്തിൽ വിശ്വസിക്കുന്നവരാണ്. ഞാനറിയുന്ന എല്ലാമതങ്ങളും സമത്വം ഉദ്ഘോഷിക്കുന്നു. പിന്നെ എന്തുകൊണ്ടാണ് ഈ ലോകത്തിൽ അസമത്വമുള്ളത്?



സ്ത്രീകൾ തുടങ്ങിയ പോരാടുന്ന വിഭാഗങ്ങൾ സമത്വത്തിനുവേണ്ടിയുള്ള ആവശ്യം ഉയർത്തിക്കൊണ്ടേയിരിക്കുന്നു. മിക്ക രാജ്യങ്ങളുടെയും ഭരണഘടനയിലും നിയമങ്ങളിലും ഉൾക്കൊള്ളിച്ചിരിക്കുന്ന സമത്വമെന്ന ആശയം ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും സമത്വത്തിലുപരിയായി അസമത്വമാണ് നമുക്കു ചുറ്റുമുള്ള ലോകത്തിലും നമ്മുടെ സ്വന്തം സമൂഹത്തിനകത്തും കാണപ്പെടുന്നത്. ഒരേ സമയം ആഡംബരക്കെട്ടിടങ്ങൾക്കരികിലായി നിലനിൽക്കുന്ന ചേരികളും, ലോകനിലവാരത്തിലുള്ള സൗകര്യങ്ങളും ശീതികരിച്ച ക്ലാസ് മുറികളുമുള്ള സ്കൂളുകൾക്കിടയിൽ സറിതി ചെയ്യുന്ന കുടിവെള്ളമോ ശുചിമുറിയോ പോലുമില്ലാത്ത മറ്റ് സ്കൂളുകളും, അതോടൊപ്പം ഭക്ഷണസാമഗ്രികളുടെ ധൂർത്തും പട്ടിണിയും നമ്മുടെ രാജ്യത്ത് കാണപ്പെടുന്നു. നിയമം വാഗ്ദാനം ചെയ്യുന്നതും നാം നമ്മുടെ ചുറ്റുപാടും കാണുന്നതും തമ്മിൽ പ്രകടമായ വ്യത്യാസങ്ങളുണ്ട്.

തുടർന്നു തന്നിരിക്കുന്ന ആഗോളാസമത്വത്തിൻമേലുള്ള വസ്തുതാക്കുറിപ്പും നമ്മുടെ രാജ്യത്തിനകത്തെ അസമത്വം സംബന്ധിച്ച പട്ടികയും വായിക്കുക.

### ആഗോള അസമത്വത്തെ സംബന്ധിച്ച വസ്തുതകൾ

1. ലോകത്തിലെ ഏറ്റവും ദരിദ്രരായ 40 കോടി ജനങ്ങളുടെ ആകെ വരുമാനത്തേക്കാൾ കൂടുതലാണ് ലോകത്തിലെ ഏറ്റവും സമ്പന്നരായ 50 പേരുടെ മൊത്തവരുമാനം
2. ലോകജനസംഖ്യയിലെ ഏറ്റവും ദരിദ്രരായ 40 ശതമാനത്തിന് ആഗോള വരുമാനത്തിന്റെ 5 ശതമാനം മാത്രം ലഭിക്കുമ്പോൾ ലോകജനസംഖ്യയിലെ ഏറ്റവും സമ്പന്നരായ 10 ശതമാനം പേർ ആഗോളവരുമാനത്തിന്റെ 54 ശതമാനത്തെയും നിയന്ത്രിക്കുന്നു.
3. ലോകജനസംഖ്യയുടെ 25 ശതമാനമുള്ള ഒന്നാംലോകം (പ്രധാനമായും ഉത്തര അമേരിക്കയും പടിഞ്ഞാറൻ യൂറോപ്പുമുൾപ്പെടുന്ന വികസിത വ്യവസായവൽകൃത രാഷ്ട്രങ്ങൾ) ലോകത്തിലെ വ്യവസായങ്ങളുടെ 36 ശതമാനത്തിന്റെ ഉടമസ്ഥരും ലോകത്തിലെ ഊർജത്തിന്റെ 80 ശതമാനം ഉപഭോക്താക്കളുമാണ്.
4. ആളോഹരി അടിസ്ഥാനത്തിൽ നോക്കിയാൽ, വികസിത വ്യവസായവൽകൃത രാജ്യങ്ങളിലെ ഒരു വ്യക്തി ഇന്ത്യയെപ്പോലെയും ചൈനയെപ്പോലെയുമുള്ള വികസ്വരരാഷ്ട്രങ്ങളിലെ ഒരാൾ ഉപയോഗിക്കുന്നതിന്റെ കുറഞ്ഞത് 3 ഇരട്ടിവെള്ളവും 10 ഇരട്ടി ഊർജവും 13 ഇരട്ടി ഇരുമ്പുരുക്കും 14 ഇരട്ടി കടലാസും ഉപയോഗിക്കുന്നു.
5. നൈജീരിയയിൽ ഗർഭസംബന്ധമായ കാരണങ്ങളാലുള്ള മരണനിരക്ക് 18 ൽ 1 ആണെങ്കിൽ കാനഡയിൽ ഇത് 8700 ൽ 1 ആണ്.
6. പെട്രോൾ, കൽക്കരി മുതലായവ എരിയുന്നതിൽ നിന്നും സൃഷ്ടിക്കപ്പെടുന്ന കാർബൺ ഡയോക്സൈഡിന്റെ ആഗോളതലത്തിലുള്ള പുറന്തള്ളലിന്റെ മൂന്നിൽ രണ്ടു ഭാഗത്തിന്റെ ഉത്തരവാദിത്വം ഒന്നാംലോകത്തിലെ വ്യവസായൽകൃത രാജ്യങ്ങളുടേതാണ്. അമ്ല മഴയ്ക്ക് കാരണമാകുന്ന സൾഫറിന്റെയും നൈട്രജൻ ഡയോക്സൈഡിന്റെയും പുറന്തള്ളലിന്റെ നാലിൽ മൂന്നുഭാഗത്തിന്റെയും ഉത്തരവാദിത്വവും ഇവർക്കുതന്നെ. മലിനീകരണത്തിന്റെ കാര്യത്തിൽ ഉയർന്ന നിരക്കുള്ള പല വ്യവസായശാലകളും വികസിത രാജ്യങ്ങളിൽ നിന്ന് അല്പ വികസിത രാജ്യങ്ങളിലേക്ക് പറിച്ചു നടപ്പെടുന്നു.

(ഉറവിടം : ഹ്യൂമൻ ഡവലപ്മെന്റ് റിപ്പോർട്ട്, 2005, യു.എൻ.ഡി.പി)

## ഇന്ത്യയിലെ സാമ്പത്തിക അസമത്വങ്ങൾ

ഗാർഹിക സൗകര്യങ്ങളെയും ആസ്തികളെയും കുറിച്ച് 2001-ൽ നടത്തിയ ഇന്ത്യൻ കാനേഷുമാരിയിൽ (സെൻസസ്) നിന്നുള്ള ചില കണ്ടെത്തലുകൾ ഇവിടെ നല്കിയിരിക്കുന്നു. ഈ കണക്കുകൾ നിങ്ങൾ മനഃപാഠമാക്കേണ്ടതില്ല. നഗര - ഗ്രാമ തലങ്ങളിലെ അസന്തുലിതാവസ്ഥയുടെ വ്യാപ്തി മനസ്സിലാക്കുവാൻ വേണ്ടി മാത്രം വായിക്കുക. നിങ്ങളുടെ സ്വന്തം കുടുംബം ഏത് സ്ഥാനത്തായിരിക്കും?

| താഴെപ്പറയുന്നവ ലഭ്യമായ കുടുംബങ്ങൾ | ഗ്രാമത്തിലെ കുടുംബങ്ങൾ | നഗരത്തിലെ കുടുംബങ്ങൾ | X അല്ലെങ്കിൽ ✓ യിലൂടെ നിങ്ങളുടെ കുടുംബത്തിന്റെ അവസ്ഥയെ അടയാളപ്പെടുത്തുക |
|---|---|---|---|
| വൈദ്യുതി | 44% | 88% | |
| വീട്ടിൽ പൈപ്പ് വെള്ളം | 10% | 50% | |
| വീട്ടിൽ ശുചിമുറി | 23% | 70% | |
| ടെലിവിഷൻ | 19% | 64% | |
| സ്കൂട്ടർ / മോപ്പഡ് / മോട്ടർ സൈക്കിൾ | 7% | 25% | |
| കാർ / ജീപ്പ് / വാൻ | 1% | 6% | |



ആരും എതിർക്കാത്ത അസമത്വങ്ങൾ നമുക്കു ചുറ്റുമുള്ളപ്പോൾ ആഗോള അസമത്വത്തെകുറിച്ചോ ദേശീയ അസമത്വത്തെകുറിച്ചോ സംസാരിക്കുന്നതെന്തിന്? എന്റെ മാതാപിതാക്കൾ എന്നെ അപേക്ഷിച്ച് എന്റെ സഹോദരനോട് കാണിക്കുന്ന പരിഗണനന മാത്രം നോക്കുക!

ഇതൊരു വിരോധാഭാസമാണ്. ഏതാണ്ടെല്ലാവരും സമത്വമെന്ന ആശയത്തെ അംഗീകരിക്കുന്നു. എന്നാലും എല്ലായിടത്തും നാം കണ്ടുമുട്ടുന്നത് അസമത്വത്തെയാണ്. അസന്തുലിതമായ സമ്പത്ത്, അവസരങ്ങൾ, തൊഴിൽ സാഹചര്യങ്ങൾ, അധികാരം എന്നിവയുടെ ഒരു സങ്കീർണ ലോകത്താണ് നാം ജീവിക്കുന്നത്. ഇത്തരത്തിലുള്ള അസമത്വങ്ങളെക്കുറിച്ച് നാം ഉത്കണ്ഠപ്പെടാറുണ്ടോ? മനുഷ്യരുടെ ശേഷിയുടെയും പ്രതിഭയുടെയും അന്തരങ്ങളെ പ്രതിഫലിപ്പിക്കുന്നതും അതുപോലെതന്നെ അവർ സാമൂഹ്യപുരോഗതിക്കും അഭിവൃദ്ധിക്കും നല്കുന്ന വ്യത്യസ്ത സംഭാവനകളെ കാണിക്കുന്നതുമായ സാമൂഹ്യജീവിതത്തിന്റെ സ്വാഭാവികവും ഒഴിവാക്കാനാകാത്തതുമായ സവിശേഷതകളാണോ ഈ അസമത്വങ്ങൾ? അതോ, നമ്മുടെ സാമൂഹികപദവികളുടെയും ചട്ടങ്ങളുടെയും പരിണിതഫലമാണോ ഈ അസമത്വങ്ങൾ? വർഷങ്ങളോളം ലോകത്തെമ്പാടുമുള്ള ജനങ്ങളെ ആശങ്കയിലാഴ്ത്തിയ ചോദ്യങ്ങളാണിവ.

ഇത്തരത്തിലുള്ള ഒരു ചോദ്യമാണ് സമത്വത്തെ സാമൂഹ്യരാഷ്ട്രീയ സിദ്ധാന്തങ്ങളുടെ കേന്ദ്രപ്രമേയങ്ങളിലൊന്നാക്കുന്നത്. എന്താണ് സമത്വം എന്നതുകൊണ്ട് അർഥമാക്കുന്നത്. എന്ന തരത്തിലുള്ള നിരവധി ചോദ്യങ്ങൾ തന്നെ ഒരു രാഷ്ട്രീയസിദ്ധാന്ത വിദ്യാർഥി അഭിമുഖീകരിക്കേണ്ടതുണ്ട്. പ്രകടമായ രീതിയിൽ നാം വ്യത്യസ്തരായിരിക്കെ നാം തുല്യരാണെന്ന് പറയുന്നതിന്റെ അർഥമെന്താണ്? സമത്വമെന്ന ആദർശത്തിലൂടെ നാം എന്തുനേടുവാനാണ് ശ്രമിക്കുന്നത്? വരുമാനത്തിലും പദവിയിലുമുള്ള എല്ലാ അന്തരങ്ങളെയും തുടച്ചുമാറ്റുവാനാണോ നാം ശ്രമിക്കുന്നത്? മറ്റൊരുതരത്തിൽ പറഞ്ഞാൽ ഏതുതരം സമത്വമാണ് നാം പിന്തുടരുന്നത്? ആർക്കുവേണ്ടിയാണിത്? സമത്വമെന്ന ആശയത്തെ സംബന്ധിച്ച് ഉന്നയിക്കപ്പെട്ടതും നാം ഇവിടെ കണക്കിലെടുക്കേണ്ടതുമായ മറ്റുചില ചോദ്യങ്ങളിവയാണ്: സമത്വത്തെ പ്രോൽസാഹിപ്പിക്കുവാൻ നാം എല്ലായ്പ്പോഴും എല്ലാ വ്യക്തികളെയും കൃത്യമായി ഒരുപോലെ പരിഗണിക്കണമോ? ഏത് വ്യത്യസ്തപരിഗണന അല്ലെങ്കിൽ പ്രതിഫലമാണ് സ്വീകാര്യം അല്ലെങ്കിൽ അസ്വീകാര്യം എന്ന് ഒരു സമൂഹം തീരുമാനിക്കുന്നതെങ്ങനെയാണ്? കൂടാതെ, ഒരു സമത്വാധിഷ്ഠിതമായ സമൂഹത്തെ സൃഷ്ടിക്കുവാൻ ഏതുതരം നയങ്ങളാണ് നാം പിന്തുടരേണ്ടത്?

## എന്താണ് സമത്വം? (What is Equality?)

സൂചനാഫലകങ്ങൾ ഒന്നുനോക്കുക.




മനുഷ്യർക്കിടയിൽ വർഗത്തിന്റെയും നിറത്തിന്റെയും അടിസ്ഥാനത്തിൽ വേർതിരിവ് ഉണ്ടാക്കുന്നവയാണ് ഇവയെല്ലാം. നമ്മളിലെ ബഹുഭൂരി പക്ഷത്തിനും ഇവയൊന്നും സ്വീകാര്യമല്ല. മനുഷ്യരെല്ലാവരും ഒരു പൊതു വർഗമായതിനാൽ എല്ലാ മനുഷ്യർക്കും തുല്യആദരവിനും തുല്യപരി ഗണനയ്ക്കും അർഹതയുണ്ടെന്നാണ് സമത്വം നമ്മോട് പറയുന്നത്. വാസ്തവത്തിൽ ഇത്തരം വേർതിരിവുകൾ സമത്വത്തെക്കുറിച്ചുള്ള നമ്മുടെ ഈ സാമാന്യധാരണയെപ്പോലും തകർക്കുന്നവയാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും, ജനങ്ങളെ തുല്യബഹുമാനത്തോടെ പരിഗണിയ്ക്കുക എന്നതിന്റെ അർഥം എല്ലാവരെയും എല്ലായ്പ്പോഴും സമാനമായി പരിഗണിക്കുക എന്നതാകണമെന്നില്ല. ഒരു സമൂഹവും അതിലെ എല്ലാ അംഗങ്ങളെയും എല്ലാ സാഹചര്യങ്ങളിലും സമാനമായി പരിഗണിക്കുന്നില്ല. സമൂഹത്തിന്റെ സുഗമമായ പ്രവർത്തനത്തിന് തൊഴിലിന്റെയും ചുമതലകളുടെയും വിഭജനം ആവശ്യമാണ്. ഇത്തരം വിഭജനംമൂലം ലഭിക്കുന്ന വ്യത്യസ്ത പദവികളും പ്രതിഫലങ്ങളും ജനങ്ങളനുഭവിക്കുന്നു. ചില സാഹചര്യങ്ങളിൽ ഇങ്ങനെയുള്ള വ്യത്യസ്ത പരിഗണന സ്വീകാര്യമാണെന്നുമാത്രമല്ല ആവശ്യവുമാണ്. ഉദാഹരണത്തിന്, തങ്ങൾക്ക് ലഭിച്ചിരിക്കുന്ന പദവികൾ ദുരുപയോഗപ്പെടുത്തുന്നില്ലെങ്കിൽ പ്രധാനമന്ത്രിമാർക്കും പട്ടാളമേധാവികൾക്കും നൽകപ്പെടുന്ന പ്രത്യേക ഔദ്യോഗികപദവിയും സ്ഥാനവും സമത്വമെന്ന ആശയത്തിന് എതിരാണെന്ന തോന്നൽ നമുക്കുണ്ടാക്കാറില്ല. എന്നാൽ, മറ്റു ചില രീതിയിലുള്ള അസമത്വങ്ങൾ അനീതിയായി തോന്നിയേക്കാം. ഉദാഹരണത്തിന്, ചേരിയിൽ ജനിച്ച ഒരു കുട്ടിക്ക് അവന്റെ അല്ലെങ്കിൽ അവളുടെ സ്വന്തം കുറ്റം കൊണ്ടല്ലാതെ പോഷകാഹാരവും നല്ല വിദ്യാഭ്യാസവും നിഷേധിക്കപ്പെട്ടാൽ അത് നമുക്ക് അനീതിയായി തോന്നിയേക്കാം.

ഏതൊക്കെ വേർതിരിവുകളും വ്യത്യാസങ്ങളുമാണ് സ്വീകാര്യമായവ, ഏതെല്ലാമാണ് അസ്വീകാര്യമായവ എന്നതാണ് ഇവിടെ ഉയർന്നുവരുന്ന ചോദ്യം. ഒരു പ്രത്യേക മതത്തിലോ വർഗത്തിലോ ജാതിയിലോ ലിംഗത്തിലോ ജനിച്ചു എന്ന കാരണത്താൽ ജനങ്ങളെ വ്യത്യസ്തമായി പരിഗണിക്കുമ്പോൾ അതിനെ അസമത്വത്തിന്റെ അസ്വീകാര്യമായ ഒരു രൂപമായി നാം കണക്കാക്കുന്നു. എന്നാൽ മനുഷ്യർ വ്യത്യസ്തങ്ങളായ ആഗ്രഹങ്ങളെയും ലക്ഷ്യങ്ങളെയും പിന്തുടരുവാനിടയുണ്ട്. അതിൽ എല്ലാവരും തുല്യവിജയം നേടണമെന്നില്ല. ഓരോരുത്തരും തങ്ങളാൽ കഴിയുന്ന രീതിയിൽ അഭിവൃദ്ധിപ്പെടുന്നകാലത്തോളം സമത്വം അട്ടിമറിക്കപ്പെടുന്നതായി കരുതേണ്ടതില്ല. ചിലർ വൈദഗ്ധ്യമുള്ള സംഗീതജ്ഞരായിത്തീരുമ്പോൾ മറ്റുള്ളവർ അവരെപ്പോലെ മികച്ചവരാകണമെന്നില്ല. ചിലർ പേരുകേട്ട ശാസ്ത്രജ്ഞർ ആയിത്തീരുമ്പോൾ വേറെ ചിലർ കൂടുതൽ അറിയപ്പെടുന്നത് കഠിനാധ്വാനത്തിന്റെയും മനഃസാക്ഷിക്കനുസരിച്ച് പ്രവർത്തിക്കുന്നതിന്റെയും പേരിലായിരിക്കും. സമത്വമെന്ന ആദർശത്തോടുള്ള പ്രതിബദ്ധത എന്നതിന് എല്ലാത്തരത്തിലുമുള്ള വ്യത്യാസങ്ങളെ ഉന്മൂലനം ചെയ്യുക എന്ന അർഥമില്ല. നമുക്ക് ലഭിക്കുന്ന പരിഗണനയും നാം അനുഭവിക്കുന്ന അവസരങ്ങളും ജനനം, സാമൂഹ്യ സാഹചര്യങ്ങൾ എന്നിവയാൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാകരുതെന്ന് മാത്രമാണ് ഇതർഥമാക്കുന്നത്.

### അവസര സമത്വം (Equality of Opportunities)

മനുഷ്യരെന്ന നിലയിൽ എല്ലാവർക്കും അവരുടെ കഴിവും നൈപുണിയും വികസിപ്പിക്കുവാനും അവരുടെ ലക്ഷ്യവും ആഗ്രഹങ്ങളും പിന്തുടരുവാനും സമാനമായ അവകാശങ്ങൾക്കും അവസരങ്ങൾക്കും അർഹതയുമുണ്ടെന്നാണ് സമത്വമെന്ന ആശയം സൂചിപ്പിക്കുന്നത്. ഒരു സമൂഹത്തിലെ ജനങ്ങൾ അവരുടെ തെരഞ്ഞെടുക്കലുകളിലും മുൻഗണനകളിലും വ്യത്യസ്തരായിരിക്കുമെന്നാണ് ഇതിന്റെ അർഥം. ജനങ്ങളുടെ കഴിവും നൈപുണികളും വ്യത്യസ്തമായതിനാൽ ഒരേ മേഖല തിരഞ്ഞെടുത്തവരിൽ ചിലർ അതേ മേഖലയിലുള്ള മറ്റുള്ളവരേക്കാൾ വിജയികളായെന്ന് വരാം. ചിലർ മാത്രമാണ് അതിസമർഥരായ ക്രിക്കറ്റ് കളിക്കാർ അല്ലെങ്കിൽ മികച്ച അഭിഭാഷകർ ആകുന്നത് എന്നതുകൊണ്ടുമാത്രം സമൂഹത്തിൽ അസമത്വമുണ്ടെന്ന് കരുതരുത്. മറ്റൊരുരീതിയിൽ പറഞ്ഞാൽ, പദവി, ധനം അല്ലെങ്കിൽ വിശേഷാധികാരം എന്നിവയിലെ അസമത്വമല്ല പ്രധാനകാര്യം മറിച്ച് അവശ്യസാധനങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ, സുരക്ഷിതപാർപ്പിടം എന്നിവ ജനങ്ങൾക്ക് ലഭ്യമാകുന്നതിലെ അസമത്വമാണ് ഒരു സമൂഹത്തെ നീതിരഹിതവും അസന്തുലിതവുമാക്കുന്നത്.

### സ്വാഭാവികവും സാമൂഹികവുമായ അസമത്വങ്ങൾ (Natural and Social Inequalities)

ചിലപ്പോഴൊക്കെ രാഷ്ട്രീയസിദ്ധാന്തത്തിൽ സ്വാഭാവിക അസമത്വങ്ങളെന്നും സാമൂഹ്യനിർമിതമായ അസമത്വങ്ങളെന്നുമുള്ള വേർതിരിവുകൾ ഉണ്ടായിട്ടുണ്ട്. ജനങ്ങളുടെ കഴിവിലും പ്രതിഭയിലുമുള്ള വ്യത്യസ്തതയുടെ ഫലമായി അവർക്കിടയിൽ ഉയർന്നുവരുന്നതാണ് സ്വഭാവിക അസമത്വങ്ങൾ. അവസര സമത്വത്തിന്റെ അഭാവവും സമൂഹത്തിലെ ചില വിഭാഗങ്ങളെ മറ്റുചിലർ ചൂഷണം ചെയ്യുന്നതിന്റെ ഫലമായി ഉയർന്നുവരുന്ന സാമൂഹ്യനിർമിത അസമത്വം സ്വാഭാവിക അസമത്വത്തിൽ നിന്നും വ്യത്യസ്തമാണ്.



ജനങ്ങൾക്ക് ജന്മനാ ലഭിക്കുന്ന വ്യത്യസ്തമായ സ്വഭാവ സവിശേഷതകളുടെയും കഴിവുകളുടെയും ഫലമാണ് സ്വഭാവിക അസമത്വങ്ങൾ എന്ന് കരുതപ്പെടുന്നു. സ്വഭാവികമായ അസമത്വങ്ങളെ മാറ്റാനാവില്ല എന്ന് സാധാരണയായി അനുമാനിക്കപ്പെടുന്നു. മറിച്ച്, സാമൂഹിക അസമത്വങ്ങൾ സമൂഹം സൃഷ്ടിക്കുന്നവയാണ്. ഉദാഹരണത്തിന്, ചില സമൂഹങ്ങൾ ബൗദ്ധിക ജോലികൾ ചെയ്യുന്നവർക്ക് ശാരീരികജോലികൾ ചെയ്യുന്നവരേക്കാൾ കൂടുതൽ വില കല്പിക്കുകയും ഉയർന്നപ്രതിഫലം നല്കുകയും ചെയ്യുന്നു. വ്യത്യസ്ത വർഗത്തിലോ വർണത്തിലോ ലിംഗത്തിലോ അല്ലെങ്കിൽ ജാതിയിലോ ഉൾപ്പെട്ടവരെ ഇത്തരം സമൂഹങ്ങൾ വ്യത്യസ്തമായി പരിഗണിക്കുന്നു. ഇത്തരത്തിലുള്ള വ്യത്യാസങ്ങൾ ഒരു സമൂഹത്തിന്റെ മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്നു. ഇവയിൽ ചിലത് നീതിയുക്തമല്ലാത്തതാണെന്ന് തീർച്ചയായും നമുക്ക് ബോധ്യപ്പെടും.

ഈ വേർതിരിവ് സമൂഹത്തിലെ സ്വീകാര്യമായ അസമത്വങ്ങളെയും നീതിരഹിതമായ അസമത്വങ്ങളെയും തിരിച്ചറിയുവാൻ ചിലപ്പോഴൊക്കെ നമ്മെ സഹായിക്കുന്നു. എന്നാൽ ഇത് എല്ലായ്പ്പോഴും വ്യക്തവും സ്വതഃസിദ്ധവുമാകണമെന്നില്ല. ജനങ്ങളെ പരിഗണിക്കുന്നതിലെ ചില അസമത്വങ്ങൾ ദീർഘകാലം നിലനിൽക്കുമ്പോൾ അവ ന്യായീകരിക്കാവുന്നതാണ് എന്ന് നമുക്കു തോന്നിയേക്കാം. കാരണം അവ സ്വഭാവിക അസമത്വത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. അതായത് ഇത്തരം അസമത്വങ്ങൾ ജന്മനാ ഉള്ളതും പെട്ടെന്നു മാറ്റാൻ കഴിയാത്തതുമായ സവിശേഷതകളോടു കൂടിയതുമാണ്. ഉദാഹരണത്തിന്, 'ദുർബലർ' എന്ന് ദീർഘകാലം വിശേഷിപ്പിക്കപ്പെട്ട സ്ത്രീകളെ പ്രത്യേക സംരക്ഷണം ആവശ്യമുള്ള ഭീരുക്കളായും പുരുഷൻമാരേക്കാൾ ബുദ്ധികുറഞ്ഞവരായും കരുതിയിരുന്നു. ഇക്കാരണത്താൽ, സ്ത്രീകൾക്ക് തുല്യ അവകാശങ്ങൾ നിഷേധിക്കുന്നതിന് ന്യായീകരണമുണ്ടെന്ന് കരുതപ്പെട്ടു. ആഫ്രിക്കയിലെ കറുത്തവർഗക്കാരെ ബുദ്ധികുറഞ്ഞവരും കുട്ടിത്തം മാറാത്തവരും ശാരീരിക അധ്വാനത്തിനും, സംഗീതം, കായികമത്സരങ്ങൾ എന്നിവയ്ക്കും മാത്രം ഉചിതരും എന്നാണ് അവരുടെ കൊളോണിയൽ യജമാനൻമാർ കണക്കാക്കിയിരുന്നത്. അടിമത്തംപോലുള്ള സ്ഥാപനങ്ങളെ ന്യായീകരിക്കുവാൻ ഈ വിശ്വാസം ഉപയോഗിക്കപ്പെട്ടു. ഇത്തരം വിലയിരുത്തലുകളെല്ലാം ഇന്ന് ചോദ്യം ചെയ്യപ്പെടുന്നു. ജനങ്ങളുടെയും രാഷ്ട്രങ്ങളുടെയും അധികാരത്തിന്റെ വ്യത്യാസങ്ങൾമൂലം സമൂഹം സൃഷ്ടിച്ച വേർതിരിവുകളായിട്ടാണ് ഇവയെ ഇപ്പോൾ കാണുന്നത്. അല്ലാതെ ഇത്തരം വേർതിരിവുകൾ ജന്മസിദ്ധമായ സ്വഭാവസവിശേഷതകളുടെ അടിസ്ഥാനത്തിലുള്ളവയല്ല.

സ്വാഭാവികവ്യത്യാസങ്ങൾ എന്ന ആശയത്തെ സംബന്ധിച്ച് ഉയർന്നുവരുന്ന മറ്റൊരു സംഗതി സ്വാഭാവികമെന്ന് കരുതപ്പെടുന്ന ചില വ്യത്യാസങ്ങൾ ഇനിയൊരിക്കലും മാറ്റാനാവാത്തതായി കാണേണ്ടതില്ല എന്നതാണ്.

ഉദാഹരണത്തിന്, വൈദ്യശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും വളർച്ച ശാരീരിക പരിമിതിയുള്ള ധാരാളം ജനങ്ങളെ വളരെ കാര്യക്ഷമമായി സമൂഹത്തിൽ പ്രവർത്തിക്കുവാൻ സഹായിക്കുന്നുണ്ട്. ഇന്ന്, കമ്പ്യൂട്ടറുകൾക്ക് അന്ധരായവരെ സഹായിക്കാൻ കഴിയും. ചക്രക്കസേരകളും കൃത്രിമാവയവങ്ങളും അംഗപരിമിതിയുള്ളവരെ സഹായിക്കുന്നു. സൗന്ദര്യവർധകശസ്ത്രക്രിയ (Cosmetic Surgery) യിലൂടെ ഒരു വ്യക്തിയുടെ രൂപം പോലും മാറ്റുവാൻ കഴിയും. പ്രശസ്ത ഊർജതന്ത്രജ്ഞനായിരുന്ന സ്റ്റീഫൻ ഹോക്കിംഗിന് അനങ്ങുവാനോ സംസാരിക്കുവാനോ കഴിഞ്ഞിരുന്നില്ലെങ്കിലും അദ്ദേഹത്തിന് ശാസ്ത്രരംഗത്ത് വലിയ സംഭാവനകൾ നല്കുവാൻ കഴിഞ്ഞു. ശാരീരിക പരിമിതിയുള്ള ആളുകൾക്ക് അത് മറികടക്കുവാൻ ഉതകുന്ന സഹായങ്ങൾ നിഷേധിക്കപ്പെടുകയോ സ്വാഭാവികമായ കുറഞ്ഞ ശേഷിയുടെ അടിസ്ഥാനത്തിൽ അവർ ചെയ്യുന്ന ജോലിക്ക് ന്യായമായ വേതനം നല്കാതിരിക്കുകയോ ചെയ്യുന്നത് അനീതിയാണെന്ന് ഇന്ന് ഭൂരിപക്ഷം ആളുകളും കരുതുന്നു.

ഇത്തരം സങ്കീർണതകൾ കാരണം സ്വാഭാവിക/സാമൂഹ്യനിർമിതമായ വ്യത്യാസങ്ങൾ ഒരു സമൂഹത്തിന്റെ നിയമങ്ങളും നയങ്ങളും വിലയിരുത്തുവാനുള്ള ഒരു മാനദണ്ഡമായി ഉപയോഗിക്കുന്നത് ബുദ്ധിമുട്ടായിരിക്കും. ഈ കാരണത്താൽ ഇന്ന്, നമ്മുടെ തിരഞ്ഞെടുക്കലുകളിൽ നിന്നുമുണ്ടാകുന്ന അസമത്വവും ഒരു വ്യക്തി ജനിച്ച കുടുംബം അല്ലങ്കിൽ സാമൂഹ്യപശ്ചാത്തലം എന്നിവയുടെ അടിസ്ഥാനത്തിൽ ഉയർന്നുവരുന്ന അസമത്വവും തമ്മിൽ വ്യത്യാസപ്പെടുത്താനാണ് പല സൈദ്ധാന്തികരും ശ്രമിയ്ക്കുന്നത്. സമത്വത്തിന്റെ വക്താക്കളെ ഉത്കണ്ഠപ്പെടുത്തുന്നതും അവർ ലഘൂകരിക്കണമെന്നും ഉന്മൂലനം ചെയ്യണമെന്നും ആഗ്രഹിക്കുന്നതുമായ അസമത്വം ഇപ്പറഞ്ഞതിൽ രണ്ടാമത്തേതാണ്.

### 3.3 സമത്വത്തിന്റെ മൂന്നു മാനങ്ങൾ (Three Dimensions of Equality)

ഏതുതരത്തിലുള്ള സാമൂഹ്യവ്യത്യസ്തതകളാണ് സമൂഹത്തിൽ അസ്വീകാര്യം എന്ന കാര്യം പരിഗണിച്ചശേഷം സമൂഹത്തിൽ നാം പിന്തുടരുവാനോ നടപ്പിലാക്കുവാനോ ആഗ്രഹിക്കുന്ന സമത്വത്തിന്റെ വിവിധമാനങ്ങൾ ഏതെല്ലാമാണെന്ന് നാം കണ്ടെത്തണം. സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ അസമത്വങ്ങളെ കണ്ടെത്തിക്കൊണ്ട് വിവിധചിന്തകരും ആശയങ്ങളും സമത്വത്തിന്റെ രാഷ്ട്രീയം, സാമൂഹ്യം, സാമ്പത്തികം എന്നീ മൂന്നു പ്രധാനമാനങ്ങളെ ഉയർത്തിക്കാട്ടുകയുണ്ടായി. സമത്വത്തിന്റെ ഈ മൂന്ന് വ്യത്യസ്ത മാനങ്ങൾ ഓരോന്നിനെയും അഭിസംബോധനചെയ്തുകൊണ്ട് മാത്രമേ നമുക്ക് കൂടുതൽ നീതിപൂർവകവും സമത്വപൂർണവുമായ ഒരു സമൂഹത്തിലേക്ക് മുന്നേറാൻ കഴിയൂ.

### രാഷ്ട്രീയ സമത്വം (Political Equality)

ജനാധിപത്യസമൂഹങ്ങളിൽ സാധാരണയായി രാഷ്ട്രീയ സമത്വം എന്നാൽ രാഷ്ട്രത്തിലെ എല്ലാ അംഗങ്ങൾക്കും തുല്യമായ പൗരത്വം നൽകുന്നതാണ്. തുല്യ പൗരത്വത്തോടൊപ്പം വോട്ടവകാശം, ആവിഷ്കാരസ്വാതന്ത്ര്യം, സഞ്ചരിക്കുവാനും സംഘടിക്കാനുമുള്ള സ്വാതന്ത്ര്യം, വിശ്വാസത്തിനുള്ള സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള ചില അടിസ്ഥാനാവകാശങ്ങൾ കൂടിയുണ്ട്. ഇതിനെക്കുറിച്ച് നിങ്ങൾക്ക് പൗരത്വമെന്ന അദ്ധ്യായത്തിൽ വായിക്കാവുന്നതാണ്. സ്വയംവികാസത്തിനും രാഷ്ട്രകാര്യങ്ങളിൽ പങ്കെടുക്കുവാനും പൗരൻമാരെ പ്രാപ്തരാക്കുന്നതിന് അനിവാര്യമാണെന്ന് കരുതപ്പെടുന്നവയാണ് ഈ അവകാശങ്ങൾ. ഭരണഘടനയും നിയമങ്ങളും ഉറപ്പുനല്കുന്ന നിയമപരമായ അവകാശങ്ങളാണിവ. എല്ലാ പൗരൻമാർക്കും തുല്യാവകാശങ്ങൾ അനുവദിക്കപ്പെട്ടിരിക്കുന്ന രാജ്യങ്ങളിൽപ്പോലും കാര്യമായ അസമത്വങ്ങൾ നിലനിൽക്കുന്നു എന്ന് നമുക്കറിയാം. സാമൂഹികസാമ്പത്തികമണ്ഡലങ്ങളിൽ പൗരൻമാർക്ക് ലഭ്യമാകുന്ന വിഭവങ്ങളുടെയും അവസരങ്ങളുടെയും അന്തരമാണ് പലപ്പോഴും ഇത്തരം അസമത്വങ്ങൾക്ക് കാരണം. ഈ കാരണത്താൽ പലപ്പോഴും തുല്യ അവസരങ്ങൾക്ക് അല്ലെങ്കിൽ എല്ലാവർക്കും വിജയിക്കാനാവുന്ന തുല്യവും നീതിയുക്തവുമാകുന്ന സാഹചര്യങ്ങൾ (a level playing field) ക്കുവേണ്ടിയുള്ള ആവശ്യം ഉയർന്നുവരാറുണ്ട്. എന്നാൽ, രാഷ്ട്രീയവും നിയമപരവുമായ സമത്വം കൊണ്ട് മാത്രം നീതിയുക്തവും സമത്വപൂർണവുമായ ഒരു സമൂഹത്തെ നിർമിക്കുവാൻ കഴിയില്ല. എങ്കിലും ഇത്തരമൊരു സമൂഹത്തിന്റെ കെട്ടിപ്പടുക്കലിന് രാഷ്ട്രീയ സമത്വം ഒരു അനിവാര്യഘടകമാണെന്നുള്ള കാര്യം നമുക്ക് വിസ്മരിക്കാവുന്നതല്ല.

### സാമൂഹ്യസമത്വം (Social Equality)

രാഷ്ട്രീയസമത്വം അഥവാ നിയമത്തിനു മുമ്പിലെ സമത്വം എന്നത് സമത്വം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങളുടെ ആദ്യത്തേതും പ്രധാനപ്പെട്ടതുമായ ചുവടുവയ്പ്പാണെങ്കിലും സമത്വം നേടണമെങ്കിൽ അതിനനുബന്ധമായി അവസരസമത്വവും ഉണ്ടാകേണ്ടതാണ്. ഗവൺമെന്റിൽ തങ്ങളുടെ ശബ്ദം ഉയർത്തുവാനുള്ള ജനങ്ങളുടെ ശ്രമങ്ങളെ ഒഴിവാക്കുന്ന നിയമപരമായ തടസങ്ങൾ നീക്കംചെയ്യുന്നതിനും സാമൂഹികവിഭവങ്ങൾ ജനങ്ങൾക്ക് നിഷേധിക്കുന്നത് തടയുവാനും രാഷ്ട്രീയസമത്വം അനിവാര്യമാണ്. അതേസമയം സമത്വം സംജാതമാക്കണമെങ്കിൽ സാമൂഹികവിഭവങ്ങൾക്കും അവസരങ്ങൾക്കും വേണ്ടി മത്സരിക്കുവാനുള്ള ന്യായവും തുല്യവുമായ അവസരങ്ങൾ എല്ലാ വ്യത്യസ്ത വിഭാഗങ്ങളിലും സമുദായങ്ങളിലുംപെട്ട ജനങ്ങൾക്കുണ്ടായിരിക്കണം. ഇതിനായി സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങൾ കുറയ്ക്കുകയും മറ്റു കാര്യങ്ങൾക്കൊപ്പം മതിയായ ആരോഗ്യ പരിരക്ഷ, നല്ല വിദ്യാഭ്യാസത്തിനുള്ള അവസരം, മതിയായ പോഷകാഹാരം, നിശ്ചിത വേതനം (minimum wages) തുടങ്ങിയ അടിസ്ഥാനജീവിതസൗകര്യങ്ങൾ

## അസമത്വം വിദ്യാഭ്യാസത്തിൽ

താഴെ തന്നിരിക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്ന വിവിധസമുദായങ്ങളുടെ വിദ്യാഭ്യാസ നേട്ടത്തിലെ വ്യത്യാസങ്ങൾ പ്രാധാന്യമർഹിക്കുന്നതാണോ? ഈ വ്യത്യാസങ്ങൾ വെറും സാന്ദർഭികമായി സംഭവിക്കുന്നതാണോ? അല്ലെങ്കിൽ ജാതിസമ്പ്രദായത്തിന്റെ പ്രവർത്തനത്തെയാണോ ഈ വ്യത്യാസങ്ങൾ ചൂണ്ടിക്കാട്ടുന്നത്? ജാതിവ്യവസ്ഥയല്ലാതെ മറ്റേത് ഘടകമാണ് ഇവിടെ സ്വാധീനിക്കുന്നതായി നിങ്ങൾ മനസിലാക്കുന്നത്?

നഗര ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസത്തിലുള്ള ജാതി - സമുദായ അസമത്വങ്ങൾ

| ജാതി/സമുദായങ്ങൾ | ബിരുദധാരികൾ 1000-ൽ |
|---|---|
| പട്ടിക ജാതി | 47 |
| മുസ്ലിം | 61 |
| ഹിന്ദു - ഒ.ബി.സി | 86 |
| പട്ടിക വർഗം | 109 |
| ക്രിസ്ത്യൻ | 237 |
| സിഖ് | 250 |
| ഹിന്ദു - ഉന്നത ജാതി | 253 |
| മറ്റു മതക്കാർ | 315 |
| ഇന്ത്യയിലെ ശരാശരി | **155** |

*ഉറവിടം :*

*നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ, 55th റൗണ്ട് സർവേ 1999-2000*

സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും ഉറപ്പു നല്കുകയും വേണം. ഇത്തരം സൗകര്യങ്ങളുടെ അഭാവത്തിൽ സമൂഹത്തിലെ എല്ലാ അംഗങ്ങളും തുല്യ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മത്സരിക്കുകയെന്നത് അങ്ങേയറ്റം ദുഷ്കരമാണ്. അവസര സമത്വം ഇല്ലാത്തിടത്ത് മാനവശേഷിയുടെ മഹാസാധ്യതകൾ ഒരു സമൂഹത്തിന് നഷ്ടമായേക്കാം.

ഇന്ത്യയിൽ തുല്യ അവസരങ്ങളുമായി ബന്ധപ്പെട്ട ഒരു പ്രത്യേക പ്രശ്നം ഉത്ഭവിക്കുന്നത് സൗകര്യങ്ങളുടെ അഭാവത്തിൽ നിന്നു മാത്രമല്ല മറിച്ച് രാജ്യത്തിന്റെ വ്യത്യസ്ത മേഖലകളിൽ അല്ലങ്കിൽ, വ്യത്യസ്ത വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന ചില ആചാരങ്ങളിൽ നിന്നു കൂടിയാണ്. ഉദാഹരണത്തിന്, ചില വിഭാഗങ്ങൾക്കിടയിൽ പാരമ്പര്യസ്വത്തിന് സ്ത്രീകൾക്ക് തുല്യാവകാശമില്ല അല്ലങ്കിൽ ചിലതരം പ്രവൃത്തികളിൽ ഏർപ്പെടുവാൻ സ്ത്രീകൾക്ക് സാമൂഹ്യ വിലക്കുകളുണ്ട്. ഉന്നത വിദ്യാഭ്യാസം നേടുന്നതിൽ നിന്നുപോലും സ്ത്രീകളെ നിരുൽസാഹപ്പെടുത്തുന്നു. ഇക്കാര്യങ്ങളിൽ രാഷ്ട്രത്തിനു ചില പ്രധാനപ്പെട്ട ഇടപെടലുകൾ നടത്താവുന്നതാണ്. പൊതുസ്ഥലങ്ങളിലും തൊഴിലിടങ്ങളിലും സ്ത്രീകൾക്ക് നേരെ ഉണ്ടാകുന്ന വിവേചനങ്ങളും പീഡനങ്ങളും തടയുവാനും അവരുടെ ഉന്നമനത്തിനായി സ്ത്രീ വിദ്യാഭ്യാസം, ചില പ്രത്യേകതൊഴിലുകൾ എന്നിവ ആരംഭിക്കുവാനുമുള്ള നയങ്ങളും അതിനു രൂപീകരിക്കാവുന്നതാണ്. സ്ത്രീകളെ ബോധവത്കരിക്കുന്നതിലും തങ്ങളുടെ അവകാശങ്ങൾ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നവരെ പിന്തുണയ്ക്കുന്നതിലും സാമൂഹികസംഘടനകൾക്കും വ്യക്തികൾക്കും വലിയ പങ്കുവഹിക്കാനുണ്ട്.

## സാമ്പത്തികസമത്വം (Eonomic Equality)

ലളിതമായി പറഞ്ഞാൽ സമ്പത്ത്, ആസ്തി, വരുമാനം എന്നിവയിൽ ഒരു സമൂഹത്തിലെ വ്യക്തികൾ തമ്മിലോ വർഗങ്ങൾ തമ്മിലോ കാര്യമായ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ ആ സമൂഹത്തിൽ സാമ്പത്തിക അസമത്വം നിലനിൽക്കുന്നു എന്ന് നമുക്ക് പറയാം. ഒരു സമൂഹത്തിലെ സാമ്പത്തിക അസമത്വത്തിന്റെ തോത് അളക്കുവാനുള്ള ഒരു മാർഗം ആ സമൂഹത്തിലെ ഏറ്റവും ധനികരും ഏറ്റവും ദരിദ്രരും തമ്മിലുള്ള സാമ്പത്തിക വ്യത്യാസം താരതമ്യം ചെയ്യുകയെന്നതാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്ന ജനങ്ങളുടെ എണ്ണം കണക്കാക്കുകയെന്നതാണ് മറ്റൊരു മാർഗം. സമ്പത്തിന്റെ അല്ലെങ്കിൽ വരുമാനത്തിന്റെ സമ്പൂർണസമത്വം ഒരു സമൂഹത്തിലും നിലനിന്നിരുന്നില്ല എന്നത് തീർച്ചയാണ്. ഭൂരിപക്ഷം ജനാധിപത്യരാഷ്ട്രങ്ങളും ഇന്ന് ജനങ്ങൾക്ക് തുല്യാവസരങ്ങൾ ലഭ്യമാക്കുവാൻ ശ്രമിക്കുന്നതിന്റെ കാരണം അത്തരം ശ്രമങ്ങൾ ചുരുങ്ങിയപക്ഷം കഴിവും ഇച്ഛാശക്തിയുമുള്ളവർക്ക് അവരുടെ സാഹചര്യങ്ങളെ മെച്ചപ്പെടുത്തുവാനുള്ള അവസരം നൽകുമെന്ന വിശ്വാസത്താലാണ്. തുല്യാവസരങ്ങൾ ഉണ്ടെങ്കിലും വ്യക്തികൾക്കിടയിലെ അസമത്വങ്ങൾ തുടർന്നും നിലനിൽക്കും എന്നാൽ തുല്യാവസരങ്ങൾ നൽകപ്പെടുമ്പോൾ, മതിയായ പരിശ്രമത്തിലൂടെ വ്യക്തികൾക്ക് സമൂഹത്തിലെ സ്വന്തം നില മെച്ചപ്പെടുത്തുവാനുള്ള സാധ്യതയുണ്ടായിരിക്കും.

ഉറച്ച അസമത്വങ്ങൾ അഥവാ തലമുറകളായി മാറ്റമൊന്നും സംഭവിക്കാതെ നിലനിൽക്കുന്ന അസമത്വങ്ങൾ ഒരു സമൂഹത്തിന് കൂടുതൽ ആപത്കരമാണ്. ഒരു സമൂഹത്തിലെ ചില വർഗത്തിൽപ്പെട്ട ജനങ്ങൾ തലമുറകളായി കാര്യമായ സമ്പത്തും അതോടൊപ്പമുള്ള അധികാരവും അനുഭവിച്ചുവരുകയാണെങ്കിൽ ആ സമൂഹം അധികാര വർഗങ്ങളിൽപ്പെട്ടവരെന്നും തലമുറകളായി ദരിദ്രരായ ജനങ്ങൾ എന്നുമുള്ള രീതിയിൽ വിഭജിക്കപ്പെട്ടിരിക്കും. കാലം കഴിയുമ്പോൾ ഇത്തരം വർഗവ്യത്യാസങ്ങൾ എതിർപ്പിന്റെയും അക്രമത്തിന്റെയും ഉയിർപ്പിന് കാരണമാകും. സമ്പന്നവർഗത്തിന്റെ ശക്തി കാരണം അത്തരം ഒരു സമൂഹത്തെ കൂടുതൽ തുറന്നതും സമത്വപൂർണവുമാക്കി പരിഷ്കരിക്കുക എന്നത് ശ്രമകരമാണ്.

**നമുക്ക് ചർച്ച ചെയ്യാം**

സൈന്യത്തിലെ പോരാട്ട വിഭാഗങ്ങളിൽ (Combat Unit) ചേരുവാനും ഉന്നത സ്ഥാനങ്ങൾ നേടുവാനും സ്ത്രീകൾക്ക് അവസരം നല്കണം.

നമ്മുടെ കാലത്തെ രണ്ട് പ്രധാന രാഷ്ട്രീയ ആദർശവാദങ്ങളാണ് മാർക്സിസവും ഉദാരവാദവും. പ്രധാന സാമ്പത്തികവിഭവങ്ങളായ എണ്ണ, ഭൂമി, വനം അഥവാ അതുപോലെതന്നെ മറ്റു രൂപത്തിലുള്ള ആസ്തികൾ എന്നിവയുടെ സ്വകാര്യ ഉടമസ്ഥതയാണ് ആഴത്തിൽ വേരോടിയ അസമത്വത്തിന്റെ മൂലകാരണമെന്ന് പത്തൊമ്പതാം നൂറ്റാണ്ടിലെ പ്രധാന ചിന്തകനായ മാർക്സ് വാദിച്ചു.

READ A CARTOON

Racial Inequality in the United States




A DREAM DEFERRED

*യു.എസിലെ വംശീയാസമത്വത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുക. നമ്മുടെ രാജ്യത്തെ ഏതു വിഭാഗം, അല്ലെങ്കിൽ വിഭാഗങ്ങളാണ് സമാനമായ അസമത്വം കൊണ്ട് ബുദ്ധിമുട്ടനുഭവിക്കുന്നത്? ഈ അസമത്വം ലഘൂകരിക്കുവാൻ യു.എസിൽ ഏതു തരത്തിലുള്ള നടപടികൾ സ്വീകരിക്കപ്പെട്ടു? അവരുടെ അനുഭവത്തിൽ നിന്നും പഠിക്കേണ്ടതായി എന്തെങ്കിലുമുണ്ടോ? നമ്മുടെ അനുഭവത്തിൽ നിന്നും അവർക്കെന്തെങ്കിലും പഠിക്കാൻ കഴിയുമോ?*

ഇത്തരത്തിലുള്ള സ്വകാര്യ ഉടമസ്ഥത ഉടമകളെ സമ്പന്നരാക്കി എന്നുമാത്രമല്ല അവർക്ക് രാഷ്ട്രീയാധികാരം കൂടി ലഭ്യമാക്കി എന്ന് മാർക്സ് ചൂണ്ടിക്കാട്ടി. ഇത്തരം അധികാരം രാഷ്ട്രത്തിന്റെ നയങ്ങളെയും നിയമങ്ങളെയും സ്വാധീനിക്കുവാൻ അവരെ പ്രാപ്തരാക്കുന്നു. ഇത് ജനാധിപത്യഭരണകൂടത്തിന് ഒരു ഭീഷണിയാണ്. പദവിയിലുള്ള വ്യത്യാസങ്ങൾ, വിശേഷാധികാരം (privileges) തുടങ്ങിയ സാമൂഹികാസമത്വങ്ങൾക്ക് കാരണം സാമ്പത്തികാസമത്വമാണെന്ന് മാർക്സിസ്റ്റുകളും സോഷ്യലിസ്റ്റുകളും വാദിക്കുന്നു. അതുകൊണ്ട്, സമൂഹത്തിലെ അസമത്വത്തെ കൈകാര്യം ചെയ്യണമെങ്കിൽ തുല്യാവസരങ്ങൾ പ്രദാനം ചെയ്യുക എന്നതിനപ്പുറത്തേക്ക് അവശ്യവിഭവങ്ങളുടെയും വിവിധ തരം ആസ്തികളുടെയും പൊതു ഉടമസ്ഥത ഉറപ്പുവരുത്തുന്നതിനായി ശ്രമിക്കേണ്ടതാണ്. ഇത്തരം കാഴ്ചപ്പാടുകൾ സംവാദങ്ങൾക്ക് വഴിതെളിയ്ക്കാമെങ്കിലും അവ ഉയർത്തുന്ന പ്രശ്നങ്ങൾ പരിഗണനാർഹമാണ്.

ഇതിനെതിരായൊരു കഴ്ചപ്പാട് ഉദാരവാദ സിദ്ധാന്തങ്ങളിൽ കാണുവാൻ സാധിക്കും. സമൂഹത്തിൽ വിഭവങ്ങളും പ്രതിഫലവും വിതരണം ചെയ്യുവാനുള്ള ഏറ്റവും കാര്യക്ഷമവും ന്യായവുമായ മാർഗം മത്സരത്തിന്റെ തത്വം ആണെന്ന വാദം ഉദാരവാദികൾ ഉയർത്തുന്നു. എല്ലാവർക്കും ഒരു നിശ്ചിതജീവിതനിലവാരവും തുല്യാവസരങ്ങളും ഉറപ്പാക്കുവാൻ രാഷ്ട്രം ഇടപെടേണ്ടതുണ്ടെങ്കിലും അതുകൊണ്ടുമാത്രം സമൂഹത്തിലേക്ക് സമത്വവും നീതിയും കൊണ്ടുവരുവാൻ സാധിക്കില്ലെന്ന് അവർ വിശ്വസിക്കുന്നു. സ്വാതന്ത്ര്യവും ന്യായവുമായ

**നമുക്ക് ചെയ്തു പഠിക്കാം**

നിങ്ങളുടെ സ്വന്തം സ്കൂളിലെ വിദ്യാർത്ഥികൾക്കിടയിൽ നിങ്ങൾ കാണുന്ന സാമൂഹികവും സാമ്പത്തികവുമായ എല്ലാ അസമത്വങ്ങളുടെയും ഒരു പട്ടിക തയാറാക്കുക.

### സ്ത്രീപക്ഷവാദം (Feminism)



സ്ത്രീയ്ക്കും പുരുഷനും തുല്യാവകാശങ്ങളെന്ന രാഷ്ട്രീയസിദ്ധാന്തമാണ് സ്ത്രീപക്ഷവാദം. സമൂഹത്തിൽ പുരുഷൻമാർക്കും സ്ത്രീകൾക്കും ഇടയിലുള്ള അസമത്വങ്ങളിൽ പലതും സ്വാഭാവികമോ അനിവാര്യമോ അല്ലെന്നും പുരുഷൻമാർക്കും സ്ത്രീകൾക്കും സ്വാതന്ത്ര്യവും തുല്യവുമായ ജീവിതം നയിക്കുവാൻ കഴിയുന്ന വിധത്തിൽ ഈ അസമത്വങ്ങളെ മാറ്റാൻ കഴിയുമെന്നും വിശ്വസിക്കുന്ന പുരുഷന്മാരും സ്ത്രീകളുമാണ് സ്ത്രീപക്ഷവാദികൾ.

സ്ത്രീപക്ഷവാദികളുടെ അഭിപ്രായത്തിൽ, സ്ത്രീകളും പുരുഷൻമാരും തമ്മിലുള്ള സമൂഹത്തിലെ അസമത്വം പിതൃമേധാവിത്വ (Patriarchy) വ്യവസ്ഥയുടെ ഫലമാണ്. പുരുഷൻമാർക്ക് സ്ത്രീകളെക്കാൾ മൂല്യം കല്പിക്കുന്ന, പുരുഷൻമാർക്ക് സ്ത്രീകളുടെ മേൽ അധികാരം നല്കുന്ന ഒരു സാമൂഹിക, സാമ്പത്തിക, സംസ്കാരികസംവിധാനത്തെയാണ് ഈ പ്രയോഗം സൂചിപ്പിക്കുന്നത്. പുരുഷൻമാരും സ്ത്രീകളും പ്രകൃത്യാ തന്നെ വ്യത്യസ്തരാണെന്നും ഈ വ്യത്യാസം സമൂഹത്തിലെ അവരുടെ തുല്യമല്ലാത്ത പദവികളെ ന്യായികരിക്കുന്നുവെന്നുമുള്ള സങ്കൽപ്പത്തെ അടിസ്ഥാനമാക്കിയുള്ളതാണ് പുരുഷാധിപത്യക്രമം. പുരുഷൻമാരും സ്ത്രീകളും തമ്മിലുള്ള ജീവശാസ്ത്രപരമായ വ്യത്യാസത്തെ സൂചിപ്പിക്കുന്ന ലിംഗഭേദ (sex) വും പുരുഷൻമാത്രമല്ല സ്ത്രീകളും സമൂഹത്തിൽ വഹിക്കേണ്ട വ്യത്യസ്തമായ പങ്കുകളെ നിർണയിക്കുന്ന ലിംഗപദവി (gender) യും തമ്മിലുള്ള ഒരു വേർതിരിവ് നടത്തിക്കൊണ്ട് സ്ത്രീപക്ഷവാദികൾ പുരുഷാധിപത്യചിന്തകളെ ചോദ്യം ചെയ്യുന്നു. ഉദാഹരണത്തിന് ഗർഭം ധരിക്കുവാനും പ്രസവിക്കുവാനും സ്ത്രീകൾക്കു മാത്രമേ കഴിയു എന്ന ജീവശാസ്ത്രവസ്തുത കുഞ്ഞുങ്ങൾ ജനിച്ചശേഷം അവരെ പരിപാലിക്കേണ്ടതിന്റെ ഉത്തരവാദിത്വം സ്ത്രീകൾക്ക് മാത്രമാണെന്ന് അർഥമാക്കുന്നില്ല. സ്ത്രീകളും പുരുഷൻമാരും തമ്മിലുള്ള അസമത്വത്തിന്റെ ഏറിയപങ്കും പ്രകൃത്യാ ഉള്ളതല്ലെന്നും സമൂഹം സൃഷ്ടിച്ചതാണെന്നും സ്ത്രീപക്ഷവാദികൾ നമുക്ക് കാണിച്ചുതരുന്നു.

പിതൃമേധാവിത്വ വ്യവസ്ഥാക്രമം സ്ത്രീകൾ സ്വകാര്യ (private) വും ഗാർഹിക (domestic) വുമായ കാര്യങ്ങൾക്ക് ഉത്തരവാദപ്പെട്ടവരും പുരുഷൻമാർ 'പൊതു' (Public) ഇടങ്ങളിലെ ജോലികൾക്ക് ഉത്തരവാദിത്തമുള്ളവരും ആണ് എന്ന ഒരു തൊഴിൽ വിഭജന (division of labour) ത്തെ സൃഷ്ടിക്കുന്നു. മിക്ക സ്ത്രീകളും 'പൊതു' ഇടങ്ങളിലും സജീവമായി പ്രവർത്തിക്കുന്നു എന്ന യാഥാർത്ഥ്യത്തെ ചൂണ്ടിക്കാട്ടി സ്ത്രീ പക്ഷവാദികൾ ഈ വിവേചനത്തെ ചോദ്യം ചെയ്യുന്നു.



അതായത്, ലോകത്തെമ്പാടുമുള്ള മിക്ക സ്ത്രീകളും വീടിനുപുറത്തുള്ള ഏതെങ്കിലും തരത്തിലുള്ള ജോലികളിൽ ഏർപ്പെടുന്നുണ്ടെങ്കിലും, കുടുംബജോലികളുടെ പൂർണ ഉത്തരവാദിത്വവും സ്ത്രീകളുടേതുമാത്രമായി തുടർന്നുവരുന്നു. 'ഇരട്ട ഭാരം' (double burden) എന്നാണ് ഇതിനെ സ്ത്രീപക്ഷവാദികൾ വിശേഷിപ്പിക്കുന്നത്. ഈ ഇരട്ടഭാരം ചുമക്കുമ്പോഴും പൊതു ഇടങ്ങളിൽ എടുക്കുന്ന തീരുമാനങ്ങളിൽ അഭിപ്രായം പറയുവാൻ സ്ത്രീകൾക്കുള്ള അവകാശം നാമമാത്രമാണ്. സ്ത്രീപക്ഷവാദികൾ, ഈ പൊതു/സ്വകാര്യവേർതിരിവിനെയും എല്ലാത്തരത്തിലുമുള്ള ലിംഗ അസമത്വങ്ങളെയും അപലപിക്കുകയും ഇത്തരം കാര്യങ്ങൾ ഉൻമൂലനം ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

സാഹചര്യങ്ങളിൽ ജനങ്ങൾ തമ്മിലുള്ള മത്സരമാണ് ഒരു സമൂഹത്തിൽ പ്രതിഫലങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഏറ്റവും നീതിയുക്തവും കാര്യക്ഷമവുമായ മാർഗം. ഉദാരവാദികളുടെ അഭിപ്രായത്തിൽ, മത്സരം തുറന്നതും സ്വതന്ത്രവുമായിരിക്കുന്നിടത്തോളം കാലം അസമത്വങ്ങൾ ഉറച്ചുപോകുവാൻ ഇടയില്ല. മാത്രമല്ല, ജനങ്ങൾക്ക് അവരുടെ കഴിവിനും പ്രയത്നത്തിനും തക്ക പ്രതിഫലം ലഭിക്കുകയും ചെയ്യും.

ഉദാരവാദികളുടെ അഭിപ്രായത്തിൽ മത്സരത്തിന്റെ തത്വമാണ് ജോലികൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നടത്തുവാൻ പരീക്ഷാർത്ഥികളെ തിരഞ്ഞെടുക്കുന്നതിലുള്ള ഏറ്റവും ന്യായവും ഫലപ്രദവുമായ മാർഗം. ഉദാഹരണത്തിന്, നമ്മുടെ രാജ്യത്ത് പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവർ നിരവധിയാണ്. എന്നാൽ ഈ കോഴ്സുകൾക്കുള്ള പ്രവേശനത്തിന് കടുത്ത മത്സരമാണുള്ളത്. മത്സരിക്കുവാൻ എല്ലാവർക്കും ന്യായവും തുല്യവുമായ അവസരം ലഭ്യമാക്കുന്നതിനുവേണ്ടി കാലാകാലങ്ങളിൽ വിദ്യാഭ്യാസസ്ഥാപനങ്ങളെയും പ്രവേശനപ്പരീക്ഷകളെയും നിയന്ത്രിക്കുവാൻ ഗവൺമെന്റുകളും കോടതികളും ഇടപെട്ടിട്ടുണ്ട്. ചിലർക്ക് അപ്പോഴും പ്രവേശനം ലഭിക്കണമെന്നില്ല. എന്നിരുന്നാലും പരിമിതമായ സീറ്റുകൾ ന്യായമായ രീതിയിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു മാർഗമായി മത്സരത്തെ കണക്കാക്കുന്നു.

സോഷ്യലിസ്റ്റുകളിൽനിന്ന് വ്യത്യസ്തമായി രാഷ്ട്രീയ, സാമൂഹിക, സാമ്പത്തികാസമത്വങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഉദാരവാദികൾ വിശ്വസിക്കുന്നില്ല. ഈ ഓരോ മണ്ഡലങ്ങളിലുമുള്ള അസമത്വങ്ങളെ അനുയോജ്യമായ വിധത്തിൽ കൈകാര്യം ചെയ്യണമെന്ന് അവർ വാദിക്കുന്നു. അതുകൊണ്ട്, രാഷ്ട്രീയസമത്വം നല്കുവാൻ ജനാധിപത്യത്തിന് കഴിയുമെങ്കിലും സാമ്പത്തികാസമത്വങ്ങളെയും സാമൂഹ്യവ്യത്യാസങ്ങളെയും മറികടക്കുന്നതിന് വിവിധ മാർഗങ്ങൾ സ്വീകരിക്കേണ്ടത് ആവശ്യമാണ്. ഉദാരവാദികളെ സംബന്ധിച്ചിടത്തോളം മുഖ്യമായ പ്രശ്നം കേവലമായ അസമത്വമല്ല മറിച്ച് വ്യക്തികളെ അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിൽ നിന്ന് തടയുന്ന അന്യായവും ആഴത്തിൽ വേരോടിയിരിക്കുന്നതുമായ അസമത്വങ്ങളാണ്.

### സോഷ്യലിസം

വ്യാവസായികമുതലാളിത്തസമ്പദ്വ്യവസ്ഥയിൽ നിലനിൽക്കുന്നതും ഈ വ്യവസ്ഥയാൽ തന്നെ പുനർനിർമിക്കപ്പെടുന്നതുമായ അസമത്വങ്ങളോടുള്ള പ്രതികരണമെന്ന നിലയിൽ ഉയർന്നുവന്ന ഒരു കൂട്ടം രാഷ്ട്രീയ ആശയങ്ങളെയാണ് സോഷ്യലിസം സൂചിപ്പിക്കുന്നത്. നിലവിലുള്ള അസമത്വങ്ങളെ എങ്ങനെ കുറയ്ക്കാമെന്നും വിഭവങ്ങളെ എങ്ങനെ നീതിപൂർവമായി വിതരണം ചെയ്യാമെന്നുള്ളതാണ് സോഷ്യലിസത്തിന്റെ പ്രധാന ചിന്തകൾ. സോഷ്യലിസത്തിന്റെ വക്താക്കൾ കമ്പോളവ്യവസ്ഥയ്ക്ക് പൂർണമായും എതിരല്ലെങ്കിലും വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പ്രഥമപരിഗണന അർഹിക്കുന്ന

മേഖലകളിൽ ഗവൺമെന്റിന്റെ ചില തരത്തിലുള്ള നിയന്ത്രണങ്ങളെയും ആസൂത്രണത്തെയും ഇവർ അനുകൂലിക്കുന്നു.

ഇന്ത്യയിലെ പ്രമുഖസോഷ്യലിസ്റ്റുചിന്തകനായ റാംമനോഹർ ലോഹ്യ, ഒരേപോലെ എതിർക്കപ്പെടേണ്ട അഞ്ചുതരം അസമത്വങ്ങളെ ചൂണ്ടിക്കാട്ടി: സ്ത്രീപുരുഷ അസമത്വം, തൊലിയുടെ നിറം നോക്കിയുള്ള അസമത്വം, ജാതിയുടെ അടിസ്ഥാനത്തിലുള്ള അസമത്വം, ചില രാജ്യങ്ങളുടെ മേൽ മറ്റുചില രാജ്യങ്ങളുടെ കോളനിവാഴ്ച അതുപോലെതന്നെ സാമ്പത്തിക അസമത്വവും. ഇന്ന് എല്ലാവർക്കും വ്യക്തമായി അറിയാവുന്ന ആശയങ്ങളാണിവ. എന്നാൽ ലോഹ്യയുടെ കാലത്ത്, എതിർത്തുപോരാടേണ്ട ഏക അസമത്വം വർഗ അസമത്വമാണെന്ന് വാദിക്കുന്നത് സോഷ്യലിസ്റ്റുകളുടെ ഇടയിൽ സർവ സാധാരണമായിരുന്നു. മറ്റ് അസമത്വങ്ങൾ കാര്യമാക്കേണ്ടതില്ലെന്നും അല്ലെങ്കിൽ സാമ്പത്തിക അസമത്വം അവസാനിപ്പിക്കുന്നതോടെ അവയെല്ലാം സ്വാഭാവികമായി ഇല്ലാതായിക്കൊള്ളുമെന്നും അവർ വിശ്വസിച്ചു. എന്നാൽ ഈ അസമത്വങ്ങൾക്കെല്ലാം സ്വതന്ത്രമായ വേരുകളുണ്ടെന്നും അവ ഓരോന്നിനെയും പ്രത്യേകമായും ഒന്നിച്ചും ഒരേസമയം പോരാടി തോല്പിക്കേണ്ടതുണ്ടെന്നും ലോഹ്യ വാദിച്ചു. ഏകപക്ഷീയമായി അദ്ദേഹം വിപ്ലവത്തെക്കുറിച്ച് സംസാരിച്ചിട്ടില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഈ അഞ്ച് അസമത്വങ്ങൾക്കെതിരായ പോരാട്ടം അഞ്ച് വിപ്ലവങ്ങളായിരൂപപ്പെട്ടു. ഈ വിപ്ലവങ്ങൾക്കൊപ്പം മറ്റ് രണ്ട് വിപ്ലവങ്ങൾകൂടി അദ്ദേഹം കൂട്ടിച്ചേർത്തു. സ്വകാര്യജീവിതത്തിൽമേലുള്ള അന്യായമായ കയ്യേറ്റങ്ങൾക്കെതിരെയുള്ള പൗരസ്വാതന്ത്ര്യവിപ്ളവവും, സത്യാഗ്രഹത്തിനനുകൂലമായി ആയുധങ്ങൾ പരിത്യജിക്കുന്നതിനുവേണ്ടിയുള്ള അഹിംസാ വിപ്ലവവും. ഇതൊക്കെയാണ് സോഷ്യലിസത്തിന്റെ ആദർശങ്ങളായി ലോഹ്യ പറഞ്ഞ ഏഴ് വിപ്ലവങ്ങൾ അഥവാ 'സപ്തക്രാന്തി'.

## 4. എങ്ങനെ നമുക്ക് സമത്വത്തെ പരിപോഷിപ്പിക്കാം? (How can We Promote Equality?)

സമത്വമെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഏറ്റവും അഭികാമ്യമായ മാർഗത്തെക്കുറിച്ച് സോഷ്യലിസ്റ്റുകളുടെയും ഉദാരവാദികളുടെയും ഇടയിൽ നിലനിൽക്കുന്ന ചില അടിസ്ഥാനവ്യത്യാസങ്ങളെക്കുറിച്ച് നാം കണ്ടുകഴിഞ്ഞു. ഈ കാഴ്ചപ്പാടുകളുടെ ഗുണദോഷങ്ങളെക്കുറിച്ച് ലോകമെമ്പാടും ചർച്ചചെയ്യുമ്പോൾ സമത്വത്തെ പിന്തുടരുന്നതിന് ഏതെല്ലാം തത്വങ്ങളും നയങ്ങളുമാണ് പരിഗണിക്കേണ്ടതെന്ന് നാം ഇനിയും പരിശോധിക്കേണ്ടതുണ്ട്. പ്രത്യേകമായി, സമത്വം സ്ഥാപിക്കുക എന്ന ലക്ഷ്യത്തിലേക്കായി അനുകൂലാത്മക നടപടികൾ (Affirmative Action) ഉപയോഗിക്കുന്നത് ന്യായീകരിക്കാവുന്നതാണോ എന്ന് നാം പരിശോധിക്കണം. ഈ വിഷയം അടുത്തകാലത്ത് ധാരാളം വിവാദങ്ങൾ ഉയർത്തിയിട്ടുണ്ട്. തുടർന്നുവരുന്ന ഭാഗത്ത് ഈ വിഷയം നാം ചർച്ച ചെയ്യും.

## ഔപചാരികസമത്വം സ്ഥാപിക്കൽ (Establishing Formal Equality)

അസമത്വത്തിന്റേയും വിശേഷാധികാരങ്ങളുടെയും ഔപചാരികവ്യവസ്ഥ അവസാനിപ്പിക്കുക എന്നതാണ് സമത്വസ്ഥാപനത്തിന്റെ ആദ്യഘട്ടം. ആചാരങ്ങളാലും നിയമവ്യവസ്ഥകളാലും ലോകമെമ്പാടും സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക അസമത്വങ്ങൾ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഇത് സമൂഹത്തിലെ ചില വിഭാഗങ്ങളെ ചിലതരത്തിലുള്ള അവസരങ്ങളും പ്രതിഫലങ്ങളും അനുഭവിക്കുന്നതിൽ നിന്നും തടയുന്നു. നിരവധി രാഷ്ട്രങ്ങളിൽ ദരിദ്രജനങ്ങൾക്ക് വോട്ടവകാശം നല്കിയിട്ടില്ല. പല തൊഴിലുകളിലും പ്രവൃത്തികളിലും ഏർപ്പെടുന്നതിന് സ്ത്രീകളെ അനുവദിക്കുന്നില്ല. ഇന്ത്യയിലെ ജാതി സമ്പ്രദായം 'താഴ്ന്ന' ജാതിയിൽപ്പെട്ടവരെ കായികാധ്വാനം ഒഴികെ മറ്റൊന്നും ചെയ്യുവാൻ അനുവദിച്ചിരുന്നില്ല. നിരവധി രാജ്യങ്ങളിൽ ചില കുടുംബങ്ങളിൽപ്പെട്ടവർക്ക് മാത്രമേ ഉന്നതസ്ഥാനങ്ങൾ വഹിക്കുവാൻ കഴിയുകയുള്ളൂ.

സമത്വം നേടണമെങ്കിൽ ഇത്തരത്തിലുള്ള എല്ലാ വിലക്കുകളും അല്ലെങ്കിൽ വിശേഷാധികാരങ്ങളും അവസാനിപ്പിക്കേണ്ടതുണ്ട്. ഈ അസമത്വങ്ങളിൽ ഒട്ടുമിക്കതിനും നിയമസാധുത ഉള്ളതിനാൽ സമത്വം സ്ഥാപിക്കണമെങ്കിൽ ഗവൺമെന്റും രാജ്യത്തെ നിയമങ്ങളും അസമത്വവ്യവസ്ഥയെ സംരക്ഷിക്കുന്നത് അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. ഇതാണ് നമ്മുടെ ഭരണഘടന ചെയ്യുന്നത്. മതം, വർഗം, ജാതി, ലിംഗം അല്ലങ്കിൽ ജന്മസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനങ്ങളെ ഭരണഘടന നിരോധിച്ചിരിക്കുന്നു. അതുപോലെ നമ്മുടെ ഭരണഘടന തൊട്ടുകൂടായ്മയെയും നിർമാർജനം ചെയ്തിരിക്കുന്നു. ഒട്ടുമിക്ക ആധുനിക ഭരണഘടനകളും ജനാധിപത്യഗവൺമെന്റുകളും സമത്വം എന്ന തത്വം ഔപചാരികമായി അംഗീകരിക്കുകയും ജാതി, വർഗ, മത അല്ലെങ്കിൽ ലിംഗ പരിഗണനകളില്ലാതെ എല്ലാ പൗരൻമാർക്കും നിയമത്താലുള്ള തുല്യപരിഗണനയായി ഈ തത്വത്തെ കൈകൊള്ളുകയും ചെയ്തിട്ടുണ്ട്.

## വ്യത്യസ്തപരിഗണനയിലൂടെ സമത്വം (Equality Through Different Treatment)

എന്നിരുന്നാലും, നാം മുമ്പ് സൂചിപ്പിച്ചതുപോലെ, ഔപചാരികസമത്വം അഥവാ നിയമത്തിനു മുമ്പിലെ സമത്വം ആവശ്യമാണെങ്കിലും സമത്വം എന്ന തത്ത്വത്തിന്റെ സാക്ഷാത്കാരത്തിന് ഇത് പര്യാപ്തമല്ല. ജനങ്ങൾക്ക് തുല്യ അവകാശങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കാൻ ചിലപ്പോൾ ജനങ്ങളെ വ്യത്യസ്തമായി പരിഗണിക്കേണ്ടിവരും. ഇതിനായി ജനങ്ങൾക്കിടയിലെ ചില വ്യത്യാസങ്ങൾ കണക്കിലെടുക്കേണ്ടിവരും. ഉദാഹരണത്തിന്, അംഗപരിമിതിയുള്ളവർ പൊതുകെട്ടിടങ്ങളിൽ പ്രവേശിക്കുന്നതിനുള്ള തുല്യാവസരം ലഭിക്കുവാൻ വേണ്ടി അവിടെ പ്രത്യേകവഴികൾ (ramps) ന്യായമായും ആവശ്യപ്പെട്ടേക്കാം. രാത്രി കാലങ്ങളിൽ കോൾ സെന്ററുകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾ അവരുടെ ജോലി

ചെയ്യുവാനുള്ള തുല്യാവകാശത്തിന്റെ സംരക്ഷണത്തിലേക്കായി ജോലി സ്ഥലത്തേക്കും തിരിച്ചും പ്രത്യേകസംരക്ഷണം ആവശ്യപ്പെട്ടേക്കാം. ഇത്തരം കാര്യങ്ങളെ സമത്വത്തിന്റെ ലംഘനങ്ങളായിട്ടല്ല മറിച്ച് സമത്വത്തിന്റെ വിപുലീക രണമായിട്ടാണ് കാണേണ്ടത്.

തുല്യാവസരങ്ങൾ സാധ്യമാക്കുന്നതിന് ഏതു തരത്തിലുള്ള വേർതിരി വുകളാണ് തടസമാകുന്നത്, അത്തരം തടസങ്ങളെ മറികടക്കുവാൻ ഏത് തരം നയങ്ങളാണ് പിന്തുടരേണ്ടത് എന്നീ ചോദ്യങ്ങളാണ് ഇന്ന് ഒട്ടുമിക്ക സമൂഹ ങ്ങളിലും ചർച്ചചെയ്യപ്പെടുന്നത്. അവസരസമത്വം വിപുലീകരിക്കുവാനായി ചില രാജ്യങ്ങൾ അനുകൂലാത്മകനടപടികൾ നയങ്ങൾ ആയി ഉപയോഗിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്ത് നാം ആശ്രയിച്ചിരിക്കുന്നത് സംവരണ നയത്തെയാണ്. തുടർന്നുവരുന്ന ഭാഗത്ത്, അനുകൂലാത്മകനടപടികൾ എന്ന ആശയത്തെക്കുറിച്ചും ആ ചട്ടക്കൂടിനുള്ളിലെ പ്രത്യേക നയങ്ങൾ ഉയർത്തിയ ചില വിഷയങ്ങ ളെക്കുറിച്ചും മനസിലാക്കുവാൻ നാം ശ്രമിക്കും.




## അനുകൂലാത്മക നടപടി (Affirmative Action)

നിയമംകൊണ്ട് മാത്രം ഔപചാരികസമത്വം സ്ഥാപിക്കുവാനാകില്ല എന്ന ആശയം അടിസ്ഥാനമാക്കിയുള്ളതാണ് അനുകൂലാത്മക നടപടി. ആഴത്തിൽ വേരുകളുള്ള അസമത്വങ്ങളെ ഉന്മൂലനം ചെയ്യണമെന്ന് നാം ആഗ്രഹിക്കുമ്പോൾ, അടിയുറച്ചിരിക്കുന്ന

തരത്തിലുള്ള സാമൂഹികാസമത്വങ്ങളെ കുറയ്ക്കുവാനും ഇല്ലായ്മ ചെയ്യുവാനുമുള്ള കുറെയധികം ക്രിയാത്മകനടപടികൾ സ്വീകരിക്കുക എന്നത് ആവശ്യമാണ്. മുൻകാലത്ത് നിലനിന്നിരുന്ന കൊടിയ അസമത്വങ്ങളുടെ ആഘാതങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി രൂപകല്പന ചെയ്യപ്പെട്ടവയാണ് അനുകൂലാത്മക നടപടികളുടെ ഒട്ടുമിക്ക നയങ്ങളും.

**നമുക്കിത് ചെയ്യാം**

വിവിധതരം ശാരീരിക പരിമിതിയുള്ള വിദ്യാർത്ഥികൾക്ക് മറ്റേതൊരു വിദ്യാർത്ഥിയെയും പോലെ പഠിക്കുവാൻ ആവശ്യമായ എല്ലാ സൗകര്യങ്ങളുടെയും ഒരു പട്ടിക തയാറാക്കുക. ഇവയിൽ ഏതൊക്കെ സൗകര്യങ്ങളാണ് നിങ്ങളുടെ സ്കൂളിലുള്ളത്?

അനുകൂലാത്മക നടപടികൾ പലരൂപത്തിൽ നടപ്പിലാക്കാൻ കഴിയും. പിന്നോക്കസമുദായങ്ങൾക്ക് ഹോസ്റ്റലുകൾ, സ്കോളർഷിപ്പുകൾ തുടങ്ങിയ മുൻഗണനാ ചിലവഴിക്കൽ മുതൽ തൊഴിലിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുമുള്ള പ്രവേശനത്തിന് നല്കുന്ന പ്രത്യേക പരിഗണനവരെ ഇതിന്റെ രൂപങ്ങളാണ്. ദുർബലവിഭാഗങ്ങൾക്ക് അവസരസമത്വം നല്കുന്നതിനുവേണ്ടി ജോലിയിലും വിദ്യാഭ്യാസത്തിലും 'ക്വോട്ടാ' അഥവാ സീറ്റ് സംവരണം എന്ന നയമാണ് നമ്മുടെ രാജ്യത്ത് നാം സ്വീകരിച്ചിരിക്കുന്നത്. ഈ നയം കാര്യമായ സംവാദത്തിനും എതിർപ്പുകൾക്കും വിധേയമായി കൊണ്ടിരിക്കുന്നു. സമൂഹത്തിലെ ചില വിഭാഗങ്ങൾ സാമൂഹ്യ മുൻവിധികളുടെയും വിവേചനത്തിന്റെയും ഫലമായി ഒറ്റപ്പെടുത്തലിന്റെയും പാർശ്വവല്ക്കരിക്കപ്പെടലിന്റെയും രൂപത്തിൽ ഇരകളാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. മുൻകാലങ്ങളിൽ ദുരിതമനുഭവിക്കുകയും തുല്യാവസരങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്ത ഈ സമുദായങ്ങൾക്ക് പെട്ടെന്ന് മറ്റുള്ളവരോട് തുല്യാടിസ്ഥാനത്തിൽ മത്സരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കരുത്. ആയതിനാൽ, സമത്വാധിഷ്ഠിതവും നീതിപൂർവകവുമായ ഒരു സമൂഹത്തെ സൃഷ്ടിക്കുക എന്ന താല്പര്യം മുൻനിർത്തി, ഈ വിഭാഗങ്ങൾക്ക് പ്രത്യേക സംരക്ഷണവും സഹായവും നൽകേണ്ടതാണ്.

അനുകൂലാത്മകനടപടിയുടെ രൂപത്തിലുള്ള പ്രത്യേകസഹായം താൽക്കാലികമോ സമയബന്ധിതമോ ആണ്. ലഭിക്കുന്ന പ്രത്യേകപരിഗണന ഈ സമുദായങ്ങളെ അവരുടെ നിലവിലുള്ള അപര്യാപ്തതകൾ അതിജീവിക്കുവാൻ പ്രാപ്തരാക്കുമെന്നും അതിനുശേഷം മറ്റുള്ളവരോടൊപ്പം തുല്യസാഹചര്യത്തിൽ മത്സരിക്കാൻ കഴിവുള്ളവരാക്കുമെന്നുമാണ് അനുമാനം. സമൂഹത്തെ കൂടുതൽ സമത്വമുള്ളതാക്കാൻ അനുകൂലാത്മക നടപടിനയങ്ങൾ സഹായിക്കുന്നുവെങ്കിലും നിരവധി സൈദ്ധാന്തികർ ഇതിനെ എതിർക്കുന്നു. ജനങ്ങളെ വ്യത്യസ്തമായി പരിഗണിക്കുന്നതിലൂടെ എന്നെങ്കിലും സമൂഹത്തിനു കൂടുതൽ സമത്വത്തിലേക്ക് എത്തിച്ചേരാനാകുമോ എന്ന് അവർ ചോദിക്കുന്നു.

ക്രിയാത്മകവിവേചനങ്ങളെ, പ്രത്യേകിച്ച് സംവരണനയങ്ങളെ വിമർശിക്കുന്നവർ സമത്വത്തെ ഇത്തരം നയങ്ങൾക്കെതിരെ വാദിക്കുവാനായി ഉപയോഗിക്കുന്നു. ദുർബലജനവിഭാഗങ്ങൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് അല്ലെങ്കിൽ ജോലികൾക്ക് സംവരണം അഥവാ ക്വോട്ടകൾ പോലുള്ള ഏതൊരു വ്യവസ്ഥയും ഏർപ്പെടുത്തുന്നത് സമൂഹത്തിലെ മറ്റുവിഭാഗങ്ങളുടെ തുല്യ പരിഗണനയ്ക്കുവേണ്ടിയുള്ള അവരുടെ അവകാശത്തെ ഏകപക്ഷീയമായി നിഷേധിക്കുന്നതിനാൽ അനീതിയാണെന്നും അവർ വാദിക്കുന്നു. സംവരണമെന്നത് ഒരു തരം പ്രതിലോമവിവേചനമാണെന്നും ഇത് സമത്വത്തെ ചോദ്യം ചെയ്യുകയും നിഷേധിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളോടൊപ്പം തുടരുകയും ചെയ്യുന്നു എന്ന് അവർ അഭിപ്രായപ്പെടുന്നു. എല്ലാവരെയും ഒരേപോലെ പരിഗണിക്കുന്നതാണ് തുല്യതയെന്നും ജാതിയുടെയും നിറത്തിന്റെയും അടിസ്ഥാനത്തിൽ വ്യക്തികൾ തമ്മിലുള്ള വേർതിരിവ് നാം സൃഷ്ടിക്കുമ്പോൾ ജാതി - വർഗ മുൻവിധികളെ നാം ബലപ്പെടുത്തുകയാണ് ചെയ്യുന്നതെന്നും ഈ വിമർശകർ വാദിക്കുന്നു. നമ്മുടെ സമൂഹത്തെ വിഭജിക്കുന്ന സാമൂഹ്യ വ്യത്യാസങ്ങൾ ഒഴിവാക്കുകയെന്നതാണ് ഈ സൈദ്ധാന്തികരെ സംബന്ധിച്ചടത്തോളം പ്രധാനകാര്യം.

ഈ ചർച്ചയുടെ പശ്ചാത്തലത്തിൽ, രാഷ്ട്രനയത്തിന്റെ മാർഗനിർദേശകതത്വത്തെ നിലവിലുള്ള സമത്വവും വ്യക്തികളുടെ തുല്യാവകാശങ്ങൾ എന്ന നിലയിലുള്ള സമത്വവും തമ്മിൽ ഒരു വേർതിരിവ് നടത്തുന്നത് ഉചിതമാണ്. വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്കും പൊതുമേഖലാ ഉദ്യോഗങ്ങളിലേക്കുമുള്ള പ്രവേശനത്തിന് തുല്യപരിഗണന ലഭിക്കുന്നതിന് വ്യക്തികൾക്ക് അവകാശമുണ്ട്. എന്നാൽ അതിനുള്ള മത്സരം നീതിപൂർവകമായിരിക്കണം. ചിലപ്പോൾ അവഗണന നേരിടുന്ന ജനവിഭാഗങ്ങൾ പരിമിതമായ സീറ്റുകൾക്കും ഉദ്യോഗങ്ങൾക്കും വേണ്ടി മത്സരിക്കുമ്പോൾ അത് അവർക്ക് ഗുണകരമല്ലാതായേക്കാം. മാതാപിതാക്കളും പൂർവ്വികരും നിരക്ഷരരായിരുന്ന ഒരു ആദ്യതലമുറ പഠിതാവിന്റെ ആവശ്യങ്ങളും സാഹചര്യങ്ങളും വിദ്യാസമ്പന്നകുടുംബങ്ങളിൽ ജനിച്ചവരിൽ നിന്നും വളരെ വ്യത്യസ്തമാണ്. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ ജനങ്ങൾ അവർ ദളിതരോ, സ്ത്രീകളോ അല്ലെങ്കിൽ മറ്റേതെങ്കിലും വിഭാഗത്തിൽപ്പെട്ടവരോ ആയിക്കൊള്ളട്ടെ, ചില പ്രത്യേക സഹായം അർഹിക്കുന്നവരും ലഭിക്കേണ്ടവരുമാണ്. ഈ സഹായം നൽകുന്നതിനു വേണ്ടി, ഇത്തരം വിഭാഗങ്ങളിലെ ജനങ്ങളെ മറ്റുള്ളവർക്ക് തുല്യമാക്കുന്നതിനും അവർക്ക് മറ്റുള്ളവരോട് മത്സരിക്കുവാനുമുള്ള ഒരു ന്യായമായ അവസരം ലഭ്യമാക്കുവാനുമായി രാഷ്ട്രം സാമൂഹ്യനയങ്ങൾ രൂപകല്പന ചെയ്യേണ്ടതുണ്ട്.

**നമുക്ക് ചർച്ച ചെയ്യാം**

പട്ടിക ജാതി - പട്ടിക വർഗക്കാർക്കായുള്ള അനുകൂലാത്മക നടപടി നയങ്ങൾ സ്വകാര്യ വിദ്യഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിലേക്കും നീട്ടണം.

വിദ്യാഭ്യാസ, ആരോഗ്യപരിപാലനമണ്ഡലങ്ങളിൽ പിന്നോക്കജനതയ്ക്ക് അർഹതപ്പെട്ടതിനേക്കാൾ കുറവുമാത്രമേ ഇന്ത്യയിൽ നൽകപ്പെട്ടിട്ടുള്ളൂ എന്നത് വാസ്തവമാണ്. സ്കൂൾവിദ്യാഭ്യാസത്തിൽ അസമത്വങ്ങൾ രൂക്ഷമാണ്. ഗ്രാമീണ മേഖലയിലെയും നഗരങ്ങളിലെ ചേരികളിലെയും ദരിദ്രരായ കുട്ടികൾക്ക് സ്കൂളിൽ പോകുന്നതിനുള്ള അവസരം ഇല്ല. അഥവാ സ്കൂളിൽ പോകുവാനുള്ള അവസരം കിട്ടിയാൽ തന്നെ, മുന്തിയ സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവരുടെ സ്കൂളുകളിൽ യാതൊരു സൗകര്യങ്ങളുമില്ല. കുട്ടികൾ സ്കൂളുകളിൽ പ്രവേശിക്കുന്നതിലെ അസമത്വങ്ങൾ അവരുടെ യോഗ്യതകൾ മെച്ചപ്പെടുത്തുന്നതിനുള്ള അല്ലെങ്കിൽ നല്ല ഉദ്യോഗങ്ങൾ ലഭിക്കുന്നതിനുള്ള സാധ്യതകളെ ഇല്ലാതാക്കുന്നു. പ്രത്യേക പരിശീലനത്തിന് പണം നല്കുവാൻ മാർഗമില്ലാത്തതിനാൽ ഈ വിദ്യാർഥികൾക്ക് മുന്തിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിന് തടസങ്ങൾ നേരിടുന്നു. പ്രൊഫഷണൽ കോഴ്സുകളുടെ ഫീസും ഇവരെ തടയുവാൻ തക്കവണ്ണം ഉയർന്നതായിരിക്കും. തത്ഫലമായി കൂടുതൽ ഉയർന്ന വിഭാഗങ്ങളുമായി തുല്യനിലയിൽ മത്സരിക്കുവാൻ അവർക്ക് കഴിയില്ല.

ഇത്തരത്തിലുള്ള സാമൂഹിക, സാമ്പത്തിക അസമത്വങ്ങൾ തുല്യാവസരങ്ങൾക്കുവേണ്ടിയുള്ള ശ്രമങ്ങളെ തടയുന്നു. ഇന്ന് എല്ലാ സൈദ്ധാന്തികരും ഇത് തിരിച്ചറിയുന്നു. തുല്യാവസരം എന്ന ലക്ഷ്യത്തിന്റെ പേരിലല്ല, മറിച്ച് ഈ ലക്ഷ്യം നേടുന്നതിനുവേണ്ടി രാഷ്ട്രം പിന്തുടരുന്ന നയങ്ങളുടെ പേരിലാണ് അവർ തർക്കിക്കുന്നത്. പിന്നോക്കസമുദായങ്ങൾക്കു വേണ്ടി രാഷ്ട്രം സീറ്റുകൾ സംവരണം ചെയ്യുകയാണോ വേണ്ടത് അതോ അവരുടെ കഴിവുകളും വൈദഗ്ധ്യങ്ങളും വികസിപ്പിക്കുവാൻ സഹായകരമായ പ്രത്യേകസൗകര്യങ്ങൾ ചെറുപ്രായത്തിലേ അവർക്ക് നൽകുകയാണോ വേണ്ടത്? ആരാണ് അവഗണിക്കപ്പെട്ടവർ എന്ന് നാം എങ്ങനെയാണ് നിർവചിക്കുക? അവഗണിക്കപ്പെട്ടവരെ നിശ്ചയിക്കുവാൻ ഒരു സാമ്പത്തികമാനദണ്ഡമാണോ നാം ഉപയോഗിക്കേണ്ടത്? അതോ നമ്മുടെ രാജ്യത്തെ ജാതിവ്യവസ്ഥയാൽ ഉയരുന്ന സാമൂഹികാസമത്വങ്ങളെ ഈ വിഭാഗങ്ങളെ നിശ്ചയിക്കുവാനുള്ള അടിസ്ഥാനം എന്ന നിലയിൽ നാം ഉപയോഗിക്കണമോ? ഇവയെല്ലാമാണ് ഇന്ന് സംവാദത്തിന് വിധേയമാക്കപ്പെടുന്ന സാമൂഹിക നയത്തിന്റെ വശങ്ങൾ. ആത്യന്തികമായി, നാം തെരഞ്ഞെടുത്ത ആശയങ്ങൾ സമൂഹത്തെ കൂടുതൽ സമത്വപൂർണ്ണവും നീതിപൂർവകവും ആക്കുന്നതിൽ എത്രമാത്രം വിജയിച്ചു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം അവ ന്യായീകരിക്കപ്പെടേണ്ടത്.

സമത്വമെന്ന പ്രശ്നത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ എല്ലാവരെയും ഒരേപോലെ പരിഗണിക്കുന്നതും എല്ലാവരെയും തുല്യരായി പരിഗണിക്കുന്നതും തമ്മിൽ വേർതിരിച്ച് കാണണം. ചില സന്ദർഭങ്ങളിൽ എല്ലാവരെയും തുല്യരായി പരിഗണിക്കുന്നതിന് വ്യത്യസ്തപരിഗണന ആവശ്യമായേക്കാം. എന്നാൽ, അത്തരം സാഹചര്യങ്ങളിലെല്ലാം സമത്വം പ്രോത്സാഹിപ്പിക്കുന്നതിനാണ് പ്രഥമപരിഗണന. വ്യത്യ

സ്തമോ സവിശേഷമോ ആയ പരിചരണത്തെ സമത്വമെന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുവാനായായി പരിഗണിച്ചേക്കാം. എന്നാൽ ഇതിന് ന്യായീകരണവും ശ്രദ്ധാപൂർവമായ ആലോചനയും ആവശ്യമാണ്. വ്യത്യസ്തസമുദായങ്ങൾക്ക് വ്യത്യസ്ത പരിഗണന എന്നത് ജാതിവ്യവസ്ഥ, വർണ്ണവിവേചനം പോലുള്ള സമ്പ്രദായങ്ങൾ എന്നിവയുടെ അഭിവാജ്യഘടകമായതിനാൽ ഉദാരവാദികൾ സാധാരണയായി എല്ലാവർക്കും ഒരേപോലുള്ള പരിഗണന എന്ന മാനദണ്ഡത്തിൽനിന്നു വ്യതിചലിക്കുന്നതിനെ എതിർക്കുന്നു.

സമത്വ സ്ഥാപനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ അധികവും സ്ത്രീപ്രസ്ഥാനങ്ങൾ ഉയർത്തികൊണ്ടുവന്നതാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ സ്ത്രീകൾ തുല്യാവകാശങ്ങൾക്കുവേണ്ടി പോരാടി. ഉദാഹരണത്തിന് വോട്ടവകാശം, സർവകലാശാലകളിൽ നിന്നും കോളേജുകളിൽനിന്നും ബിരുദങ്ങൾ നേടുവാനുള്ള അവകാശം, തൊഴിൽ ചെയ്യുവാനുള്ള അവകാശം അതായത് സമൂഹത്തിൽ പുരുഷൻമാർക്കുള്ള അതേ അവകാശങ്ങൾക്കായി അവർ ആവശ്യമുന്നയിച്ചു. എന്നാൽ തൊഴിൽവിപണിയിൽ അവർ പ്രവേശിച്ചപ്പോൾ, ഈ അവകാശങ്ങൾ ഉപയോഗിക്കണമെങ്കിൽ സ്ത്രീകൾക്ക് പ്രത്യേകസൗകര്യങ്ങൾ ആവശ്യമാണെന്ന് അവർ മനസിലാക്കി. ഉദാഹരണത്തിന്, പ്രസവാവധിയും ജോലിസ്ഥലത്ത് ശിശുപരിപാലനകേന്ദ്രങ്ങളും പോലുള്ള ചില വ്യവസ്ഥകൾ സ്ത്രീകൾക്കും ആവശ്യമുണ്ട്. ഇത്തരത്തിലുള്ള പ്രത്യേകപരിഗണനകൾ ഇല്ലാതെ അവർക്ക് തൊഴിലിനുവേണ്ടി കാര്യമായി മത്സരിക്കുവാനോ ഒരു വിജയകരമായ ഔദ്യോ



**നമുക്ക് ചിന്തിക്കാം**

ഇനിപറയുന്ന സാഹചര്യങ്ങൾ പരിഗണിക്കുക. ഇതിലേതിലെങ്കിലും പ്രത്യേകവും വ്യത്യസ്തവുമായ പരിഗണന ന്യായീകരിക്കുന്നുണ്ടോ?

- തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് പ്രസവാവധി വേണം.
- കാഴ്ചശക്തിയില്ലാത്ത രണ്ട് വിദ്യാർഥികൾക്ക് പ്രത്യേക ഉപകരണങ്ങൾ വാങ്ങുവാനായി ഒരു സ്കൂൾ പണം ചെലവഴിക്കണം.
- ഗീത മികച്ച ബാസ്കറ്റ് ബോൾ കളിക്കാരിയാണ്. അതിനാൽ സ്കൂൾ ഒരു ബാസ്കറ്റ് ബോൾ കോർട്ട് അവൾക്കായി നിർമിച്ചു നല്കണം. അതുവഴി അവൾക്ക് കളിയിലെ നൈപുണ്യം വർധിപ്പിക്കാനാകും.
- സ്കൂളിൽ ജീത്ത് ശിരോവസ്ത്രം ധരിക്കണമെന്ന് അവന്റെ രക്ഷിതാക്കൾ ആഗ്രഹിക്കുന്നു അതുപോലെ, വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് ഇർഫാൻ പ്രാർഥിക്കണമെന്ന് അവന്റെ രക്ഷിതാക്കളും ആഗ്രഹിക്കുന്നു. ഈ കാരണത്താൽ ക്രിക്കറ്റ് കളിക്കുമ്പോൾ സ്കൂൾ ജീത്തിനെ ഹെൽമറ്റ് ധരിക്കുവാൻ നിർബന്ധിക്കുവാൻ പാടില്ല. അതുപോലെതന്നെ വെള്ളിയാഴ്ച ഉച്ചതിരിഞ്ഞുള്ള പ്രത്യേക ക്ലാസുകൾക്ക് വേണ്ടി നിൽക്കുവാൻ ഇർഫാനോടും അവന്റെ ടീച്ചർ ആവശ്യപ്പെടരുത്.

ഗിക ജീവിതമോ വ്യക്തിജീവിതമോ അനുഭവിക്കുവാൻ കഴിയില്ല. മറ്റൊരുതരത്തിൽ പറഞ്ഞാൽ പുരുഷൻമാരുടെ അതേ അവകാശങ്ങൾ തന്നെ സ്ത്രീകൾക്കും അനുഭവിക്കണമെങ്കിൽ അവരെ ചില സന്ദർഭങ്ങളിൽ വ്യത്യസ്തമായി പരിഗണിക്കേണ്ടതുണ്ട്.

സമത്വവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോഴും ഒരു പ്രത്യേകവിഷയത്തിൽ വ്യത്യസ്തപരിഗണന അനുവദനീയമാണോ എന്ന് പരിശോധിക്കുമ്പോഴും ഒരു വിഭാഗം ആളുകൾക്ക് സമൂഹത്തിലെ മറ്റ് അംഗങ്ങൾക്ക് ലഭിക്കുന്ന അവകാശങ്ങളെല്ലാം ഉറപ്പാക്കുവാൻ വ്യത്യസ്തപരിഗണന അത്യാവശ്യമാണോയെന്ന് നാം നിരന്തരം ചിന്തിക്കണം. വ്യത്യസ്ത പരിഗണന മേധാവിത്വത്തിന്റെയും അടിച്ചമർത്തലിന്റെയും പുതിയ ഘടനകളെ സൃഷ്ടിക്കാതിരിക്കാനും അല്ലെങ്കിൽ സമൂഹത്തിൽ ചില മേധാവിത്വ വിഭാഗങ്ങൾക്കുള്ള പ്രത്യേകാവകാശത്തെയും അധികാരത്തെയും ഊട്ടിയുറപ്പിക്കുവാനുള്ള മാർഗമായി മാറാതിരിക്കുവാനും ശ്രദ്ധ നൽകണം. നീതിയുക്തവും സമത്വപൂർണവുമായ ഒരു സമൂഹത്തെ വളർത്തിയെടുക്കുന്നതിനുള്ള ഒരു മാർഗമെന്ന നിലയിൽ മാത്രമാണ് വ്യത്യസ്തപരിഗണനകൊണ്ട് ഉദ്ദേശിക്കുന്നതും അത് ന്യായീകരിക്കപ്പെടുന്നതും.

# അഭ്യാസം

1. ചിലയാളുകൾ അസമത്വം സ്വഭാവികമാണെന്ന് വാദിക്കുമ്പോൾ മറ്റു ചിലർ സമത്വമാണ് സ്വഭാവികമായതെന്നും നമ്മുടെ ചുറ്റുപാടും നാം കാണുന്ന അസമത്വങ്ങൾ സാമൂഹ്യസൃഷ്ടിയാണെന്നും സമർഥിക്കുന്നു. ഇതിൽ ഏത് കാഴ്ചപ്പാടിനെയാണ് നിങ്ങൾ അനുകൂലിക്കുന്നത്? കാരണങ്ങൾ നൽകുക.

2. സമ്പൂർണ്ണ സാമ്പത്തികസമത്വം സാധ്യമോ അഭിലഷിണീയമോ അല്ലെന്നൊരു കാഴ്ചപ്പാടുണ്ട്. സമൂഹത്തിലെ സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം കുറയ്ക്കുവാൻ ശ്രമിക്കുക എന്നതുമാത്രമാണ് ഒരു സമൂഹത്തിന് ചെയ്യാൻ കഴിയുക എന്ന് വാദിക്കപ്പെടുന്നു. നിങ്ങൾ ഈ കാഴ്ചപ്പാടിനോട് യോജിക്കുന്നുവോ?

3. താഴെപ്പറയുന്ന ആശയങ്ങളെ അനുയോജ്യമായ ഉദാഹരണങ്ങളുമായി ചേർക്കുക.

| | | | |
|---|---|---|---|
| a. അനുകൂലാത്മക നടപടി | i) | പ്രായപൂർത്തിയായ എല്ലാ പൗരൻമാർക്കും വോട്ടുചെയ്യുന്നതിനുള്ള അവകാശമുണ്ട്. |
| b. അവസരസമത്വം | ii) | മുതിർന്ന പൗരൻമാർക്ക് ബാങ്കുകൾ ഉയർന്നപലിശ നല്കണം. |
| c. തുല്യാവകാശങ്ങൾ | iii) | എല്ലാ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം ലഭിക്കണം. |

4. പാർശ്വവൽക്കരിക്കപ്പെട്ട ചെറുകിട കർഷകർക്ക് വിപണിയിൽ നിന്നും നല്ല വില ലഭിക്കുന്നില്ലെന്ന് കർഷകരുടെ പ്രശ്നങ്ങളെക്കുറിച്ചുള്ള ഒരു ഗവൺമെന്റ് റിപ്പോർട്ട് പറയുന്നു. കൂടുതൽ മെച്ചപ്പെട്ട വില ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് ഇടപെടണമെന്നും എന്നാൽ അത് പാർശ്വവത്കരിക്കപ്പെട്ട ചെറുകിട കർഷകർക്കുവേണ്ടി മാത്രമാകണമെന്നും ഈ റിപ്പോർട്ട് ശുപാർശ ചെയ്യുന്നു. ഈ നിർദ്ദേശം സമത്വ തത്ത്വങ്ങളുമായി ഒത്തുപോകുന്നതാണോ?

5. താഴെത്തന്നിരിക്കുന്നവയിൽ ഏതൊക്കെയാണ് സമത്വ തത്ത്വത്തെ ലംഘിക്കുന്നത്? എന്തുകൊണ്ട്?

   a) ക്ലാസിലെ ഓരോ കുട്ടിയും നാടകത്തിലെ അവരുടെ വാചകങ്ങൾ ഊഴമനുസരിച്ച് വായിക്കും.

   b) കാനഡ ഗവൺമെന്റ് രണ്ടാം ലോകയുദ്ധത്തിന്റെ അവസാനം മുതൽ 1960 വരെ വെള്ളക്കാരായ യൂറോപ്യൻമാരെ കാനഡയിലേക്ക് കുടിയേറുവൻ പ്രോത്സാഹിപ്പിച്ചു.

   c) മുതിർന്ന പൗരന്മാർക്കായി പ്രത്യേക റെയിൽവേ റിസർവേഷൻ കൗണ്ടർ ഉണ്ട്.

   d) ചില വനപ്രദേശങ്ങളിലേക്കുള്ള പ്രവേശനം ചില ഗോത്ര സമൂഹങ്ങൾക്കു മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

6. സ്ത്രീകളുടെ വോട്ടവകാശത്തെ അനുകൂലിക്കുന്ന ചില വാദമുഖങ്ങൾ ഇവിടെത്തന്നിരിക്കുന്നു. ഇവയിൽ ഏതൊക്കെയാണ് സമത്വമെന്ന ആശയവുമായി ചേർന്നു പോകുന്നത്? കാരണങ്ങൾ നല്കുക.

   a) സ്ത്രീകൾ നമ്മുടെ അമ്മമാരാണ്. അവർക്ക് വോട്ടവകാശം നിഷേധിച്ച് അവരെ നാം അപമാനിക്കരുത്.

   b) ഗവൺമെന്റ് തീരുമാനങ്ങൾ പുരുഷൻമാരെയും സ്ത്രീകളെയും ബാധിക്കും. അതുകൊണ്ട് ഭരണാധികാരികളെ തിരഞ്ഞെടുക്കുന്നതിൽ അവർക്കും പങ്കുണ്ടാകണം.

   c) സ്ത്രീകൾക്ക് വോട്ടവകാശം നല്കാത്തത് കുടുംബത്തിൽ സ്വരച്ചേർച്ചയില്ലായ്മയ്ക്ക് കാരണമാകും.

   d) മാനവരാശിയുടെ പകുതിയും സ്ത്രീകളാണ്. അവർക്ക് വോട്ടവകാശം നിഷേധിച്ചുകൊണ്ട് നിങ്ങൾക്ക് അവരെ ദീർഘകാലം അധീനതയിലാക്കി വയ്ക്കുവാൻ സാധിക്കുകയില്ല.

U2M3A3

# അധ്യായം 4

# സാമൂഹ്യനീതി (SOCIAL JUSTICE)



## അവലോകനം

സ്നേഹത്തിന്റെ വിവിധ അർഥതലങ്ങൾ എന്തെന്ന് വിശദീകരിക്കാൻ കഴിയാത്തപ്പോഴും അതിൽ അന്തർലീനമായിരിക്കുന്നത് എന്തെന്ന് നമുക്ക് മനസിലാക്കാനാകും. അതുപോലെ തന്നെ നീതി (Justice) എന്നത് നമുക്ക് കൃത്യമായി നിർവചിക്കാൻ കഴിയാത്തപ്പോഴും അതിലടങ്ങിയിരിക്കുന്നത് എന്താണെന്ന് നമുക്ക് തിരിച്ചറിയാനാകും. ആ അർഥത്തിൽ നീതി ഏറെക്കുറെ സ്നേഹം പോലെ തന്നെയാണ്. സ്നേഹവും നീതിയും അവയുടെ പ്രയോക്താക്കളിൽ നിന്നും ഉൽക്കടമായ പ്രതികരണത്തെ ഉണ്ടാക്കുന്നു. സ്നേഹത്തെപ്പോലെ നീതിയേയും ആരും വെറുക്കുന്നില്ല. തനിക്ക് നീതി ലഭ്യമാകണം എന്നതുപോലെ ഒരു പരിധി വരെ മറ്റുള്ളവർക്കും അത് ലഭിക്കണമെന്ന് ഓരോരുത്തരും ആഗ്രഹിക്കുന്നു. സമൂഹത്തിലെ പരസ്പരം അറിയാവുന്ന കുറച്ചു വ്യക്തികൾ തമ്മിലുള്ള ബന്ധത്തിലെ ഘടകമാണ് സ്നേഹമെങ്കിൽ നീതിയാകട്ടെ അതിൽ നിന്നും വിഭിന്നമായി നമ്മുടെ സാമൂഹികജീവിതത്തെ സംബന്ധിച്ചുള്ളതാണ്. നമ്മുടെ സാമൂഹികജീവിതം ചിട്ടപ്പെടുത്തുന്നതും പൊതു സമ്പത്തും സാമൂഹിക ഉത്തരവാദിത്വങ്ങളും സമൂഹത്തിലെ മറ്റംഗങ്ങൾക്ക് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള തത്വമാണ് നീതി. നീതിയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് രാഷ്ട്രീയത്തിൽ അതീവപ്രധാന്യമാണുള്ളത്.

ഈ അധ്യായത്തിലൂടെ കടന്നുപോകുമ്പോൾ നിങ്ങൾക്ക് താഴെപ്പറയുന്ന കാര്യങ്ങൾ മനസിലാക്കാൻ കഴിയും.

- വിവിധകാലഘട്ടങ്ങളിൽ വ്യത്യസ്ത സമൂഹങ്ങൾ മുന്നോട്ടുവച്ച നീതിയെ സംബന്ധിച്ച തത്ത്വങ്ങൾ.
- വിതരണാത്മകനീതി (Distributive Justice) എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നതെന്ന്.
- നീതിപൂർവമായ സമൂഹം എന്നത് എല്ലാ അംഗങ്ങളുടെയും താല്പര്യങ്ങളെ ഉൾക്കൊള്ളുന്നതും യുക്തിയുടെ അടിസ്ഥാനത്തിൽ പ്രതിരോധിക്കാൻ കഴിയുന്നതുമായിരിക്കണം എന്ന ജോൺ റോൾസിന്റെ വാദം ചർച്ച ചെയ്യുക

## 4.1 എന്താണ് നീതി (WHAT IS JUSTICE)

നീതിയെ വിവിധതരത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടെങ്കിലും എല്ലാ സംസ്കാരങ്ങളും പാരമ്പര്യങ്ങളും അതുമായി ബന്ധപ്പെട്ട ചോദ്യങ്ങളെ കൈകാര്യം ചെയ്യുവാൻ പരിശ്രമിച്ചിട്ടുണ്ട്. ഉദാഹരണമായി, പൗരാണികഭാരതസംസ്കാരം നീതിയെ ധർമ്മവു (Dharma)മായി ബന്ധപ്പെടുത്തിയാണ് കണ്ടിരുന്നത്. ധർമ്മത്തെ അല്ലെങ്കിൽ നീതിയിലധിഷ്ഠതമായ ഒരു സാമൂഹികക്രമത്തെ കാത്തുസൂക്ഷിക്കുക എന്നതായിരുന്നു രാജാവിന്റെ പ്രഥമമായ ഉത്തരവാദിത്ത്വം. തിന്മ ചെയ്യുന്നവരെ ശിക്ഷിച്ചുകൊണ്ടും നന്മ ചെയ്യുന്നവർക്ക് പാരിതോഷികം നല്കിയും രാജാവ് നീതി നടപ്പിലാക്കണം എന്ന് പ്രശ്സ്ത ചൈനീസ്തത്ത്വചിന്തകനായ കൺഫ്യൂഷ്യസ് വാദിച്ചിരുന്നു. ബി. സി. നാലാം നൂറ്റാണ്ടിൽ ഏഥൻസ് (Greece)ലെ തത്ത്വചിന്തകനായ പ്ലേറ്റോ നീതിയുടെ പ്രശ്നങ്ങളെ സംബന്ധിച്ച് തന്റെ പുസ്തകമായ 'ദി റിപ്പബ്ലിക്ക്'ൽ (The Republic) ചർച്ച ചെയ്തിട്ടുണ്ട്. സോക്രട്ടീസും അദ്ദേഹത്തിന്റെ യുവസുഹൃത്തുക്കളായ ഗ്ലൂക്കോണും അഡയ്മെന്റസും തമ്മിലുള്ള ദീർഘമായ സംഭാഷണത്തിലൂടെ നമ്മൾ എന്തുകൊണ്ട് നീതിയെക്കുറിച്ച് ആശങ്കപ്പെടണം എന്ന് ഇതിൽ വിശദമാക്കിയിരിക്കുന്നു. തങ്ങൾ എന്തുകൊണ്ട് നീതിമാന്മാരായിരിക്കണം എന്ന് കൂടി ഈ ചെറുപ്പക്കാർ സോക്രട്ടീസിനോട് ചോദിക്കുന്നു. സമൂഹത്തിൽ പലപ്പോഴും നീതി പ്രവർത്തിക്കുന്നവരെക്കാൾ കൂടുതൽ ഭേദപ്പെട്ട അവസ്ഥയിൽ എത്തിച്ചേരുന്നത് അനീതി പ്രവർത്തിക്കുന്നവരാണെന്ന് അവർ നിരീക്ഷിക്കുന്നു. സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി നിയമങ്ങൾ വളച്ചൊടിക്കുന്നവരും നികുതി നല്കാത്തവരും നുണയൻമാരും വഞ്ചകരുമാണ് നീതിമാൻമാരെക്കാളും സത്യസന്ധൻമാരെക്കാളും മിക്കപ്പോഴും വിജയിച്ചുകാണുന്നത്. പിടിക്കപ്പെടാതിരിക്കാൻ വൈദഗ്ധ്യമുള്ള വിധത്തിൽ അനീതി പ്രവർത്തിക്കാൻ കഴിഞ്ഞാൽ അതാണ് നീതിമാനായിരിക്കുന്നതിനെക്കാൾ നല്ലതെന്ന് തോന്നിപ്പിക്കും. ഇത്തരത്തിൽ അഭിപ്രായം പ്രകടിപ്പിക്കുന്നവരെ ഇപ്പോൾപ്പോലും നിങ്ങൾക്ക് സമൂഹത്തിൽ കാണാനാകും.

> അവർപറയുന്നു. 'സ്വാഭാവികമായി ത്തന്നെ നീതി പ്രവർത്തിക്കുന്നതാണ് ശരി,അതു തന്നെയാണ് നന്മ, എന്നാൽ തിന്മയാണ് നന്മയെക്കാൾ കൂടുതൽ. മനുഷ്യൻ രണ്ടും (നന്മയും തിന്മയും) പ്രവർത്തിക്കുകയും അനീതിക്ക് വിധേയമാകുകയും നന്മയും തിന്മയും അനുഭവിക്കുകയും ചെയ്യുമ്പോൾ ഒന്നിനെ ഒഴിവാക്കി ഒന്നിനെ മാത്രം സ്വീകരിക്കാൻ കഴിയണമെന്നില്ല. അവർ ചിന്തിക്കുന്നു; അവരുടെ ഇടയിൽ നല്ല യോജിപ്പ് ഉണ്ടാകണം. പരസ്പരധാരണയിലൂടെ ചട്ടങ്ങളും മറ്റുനിയമങ്ങളും ഉയർന്നുവന്നാലും, നിയമപ്രകാരം ക്രമീകരിച്ച അഥവാ നീതിയുക്തവും ശരിയുമാണ് അത്.
> (ഗ്ലൂക്കോൺ 'ദ റിപ്പബ്ലിക്' എന്ന പുസ്തകത്തിൽ സോക്രട്ടീസിനോട്)

എല്ലാവരും അനീതി പുലർത്തുന്നവരും സ്വന്തം താല്പര്യങ്ങൾക്ക് വേണ്ടി നിയമങ്ങളെ വളച്ചൊടിക്കുന്നവരുമാണെങ്കിൽ ആർക്കും അനീതിയിലൂടെ നേട്ടമുണ്ടാക്കാനാവില്ല എന്ന് സോക്രട്ടീസ് ഈ യുവാക്കളെ ഓർമപ്പെടുത്തുന്നു. ആരും സുരക്ഷിതരാവില്ല എന്ന് മാത്രമല്ല ഇത് എല്ലാവർക്കും ദോഷം ചെയ്യുകയും ചെയ്യും. അതുകൊണ്ടുതന്നെ നമ്മുടെ ദീർഘകാലനേട്ടങ്ങൾക്ക് നിയമങ്ങൾ അനുസരിക്കുകയും നീതിമാന്മാരായിരിക്കുകയുമാണ് വേണ്ടത്. നീതിമാനായിരിക്കേണ്ടതിന്റെ പ്രാധാന്യം നീതി എന്താണെന്ന് മനസിലാക്കുന്നതിലൂടെ കഴിയുമെന്ന് സോക്രട്ടീസ് വ്യക്തമാക്കുന്നു. എല്ലാവരുടെയും ക്ഷേമത്തിലും ഐശ്വര്യത്തിലുമാണ് നീതി കുടികൊള്ളുന്നതെന്നും മറിച്ച് സുഹൃത്തുക്കളുടെ നന്മയും, സ്വന്തം താല്പര്യങ്ങൾ നേടിയെടുക്കുന്നതും ശത്രുക്കളുടെ നാശവുമല്ല നീതികൊണ്ടർഥമാക്കുന്നതെന്നും അദ്ദേഹം വിശദീകരിക്കുന്നു. ഒരു ഡോക്ടർ തന്റെ രോഗിയുടെ സുഖത്തിൽ താർപരനായിരിക്കുന്നതുപോലെ നീതിമാനായ ഒരു ഭരണാധികാരി അഥവാ ഗവൺമെന്റ് തന്റെ പ്രജകളുടെ ക്ഷേമത്തിൽ തല്പരരായിരിക്കണം. എല്ലാവരുടെയും ക്ഷേമം ഉറപ്പുവരുത്തുക എന്നതിൽ ഒരോരുത്തർക്കും അവർക്ക് അർഹമായത് നല്കുക എന്ന തത്വം കൂടി അടങ്ങിയിരിയ്ക്കുന്നു.

നീതിയെക്കുറിച്ചുള്ള വർത്തമാനകാലസങ്കല്പം പ്രധാനമായും ഉൾക്കൊള്ളുന്നത് ഓരോ വ്യക്തിക്കും അവന് അർഹമായത് നല്കുക എന്ന തത്വം തന്നെയാണ്. എന്നിരുന്നാലും ഓരോരുത്തർക്കും അർഹതപ്പെട്ടതെന്താണെന്ന കാര്യത്തിൽ പ്ലേറ്റോയുടെ കാലത്തിൽ നിന്നും ഇന്ന് ഏറെ വ്യത്യാസം വന്നിട്ടുണ്ട്. ഇന്ന് നീതിയെക്കുറിച്ചുള്ള നമ്മുടെ സങ്കല്പം ഒരു മനുഷ്യൻ എന്ന നിലയിൽ ഓരോരുത്തർക്കും അർഹതപ്പെട്ടതെന്താണെന്നുള്ള സങ്കല്പത്തോട് ഏറെ ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യനിൽ അന്തസ് കൂടികൊള്ളുന്നു എന്ന് ജർമൻ തത്വചിന്തകനായ ഇമ്മാനുവേൽ കാന്റ് അഭിപ്രായപ്പെടുന്നു. എല്ലാവർക്കും അന്തസ് ലഭ്യമാകുകയാണെങ്കിൽ ഓരോരുത്തർക്കും അർഹതപ്പെട്ടത് അവരുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാനും കഴിവുകൾ വികസിപ്പിക്കുവാനും ഉള്ള അവസരമാണ്. എല്ലാവർക്കും അർഹതപ്പെട്ടത് നൽകുവാനും തുല്യപരിഗണന നൽകുവാനും നീതി എന്ന സങ്കല്പം നമ്മോട് ആവശ്യപ്പെടുന്നു.

## തുല്യരോട് തുല്യപരിഗണന (Equal Treatment For Equals)

എല്ലാ ജനങ്ങൾക്കും തുല്യപ്രധാന്യമുണ്ട് എന്ന കാര്യത്തിൽ ആധുനികസമൂഹത്തിൽ അഭിപ്രായയൈക്യമുണ്ട്. എങ്കിലും ഓരോരുത്തർക്കും അവന്/അവൾക്ക് അർഹതപ്പെട്ടത് എങ്ങനെ നൽകാം എന്ന് തീരുമാനിക്കുക അത്ര ലളിതമല്ല. ഇത് സംബന്ധിച്ച് വ്യത്യസ്തങ്ങളായ ധാരാളം തത്വങ്ങൾ മുന്നോട്ടു വയ്ക്കപ്പെട്ടിട്ടുണ്ട്. തുല്യരോട് തുല്യപരിഗണന എന്ന തത്ത്വമാണ് അതിലൊന്ന്. മനുഷ്യരെന്ന നിലയിൽ എല്ലാവരും ചില സവിശേഷതകൾ പങ്കുവയ്ക്കുന്നതായി കണക്കാക്കപ്പെടുന്നു. അതിനാൽ അവർ തുല്യാവകാശങ്ങളും തുല്യപരിഗണനകളും അർഹിക്കുന്നു. പൗരാവകാശങ്ങളായ ജീവിക്കാനുള്ള അവകാശം, സ്വാതന്ത്ര്യത്തിനും സ്വത്തിനുമുള്ള അവകാശം, രാഷ്ട്രീയ പ്രക്രീയയിൽ പങ്കാളിയാക്കുന്നതിന് ജനങ്ങളെ പ്രാപ്തമാക്കുന്ന വോട്ടവകാശം പോലുള്ള രാഷ്ട്രീയ അവകാശം, സമൂഹത്തിലെ മറ്റ് അംഗങ്ങളോടൊപ്പം അനുഭവിക്കാൻ കഴിയുന്ന അവസരം സമത്വം പോലുള്ള സാമൂഹിക അവകാശങ്ങൾ

തുടങ്ങിയവ ഇന്ന് മിക്ക ഉദാര ജനാധിപത്യരാജ്യങ്ങളും അനുവദിക്കുന്ന പ്രധാന അവകാശങ്ങളിൽ ഉൾപ്പെടുന്നു.

തുല്യാവകാശങ്ങളെക്കൂടാതെ തുല്യരോട് തുല്യപരിഗണനന എന്ന തത്വം വർഗം, മതം, വംശം, ലിംഗം എന്നിവയുടെ അടിസ്ഥാനത്തിൽ യാതൊരു വിവേചനവും പാടില്ല എന്ന് കൂടി നിഷ്കർഷിക്കുന്നു. ജനങ്ങളെ വിലയിരുത്തേണ്ടത് അവരുടെ തൊഴിലിന്റേയും പ്രവൃത്തികളുടെയും അടിസ്ഥാനത്തിലായിരിക്കണം അല്ലാതെ അവർ ഏത് വിഭാഗത്തിലുൾപ്പെടുന്നു എന്നതിന്റെ അടിസ്ഥാനത്തിലാകരുത്. അതിനാൽ വ്യത്യസ്തജാതിക്കാരായ രണ്ടുപേർ ഒരേ ജോലി ചെയ്യുകയാണെങ്കിൽ, അത് കരിങ്കല്ലുടയ്ക്കലോ, പിസ്സാ വിതരണം ചെയ്യലോ എന്തുമാകട്ടെ, അവർക്ക് ഓരേ പ്രതിഫലമാണ് നൽകേണ്ടത്. ഒരേ ജോലി ചെയ്യുന്ന രണ്ടുപേരിൽ ഒരാൾക്ക് നൂറുരൂപയും മറ്റൊരു ജാതിയിൽപ്പെട്ടയാൾക്ക് അക്കാരണത്താൽ 75 രൂപയും ആണ് പ്രതിഫലം നൽകുന്നത് എങ്കിൽ അത് തെറ്റും നീതികരിക്കാനാകത്തതുമാണ്. അതുപോലെ തന്നെ ഒരേ സ്കൂളിൽ ഒരേ തസ്തികയിൽ ജോലി ചെയ്യുന്ന അധ്യാപകന് അധ്യാപികയേക്കാൾ കൂടുതൽ ശമ്പളം നൽകുന്നുവെങ്കിൽ അത് അന്യായം തന്നെയാണ്.

### ആനുപാതികനീതി (Proportionate Justice)

എന്നിരുന്നാലും തുല്യപരിഗണനന എന്നതുമാത്രമല്ല നീതിയുടെ ഒരേ ഒരു തത്വം. എല്ലാവരേയും തുല്യരായി പരിഗണിക്കുക എന്നത് അനീതിയാണെന്ന് നമുക്ക് തോന്നുന്ന സന്ദർഭങ്ങളും ഉണ്ടാകാം. ഒരേ സ്കൂളിൽ ഒരേ പരീക്ഷയെഴുതിയവർ എന്ന കാരണത്താൽ എല്ലാവർക്കും ഒരേ മാർക്ക് നൽകിയാൽ നിങ്ങളുടെ പ്രതികരണം എന്തായിരിക്കും? ഉത്തരങ്ങളുടെ മികവിന്റെ അടിസ്ഥാനത്തിലും സാധ്യമാണെങ്കിൽ അതിന് അവർ എടുത്ത പരിശ്രമത്തിന്റെ അടിസ്ഥാനത്തിലും, മാർക്ക് നൽകുന്നതാണ് കൂടുതൽ ഉചിതവും നല്ലതുമെന്ന് നിങ്ങൾ ഇപ്പോൾ ചിന്തിക്കുന്നുണ്ടാവും. മറ്റൊരു രീതിയിൽ പറഞ്ഞാൽ എല്ലാവർക്കും തുല്യാവകാശമെന്ന അടിസ്ഥാനരേഖയിൽ നിന്ന് തുടങ്ങിയാൽ പിന്നീട് ഓരോരുത്തരുടെയും പ്രയത്നത്തിന്റെ അളവും മേന്മയും അടിസ്ഥാനപ്പെടുത്തി അതിന് ആനുപാതികമായ പ്രതിഫലം നൽകുക എന്നതാണ് നീതികൊണ്ട് അർഥമാക്കുന്നത്. തുല്യജോലിക്ക് തുല്യപ്രതിഫലം ആണ് ലഭിക്കേണ്ടതെന്ന കാര്യത്തിൽ സംശയമില്ല എങ്കിലും ഓരോ ജോലിക്കും വേണ്ടിവരുന്ന അധ്വാനം, വൈദഗ്ധ്യം, അപകടസാദ്ധ്യത തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് വ്യത്യസ്ത പ്രതിഫലം നൽകുന്നതാണ് കൂടുതൽ ശരിയും നീതിയുക്തവും. ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ നമ്മുടെ സമൂഹത്തിലെ ചില തൊഴിലാളികൾക്ക് അവർ അർഹിക്കുന്ന തരത്തിലുള്ള പ്രതിഫലം ലഭിക്കുന്നില്ല എന്ന് കാണാം. ഖനിയിൽ പണിയെടുക്കുന്നവർ, വിദഗ്ധതൊഴിലാളികൾ, സമൂഹത്തിന് ആവശ്യമുള്ള അപകടകരമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന പോലീസുകാരെപ്പോലെയുള്ള പ്രൊഫഷണലുകൾ എന്നിവർക്ക് മറ്റുപലർക്കും ലഭിക്കുന്ന പ്രതിഫലവുമായി താരതമ്യം ചെയ്തുനോക്കിയാൽ അർഹിക്കുന്നത് കിട്ടുന്നില്ല എന്ന്

കാണാം. സമൂഹത്തിൽ നീതി ലഭിക്കുന്നതിന് തുല്യപരിഗണന എന്ന തത്വവും ആനുപാതികത എന്ന തത്വവും തമ്മിലുള്ള ഒരു സന്തുലനം അനിവാര്യമാണ് എന്ന് കാണാം.

## പ്രത്യേക ആവശ്യങ്ങൾ അംഗീകരിക്കൽ (Recognition of Special Needs)

പ്രതിഫലങ്ങൾ അല്ലെങ്കിൽ ചുമതലകൾ വിതരണം ചെയ്യുമ്പോൾ ജനങ്ങളുടെ പ്രത്യേകാവശ്യങ്ങൾ കൂടി തിരിച്ചറിഞ്ഞ് പ്രവർത്തിക്കണം എന്നതാണ് സമൂഹത്തെ പരിഗണിക്കുമ്പോഴുള്ള നീതിയുടെ മൂന്നാമത്തെ തത്ത്വം. സാമൂഹിക നീതിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു മാർഗമായി ഇതിനെ കാണണം. സമൂഹത്തിലെ അംഗങ്ങളെന്ന അടിസ്ഥാനപദവിയുടെയും അവകാശങ്ങളുടെയും അടിസ്ഥാനത്തിൽ ജനങ്ങളെ മുഴുവൻ തുല്യരായി കാണണമെന്ന് നീതിയുടെ ഈ തത്ത്വം ഉദ്ഘോഷിക്കുന്നു. എന്നാൽ ജനങ്ങൾ തമ്മിൽ വിവേചനം ഇല്ലെന്നതുകൊണ്ടോ അവരുടെ അധ്വാനത്തിന് ആനുപാതികമായി പ്രതിഫലം ലഭിക്കുന്നു എന്നതുകൊണ്ടോ സമൂഹത്തിലെ ജനങ്ങൾക്ക് അവരുടെ മറ്റു കാര്യങ്ങളിലെല്ലാം തുല്യത ലഭിക്കുന്നുണ്ടെന്ന് അല്ലെങ്കിൽ ആ സമൂഹം മൊത്തം നീതിയുക്തമാണെന്ന് കരുതാനാവില്ല. ചിലരുടെ പ്രത്യേകാവശ്യങ്ങൾ പരിഗണിക്കുന്നു എന്നത് എല്ലാവരേയും തുല്യമായി പരിഗണിക്കുക എന്ന തത്ത്വത്തിന് എപ്പോഴും വിരുദ്ധമാകണമെന്നില്ല. എന്തുകൊണ്ടെന്നാൽ തുല്യരോട് തുല്യപരിഗണ എന്ന തത്വത്തിൽ ചില പ്രധാന സാഹചര്യങ്ങളിൽ തുല്യരല്ലാത്തവരെ വ്യത്യസ്തമായി പരിഗണിക്കണം എന്ന കാഴ്ചപ്പാടുകൂടി ഉൾക്കൊണ്ടിരിക്കുന്നു.



**നമുക്ക് ചിന്തിക്കാം**

താഴെപ്പറയുന്ന സന്ദർഭം പരിശോധിച്ച് അവ നീതി തന്നെയോ എന്ന് ചർച്ചചെയ്യുക. നിങ്ങളുടെ വാദമുഖങ്ങളെ സാധൂകരിക്കാൻ ഉപയോഗിച്ച ഒരോ പ്രശ്നത്തിലെയും നീതിയുടെ തത്ത്വം ചർച്ചചെയ്യുക.

- കാഴ്ചക്കുറവുള്ള സുരേഷ് എന്ന വിദ്യാർഥിക്ക് കണക്ക് പരീക്ഷ എഴുതാൻ മൂന്നു മണിക്കൂറിനു പുറമെ 30 മിനിട്ട് കൂടി നൽകുന്നു. അതേ സമയം മറ്റു കുട്ടികൾക്ക് മൂന്നു മണിക്കൂർ മാത്രം.
- ഗീത മുടന്തിയാണ് നടക്കുന്നത്. കണക്കുപരീക്ഷ എഴുതിത്തീർക്കാൻ മൂന്ന് മണിക്കൂറും മുപ്പത് മിനിട്ടും നൽകാൻ ടീച്ചർ ആലോചിക്കുന്നു.
- ക്ലാസിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ആത്മവിശ്വാസം ഉയർത്താൻ വേണ്ടി ടീച്ചർ അവർക്ക് ഗ്രേസ് മാർക്ക് നൽകുന്നു.
- വിദ്യാർഥികളുടെ വ്യത്യസ്തമായ കഴിവുകളെ പരിശോധിക്കുന്നതിനായി ഒരു പ്രൊഫസർ വ്യത്യസ്തമായ ചോദ്യങ്ങൾ നൽകുന്നു.
- സ്ത്രീകൾക്ക് പാർലമെന്റിൽ 33% സംവരണം അനുവദിക്കണമെന്ന നിർദേശമുണ്ട്.

പ്രത്യേക ആവശ്യങ്ങൾ അല്ലെങ്കിൽ അവശത അനുഭവിക്കുന്നവരെ ചില പ്രത്യേക സാഹചര്യങ്ങളിൽ മറ്റുള്ളവർക്ക് തുല്യമായി കണക്കാക്കാൻ കഴിയില്ല. അങ്ങനെയുള്ളവർ പ്രത്യേകസഹായം അർഹിക്കുന്നുണ്ട്. എന്നാൽ ഏതു തരത്തിലുള്ള അസമത്വങ്ങളാണ് പ്രത്യേകസഹായത്തിന് പരിഗണിക്കേണ്ടത് എന്ന കാര്യം അത്ര എളുപ്പത്തിൽ യോജിപ്പിലെത്താൻ കഴിയുന്നതല്ല. ശാരീരികാവശതകൾ, പ്രായം ആരോഗ്യപരിരക്ഷ, നല്ല വിദ്യാഭ്യാസത്തിന്റെ അഭാവം മുതലായ ഘടകങ്ങൾ പ്രത്യേക പരിഗണനയ്ക്കുള്ള മാനദണ്ഡമായി പലരാജ്യങ്ങളും അംഗീകരിച്ചിട്ടുണ്ട്. ഉയർന്ന ജീവിതനിലവാരവും ജീവിതസാഹചര്യങ്ങളും ഉള്ളവരോടൊപ്പം ആരോഗ്യകരവും ഫലപ്രദവുമായ ജീവിതം നയിക്കാൻ വേണ്ടുന്ന അടിസ്ഥാന പരമായ കാര്യങ്ങൾ പോലും ഇല്ലാത്തവരെ തുല്യരായി കണ്ടാൽ ഫലം അനീതി നിറഞ്ഞ ഒരു സമൂഹമായിരിക്കും. അതൊരിക്കലും സമത്വപൂർണമോ നീതി പൂർവമോ ആയ ഒരു സമൂഹം ആയിരിക്കുകയില്ല. നമ്മുടെ രാജ്യത്തെ നല്ലവിദ്യാഭ്യാസത്തിനുള്ള അവസരം ലഭിക്കായ്ക, ആരോഗ്യപരിരക്ഷ തുടങ്ങിയ പ്രശ്നങ്ങളെല്ലാം തന്നെ ജാതി അടിസ്ഥാനത്തിലുള്ള സാമൂഹികവിവേചനവുമായി ബന്ധപ്പെട്ടുകിടക്കുന്നു. അതുകൊണ്ട് പട്ടികജാതി/പട്ടികവർഗക്കാർക്ക് ഗവൺമെന്റു ജോലികൾക്ക് സംവരണവും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് ആനുപാതികപങ്കും ഭരണഘടന അംഗീകരിച്ചിട്ടുണ്ട്.

തുല്യർക്ക് തുല്യപരിഗണന വൈദഗ്ധ്യവും അധ്വാനത്തിന്റെ തോതുകളും അടിസ്ഥാനമാക്കി പ്രതിഫലവും ഉത്തരവാദിത്വങ്ങളും പരിഗണിക്കൽ, അർഹിക്കുന്നവർക്ക് സാമാന്യജീവിതനിലവാരവും തുല്യ അവസരങ്ങളും നൽകൽ എന്നിങ്ങനെ നാം ചർച്ചചെയ്ത നീതിയുടെ മൂന്നു തത്വങ്ങൾ സമന്വയിപ്പിച്ച് നടപ്പാക്കാൻ ഭരണകൂടങ്ങൾക്ക് പലപ്പോഴും ബുദ്ധിമുട്ടുകൾ ഉണ്ടാവാറുണ്ട്. തുല്യപരിഗണന എന്ന തത്വം പിന്തുടരുകയാണെങ്കിൽ അതുകൊണ്ട് തന്നെ കഴിവിന് അർഹിക്കുന്ന പ്രതിഫലം കിട്ടാതെവരാം. കഴിവിനുമാത്രം



പ്രതിഫലം എന്ന നീതിയുടെ തത്ത്വത്തിന് ഊന്നൽ നൽകിയാൽ പോഷകാഹാരം, വിദ്യാഭ്യാസം എന്നിവ അപര്യാപ്തമായ പാർശ്വവല്കരിക്കപ്പെട്ട ജനങ്ങൾക്ക് അത് ദോഷമായിത്തീരും. രാജ്യത്തെ വിവിധ വിഭാഗങ്ങൾ അവർ ഊന്നൽ നൽകുന്ന നീതിയുടെ തത്ത്വം ഏത് എന്നതിനെ അടിസ്ഥാനമാക്കി വ്യത്യസ്തനയങ്ങളെ അനുകൂലിക്കും. നീതിനിഷ്ഠമായ ഒരു സമൂഹം സ്ഥാപിക്കുന്നതിന് വ്യത്യസ്ത നീതിതത്ത്വങ്ങളെ ഏകോപിപ്പിക്കുകയും അനുരഞ്ജിപ്പിക്കുകയും ചെയ്യേണ്ടത് ഗവൺമെന്റിന്റെ ചുമതലയാകുന്നു.

### 4.2 നീതിപൂർവമായ വിതരണം (Just Distribution)

സമൂഹത്തിൽ സാമൂഹികനീതി ആർജിക്കുന്നതിന് വ്യക്തികളെ നിഷ്പക്ഷമായും നീതിപൂർവമായും പരിഗണിക്കുന്ന നിയമങ്ങളും നയങ്ങളും ഗവൺമെന്റ് നടപ്പിലാക്കിയാൽ മാത്രം പോര, മറിച്ച് രാജ്യങ്ങൾ, വിവിധവിഭാഗങ്ങൾ, സമൂഹത്തിലെ വ്യക്തികൾ എന്നിങ്ങനെയുള്ള വ്യത്യസ്തവിഭാഗങ്ങൾക്കിടയിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും (goods and services) നീതിപൂർവമായ വിതരണം ഉറപ്പുവരുത്തുകയും വേണം. ഒരു സമൂഹത്തിൽ സാമ്പത്തികവും സാമൂഹികവുമായ അസമത്വം നിലനിൽക്കുന്നുവെങ്കിൽ അവിടെയുള്ള പൗരന്മാരെ ഒരു സമത്വതലത്തിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി ചില പ്രധാനപ്പെട്ട വിഭവങ്ങളെ പുനർവിതരണം നടത്തേണ്ടത് അനിവാര്യമാണ്. സമൂഹത്തിൽ നിയമങ്ങളുടെയും നയങ്ങളുടെയും കാര്യത്തിൽ തുല്യപരിഗണന നല്കിയതുകൊണ്ടുമാത്രം സാമൂഹ്യനീതി ഉണ്ടാകുകയില്ല. കൂടാതെ അവർക്ക് അടിസ്ഥാനജീവിത സാഹചര്യങ്ങളും അവസരങ്ങളും കൂടി ഉണ്ടാകണം എന്നാണ് സാമൂഹികനീതി ആവശ്യപ്പെടുന്നത്. ഓരോ വ്യക്തിക്കും തന്റെ ലക്ഷ്യത്തിനുവേണ്ടി പരിശ്രമിക്കാനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും കഴിയുക എന്നത് ആവശ്യമാണ്. ഉദാഹരണത്തിന്, സാമൂഹികസമത്വം ഉറപ്പുവരുത്തുന്നതിനായി ഭരണഘടന അയിത്താചരണം നിരോധിക്കുകയും താഴ്ന്ന ജാതിയിൽപ്പെട്ടവർക്ക് ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനും ജോലി, ശുദ്ധജലം പോലെയുള്ള അടിസ്ഥാനാവശ്യങ്ങൾ നേടിയെടുക്കുന്നതിന് അവസരമൊരുക്കുകയുംചെയ്തു. ഭൂപരിഷ്കരണം നടപ്പിലാക്കികൊണ്ട് വിവിധസംസ്ഥാന ഗവൺമെന്റുകൾ ഭൂമി പോലെയുള്ള പ്രധാനപ്പെട്ട വിഭവങ്ങളുടെ പുനർവിതരണ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

വിഭവങ്ങളും ജോലി, വിദ്യാഭ്യാസം മുതലായവയും എല്ലാവർക്കും പ്രാപ്യമാക്കുന്ന തരത്തിൽ എങ്ങനെ വിതരണം ഉറപ്പുവരുത്തും എന്ന കാര്യത്തിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ നിലനില്ക്കുന്നുണ്ട്. ഇത് പലപ്പോഴും സമൂഹത്തിൽ തീവ്രവികാരങ്ങൾ സൃഷ്ടിക്കുന്നതിനും അക്രമങ്ങൾക്ക് പ്രകോപനമാകുന്നതിനും കാരണമായിട്ടുണ്ട്. തങ്ങളുടെയും കുടുംബത്തിന്റെയും ഭാവി തന്നെ അത് അപകടത്തിലാക്കുമെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. നമ്മുടെ രാജ്യത്ത്

വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഗവൺമെന്റ് ജോലികളിലും സംവരണ മേർപ്പെടുത്താനുള്ള ശുപാർശകൾ ഉയർത്തിയ അമർഷവും ആക്രമങ്ങളും നമ്മെ തന്നെ നാം ഓർമിപ്പിച്ചാൽ മതി. രാഷ്ട്രീയസിദ്ധാന്തം പഠിക്കുന്നവർ എന്ന നിലയിൽ സാമൂഹികനീതി എന്ന തത്ത്വത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രശ്നങ്ങളെ പക്വത യോടെ പരിശോധിക്കാൻ കഴിയണം. സമൂഹത്തിലെ അവശതയനുഭവിക്കുന്ന വിഭാഗങ്ങളെ സഹായിക്കാനുള്ള പദ്ധതികളെ സാമൂഹികനീതിതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ നീതീകരിക്കാൻ കഴിയുമോ? സുപ്രസിദ്ധ രാഷ്ട്രീയ ചിന്തക നായ ജോൺ റോൾസ് മുന്നോട്ടുവച്ച നീതിയുക്തവിതരണ സിദ്ധാന്തം അടുത്ത സെക്ഷനിൽ നാം ചർച്ച ചെയ്യും. ഒരു സമൂഹത്തിലെ ഏറ്റവും അവഗണിക്കപ്പെട്ട വർക്ക് സഹായം നൽകുന്നത് തീർച്ചയായും ന്യായീകരിക്കപ്പെടുമെന്ന് റോൾസ് വാദിച്ചു.

## 4.3 ജോൺ റാൾസിന്റെ നീതിയെക്കുറിച്ചുള്ള സിദ്ധാന്തം (John Rawls' Theory of Justice)

ജനങ്ങളോട് അവർക്ക് ജീവിക്കാൻ ഇഷ്ടമുള്ള ഒരു സമൂഹം തെരെഞ്ഞടുക്കുവാൻ ആവശ്യപ്പെട്ടാൽ, എല്ലാവരും തങ്ങളുടെ വ്യക്തിതാല്പര്യങ്ങൾ മാറ്റിവച്ച് സാമൂഹ്യനന്മക്കായി പ്രവർത്തിക്കും എന്ന് നമുക്ക് കരുതാനാവില്ല. പ്രത്യേകിച്ച് തങ്ങളുടെ തീരുമാനങ്ങൾ കുട്ടികളുടെ ഭാവി ജീവിതത്തെയും അവരുടെ അവസരങ്ങളെയും ബാധിക്കാനിടയുണ്ടെന്ന് തോന്നുന്ന പക്ഷമെങ്കിലും. എങ്ങനെ യായാലും രക്ഷകർത്താക്കൾ തങ്ങളുടെ മക്കൾക്ക് ഏറ്റവും നല്ലതു ലഭിക്കണ മെന്ന് ചിന്തിക്കുകയും അതിനെ പിന്തുണക്കുകയും ചെയ്യും എന്നു നാം കരുതുന്നു. എന്നാൽ ഇത്തരം കാഴ്ചപ്പാടുകൾ ഒരു സമൂഹത്തിന്റെ നീതിയെക്കുറിച്ചുള്ള സിദ്ധാന്തങ്ങളുടെ അടിത്തറ രൂപപ്പെടുത്തുകയില്ല. അപ്പോൾ നീതിയുക്തവും ന്യായവുമായ ഒരു തീരുമാനത്തിൽ എങ്ങനെയാണ് നാം എത്തിച്ചേരുക?

ഈ ചോദ്യത്തിന് ഉത്തരം നൽകാൻ ജോൺ റോൾസ് ശ്രമിക്കുന്നുണ്ട്. സമൂ ഹത്തെ എങ്ങനെ സംഘടിപ്പിക്കണം എന്ന വിഷയത്തിൽ തീരുമാനം എടുക്കേണ്ട ഒരു സാഹചര്യത്തിലാണ് നാം എന്നും, എന്നാൽ അത്തരം സമൂഹത്തിൽ എന്തു സ്ഥാനമാണ് ലഭിക്കുക എന്ന് അറിയാൻ കഴിയാത്തതുമായ ഒരു അവസ്ഥ സങ്കൽപിക്കുകയാണ് ശരിയായതും നീതിയുക്തവുമായ ഒരു ഭരണത്തിലേക്ക് എത്തിച്ചേരാനുള്ള ഒരേ ഒരു മാർഗം എന്ന് അദ്ദേഹം വാദിക്കുന്നു. അതായത്, ഏതു തരത്തിലുള്ള കുടുംബത്തിലാകും നാം ജനിക്കുക എന്ന കാര്യം നമുക്ക് അറിയില്ല. ഉയർന്ന ജാതിയിൽപെട്ടതോ താഴ്ന്ന ജാതിയിൽപ്പെട്ടതോ ആയ കുടും ബത്തിലാണോ, പാവപ്പെട്ട കുടുംബത്തിലാണോ പണക്കാരുടെ കുടുംബ ത്തിലാണോ അതോ ഉന്നത കുടുംബത്തിലാണോ അവശതയനുഭവിക്കുന്ന കുടുംബത്തിലാണോ എന്നൊന്നും നമുക്കറിയില്ല. ഈ നിലക്ക് ഭാവി സമൂഹ ത്തിൽ നാം ആരായിരിക്കുമെന്നോ, എന്തൊക്കെ അവസരങ്ങളാണ് നമുക്ക് ലഭി

ക്കുകയെന്നോ അറിയാൻ കഴിയില്ല എങ്കിൽ എല്ലാ അംഗങ്ങളോടും നീതി പുലർത്തുന്ന തരത്തിലുള്ള ചട്ടങ്ങളും ഘടനയുമുള്ള ഭാവിസമൂഹത്തെ പിന്തുണക്കുന്ന ഒരു തീരുമാനമെടുക്കാനാണ് സാധ്യതയെന്ന് റോൾസ് വാദിക്കുന്നു.

അജ്ഞതയുടെ മൂടുപടത്തിലധിഷ്ഠിതമായ (veil of ignorance) ചിന്തയായാണ് റോൾസ് ഇതിനെ വിശദീകരിക്കുന്നത്. നിലവിലുള്ള സമൂഹത്തിൽ നമ്മുടെ സ്ഥാനവും പദവിയും എന്തായിരിക്കുമെന്ന കാര്യത്തിൽ തികഞ്ഞ അജ്ഞത ഉള്ളതിനാൽ ഓരോ വ്യക്തിയും തീരുമാനമെടുക്കുക സാധാരണ ചെയ്യുന്നതു പോലെ അവരുടെ താൽപര്യത്തിനനുസരിച്ചായിരിക്കും. എന്നാൽ താൻ ആരാകുമെന്നോ, തനിക്ക് നേട്ടമാവുക എന്താണന്നോ ആർക്കും അറിയാൻ കഴിയാത്തതിനാൽ ഏറ്റവും മോശമായ അവസ്ഥയിൽ അകപ്പെട്ട ഒരാളുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഭാവിസമൂഹത്തെ എല്ലാവരും മനസിൽ കാണും. പ്രത്യേകാവകാശങ്ങൾ ഉള്ള വിഭാഗത്തിൽ ജനിച്ചവർക്ക് അവിടെ പ്രത്യേകാവസരങ്ങൾ ഉണ്ടായിരിക്കുമെന്ന് ചിന്തിക്കാൻ അവരുടേതായ കാരണങ്ങൾ കണ്ടേക്കാം. എന്നാൽ അവസരങ്ങൾ വളരെ കുറഞ്ഞ പിന്നോക്ക വിഭാഗത്തിൽ ജനിക്കാനുള്ള ദൗർഭാഗ്യമാണ് അവർക്ക് ലഭിക്കുന്നതെങ്കിലോ? എന്താകും സ്ഥിതി? അതുകൊണ്ട് സ്വന്തം കാര്യത്തിൽ താത്പര്യമുള്ള, അവനവനു വേണ്ടി പ്രവർത്തിക്കുന്ന ആളുകൾ ദുർബലവിഭാഗങ്ങൾക്ക് യുക്തമായ അവസരങ്ങൾ ഉറപ്പു വരുത്തുന്ന ചട്ടങ്ങളുള്ള സംഘടനാസംവിധാനത്തിനാകും ശ്രമിക്കുക. ഉന്നതവർഗത്തിന്റെ ഭാഗമല്ല എങ്കിലും എല്ലാവർക്കും പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം മുതലായ പ്രധാനപ്പെട്ട വിഭവങ്ങൾ ലഭ്യമാക്കാനുള്ള ശ്രമങ്ങളാകും ഉണ്ടാകുക.




നമ്മുടെ വ്യക്തിത്വത്തെ മായ്ച്ചുകളഞ്ഞ് അജ്ഞതയുടെ മൂടുപടത്തിനുള്ളിലാണെന്ന് സങ്കല്പിക്കുക തീർച്ചയായും അത്ര എളുപ്പമല്ല. അതുപോലെ തന്നെ അപരിചിതരായ മറ്റുള്ളവർക്കുവേണ്ടി സ്വന്തം സൗഭാഗ്യങ്ങൾ ഉപേക്ഷിക്കുകയോ പങ്കുവെയ്ക്കുകയോ ചെയ്യുക എന്നതും പലർക്കും ദുഷ്കരമാണ്. അതുകൊണ്ടാണ്

ത്യാഗത്തെ പൊതുവെ ധീരതയുമായി ബന്ധപ്പെടുത്തി കാണുന്നത്. മനുഷ്യരുടെ ഇത്തരം പരിമിതികളും വീഴ്ചകളും കണക്കിലെടുക്കുമ്പോൾ അസാധാരണ പ്രവൃത്തികൾ ആവശ്യമില്ലാത്ത ഒരു ചട്ടക്കൂടിനെപ്പറ്റി ആലോചിക്കുകയായിരിക്കും അഭികാമ്യം. അജ്ഞതയുടെ മൂടുപടം എന്ന അവസ്ഥയുടെ മേന്മ ജനങ്ങൾ അവരുടെ താല്പര്യത്തിന് പ്രാധാന്യം നല്കുകയും തങ്ങൾക്ക് ഗുണകരമാകുന്ന വിധത്തിൽ ചിന്തിക്കുകയും തെരഞ്ഞെടുക്കുകയും ചെയ്യുമെന്നുമുള്ള പ്രതീക്ഷയാണ്. എങ്ങനെയായിരുന്നാലും, `അജ്ഞതയുടെ മൂടുപടത്തി`ൽ നിന്നുകൊണ്ട് ഒരു തെരഞ്ഞെടുപ്പ് നടത്തുമ്പോൾ, ഏറ്റവും മോശം സാഹചര്യങ്ങളിൽ ജീവിക്കുന്നവരുടെ സ്ഥാനത്തുനിന്നുകൊണ്ട് ചിന്തിക്കുന്നതാണ് തങ്ങളുടെ താൽപര്യങ്ങൾക്ക് നല്ലതെന്ന് ജനങ്ങൾ തിരിച്ചറിയും എന്നതാണ് ഇവിടെ പ്രസക്തമായ കാര്യം.

ന്യായമായ നിയമങ്ങളുടെയും നയങ്ങളുടേതുമായ ഒരു വ്യവസ്ഥയിലേക്ക് നമ്മെക്കൊണ്ടെത്തിക്കുന്നതിനുള്ള ആദ്യത്തെ ചുവടുവെപ്പാണ് അജ്ഞതയുടെ മൂടുപടം ധരിക്കുന്നത്. യുക്തിപരമായി ചിന്തിക്കുന്ന വ്യക്തികൾ ഏറ്റവും മോശം തലത്തിൽ നിന്നുകൊണ്ടുമാത്രമായിരിക്കില്ല കാര്യങ്ങൾ നോക്കിക്കാണുക. തങ്ങൾ നിർമിക്കുന്ന നയങ്ങൾ സമൂഹത്തിനൊട്ടാകെ ഗുണകരമാണ് എന്നുറപ്പു വരുത്താനും അവർ ശ്രമിക്കും. ഈ രണ്ടു കാര്യങ്ങളും ഒരുമിച്ച് കൊണ്ടുപോകേണ്ടതുണ്ട്. ഭാവിയിൽ സമൂഹത്തിൽ തന്റെ സ്ഥാനം എന്തായിരിക്കും എന്ന് ഒരുത്തർക്കും അറിയില്ല. ഏറ്റവും മോശം സാഹചര്യത്തിലാണ് താൻ ജനിക്കുന്നതെങ്കിൽ തന്റെ നില സുരക്ഷിതമാക്കാനുള്ള ചട്ടങ്ങൾ തീർച്ചയായും ഉറപ്പുവരുത്താൻ ശ്രമിക്കും. ഭാവിസമൂഹത്തിൽ നല്ലനിലയിൽ  കഴിയുന്ന കുടുംബത്തിലാണ് ജനിക്കുന്നതെങ്കിലോ? അതിനും സാധ്യതയുണ്ടല്ലോ? അതുകൊണ്ട് താൻ ഉണ്ടാക്കുന്ന നയങ്ങൾ നല്ലരീതിയിൽ കഴിയുന്ന ജനങ്ങളെ ദുർബലരാക്കുന്നതല്ല എന്ന് ഉറപ്പുവരുത്താനും അവർ ശ്രമിക്കും. അതുകൊണ്ടുതന്നെ തങ്ങൾ ഉണ്ടാക്കുന്ന നിയമങ്ങളും നയങ്ങളും മൊത്തം സമൂഹത്തിന്റെയും നേട്ടം കണക്കിലെടുത്തുള്ളതും ഏതെങ്കിലും വിഭാഗത്തിന്റെ മാത്രം താല്പര്യങ്ങൾ സംരക്ഷിക്കുന്നതല്ലാത്തതും ആയിരിക്കും. ഇത് പ്രബുദ്ധതയുടെയും ഉദാരതയുടെയും ഫലമല്ല മറിച്ച് നീതിയുക്തമായ പ്രവൃത്തിയുടെ ഫലമാണ്.

ഒരു സമൂഹത്തിന്റെ നേട്ടങ്ങളും ബാധ്യതകളും എങ്ങനെ നീതിയുക്തമായും നിഷ്പക്ഷമായും വിതരണം ചെയ്യണമെന്നതിലേക്ക് നമ്മെ നയിക്കുന്നത് യുക്തിചിന്തയാണ്. അല്ലാതെ ധാർമ്മികതയല്ല എന്നതാണ് റോൾസിന്റെ വാദം. നമ്മെ സംബന്ധിച്ച് ഏറ്റവും നല്ലത് ഏതെന്ന് തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യം നമുക്ക് തന്നെയാണ്. ധാർമികതയുടെ ലക്ഷ്യങ്ങളോ നിയമങ്ങളോ നമുക്ക് മുൻകൂട്ടി ലഭിക്കണമെന്നില്ല. ഈ വിശ്വാസമാണ് റൗൾസിന്റെ സിദ്ധാന്തത്തെ പ്രധാന്യമുള്ളതാക്കുന്നത്. ഒപ്പംതന്നെ നീതിയുടെയും ന്യായത്തിന്റെയും പ്രശ്നത്തെ സമീപിക്കാനുള്ള ഒരു മാർഗമായും അത് മാറുന്നു.

## 4.4 സാമൂഹ്യനീതിക്കുവേണ്ടിയുള്ള യത്നം (PURSUING SOCIAL JUSTICE)

സമൂഹത്തിൽ ചിലർക്ക് അളവറ്റ സമ്പത്തുണ്ട്. വസ്തുവകകളുണ്ട്, അധികാരമുണ്ട്. സമ്പത്തും അധികാരവുമുള്ള ഒരു ഉപരിവർഗവും ദരിദ്രരും, അധഃസ്ഥിതരും തമ്മിൽ അന്തരം നിലനിൽക്കുമ്പോൾ ഇവിടെ സാമൂഹ്യനീതിയില്ലെന്ന് നമുക്ക് നിസ്സംശയം പറയാം. നീതിയുണ്ടാകണമെങ്കിൽ ജനങ്ങൾക്കിടയിൽ പൂർണസമത്വമോ ഒരുപോലെയുള്ള ജീവിതരീതിയോ ആവശ്യമില്ല. എന്നാൽ ധനികരും ദരിദ്രരും തമ്മിലുള്ള അന്തരം അധികമാണെങ്കിൽ, അവർ രണ്ടു ലോകങ്ങളിലാണ് ജീവിക്കുന്നതെന്നു തോന്നിയാൽ, എത്ര കഷ്ടപ്പെട്ടാലും ദരിദ്രരുടെ സ്ഥിതി മെച്ചപ്പെടുത്താൻ കഴിയില്ലെങ്കിൽ അത് നീതിനിഷ്ഠമല്ലാത്ത ഒരു സമൂഹമായി കണക്കാക്കപ്പെടും. മറ്റൊർഥത്തിൽ പറഞ്ഞാൽ, നീതിനിഷ്ഠമായ ഒരു സമൂഹം അടിസ്ഥാനപരമായ ജീവിതസൗകര്യങ്ങൾ എല്ലാവർക്കും പ്രദാനം ചെയ്ത് ആരോഗ്യകരവും സുരക്ഷിതവുമായ ഒരു ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കണം. ഒപ്പം അവരുടെ കഴിവുകളെ വികസിപ്പിക്കുകയും അവർ തെരഞ്ഞെടുത്ത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തുല്യമായ അവസരങ്ങൾ നൽകുകയും വേണം.

> **നമുക്കിത് ചെയ്യാം**
>
> ഭക്ഷണം, ജലം, വരുമാനം, എന്നിങ്ങനെ ഉള്ള സൗകര്യങ്ങൾ ഒരുവ്യക്തിക്ക് മിനിമം എത്രമാത്രം ലഭ്യമാക്കണം എന്ന കാര്യത്തിൽ വിവിധ ഗവൺമെന്റ് ഏജൻസികളും ഐക്യരാഷ്ട്രസഭയുടെ വിവിധ ഏജൻസികളും ചില കണക്ക് കൂട്ടലുകൾ നടത്തിയിട്ടുണ്ട്. നിങ്ങളുടെ സ്കൂൾ ലൈബ്രറിയിലോ ഇന്റർനെറ്റിലോ ഈ വിവരങ്ങൾ ലഭ്യമാണോ എന്ന് അന്വേഷിക്കുക.

എന്തെല്ലാമാണ് ജനങ്ങളുടെ ജീവിതാവശ്യങ്ങളെ നിറവേറ്റാനുള്ള അടിസ്ഥാനാവശ്യങ്ങൾ എന്ന് നമുക്ക് എങ്ങനെ തീരുമാനിക്കാൻ കഴിയും? ഇത് കണക്കാക്കുന്നതിന് വിവിധ ഭരണകൂടങ്ങളും ലോകാരോഗ്യസംഘടന (WHO) പോലെയുള്ള അന്താരാഷ്ട്രസംഘടനകളും വിവിധരീതികളാണ് ഉപയോഗിക്കുന്നത്. എന്നാൽ, അഭിവൃദ്ധിക്ക് ആധാരമായ അടിസ്ഥാനകാര്യങ്ങളിൽ പൊതുവായ ചില യോജിപ്പുകളുണ്ട്. ആരോഗ്യം നിലനിർത്താനാവശ്യമായ പോഷകാഹാരം, പാർപ്പിടം, ശുദ്ധജലത്തിന്റെ വിതരണം, വിദ്യാഭ്യാസം, മിനിമം വേതനം, എന്നിവയാണ് പ്രധാനപ്പെട്ട അടിസ്ഥാനഘടകങ്ങൾ. ഈ ആവശ്യങ്ങൾ പ്രദാനം ചെയ്യുക എന്നത് ജനാധിപത്യഗവൺമെന്റുകളുടെ ചുമതലകളിൽ പ്രധാനപ്പെട്ട ഒന്നായി കണക്കാക്കുന്നു. എന്നിരുന്നാലും ഇന്ത്യപോലെ ദരിദ്രജനവിഭാഗങ്ങളുടെ എണ്ണം കൂടുതലുള്ള രാജ്യങ്ങളിൽ എല്ലാ പൗരന്മാർക്കും അടിസ്ഥാനസൗകര്യങ്ങൾ നൽകുക എന്നത് ഗവൺമെന്റിന്റെ മേൽ അമിതഭാരമായേക്കാം.

ഒരു സമൂഹത്തിലെ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് മറ്റുവിഭാഗങ്ങളുമായി സമത്വം കൈവരിക്കുന്നതിന് രാഷ്ട്രം സഹായിക്കേണ്ടതാണെന്ന കാര്യത്തിൽ എല്ലാവരും യോജിക്കുന്നുണ്ടെങ്കിലും ആ ലക്ഷ്യം നേടാനുള്ള ഏറ്റവും അനുയോജ്യമായ മാർഗമേത് എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസം ഉയർന്നു വന്നേക്കാം. സമൂഹത്തിലെ ഉയർന്ന നിലയിലുള്ളവരെ ദോഷകരമായി ബാധിക്കാത്ത

ആരോഹണക്രമത്തിൽ
ആദരവും
അവരോഹണക്രമത്തിൽ
വെറുപ്പും അലിഞ്ഞ്
ഇല്ലാതായി
രൂപപ്പെടുന്ന
കരുണാർദ്ര സമൂഹമാണ്
നീതിനിഷ്ഠമായ
സമൂഹം.

– ബി.ആർ. അംബേദ്കർ



വിധം ദുർബലരെ സഹായിക്കാൻ തുറന്ന മത്സരമല്ലേ നല്ലതെന്ന ഒരു സംവാദം നമ്മുടെ സമൂഹത്തിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലും ഇന്ന് നടക്കുന്നുണ്ട്. വേണ്ടി വന്നാൽ രാഷ്ട്രത്തിന്റെ വിഭവങ്ങളുടെ പുനർവിതരണത്തിലൂടെ പാവങ്ങളുടെ അടിസ്ഥാനജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള ഉത്തരവാദിത്വവും ഗവൺമെന്റ് ഏറ്റെടുക്കുമോ എന്ന ചർച്ചയും നടക്കുന്നുണ്ട്. ഇത്തരത്തിലുള്ള വ്യത്യസ്തസമീപനങ്ങളോട് യോജിക്കുന്ന രാഷ്ട്രീയവിഭാഗങ്ങൾ ഇന്ത്യയിലുണ്ട്. നഗര-ഗ്രാമീണദുർബലവിഭാഗങ്ങളെ സഹായിക്കാനുള്ള വിവിധപദ്ധതികളുടെ ആപേക്ഷികനേട്ടങ്ങളെപ്പറ്റി അവർ ചർച്ചചെയ്യുന്നു. ഈ സംവാദം ഹ്രസ്വമായി നമുക്കിവിടെ പരിശോധിക്കാം.

## സ്വതന്ത്രവിപണികളും രാഷ്ട്രത്തിന്റെ ഇടപെടലും
## (Free Markets versus State Intervention)

സ്വത്തുവകകൾ കൈവശം വയ്ക്കാനും വില, കൂലി, ലാഭം എന്നിവ സംബന്ധിച്ച് മറ്റുള്ളവരുമായി ഉടമ്പടികളിലേർപ്പെടുവാനും സാധ്യമായിടത്തോളം വ്യക്തികൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്ന് സ്വതന്ത്രവിപണിയെ പിന്താങ്ങുന്നവർ അഭിപ്രായപ്പെടുന്നു. പരമാവധി ലാഭം നേടുന്നതിനുവേണ്ടി പരസ്പരം മത്സരിക്കാൻ അവർക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണം. സ്വതന്ത്രവിപണി എന്നതിന്റെ ഏറ്റവും ലളിതമായ വിവരണം ഇതാണ്. വിപണി രാഷ്ട്രത്തിന്റെ ഇടപെടലിൽ നിന്നും മുക്തമാണെങ്കിൽ വിപണി ഇടപാടിന്റെ ആകെത്തുക സമൂഹത്തിൽ ലാഭത്തിന്റെയും കടമകളുടേയും നീതിയുക്തമായ വിതരണം ഉറപ്പുവരുത്തുമെന്ന് സ്വതന്ത്രവിപണിയെ പിന്താങ്ങുന്നവർ വിശ്വസിക്കുന്നു. ഇവിടെ കഴിവും യോഗ്യതയുള്ളവർക്ക് അർഹിക്കുന്ന പ്രതിഫലവും കഴിവില്ലാത്തവർക്ക് കുറഞ്ഞ പ്രതിഫലവും ലഭിക്കും. കമ്പോളവിതരണത്തിന്റെ ഫലമെന്തായാലും അത് നീതിയുക്തമായിരിക്കുമെന്ന് അവർ വാദിക്കുന്നു.

എങ്ങനെയായാലും സ്വതന്ത്രവിപണിയെ പിന്തുണയ്ക്കുന്നവരെല്ലാവരും യാതൊരു നിയന്ത്രണങ്ങളുമില്ലാത്ത വിപണിയെ പിന്തുണയ്ക്കുകയില്ല. ചില നിയന്ത്രണങ്ങൾ അംഗീകരിക്കാൻ ഇപ്പോൾ പലരും തയ്യാറാണ്. ഉദാഹരണത്തിന്, സമത്വാധിഷ്ഠിതമായ മത്സരം ഉറപ്പുവരുത്തുന്നതിനുള്ള അടിസ്ഥാനജീവിതസൗകര്യങ്ങൾ ജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതിന് രാഷ്ട്രത്തിന് നടപടികൾ കൈകൊള്ളാവുന്നതാണ്. എന്നാൽ ജനങ്ങൾക്ക് അടിസ്ഥാനജീവിതസാഹചര്യങ്ങൾ ഏറ്റവും ഫലപ്രദമായി ലഭ്യമാക്കുന്നതിന് ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവപോലുള്ള സേവനമേഖലകളിൽ പ്രവർത്തിക്കാൻ വിപണിയെ അനുവദിക്കണമെന്ന് അവർ ശക്തമായി വാദിക്കുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ സ്വകാര്യസ്ഥാപനങ്ങളെ ഇത്തരം സേവനമേഖലകളിൽ പ്രവർത്തിക്കാൻ ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുകയും ഒപ്പം ജനങ്ങൾക്ക് ഇവ വാങ്ങിയെടുക്കാനുള്ള ശാക്തീകരണനയങ്ങൾ രാഷ്ട്രം രൂപീകരിക്കുകയും വേണമെന്ന് അവർ ആവശ്യപ്പെടുന്നു. മത്സരത്തിലേർപ്പെടാൻ കഴിയാത്ത ദുർബലവിഭാഗങ്ങളായ വൃദ്ധർ, രോഗികൾ മുതലായവർക്ക് രാഷ്ട്രം പ്രത്യേകം സഹായം നൽകുകയും വേണം. മാത്രമല്ല, വ്യക്തികൾ തമ്മിലുള്ള മത്സരം ബലപ്രയോഗത്തിൽ നിന്നും മറ്റു പ്രതിബന്ധങ്ങളിൽ നിന്നും മുക്തമാക്കുന്നതിന് നിയമങ്ങളും നിയന്ത്രണങ്ങളും നടപ്പിലാക്കേണ്ടത് രാഷ്ട്രത്തിന്റെ ഉത്തരവാദിത്വമാണ്. നീതിയുക്തവും ന്യായവുമായ ഒരു സമൂഹത്തിന്റെ അടിത്തറ സ്വതന്ത്രവിപണിയാണെന്ന് അവർ വാദിക്കുന്നു. വിപണി ജാതിമതവ്യത്യാസങ്ങളെ ശ്രദ്ധിക്കുകയോ, സ്ത്രീപുരുഷഭേദത്തെ കണക്കിലെടുക്കുകയോ ചെയ്യുന്നില്ല. ഇത് നിഷ്പക്ഷവും വ്യക്തികളുടെ വൈദഗ്ധ്യത്തെയും കഴിവിനെയും അംഗീകരിക്കുന്നതുമാണ്. നിങ്ങൾക്ക് മികവുണ്ടെങ്കിൽ ഇവിടെ മറ്റൊന്നും ഒരു ഘടകമല്ല.

തെരഞ്ഞെടുക്കുന്നതിനുള്ള ധാരാളം അവസരം നമുക്ക് നൽകുന്നു എന്നതാണ് കമ്പോളവിതരണത്തിന് അനുകൂലമായി ഉയർത്തുന്ന പ്രധാനവാദങ്ങളിലൊന്ന്. കമ്പോള വ്യവസ്ഥയിൽ ഉപഭോക്താക്കൾക്ക് തെരഞ്ഞെടുക്കാനുള്ള ധാരാളം അവസരങ്ങളുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പണം നൽകാൻ മാർഗമുണ്ടെങ്കിൽ കഴിക്കാനുള്ള അരിയും പോകാനുദേശിക്കുന്ന സ്കൂളും തെരഞ്ഞെടുക്കാൻ നമുക്ക് കഴിയും. എന്നാൽ, അടിസ്ഥാനപരമായ ചില സാധനങ്ങളുടേയും സേവനങ്ങളുടേയും കാര്യത്തിൽ നിലവാരമുള്ള സാധനങ്ങളും സേവനങ്ങളും ജനങ്ങൾക്ക് വാങ്ങാൻ കഴിയുന്നതരത്തിൽ കുറഞ്ഞ ചെലവിൽ ലഭിക്കുക എന്നതാണ് പ്രധാനം. ഒരു വിപണി ലാഭകരമല്ലെന്നുകണ്ടാൽ സ്വകാര്യസ്ഥാപനങ്ങൾ ആ വിപണിയിൽ പ്രവേശിക്കുകയില്ല. അല്ലെങ്കിൽ നിലവാരം കുറഞ്ഞതും മോശമായതുമായ സാധനങ്ങളാകും നൽകുക. വിദൂരഗ്രാമപ്രദേശങ്ങളിൽ സ്വകാര്യസ്കൂളുകൾ വിരളമായിരിക്കുന്നതിന്റെയും ഉള്ളവ മോശം നിലവാരം പുലർത്തുന്നതിന്റെയും കാരണമിതാണ്. ആരോഗ്യപരിരക്ഷ, പാർപ്പിടം തുടങ്ങിയവയുടെ കാര്യത്തിലും സ്ഥിതി വിഭിന്നമല്ല. ഇത്തരം സാഹചര്യത്തിൽ ഇടപെടാൻ ഗവൺമെന്റ് തീർച്ചയായും മുന്നോട്ട് വരേണ്ടതുണ്ട്.

സ്വതന്ത്രവിപണിയും സ്വകാര്യസംരംഭകരും നൽകുന്ന സേവനങ്ങൾ ഗവൺമെന്റ് സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളെക്കാൾ മികച്ചതായിരിക്കുമെന്നാണ് സ്വതന്ത്രവിപണിയെ അനുകൂലിക്കുന്നവരുടെ മറ്റൊരു പ്രധാനവാദം. എന്നാൽ, അത്തരം സേവനങ്ങൾക്ക് നൽകേണ്ടിവരുന്ന ചെലവ് പാവങ്ങൾക്ക് താങ്ങാനാകുന്നതിനും അപ്പുറമാണ്. സ്വകാര്യ ബിസിനസുകൾ ലാഭം കൂടുതൽ ലഭിക്കാൻ ഇടയുള്ളിടത്ത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇത് കാലക്രമേണ കരുത്തും സമ്പത്തും അധികാരവുമുള്ളവരുടെ താല്പര്യങ്ങൾക്ക് അനുസരിച്ച് വിപണി പ്രവർത്തിക്കുന്നതിന് കാരണമാകും. താരതമ്യേന ദുർബലരും പിന്നോക്കം നിൽക്കുന്നവരുമായവർക്ക് അവസരങ്ങൾ നൽകുന്നതിനുപകരം നിഷേധിക്കുകയാകും ഇത് ചെയ്യുന്നത്.

ഈ സംവാദത്തിൽ ഇരുഭാഗത്തിനും ധാരാളം വാദഗതികൾ നിരത്താനുണ്ടാകും. എന്നാൽ മിക്കപ്പോഴും സ്വതന്ത്രവിപണി സമൂഹത്തിലെ ഉപരിവർഗത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള ഒരു പ്രവണത പ്രകടിപ്പിക്കുന്നുണ്ട്. അതുകൊണ്ടാണ് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും അടിസ്ഥാനസൗകര്യങ്ങളും അതുവഴി നീതിയും ഉറപ്പുവരുത്തുന്നിന് രാഷ്ട്രം ഇടപെടണം എന്ന വാദഗതി മുന്നോട്ട് വയ്ക്കുന്നത്.

ഒരു ജനാധിപത്യസമൂഹത്തിൽ നീതി, വിതരണം എന്നിവയെ സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങൾ അനിവാര്യവും ആരോഗ്യകരവുമാണ്. എന്തുകൊണ്ടെന്നാൽ ഇത് വ്യത്യസ്താഭിപ്രായങ്ങളെ പരിശോധിക്കുന്നതിനും നമ്മുടെ വീക്ഷണങ്ങളെ യുക്തിസഹമായി പ്രതിരോധിക്കുന്നതിനും സഹായിക്കുന്നു. അത്തരം അഭിപ്രായവ്യത്യാസങ്ങളെ സംവാദത്തിലൂടെ അനുരഞ്ജിപ്പിക്കുന്നതിനാണ് രാഷ്ട്രീയം എന്നു പറയുന്നത്. നമ്മുടെ രാജ്യത്തും സാമൂഹികവും സാമ്പത്തികവുമായ നിരവധി അസമത്വങ്ങൾ നിലനിൽക്കുന്നു. അവയെ കുറച്ചു കൊണ്ടുവരുന്നതിന് ഇനിയും ധാരാളം കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. നീതിയുടെ വ്യത്യസ്ത തത്ത്വങ്ങളെപ്പറ്റിയുള്ള പഠനം അതിലുൾപ്പെട്ട പ്രശ്നങ്ങൾ ചർച്ചചെയ്യാനും നീതി കൈവരിക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗത്തെക്കുറിച്ച് ഒരു ധാരണയിലെത്താനും നമ്മെ സഹായിക്കും.

നീതി എന്നതു കൊണ്ട് വിവക്ഷിക്കുന്നത് ചെയ്യുന്നത് ശരിയാണോ, ചെയ്യാതിരിക്കുന്നത് തെറ്റാണോ എന്നത് മാത്രമല്ല, മറിച്ച് ഒരു വ്യക്തിക്ക് തന്റെ ധാർമികാവകാശമായി മറ്റുള്ളവരിൽ നിന്ന് അവകാശപ്പെടാനാവുന്നതാണ്.

ജെ.എസ്. മിൽ

# അഭ്യാസം

അഭ്യാസം

1. ഒരോ വ്യക്തിക്കും അർഹമായത് നല്കുക എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്? ഒരോരുത്തർക്കും അവർക്ക് അർഹമായത് എന്തെന്ന സങ്കല്പത്തിൽ കാലാന്തരത്തിൽ എങ്ങനെയാണ് മാറ്റം സംഭവിച്ചത്?

2. ഈ അധ്യായത്തിൽ പരാമർശിക്കുന്ന നീതിയുടെ മൂന്ന് തത്വങ്ങളെ പറ്റി ചുരുക്കി എഴുതുക. ഓരോന്നും ഉദാഹരണ സഹിതം വിശദമാക്കുക.

3. ജനങ്ങളുടെ പ്രത്യേകാവശ്യങ്ങൾ പരിഗണിക്കുക എന്ന തത്വം എല്ലാവരെയും തുല്യമായി പരിഗണിക്കുക എന്ന തത്ത്വത്തിന് എതിരാണോ?

4. നീതിയുക്തവും ഉചിതവുമായ വിതരണത്തെ യുക്തിപരമായി സാധൂകരിക്കുന്നതിന് 'അജ്ഞതയുടെ മൂടുപടം' എന്ന ആശയത്തെ ജോൺ റോൾസ് എങ്ങനെ ഉപയോഗിച്ചിരിക്കുന്നു?

5. ആരോഗ്യകരവും ക്രിയാത്മകവുമായ ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് അടിസ്ഥാനപരമായി ഉണ്ടായിരിക്കേണ്ടത് എന്തെല്ലാമാണെന്നാണ് കണക്കാക്കുന്നത്?. എല്ലാവർക്കും അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഗവൺമെന്റിന്റെ ഉത്തരവാദിത്ത്വങ്ങൾ എന്തെല്ലാമാണ്.

6. താഴെപ്പറയുന്ന ഏതൊക്കെ വാദഗതികളാണ് എല്ലാ പൗരന്മാരുടെയും ജീവിതത്തിന് വേണ്ടുന്ന അടിസ്ഥാനസൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങളെ ന്യായീകരിക്കുന്നത്?

(a) പാവങ്ങൾക്കും ആവശ്യക്കാർക്കും സൗജന്യസേവനങ്ങൾ നൽകുക എന്നതിനെ ധർമത്തിലധിഷ്ഠിതമായ പ്രവൃത്തിയായി ന്യായീകരിക്കാൻ കഴിയും.

(b) ചില ആളുകൾ സ്വാഭാവികമായും മടിയന്മാരാണ് അവരോട് നാം കരുണയുള്ളവരായിരിക്കണം

(c) എല്ലാവർക്കും അടിസ്ഥാനസൗകര്യങ്ങളും ജീവിതസാഹചര്യങ്ങളും ഉറപ്പുവരുത്തുക എന്നത് മനുഷ്യാവകാശങ്ങൾ അംഗീകരിക്കുന്നതിന്റെയും പങ്കുവയ്ക്കപ്പെടുന്ന മാനുഷികതയുടേയും അംഗീകാരമാണ്.




## അധ്യായം 5

# അവകാശങ്ങൾ (Rights)

## അവലോകനം

നിത്യജീവിതത്തിൽ പലപ്പോഴും നമ്മൾ, നമ്മുടെ അവകാശങ്ങളെക്കുറിച്ച് സംസാരിക്കാറുണ്ട്. ഒരു ജനാധിപത്യരാജ്യത്തെ അംഗങ്ങളെന്ന നിലക്ക് വോട്ടു ചെയ്യുന്നതിനുള്ള അവകാശം, രാഷ്ട്രീയപാർട്ടികൾ രൂപീകരിക്കുന്നതിനുള്ള അവകാശം, മുതലായവയെക്കുറിച്ചൊക്കെ നമ്മൾ സംസാരിച്ചേക്കാം. പൊതുവായി സ്വീകരിക്കപ്പെട്ടിട്ടുള്ള രാഷ്ട്രീയാവകാശങ്ങൾക്കും പൗരാവകാശങ്ങൾക്കും പുറമെ അറിയുവാനുള്ള അവകാശം (Right to Information), ശുദ്ധജലത്തിനുള്ള അവകാശം എന്നിവയൊക്കെ പുതിയതായി അവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ജനങ്ങൾ ആവശ്യപ്പെടുന്നു. അവകാശങ്ങൾക്കു വേണ്ടി നമ്മൾ വാദമുന്നയിക്കുന്നത് പൊതുരാഷ്ട്രീയജീവിതവുമായി ബന്ധപ്പെടുത്തി മാത്രമല്ല, നമ്മുടെ സാമൂഹികവും, വ്യക്തിപരവുമായ ജീവിതവുമായി ബന്ധപ്പെടുത്തിക്കൂടിയാണ്. അതിലുപരി അവകാശങ്ങൾ പ്രായപൂർത്തിയായ മനുഷ്യന് മാത്രം അവകാശപ്പെടാവുന്നവയല്ല, മറിച്ച് കുട്ടികൾക്കും പിറക്കാനിരിക്കുന്നവർക്കും എന്തിനേറെ മൃഗങ്ങൾക്കുപോലും അവകാശങ്ങളുണ്ട്. അവകാശം എന്ന ആശയത്തെ വിവിധ ജനവിഭാഗങ്ങൾ വ്യത്യസ്തരീതികളിലാണ് മനസിലാക്കുന്നത്. ഈ പാഠഭാഗത്തിലൂടെ നമ്മൾ താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിക്കും

- അവകാശങ്ങളെക്കുറിച്ച് നാം സംസാരിക്കുമ്പോൾ അതുകൊണ്ട് അർഥമാക്കുന്നത് എന്താണ്?
- അവകാശങ്ങൾ ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനം എന്താണ്?
- അവകാശങ്ങൾ എന്ത് ലക്ഷ്യമാണ് നിറവേറ്റുന്നത്? എന്തുകൊണ്ട് അവ ഇത്രമാത്രം പ്രാധാന്യമർഹിക്കുന്നു.?

## 5.1 എന്താണ് അവകാശങ്ങൾ ? (What Are Rights?)

ഒരു അവകാശം എന്നത് നീതീകരിക്കപ്പെടുന്ന ഒരു അവകാശവാദമോ അല്ലെങ്കിൽ ഒരു അവശ്യമായ അർഹതപ്പെടുത്തലോ ആണ്. ഒരു വ്യക്തി ഒരു മനുഷ്യൻ ഒരു പൗരൻ എന്നീ വ്യത്യസ്തനിലകളിൽ ഒരാൾ എന്ത് അർഹിക്കുന്നു എന്നതാണ് ഇത് കൊണ്ട് സൂചിപ്പിക്കുന്നത്. സമൂഹം നിയമപരമായി അംഗീകരിക്കുന്നതും നമുക്ക് അർഹതപ്പെട്ടതുമായ ന്യായാനുസൃതമായ അവകാശവാദങ്ങളാണ് (ആവശ്യങ്ങളാണ്) അവകാശങ്ങൾ. ഒരാൾ അയാൾക്ക് ആവശ്യമായതെന്നും, അഭിലഷണീയമായതെന്നും കരുതുന്നതെന്തും അയാളുടെ അവകാശമാണെന്ന് ഇതിനർത്ഥമില്ല. സ്കൂൾ യൂണിഫോമിനുപകരം ഒരാൾക്ക് ഇഷ്ടമുള്ള വസ്ത്രം ധരിച്ച് സ്കൂളിൽ വരുന്നതിനോ രാത്രി വൈകി വീട്ടിൽ തിരിച്ചെത്തുന്നതിനോ അയാൾ ആഗ്രഹിക്കുന്നുവെങ്കിൽക്കൂടി, അയാൾക്കതിനു അവകാശമുണ്ടെന്ന് പറയാനാവില്ല. എന്താണ് എനിക്ക് വേണ്ടതെന്നും എന്റെ കാഴ്ചപ്പാടിൽ ഞാൻ അർഹിക്കുന്നതെന്താണെന്നുള്ളതും, എന്റെ അവകാശങ്ങളായി അംഗീകരിക്കപ്പെട്ടിട്ടുള്ളവയും തമ്മിൽ വ്യത്യാസങ്ങളുണ്ട്.

സമൂഹത്തിലെ ഒരു വ്യക്തിക്ക് മറ്റുള്ളവരോടൊപ്പം മാന്യമായും അന്തസായുമുള്ള ജീവിതം സാധ്യമാക്കിത്തീർക്കുന്ന അടിസ്ഥാനപരമായ സാഹചര്യങ്ങളെയാണ് അവകാശങ്ങൾ എന്നതുകൊണ്ടർഥമാക്കുന്നത്. അവകാശങ്ങൾ ആവശ്യപ്പെടുന്നതിന്റെ ഒരടിസ്ഥാനം അവ ആത്മാഭിമാനത്തിന്റെയും, അന്തസിന്റെയും ഉറവിടമായ ചില സാഹചര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നു എന്നതാണ്. ഉദാഹരണത്തിന് അന്തസുറ്റ ഒരു ജീവിതം നയിക്കുന്നതിന് അനിവാര്യമായി കണക്കാക്കുന്ന ഒന്നാണ് ഉപജീവനമാർഗത്തിനുള്ള അവകാശം (Right to livelyhood). വേതനമുള്ള ജോലി ഒരു വ്യക്തിയുടെ സാമ്പത്തികസ്വാതന്ത്ര്യം ഉറപ്പുവരുത്തുകയും അതുവഴി അയാളുടെ/അവളുടെ മാന്യമായ ജീവിതത്തിന്റെ അടിസ്ഥാനമായി മാറുകയും ചെയ്യുന്നു. നമ്മുടെ അടിസ്ഥാനാവശ്യങ്ങൾ വ്യക്തിപരമായി നിറവേറ്റപ്പെടുമ്പോൾ, നമ്മുടെ താൽപര്യത്തിനും കഴിവിനുമനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ലഭ്യമാകും. മറ്റൊരർഥത്തിൽ പറഞ്ഞാൽ, ഇത് സ്വതന്ത്രമായ ആവിഷ്കാരസ്വാതന്ത്ര്യം പ്രദാനം ചെയ്യും. ഈ അവകാശം എഴുത്തിലും നൃത്തത്തിലും, സംഗീതത്തിലും മറ്റേതൊരു സൃഷ്ടിപരമായ പ്രവൃത്തിയിലും തനതും ക്രിയാത്മകവുമാകുന്നതിന് നമുക്ക് അവസരം നൽകുന്നു. ഒരു ജനാധിപത്യ ഗവൺമെന്റിൽ ആവിഷ്കാര സ്വാതന്ത്ര്യം പ്രധാനമാകുന്നത്, അത് വ്യക്തികൾക്ക് അവരുടെ വിശ്വാസവും അഭിപ്രായവും സ്വതന്ത്രമായി പ്രകടിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു എന്നതിനാലാണ്. ജീവനോപാധിയ്ക്കുള്ള സ്വാതന്ത്ര്യം അല്ലെങ്കിൽ ആവിഷ്കാരസ്വാതന്ത്ര്യം മുതലായ അവകാശങ്ങൾ, സമൂഹത്തിൽ ജീവിക്കുന്ന ഏതൊരു മനുഷ്യനും അനിവാര്യമായതുകൊണ്ടാണ് അവ സാർവലൗകികമാവുന്നത്.

അവകാശങ്ങൾ ആവശ്യപ്പെടുന്നതിന്റെ മറ്റൊരു തലം അവ നമ്മുടെ ക്ഷേമത്തിന് അനിവാര്യമാണ് എന്നതാണ്. അവ വ്യക്തികളുടെ സിദ്ധികൾ, കഴിവുകൾ, നൈപു

ണി എന്നിവയുടെ വികാസത്തിന് സഹായകരമാകുന്നു. ഉദാഹരണത്തിന് വിദ്യാഭ്യാസാവകാശം പോലുള്ള ഒരവകാശം നമ്മുടെ യുക്തിബോധം, ഉപകാരപ്രദമായ നൈപുണികൾ എന്നിവയുടെ വികാസത്തിനും അതുവഴി ജീവിതത്തിൽ ശരിയായ തീരുമാനങ്ങൾ എടുക്കുവാനും നമ്മളെ പ്രാപ്തരാക്കുന്നു. ഈ അർഥത്തിലാണ് വിദ്യാഭ്യാസത്തെ സാർവത്രികാവകാശമായി അംഗീകരിക്കുന്നത്. എന്നിരുന്നാലും ഒരു പ്രവൃത്തി നമ്മുടെ ആരോഗ്യത്തിനും ക്ഷേമത്തിനും ഹാനികരമാണെങ്കിൽ അതിനെ ഒരവകാശമായി കരുതാനാവില്ല. ഉദാഹരണത്തിന് ആരോഗ്യത്തിന് ഹാനികരമെന്ന് വൈദ്യശാസ്ത്രഗവേഷണത്തിലൂടെ തെളിയിക്കപ്പെട്ടിട്ടുള്ള നിരോധിക്കപ്പെട്ട മരുന്നുകളുടെയും പുകയിലയുടെയും ഉപയോഗം മനുഷ്യർക്കിടയിലെ ബന്ധത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ അവ ശ്വസിക്കുന്നതോ കുത്തിവെക്കുന്നതോ ഉപയോഗിക്കുന്നതോ ഒരവകാശമായി കരുതാനാവില്ല. പുകവലി ഹാനികരമാകുന്നത്, പുകവലിക്കുന്ന വ്യക്തിക്കു മാത്രമല്ല അയാൾക്ക് ചുറ്റുമുള്ളവർക്കു കൂടിയാണ്. മയക്കുമരുന്നുകൾ അതുപയോഗിക്കുന്നവരുടെ ആരോഗ്യത്തിനു മാത്രമല്ല ഹാനികരമാവുന്നത്. അവയുടെ ഉപയോഗം മൂലം വ്യക്തികളുടെ പെരുമാറ്റരീതികളിലുണ്ടാകുന്ന മാറ്റം മറ്റുള്ളവർക്ക് അപകടകരമാവുകയും അയാൾ സമൂഹത്തിനുതന്നെ ഒരു ഭീഷണിയായി മാറുകയും ചെയ്യുന്നു. അവകാശങ്ങളെക്കുറിച്ചുള്ള നമ്മുടെ പൊതുവായ നിർവചനങ്ങളിൽ ഒരിടത്തും പുകവലിയോ നിരോധിക്കപ്പെട്ട മരുന്നുകളുടെ ഉപയോഗമോ ഒരു അവകാശമായി കണക്കാക്കപ്പെടുന്നില്ല.

**നമുക്കിത് ചെയ്യാം.**

സമീപകാല വർത്തമാനപ്പത്രങ്ങൾ പരിശോധിച്ച് പുതിയ തരം അവകാശങ്ങൾക്ക് വേണ്ടി ആവശ്യങ്ങൾ ഉന്നയിച്ച ജനകീയ മുന്നേറ്റങ്ങളുടെ ഒരു പട്ടിക തയാറാക്കുക.

## 5.2 എവിടെ നിന്നാണ് അവകാശങ്ങൾ വന്നത്? (Where Do Rights Come From?)

അവകാശങ്ങൾ പ്രകൃതിദത്തമോ ദൈവദത്തമോ ആണെന്നാണ് പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ രാഷ്ട്രീയചിന്തകർ വാദിച്ചിരുന്നത്. മനുഷ്യരുടെ അവകാശങ്ങൾ ഉത്ഭവിച്ചത് പ്രകൃതിദത്ത നിയമങ്ങളിൽ (Natural Law) നിന്നാണ്. ഭരണാധികാരിയോ സമൂഹമോ കനിഞ്ഞു നൽകിയതല്ല ഈ അവകാശങ്ങളെന്നും, മറിച്ച് അവ നമുക്ക് ജന്മസിദ്ധമായി ലഭിക്കുന്നതാണെന്നുമാണ് ഇതുകൊണ്ടർഥമാക്കുന്നത്. അതുകൊണ്ടുതന്നെ അന്യവൽക്കരിക്കാൻ കഴിയാത്ത ഈ അവകാശങ്ങളെ ആർക്കും തന്നെ നമ്മളിൽ നിന്നും അപഹരിക്കാൻ കഴിയില്ല. മനുഷ്യന്റെ മൂന്ന് പ്രകൃതിദത്ത അവകാശങ്ങളെ അവർ തിരിച്ചറിഞ്ഞിട്ടുണ്ട്. ജീവിക്കുവാനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, സ്വത്തവകാശം എന്നിവയാണവ. മറ്റെല്ലാ അവകാശങ്ങളും ഈ മൂന്ന് അടിസ്ഥാന അവകാശങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നതാണ്. അവകാശങ്ങൾ ജന്മസിദ്ധമാണ് എന്ന സിദ്ധാന്തം വളരെ ശക്തമായ ഒരാശയമാണ്. എന്തുകൊണ്ടെന്നാൽ ജന്മസിദ്ധമായതുകൊണ്ടുതന്നെ രാഷ്ട്രത്തിനോ മറ്റേതെങ്കിലും സംഘടനകൾക്കോ ഈ അവകാശങ്ങൾ ഒരു വ്യക്തിക്ക് നിഷേധിക്കുവാനോ അയാളിൽ നിന്ന് എടുത്തുമാറ്റുവാനോ സാധിക്കില്ല.

### മനുഷ്യരുടെ അന്തസ്സിനെക്കുറിച്ച് കാന്റ്

എല്ലാറ്റിനും ഒരു മൂല്യമോ അന്തസോ ഉണ്ട്. വില കൽപ്പിക്കപ്പെടുന്ന ഒന്നിന് സാമാന്യമായി മറ്റൊന്ന് വയ്ക്കാവുന്നതാണ്. ഇതിനു വിപരീതമായി. എന്താണോ ഏത് മൂല്യത്തിനും ഉപരിയായിട്ടുള്ളത്, എന്തിനാണോ സമാനതകളില്ലാത്തത് അതാകുന്നു അന്തസ്.

മറ്റുവസ്തുക്കളിൽ നിന്ന് വിഭിന്നമായി അന്തസാണ് മനുഷ്യന് കൈമുതലായിട്ടുള്ളത്. ഇക്കാരണത്താൽ ഒരാൾ മനുഷ്യനായിരിക്കുന്നതുകൊണ്ടുതന്നെ മൂല്യമുള്ളതാകുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജർമൻതത്വചിന്തകനായിരുന്ന ഇമ്മാനുവൽ കാന്റിനെ സംബന്ധിച്ചിടത്തോളം ഈ ലളിതമായ ആശയത്തിന് ആഴമേറിയ അർഥതലമുണ്ട്. ഓരോ വ്യക്തിയ്ക്കും അന്തസ്സുണ്ടെന്നും ആയതിനാൽ ഓരോ വ്യക്തിയേയും മനുഷ്യനെന്ന നിലയിൽ അന്തസ്സോടെ കണക്കാക്കേണ്ടതുണ്ടെന്നുമാണ് ഇതുകൊണ്ട് അർഥമാക്കുന്നത്. ഒരു വ്യക്തി നിരക്ഷരനോ, ദരിദ്രനോ അധികാരമില്ലാത്തവനോ സത്യസന്ധതയില്ലാത്തവനോ പോലുമാകാം. എന്നിരുന്നാലും അയാൾ ഒരു മനുഷ്യനായതിനാൽ അയാൾക്ക് നിശ്ചിത അന്തസിനുള്ള അവകാശമുണ്ട്.

കാന്റിനെ സംബന്ധിടത്തോളം മനുഷ്യരെ അന്തസോടെ പരിഗണിക്കുക എന്നാൽ അവരെ ധാർമികമായി പരിഗണിക്കുക എന്നതുതന്നെയാണ്. സാമൂഹ്യ ഉച്ചനീചത്വങ്ങൾക്കെതിരെയും, മനുഷ്യാവകാശത്തിനു വേണ്ടിയും പോരാടുന്നവർക്ക് ഈ ആശയം ഉത്തേജകമായി മാറി.

കാന്റിന്റെ കാഴ്ചപ്പാട് പ്രതിനിധീകരിക്കുന്നത് അവകാശങ്ങളുടെ ധാർമിക സങ്കൽപങ്ങളെയാണ്. രണ്ട് വാദങ്ങളിലാണ് ഈ നിലപാട് നിലകൊള്ളുന്നത്. ഒന്നാമതായി നമ്മളോട് മറ്റുള്ളവർ എങ്ങനെ പെരുമാറണമെന്ന് നാം ആഗ്രഹിക്കുന്നുവോ അതുപോലെ നാം മറ്റുള്ളവരോട് പെരുമാറുക. രണ്ടാമതായി, നമ്മൾ മറ്റൊരു വ്യക്തിയെ നമ്മുടെ താൽപര്യ സംരക്ഷണത്തിനുള്ള മാർഗമായി ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക. നാം ഒരു പേനയേയോ, കാറിനേയോ, കുതിരയേയൊ കണക്കാക്കുന്നതുപോലെ ജനങ്ങളെ കണക്കാക്കാതിരിക്കുക. മനുഷ്യരെ നാം ബഹുമാനിക്കേണ്ടത്, അവർ നമുക്ക് എത്രമാത്രം ഉപയോഗപ്രദമാകും എന്നതിന്റെ അടിസ്ഥാനത്തിലാവരുത്. മറിച്ച് അവർ ബഹുമാനിക്കപ്പെടേണ്ടത് എല്ലാത്തിനുമുപരിയായി അവർ മനുഷ്യരാണ് എന്നതിനാലാവണം. അതായത്, നാം ജനങ്ങളെ ബഹുമാനിക്കേണ്ടത് അവരുടെ ഉപയുക്തതയുടെ അടിസ്ഥാനത്തിലാവരുത് അവർ മനുഷ്യരാണ് എന്നതിനാലാവണം.

രാഷ്ട്രത്തിന്റെയും ഗവൺമെന്റിന്റെയും സേച്ഛാധിപത്യപരമായ അധികാരദുർവിനിയോഗത്തെ എതിർക്കുന്നതിനും വ്യക്തിസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനും പ്രകൃതിദത്താവകാശങ്ങൾ എന്ന ആശയത്തെ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്.

പ്രകൃതിദത്താവകാശങ്ങൾ എന്ന പദത്തിന് പകരമായി സമീപകാലത്ത് കൂടുതലായി ഉപയോഗിക്കുന്നത് മനുഷ്യാവകാശം എന്ന പദമാണ്. ഒരു പ്രകൃതി നിയമം നിലനിൽക്കുന്നുവെന്നും പ്രകൃതിയോ ദൈവമോ പ്രദാനം ചെയ്ത ഒരു കൂട്ടം നിബന്ധനകൾ ഉണ്ടെന്നുമുള്ള വാദം ആധുനികകാലത്ത് അത്ര സ്വീകാര്യമല്ലാത്തതുകൊണ്ടാണ് പ്രകൃതിദത്തമായ അവകാശങ്ങൾ എന്നതിന്റെ സ്ഥാനത്ത് മനുഷ്യാവകാശം എന്ന പദം ഉപയോഗിക്കുന്നത്. മാന്യമായ ഒരു ജീവിതത്തിന് ആവശ്യമായ ചില ഉറപ്പുകൾ എന്ന നിലയ്ക്കാണ് മനുഷ്യൻ അവകാശങ്ങളെ കാണുന്നത്.

മനുഷ്യൻ എന്ന നിലയ്ക്ക്, ഏതൊരു വ്യക്തിക്കും ചില കാര്യങ്ങൾക്ക് അർഹതയുണ്ട് എന്ന സങ്കൽപമാണ് മനുഷ്യാവകാശം എന്ന ആശയത്തിന് പിന്നിൽ. ഒരു മനുഷ്യൻ എന്ന നിലയിൽ എല്ലാ വ്യക്തികളും തുല്യ പ്രാധാന്യമുള്ളവരും അതുല്യരുമാണ്. എല്ലാവരും തുല്യരാണെന്നും ഒരാളും മറ്റുള്ളവരെ സേവിക്കാൻ ജനിച്ചവരല്ലന്നുമാണ് ഇതുകൊണ്ടർഥമാക്കുന്നത്. ജന്മസിദ്ധമായ ഒരു മൂല്യം നമ്മളിലെല്ലാം അന്തർലീനമായിരിക്കുന്നതിനാൽ, സ്വാതന്ത്ര്യത്തിനും നമ്മുടെ കഴിവുകൾ പൂർണമായും സാക്ഷാത്കരിക്കുന്നതിനുമുള്ള തുല്യമായ അവസരങ്ങൾ ഉണ്ടായിരിക്കണം. എല്ലാവർക്കും സ്വതന്ത്രവും തുല്യവുമായ ഒരു സ്വത്വമുണ്ടെന്ന സങ്കൽപം, നിലവി




ലുള്ള ജാതി, മത, വർഗ, ലിംഗ അസമത്വങ്ങളെ വെല്ലുവിളിക്കാൻ ഉപയോഗിക്കപ്പെടുന്നു. ഈ സങ്കൽപത്തിന്റെ അടിത്തറയിലാണ് ഐക്യരാഷ്ട്രസംഘടനയുടെ മനുഷ്യാവകാശ പ്രഖ്യാപനം കെട്ടിപ്പടുത്തിരിക്കുന്നത്. അന്തസും അത്മാഭിമാനവുമുള്ള ഒരു ജീവിതം നയിക്കുന്നതിന് അത്യന്താപേക്ഷിതം എന്ന് ലോകസമൂഹം കൂട്ടായി കരുതുന്ന അവകാശവാദങ്ങളെ ഈ അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനം അംഗീകരിക്കുന്നു.

തുല്യാവകാശങ്ങളും, അവസരങ്ങളും തങ്ങൾക്ക് നിഷേധിക്കുകയും, തങ്ങളെ വേർതിരിച്ച് നിർത്തുകയും ചെയ്യുന്ന നിയമങ്ങളെ വെല്ലുവിളിക്കുന്നതിന് ലോകമെമ്പാടുമുള്ള അടിച്ചമർത്തപ്പെടുന്ന ജനവിഭാഗങ്ങൾ സാർവത്രികമനുഷ്യാവകാശം എന്ന ആശയത്തെ ഉപയോഗിക്കുന്നു. ഇത്തരത്തിൽ ഒഴിവാക്കപ്പെട്ട ജനവിഭാഗങ്ങളുടെ പോരാട്ടങ്ങൾക്ക് അവകാശങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനങ്ങളെ ചിലപ്പോഴൊക്കെ മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ഉദാഹരണമായി, അടിമത്തസമ്പ്രദായം പൂർണമായി നിരോധിക്കപ്പെടുന്നത് ഇത്തരത്തിലുള്ള പോരാട്ടത്തിന്റെ ഫലമായാണ്. പക്ഷേ എല്ലാ പോരാട്ടങ്ങളും പൂർണവിജയമായിരുന്നില്ല. ഇന്നും പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങൾ തങ്ങൾ കൂടി ഉൾപ്പെടുന്ന ഒരു തലത്തിലേക്ക് മാനവികതയെ പുനർനിർവചിക്കാനുള്ള പോരാട്ടങ്ങളിലാണ്.

ആധുനികസമൂഹം നേരിടുന്ന ഭീഷണികളുടെയും വെല്ലുവിളികളുടെയും വ്യാപ്തി വർധിച്ചതിനാൽ കാലക്രമേണ മനുഷ്യാവകാശങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് പരിസ്ഥിതിസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് നമ്മൾ ഇന്ന് തികഞ്ഞബോധമുള്ളവരാണ്. ഈ തിരിച്ചറിവാണ് ശുദ്ധവായുവിനും ശുദ്ധജലത്തിനും സുസ്ഥിരവികസനത്തിനുമുള്ള വാദങ്ങളെ അവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന വാദത്തിന്റെ അടിസ്ഥാനം. യുദ്ധവും പ്രകൃതി ദുരന്തങ്ങളും മനുഷ്യന്റെ, പ്രത്യേകിച്ച് സ്ത്രീകൾ, കുട്ടികൾ, രോഗബാധിതർ എന്നിവരുടെ ജീവിതസാഹചര്യത്തിലുണ്ടാക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള അവബോധം പുതിയ അവകാശങ്ങൾക്കുവേണ്ടിയുള്ള വാദങ്ങൾക്ക് കാരണമാകുന്നു. ജീവനോപാധിയ്ക്കുള്ള അവകാശം, കുട്ടികളുടെ അവകാശങ്ങൾ എന്നിവ ഇത്തരത്തിൽ സൃഷ്ടിക്കപ്പെട്ടവയാണ്. ഈ അവകാശവാദങ്ങൾ മനുഷ്യന്റെ അന്തസിനെ ഹനിക്കുന്നതിനെതിരെയുള്ള ധാർമ്മികമായ രോഷത്തെ പ്രകടമാക്കുകയും, കൂടാതെ എല്ലാ മനുഷ്യർക്കും അവകാശങ്ങൾ ലഭ്യമാക്കുന്ന

തിനുള്ള ആഹ്വാനങ്ങളായും നിലകൊള്ളുന്നു. അത്തരത്തിലുള്ള അവകാശവാദങ്ങളുടെ വ്യാപ്തിയെയും ശക്തിയെയും നമ്മൾ പ്രാധാന്യം കുറച്ച് കാണരുത്. അവയ്ക്ക് പലപ്പോഴും വ്യാപകമായ പിന്തുണ ലഭിക്കാറുണ്ട്. ആഫ്രിക്കയിലെ പട്ടിണി അവസാനിപ്പിക്കണമെന്ന് പാശ്ചാത്യ രാജ്യങ്ങളോട് പോപ് ഗായകൻ ബോബ് ഗൽഡോഫിന്റെ അടുത്ത കാലത്തെ അഭ്യർഥനയ്ക്ക് സാധാരണക്കാരായ പൗരന്മാരുടെ ഇടയിൽ നിന്നും ലഭിച്ച വ്യാപകപിന്തുണ വെളിപ്പെടുത്തിയ സീൻ ടി.വി. റിപ്പോർട്ട് നിങ്ങൾ കണ്ടിട്ടുണ്ടാവും.

## 5.3 രാഷ്ട്രവും നിയമപരമായ അവകാശങ്ങളും (LEGAL RIGHTS AND THE STATE)

മനുഷ്യാവകാശത്തിനുവേണ്ടിയുള്ള ആവശ്യങ്ങൾ നമ്മുടെ ധാർമിക ബോധത്തെയാണ് പ്രതിഫലിപ്പിക്കുന്നതെങ്കിലും അവയുടെ വിജയത്തിന്റെ തോത് നിരവധി ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. അതിൽ പ്രധാനം നിയമത്തിന്റെയും ഗവൺമെന്റുകളുടെയും പിന്തുണയാണ്. അതുകൊണ്ടാണ് അവകാശങ്ങളുടെ നിയമപരമായ അംഗീകാരത്തിന് ഇത്രമാത്രം പ്രാധാന്യം കൈവരുന്നത്.

മിക്കവാറും രാജ്യങ്ങളുടെ ഭരണഘടനയിൽ അവകാശങ്ങളുടെ ഒരു പട്ടിക (Bill of Rights) ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു രാജ്യത്തിന്റെ പരമോന്നത നിയമത്തെ പ്രതിനിധീകരിക്കുന്നത് ഭരണഘടനയായതിനാൽ ഭരണഘടനാപരമായ അംഗീകാരം അവകാശങ്ങൾക്ക് പ്രാഥമികമായ പ്രാധാന്യം നൽകുന്നു. നമ്മുടെ രാജ്യത്ത് നാമതിനെ മൗലികാവകാശങ്ങൾ എന്നുവിളിക്കുന്നു. മറ്റു നിയമങ്ങളും നയങ്ങളും ഭരണഘടന നൽകിയിട്ടുള്ള അവകാശങ്ങളെ ബഹുമാനിക്കേണ്ടതാണ്. അടിസ്ഥാനപരമായി ഏറെ പ്രാധന്യമുള്ളത് എന്ന് കരുതപ്പെടുന്നവയായിരിക്കണം ഭരണഘടനയിൽ സൂചിപ്പിച്ചിട്ടുള്ള അവകാശങ്ങൾ. ഒരു രാജ്യത്തിന്റെ പ്രത്യേകമായ ചരിത്രവും, ആചാരങ്ങളും കാരണം ചില സാഹചര്യങ്ങളിൽ ഇവയ്ക്ക് അനുബന്ധമായി പുതിയ അവകാശവാദങ്ങളുണ്ടാവുകയും അവയ്ക്ക് പ്രാധാന്യം ലഭിക്കുകയും ചെയ്യാറുണ്ട്. ഉദാഹരണത്തിന് ഇന്ത്യയിൽ തൊട്ടുകൂടായ്മ നിരോധിച്ചുകൊണ്ടുള്ള ഒരു നിയമവ്യവസ്ഥയുണ്ട്. ഇത് പരമ്പരാഗതമായ ഒരു സാമൂഹ്യ ദുരാചാരത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

നമ്മുടെ ആവശ്യങ്ങളെ നിയമപരമായി സാധൂകരിക്കുക എന്നതും ഭരണഘടനാപരമായി അംഗീകരിക്കുക എന്നതും വളരെ പ്രധാനമാണ്. നിരവധി സൈദ്ധാന്തികർ അവകാശങ്ങളെ രാഷ്ട്രം സാധൂകരിച്ച ആവശ്യങ്ങളായി നിർവചിച്ചിട്ടുണ്ട്. നിയമപരമായ സാധൂകരണം തീർച്ചയായും നമ്മുടെ നിയമങ്ങൾക്ക് സമൂഹത്തിൽ ഒരു പ്രത്യേക പദവി നൽകിയിട്ടുണ്ടെങ്കിലും അവകാശങ്ങൾ ആവശ്യപ്പെടുന്നത് അതിന്റെ അടിസ്ഥാനത്തിലല്ല. മുമ്പ് നമ്മൾ ചർച്ചചെയ്തതുപോലെ മുൻകാലങ്ങളിൽ ഒഴിവാക്കപ്പെട്ടുപോയ ജനവിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിനും, അന്തസ്സും മാന്യതയുമുള്ള ഒരു ജീവിതം അർഥമാക്കുന്നതെന്തെന്ന് വ്യക്തമാ

ക്കുകയും നമ്മുടെ ആധുനികധാരണകളെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന രീതിയിൽ അവകാശങ്ങൾ ക്രമമായി വികസിക്കുകയും പുനർനിർവചിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

എന്നിരുന്നാലും മിക്ക അവസരങ്ങളിലും അവകാശങ്ങൾ രാഷ്ട്രത്തെയാണ് ലക്ഷ്യം വെക്കുന്നത്. അതായത് ഈ അവകാശങ്ങളിലൂടെ ജനങ്ങൾ രാഷ്ട്രത്തോടാണ് ചില കാര്യങ്ങൾ ആവശ്യപ്പെടുന്നത്. വിദ്യാഭ്യാസം എന്റെ അവകാശമാണെന്ന് ഞാൻ സമർഥിക്കുമ്പോൾ, എന്റെ അടിസ്ഥാനവിദ്യാഭ്യാസത്തിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കിത്തരുവാൻ ഞാൻ രാഷ്ട്രത്തോട് ആവശ്യപ്പെടുകയാണ്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസിലാക്കി സമൂഹം സ്വന്തം നിലയ്ക്കും അവരുടേതായ സംഭാവന നൽകിയേക്കാം. വിവിധ വിഭാഗത്തിൽപ്പെടുന്നവർ വിദ്യാലയങ്ങൾ ആരംഭിക്കുകയും, സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുകയും ചെയ്യുന്നതുവഴി, എല്ലാ വിഭാഗത്തിലും പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്റെ നേട്ടം ലഭ്യമാകുന്നതാണ്. പക്ഷേ പ്രാഥമികമായ ഉത്തരവാദിത്വം രാഷ്ട്രത്തിൽ നിക്ഷിപ്തമാണ്. എന്റെ വിദ്യാഭ്യാസാവകാശം സാക്ഷാത്കരിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾക്ക് മുൻകയ്യെടുക്കേണ്ടത് രാഷ്ട്രം തന്നെയാണ്.

**നമുക്കിത് ചെയ്യാം**

കഴിഞ്ഞ ഏതാനും ദിവസങ്ങളിലെ വർത്തമാനപത്രങ്ങളിലൂടെ കണ്ണോടിച്ച് അവകാശലംഘനവുമായി ബന്ധപ്പെട്ട് ഏറെ ചർച്ച ചെയ്യപ്പെട്ട വ്യവഹാരങ്ങൾ കണ്ടെത്തുക. അത്തരത്തിലുള്ള ലംഘനങ്ങൾ തടയുന്നതിന് ഗവൺമെന്റും പൊതു സമൂഹവും എന്താണ് ചെയ്യേണ്ടത്?

ഇങ്ങനെ ചില പ്രത്യേക രീതിയിൽ പ്രവർത്തിക്കാൻ അവകാശങ്ങൾ രാഷ്ട്രത്തെ ബാദ്ധ്യസ്ഥമാക്കുന്നു. ഓരോ അവകാശവും സൂചിപ്പിക്കുന്നത് രാഷ്ട്രം എന്തുചെയ്യണമെന്നും അതുപോലെ തന്നെ എന്ത് ചെയ്യരുതെന്നുമാണ്. ഉദാഹരണത്തിന്, ജീവിക്കുവാനുള്ള എന്റെ അവകാശം മറ്റുള്ളവരുടെ ഹാനികരമായ പ്രവൃത്തികൾ മൂലം എനിക്കുണ്ടായേക്കാവുന്ന പരിക്കുകളിൽ നിന്നും, എന്നെ സംരക്ഷിക്കുവാനുള്ള നിയമമുണ്ടാക്കുവാൻ രാഷ്ട്രത്തെ ബാദ്ധ്യസ്ഥമാക്കുന്നു. എന്നെ ദ്രോഹിക്കുന്നവരേയും, എനിക്ക് ഹാനികരമായ പ്രവൃത്തി ചെയ്യുന്നവരേയും ശിക്ഷിക്കുവാൻ അത് രാഷ്ട്രത്തോടാവശ്യപ്പെടുന്നു. ജീവിക്കുവാനുള്ള അവകാശമെന്നാൽ ഗുണമേൻമയുള്ള ഒരു ജീവിതത്തിനുള്ളഅവകാശമാണ് എന്ന് സമൂഹം കരുതുന്നുവെങ്കിൽ ശുദ്ധമായ പരിസ്ഥിതിക്കൊപ്പം ആരോഗ്യകരമായ ഒരു ജീവിതത്തിന് അത്യാവശ്യമായ മറ്റ് അവസ്ഥകളും ഉറപ്പുവരുത്തുന്ന തരത്തിലുള്ള നയങ്ങൾ ഒരു രാഷ്ട്രം പിന്തുടരണമെന്ന് ഇത് പ്രതീക്ഷിക്കുന്നു. മറ്റൊരുരീതിയിൽ പറഞ്ഞാൽ എന്റെ അവകാശങ്ങൾ ഒരു പ്രത്യേകരീതിയിൽ പ്രവർത്തിക്കുന്നതിന് രാഷ്ട്രത്തിനുമേൽ ചില നിബന്ധനകൾ വെക്കുന്നു.

രാഷ്ട്രം എന്ത് ചെയ്യണം എന്ന് സൂചിപ്പിക്കുക മാത്രമല്ല അവകാശങ്ങൾ ചെയ്യുന്നത്, ഏതൊക്കെ പ്രവൃത്തികളിൽ നിന്നും രാഷ്ട്രം വിട്ടുനിൽക്കണം എന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന് ഒരു വ്യക്തി എന്ന നിലയിൽ "സ്വാതന്ത്ര്യത്തിനുള്ള അവകാശം (Right to Liberty) അനുസരിച്ച് രാഷ്ട്രത്തിന് അതിന്റെ

ഇച്ഛാനുസരണം എന്നെ അറസ്റ്റ് ചെയ്യാൻ കഴിയില്ല എന്ന് നിർദേശിക്കുന്നു. രാഷ്ട്രം എന്നെ ഇരുമ്പഴിക്കുള്ളിലാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ എന്റെ സ്വാതന്ത്ര്യത്തെ തടയുന്നതിന്റെ കാരണങ്ങൾ ഒരു നീതിന്യായക്കോടതിയുടെ മുമ്പാകെ ബോധ്യപ്പെടുത്തി രാഷ്ട്രത്തിന്റെ പ്രവർത്തിയെ സ്വയം പ്രതിരോധിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് എന്നെ അറസ്റ്റു ചെയ്യുന്നതിന് അറസ്റ്റ് വാറന്റ് (അറസ്റ്റു ചെയ്യുന്നതിനുള്ള കോടതിയുടെ ഉത്തരവ്) പോലീസിന് ഹാജരാക്കേണ്ടിവരുന്നത്. അങ്ങിനെ എന്റെ അവകാശങ്ങൾ രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങളുടെ മേൽ ചില നിയന്ത്രണങ്ങൾ കൊണ്ടുവരുന്നു.

മറ്റൊരു രീതിയിൽ പറഞ്ഞാൽ വ്യക്തികളുടെ ജീവിതത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും വിശുദ്ധി ലംഘിക്കാത്ത രീതിയിലാണ് രാഷ്ട്രം അതിന്റെ അധികാരം ഉപയോഗിക്കുന്നത് എന്ന് നമ്മുടെ അവകാശം ഉറപ്പുവരുത്തുന്നു. പരമോന്നതാധികാരം രാഷ്ട്രത്തിനുതന്നെയായിരിക്കാം, അതുണ്ടാക്കുന്ന നിയമങ്ങൾ നടപ്പിലാക്കുന്നത് ബലപ്രയോഗത്തിലൂടെയുമായിരിക്കാം. പക്ഷേ ഈ പരമാധികാര രാഷ്ട്രം നിലനിൽക്കുന്നത് അതിന്റെ താല്പര്യങ്ങൾക്കു വേണ്ടിയല്ല, മറിച്ച് വ്യക്തികളുടെ താല്പര്യങ്ങൾക്കുവേണ്ടിയാണ്. ജനങ്ങൾക്കാണു മറ്റെന്തിനേക്കാളും പ്രാധാന്യം എന്നതുകൊണ്ടു തന്നെ അവരുടെ ക്ഷേമമായിരിക്കണം അധികാരത്തിലുള്ള ഒരു ഗവൺമെന്റ് പിന്തുടരേണ്ടത്. ഭരണാധികാരികൾക്ക് അവരുടെ പ്രവൃത്തികളോട് ഉത്തരവാദിത്വമുണ്ട്. അതുപോലെ നിയമം നിലനിൽക്കുന്നത് ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുമാണ്.

## 5.4 വിവിധതരത്തിലുള്ള അവകാശങ്ങൾ (KINDS OF RIGHTS)

രാഷ്ട്രീയാവകാശങ്ങളുടെ ഒരു പ്രമാണം തയാറാക്കിക്കൊണ്ടാണ് ഇന്നത്തെ മിക്ക ജനാധിപത്യ രാജ്യങ്ങളും പ്രവർത്തിച്ചു തുടങ്ങിയത്. രാഷ്ട്രീയ അവകാശം പൗരന്മാർക്ക് നിയമത്തിനു മുന്നിൽ തുല്ല്യ അവകാശവും രാഷ്ട്രീയ പ്രക്രിയയിൽ പങ്കാളികളാകുന്നതിനുള്ള അവകാശവും ലഭ്യമാക്കിയിരിക്കുന്നു. വോട്ടവകാശം, പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം, തെരഞ്ഞെടുപ്പിൽ മൽസരിക്കാനുള്ള അവകാശം, രാഷ്ട്രീയ പാർട്ടികൾ രൂപീകരിക്കാനും അതിൽ അംഗമാകുന്നതിനുമുള്ള അവകാശം തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. രാഷ്ട്രീയാവകാശങ്ങളുടെ അനുബന്ധമാണ് പൗരാവകാശങ്ങൾ. പൗരാവകാശങ്ങൾ എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് സ്വതന്ത്രവും, നീതിയുക്തവുമായ വിചാരണയ്ക്കുള്ള അവകാശം, ഒരാളുടെ കാഴ്ച്ചപ്പാടുകൾ സ്വതന്ത്രമായി പ്രകടിപ്പിക്കാനുള്ള അവകാശം, പ്രതിഷേധിക്കാനും വിയോജിപ്പ് പ്രകടിപ്പിക്കാനുമുള്ള അവകാശം എന്നിവയാണ്. പൗരാവകാശങ്ങളും, രാഷ്ട്രീയാവകാശങ്ങളും

**നമുക്ക് ചർച്ച ചെയ്യാം**

സംസ്കാരത്തിനുള്ള അവകാശം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, മറ്റുള്ളവരുടെ മതപരവും സാംസ്കാരികവുമായ വിശ്വാസങ്ങളെ വ്രണപ്പെടുത്തുന്ന രീതിയിൽ ഒരാളെയും സിനിമ നിർമിക്കാൻ അനുവദിക്കരുത് എന്നാണ്.

സംയുക്തമായി ഒരു ജനാധിപത്യ ഗവൺമെന്റിന്റെ അടിത്തറ രൂപപ്പെടുത്തുന്നു. പക്ഷേ, മുമ്പ് സൂചിപ്പിച്ചതുപോലെ അവകാശങ്ങൾ, വ്യക്തികളുടെ ക്ഷേമം സംരക്ഷിക്കുക എന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. എല്ലാ വ്യക്തികൾക്കും ഗവൺമെന്റിന്റെ തീരുമാനങ്ങളെ സ്വാധീനിക്കാനുള്ള അവസരമുണ്ടെന്ന് ഉറപ്പുവരുത്തിയും ഗവൺമെന്റിനെ ജനങ്ങളോട് ഉത്തരവാദിത്വമുള്ളതാക്കി മാറ്റിയും ഭരണാധികാരികളുടെ താൽപര്യങ്ങളേക്കാൾ വ്യക്തികളുടെ ആശങ്കകൾക്ക് കൂടുതൽ പ്രാധാന്യം നൽകിയും രാഷ്ട്രീയാവകാശങ്ങൾ ജനാധിപത്യവ്യവസ്ഥയ്ക്ക് സംഭാവന നൽകുന്നു.

എന്നിരുന്നാലും നമ്മുടെ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം, ആരോഗ്യം എന്നിവ നമുക്ക് നിറവേറ്റപ്പെടുന്നതിലൂടെ മാത്രമേ രാഷ്ട്രീയ പങ്കാളിത്തത്തിനുള്ള നമ്മുടെ അവകാശം പൂർണമായി വിനിയോഗിക്കാനാവൂ. പുറമ്പോക്കിൽ ജീവിക്കുകയും അടിസ്ഥാനാവശ്യങ്ങൾ പൂർത്തീകരിക്കാൻ കഷ്ടപ്പെടുകയും ചെയ്യുന്ന ഒരു വ്യക്തിയെ സംബന്ധിച്ച് രാഷ്ട്രീയാവകാശത്തിന് ഒരു മൂല്യവുമില്ല. അവരുടെ അടിസ്ഥാനാവശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് മതിയായ വേതനം, യുക്തിസഹമായ ജോലിസാഹചര്യം എന്നിവപോലെയുള്ള ചില സൗകര്യങ്ങൾ അവർക്ക് ആവശ്യമാണ്. അതുകൊണ്ടാണ് ജനാധിപത്യസമൂഹങ്ങൾ ഇത്തരം കടമകളെ അംഗീകരിക്കാൻ തുടങ്ങിയതും സാമ്പത്തികാവകാശങ്ങൾ പ്രദാനം ചെയ്യാൻ തുടങ്ങിയതും. ചില രാജ്യങ്ങളിൽ കുറഞ്ഞ വരുമാനമുള്ളവർക്ക് പാർപ്പിട, വൈദ്യസഹായങ്ങളും മറ്റ് ചിലയിടങ്ങളിൽ തൊഴിലില്ലാത്തവർക്ക് തൊഴിൽരഹിത വേതനവും രാഷ്ട്രം നൽകുന്നത് അവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടാനാണ്. ഇന്ത്യയിൽ ദരിദ്രരെ സഹായിക്കുന്നതിനായി മറ്റ് പല നടപടികൾക്കുമൊപ്പം അടുത്ത കാലത്തായി ഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതിയാണ് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. (Rural Employment Guarantee Scheme).

ഇന്ന് കൂടുതൽ ജനാധിപത്യ രാജ്യങ്ങളും രാഷ്ട്രീയവും സാമ്പത്തികവുമായ അവകാശങ്ങൾക്കു പുറമെ പൗരന്മാരുടെ സാംസ്കാരിക അവകാശങ്ങളെയും അംഗീകരിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽ ലഭിക്കുന്നതിനുള്ള അവകാശം, തന്റെ ഭാഷയും സംസ്കാരവും പഠിപ്പിക്കുന്നതിന് സ്ഥാപനങ്ങൾ തുടങ്ങാനുള്ള അവകാശം എന്നിവ ഒരു നല്ല ജീവിതം നയിക്കുന്നതിന് ആവശ്യമാണെന്ന് ഇന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ജനാധിപത്യത്തിൽ അവകാശങ്ങളുടെ പട്ടിക ക്രമമായി വലുതായിക്കൊണ്ടിരിക്കുന്നു. പ്രധാനമായും ജീവിക്കുവാനും സ്വാതന്ത്ര്യത്തിനും തുല്യപരിഗണനയ്ക്കും രാഷ്ട്രീയപങ്കാളിത്തത്തിനുമുള്ള അവകാശങ്ങളെ മുൻഗണന ലഭിക്കേണ്ട അടിസ്ഥാനാവകാശങ്ങളായി കരുതുന്നു. അതേസമയം തന്നെ അന്തസായ ഒരു ജീവിതം നയിക്കുന്നതിന് ആവശ്യമായ മറ്റ് സാഹചര്യങ്ങളെ നീതീകരിക്കപ്പെട്ട അവകാശവാദങ്ങളായോ അവകാശങ്ങളായോ കാണുന്നു.



### നമുക്ക് ചിന്തിക്കാം

സമുദായങ്ങൾക്കും, സംഘങ്ങൾക്കും, അനുവദിച്ചിട്ടുള്ള താഴെപ്പറയുന്ന ഏതൊക്കെ അവകാശങ്ങളാണ് നീതീകരിക്കത്തക്കതായിട്ടുള്ളത്? ചർച്ച ചെയ്യുക.

- ഒരു നഗരത്തിൽ ജൈനസമുദായം ഒരു വിദ്യാലയം ആരംഭിക്കുകയും ആ സമുദായത്തിൽ നിന്നുള്ള കുട്ടികളെമാത്രം പ്രവേശിപ്പിക്കുകയും ചെയ്യുന്നു.
- ഹിമാചൽപ്രദേശിൽ ഭൂമിയോ മറ്റുവസ്തുവകകളോ വാങ്ങുന്നതിനുള്ള അവകാശം അവിടത്തെ താമസക്കാർക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.
- ഒരു പെൺകുട്ടിയും പാശ്ചാത്യവസ്ത്രം ധരിക്കാൻ പാടില്ല എന്ന് ആൺകുട്ടികളും പെൺകുട്ടികളും സഹവിദ്യാഭ്യാസം (Co- education) നടത്തുന്ന ഒരു കോളേജിന്റെ പ്രിൻസിപ്പൽ ഉത്തരവിറക്കുന്നു.
- വ്യത്യസ്ത ജാതിയിൽപ്പെടുന്ന വിവാഹിതരായ ഒരു ആൺകുട്ടിയെയും പെൺകുട്ടിയെയും ഗ്രാമത്തിൽ ജീവിക്കാൻ അനുവദിക്കേണ്ടതില്ല എന്ന് ഹരിയാനയിലെ ഒരു പഞ്ചായത്ത് തീരുമാനിച്ചു.

## 5.5 അവകാശങ്ങളും ഉത്തരവാദിത്തങ്ങളും (RIGHTS AND RESPONSIBILITIES)

എങ്ങനെ പ്രവർത്തിക്കണമെന്ന് അവകാശം രാഷ്ട്രത്തെ ബാധ്യതപ്പെടുത്തുക മാത്രമല്ല, ചില കാര്യങ്ങൾ ചെയ്യാൻ അവ നാം ഓരോരുത്തരേയും ബാധ്യസ്ഥരാക്കുകയും ചെയ്യുന്നു. ഉദാഹരണമായി സുസ്ഥിര വികസനം ഉറപ്പുവരുത്തൽ. ഒന്നാമതായി നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങളെയും താൽപര്യങ്ങളേയും കുറിച്ച് ചിന്തിക്കുന്നതിന് മാത്രമല്ല പൊതു നന്മയ്ക്കുവേണ്ടി ചില കാര്യങ്ങളെ ന്യായീകരിക്കുന്നതിനും അവകാശങ്ങൾ നമ്മെ നിർബന്ധിതരാക്കുന്നു. ഓസോൺ പാളിയുടെ സംരക്ഷണം, വായു, ജലമലിനീകരണങ്ങളുടെ തോത് കുറയ്ക്കൽ, പുതിയ മരങ്ങൾ നട്ടും വനനശീകരണത്തെ തടഞ്ഞും ഭൂമിയുടെ ഹരിത ആവരണത്തെ സംരക്ഷിക്കൽ, പാരിസ്ഥിതിക സന്തുലനം നിലനിർത്തൽ എന്നിവയൊക്കെ നമുക്ക് വളരെ അത്യന്താപേക്ഷിതമായ കാര്യങ്ങളാണ്. നമുക്കുവേണ്ടിയും ഭാവിതലമുറകൾക്കു വേണ്ടിയും "പൊതു നന്മയെ" (Common good) പ്രതിനിധീകരിക്കുന്ന ഇവയുടെ സംരക്ഷണത്തിനായി നമ്മൾ പ്രവർത്തിക്കേണ്ടതാണ്. സുരക്ഷിതവും വൃത്തിയുള്ളതുമായ ഒരു ലോകം പൈതൃകമായി ലഭിക്കാൻ ഭാവിതലമുറകൾക്ക് അർഹതയുണ്ട്, കാരണം ഇവ കൂടാതെ അവർക്കൊരു നല്ല ജീവിതം നയിക്കാനാവില്ല.

രണ്ടാമതായി മറ്റുള്ളവരുടെ അവകാശങ്ങളെ ഞാൻ ബഹുമാനിക്കേണ്ടത് അവരുടെ ആവശ്യമാണ്. എന്റെ കാഴ്ചപ്പാടുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവകാശം എനിക്ക് ലഭിക്കണം എന്ന് ഞാൻ പറയുമ്പോൾ അതേ അവകാശം മറ്റുള്ളവർക്കും ഞാൻ അനുവദിച്ചു നൽകേണ്ടതുണ്ട്. ഞാൻ ധരിക്കുന്ന വസ്ത്രം ഞാൻ കേൾക്കുന്ന സംഗീതം എന്നിവയുടെ തെരഞ്ഞെടുപ്പിൽ മറ്റുള്ളവരുടെ ഇടപെടൽ ഞാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, മറ്റുള്ളവരുടെ അത്തരം തീരുമാനങ്ങളിൽ ഞാൻ ഇടപെടാൻ പാടില്ല. അവരുടെ വസ്ത്രവും സംഗീതവും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഞാനവർക്ക് നൽകേണ്ടതുണ്ട്. എന്റെ അയൽക്കാ

രനെ കൊലപ്പെടുത്താൻ ഒരു ജനക്കൂട്ടത്തെ പ്രേരിപ്പിച്ചുകൊണ്ട് സംസാരിക്കാൻ സംസാര സ്വാതന്ത്ര്യത്തിനുള്ള എന്റെ അവകാശം (Right to Freedom of Speech) എനിക്ക് ഉപയോഗിക്കാനാവില്ല. മറ്റൊരാളുടെ അവകാശങ്ങളെ അവഗണിച്ചുകൊണ്ട് എനിക്ക് എന്റെ അവകാശങ്ങൾ അനുഭവിക്കാനാവില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ എന്റെ അവകാശങ്ങൾ മറ്റുള്ളവരുടെ തുല്യവും സമാനവുമായ അവകാശങ്ങളാൽ പരിമിതപ്പെടുത്തിയിരിക്കുന്നു.




മൂന്നാമതായി നമ്മുടെ അവകാശങ്ങൾ മറ്റുള്ളവരുടെ അവകാശങ്ങളുമായി സംഘർഷത്തിലാവുമ്പോൾ നാം നമ്മുടെ അവകാശങ്ങളെ സംതുലിതപ്പെടുത്തേണ്ടതുണ്ട്. ഉദാഹരണത്തിന് ആവിഷ്കാര സ്വാതന്ത്ര്യത്തിനുള്ള അവകാശം എന്നെ ചിത്രങ്ങൾ എടുക്കാൻ അനുവദിക്കുന്നുണ്ട്. എന്നാൽ സ്വന്തം വീട്ടിൽ കുളിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തിയുടെ ചിത്രം അയാളുടെ അനുമതിയില്ലാതെ പകർത്തുകയും അത് ഇന്റർനെറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്താൽ അതയാളുടെ സ്വകാര്യതയ്ക്കുള്ള അവകാശത്തിന്റെ (Right to Privacy) ലംഘനമാണ്.

നാലാമതായി തങ്ങളുടെ അവകാശങ്ങൾക്ക് മേൽ അടിച്ചേൽപിക്കപ്പെടുന്ന നിയന്ത്രണങ്ങളെക്കുറിച്ച് പൗരന്മാർ ജാഗ്രത ഉള്ളവരാകണം. ദേശീയ സുരക്ഷയുടെ പേരിൽ പൗരന്മാരുടെ വ്യക്തിസ്വാതന്ത്ര്യത്തിനുമേൽ ചുമത്തപ്പെടുന്ന വർദ്ധിച്ചു വരുന്ന നിയന്ത്രണങ്ങളെക്കുറിച്ചുള്ള ആശങ്കകൾ ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. പൗരന്മാരുടെ അവകാശങ്ങളും ക്ഷേമവും സംരക്ഷിക്കുന്നതിന് ദേശീയ സുരക്ഷ സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണ്. പക്ഷേ സുരക്ഷിതത്വത്തിനായി ഏതറ്റം വരെയും ഈ നിയന്ത്രണങ്ങൾ ആകാം എന്നതുതന്നെ ജനങ്ങളുടെ അവകാശങ്ങൾക്കെതിരെയുള്ള ഭീഷണിയായി വന്നിട്ടുണ്ട്. ഭീകരരുടെ ബോംബ് ഭീഷണി നേരിടുന്നു എന്ന കാരണത്താൽ ഒരു രാജ്യത്തെ പൗരന്മാരുടെ സ്വാതന്ത്ര്യം വെട്ടിച്ചുരുക്കാൻ അനുവദിക്കേണ്ടതുണ്ടോ? അവരുടെ കത്തിടപാടുകൾ തടസ്സപ്പെടുത്തുന്നതും ഫോൺ സംഭാഷണങ്ങൾ ചോർത്തുന്നതും അനുവദിക്കപ്പെടേണ്ടതുണ്ടോ? കുറ്റസമ്മതം നടത്തുവാൻ പീഡനമുറകൾ ഉപയോഗിക്കാനും അനുവദിക്കേണ്ടതുണ്ടോ? ഇത്തരം സാഹചര്യങ്ങളിൽ ചോദിക്കാനുള്ളത്, ബന്ധപ്പെട്ട വ്യക്തി സമൂഹത്തിന് ആസന്നമായ ഒരു ഭീഷണിയാകുന്നുണ്ടോ എന്നതാണ്. നിയമപരമായ ഉപദേശം തേടുന്നതിനും ഒരു നീതിന്യായ കോടതിയുടെയോ മജിസ്ട്രേറ്റിന്റെയോ മുമ്പാകെ കേസ് അവതരിപ്പിക്കുന്നതിനുമുള്ള അവസരം അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തികൾക്കുപോലും ലഭിക്കേണ്ടതാണ്. ഗവൺമെന്റിന്റെ അധികാരങ്ങളെക്കുറിച്ച് നമ്മൾ അങ്ങേയറ്റം ജാഗ്രതയുള്ളവരായിരിക്കണം. കാരണം ഇവ വ്യക്തികളുടെ പൗരസ്വാതന്ത്ര്യം വെട്ടിച്ചുരുക്കുന്നതിനായി ദുരുപയോഗം ചെയ്യപ്പെട്ടേക്കാം. ഗവൺമെന്റ് എന്തിനുവേണ്ടിയാണോ നിലനിൽക്കുന്നത് – അതായത്

**നമുക്ക് ചർച്ച ചെയ്യാം**

ഒരാളുടെ മൂക്കിൻ തുമ്പിൽ മറ്റൊരാളുടെ അവകാശം അവസാനിക്കുന്നു.

രാഷ്ട്രത്തിലെ അംഗങ്ങളുടെ ക്ഷേമത്തിന് – അതിനെത്തന്നെ തുരങ്കം വെക്കുന്ന രീതിയിൽ ഗവൺമെന്റുകൾ സ്വേച്ഛാധിപത്യപരമായിമാറാം. അവകാശങ്ങൾക്ക് ഒരിക്കലും പരിപൂർണമാകാൻ (absolute) കഴിയില്ലെങ്കിലും നമ്മുടെയും മറ്റുള്ളവരുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി നമ്മൾ കൂടുതൽ ജാഗരൂകരാകേണ്ടതുണ്ട്. കാരണം അവ ജനാധിപത്യത്തിന്റെ അടിത്തറയാണ്

### സാർവദേശീയമനുഷ്യാവകാശപ്രഖ്യാപനത്തിന്റെ ആമുഖം

1948 ഡിസംബറിൽ ഐക്യരാഷ്ട്ര സംഘടനയുടെ പൊതുസഭ സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം നടത്തുകയുണ്ടായി. ചരിത്രപ്രാധാന്യമുള്ള ഈ നടപടിയെ തുടർന്ന് മനുഷ്യാവകാശ പ്രഖ്യാപനം എല്ലാ രാഷ്ട്രങ്ങളും ഭൂപ്രദേശങ്ങളും, അവയുടെ രാഷ്ട്രീയ പദവി എന്തുതന്നെയായാലും പ്രസിദ്ധീകരിക്കുകയും തങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്കൂളുകളിലും ഇത് പ്രദർശിപ്പിക്കുകയും വായിക്കുകയും വിശദീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യണമെന്നും പൊതുസഭ ആഹ്വാനം ചെയ്യുകയുണ്ടായി.

#### പീഠിക

മനുഷ്യസമുദായത്തിന്റെ ജന്മസിദ്ധമായ അന്തസ്സും സമാവകാശവും ലോകത്തിൽ സ്വാതന്ത്ര്യം, നീതി, സമാധാനം എന്നിവയുടെ സ്ഥാപനത്തിനു അടിസ്ഥാനമായിരിക്കുന്നതിനാലും മനുഷ്യാവകാശങ്ങളെ വകവെക്കാത്തതുകൊണ്ടു മനംമടുപ്പിക്കുന്ന ക്രൂരസംഭവങ്ങളുണ്ടാകുന്നതിനാലും സർവതോമുഖമായ സ്വാതന്ത്ര്യവും സമൃദ്ധിയും മനുഷ്യനു അനുഭവിക്കാവുന്ന ഒരു പുതുലോകത്തിന്റെ സംസ്ഥാപനമാണ് പൊതുജനങ്ങളുടെ ആഗ്രഹമെന്നു പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നതിനാലും ഹിംസാമാർഗം സ്വീകരിക്കാതിരിക്കണമെങ്കിൽ മനുഷ്യാവകാശങ്ങളെ നിയമാനുസൃതമായി വകവെച്ചു കൊടുക്കേണ്ടതാണെന്നുള്ളതിനാലും രാഷ്ട്രങ്ങൾ തമ്മിൽ സൗഹാർദം പുലർത്തേണ്ടതാണെന്നുള്ളതിനാലും ഐക്യരാഷ്ട്ര ജനത അവരുടെ കരാറിൽ സ്ത്രീപുരുഷ സമത്വത്തെക്കുറിച്ചും മനുഷ്യരുടെ മൗലീകാവകാശങ്ങളെക്കുറിച്ചും ജീവിതരീതി നന്നാക്കുന്നതിനാലും മനുഷ്യാവകാശങ്ങളെയും മൗലിക സ്വാതന്ത്ര്യത്തെയും അന്യോന്യം ബഹുമാനിച്ചുകൊള്ളാമെന്നും ഐക്യരാഷ്ട്രസമിതിയിലെ അംഗങ്ങൾ വാഗ്ദാനം ചെയ്തിരിക്കുന്നതിനാലും ഈ അവകാശങ്ങളേയും സ്വാതന്ത്ര്യബോധത്തേയും കുറിച്ചു പൊതുവായി അന്യോന്യം മനസ്സിലാക്കുന്നത് മേൽപ്പറഞ്ഞ വാഗ്ദാനത്തെ സഫലമാക്കുന്നതിനും.

**മനുഷ്യാവകാശങ്ങളെ കുറിക്കുന്ന ഈ പൊതുപ്രഖ്യാപനത്തെ** ഒരു പ്രമാണമായി കരുതി ഏതൊരു വ്യക്തിക്കും സംഘടനക്കും അവരുടെ പ്രയത്നം കൊണ്ടു മനുഷ്യാവകാശങ്ങളെ ബഹുമാനിച്ചു വകവെച്ചുകൊടുക്കുവാൻ യത്നിക്കേണ്ടതാണ്. ക്രമേണ രാഷ്ട്രീയവും അന്തർരാഷ്ട്രീയവുമായ പ്രവർത്തനങ്ങളെക്കൊണ്ടും ഈ പ്രഖ്യാപനത്തിലടങ്ങിയിരിക്കുന്ന അവകാശങ്ങളെക്കൊണ്ടും അവരുടെ അധികാരത്തിലിക്കുന്ന ജനങ്ങളെക്കൊണ്ടും ഫലപ്രദമാകത്തക്ക രീതിയിൽ അംഗീകരിപ്പിക്കുവാൻ ശ്രമിക്കേണ്ടതുമാണ്.

# ? അഭ്യാസം

അഭ്യാസം

1. അവകാശങ്ങൾ എന്നാൽ എന്ത്? എന്തുകൊണ്ട് അവ പ്രാധാന്യമർഹിക്കുന്നു? അവകാശങ്ങൾ ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനങ്ങൾ എന്തെല്ലാമാണ്.
2. ചില അവകാശങ്ങൾ സാർവലൗകികമാണെന്ന് കരുതുന്നതിന്റെ അടിസ്ഥാനം എന്താണ്? സാർവലൗകികമെന്ന് നിങ്ങൾ കണക്കാക്കുന്ന മൂന്ന് അവകാശങ്ങൾ തിരിച്ചറിഞ്ഞ് അതിന്റെ കാരണങ്ങൾ എഴുതുക?
3. അടുത്തകാലത്തായി നമ്മുടെ രാജ്യത്ത് ഉയർന്നുവരുന്ന പുത്തൻ അവകാശങ്ങൾക്കുവേണ്ടിയുള്ള ഏതാനും അവകാശവാദങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക. ഉദാഹരണത്തിന്, തങ്ങളുടെ ജീവിതപരിസരിതിയും ജീവിതരീതിയും സംരക്ഷിക്കുന്നതിനുള്ള ഗോത്രവർഗ്ഗവിഭാഗങ്ങളുടെ അവകാശം അല്ലെങ്കിൽ നിർബന്ധിത ബാലവേലക്കെതിരെയുള്ള കുട്ടികളുടെ അവകാശങ്ങൾ.
4. രാഷ്ട്രീയസാമ്പത്തികസാംസ്കാരിക അവകാശങ്ങളുടെ വ്യത്യാസം വ്യക്തമാക്കുക. ഓരോന്നിനും ഓരോ ഉദാഹരണം എഴുതുക.
5. അവകാശങ്ങൾ രാഷ്ട്രത്തിന്റെ അധികാരത്തിനുമേൽ ചില പരിധികൾ വെക്കുന്നു. ഉദാഹരണസഹിതം വിശദീകരിക്കുക.

# അധ്യായം 6

# പൗരത്വം (Citizenship)

## അവലോകനം



P1Z7H9

ഒരു രാഷ്ട്രീയ സമൂഹത്തിലെ പൂർണവും തുല്യവുമായ അംഗത്വമായാണ് പൗരത്വത്തെ കണക്കാക്കുന്നത്. പൗരത്വം എന്നതുകൊണ്ട് യഥാർഥത്തിൽ ഇന്ന് അർഥമാക്കുന്നതെന്താണെന്ന് ഈ അധ്യായത്തിലൂടെ നാമന്വേഷിക്കുന്നു. പൂർണവും തുല്യവുമായ അംഗത്വമെന്ന പദത്തിന്റെ വ്യാഖ്യാനത്തെക്കുറിച്ചുള്ള സംവാദങ്ങളും സമരങ്ങളുമാണ് 6.2, 6.3 എന്നീ വിഭാഗങ്ങളിൽ നാം ചർച്ചചെയ്യുക. വിഭാഗം 6.4 ൽ പൗരത്വവും ദേശവും തമ്മിലുള്ള പരസ്പരബന്ധവും വിവിധ രാജ്യങ്ങൾ സ്വീകരിച്ചിട്ടുള്ള പൗരത്വമാനദണ്ഡങ്ങളുമാണ് ചർച്ചചെയ്യുന്നത്. പൗരത്വം സാർവത്രികമായിരിക്കണമെന്ന് ജനാധിപത്യപൗരത്വസിദ്ധാന്തങ്ങൾ അവകാശപ്പെടുന്നു. എല്ലാവരും ഒരു രാജ്യത്തെ അല്ലെങ്കിൽ മറ്റൊരു രാജ്യത്തെ അംഗമായിരിക്കണമെന്നാണോ ഇതർഥമാക്കുന്നത് ? അങ്ങനെയെങ്കിൽ രാഷ്ട്രരഹിതരായ ധാരാളം ജനങ്ങളുടെ നിലനിൽപ്പ് എങ്ങനെയാണ് വിശദമാക്കാൻ കഴിയുക. വിഭാഗം 6.5 ൽ ഈ പ്രശ്നം ചർച്ചചെയ്യാം. അവസാനത്തെ ഭാഗമായ 6.6 ൽ ആഗോളപൗരത്വമെന്ന പ്രശ്നം ചർച്ചചെയ്യുന്നു. ആഗോളപൗരത്വം നിലനിൽക്കുന്നുണ്ടോ? ദേശീയപൗരത്വത്തിന് ബദലാകുവാൻ അതിനാവുമോ ?

ഈ അധ്യായത്തിലൂടെ കടന്നുപോയശേഷം നിങ്ങൾക്ക് താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാനാവും.

- പൗരത്വത്തിന്റെ അർഥം വിശദമാക്കുക.
- പൗരത്വത്തിന്റെ അർഥം വിപുലീകരിക്കുന്നതും വെല്ലുവിളിക്കുന്നതുമായ മേഖലകളെക്കുറിച്ച് ചർച്ച ചെയ്യുക.

### 6.1 ആമുഖം (Introduction)

ഒരു രാഷ്ട്രീയസമൂഹത്തിലെ പൂർണവും തുല്യവുമായ അംഗത്വമെന്ന് പൗരത്വത്തെ നിർവചിക്കുന്നു. സമകാലികലോകത്ത് രാഷ്ട്രങ്ങൾ തങ്ങളുടെ അംഗങ്ങൾക്ക് കൂട്ടായ രാഷ്ട്രീയ സ്വത്വവും ചില അവകാശങ്ങളും നൽകുന്നു. ഇന്ത്യക്കാരെന്നും, ജപ്പാൻകാരെന്നും, ജർമ്മൻകാരെന്നും, നാം നമ്മെ വേർതിരിച്ചു കരുതുന്നതും അതുകൊണ്ടാണ്. പൗരൻ രാഷ്ട്രത്തിൽ നിന്നും ഏതാനും അവകാശങ്ങൾ പ്രതീക്ഷിക്കുകയും അതോടൊപ്പം ജീവിതയാത്രയിൽ സഹായവും സംരക്ഷണവും ആഗ്രഹിക്കുകയും ചെയ്യുന്നു.



പൂർണ അംഗത്വം നൽകാൻ ഒരു രാഷ്ട്രവും തയ്യാറാകാത്തതിന്റെ ഫലമായി അഭയാർഥികൾ അല്ലെങ്കിൽ അനധികൃതകുടിയേറ്റക്കാരായി ലോകത്ത് ജീവിക്കേണ്ടി വരുന്ന നിർഭാഗ്യരായ ആയിരക്കണക്കിന് ജനങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോഴാണ് പൂർണവും തുല്യവുമായ അംഗത്വം എന്ന ആശയത്തിന്റെ മൂല്യം മനസിലാവുക. ഒരു രാഷ്ട്രവും അങ്ങനെയുള്ള മനുഷ്യർക്ക് അവകാശങ്ങൾ ഉറപ്പു നൽകുകയില്ല. അതുകൊണ്ടുതന്നെ പൊതുവെ സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിൽ അവർ ജീവിക്കേണ്ടി വരും. മധ്യേഷ്യൻ മേഖലയിൽ നാം ഇന്ന് കാണുന്ന പാലസ്തീൻ അഭയാർഥികളെപ്പോലെ അവർക്കിഷ്ടമുള്ള ഒരു രാജ്യത്തെ പൂർണ അംഗത്വം എന്ന ലക്ഷ്യത്തിനുവേണ്ടി പോരാടുവാൻ അവർ സന്നദ്ധരായിരിക്കും. പൗരന് നൽകിയിരിക്കുന്ന സൂക്ഷ്മമായ അവകാശങ്ങളുടെ സ്വഭാവം രാജ്യങ്ങൾക്കിടയിൽ വ്യത്യസ്തമായിരിക്കും. വോട്ടവകാശം പോലുള്ള രാഷ്ട്രീയാവകാശങ്ങളും സംസാര സ്വാതന്ത്ര്യം തുടങ്ങിയ പൗരാവകാശങ്ങളും ചുരുങ്ങിയ വേതനത്തിനും വിദ്യാഭ്യാസത്തിനുമുള്ള സാമ്പത്തികസാമൂഹ്യ അവകാശങ്ങളും മിക്ക ജനാധിപത്യ രാഷ്ട്രങ്ങളും ഇന്ന് പൗരാവകാശങ്ങളിൽ ഉൾപ്പെടുത്തുന്നുണ്ട്. അവകാശങ്ങളിലും പദവിയിലും ഉള്ള തുല്യത പൗരത്വത്തിന്റെ അടിസ്ഥാനാവകാശമാണ്.




പൗരൻ ഇന്നനുഭവിക്കുന്ന ഓരോ അവകാശവും സമരങ്ങളിലൂടെ നേടിയെടുത്തവയാണ്. ശക്തമായ രാജവാഴ്ചക്കെതിരെ ജനങ്ങൾ നടത്തിയ പല പോരാട്ടങ്ങളും



തങ്ങളുടെ സ്വാതന്ത്ര്യവും അവകാശങ്ങളും ഉറപ്പിക്കുന്നതിന് വേണ്ടിയായിരുന്നു. പല യൂറോപ്യൻ രാജ്യങ്ങളും അത്തരം സമരങ്ങൾക്ക് സാക്ഷ്യം വഹിക്കുകയുണ്ടായി. അവയിൽ ചിലത് 1789 ലെ ഫ്രഞ്ചുവിപ്ലവം പോലെ അക്രമാസക്തമായിരുന്നു. ഏഷ്യയിലെയും ആഫ്രിക്കയിലെയും കോളനികളിൽ തുല്യപൗരത്വത്തിനുവേണ്ടിയുള്ള ആവശ്യം കൊളോണിയൻ ഭരണാധികാരികളിൽ നിന്നും സ്വാതന്ത്ര്യം നേടുന്നതിനുവേണ്ടിയുള്ള സമരങ്ങളുടെ ഭാഗമായിരുന്നു. ദക്ഷിണാഫ്രിക്കയിലെ കറുത്ത ആഫ്രിക്കൻ ജനവിഭാഗങ്ങൾക്ക് അധികാരത്തിലിരിക്കുന്ന വെളുത്ത ന്യൂനപക്ഷങ്ങൾക്കെതിരെ തുല്യപൗരത്വത്തിനു വേണ്ടി സുദീർഘമായ സമരം നടത്തേണ്ടിവന്നു. ഇത് 1990 കളുടെ തുടക്കംവരെ നീണ്ടുനിൽക്കുകയുണ്ടായി. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പൂർണ അംഗത്വവും തുല്യാവകാശങ്ങളും നേടുന്നതിനുവേണ്ടിയുള്ള സമരങ്ങൾ ഇപ്പോഴും തുടരുന്നു. നമ്മുടെ രാജ്യത്തെ സ്ത്രീകളുടെയും ദളിതരുടെയും പ്രസ്ഥാനങ്ങളെക്കുറിച്ച് നിങ്ങൾ വായിച്ചിട്ടുണ്ടാകുമല്ലോ. അവരുടെ ആവശ്യങ്ങളിലേക്ക് ശ്രദ്ധയാകർഷിച്ചുകൊണ്ട് പൊതുജനാഭിപ്രായത്തെ മാറ്റുക, അതുപോലെതന്നെ ഗവൺമെന്റ് നയങ്ങളെ സ്വാധീനിച്ചുകൊണ്ട് തുല്യാവകാശങ്ങളും അവസരങ്ങളും ഉറപ്പാക്കുക തുടങ്ങിയവയാണ് അവരുടെ ലക്ഷ്യം.

## നമുക്ക് ചിന്തിക്കാം

17-ാം നൂറ്റാണ്ട് മുതൽ 20 -ാം നൂറ്റാണ്ടു വരെയുള്ള കാലത്ത് യൂറോപ്പിൽ നിന്നും വന്ന വെള്ളക്കാർ ദക്ഷിണാഫ്രിക്കയിലെ കറുത്ത ജനങ്ങളുടെ മേൽ ആധിപത്യം സ്ഥാപിച്ചു. 1994 വരെ ദക്ഷിണാഫ്രിക്കയിൽ നിലനിന്ന നയ സമീപനങ്ങളുടെ താഴെപ്പറയുന്ന വിവരണം വായിക്കുക.

വെള്ളക്കാർക്ക് വോട്ടവകാശവും തെരഞ്ഞെടുപ്പിൽ മൽസരിക്കാനും ഗവൺമെന്റിനെ തെരഞ്ഞെടുക്കാനും കഴിഞ്ഞിരുന്നു. സ്വത്ത് വാങ്ങുന്നതിനും രാജ്യത്തെ ഏതുസ്ഥലത്തേക്കും സഞ്ചരിക്കുന്നതിനും അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. കറുത്തവർക്ക് അത്തരം അവകാശങ്ങൾ ഉണ്ടായിരുന്നില്ല. വെളുത്തവർക്കും കറുത്തവർക്കും പ്രത്യേകം പ്രത്യേകം കോളനികൾ സ്ഥാപിച്ചിരുന്നു. വെള്ളക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ ജോലി ചെയ്യുന്നതിന് കറുത്തവർ പാസെടുക്കണമായിരുന്നു. അവർ താമസിക്കുന്ന മേഖലകളിൽ അധിവസിക്കാൻ കറുത്തവരെ അനുവദിച്ചിരുന്നില്ല. രണ്ടു വർണവിഭാഗങ്ങൾക്കും പ്രത്യേകം സ്കൂളുകളും ഉണ്ടായിരുന്നു.

- ദക്ഷിണാഫ്രിക്കയിൽ കറുത്തവർക്ക് പൂർണ്ണവും തുല്യവുമായ അംഗത്വമുണ്ടായിരുന്നു എന്ന് നിങ്ങൾ കരുതുന്നുണ്ടോ ? കാരണങ്ങൾ എഴുതുക.
- ദക്ഷിണാഫ്രിക്കയിൽ വിവിധ വിഭാഗങ്ങൾക്കിടയിലെ ബന്ധത്തെക്കുറിച്ച് എന്തെല്ലാം വിവരമാണ് മുകളിൽ നൽകിയിരിക്കുന്നത്?.

### നമുക്കിതു ചെയ്യാം

നിങ്ങളുടെ മേഖലയിൽ മറ്റുള്ളവരെ സഹായിക്കുന്നതിനായോ, മേഖലയുടെ പുരോഗതിയ്ക്കു വേണ്ടിയോ അല്ലെങ്കിൽ പരിസ്ഥിതി സംരക്ഷണത്തിനായോ ജനങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്കുള്ള ഉദാഹരണങ്ങളെക്കുറിച്ച് ചിന്തിക്കുക. നിങ്ങളുടെ സമപ്രായക്കാരായ യുവാക്കൾക്ക് ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങളുടെ പട്ടിക തയ്യാറാക്കുക.

എന്നിരുന്നാലും പൗരത്വം രാഷ്ട്രത്തിനും അതിലെ അംഗങ്ങൾക്കുമിടയ്ക്കുള്ള ബന്ധത്തിനുപരിയായ ഒന്നാണ്. പൗരൻമാർക്കിടയിലുള്ള പരസ്പര ബന്ധവും അവർ തമ്മിൽ തമ്മിലും, അവർക്ക് സമൂഹത്തോടുമുള്ള ചില കടപ്പാടുകളും ഇതിൽ ഉൾക്കൊള്ളുന്നു. ഇത് രാഷ്ട്രം ചുമത്തുന്ന നിയമപരമായ കടമകൾ മാത്രമല്ല സാമൂഹ്യജീവിതത്തിൽ പങ്കാളിയാകാനും തന്റേതായ സംഭാവന നൽകാനുമുള്ള ധാർമിക ഉത്തരവാദിത്വവും ഉൾക്കൊള്ളുന്നു. രാജ്യത്തെ സംസ്കാരത്തിന്റെയും പ്രകൃതിവിഭവങ്ങളുടെയും അനന്തരാവകാശികളും സൂക്ഷിപ്പുകാരുമായാണ് അവരെ കണക്കാക്കുന്നത്.

ഏതെങ്കിലും ഒരു രാഷ്ട്രീയ കാഴ്ചപ്പാടിനെ മനസിലാക്കുന്നതിനുള്ള നല്ല മാർഗം തങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും കണക്കിലെടുക്കുന്നില്ല എന്ന തോന്നലിൽ പ്രസ്തുത രാഷ്ട്രീയ ആശയത്തിന്റെ അംഗീകൃതാർഥത്തെ ചില സംഘങ്ങൾ ചോദ്യം ചെയ്യുന്ന ഉദാഹരണങ്ങൾ കണ്ടെത്തുകയാണ്.

### 6.2 പൂർണവും തുല്യവുമായ അംഗത്വം (FULL AND EQUAL MEMBERSHIP)

തിരക്കേറിയ ഒരു റെയിൽവേ കമ്പാർട്ട്മെന്റിലോ ബസിലോ നിങ്ങൾ എപ്പോഴെങ്കിലും യാത്ര ചെയ്തിട്ടുണ്ടെങ്കിൽ അകത്തു കയറുന്നതിനു വേണ്ടി പരസ്പരം മൽസരിച്ചിരുന്നവരുടെ മനോഭാവം നിങ്ങൾക്ക് സുപരിചിതമായിരിക്കും. ഒരിക്കൽ അകത്തു കയറിക്കഴിഞ്ഞാൽ മറ്റുള്ളവരെ പുറത്തു നിർത്തുന്നതിനുള്ള താൽപര്യം അകത്ത് കയറിയവർ പ്രകടിപ്പിക്കുന്നു. 'അകത്തുള്ളവർക്കും' 'പുറത്തുള്ളവർക്കും' ഇടയിൽ ഒരു വേർതിരിവ് വളർന്നുവരും. പുറത്തുള്ളവരെ ഒരു ഭീഷണിയായി അകത്തുള്ളവർ കാണും.



നഗരങ്ങളിലും, പ്രാദേശികമേഖലകളിലും ചിലപ്പോൾ രാഷ്ട്രത്തിനുള്ളിൽ മുഴുവനായും സമാനമായ സംഭവങ്ങൾ കാലാകാലങ്ങളിൽ ഉടലെടുക്കാം. ഭൂമി, ജലം തുടങ്ങിയ പ്രകൃതിവിഭവങ്ങൾ തൊഴിൽ, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസസൗകര്യം, എന്നിവ പരിമിതമാണെങ്കിൽ പുറമേ നിന്നുള്ളവരുടെ കടന്നു വരവിനെ, അവർ സഹ പൗരന്മാരാണെങ്കിൽപോലും നിയന്ത്രിക്കണമെന്ന ആവശ്യം ഉയരും. അത്തരം വികാരം പ്രകടിപ്പിക്കുന്ന 'മുംബൈ മുംബൈക്കാർക്ക്' എന്ന മുദ്രാവാക്യം നിങ്ങൾ ഓർമിക്കുന്നുണ്ടാവും. അത്തരം നിരവധി സമരങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്.

പൂർണവും തുല്യവുമായ അംഗത്വം യഥാർഥത്തിൽ അർഥമാക്കുന്നതെന്ത് എന്ന ചോദ്യം ഇത് ഉയർത്തുന്നു. രാജ്യത്തെവിടെയാണോ താമസിക്കാനും പഠിക്കാനും ജോലി ചെയ്യാനും തീരുമാനിക്കുന്നത് അവിടെ പൗരന് തുല്യാവകാശങ്ങളും അവസരങ്ങളും അനുഭവിക്കാൻ കഴിയണമെന്നാണോ അതർഥമാക്കുന്നത്.

ഈ ഭാഗത്ത് പൗരത്വത്തിന്റെ അർഥം ഇതിൽ ഒന്നാമത്തെ ചോദ്യത്തെ അടിസ്ഥാനമാക്കി നാം അന്വേഷിക്കും.

നമ്മുടെ രാജ്യത്തും അതുപോലെ മറ്റ് ധാരാളം രാജ്യങ്ങളിലും പൗരന് നൽകിയിരിക്കുന്ന അവകാശങ്ങളിലൊന്നാണ് സഞ്ചാരസ്വാതന്ത്ര്യം. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പ്രത്യേകപ്രാധാന്യമുള്ള ഒരവകാശമാണ് ഇത്. താമസസ്ഥലത്തിന് സമീപം തൊഴിലവസരങ്ങൾ ഇല്ലാതാകുമ്പോൾ തൊഴിലന്വേഷിച്ച് കുടിയേറാനുള്ള പ്രവണത അവർക്കുണ്ട്. തൊഴിലന്വേഷിച്ച് രാജ്യത്തിന് പുറത്തേക്കും ചിലർ സഞ്ചരിക്കും. വിദഗ്ധരും അവിദഗ്ധരുമായ തൊഴിലാളികൾക്കുവേണ്ടിയുള്ള വിപണികൾ നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വികസിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ബംഗളുരു പോലെയുള്ള നഗരങ്ങളിലേക്ക് ഐ.ടി. തൊഴി

### മാർട്ടിൻ ലൂതർ കിങ്

അമേരിക്കയിലെ തെക്കൻ സംസ്ഥാനങ്ങളിൽ കറുത്തവർക്കും വെളുത്തവർക്കും ഇടയിൽ നിലനിന്നിരുന്ന അസമത്വത്തിനെതിരെ ഒരു പൗരാവകാശപ്രസ്ഥാനത്തിന് 1950 കൾ സാക്ഷ്യം വഹിച്ചു. വർണവിവേചന നിയമങ്ങൾ (segregation laws) എന്നറിയപ്പെട്ട ഒരു കൂട്ടം നിയമങ്ങളിലൂടെയാണ് ഈ സംസ്ഥാനങ്ങളിൽ അസമത്വം നിലനിർത്തിപോന്നത്. ഈ നിയമങ്ങളിലൂടെ കറുത്തവർഗക്കാർക്ക് പൗരാവകാശങ്ങളും രാഷ്ട്രീയാവകാശങ്ങളും നിഷേധിച്ചു. പൊതു ഇടങ്ങളായ റെയിൽവേ, ബസുകൾ, തിയേറ്ററുകൾ, പാർപ്പിടം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം കറുത്തവർക്കും വെളുത്തവർക്കും പ്രത്യേകം മേഖലകൾക്ക് ഈ നിയമങ്ങൾ രൂപം നൽകി.

ഇത്തരം നിയമങ്ങൾക്കെതിരെ രൂപംകൊണ്ട പ്രസ്ഥാനത്തിന്റെ നേതാവായിരുന്നു മാർട്ടിൻ ലൂതർ കിങ് ജൂണിയർ. നിലവിലുള്ള വർണവിവേചനനിയമങ്ങൾക്കെതിരെ ധാരാളം വാദമുഖങ്ങൾ അദ്ദേഹം ഉന്നയിക്കുകയുണ്ടായി. ഒന്നാമതായി ഒരാളിന്റെ നിറം, വർഗം എന്നിവ പരിഗണിക്കാതെ ഈ ലോകത്തെ എല്ലാ മനുഷ്യരും ആത്മമൂല്യത്തിലും യോഗ്യതയിലും അന്തസിലും തുല്യരാണ്. രണ്ടാമതായി രാഷ്ട്രീയശരീരത്തിലെ സാമൂഹ്യകുഷ്ഠമാണ് (Social leprosy of body Politic) വർണവിവേചനമെന്നും അത്തരം നിയമങ്ങളുടെ ഫലമായി യാതന അനുഭവിക്കുന്ന ജനങ്ങളിൽ അത് ആഴത്തിലുള്ള മാനസികക്ഷതമുണ്ടാക്കുന്നതായും അദ്ദേഹം വാദിച്ചു.

വർണവിവേചനം കറുത്തവരുടെ ജീവിതത്തിന്റെ ഗുണനിലവാരം കുറയ്ക്കുന്നു എന്ന് കിങ് വാദിച്ചു. ഉദാഹരണസഹിതം ഇത് അദ്ദേഹം വ്യക്തമാക്കുന്നു. കോടതി നിർദേശിച്ചതനുസരിച്ച് ചില പാർക്കുകളിൽ കറുത്ത ജനങ്ങൾക്ക് പ്രവേശനം അനുവദിക്കുന്നതിനു പകരം വെള്ളക്കാർ അവ അടച്ചുപൂട്ടാൻ തീരുമാനിക്കുകയുണ്ടായി. കറുത്തവർഗക്കാരായ കളിക്കാരെ സ്വീകരിക്കാൻ തയ്യാറാകാതിരുന്നതിന്റെ പേരിൽ അധികാരികൾക്ക് ചില ബെയിസ് ബോൾ ടീമുകൾ പിരിച്ചു വിടേണ്ടി വന്നു. മൂന്നാമതായി വർണവിവേചനനിയമങ്ങൾ ജനങ്ങൾക്കിടയിൽ കൃത്രിമമായ അതിരുകൾ സൃഷ്ടിക്കുകയും അത് രാജ്യത്തിന്റെ മൊത്തം നേട്ടങ്ങൾക്കു വേണ്ടി പരസ്പരം സഹകരിച്ചു പ്രവർത്തിക്കുന്നതിൽ നിന്നും അവരെ തടയുകയും ചെയ്യുന്നു. ഇക്കാരണങ്ങളാൽ ഇത്തരം നിയമങ്ങൾ റദ്ദാക്കണമെന്ന് കിങ് വാദിച്ചു. വർണവിവേചനനിയമങ്ങൾക്കെതിരെ സമാധാനപരവും അക്രമരഹിതവുമായ ചെറുത്തുനിൽപ്പിന് അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തു. തന്റെയൊരു പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു. നമ്മുടെ ക്രിയാത്മകപ്രതിഷേധം ഒരിക്കലും കായികമായ അക്രമങ്ങളായി അധഃപതിക്കുവാൻ നാം അനുവദിക്കരുത്.

ലാളികൾ കൂട്ടമായെത്തുന്നു. കേരളത്തിൽ നിന്നുള്ള നേഴ്സുമാരെ രാജ്യത്തെല്ലായിടത്തും കാണാൻ കഴിയും. നഗരങ്ങളിൽ പെരുകുന്ന കെട്ടിട നിർമാണവ്യവസായം രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ളവരെ ആകർഷിക്കുന്നു. റോഡു നിർമ്മാണം പോലെയുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികളിലും അങ്ങനെ തന്നെയാണ്. നിങ്ങളുടെ വീടിന്റെയോ സ്കൂളിന്റെയോ സമീപത്ത് വിവിധപ്രദേശങ്ങളിൽ നിന്നും വന്നെത്തിയ തൊഴിലാളികളെ കണ്ടിട്ടുണ്ടാകുമല്ലോ.

പുറമേനിന്നു വന്ന ജനങ്ങൾക്ക് ധാരാളം ജോലികൾ അതും കുറഞ്ഞ വേതനത്തിന് നൽകുന്നതിൽ തദ്ദേശീയ ജനങ്ങളുടെ ഭാഗത്തുനിന്നും എതിർപ്പുകൾ ഉയരുന്നതിനിടയാക്കും. ചില ജോലികൾ സംസ്ഥാനത്തു നിന്നുള്ളവർക്കു മാത്രമായി അല്ലെങ്കിൽ പ്രാദേശികഭാഷ അറിയുന്നവർക്കുമാത്രമായി ക്ലിപ്തപ്പെടുത്തണമെന്ന ആവശ്യം ഉയർന്നു വരാം. രാഷ്ട്രീയപ്പാർട്ടികൾ ഈ പ്രശ്നം ഏറ്റെടുക്കുകയും ചെയ്തേക്കാം. പുറമെ നിന്നുള്ളവർക്കെതിരായ ചെറുത്തുനിൽപ്പുകൾ സംഘടിത ആക്രമണത്തിന്റെ സ്വഭാവം പോലും കൈവരിക്കാം. ഇന്ത്യയിലെ ഏതാണ്ട് എല്ലാ പ്രദേശങ്ങളിലും അത്തരം പ്രസ്ഥാനങ്ങൾ കാണാൻ കഴിയും. ഇത്തരം പ്രസ്ഥാനങ്ങളെ എപ്പോഴെങ്കിലും ന്യായീകരിക്കാൻ കഴിയുമോ?

മറ്റുരാജ്യങ്ങളിൽ ഇന്ത്യൻ തൊഴിലാളികൾ തദ്ദേശീയരായ ജനങ്ങളുടെ മോശം പെരുമാറ്റത്തിന് ഇരയായാൽ നാമെല്ലാവരും ധാർമികരോഷം കൊള്ളാറുണ്ട്. വിദഗ്ധരും അഭ്യസ്തവിദ്യരുമായ തൊഴിലാളികൾക്ക് തൊഴിലിനുവേണ്ടി കുടിയേറുവാനുള്ള അവകാശവുമുണ്ടെന്ന് നമുക്ക് തോന്നാം. തൊഴിലാളികളെ ആകർഷിക്കാനുള്ള ശേഷിയുടെ അടിസ്ഥാനത്തിൽ രാജ്യങ്ങൾ അഭിമാനിക്കുന്നുണ്ടാകും. എന്നാൽ, ഒരു പ്രദേശത്ത് തൊഴിലവസരങ്ങൾ കുറവാണെങ്കിൽ തദ്ദേശവാസികൾ പുറമെ നിന്നുള്ളവരുടെ മത്സരത്തിൽ അമർഷം കാണിക്കും. സഞ്ചാരസ്വാതന്ത്ര്യത്തിനുള്ള അവകാശത്തിൽ രാജ്യത്തിന്റെ ഏതുഭാഗത്തും ജീവിക്കാനും തൊഴിൽചെയ്യാനുമുള്ള അവകാശം ഉൾക്കൊള്ളുന്നുണ്ടോ ? നാം പരിഗണിക്കേണ്ടതായ മറ്റൊരുകാര്യം ദരിദ്രകുടിയേറ്റക്കാരോടും വിദഗ്ധരായ കുടിയേറ്റക്കാരോടുമുള്ള പ്രതികരണത്തിൽ ചിലപ്പോൾ വ്യത്യാസമുണ്ടാവാം എന്നതാണ്.

നമ്മുടെ പ്രദേശത്തേയ്ക്ക് കടന്നു വരുന്ന ദരിദ്രകുടിയേറ്റക്കാരെ സ്വീകരിക്കാൻ വിമുഖത കാണിക്കുമ്പോൾ വിദഗ്ധരും സമ്പന്നരുമായവരെ രണ്ടുകയ്യും നീട്ടി സ്വീകരിക്കാൻ നാം തയ്യാറാകും. ദരിദ്രരും അവിദഗ്ധരുമായ തൊഴിലാളികൾക്ക് വിദഗ്ധ തൊഴിലാളികളെപ്പോലെതന്നെ രാജ്യത്തെവിടെയും ജീവിക്കാനും തൊഴിൽ ചെയ്യാനുമുള്ള അവകാശം ഇല്ലേ എന്ന ചോദ്യം ഇതുയർത്തുന്നു. ഇന്ന് നമ്മുടെ രാജ്യത്ത് എല്ലാ പൗരൻമാരുടെയും പൂർണവും തുല്യവുമായ അംഗത്വവുമായി ബന്ധപ്പെട്ട് നടക്കുന്ന സംവാദങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ചില പ്രശ്നങ്ങൾ ഇവയൊക്കെയാണ്.

**കുടിയേറ്റത്തൊഴിലാളികളുടെ അഭാവത്തിൽ ഒരു ഇന്ത്യൻ മധ്യവർഗ നഗരവാസിയുടെ ഒരു ദിവസത്തെ ജീവിതം**



ജനാധിപത്യരാജ്യങ്ങളിൽപ്പോലും ചിലപ്പോൾ തർക്കങ്ങൾ ഉയർന്നുവരാറുണ്ട്. എങ്ങനെ ഇത്തരം തർക്കങ്ങൾക്ക് പരിഹാരം കാണാനാകും. പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യം നമ്മുടെ ഭരണഘടന പൗരന് ഉറപ്പുനൽകുന്ന ആശയപ്രകടന സ്വാതന്ത്ര്യത്തിന്റെ ഒരു ഭാഗമാണ്. എന്നാൽ അത്തരം പ്രതിഷേധങ്ങൾ മറ്റുള്ളവരുടെ ജീവനോ സ്വത്തിനോ രാഷ്ട്രത്തിനോ ഹാനിയുണ്ടാക്കാൻ പാടില്ല. കൂട്ടായ്മകൾ രൂപീകരിച്ചും പ്രകടനങ്ങൾ നടത്തിയും മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിയും രാഷ്ട്രീയകക്ഷികളോട് അഭ്യർഥിച്ചും അല്ലെങ്കിൽ കോടതിയെ സമീപിച്ചും പൗരന് പൊതുജനാഭിപ്രായത്തെയും ഗവൺമെന്റ് നയങ്ങളെയും വിചാരണ ചെയ്യാനും സ്വാധീനിക്കുവാനും സ്വാതന്ത്ര്യമുണ്ട്. കോടതികൾ തങ്ങളുടെ മുൻപിലെത്തുന്ന വിഷയങ്ങളിൽ തീർപ്പു കൽപ്പിക്കുകയോ ഗവൺമെന്റിനെ അത്തരം പ്രശ്നം കൈകാര്യം ചെയ്യാൻ പ്രേരിപ്പിക്കുകയോ ചെയ്യാം.

അതൊരു മന്ദഗതിയിലുള്ള പ്രക്രിയയായിരിക്കാം. എന്നാൽ, വ്യത്യസ്തനിലയിലുള്ള വിജയം ചിലപ്പോൾ സാധ്യമാണ്. എല്ലാ പൗരനും പൂർണവും തുല്യവുമായ അംഗത്വം നൽകുക എന്ന തത്വം മനസിൽ സൂക്ഷിക്കുകയാണെങ്കിൽ ഒരു സമൂഹത്തിൽ കാലാകാലങ്ങളിലുണ്ടാവുന്ന പ്രശ്നങ്ങൾക്ക് സ്വീകാര്യമായ പരിഹാരങ്ങളിൽ എത്തിച്ചേരാൻ കഴിയും. ബലപ്രയോഗത്തിനുപകരം കൂടിയാലോചനയിലൂടെയും ചർച്ചകളിലൂടെയും അത്തരം തർക്കങ്ങൾ പരിഹരിക്കണമെന്നതാണ് ജനാധിപത്യത്തിന്റെ അടിസ്ഥാനതത്വം. ഇത് പൗരത്വത്തിന്റെ നിയമപരമായ ഒരു ബാദ്ധ്യതയാണ്.



**നമുക്ക് ചിന്തിക്കാം**

പൗരന് രാജ്യത്തെവിടെയും സഞ്ചരിക്കുന്നതിനും തൊഴിൽ ചെയ്യുന്നതിനും ഉള്ള സ്വാതന്ത്ര്യത്തിന് അനുകൂലമായും പ്രതികൂലമായും ഉള്ള വാദഗതികൾ പരിശോധിക്കുക.

- ഒരു പ്രദേശത്ത് ദീർഘകാലമായി അധിവസിക്കുന്നവർക്ക് തൊഴിലിനും ജീവിത സൗകര്യങ്ങൾക്കും മുൻഗണന നൽകേണ്ടതുണ്ടോ?
- അഥവാ തൊഴിലധിഷ്ഠിതകോളേജുകളിലേക്കുള്ള പ്രവേശനത്തിന് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർഥികൾക്ക് നിശ്ചിത പങ്ക് സീറ്റുകൾ നീക്കിവയ്ക്കാൻ സംസ്ഥാനങ്ങളെ അനുവദിക്കണോ?

### 6.3 തുല്യാവകാശങ്ങൾ (Equal Rights)

ഈ ഭാഗത്ത് പൗരത്വത്തിന്റെ മറ്റൊരു വശമാണ് നാം പരിശോധിക്കുക. അതായത്, എല്ലാ പൗരന്മാർക്കും, സമ്പന്നനോ ദരിദ്രനോ ആവട്ടെ ചില അടിസ്ഥാന അവകാശങ്ങളും നിശ്ചിത ജീവിതസാഹചര്യങ്ങളും രാഷ്ട്രം ഉറപ്പുനൽകണമെന്നാണോ പൂർണവും തുല്യവുമായ അംഗത്വം എന്നതുകൊണ്ട് അർഥമാക്കുന്ന

ത്? ഈ പ്രശ്നം ചർച്ചചെയ്യുന്നതിന് ഒരു വിഭാഗം ജനങ്ങളെ നാം ശ്രദ്ധിക്കണം, അതായത് ദരിദ്രരായ നഗരവാസികളെ. ഗവൺമെന്റ് ഇന്നഭിമുഖീകരിക്കുന്ന അടിയന്തിര പ്രശ്നങ്ങളിലൊന്നാണ് നഗരങ്ങളിലെ ദരിദ്രരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയെന്നത്.

ഇന്ത്യയിലെ എല്ലാ നഗരങ്ങളിലും ചേരിനിവാസികളും അനധികൃത താമസക്കാരുമായ ധാരാളം ജനങ്ങളുണ്ട്. അവശ്യവും പ്രയോജനകരവുമായ ജോലികൾ പലപ്പോഴും നിസ്സാരവേതനത്തിന് അവർ ചെയ്യുന്നുണ്ട്. എങ്കിലും നഗരത്തിലെ ഇതരജനവിഭാഗങ്ങൾക്ക് അവർ സ്വീകാര്യരല്ല. നഗരത്തിലെ വിഭവങ്ങൾ ഊറ്റിയെടുക്കുന്നവരായോ കുറ്റകൃത്യവും രോഗങ്ങളും പരത്തുന്നവരായോ അവരെ നഗരവാസികൾ കുറ്റപ്പെടുത്തുന്നു.

### പൗരത്വം, സമത്വം, അവകാശങ്ങൾ

പൗരത്വം നിയമപരമായ ആശയം മാത്രമല്ല. സമത്വം, അവകാശങ്ങൾ തുടങ്ങിയ മഹത്തായ ആശയങ്ങളുമായി അതിന് അടുത്ത ബന്ധമുണ്ട്. ഈ ബന്ധത്തിന്റെ വിപുലമായി അംഗീകരിക്കപ്പെട്ടതും സ്പഷ്ടമായതുമായ വിവരണം നൽകിയത് ബ്രിട്ടീഷ് സമൂഹ ശാസ്ത്രജ്ഞനായ (Sociologist) റ്റിഎച്ച് മാർഷൽ (1893–1981) ആണ്. മാർഷൽ 1950 ലെ പൗരത്വവും സാമൂഹിക വർഗ്ഗങ്ങളും (Citizenship and Social Class) എന്ന പുസ്തകത്തിൽ പൗരത്വത്തെ ഇപ്രകാരം നിർവചിക്കുന്നു. ഒരു സമുദായത്തിലെ പൂർണ്ണ അംഗങ്ങളായവർക്ക് കൽപ്പിച്ച് നൽകിയിട്ടുള്ള ഒരു പദവിയാണിത്. ഈ പദവിക്ക് അർഹരായ എല്ലാവരും അവകാശങ്ങളുടെയും കടമകളുടെയും കാര്യത്തിൽ തുല്യരാവും.

മാർഷൽ മുന്നോട്ടു വച്ച പൗരത്വ സങ്കൽപ്പത്തിലെ മുഖ്യമായ ആശയം സമത്വമാണ്. രണ്ടു കാര്യങ്ങളാണ് ഇതുകൊണ്ടർത്ഥമാക്കുന്നത്. ഒന്നാമതായി നൽകിയിരിക്കുന്ന അവകാശങ്ങളുടെയും കടമകളുടെയും ഗുണമേന്മ മെച്ചപ്പെടുന്നു. രണ്ടാമതായി അവ നൽകിയിട്ടുള്ള ജനങ്ങളുടെ എണ്ണവും ഉയരുന്നു.

മാർഷലിന്റെ നോട്ടത്തിൽ പൗരത്വത്തിൽ മൂന്നു തരം അവകാശങ്ങൾ ഉൾക്കൊള്ളുന്നു. പൗരാവകാശം, രാഷ്ട്രീയ അവകാശം, സാമൂഹിക അവകാശം.

വ്യക്തിയുടെ ജീവൻ, സ്വാതന്ത്ര്യം, സ്വത്ത് എന്നിവക്ക് പൗരാവകാശം സംരക്ഷണം നൽകുന്നു. ഭരണപ്രക്രിയയിൽ പങ്കാളിയാകാൻ രാഷ്ട്രീയ അവകാശം പൗരനെ പ്രാപ്തനാക്കുന്നു. സാമൂഹ്യ അവകാശത്തിലൂടെ വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയവ കൈവരിക്കാൻ വ്യക്തിക്ക് കഴിയുന്നു. അവയെല്ലാം കൂടി അന്തസ്സോടെയുള്ള ജീവിതം പൗരന് സാദ്ധ്യമാക്കുന്നു.

സാമൂഹിക വർഗ്ഗങ്ങളെ അസമത്വത്തിന്റെ വ്യവസ്ഥയായാണ് മാർഷൽ കാണുന്നത്. വർഗശ്രേണിയുടെ ഭിന്നതയുണ്ടാക്കുന്ന ഫലങ്ങളെ എതിർത്തുകൊണ്ട് പൗരത്വം സമത്വം ഉറപ്പാക്കുന്നു. നല്ല ഏകോപനവും യോജിപ്പും ഉള്ള ഒരു സമൂഹസൃഷ്ടിയെ അത് ഇത്തരത്തിൽ പരിപോഷിപ്പിക്കുന്നു.

ചേരികളിലെ അവസ്ഥ പലപ്പോഴും നടുക്കമുളവാക്കുന്നതാണ്. സ്വന്തമായ ശൗചാലയങ്ങളോ ശുദ്ധജലമോ ശുചിത്വപാലനത്തിന് സൗകര്യമോ ഇല്ലാതെ ധാരാളം ജനങ്ങൾ ചെറിയ മുറികളിൽ തിങ്ങിഞെരുങ്ങി ജീവിക്കുന്നു. ചേരിയിൽ അവരുടെ ജീവനും സ്വത്തും സുരക്ഷിതമല്ല. എന്നിരുന്നാലും ചേരി നിവാസികൾ തങ്ങളുടെ അധ്വാനത്തിലൂടെ സമ്പദ്‌വ്യവസ്ഥക്ക് വലിയ സംഭാവനകൾ നൽകുന്നു. അവർ ചിലപ്പോൾ വഴിവാണിഭക്കാരോ ചെറുകിടവ്യാപാരികളോ ശുചീകരണത്തൊഴിലാളികളോ വീട്ടുജോലിക്കാരോ പ്ലമ്പർമാരോ യന്ത്ര സാമഗ്രികൾ നന്നാക്കുന്നവരോ ആവാം അതല്ലെങ്കിൽ ചൂരൽ നെയ്ത്ത്, ടെക്സ്റ്റൈൽ പ്രിന്റിംങ്, തുന്നൽ തുടങ്ങി ചെറിയ തൊഴിലുകൾ ചെയ്യുന്നവരോ ആകാം. ശുചീകരണം,

### പൗരത്വം, സമത്വം അവകാശങ്ങൾ

ഒരു സാമൂഹ്യപ്രവർത്തകനായ (Social Activist) ഓൾഗാ റ്റെല്ലിസ് മുംബൈ മുനിസിപ്പൽ കോർപ്പറേഷനെതിരെ 1985 ൽ ഫയൽ ചെയ്ത പൊതു താൽപര്യ ഹർജിയിൽ അവിടുത്തെ ചേരിനിവാസികളുടെ അവകാശങ്ങളെ സംബന്ധിച്ച് സുപ്രീംകോടതി ഒരു സുപ്രധാന വിധി പുറപ്പെടുവിച്ചു. അവരുടെ ജോലി സ്ഥലത്തിനു സമീപം പകരം താമസസൗകര്യം ഒന്നും ലഭ്യമല്ലാത്തതിനാൽ നിരത്തുവക്കിലോ, ചേരികളിലോ താമസിക്കാൻ അവകാശമുണ്ടെന്ന് ഹർജി അഭിപ്രായപ്പെട്ടു. അതുപോലെ, അവിടെനിന്നും മാറാൻ നിർബന്ധിതമായാൽ അവർക്ക് ഉപജീവനമാർഗവും നഷ്ടമാകും. സുപ്രീംകോടതി പറഞ്ഞു. "ജീവിക്കാനുള്ള അവകാശം ഉറപ്പുനൽകുന്ന ഭരണഘടനയുടെ 21 ാം വകുപ്പിൽ തന്നെ ഉപജീവനത്തിനുള്ള അവകാശവും ഉൾക്കൊള്ളുന്നു. അതുകൊണ്ടുതന്നെ നിരത്തുവക്കിൽ താമസിക്കുന്നവരെ ഒഴിപ്പിക്കണമെങ്കിൽ പാർപ്പിടത്തിനുള്ള അവകാശം അനുസരിച്ച് ആദ്യം അവർക്ക് പകരം വാസസ്ഥലം നൽകണം."

ജലവിതരണം തുടങ്ങിയ സേവനങ്ങൾ ചേരി നിവാസികൾക്ക് നൽകുന്നതിന് പലപ്പോഴും നഗര ഭരണകൂടം അൽപം പോലും പണം ചിലവഴിക്കാറില്ല.

ഗവൺമെന്റുകൾ, ഗവൺമെന്റിതര സംഘടനകൾ (NGO), മറ്റ് ഏജൻസികൾ എന്നിവർക്കിടയിലും, ചേരി നിവാസികൾക്കിടയിൽത്തന്നെയും നഗരങ്ങളിലെ ദരിദ്രരുടെ അവസ്ഥയെക്കുറിച്ചുള്ള അവബോധം വളർന്നുവരുന്നുണ്ട്. ഉദാഹരണത്തിന്, 2004 ജനുവരിയിൽ നഗരങ്ങളിലെ പാതയോര കച്ചവടക്കാർക്കുവേണ്ടിയുള്ള ഒരു ദേശീയ നയത്തിന് രൂപം നൽകി. വൻനഗരങ്ങളിൽ ലക്ഷക്കണക്കിന് പാതയോരകച്ചവടക്കാർ ഉണ്ട്. പോലീസിൽനിന്നും നഗര ഭരണാധികാരികളിൽ നിന്നും അവർക്ക് മിക്കപ്പോഴും ഉപദ്രവം ഏൽക്കേണ്ടതായും വരുന്നു. ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾ പാലിക്കുന്നിടത്തോളം പീഡനം കൂടാതെ തങ്ങളുടെ തൊഴിൽ മുന്നോട്ടുകൊണ്ടുപോകുവാൻ പ്രാപ്തമാക്കുന്ന തരത്തിൽ പാതയോരകച്ചവടക്കാർക്ക് അംഗീകാരവും നിയമപരമായ ക്രമീകരണവുമാണ് ദേശീയനയം ലക്ഷ്യമിടുന്നത്.

ചേരിനിവാസികൾ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാൻമാരാകുകയും അവ സംരക്ഷിക്കുന്നതിനുവേണ്ടി സംഘടിക്കുവാനും തുടങ്ങിയിട്ടുണ്ട്. ഈ ലക്ഷ്യത്തോടെ അവർ കോടതികളെയും സമീപിക്കുന്നു. അടിസ്ഥാനരാഷ്ട്രീയാവകാശമായ വോട്ടവകാശം വിനിയോഗിക്കുക അവർക്ക് വിഷമകരമാകും. എന്തുകൊണ്ടെന്നാൽ, വോട്ടർപട്ടികയിൽ പേരുൾപ്പെടുത്തുന്നതിന് സ്ഥിരമായ ഒരു മേൽവിലാസം ആവശ്യമാണ്. അനധികൃതതാമസക്കാർക്കും പാതയോരത്ത് അന്തിയുറങ്ങുന്നവർക്കും ഇത് നൽകുക സാദ്ധ്യമല്ല.

നമ്മുടെ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്ന മറ്റൊരുകൂട്ടം ജനങ്ങളാണ് ഗോത്രവർഗവിഭാഗങ്ങളും വനവാസികളും. വനത്തെയും മറ്റു പ്രകൃതിവിഭവങ്ങളെയും ആശ്രയിച്ചാണ് ഇവർ ഉപജീവനം കണ്ടെത്തുന്നത്. അവരിൽ പലരുടേയും ജീവിത രീതിയും ഉപജീവനവും വർധിച്ചുവരുന്ന ജനസംഖ്യയുടെ സമ്മർദത്താലും ഭൂമിയ്ക്കും വിഭവങ്ങൾക്കും വേണ്ടിയുള്ള അന്വേഷണത്താലും ഭീഷണി നേരിടുന്നു. ടൂറിസം വ്യവസായം പോലെ തന്നെ വനങ്ങളിലും തീരങ്ങളിലും ഉള്ള വിഭവങ്ങൾ ഖനനം ചെയ്തെടുക്കാനുള്ള വാണിജ്യതാൽപര്യങ്ങളുടെ സമ്മർദവും

വനവാസികളെയും ഗോത്രജനവിഭാഗങ്ങളുടെയും ഉപജീവനത്തിന് ഭീഷണി ഉയർത്തുന്നു. രാഷ്ട്രവികസനത്തെ തടസപ്പെടുത്താതെ ഈ വിഭാഗം ജനങ്ങളെയും അവരുടെ ആവാസ വ്യവസ്ഥയെയും എങ്ങനെ സംരക്ഷിക്കാം എന്ന പ്രശ്നമാണ് ഇന്ന് ഗവൺമെന്റുകളെ അലട്ടുന്നത്. ഗോത്രവർഗജനങ്ങളെ മാത്രമല്ല എല്ലാ പൗരൻമാരെയും ബാധിക്കുന്ന ഒരു പ്രശ്നമാണിത്.

തുല്യാവകാശങ്ങളും അവസരവും എല്ലാ പൗരൻമാർക്കും ഉറപ്പാക്കുക എന്നത് ഒരു ഗവൺമെന്റിനും അത്ര എളുപ്പമുള്ള കാര്യമല്ല. വിവിധവിഭാഗം ജനങ്ങൾക്ക് വ്യത്യസ്തമായ ആവശ്യങ്ങളും പ്രശ്നങ്ങളുമാണ് ഉള്ളത്. ഒരു വിഭാഗത്തിന്റെ അവ

### നമുക്ക് ചിന്തിക്കാം



സിംബാബ്വേയിലെ ഭൂമിയുടെ വിതരണത്തെക്കുറിച്ച് ഔദ്യോഗികമായി പ്രസിദ്ധീകരിച്ച കണക്കുകൾ അനുസരിച്ച് 4400 വെള്ളക്കാരായ കുടുംബങ്ങൾ രാജ്യത്തെ 32 % കൃഷിഭൂമിയ്ക്ക് ഉടമകളാണ്. ഇത് 10 m ഹെക്ടർ വരും. എന്നാൽ പത്തുലക്ഷം കറുത്തവർഗക്കാരായ കർഷകകുടുംബങ്ങൾക്ക് 16 m ഹെക്ടർ സ്ഥലത്തിനുമേൽ മാത്രമാണ് ഉടമസ്ഥാവകാശം. അത് മൊത്തം ഭൂമിയുടെ 38 % മാണ്. വെള്ളക്കാരുടെ കൈവശമുള്ള ഭൂമി ഫലഭൂയിഷ്ടവും ജലസേവന സൗകര്യം ഉള്ളവയുമാണ്. എന്നാൽ കറുത്തവരുടെ കൈവശമുള്ള ഭൂമിയാകട്ടെ ഫലഭൂയിഷ്ടമല്ലാത്തതും ജലസേചനസൗകര്യം ഇല്ലാത്തവയുമാണ്. ഭൂവുടമസ്ഥാവകാശത്തിന്റെ ചരിത്രം പരിശോധിച്ചു കഴിഞ്ഞാൽ ഒരു നൂറ്റാണ്ടുമുൻപ് തദ്ദേശവാസികളിൽ നിന്നും ഫലഭൂയിഷ്ടമായ മണ്ണ് വെള്ളക്കാർ പിടിച്ചു വാങ്ങിയതാണ് എന്ന് സ്പഷ്ടമായി മനസിലാവും. വെള്ളക്കാർ തലമുറകളായി സിംബാബ്വേയിൽ താമസിക്കുകയും സിംബാബ്വേപൗരന്മാരായി തങ്ങളെ കണക്കാക്കുകയും ചെയ്യുന്നു. മൊത്തം ജനസംഖ്യയുടെ 0.06 ശതമാനം മാത്രമാണ് സിംബാബ്വേയിലെ വെള്ളക്കാർ. 1997 ൽ സിംബാബവേയുടെ പ്രസിഡന്റ് റോബർട്ട് മുഗാബെ ഏകദേശം 1500 കൃഷിയിടങ്ങൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചു.

സിംബാബ്വേയിലെ വെളുത്തവരും കറുത്തവരുമായ പൗരന്മാരുടെ അവകാശവാദങ്ങളെ പിൻതുണയ്ക്കുന്നതിനും എതിർക്കുന്നതിനും പൗരത്വത്തെ സംബന്ധിച്ച എന്തെല്ലാം ആശയങ്ങളാണ് നിങ്ങൾ മുന്നോട്ട് വയ്ക്കുക?.

### നമുക്കിതു ചെയ്യാം

നിങ്ങളുടെ വീടിനോ സ്കൂളിനോ അടുത്തുള്ള മൂന്നു തൊഴിലാളികുടുംബങ്ങളുടെ സർവേ നടത്തുക. അവരുടെ ജീവിതത്തിന്റെ വിശദാംശങ്ങൾ കണ്ടെത്തുക. അവരുടെ മുൻഗാമികളുടെ വാസസ്ഥലം എവിടെയായിരുന്നു? എപ്പോൾ എന്തുകൊണ്ടാണ് അവർ ഇവിടേക്കു വന്നത്? അവർ എവിടെയാണ് താമസിക്കുന്നത്? എത്രപേർ താമസ സ്ഥലം പങ്കു വയ്ക്കുന്നുണ്ട്? എന്തെല്ലാം തരത്തിലുള്ള സൗകര്യങ്ങളാണ് അവർക്ക് ലഭ്യമാകുന്നത്? അവരുടെ കുട്ടികൾ സ്കൂളിൽ പോകുന്നുണ്ടോ?

കാശങ്ങൾ മറ്റുള്ളവരുടെതുമായി സംഘർഷത്തിലേർപ്പെട്ടേക്കാം. പൗരന് തുല്യാവകാശങ്ങൾ എന്നതുകൊണ്ട് എല്ലാവർക്കും ബാധകമായ ഏകീകൃതനയങ്ങൾ എന്നർത്ഥമാക്കണമെന്നില്ല. കാരണം, വിവിധവിഭാഗം ജനങ്ങൾക്ക് വ്യത്യസ്ത ആവശ്യങ്ങളാണ് ഉള്ളത്. എല്ലാ ജനങ്ങൾക്കും ഒരേ രീതിയിൽ ബാധകമായ നയങ്ങൾക്ക് രൂപം നൽകുകയല്ല മറിച്ച് എല്ലാ ജനങ്ങളെയും കൂടുതൽ തുല്യരാക്കുകയാണ് ലക്ഷ്യമെങ്കിൽ ജനങ്ങളുടെ വ്യത്യസ്തമായ ആവശ്യങ്ങളും അവകാശവാദങ്ങളും അത്തരം നയങ്ങൾ രൂപീകരിക്കുമ്പോൾ കണക്കിലെടുക്കണം.

ഈ ചർച്ചയിൽ നിന്നും വ്യക്തമാകുന്നതെന്തെന്നാൽ ലോകസാഹചര്യത്തിലും സമ്പദ്‌വ്യവസ്ഥയിലും സമൂഹത്തിലും ഉണ്ടായ മാറ്റങ്ങൾ പൗരത്വത്തിന്റെ അർഥത്തിലും പൗരാവകാശത്തിനും പുതിയ വ്യാഖ്യാനങ്ങൾ ആവശ്യപ്പെടുന്നുണ്ടെന്നാണ്. പൗരത്വത്തെ സംബന്ധിക്കുന്ന ഔപചാരികനിയമങ്ങൾ ഒരു തുടക്കം മാത്രവും എന്നാൽ നിയമങ്ങളുടെ വ്യാഖ്യാനം തുടർച്ചയായി രൂപപ്പെടുകയും ചെയ്യുന്നു. ഉയർന്നു വരുന്ന ചില പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തുക എളുപ്പമായിരിക്കില്ല. എല്ലാവർക്കും തുല്യാവകാശങ്ങളും സംരക്ഷണവും നൽകുകയാണ് ഗവൺമെന്റ് നയങ്ങളുടെ മാർഗതത്വം എന്നാണ് തുല്യപൗരത്വം കൊണ്ടർഥമാക്കുന്നത്.

## 6.4 പൗരനും ദേശരാഷ്ട്രവും (Citizen and Nation)

ദേശരാഷ്ട്രം എന്ന ആശയം ഉരുത്തിരിഞ്ഞത് ആധുനികകാലത്താണ്. ദേശരാഷ്ട്രത്തിന്റെ പരമാധികാരം, പൗരന്റെ ജനാധിപത്യ അവകാശങ്ങൾ തുടങ്ങിയവ ഉറപ്പിച്ചുപറഞ്ഞ ആദ്യകാലസംഭവങ്ങളിൽ ഒന്നാണ് 1789 ലെ ഫ്രഞ്ച് വിപ്ലവം. തങ്ങളുടെ രാഷ്ട്ര അതിർത്തികൾ നിശ്ചയിക്കപ്പെട്ടത് വെറുതെ ഒരു ഭൂപ്രദേശം എന്ന നിലക്കല്ലെന്നും മറിച്ച് തനതായ ഒരു സംസ്കാരം, പൊതുവായ ചരിത്രം തുടങ്ങിയവ അടിസ്ഥാനമാക്കിയാണെന്നും ദേശരാഷ്ട്രങ്ങൾ അവകാശപ്പെടുന്നു. ദേശീയപതാക, ദേശീയഗാനം, ദേശീയഭാഷ അല്ലെങ്കിൽ ചില ആചാരപരമായ ചടങ്ങുകൾ എന്നിങ്ങനെയുള്ള ബിംബങ്ങളിലൂടെ ദേശീയസ്വത്വം പ്രകടിപ്പിക്കപ്പെടാം.

ആധുനികരാഷ്ട്രങ്ങളെല്ലാം തന്നെ വ്യത്യസ്തമതങ്ങളും, ഭാഷകളും സാംസ്കാരിക പാരമ്പര്യങ്ങളും ഉൾക്കൊള്ളുന്നവയാണ്. എന്നാൽ ഒരു ജനാധിപത്യരാഷ്ട്രത്തിന്റെ ദേശീയസ്വത്വം രാഷ്ട്രത്തിലെ എല്ലാ അംഗങ്ങൾക്കും പങ്കുവെയ്ക്കാവുന്ന തരത്തിലുള്ള ഒരു രാഷ്ട്രീയസ്വത്വം പൗരന് പ്രദാനം ചെയ്യുമെന്ന് കരുതപ്പെടുന്നു. അതുകൊണ്ടു തന്നെ സാധ്യമായത്ര എല്ലാവരെയും ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിലാണ് ജനാധിപത്യരാഷ്ട്രങ്ങൾ ദേശീയതയെ നിർവചിക്കാൻ ശ്രമിക്കുന്നത്. അതായത് പൗരനെ രാഷ്ട്രത്തിന്റെ ഭാഗമായി തിരിച്ചറിയുവാൻ അത നുവദിക്കുന്നു. എന്നാൽ, പ്രായോഗികതലത്തിൽ മിക്കവാറും എല്ലാ രാജ്യങ്ങളും തങ്ങളുടെ സ്വത്വത്തെ നിർവചിക്കാൻ ശ്രമിക്കുന്നത് ഒരു വിഭാഗം പൗരന്മാർക്ക് മറ്റുള്ളവരെക്കാൾ രാഷ്ട്രവുമായി ചേർന്നുനിൽക്കാൻ കഴിയുന്ന രീതിയിലാണ്.

എല്ലാവരിലേക്കുമല്ലാതെ ഒരു വിഭാഗം ജനങ്ങളിലേക്ക് പൗരത്വം എളുപ്പത്തിൽ വ്യാപിപ്പിക്കുവാൻ രാഷ്ട്രത്തെ അത് സഹായിക്കുന്നു. മറ്റേതൊരു രാജ്യത്തെയും പോലെ കുടിയേറ്റക്കാരുടെ ഒരു രാഷ്ട്രമെന്ന് സ്വയം അഭിമാനിക്കുന്ന അമേരിക്ക പോലും പിന്തുടരുന്നത് സമാനമായ നയമാണ്.

ഉദാഹരണത്തിന് ഫ്രാൻസ് മതേതരവും എല്ലാവരെയും ഉൾക്കൊള്ളുകയും ചെയ്യുന്ന രാഷ്ട്രമായി സ്വയം അവകാശപ്പെടുന്നു. യൂറോപ്യൻ വംശജരെ മാത്ര മല്ല, വടക്കൻ ആഫ്രിക്കപോലെ മറ്റു മേഖലകളിൽനിന്ന് വന്നവരെയും അത് ഉൾക്കൊള്ളുന്നു. അതിന്റെ ദേശീയസ്വത്വത്തിന്റെ പ്രധാനസവിശേഷത സംസ്കാ രവും ഭാഷയുമാണ്. ഫ്രാൻസിലെ എല്ലാ പൗരന്മാരും തങ്ങളുടെ പൊതുജീവിത ത്തിൽ ഇത് സ്വാംശീകരിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. എന്നിരുന്നാലും അവർക്ക് അവരുടെ സ്വകാര്യജീവിതത്തിൽ സ്വകാര്യമായ വിശ്വാസങ്ങളും ആചാരങ്ങളും നിലനിർത്താവുന്നതാണ്. ഇത് യുക്തിസഹമായ ഒരു നയമായി തോന്നാം. എന്നാൽ, എന്താണ് പൊതുവായത്, എന്താണ് സ്വകാര്യമായത് എന്ന് നിർവചിക്കുക അത്ര എളുപ്പമല്ല എന്നുമാത്രമല്ല ഇത് ചില വിവാദങ്ങൾക്ക് ഇടയാക്കിയിട്ടുമുണ്ട്. മതവി ശ്വാസം പൗരന്റെ സ്വകാര്യമേഖലയിൽ ഉൾപ്പെടുന്നതായി കരുതപ്പെടുന്നു. എന്നാൽ മതചിഹ്നങ്ങളും ആചാരങ്ങളും ചിലപ്പോൾ അവരുടെ പൊതുജീവി തത്തിലേക്ക് കടന്നുവരും. ഫ്രാൻസിലെ സ്കൂളുകളിൽ തലപ്പാവ് ധരിക്കാൻ അനു വദിക്കണമെന്ന സിഖ് ആൺകുട്ടികളുടെയും സ്കൂൾ യൂണിഫോമിനൊപ്പം മഫ്ത ധരിക്കാൻ അനുവദിക്കണമെന്ന മുസ്ലീം പെൺകുട്ടികളുടെയും ആവശ്യത്തെക്കു റിച്ച് നിങ്ങൾ കേട്ടിരിക്കുമല്ലോ. പൊതുവിദ്യാഭ്യാസരംഗത്തേക്ക് മതചിഹ്നങ്ങൾ കൊണ്ടുവരാൻ പാടില്ലെന്ന കാരണത്താൽ ചില സ്കൂളുകൾ ഇതനുവദിച്ചിരുന്നില്ല. അത്തരത്തിലുള്ള ആചാരങ്ങൾ നിഷ്കർഷിക്കാത്ത മതവിഭാഗത്തിൽപ്പെട്ടവർ സ്വാഭാവികമായും യാതൊരുപ്രശ്നവും നേരിടുകയില്ല. ഒന്നു കൂടി വ്യക്തമാക്കി യാൽ ദേശീയസംസ്കാരത്തിലേക്കുള്ള ചില വിഭാഗങ്ങളുടെ സ്വാംശീകരണം മറ്റുള്ളവരുടേതിനേക്കാൾ എളുപ്പമാണ്.

പുതിയ അപേക്ഷകർക്ക് പൗരത്വം നൽകുന്നതിനുള്ള മാനദണ്ഡം ഓരോ രാജ്യത്തും വ്യത്യസ്തമാണ്. ഇസ്രായേൽ, ജർമനി തുടങ്ങിയ രാജ്യങ്ങളിൽ പൗരത്വം അനുവദിക്കുന്നതിന് മതം, വംശം, തുടങ്ങിയ ഘടകങ്ങൾക്കാണ് മുൻതൂക്കം. ഒരു കാലത്ത് ജർമനിയിലേക്ക് വരുവാനും തൊഴിൽ ചെയ്യാനും പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്ന ടർക്കിഷ് തൊഴിലാളികളുടെ ഭാഗത്തുനിന്നും ജർമ നിയിൽ ജനിച്ചുവളർന്ന അവരുടെ കുട്ടികൾക്ക് സ്വാഭാവികപൗരത്വം അനുവദി ക്കണമെന്ന ആവശ്യം നിരന്തരം ഉന്നയിക്കപ്പെടുന്നുണ്ട്. ഈ വിഷയം ഇപ്പോഴും ചർച്ച ചെയ്യപ്പെടുന്നുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്നു എന്ന് സ്വയം അവകാ ശപ്പെടുന്ന ജനാധിപത്യ രാഷ്ട്രങ്ങളിൽ പോലും പൗരത്വത്തിനു മേൽ നിയന്ത്രണം കൊണ്ടു വരുന്നതിനുള്ള ഏതാനും ഉദാഹരണങ്ങളാണ് ഇവ.

> **നമുക്ക് സംവാദം നടത്താം**
>
> പൊതു യൂണിഫോം നിർബന്ധമാക്കുകയും, തലപ്പാവ് പോലെയുള്ള മതചിഹ്നങ്ങൾ പൊതുസ്ഥാപനങ്ങളായ സ്കൂളിലും സൈന്യത്തിലും നിരോധിക്കുന്നതും അഭികാമ്യമല്ല.

മതേതരജനാധിപത്യരാജ്യമായാണ് ഇന്ത്യ സ്വയം നിർവചിക്കപ്പെടുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യസമരം വിശാല സ്വഭാവമുള്ള ഒന്നായിരുന്നു. വ്യത്യസ്ത മതവിഭാഗത്തിലും, പ്രദേശങ്ങളിലും സംസ്കാരത്തിലും ഉള്ള ജനങ്ങളെ ഒന്നിപ്പിക്കുവാൻ ബോധപൂർവമായ ശ്രമങ്ങൾ അത് നടത്തുകയുണ്ടായി. മുസ്ലീം ലീഗുമായുള്ള ഭിന്നതകൾ പരിഹരിക്കാൻ കഴിയാതെ വന്നപ്പോൾ 1947 ൽ ഇന്ത്യ വിഭജിക്കപ്പെട്ടു. മതേതരവും ഉൾക്കൊള്ളൽസ്വഭാവവുമുള്ള ഒരു രാഷ്ട്രത്തെ നിർമിക്കാൻ പ്രതിബദ്ധരായിരുന്ന ദേശീയനേതാക്കന്മാരെ അത് കൂടുതൽ ശക്തിപ്പെടുത്തിയതേയുള്ളൂ. ഈ നിശ്ചയദാർഢ്യം ഭരണഘടനയിൽ അവർ ഉൾപ്പെടുത്തുകയും ചെയ്തു.

ഒരു വൈവിധ്യപൂർണമായസമൂഹത്തെ ഉൾക്കൊള്ളുവാൻ ഇന്ത്യൻഭരണഘടന ശ്രമിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള വൈവിധ്യങ്ങൾ നിലനിർത്തുന്നതിന്റെ ഭാഗമായി പട്ടികജാതി പട്ടികവർഗങ്ങൾ, തുല്യാവകാശങ്ങൾ നേരത്തെ അനുഭവിച്ചിട്ടില്ലാത്ത വനിതകൾ, ആന്റമാൻ നിക്കോബാർ പോലെയുള്ള ദ്വീപുകളിലെ ആധുനികസംസ്കാരവുമായി ബന്ധപ്പെടാൻ കഴിയാത്ത ഒറ്റപ്പെട്ട സമുദായങ്ങൾ, ഇങ്ങനെ വിവിധ വിഭാഗങ്ങൾക്ക് പൂർണവും തുല്യവുമായ പൗരത്വം നൽകാൻ അത് ശ്രമിച്ചു. വിവിധ ഭാഷകൾ, മതങ്ങൾ, രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ കാണുന്ന ആചാരങ്ങൾ എന്നിവയ്ക്കെല്ലാം അനുയോജ്യമായ സ്ഥാനം കണ്ടെത്തുവാനും അത് പരിശ്രമിച്ചിട്ടുണ്ട്. വ്യക്തിപരമായ വിശ്വാസങ്ങൾ, ഭാഷകൾ, സാംസ്കാരികാനുഷ്ഠാനങ്ങൾ തുടങ്ങിയവ ഉപേക്ഷിക്കാതെ എല്ലാവർക്കും തുല്യാവകാശങ്ങൾ ഭരണഘടന നൽകിയിട്ടുണ്ട്. ഭരണഘടന നടത്തിയ സമാനതകളില്ലാത്ത ഒരു പരീക്ഷണമായിരുന്നു അത്. വ്യത്യസ്തപ്രദേശങ്ങളിലെ വ്യത്യസ്തഭാഷകളും മതങ്ങളുമുള്ള ജനങ്ങളെ ഉൾക്കൊള്ളാനുള്ള ഈ ശ്രമം ഡൽഹിയിലെ റിപ്പബ്ലിക് ദിന പരേഡിൽ പ്രതിഫലിക്കുന്നുണ്ട്.

പൗരത്വത്തെ സംബന്ധിച്ച വ്യവസ്ഥകൾ ഭരണഘടനയുടെ ഭാഗം III ലും പാർലമെന്റ് പാസാക്കിയ അനുബന്ധനിയമങ്ങളിലും കാണാൻ കഴിയും. ജനാധിപത്യപരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ പൗരത്വസങ്കൽപ്പമാണ് ഭരണഘടന സ്വീകരിച്ചത്. ജനനം, പിന്തുടർച്ച, രജിസ്ട്രേഷൻ, സ്വാഭാവികവൽക്കരണം, ഭൂപ്രദേശങ്ങളുടെ കൂട്ടിച്ചേർക്കൽ (birth, descent, Registration, Naturalisation, inclusion of territory) എന്നീ മാർഗങ്ങളിലൂടെ ഇന്ത്യയിൽ പൗരത്വം ആർജിക്കാം. പൗരന്റെ അവകാശങ്ങളും കടമകളും ഭരണഘടനയിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്. വംശം, ജാതി, ലിംഗം, ജന്മദേശം തുടങ്ങിയവ അടിസ്ഥാനമാക്കി രാഷ്ട്രം വിവേചനപരമായി പ്രവർത്തിക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥയും അതിലുണ്ട്. മതഭാഷാന്യൂനപക്ഷങ്ങളുടെ അവകാശങ്ങളും അത് സംരക്ഷിക്കുന്നു.

എന്നിരുന്നാലും അത്തരത്തിലുള്ള ഉൾക്കൊള്ളൽവ്യവസ്ഥകൾ സമരങ്ങൾക്കും വിവാദങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്. സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ, ദളിത് പ്രസ്ഥാനങ്ങൾ, വികസനപദ്ധതികളാൽ പുറന്തള്ളപ്പെട്ട ജനതകളുടെ സമരങ്ങൾ ഇവയൊക്കെ പൗരത്വത്തിന്റെ പൂർണമായ അവകാശങ്ങൾ തങ്ങൾക്ക് നിഷേധിക്കപ്പെട്ടു എന്ന തോന്നലിന്റെ ഫലമാണ്. മുന്നോട്ട് പ്രവർത്തിക്കാനുള്ള ഒരു മാതൃകാപദ്ധതിയാണ് എല്ലാ രാജ്യങ്ങളിലും ജനാധിപത്യപൗരത്വമെന്ന് ഇന്ത്യയുടെ അനുഭവങ്ങൾ സൂചിപ്പിക്കുന്നു. സമൂഹം മാറുന്നതിനനുസരിച്ച് പുതിയ പ്രശ്നങ്ങളും ഉയർന്നുവരുന്നുണ്ട്. തങ്ങൾ പാർശ്വവൽക്കരിക്കപ്പെട്ടു എന്ന തോന്നലുള്ള വിഭാഗങ്ങളാണ് പുതിയ ആവശ്യങ്ങൾ ഉന്നയിക്കുക. ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ഇത്തരം ആവശ്യങ്ങൾ കൂടിയാലോചനയിലൂടെ തീർപ്പുകൽപിക്കപ്പെടേണ്ടവയാണ്.

### 6.5 സാർവത്രികപൗരത്വം (Universal Citizenship)

അഭയാർത്ഥികളെക്കുറിച്ചും നിയമവിരുദ്ധകുടിയേറ്റക്കാരെക്കുറിച്ചും ചിന്തിക്കുമ്പോൾ ധാരാളം ചിത്രങ്ങൾ മനസിലേക്ക് കടന്നുവരും. ഏഷ്യയിൽ നിന്നും ആഫ്രിക്കയിൽ നിന്നും ഏജന്റുമാർക്ക് പണം കൊടുത്ത് യൂറോപ്പിലേക്കോ, അമേരിക്കയിലേക്കോ കടക്കുന്ന ജനങ്ങളുടേതാണ് അതിലൊന്ന്. അപകടം വളരെക്കൂടുതലാണെങ്കിലും അതിന് അവർ തയ്യാറാണ്. യുദ്ധമോ, ഭക്ഷ്യക്ഷാമമോ മൂലം പുറന്തള്ളപ്പെട്ട ജനങ്ങളുടേതാണ് രണ്ടാമത്തെ ചിത്രം. അത്തരം ദൃശ്യങ്ങൾ ടെലിവിഷനിൽ സാധാരണമാണ്. സുഡാനിലെ 'ദർഫാർ' പ്രദേശത്തുള്ള അഭയാർഥികൾ, പലസ്തീനികൾ, ബർമക്കാർ, ബംഗ്ലാദേശികൾ അങ്ങനെ ഉദാഹരണങ്ങൾ നിരവധിയാണ്. തങ്ങളുടെ സ്വന്തം രാജ്യത്തോ അല്ലെങ്കിൽ അയൽരാജ്യങ്ങളിലോ അഭയാർത്ഥികളാകുവാൻ നിർബന്ധിതരായ ജനങ്ങളാണ് ഇവരെല്ലാം.

ഒരു രാജ്യത്ത് താമസിക്കുകയും തൊഴിൽ ചെയ്യുകയും പൗരത്വത്തിന് വേണ്ടി അപേക്ഷിക്കുകയും ചെയ്യുന്ന എല്ലാവർക്കും ആ രാഷ്ട്രത്തിന്റെ പൂർണമായ അംഗത്വം ലഭിക്കുമെന്നാണ് നാം പൊതുവെ കരുതുന്നത്. എല്ലാവരെയും ഉൾക്കൊള്ളുന്ന സാർവത്രികപൗരത്വത്തെ ധാരാളം രാഷ്ട്രങ്ങൾ പിന്തുണയ്ക്കുന്നുണ്ട്. എന്നിരുന്നാലും പൗരത്വം അനുവദിക്കുന്നതിന് രാഷ്ടങ്ങൾ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നു. ഇവ സാധാരണയായി ഭരണഘടനയിലും രാജ്യത്തെ നിയമങ്ങളിലും എഴുതിവയ്ക്കപ്പെട്ടിരിക്കും. അനഭിമതരായ സന്ദർശകരെ പുറത്തു നിർത്തുവാൻ രാഷ്ട്രം അവരുടെ ഈ അധികാരം ഉപയോഗിക്കുന്നു.

എന്നിരുന്നാലും, ഇത്തരത്തിലുള്ള നിയന്ത്രണങ്ങളും മതിലുകളും വേലികളും ഉണ്ടായിരുന്നിട്ടും ലോകത്ത് ധാരാളം ജനങ്ങൾ കുടിയേറുന്നുണ്ട്. യുദ്ധം, പീഡനം, ക്ഷാമം എന്നിവയാലും മറ്റു കാരണങ്ങളാലും ജനങ്ങൾ നിഷ്കാസിതരാകാറുണ്ട്. ഒരു രാഷ്ട്രവും അവരെ സ്വീകരിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ, അവർക്ക് സ്വന്തം രാജ്യത്തേക്ക് തിരിച്ചുപോകാൻ കഴിയില്ലെങ്കിൽ അവർ രാഷ്ട്ര

രഹിതജനങ്ങളോ അഭയാർഥികളോ ആയി മാറും. അവർ നിയമവിരുദ്ധ കുടിയേറ്റക്കാരായി ക്യാമ്പുകളിൽ കഴിയാൻ നിർബന്ധിതരാവും. നിയമപരമായി തൊഴിൽ ചെയ്യാനോ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാനോ സ്വത്ത് സമ്പാദിക്കാനോ അവർക്ക് കഴിയില്ല. പ്രശ്നം അത്രമാത്രം ഗൗരവതരമാണ് എന്നതുകൊണ്ട് ഐക്യരാഷ്ട്രസംഘടന അവരെ സഹായിക്കുന്നതിനുവേണ്ടി അഭയാർഥികൾക്കു വേണ്ടിയുള്ള ഒരു ഹൈക്കമ്മീഷണറെ (High Commissioner for Refugees) നിയമിച്ചിട്ടുണ്ട്.

**നമുക്കിതു ചെയ്യാം**

ഇന്ത്യയിൽ ഇന്ന് ജീവിക്കുന്ന രാഷ്ട്രരഹിത ജനങ്ങളെ പട്ടികപ്പെടുത്തുക. അതിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

ഒരു രാജ്യത്ത് എത്രമാത്രം ജനങ്ങൾക്ക് പൗരത്വം നൽകാം എന്ന പ്രശ്നത്തിൽ തീരുമാനം എടുക്കുക എന്നത് പല രാജ്യങ്ങൾക്കും മാനുഷികമായും രാഷ്ട്രീയമായും വിഷമകരമാണ്. പീഡനമോ യുദ്ധമോ മൂലം നാടുവിടുന്നവരെ സ്വീകരിക്കാൻ പല രാജ്യങ്ങൾക്കും സ്വന്തമായ നയങ്ങൾ ഉണ്ട്. എന്നാൽ രാജ്യസുരക്ഷയെ അപകടത്തിലാക്കുന്ന തരത്തിൽ കൈകാര്യം ചെയ്യാൻ കഴിയാത്തത്ര എണ്ണം ജനങ്ങളെ സ്വീകരിക്കാൻ ഒരു രാജ്യവും തയ്യാറാകില്ല. പീഡിതരായ ജനങ്ങൾക്ക് അഭയം നൽകുന്നതിൽ അഭിമാനിക്കുന്ന രാജ്യമാണ് ഇന്ത്യ. ദലൈലാമയ്ക്കും അദ്ദേഹത്തിന്റെ പിൻഗാമികൾക്കും 1959 ൽ ഇന്ത്യ അഭയം നൽകി. ഇന്ത്യയുടെ എല്ലാ അതിർത്തിയിലൂടെയും അയൽരാജ്യങ്ങളിൽ നിന്നും ജനങ്ങൾ ഇന്ത്യയിലേക്ക് പ്രവേശിക്കാറുണ്ട്. വർഷങ്ങളോളം അല്ലെങ്കിൽ തലമുറകളായി രാഷ്ട്രരഹിത ജനങ്ങളായി അഭയാർഥിക്യാമ്പുകളിൽ നിയമ വിരുദ്ധകുടിയേറ്റക്കാരായി അവർ ജീവിക്കും. അവരിൽ വളരെക്കുറച്ചു പേർക്കുമാത്രമാണ് അത്യന്തികമായി പൗരത്വം ലഭിക്കുക. അത്തരം പ്രശ്നങ്ങൾ സമകാലിക ലോകത്തെ എല്ലാ ജനങ്ങൾക്കും അവകാശവും സ്വത്വവും ഉറപ്പു നൽകുന്ന ജനാധിപത്യ പൗരത്വമെന്ന വാഗ്ദാനത്തിന് വെല്ലുവിളിയുയർത്തുന്നു. അനേകായിരം പേർക്ക് അവർ തെരഞ്ഞെടുക്കുന്ന രാജ്യത്തെ പൗരത്വം നേടാൻ കഴിയുന്നില്ല എന്നുമാത്രമല്ല അതിനു പകരം അവർക്കൊരു സ്വത്വം ഉണ്ടാകുന്നുമില്ല.

രാഷ്ട്രരഹിതജനങ്ങളുടെ പ്രശ്നങ്ങൾ ലോകം ഇന്നു നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. യുദ്ധം, രാഷ്ട്രീയ തർക്കങ്ങൾ എന്നിവയുടെ ഫലമായി രാജ്യങ്ങളുടെ അതിർത്തികൾ ഇപ്പോഴും പുനർനിർവചിക്കപ്പെടാറുണ്ട്. അത്തരം തർക്കങ്ങൾക്കിടയിൽ കുടുങ്ങിപ്പോകുന്ന ജനങ്ങളുടെ അവസ്ഥ ഗുരുതരമാണ്. അവർക്ക് അവരുടെ വീടും രാഷ്ട്രീയസ്വത്വവും സുരക്ഷിതത്വവും നഷ്ടപ്പെടും. മാത്രമല്ല മറ്റു രാജ്യങ്ങളിലേക്ക് കുടിയേറാൻ അവർ നിർബന്ധിതരാവുകയും ചെയ്യും. അത്തരം ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പൗരത്വത്തിന് കഴിയുമോ? കഴിയില്ലെങ്കിൽ പകരം എന്ത് സ്വത്വമാണ് അവർക്ക് നൽകാൻ കഴിയുക? ദേശീയപൗരത്വത്തെക്കാൾ കൂടുതൽ ആധികാരികമായ ഒരു സാർവത്രിക സ്വത്വം

രൂപപ്പെടുത്താൻ നാം ശ്രമിക്കണോ ? പലപ്പോഴും ആഗോളപൗരത്വത്തിനു വേണ്ടി യുള്ള ആവശ്യം മുന്നോട്ട് വയ്ക്കപ്പെടുന്നുണ്ട്. ഇതിന്റെ സാദ്ധ്യതകൾ അടുത്ത ഘട്ടത്തിൽ ചർച്ച ചെയ്യാം.

## 6.6 ആഗോളപൗരത്വം (Global Citizenship)

താഴെ നൽകിയിരിക്കുന്ന പ്രസ്താവനകൾ പരിശോധിക്കുക

- 2004 ൽ തെക്കനേഷ്യയിലെ നിരവധി രാജ്യങ്ങളെ ബാധിച്ച സുനാമിക്ക് ഇരയായവർക്ക് പലരും കാരുണ്യവും സഹായവും ചൊരിയുകയുണ്ടായി.
- ഇന്ന് അന്തർദേശീയശൃംഖലകൾ തീവ്രവാദികളെ പരസ്പരം ബന്ധിപ്പി ക്കുന്നു.
- പക്ഷിപ്പനിയുടെ വ്യാപനം തടയുന്നതിനും, മനുഷ്യർക്കിടയിലെ വൈറസ് പകർച്ചവ്യാധിയായി മാറാനുള്ള സാധ്യത തടയുന്നതിനും ഐക്യരാഷ്ട്ര സംഘടന വിവിധ രാഷ്ട്രങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നു.

മുകളിൽ നൽകിയിട്ടുള്ള പ്രസ്താവനകളിൽ പൊതുവായുള്ളതെന്താണ്?. നമ്മൾ അധിവസിക്കുന്ന ലോകത്തെക്കുറിച്ച് അവ നമ്മോട് എന്താണ് പറയുന്നത്.?

പരസ്പരബന്ധിതമായ ഒരു ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്. ഇന്റർനെറ്റ്, ടെലിവിഷൻ, സെൽഫോണുകൾ തുടങ്ങിയ പുത്തൻആശയവിനിമയമാർഗങ്ങൾ ലോകത്തെ നാം മനസിലാക്കുന്ന രീതിയിൽ സുപ്രധാനമാറ്റം കൊണ്ടു വന്നു. ലോകത്തിന്റെ ഒരു ഭാഗത്തു നടക്കുന്ന സംഭവങ്ങളെക്കുറിച്ചുള്ള വാർത്തകൾ മറുഭാഗത്ത് അറിയാൻ മുൻപ് മാസങ്ങൾ എടുക്കുമായിരുന്നു. എന്നാൽ പുത്തൻ ആശയവിനിമയരീതികൾ ഭൂഗോളത്തിന്റെ വിവിധഭാഗങ്ങളിൽ നടക്കുന്ന സംഭവ വികാസങ്ങളുമായി ഉടൻ തന്നെ സംവദിക്കാൻ നമ്മെ സഹായിക്കുന്നു. യുദ്ധ ങ്ങൾ, ദുരന്തങ്ങൾ തുടങ്ങിയവ അവ സംഭവിക്കുമ്പോൾത്തന്നെ ടെലിവിഷൻ സ്ക്രീനിൽ നമുക്ക് കാണാൻ കഴിയുന്നു. ലോകത്ത് വിവിധ രാജ്യങ്ങളിലെ ജന ങ്ങൾക്കിടയിൽ സഹാനുഭൂതിയും സഹകരണമനോഭാവവും വളർത്താൻ ഇത് സഹായിച്ചു.

ലോകസമുദായവും ആഗോളസമൂഹവും ഇതുവരെ നിലവിൽ വന്നില്ലെങ്കിലും ദേശീയാതിർത്തികൾക്കപ്പുറത്തേക്ക് തങ്ങൾ പരസ്പരം ബന്ധിപ്പിക്കപ്പെട്ടിരിക്കു ന്നു എന്ന തോന്നൽ നിലനിൽക്കുന്നതായി ആഗോളപൗരത്വത്തെ പിൻതുണയ്ക്കു ന്നവർ വാദിക്കുന്നു. ഏഷ്യൻ സുനാമിയുടെയും മറ്റ് പ്രധാനപ്രകൃതിക്ഷോഭങ്ങ ളുടെയും ഇരകളെ സഹായിക്കുന്നതിന് ലോകത്തിന്റെ എല്ലാ ഭാഗത്തു നിന്നും ചൊരിഞ്ഞ സഹായത്തെ ആഗോളസമൂഹത്തിന്റെ ആവിർഭാവത്തിന്റെ സൂചന യായി അവർ ചൂണ്ടിക്കാണിക്കുന്നു. ഇത്തരം അനുഭവങ്ങളെ ശക്തിപ്പെടുത്തി ആഗോള പൗരത്വം എന്ന ആശയത്തിനുവേണ്ടി നാം പ്രവർത്തിക്കണമെന്ന് അവർ അഭിപ്രായപ്പെടുന്നു.

ഇന്നത്തെ ലോകത്ത് അന്തസോടെ ജീവിക്കുന്നതിനാവശ്യമായ സംരക്ഷണവും അവകാശങ്ങളും പ്രദാനം ചെയ്യാൻ നമ്മുടെ രാഷ്ട്രത്തിന് കഴിയുമെന്ന് ദേശീയ പൗരത്വസങ്കല്പം വിഭാവനം ചെയ്യുന്നു. എന്നാൽ രാഷ്ട്രങ്ങൾ തങ്ങൾക്കു മാത്രം കൈകാര്യം ചെയ്യാൻ കഴിയാത്ത ധാരാളം പ്രശ്നങ്ങൾ ഇന്ന് നേരിടുന്നുണ്ട്. ഈ സാഹചര്യത്തിൽ ജനങ്ങളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് ഇന്ന് രാഷ്ട്രങ്ങൾ ഉറപ്പു നൽകുന്ന വ്യക്തിപരമായ അവകാശങ്ങൾ മതിയാകുമോ? അതോ മനുഷ്യാവകാശങ്ങൾ, ആഗോളപൗരത്വം എന്നിവയിലേക്ക് മാറാനുള്ള സമയം ആയോ?

ആഗോളപൗരത്വമെന്ന ആശയത്തിന്റെ ഒരു ആകർഷണം ദേശീയാതിർത്തികൾക്കപ്പുറത്തേക്ക് അത് വ്യാപിക്കുന്നുവെന്നതാണ്. അതുകൊണ്ടു തന്നെ വിവിധ രാജ്യങ്ങളിലെ ജനങ്ങളുടെയും ഗവൺമെന്റുകളുടെയും കൂട്ടായ പ്രവർത്തനങ്ങൾ അത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക എന്നത് എളുപ്പമാക്കുന്നു. ഉദാഹരണത്തിന്, രാഷ്ട്രരഹിതരായ ജനങ്ങളുടെ അല്ലെങ്കിൽ കുടിയേറ്റക്കാരുടെ പ്രശ്നങ്ങൾക്ക് സ്വീകാര്യമായ ഒരു പരിഹാരം കാണുക അത് എളുപ്പമാക്കും. അല്ലെങ്കിൽ തങ്ങൾ അധിവസിക്കുന്ന രാഷ്ട്രമേതെന്ന് പരിഗണിക്കാതെ ഏറ്റവും ചുരുങ്ങിയത് അടിസ്ഥാനാവകാശങ്ങളും സംരക്ഷണവും ഉറപ്പുവരുത്തുകയെങ്കിലും ചെയ്യും.

ഒരു രാജ്യത്തെ തുല്യപൗരത്വത്തിന് ഭീഷണിയുയർത്താൻ സാമൂഹ്യസാമ്പത്തിക അസമത്വത്തിനും നിലനിൽക്കുന്ന മറ്റുപ്രശ്നങ്ങൾക്കും കഴിയുമെന്ന് മുൻപത്തെ വിഭാഗത്തിൽ നാം കണ്ടല്ലോ. അത്തരം പ്രശ്നങ്ങൾക്ക് അന്തിമമായ പരിഹാരം കാണുവാൻ ഗവൺമെന്റുകൾക്കും ജനങ്ങൾക്കും മാത്രമേ കഴിയൂ. അതുകൊണ്ടുതന്നെ ഇന്നത്തെ ജനങ്ങൾക്ക് ഒരു രാഷ്ട്രത്തിലെ പൂർണവും തുല്യവുമായ അംഗത്വം പ്രധാനപ്പെട്ടതായി നിലനിൽക്കുന്നു. പരസ്പരബന്ധിതമായ ഒരു ലോകത്താണ് നാം ജീവിക്കുന്നത് എന്ന അവബോധം ദേശീയ പൗരത്വസങ്കൽപത്തിന് അനുബന്ധമായി കാണേണ്ടതാണ് എന്ന് ആഗോള പൗരത്വമെന്ന ആശയം നമ്മെ ഓർമിപ്പിക്കുന്നു. അതുകൊണ്ട് ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങൾക്കിടയിലെ ബന്ധം ശക്തിപ്പെടുത്തേണ്ടതാവശ്യമാണ്. അതോടൊപ്പം ദേശീയാതിർത്തികൾക്കപ്പുറത്ത് ജനങ്ങളും ഗവൺമെന്റുകളുമായി ഒരുമിച്ചു പ്രവർത്തിക്കാനും തയ്യാറാവണം.

# അഭ്യാസം

അഭ്യാസം

1. ഒരു രാഷ്ട്രീയസമൂഹത്തിലെ പൂർണവും തുല്യവുമായ അംഗത്വമെന്ന നിലയ്ക്ക് പൗരത്വം അവകാശങ്ങളും കടമകളും ഉൾക്കൊള്ളുന്നു. ജനാധിപത്യരാജ്യങ്ങളിൽ ഇന്ന് പൗരന് ഏതെല്ലാം അവകാശങ്ങൾ അനുഭവിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? രാഷ്ട്രത്തോടും സഹപൗരന്മാരോടും ഏതു തരത്തിലുള്ള കടപ്പാടാണ് അവർക്കുള്ളത്?

2. എല്ലാ പൗരന്മാർക്കും തുല്യാവകാശങ്ങൾ നൽകിയേക്കാം എന്നാൽ എല്ലാവർക്കും തുല്യനിലയിൽ അത് ഉപയോഗിക്കാൻ കഴിയണമെന്നില്ല. വിശദമാക്കുക?

3. സമീപവർഷങ്ങളിൽ ഇന്ത്യയിൽ പൗരത്വാവകാശങ്ങൾ പൂർണമായി അനുഭവിക്കുന്നതിനായി നടന്ന രണ്ട് പോരാട്ടങ്ങളെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക. ഓരോന്നിലും ഏതെല്ലാം അവകാശങ്ങളാണ് ഉന്നയിക്കപ്പെട്ടത്?

4. അഭയാർഥികൾ അനുഭവിക്കുന്ന ചില പ്രശ്നങ്ങൾ ഏതൊക്കെയാണ്? ആഗോളപൗരത്വമെന്ന സങ്കൽപം ഏതെല്ലാം തരത്തിലാണ് അവർക്ക് പ്രയോജനകരമാകുന്നത്?

5. രാജ്യത്തിനുള്ളിൽ തന്നെ വ്യത്യസ്തപ്രദേശങ്ങളിലേക്കുള്ള കുടിയേറ്റം പ്രദേശവാസികളുടെ എതിർപ്പിനിടയാക്കുന്നു. പ്രാദേശികസമ്പദ്‌വ്യവസ്ഥയ്ക്ക് കുടിയേറ്റക്കാർ നൽകുന്ന സംഭാവനകൾ എന്തെല്ലാമാണ്?

6. തുല്യപൗരത്വം ഉറപ്പുനൽകുന്ന ഇന്ത്യ പോലുള്ള രാജ്യങ്ങളിൽപ്പോലും വിജയകരമായി നിർവഹിക്കപ്പെട്ട വസ്തുതയെക്കാളുപരി ജനാധിപത്യ പൗരത്വം ഒരു പദ്ധതിയാണ്. ഇന്ത്യയിൽ ഇന്ന് പൗരത്വവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ഏതാനും പ്രശ്നങ്ങൾ ചർച്ചചെയ്യുക.

R2P7Y6




# അധ്യായം 7

# ദേശീയത (Nationalism)

## അവലോകനം

ദേശരാഷ്ട്രം, ദേശീയത എന്നീ ആശയങ്ങളെയാണ് ഈ അധ്യായത്തിൽ ചർച്ച ചെയ്യാനുദ്ദേശിക്കുന്നത്. എന്തുകൊണ്ടാണ് ദേശീയത ഉടലെടുക്കുന്നത് അല്ലെങ്കിൽ അതിന്റെ ധർമങ്ങൾ എന്തൊക്കെയാണ് എന്നതിനുപരിയായി ദേശീയത ഉയർത്തുന്ന അഭിലാഷങ്ങളെയും അവകാശവാദങ്ങളെയുമാണ് ഇവിടെ നമ്മൾ കൂടുതൽ പഠനവിധേയമാക്കുന്നത്. ഈ അധ്യായം പഠിച്ചതിനു ശേഷം താഴെപ്പറയുന്ന കാര്യങ്ങൾ മനസിലാക്കാൻ നിങ്ങൾക്കു കഴിയും.

- ദേശം, ദേശീയത എന്നീ ആശയങ്ങൾ മനസിലാക്കാൻ.
- ദേശീയതയുടെ ശക്തിയും ദൗർബല്യവും തിരിച്ചറിയുവാൻ.
- ജനാധിപത്യത്തേയും ദേശീയതയേയും പരസ്പരം ബന്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയാൻ.

## 7.1 ദേശീയതാപരിചയം (Introducing Nationalism)

എന്താണ് ദേശീയതയെന്ന് വളരെ പെട്ടെന്ന് ആളുകൾക്കിടയിൽ ഒരു അഭിപ്രായ വോട്ടെടുപ്പ് നടത്തുകയാണെങ്കിൽ നമുക്കുകിട്ടുന്ന പ്രതികരണങ്ങൾ ദേശഭക്തി, ദേശീയപതാക, രാഷ്ട്രത്തിനുവേണ്ടിയുള്ള ത്യാഗം തുടങ്ങിയവയായിരിക്കും. ഡൽഹിയിൽ നടക്കുന്ന റിപ്പബ്ലിക്ദിനപരേഡ് ഇന്ത്യൻദേശീയതയുടെ ഉജ്വല പ്രകടനമാണ്. ഇന്ത്യൻദേശീയതയുടെ ശക്തിയും ദൗർബല്യവും ഇതിൽ ഉൾച്ചേർന്നിരിക്കുന്നു. കുറച്ചുകൂടി ആഴത്തിൽ പരിശോധിച്ചാൽ ദേശീയതയെ സംബന്ധിക്കുന്ന വളരെ കൃത്യമായതും പൊതുവെ അംഗീകരിക്കപ്പെട്ടതുമായ ഒരു നിർവചനം കണ്ടെത്താൻ പ്രയാസകരമാണെന്ന് മനസിലാകും. എന്നാൽ നമ്മുടെ പ്രയത്നം ഉപേക്ഷിക്കണമെന്നല്ല ഇതിന്റെ അർഥം. ആഗോളസംഭവ വികാസങ്ങളിൽ പ്രധാന പങ്കു വഹിക്കുന്ന ഘടകം എന്ന നിലയിൽ ദേശീയത പഠനവിധേയമാക്കേണ്ടതുണ്ട്.

കഴിഞ്ഞ രണ്ടുനൂറ്റാണ്ടിലധികമായി ചരിത്രത്തെ രൂപപ്പെടുത്തുന്നതിൽ നിർണായകപങ്കു വഹിക്കുന്ന രാഷ്ട്രീയ വിശ്വാസപ്രമാണമാണ് ദേശീയത. അളവറ്റ കൂറുപോലെ തന്നെ ആഴത്തിലുള്ള വെറുപ്പിനേയും ദേശീയത പ്രചോദിപ്പിക്കുന്നു. അത് ജനങ്ങളെ ഒരുമിപ്പിക്കുന്നതുപോലെ വിഭജിക്കുകയും ചെയ്യുന്നു. മർദകഭരണത്തിൽ നിന്നുള്ള മോചനത്തിനുപകരിച്ചതുപോലെ അതു സംഘർഷങ്ങൾക്കും കഠിനയാതനകൾക്കും അനേകം യുദ്ധങ്ങൾക്കും കാരണമായിട്ടുണ്ട്. ദേശീയപ്രക്ഷോഭങ്ങൾ രാഷ്ട്രങ്ങളുടെയും സാമ്രാജ്യങ്ങളുടെയും അതിർത്തികൾ പലതവണ മാറ്റിവരക്കാൻ കാരണമായിട്ടുണ്ട്. വർത്തമാനകാല ലോകത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും അനേകം ദേശരാഷ്ട്രങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നുവെങ്കിലും, രാഷ്ട്രങ്ങളുടെ അതിർത്തി പുനഃക്രമീകരണം തുടർന്നു കൊണ്ടേയിരിക്കുന്നു. അതുപോലെ, നിലവിലുള്ള രാഷ്ട്രങ്ങളിൽ പലതിലും വിഘടനവാദപ്രക്ഷോഭങ്ങളും ശക്തമാണ്.

വിവിധഘട്ടങ്ങളിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന ഒന്നാണ് ദേശീയത. ഉദാഹരണമായി, 19 -ാം നൂറ്റാണ്ടിൽ ചെറിയ രാജ്യങ്ങളെ ഏകീകരിച്ച് വലിയ ദേശരാഷ്ട്രങ്ങളാക്കുന്നതിൽ ദേശീയത പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഈ രീതിയിലൂടെയുള്ള ഏകീകരണ ഏകോപന പ്രക്രിയയിലൂടെയാണ് ഇന്നത്തെ രാഷ്ട്രങ്ങളായ ജർമനിയും ഇറ്റലിയും രൂപം കൊണ്ടത്. അതുപോലെ, ലാറ്റിനമേരിക്കയിലും നിരവധിരാഷ്ട്രങ്ങൾ സ്ഥാപിതമായി. രാഷ്ട്രങ്ങളുടെ അതിർത്തികൾ ഏകീകരിക്കപ്പെട്ടതുപോലെ തന്നെ, പ്രാദേശികമായ കൂറുകൾ രാഷ്ട്രത്തോടുള്ള കൂറായിട്ടും പ്രാദേശികമായ ഭാഷാഭേദങ്ങൾ പൊതുവായ ഭാഷയായും പരിവർത്തനം ചെയ്യപ്പെട്ടു. ദേശരാഷ്ട്രത്തിലെ അംഗത്വത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു പുതിയരാഷ്ട്രീയസ്വത്വം പുതുതായി രൂപംകൊണ്ട രാഷ്ട്രങ്ങളിലെ ജനങ്ങൾ ആർജിക്കുകയുണ്ടായി.

സമാനരീതിയിലുള്ള ഒരു ഏകീകരണം കഴിഞ്ഞ നൂറ്റാണ്ടിലും അതിനുശേഷവും നമ്മുടെ രാജ്യത്തും നടക്കുകയുണ്ടായി. പക്ഷേ, ഇതേ ദേശീയത തന്നെ യൂറോപ്പിലെ സാമ്രാജ്യങ്ങളായ ആസ്ട്രിയയുടെയും ഹംഗറിയുടെയും, റഷ്യയുടെയും അതുപോലെ ഏഷ്യയിലേയും ആഫ്രിക്കയിലേയും ബ്രിട്ടീഷ്,

ഫ്രഞ്ച്, ഡച്ച്, പോർച്ചുഗീസ് തുടങ്ങിയ സാമ്രാജ്യങ്ങളുടെയും പതനത്തിൽ പ്രധാന പങ്കു വഹിച്ചു. ഇന്ത്യയുടെയും മറ്റു കോളനികളുടെയും സ്വാതന്ത്ര്യപ്രക്ഷോഭങ്ങൾക്ക് പ്രേരകമായി ഭവിച്ചത് വിദേശാധിപത്യത്തിൽ നിന്നും സ്വതന്ത്രമായ ദേശരാഷ്ട്രങ്ങൾ രൂപീകരിക്കുക എന്ന മോഹമായിരുന്നു.

രാഷ്ട്രങ്ങളുടെ അതിർത്തിപുനഃനിർണയം അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുന്നു. 1960 മുതൽ തന്നെ വിവിധഗ്രൂപ്പുകളും പ്രദേശങ്ങളും ഉയർത്തുന്ന ദേശീയവാദത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രത്യേകരാഷ്ട്രത്തിനുവേണ്ടിയുള്ള അവകാശവാദങ്ങളെ സ്ഥിരതയാർജിച്ച ദേശരാഷ്ട്രങ്ങൾ പോലും അഭിമുഖീകരിക്കുന്നു. ഇന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലും നിലവിലുള്ള രാഷ്ട്രത്തിനു വിഭജന ഭീഷണി ഉയർത്തുന്ന തരത്തിലുള്ള ദേശീയപ്പോരാട്ടങ്ങൾക്ക് നാം സാക്ഷ്യം വഹിക്കുന്നു. കാനഡയിലെ ക്യൂബക്കുകൾ, വടക്കൻ സ്പെയിനിലെ ബാസ്ക്കുകൾ, തുർക്കിയിലെയും ഇറാക്കിലെയും കുർദുകൾ, ശ്രീലങ്കയിലെ തമിഴർ എന്നീ വിഭാഗങ്ങൾക്കിടയിൽ അത്തരത്തിലുള്ള വിഭജനവാദത്തിനു ശക്തമായ വേരോട്ടമുണ്ട്. ഇന്ത്യയിലെ ചില വിഭാഗങ്ങളും ദേശീയതയുടെ സ്വരത്തിലുള്ള അവകാശ വാദങ്ങൾ ഉയർത്തുന്നുണ്ട്. അറബ്ദേശീയത ഭാവിയിലെ ഒരു പാൻ - അറബ് (Pan-Arab) യൂണിയന്റെ പിറവി സ്വപ്നം കാണുമ്പോൾ, ബാസ്ക്കുകളുടെയും, കുർദുകളുടെയും വിഘടനവാദപ്രസ്ഥാനങ്ങൾ പോരാടുന്നത് നിലവിലുള്ള രാഷ്ട്രങ്ങളുടെ വിഭജനത്തിനു വേണ്ടിയാണ്.

ഇന്നത്തെ ലോകത്തും ദേശീയത ശക്തമായ സാന്നിധ്യമാണെന്നുള്ള കാര്യത്തിൽ നാം എല്ലാവരും യോജിക്കും. പക്ഷേ ദേശം, ദേശീയത തുടങ്ങിയ ആശയങ്ങളുടെ നിർവചനങ്ങളെക്കുറിച്ച് സമവായത്തിലെത്തിച്ചേരുക പ്രയാസകരമായിരിക്കും. ഒരു ദേശരാഷ്ട്രം എന്നാൽ എന്ത്? എന്തുകൊണ്ടാണ് ജനങ്ങൾ ദേശത്തിനുവേണ്ടി ആത്മത്യാഗം ചെയ്യാൻ തയ്യാറാകുന്നത്? ദേശീയവാദം ഏതൊക്കെ വിധത്തിലാണ് രാഷ്ട്രവാദത്തിലേക്ക് നയിക്കുന്നത്? ദേശീയതകൾക്ക് രാഷ്ട്രരൂപീകരണത്തിനോ ദേശീയസ്വയംനിർണ്ണയത്തിനോ ഉള്ള അവകാശമുണ്ടോ? അല്ലെങ്കിൽ പ്രത്യേകരാഷ്ട്രം അനുവദിക്കാതെതന്നെ ദേശീയത ഉയർത്തുന്ന അവകാശവാദങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമോ? ഇത്തരം പ്രശ്നങ്ങളാണ് ഈ അധ്യായത്തിൽ നമ്മൾ ചർച്ചചെയ്യുന്നത്.



## ദേശരാഷ്ട്രങ്ങളും ദേശീയതയും (NATIONS AND NATIONALISM)

ദേശരാഷ്ട്രം എന്നാൽ സാധാരണനിലയിലുള്ള ജനങ്ങളുടെ വെറും ഒരു സംഘം മാത്രമല്ല. അതുപോലെതന്നെ, മനുഷ്യസമൂഹത്തിൽ കാണുന്ന മറ്റു സംഘങ്ങളിൽ നിന്നും സമൂഹങ്ങളിൽ നിന്നും അതു വ്യത്യാസപ്പെട്ടിരിക്കുന്നു. മുഖാമുഖ ബന്ധമുള്ള വ്യക്തിപരമായ സ്വഭാവസവിശേഷതകളും അസ്തിത്വവും പരസ്പരം അടുത്തറിയാവുന്ന അംഗങ്ങളടങ്ങിയ കുടുംബവ്യവസ്ഥയിൽ നിന്നും ദേശരാഷ്ട്രം വ്യത്യസ്തമായിരിക്കും. അതുപോലെതന്നെ വിവാഹബന്ധങ്ങളിലൂടെയും വംശീയപാരമ്പര്യത്തിലൂടെയും കൂട്ടിയിണക്കപ്പെട്ടിരിക്കുന്ന സംഘങ്ങളായ ഗോത്രം, കുലം, ബന്ധുത്വസംഘങ്ങൾ തുടങ്ങിയവയുടെ കാര്യം പരിശോധിച്ചാലും ഈ വ്യത്യാസം കാണാം. ഈ സംഘങ്ങളിലെ എല്ലാ അംഗങ്ങൾക്കും ചിലപ്പോൾ പരസ്പരം അറിയണമെന്നില്ല. എന്നാൽ ആവശ്യമെങ്കിൽ ഈ സംഘങ്ങളിലെ അംഗങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന ഘടകം വളരെ വേഗം കണ്ടെത്താവുന്നതാണ്. പക്ഷേ, ഒരു ദേശരാഷ്ട്രത്തിലെ അംഗങ്ങളെല്ലാം പരസ്പരം അടുത്തറിയുന്നവരോ വിവാഹമോ വംശീയപാരമ്പര്യമോ വഴി പരസ്പരം ബന്ധപ്പെട്ടവരോ ആകാൻ യാതൊരു സാധ്യതയുമില്ല. അവരിൽ മിക്കവരേയും നമുക്ക് മുഖാമുഖ പരിചയമുണ്ടാകണമെന്നില്ല. എങ്കിലും, ദേശരാഷ്ട്രങ്ങൾ സജീവമായി നിലനിൽക്കുകയും അതിലെ അംഗങ്ങളുടെ ആദരവ് നേടിയെടുക്കുകയും ചെയ്യുന്നുണ്ട്.

വംശപാരമ്പര്യം, ഭാഷ, മതം, വംശീയത തുടങ്ങിയവയിലേതെങ്കിലും പൊതുവായുള്ള ജനസമൂഹമാണ് ദേശരാഷ്ട്രങ്ങൾ രൂപീകരിക്കുന്നതെന്നാണ് പൊതുവെ വിശ്വസിക്കപ്പെടുന്നത്. പക്ഷേ, യഥാർഥത്തിൽ എല്ലാ ദേശരാഷ്ട്രങ്ങൾക്കും ബാധകമായ പൊതുവായ സവിശേഷതകൾ ഉണ്ടെന്ന് പറയാനാകില്ല. നിരവധി രാഷ്ട്രങ്ങൾക്ക് പൊതുവായ ഒരു ഭാഷയില്ല. കാനഡയെ തന്നെ ഉദാഹരണമായെടുക്കാം. കാനഡയിൽ ഇംഗ്ലീഷ് സംസാരിക്കുന്നവർക്കൊപ്പം ഫ്രഞ്ച് സംസാരിക്കുന്ന ജനവിഭാഗങ്ങളും അധിവസിക്കുന്നു. ഇന്ത്യയിലും വിവിധപ്രദേശങ്ങളും സമൂഹങ്ങളും വ്യത്യസ്തമായ നിരവധി ഭാഷകൾ ഉപയോഗിക്കുന്നു. പല രാജ്യങ്ങളെ സംബന്ധിച്ചും അവയെ ഒരുമിപ്പിച്ചു നിർത്തുന്ന ഒരു ഏക്കമതം ഇല്ലെന്നുതന്നെ പറയാം. അതുപോലെ തന്നെയാണ് വംശത്തിന്റെയും പാരമ്പര്യത്തിന്റെയും കാര്യവും.

**നമുക്കിതു ചെയ്യാം**

നിങ്ങളുടെ ഭാഷയിലെ ഒരു ദേശഭക്തിഗാനം കണ്ടെത്തി അതിൽ എങ്ങനെയാണ് ദേശത്തെ പ്രതിപാദിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കൂ. നിങ്ങളുടെ ഭാഷയിലുള്ള ദേശസ്നേഹം വിളിച്ചോതുന്ന ഒരു ചലച്ചിത്രം കാണുക. എങ്ങനെയാണ് അതിൽ ദേശീയത അതിന്റെ എല്ലാ സങ്കീർണ്ണതകളോടെയും ചിത്രീകരിച്ചിരിക്കുന്നത്.

അങ്ങനെയെങ്കിൽ എന്തൊക്കെ ഘടകങ്ങൾ ചേർന്നാണ് ദേശരാഷ്ട്രം രൂപീകരിക്കപ്പെട്ടിരിക്കുന്നത്? ഒരു പരിധിവരെ ദേശരാഷ്ട്രം എന്നാൽ അതിലെ അംഗങ്ങളുടെ വിശ്വാസങ്ങളെയും, അഭിലാഷങ്ങളെയും, ഭാവനകളെയും ഏകോപിപ്പിക്കുന്ന ഒരു 'സാങ്കല്പികസമൂഹമാണ്'. തങ്ങൾ ഉൾപ്പെടുന്നു എന്നു ജനങ്ങൾ തിരിച്ചറിയുന്ന ഒരു കൂട്ടം

സങ്കൽപങ്ങളുടെ കൂടിച്ചേരലിനെ അടിസ്ഥാനമാക്കിയുള്ളതാണ് ദേശരാഷ്ട്രം എന്നു പറയാം. അത്തരം സങ്കൽപങ്ങൾ ഏതൊക്കെയാണെന്ന് നമുക്ക് കണ്ടെത്താൻ ശ്രമിക്കാം.

### പങ്കുവയ്ക്കപ്പെട്ട വിശ്വാസങ്ങൾ (Shared beliefs)

ഒന്നാമതായി ഒരു ദേശരാഷ്ട്രം രൂപീകരിക്കുന്നത് ഒരു വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. നമുക്ക് കാണാനും അനുഭവിച്ചറിയാനും കഴിയുന്ന പർവതങ്ങൾ, നദികൾ, കെട്ടിടങ്ങൾ എന്നിവപോലെയല്ല ഒരു ദേശരാഷ്ട്രം. ജനങ്ങൾക്ക് അവയെക്കുറിച്ചുള്ള വിശ്വാസങ്ങളിൽ നിന്നും സ്വതന്ത്രമായി നിൽക്കുന്നവയല്ല ദേശരാഷ്ട്രങ്ങൾ. ഒരു ദേശരാഷ്ട്രമെന്ന നിലയ്ക്ക് അവിടുത്തെ ജനങ്ങളെ കുറിച്ച് അഭിപ്രായം പറയുമ്പോൾ അവരുടെ ശാരീരിക സവിശേഷതകളെക്കുറിച്ചോ സ്വഭാവത്തെക്കുറിച്ചോ അല്ല പറയേണ്ടത്, മറിച്ച് ഒരു സ്വതന്ത്രരാഷ്ട്രീയ അസ്തിത്വം ആഗ്രഹിക്കുന്ന ജനവിഭാഗങ്ങളുടെ കൂട്ടായ അസ്തിത്വത്തേയും ഭാവിയെയും അവരുടെ കാഴ്ച്ചപ്പാടിനെയും കുറിച്ചായിരിക്കണം പരാമർശിക്കേണ്ടത്. നമുക്ക് ദേശരാഷ്ട്രത്തെ ഒരു ടീമിനോട് താരതമ്യം ചെയ്യാവുന്നതാണ്. ഒരു ടീം എന്നതുകൊണ്ട് നാം അർഥമാക്കുന്നത് ഒരുമിച്ച്ജോലിചെയ്യുകയോ അല്ലെങ്കിൽ കായികമൽസരത്തിൽ പങ്കെടുക്കുകയോ ചെയ്യുന്ന ഒരു കൂട്ടം ആളുകൾ ചേർന്ന ഗ്രൂപ്പിനെയാണല്ലോ. അതിലുപരിയായി ഒരു ടീം എന്ന നിലയിലുള്ള കൂട്ടായ അസ്തിത്വത്തെക്കുറിച്ചും അതിലെ അംഗങ്ങൾ സ്വയം ബോധവാൻമാരും ആയിരിക്കും.




### ചരിത്രം (History)

രണ്ടാമതായി തങ്ങളെ സ്വയം ഒരു ദേശമായി കാണുന്ന ജനതയ്ക്ക് അനുസ്യൂതമായ ഒരു ചരിത്ര സ്വത്വവുമുണ്ടായിരിക്കും. അതായത്, ഒരേ സമയം ദേശരാഷ്ട്രങ്ങൾ ഭൂതകാലത്തിലേക്ക് ഉറ്റുനോക്കുകയും അവിടെ നിന്നും ഭാവിയിലേക്ക് എത്തപ്പെടുകയും ചെയ്യുന്നു. കൂട്ടായ സ്മരണകൾ, പുരാവൃത്തങ്ങൾ, ചരിത്രരേഖകൾ

എന്നിവയിൽ നിന്നും ഊർജം ഉൾക്കൊണ്ടുകൊണ്ട് തങ്ങളുടേതായ ഒരു ചരിത്രബോധം ഉയർത്തിപ്പിടിക്കുകയും അതു ദേശരാഷ്ട്രത്തിന്റെ തുടർച്ചയായ സ്വത്വമായി രൂപം കൊള്ളുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ഇന്ത്യയിലെ ദേശീയവാദികൾ ഇന്ത്യയുടെ പൗരാണികസംസ്കാരത്തെയും പൈതൃകത്തെയും മറ്റ് നേട്ടങ്ങളെയും ഉയർത്തിക്കാട്ടിക്കൊണ്ട് ഇന്ത്യയ്ക്ക് വളരെ ദൈർഘ്യമേറിയതും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതുമായ ഒരു സാംസ്കാരികചരിത്രമുണ്ടെന്നും, ഈ സംസ്കാരത്തിന്റെയും ഐക്യത്തിന്റെയും അടിത്തറയിലാണ് ഇന്ത്യൻദേശീയത കെട്ടി ഉയർത്തിയിരിക്കുന്നതെന്നും വാദിച്ചു. ഉദാഹരണമായി ജവഹർലാൽ നെഹ്റു അദ്ദേഹത്തിന്റെ 'ഇന്ത്യയെ കണ്ടെത്തൽ' (The Discovery of India) എന്ന പുസ്തകത്തിൽ എഴുതിയിരിക്കുന്നു, 'ബാഹ്യമായ വൈവിധ്യങ്ങളും വൈജാത്യങ്ങളും ജനങ്ങളുടെയിടയിൽ കാണപ്പെടുന്നുണ്ടെങ്കിലും, കാലങ്ങളായി നമ്മളെയെല്ലാം ബന്ധിപ്പിക്കുന്ന ഉജ്വലമായ ഒരുമ നമുക്ക് മേൽ പതിച്ച എല്ലാ തരത്തിലുള്ള രാഷ്ട്രീയവിധിയേയും നിർഭാഗ്യങ്ങളെയും അതിവർത്തിച്ചുകൊണ്ട് നിലനിൽക്കുന്നു'.

### ഭൂപ്രദേശം (Territory)

മൂന്നാമതായി, ദേശരാഷ്ട്രങ്ങൾ ഒരു പ്രത്യേകഭൂപ്രദേശത്തെ അടയാളപ്പെടുത്തുന്നു. ഒരു പൊതുഭൂതകാലം പങ്കുവച്ചുകൊണ്ട് ഒരു പ്രത്യേകഭൂപ്രദേശത്ത് ദീർഘകാലത്തെ ഒരുമിച്ചുള്ള ജീവിതം വഴി ഒരു കൂട്ടായ സ്വത്വത്തെക്കുറിച്ചുള്ള ബോധം ജനങ്ങളുടെയിടയിൽ രൂപം കൊള്ളുന്നു. ഇത് തങ്ങളെ ഒറ്റ ജനതയായി സങ്കൽപിക്കാൻ അവരെ സഹായിക്കുന്നു. അതുകൊണ്ടുതന്നെ തങ്ങളെ ഒരു ദേശമെന്ന നിലയിൽ കരുതുന്ന ജനങ്ങൾ അതിനെ മാതൃദേശമായി (Motherland) കാണുന്നതിൽ വലിയ അത്ഭുതമില്ല. അവർ അധിവസിക്കുന്ന ഭൂപ്രദേശവും കൈവശം വച്ചിരിക്കുന്ന ഭൂമിയും അവരെ സംബന്ധിച്ചും വളരെ പ്രത്യേകസവിശേഷതയുള്ളതാണ്. അതുപോലെതന്നെ അത് അവരുടെ സ്വന്തമെന്നു അവകാശപ്പെടുകയും ചെയ്യുന്നു. മാതൃദേശത്തെ ദേശരാഷ്ട്രങ്ങൾ വ്യത്യസ്തരീതിയിൽ ചിത്രീകരിക്കാറുണ്ട്. ഉദാ: മാതൃഭൂമി, പിതൃഭൂമി, വിശുദ്ധദേശം. ഇതിന് യഹൂദർ ഏറ്റവും നല്ല ഉദാഹരണമാണ്. അവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ചിതറിപ്പോയെങ്കിലും, പാലസ്തീൻ തങ്ങളുടെ വാഗ്ദത്തദേശമാണെന്ന് എല്ലായ്പ്പോഴും അവകാശപ്പെടുന്നു. ഇന്ത്യൻ ദേശത്തെ തിരിച്ചറിയുന്നത് ഇന്ത്യൻഉപഭൂഖണ്ഡത്തിലെ നദികൾ, പർവതങ്ങൾ, ഭൂപ്രദേശങ്ങൾ എന്നിവയിലൂടെയാണ്. എന്നിരുന്നാലും ഒന്നിലധികം ജനങ്ങൾ ഒരേ ഭൂപ്രദേശത്തിനുവേണ്ടി അവകാശവാദം ഉയർത്തുമ്പോൾ മാതൃദേശമെന്ന മോഹം ലോകത്തെ സംഘർഷങ്ങളിലേക്ക് നയിക്കുന്നു.

### പങ്കുവയ്ക്കപ്പെട്ട രാഷ്ട്രീയാദർശങ്ങൾ (Shared Political Ideals)

ഒന്നാണെന്ന ബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിൽ ചരിത്രസ്വത്വവും, ഭൂപ്രദേശവും പ്രധാനപ്പെട്ട പങ്കു വഹിക്കുന്നു. അതേസമയം ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുകയും രാഷ്ട്രീയാസ്തിത്വത്തിനുവേണ്ടിയുള്ള കൂട്ടായ

മോഹങ്ങൾ താലോലിക്കുകയും ചെയ്യുന്നതുകൊണ്ടാണ് ദേശരാഷ്ട്രങ്ങൾ മറ്റു ഗ്രൂപ്പുകളിൽ നിന്നും വ്യത്യസ്തമായിരിക്കുന്നത്. ദേശരാഷ്ട്രത്തിലെ അംഗങ്ങൾ അവർ രൂപീകരിക്കാനാഗ്രഹിക്കുന്ന രാഷ്ട്രത്തെ സംബന്ധിച്ചും പൊതുവായ കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുന്നു. മാത്രമല്ല ജനാധിപത്യം, മതേതരത്വം, ഉദാരതാവാദം (liberalism) തുടങ്ങിയ മൂല്യങ്ങൾക്കും എല്ലാത്തിനും ഉപരിയായി പ്രാധാന്യം നൽകുന്നു. ഈ ആദർശങ്ങൾ അവർക്ക് ഒത്തുചേരാനും ഒത്തൊരുമിച്ചു ജീവിക്കാനുമുള്ള വ്യവസ്ഥകളായി മാറുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഈ ആദർശങ്ങൾ ഒരു ദേശരാഷ്ട്രമെന്ന നിലയിൽ അവരുടെ രാഷ്ട്രീയസ്വത്വത്തെ പ്രതിനിധീകരിക്കുന്നു.

ഒരു ജനാധിപത്യവ്യവസ്ഥയിൽ രാഷ്ട്രീയമൂല്യങ്ങളോടും ആദർശങ്ങളോടും പൊതുവായി പങ്കുവയ്ക്കുന്ന പ്രതിബദ്ധത, ആ രാഷ്ട്രീയസമൂഹത്തിന്റെ അല്ലെങ്കിൽ ദേശരാഷ്ട്രത്തിന്റെ ഏറ്റവും അനുപേക്ഷണീയമായ അടിത്തറയായി വർത്തിക്കുന്നു. ഈ വ്യവസ്ഥയ്ക്കുള്ളിൽ രാഷ്ട്രീയസമൂഹത്തിലെ അംഗങ്ങളെ തമ്മിൽ ചില കടമകളാൽ ബന്ധിപ്പിച്ചിരിക്കുന്നു. പൗരൻമാരെന്ന നിലയ്ക്ക് അവകാശങ്ങളെ പരസ്പരം അംഗീകരിക്കുന്നതിൽ നിന്നാണ് ഈ കടമകൾ ഉത്ഭവിക്കുന്നത്. സഹജീവികളോടുള്ള തങ്ങളുടെ കടമകളെക്കുറിച്ച് ബോധവാൻമാരായിരിക്കുകയും അവയെ സ്വമനസാലെ സ്വീകരിക്കുകയും ചെയ്യുമ്പോൾ അത് ഒരു ദേശരാഷ്ട്രത്തെ ശക്തിപ്പെടുത്തുന്നു. ഈ കടമകളുടെ ചട്ടക്കൂടിനെ അംഗീകരിക്കുക എന്നതാണ് ദേശരാഷ്ട്രത്തോടുള്ള കൂറ് പരിശോധിക്കാനുള്ള ഏറ്റവും നല്ല പരീക്ഷണം എന്ന് തീർച്ചയായും നമുക്ക് പറയാൻ കഴിയും .

### പൊതുവായ രാഷ്ട്രീയാസ്തിത്വം (Common Political Identity)

ഒരു രാഷ്ട്രത്തെക്കുറിച്ചോ സമൂഹത്തെക്കുറിച്ചോ പൊതുവായ ആദർശങ്ങൾ പങ്കു വയ്ക്കുന്നതുകൊണ്ടുമാത്രം വ്യക്തികളെ ഒരുമിപ്പിച്ച് ഒരു ദേശരാഷ്ട്രമായി നിർത്താൻ കഴിയുമെന്ന് പലരും വിശ്വസിക്കുന്നില്ല. അതിനുപകരം അവർ മുന്നോട്ടു വയ്ക്കുന്നത് പൊതുഭാഷയെയോ പൊതുവംശീയപാരമ്പര്യത്തെയോ അടിസ്ഥാനമാക്കിയുള്ള സാംസ്കാരികസ്വത്വമാണ്. ഒരേ ഭാഷ സംസാരിക്കുന്നത് നമുക്കിടയിൽ ആശയവിനിമയം എളുപ്പമാക്കുമെന്നതിൽ സംശയമൊന്നുമില്ല. അതുപോലെതന്നെ ഒരേ മതത്തിന്റെ പങ്കിടൽ ഒരു കൂട്ടം പൊതുവിശ്വാസങ്ങളെയും സാമൂഹിക ആചാരങ്ങളെയും നമുക്ക് നൽകും. ഒരേതരത്തിലുള്ള ഉത്സവങ്ങളും, പൊതു അവധിദിവസങ്ങളും ഒരേപോലെ മൂല്യം കല്പിക്കുന്ന മതചിഹ്നങ്ങളും ജനങ്ങളെ കൂട്ടിയിണക്കാൻ സഹായകരമാകും. എന്നാൽ അതേസമയം തന്നെ ജനാധിപത്യത്തിൽ നമ്മൾ താലോലിക്കുന്ന ചില മൂല്യങ്ങൾക്ക് ഇത് ഒരു ഭീഷണിയായിത്തീരും.

അതിന് രണ്ടു കാരണങ്ങളാണുള്ളത്. ഒന്നാമതായി എല്ലാ മതങ്ങളും ആന്തരികമായി വൈവിധ്യമുള്ളവയാണ്. സമുദായത്തിനുള്ളിലെ സംവാദങ്ങളിലൂടെയാണ് അവ രൂപംകൊണ്ടതും നിലനിൽക്കുന്നതും. അതിന്റെ ഫലമായി ഓരോ മതത്തിനുള്ളിലും നിരവധി ഉപവിഭാഗങ്ങൾ നിലനിൽക്കുന്നു. ഈ

ഓരോ വിഭാഗത്തിനും മതഗ്രന്ഥങ്ങളെയും മൂല്യങ്ങളെയും സംബന്ധിച്ചുള്ള തങ്ങളുടേതായ വ്യാഖ്യാനങ്ങളുണ്ട്. ഈ വ്യത്യാസങ്ങളെ അവഗണിച്ചുകൊണ്ട് പൊതുവായ ഒരു മതത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ഒരു സ്വത്വം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയാണെങ്കിൽ അത് ഒരു സമാഗ്രാധിപത്യ- മർദകസമൂഹത്തിനായിരിക്കും രൂപം കൊടുക്കുന്നത്.

രണ്ടാമതായി, മിക്കവാറും എല്ലാ സമൂഹങ്ങളും സാംസ്കാരികമായി വൈവിധ്യമുള്ളവയായിരിക്കും. വ്യത്യസ്തഭാഷയിലും മതത്തിലും പെട്ടവർ ഒരേ പ്രദേശത്ത് ഒരുമിച്ച് ജീവിക്കുന്നു. ഏതെങ്കിലും ഒരു മതത്തെയോ ഭാഷയെയോ രാഷ്ട്രത്തിന്റെ ഭാഗമായിരിക്കുന്നതിനുള്ള മാനദണ്ഡമായി അടിച്ചേൽപ്പിക്കുമ്പോൾ അത് തീർച്ചയായും മറ്റുള്ളവർ പുറന്തള്ളപ്പെടാൻ കാരണമായി മാറും. ഇങ്ങനെ പുറന്തള്ളപ്പെടുന്ന വിഭാഗങ്ങളുടെ മതസ്വാതന്ത്ര്യത്തിൻമേൽ ഇത് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. അതുപോലെതന്നെ അംഗീകൃതരാഷ്ട്രഭാഷ സംസാരിക്കാത്ത വിഭാഗങ്ങളെയും ഇത് ദോഷകരമായി ബാധിക്കുന്നു. എങ്ങനെയായാലും ഇവയൊക്കെ നമ്മൾ ജനാധിപത്യത്തിൽ വളരെയധികം വിലകൽപിക്കുന്ന മൂല്യങ്ങളായ തുല്യപരിഗണന, സ്വാതന്ത്ര്യം തുടങ്ങിയവയെ അപകടകരമായ രീതിയിൽ പരിമിതപ്പെടുത്തുന്നു. ഈ രണ്ടു കാരണങ്ങളാലും സാംസ്കാരികമായ അടിസ്ഥാനത്തിൽ രാഷ്ട്രത്തെ സങ്കൽപ്പിക്കുന്നതിനെക്കാൾ അഭികാമ്യം രാഷ്ട്രീയമായ സങ്കല്പനം തന്നെയാണ്. അതായത് രാഷ്ട്രത്തിന്റെ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒരു കൂട്ടം മൂല്യങ്ങളോടുള്ള കൂറിൽ അധിഷ്ഠിതമായിരിക്കണം ജനാധിപത്യം. അത് ഏതെങ്കിലും പ്രത്യേകമതത്തിന്റെയോ വംശത്തിന്റെയോ ഭാഷയുടെയോ അടിസ്ഥാനത്തിലാകാനും പാടില്ല.

ഏതൊക്കെ രീതിയിലൂടെയാണ് ദേശരാഷ്ട്രങ്ങൾ അവയുടെ കൂട്ടായ സ്വത്വത്തെ പ്രകടിപ്പിക്കുന്നതെന്ന് മുകളിൽ നാം കണ്ടുകഴിഞ്ഞു. അതുപോലെ എന്തുകൊണ്ടാണ് ജനാധിപത്യരാഷ്ട്രങ്ങൾക്ക് ഈ സ്വത്വത്തെ പൊതുരാഷ്ട്രീയ ആശയങ്ങളുമായി കൂട്ടിയിണക്കേണ്ടിവരുന്നതെന്നും നമ്മൾ മനസിലാക്കി. പക്ഷേ പ്രധാനപ്പെട്ട ഒരു ചോദ്യം നമുക്ക് മുന്നിൽ അവശേഷിക്കുന്നു, എന്തുകൊണ്ടാണ് ജനങ്ങൾ തങ്ങളെ സ്വയം ഒരു ദേശരാഷ്ട്രമായി സങ്കൽപിക്കുന്നത്? വിവിധ ദേശരാഷ്ട്രങ്ങളുടെ അഭിലാഷങ്ങൾ എന്തൊക്കെയാണ്? അടുത്ത രണ്ടുഘട്ടങ്ങളിൽ ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം തേടാനാണ് നമ്മൾ പരിശ്രമിക്കുന്നത്.

### 7.3 ദേശീയസ്വയംനിർണയാവകാശം (National Self-determination)

മറ്റു ഗ്രൂപ്പുകളിൽനിന്നും വ്യത്യസ്തമായി ദേശരാഷ്ട്രങ്ങൾ സ്വയം ഭരിക്കുന്നതിനും ഭാവിയിലെ തങ്ങളുടെ വികസനം നിശ്ചയിക്കുന്നതിനുമുള്ള അവകാശത്തിനും ആഗ്രഹിക്കുന്നു. വേറൊരു രീതിയിൽ പറഞ്ഞാൽ അവ സ്വയംനിർണായവകാശത്തിനുവേണ്ടി നിലകൊള്ളുന്നു. ഈ അവകാശവാദത്തിന്റെ ഭാഗമായി രാഷ്ട്രങ്ങൾ തങ്ങളുടെ വ്യതിരിക്തമായ രാഷ്ട്രീയാസ്തിത്വത്തിനോ രാഷ്ട്രപദവിക്കോ വേണ്ടി അന്താരാഷ്ട്രസമൂഹത്തിന്റെ അംഗീകാരവും സ്വീകാര്യതയും കാംക്ഷിക്കുന്നു.

സാധാരണഗതിയിൽ ഒരു പ്രദേശത്ത് ദീർഘകാലം ഒരുമിച്ചു താമസിക്കുക വഴി കൂട്ടായ സ്വത്വബോധം രൂപപ്പെട്ടിട്ടുള്ള ജനതയാണ് ഇത്തരത്തിൽ അവകാശവാദം ഉന്നയിക്കുന്നത്. ചിലയവസരങ്ങളിൽ തങ്ങളുടെ സവിശേഷസംസ്കാരം അവഗണിയ്ക്കപ്പെടുന്ന സാഹചര്യത്തിൽ അവയെ സംരക്ഷിക്കാൻ ജനങ്ങൾ സ്വയം നിർണ്ണയാവകാശവാദം ഉന്നയിച്ചേക്കാം.

അവസാനം പറഞ്ഞ രീതിയിലുള്ള സാംസ്കാരികസവിശേഷതയെ മുൻനിർത്തിയുള്ള അവകാശവാദങ്ങൾ യൂറോപ്പിൽ നിരന്തരം ഉയർന്നുവന്നു. 'ഏക സംസ്കാരം – ഏക രാഷ്ട്രം' എന്ന ആശയത്തിന് വ്യാപകമായ സ്വീകാര്യത ലഭിക്കുകയുണ്ടായി. അതിന്റെ ഫലമായി ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം രാഷ്ട്രങ്ങളുടെ അതിർത്തികൾ പുനഃക്രമീകരിച്ചപ്പോൾ 'ഏകസംസ്കാരം – ഏകരാഷ്ട്രവാദം' എന്നത് ആ പ്രകിയയുടെ പ്രധാന മാനദണ്ഡമായി വർത്തിച്ചു. വേഴ്സായി ഉടമ്പടി നിരവധി പുതിയ ചെറുസ്വതന്ത്രരാഷ്ട്രങ്ങളെ സൃഷ്ടിച്ചുവെങ്കിലും അക്കാലത്തുയർന്നുവന്ന സ്വയംനിർണയത്തിനു വേണ്ടുന്ന എല്ലാ അവകാശവാദങ്ങളെയും തൃപ്തിപ്പെടുത്താൻ കഴിഞ്ഞില്ല. മാത്രമല്ല, 'ഏകസംസ്കാരം ഏകരാഷ്ട്രം' എന്ന അവകാശവാദത്തെ തൃപ്തിപ്പെടുത്താൻ രാഷ്ട്രത്തിന്റെ അതിർത്തികൾ പുനർനിർണയിച്ചപ്പോൾ അതിർത്തികൾ മറികടന്ന് വലിയ തോതിൽ ജനങ്ങളുടെ കുടിയേറ്റങ്ങളുണ്ടായി. അതിന്റെ ഫലമായി ലക്ഷക്കണക്കിനു ജനങ്ങൾ സ്വന്തം വീടുകളിൽ നിന്നു കുടിയൊഴിപ്പിക്കപ്പെടുകയും തലമുറകളായി അവർ ജീവിച്ചുവന്ന നാട്ടിൽ നിന്നും നിഷ്കാസിതരാകുകയും ചെയ്തു. അതുപോലെ നിരവധി പേർ വർഗീയസംഘർഷങ്ങളുടെ ഇരകളായി മാറി.

സാംസ്കാരികത്തനിമയുള്ള സമൂഹങ്ങൾക്ക് പ്രത്യേകരാഷ്ട്രം എന്നതിന്റെ അടിസ്ഥാനത്തിൽ അതിർത്തികൾ പുനർനിർണയിച്ച് മനുഷ്യരാശിക്ക് വലിയ വില കൊടുക്കേണ്ടിവന്നു. ഈ പരിശ്രമത്തിൽ പോലും പുതുതായി ഇങ്ങനെ രൂപം കൊണ്ട രാഷ്ട്രങ്ങളുടെ അതിർത്തികളിൽ പൂർണമായും ഒരു വംശീയവിഭാഗത്തിൽപ്പെട്ട ജനങ്ങളെ മാത്രം ഉൾക്കൊള്ളിക്കുന്നത് ഉറപ്പാക്കാൻ കഴിഞ്ഞില്ല. ഒന്നോ അതിലധികമോ വംശീയ വിഭാഗങ്ങൾ ഈ രാഷ്ട്രങ്ങളുടെ അതിർത്തിക്കുള്ളിൽ താമസിച്ചിരുന്നു. ഈ വിഭാഗങ്ങൾ പ്രത്യേകിച്ചും എണ്ണത്തിൽ വളരെ ചെറിയ ന്യൂനപക്ഷ വിഭാഗങ്ങളായിരുന്നവർ നിരന്തരം അവഗണനയ്ക്കും പീഡനങ്ങൾക്കും വിധേയരായി. അതുകൊണ്ട് ന്യൂനപക്ഷങ്ങൾക്ക് തുല്യപൗരത്വം എന്ന പ്രശ്നം പരിഹരിക്കപ്പെടാതെ അവശേഷിച്ചു. ഈ സംഭവവികാസങ്ങൾ കൊണ്ടുണ്ടായ ഒരു ഗുണം സ്വയം ദേശരാഷ്ട്രങ്ങളായി കണ്ട നിരവധി വിഭാഗങ്ങൾക്ക് രാഷ്ട്രീയാധികാരം ലഭിക്കുകയും അവർക്ക് അവരുടെ ഭാഗധേയം നിർണയിക്കുന്നതിനുള്ള അവസരം ലഭിക്കുകയും ചെയ്തു എന്നതാണ്.

ഏഷ്യയിലും ആഫ്രിക്കയിലും നടന്ന വിമോചനപ്രസ്ഥാനങ്ങളിലും ഉയർന്നുവന്നത് സ്വയംനിർണയാവകാശവാദങ്ങളാണ്. രാഷ്ട്രീയസ്വാതന്ത്ര്യം കോളനികളിലെ ജനതയ്ക്ക് അന്തസും അംഗീകാരവും നേടിക്കൊടുക്കുമെന്നും അവരുടെ കൂട്ടായ താൽപര്യങ്ങളെ സംരക്ഷിക്കുമെന്നും ദേശീയപ്രസ്ഥാനങ്ങൾ ഉദ്ഘോ

## ബാസ്ക്കിലെ ദേശീയ സ്വയംനിർണയവകാശവാദം
## (Demand for National Self Determination in Basque)

ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ദേശീയസ്വയം നിർണയത്തിനു വേണ്ടിയുള്ള അവകാശവാദങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അതിൽ ഒരെണ്ണം നമുക്ക് പരിശോധിക്കാം. സ്പെയിനിലെ സമ്പന്നമായ മലയോരമേഖലയാണ് ബാസ്ക്ക്. ഈ മേഖലയെ സ്പാനിഷ് ഫെഡറേഷനിലെ ഒരു സ്വയംഭരണമേഖലയായി സ്പാനിഷ് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. പക്ഷേ ബാസ്ക്ക് ദേശീയപ്രസ്ഥാനത്തിന്റെ (Basque Nationalist Movement) നേതാക്കൻമാർ ഈ സ്വയംഭരണത്തിൽ തൃപ്തരല്ല. ഈ മേഖല ഒരു പ്രത്യേകരാഷ്ട്രമായി മാറണമെന്നതാണ് അവരുടെ ആവശ്യം. ഈ പ്രസ്ഥാനത്തെ പിന്തുണയ്ക്കുന്നവർ ഭരണഘടനാപരമായ രീതികളും അക്രമമാർഗങ്ങളും ഒരു പോലെ ഉപയോഗിച്ചു കൊണ്ട് ഈ ആവശ്യത്തിനു വേണ്ടി ഗവൺമെന്റിനുമേൽ അടുത്തകാലം വരെ സമ്മർദം ചെലുത്തുന്നുണ്ടായിരുന്നു.

ബാസ്ക്ക് ദേശീയവാദികൾ പറയുന്നത് അവരുടെ സംസ്കാരം സ്പാനിഷ് സംസ്കാരത്തിൽ നിന്നു വ്യത്യസ്തമാണെന്നാണ്. സ്പാനിഷ്ഭാഷയോട് ബന്ധമില്ലാത്ത സ്വന്തമായൊരു ഭാഷ അവർക്കുണ്ട്. ഇന്ന് ബാസ്ക്കിലെ മൂന്നിലൊന്ന് ആളുകൾക്ക് മാത്രമേ ഈ ഭാഷ മനസിലാകുകയുള്ളൂ. മാത്രമല്ല കുന്നുകൾക്കിടയിലുള്ള ഈ പ്രദേശം ഭൂമിശാസ്ത്രപരമായും സ്പെയിനിന്റെ മറ്റു മേഖലകളിൽ നിന്ന് വ്യത്യസ്തമായിരിക്കുന്നു. റോമാസാമ്രാജ്യത്തിന്റെ കാലം മുതൽ തന്നെ ബാസ്ക്ക്പ്രവിശ്യ തങ്ങളുടെ സ്വാതന്ത്ര്യം സ്പാനിഷ്ഭരണാധികാരികൾക്ക് അടിയറ വെച്ചിട്ടില്ല. അതിന്റെ നീതിന്യായവ്യവസ്ഥയും, ഭരണവും, ധനകാര്യവും സവിശേഷമായ സംവിധാനത്തിലൂടെ നിർവഹിക്കപ്പെടുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ സ്പാനിഷ് ഭരണാധികാരികൾ ബാസ്ക്കിന്റെ സവിശേഷമായ രാഷ്ട്രീയഭരണസംവിധാനത്തെ നശിപ്പിക്കാൻ ശ്രമിച്ചതിനോടുള്ള പ്രതികരണമായിട്ടാണ് ആധുനികബാസ്ക്ക്ദേശീയത രൂപം കൊള്ളുന്നത്. ഇരുപതാംനൂറ്റാണ്ടിൽ സ്പാനിഷ് ഏകാധിപതി ഫ്രാങ്കോ ഈ സ്വയംഭരണത്തെ ഇല്ലാതാക്കി. ബാസ്ക്ക്ഭാഷയെ പൊതുസ്ഥലങ്ങളിലും വീട്ടിനുള്ളിൽ പോലും നിരോധിക്കുന്നിടത്തോളം പോയി അദ്ദേഹത്തിന്റെ നടപടികൾ. ഇപ്പോൾ ഈ അടിച്ചമർത്തൽ നടപടികളൊക്കെ പിൻവലിച്ചിട്ടുണ്ട്. പക്ഷേ ബാസ്ക്ക് പ്രസ്ഥാനത്തിന്റെ നേതാക്കൻമാർ സ്പാനിഷ് ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയിൽ സംശയാലുക്കളാണ്. അതുപോലെതന്നെ 'പുറമേ നിന്നുള്ളവരുടെ' പ്രവേശനത്തെ ഭയപ്പാടോടെ നോക്കിക്കാണുകയും ചെയ്യുന്നു. എന്നാൽ ഇതിനകം പരിഹരിക്കപ്പെട്ട ഒരു പ്രശ്നത്തിൽ നിന്നും രാഷ്ട്രീയനേട്ടം കൊയ്യാനാണ് ബാസ്ക്ക് വിഘടനവാദികൾ ശ്രമിക്കുന്നതെന്നാണ് ഈ പ്രസ്ഥാനത്തിന്റെ എതിരാളികൾ ആരോപിക്കുന്നത്. ബാസ്ക്ക്ദേശീയവാദികൾ പ്രത്യേക രാഷ്ട്രവാദം ഉയർത്തുന്നത് ന്യായീകരിക്കത്തക്കതാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

ഷിച്ചു. ദേശത്തിന് ലഭ്യമാകേണ്ട നീതി, അവകാശങ്ങൾ, സമൃദ്ധി എന്നീ ലക്ഷ്യങ്ങളാണ് മിക്കവാറും എല്ലാ ദേശീയവിമോചനപ്രസ്ഥാനങ്ങളേയും പ്രചോദിപ്പിച്ചത്. എന്നിരുന്നാലും ഇവിടെയും വ്യതിരിക്തമായ ദേശീയത അവകാശപ്പെട്ട എല്ലാ സാംസ്കാരികവിഭാഗങ്ങൾക്കും രാഷ്ട്രീയസ്വാതന്ത്ര്യവും രാഷ്ട്രപദവിയും നൽകുക എന്നത് അസാധ്യമായിരുന്നു. അതുകൊണ്ടുതന്നെ ഈ മേഖലകളിൽ കുടിയേറ്റവും, അതിർത്തിയുദ്ധങ്ങളും, അക്രമങ്ങളും നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ദേശീയ പ്രക്ഷോഭങ്ങളിലൂടെ സ്വാതന്ത്ര്യം നേടിയ ദേശരാഷ്ട്രങ്ങൾ തങ്ങളുടെ അതിർത്തിക്കുള്ളിലെ ദേശീയസ്വയംനിർണയാവകാശവാദം നടത്തുന്ന ന്യൂനപക്ഷങ്ങളെ അടിച്ചമർത്തുന്ന വൈരുധ്യാത്മകസാഹചര്യമാണ് നമുക്കുള്ളത്.

ഇന്ന് മിക്കവാറുമുള്ള ലോകരാഷ്ട്രങ്ങളെല്ലാം തന്നെ അഭിമുഖീകരിക്കുന്നൊരു പ്രതിസന്ധിയാണ് സ്വയംനിർണയാവകാശപ്രസ്ഥാനങ്ങളെ എങ്ങനെ നേരിടണമെന്നത്. മാത്രമല്ല ഇത് ദേശീയസ്വയംനിർണയത്തിനുള്ള അവകാശത്തെക്കുറിച്ച് നിരവധി ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. എന്നിരുന്നാലും പുതിയ രാഷ്ട്രങ്ങൾ രൂപീകരിക്കുക അല്ല ഈ പ്രശ്നങ്ങൾക്ക് പരിഹാരമെന്നും മറിച്ച്, നിലവിലുള്ള രാഷ്ട്രത്തെ കൂടുതൽ ജനാധിപത്യവൽക്കരിക്കുകയും അവിടെ സമത്വം ഉറപ്പാക്കുകയാണ് വേണ്ടതെന്നും ജനങ്ങൾ മനസിലാക്കി തുടങ്ങിയിട്ടുണ്ട്. അതായത്, വിവിധ സാംസ്കാരികവംശീയവിഭാഗങ്ങളിലെ ജനങ്ങൾ സഹവർത്തിത്വത്തോടെയും തുല്യപൗരത്വത്തോടെയും അധിവസിക്കാൻ കഴിയുന്ന ഒരു രാഷ്ട്രമായി മാറണം. പുതുതായി ഉയർന്നുവരുന്ന സ്വയംനിർണയാവകാശങ്ങൾ പരിഹരിക്കുന്നതിനുമാത്രമല്ല ഐക്യത്തിലധിഷ്ഠിതമായ കരുത്തുറ്റ രാഷ്ട്രത്തിനും ഇത് അത്യന്താപേക്ഷിതമാണ്. മാത്രമല്ല തങ്ങളുടെ രാഷ്ട്രത്തിനകത്തുള്ള ന്യൂനപക്ഷങ്ങളുടെ അവകാശത്തെയും സാംസ്കാരികസ്വത്വത്തെയും നിരാകരിച്ചുകൊണ്ട് ഒരു ദേശരാഷ്ട്രത്തിനും അതിലെ അംഗങ്ങളുടെ കൂറ് നേടിയെടുക്കുക പ്രയാസകരമാണ്.

## 7.4 ദേശീയതയും ബഹുസ്വരതയും

**(Nationalism and Pluralism)**

'ഒരു രാഷ്ട്രം ഒരു സംസ്കാരം' എന്ന ആശയം നാം കയ്യൊഴിയുന്ന സാഹചര്യത്തിൽ ഒരു രാഷ്ട്രത്തിനുള്ളിൽ വിഭിന്നസംസ്കാരങ്ങൾക്കും സമുദായങ്ങൾക്കും നിലനിൽക്കുന്നതിനും വളർച്ച നേടുന്നതിനുമുള്ള മാർഗങ്ങൾ തേടേണ്ടതുണ്ട്. ഈ ലക്ഷ്യം നേടുന്നതിനുവേണ്ടി തങ്ങളുടെ രാജ്യാതിർത്തിക്കുള്ളിൽ താമസിക്കുന്ന മിക്കവാറുമുള്ള ജനാധിപത്യസമൂഹങ്ങളും സാംസ്കാരികന്യൂനപക്ഷസമുദായങ്ങളുടെ സ്വത്വം അംഗീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടു

ണ്ട്. ഇന്ത്യൻ ഭരണഘടനയിൽ മത-ഭാഷ-സാംസ്കാരികന്യൂനപക്ഷങ്ങളുടെ പരിരക്ഷ ഉറപ്പാക്കാൻ വളരെ വിശദമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വിവിധരാജ്യങ്ങൾ ന്യൂനപക്ഷ, ഭാഷാ, മത, സാംസ്കാരികവിഭാഗങ്ങൾക്ക് ഭരണഘടന നൽകിയിരിക്കുന്ന പരിരക്ഷ സംഘാവകാശങ്ങളുടെ (group)അടിസ്ഥാനത്തിലുള്ള അവകാശങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചില സാഹചര്യങ്ങളിൽ ചില പ്രത്യേക സമുദായങ്ങൾക്ക് നിയമനിർമ്മാണസഭയിലും ഗവൺമെന്റിന്റെ മറ്റു സ്ഥാപനങ്ങളിലും പ്രാതിനിധ്യം നൽകിയിരിക്കുന്നു. ഈ സമുദായങ്ങളിലെ അംഗങ്ങൾക്ക് തുല്യനിയമ പരിരക്ഷയും തുല്യപരിഗണനയും ഉറപ്പാക്കാനും അതുപോലെ തന്നെ അവരുടെ സാംസ്കാരിക സ്വത്വം സംരക്ഷിക്കുന്നതിനുമാണ് ഈ അവകാശങ്ങൾ നൽകിയിരിക്കുന്നത്. വിവിധ വിഭാഗങ്ങൾക്ക് പ്രത്യേക അംഗീകാരം നൽകി ദേശീയസമൂഹത്തിന്റെ ഭാഗമാക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ രാഷ്ട്രത്തിനുള്ളിലുള്ള എല്ലാ സാസ്കാരികവിഭാഗങ്ങളുടെയും സവിശേഷമായ സംഭാവനകൾ ഉൾക്കൊള്ളാൻ തക്ക രീതിയിലായിരിക്കണം ദേശീയസ്വത്വത്തിന്റെ നിർവചനം.

**നമുക്ക് ഇത് ചെയ്യാം**

ഇന്ത്യയിലും വിദേശത്തും സ്വയം നിർണ്ണയ അവകാശം ഉയർത്തുന്ന വിവിധ വിഭാഗങ്ങളെ സംബന്ധിക്കുന്ന പത്ര കട്ടിംഗുകൾ ശേഖരിക്കുക. തുടർന്ന് താഴെ തന്നിരിക്കുന്നവയെ സംബന്ധിച്ച് ഒരു അഭിപ്രായ രൂപീകരണം നടത്തുക.

- ഈ അവകാശവാദത്തിന് പിന്നിലുള്ള കാരണങ്ങൾ എന്തൊക്കെയാണ് ?
- എന്തൊക്കെ തന്ത്രങ്ങളാണ് അവർ ഉപയോഗിക്കുന്നത്?
- അവരുടെ അവകാശവാദങ്ങൾ ന്യായീകരിക്കത്തക്കതാണോ?
- നിങ്ങളുടെ കാഴ്ചപ്പാടിൽ എന്താണ് സാദ്ധ്യമായ ഒരു പരിഹാരമാർഗ്ഗം ?

സാമുദായികാടിസ്ഥാനത്തിലുള്ള അംഗീകാരവും പരിരക്ഷയും ലഭിച്ചാൽ പോലും ചില വിഭാഗങ്ങൾ പ്രത്യേകരാഷ്ട്രത്തിന് വേണ്ടിയുള്ള തങ്ങളുടെ അവകാശവാദം തുടർന്നും ഉന്നയിച്ചേക്കാൻ സാധ്യതയുണ്ട്. ആഗോളവൽക്കരണം വ്യാപകമായിക്കൊണ്ടിരിക്കുന്ന കാലത്തുപോലും നിരവധി സമുദായങ്ങൾ ദേശീയതയിൽനിന്നും പ്രചോദനം ഉൾക്കൊള്ളുന്നത് ഒരു വൈരുധ്യമായി തോന്നാം. ജനാധിപത്യപരമായ രീതിയിൽ ഈ അവകാശങ്ങളെ കൈകാര്യം ചെയ്യുന്നതിനു വിശാല മനസ്കതയും പ്രാഗല്ഭ്യവും ആവശ്യമായി വരുന്നു.

ചുരുക്കത്തിൽ, ദേശീയസ്വയംനിർണയാവകാശം എന്നാൽ, ദേശീയതകൾക്ക് സ്വതന്ത്രരാഷ്ട്രപദവി നൽകുക എന്നാണ് മനസിലാക്കപ്പെട്ടിരിക്കുന്നത്. പക്ഷേ, സവിശേഷമായ സംസ്കാരമായോ ദേശീയതയായോ സ്വയം കണക്കാക്കുന്ന വിഭാഗങ്ങൾക്കെല്ലാം സ്വതന്ത്രരാഷ്ട്രപദവി നൽകുന്നത് അപ്രായോഗികമെന്നു മാത്രമല്ല അത് ഒട്ടും അഭികാമ്യവും ആയിരിക്കില്ല. ഇത് സാമ്പത്തികവും രാഷ്ട്രീയവുമായി ദുർബലമായ നിരവധി ചെറിയ രാഷ്ട്രങ്ങൾ സൃഷ്ടിക്കുന്നതിനു കാരണമാവുകയും ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പതിൻമടങ്ങ് വർധിപ്പിക്കുകയും ചെയ്യുന്നു. സ്വയംനിർണയാവകാശം എന്നതിനെ രാഷ്ട്രത്തിനുള്ളിൽത്തന്നെ ഒരു ദേശീയതയ്ക്ക് ചില ജനാധിപത്യ അവകാശങ്ങൾ നൽകുക യാണ് വേണ്ടതെന്ന് ഇപ്പോൾ പുനർവ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്.

## ദേശീയതയ്ക്കെതിരെയുള്ള ടാഗോറിന്റെ വിമർശനം.
## (Tagores Critique of Nationalism)





"രാജ്യസ്നേഹമാകരുത് നമ്മുടെ അന്തിമമായ ആത്മീയാഭയസ്ഥാനം ; മാനവികതയാണ് എന്റെ അഭയകേന്ദ്രം. വജ്രത്തിന്റെ അതേ വിലയ്ക്ക് ഞാൻ സ്ഫടികം വാങ്ങാൻ തയ്യാറല്ല, അതുകൊണ്ടു തന്നെ ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം മാനവികതയ്ക്കുമേൽ രാജ്യസ്നേഹം വിജയം കൈവരിക്കാൻ അനുവദിക്കുകയില്ല".

ഈ വാക്കുകൾ രവീന്ദ്രനാഥടാഗോറിന്റേതാണ്. അദ്ദേഹം കോളനിവാഴ്ചയെ എതിർക്കുകയും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുള്ള അവകാശത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കോളനിഭരണത്തിൽ ബ്രിട്ടീഷ് സംസ്കാരത്തിന്റെ ആദർശമായ 'മാനുഷികബന്ധങ്ങളിലെ അന്തസ് ഉയർത്തിപ്പിടിക്കുക" എന്ന തത്വത്തിനു യാതൊരു പ്രാധാന്യവും കൊടുത്തിരുന്നില്ല. പാശ്ചാത്യ സാമ്രാജ്യത്തോടുള്ള എതിർപ്പിനേയും പാശ്ചാത്യസംസ്കാരത്തിന്റെ നിരാകരിക്കലിനെയും ടാഗോർ വേറിട്ടു കാണുന്നു. ഇന്ത്യക്കാർ തങ്ങളുടെ സംസ്കാരത്തിലും പൈതൃകത്തിലും അടിയുറച്ചുവിശ്വസിക്കുമ്പോൾത്തന്നെ, വിദേശത്തുനിന്നും സ്വതന്ത്രവും ഉപകാരപ്രദവുമായ വിജ്ഞാനസമ്പാദനത്തെ നിഷേധിക്കേണ്ടതില്ല.

'ദേശഭക്തിക്കെതിരെയുള്ള വിമർശനം അദ്ദേഹത്തിന്റെ രചനകളിലെ മുഖ്യപ്രമേയമാണ്. നമ്മുടെ സ്വാതന്ത്ര്യസമരത്തിൽ ഇടയ്ക്കിടക്ക് പ്രത്യക്ഷപ്പെട്ട സങ്കുചിതദേശീയതയെ അദ്ദേഹം നിശിതമായി എതിർത്തു. ഇന്ത്യൻ പാരമ്പര്യത്തോടുള്ള ഇഷ്ടം കൊണ്ട് പാശ്ചാത്യമായവയെ അപ്പാടെ നിരാകരിക്കുന്നത് അക്കാര്യത്തിൽ ഒരു പരിമിതിയാണ്.

മാത്രമല്ല അത് നമ്മുടെ രാജ്യത്തെ സ്വാധീനിക്കുന്ന വൈദേശികമായ എല്ലാ ആശയങ്ങളേയും, പ്രത്യേകിച്ച് ഇവിടെ നിലനിൽക്കുന്ന ക്രിസ്തുമതം, യഹൂദമതം, സൊരാഷ്ട്രിയൻ മതം, ഇസ്ലാം മതം എന്നിവയോടുള്ള വിദ്വേഷമായി മാറാനും സാധ്യതയുണ്ട്. ഈ അവകാശവാദങ്ങൾ ജനാധിപത്യപരമായ രീതിയിൽ പരിഹരിക്കുന്നതിനു യോജിച്ച രീതിയിലുള്ള ഉദാരമനഃസ്ഥിതിയും പ്രാഗൽഭ്യവും രാഷ്ട്രങ്ങളുടെ ഭാഗത്തു നിന്ന് ഉണ്ടാവേണ്ടതും ആവശ്യമാണ്.

സ്വത്വങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ നമ്മൾ ജീവിക്കുന്ന ലോകത്തിന് ആഴത്തിലുള്ള ബോധ്യങ്ങളുണ്ട്. സമുദായികാസ്തിത്വത്തിന്റെ അംഗീകാരത്തിനുവേണ്ടിയുള്ള നിരവധി പ്രക്ഷോഭങ്ങൾക്ക് ഇന്ന് നാം സാക്ഷ്യം വഹിക്കുന്നുണ്ട്. അവയിൽ മിക്കവയ്ക്കും ദേശീയതയുടെ സ്വരമാണുള്ളത്. നമ്മൾ സ്വത്വങ്ങൾ അംഗീകരിക്കുന്നതിനുള്ള അവകാശവാദങ്ങൾ ഉന്നയിക്കുമ്പോൾ ത്തന്നെ അവ വിഭാഗീയതയ്ക്കും അക്രമത്തിനും കാരണമാകാതെ നോക്കേണ്ടതുണ്ട്. നമ്മൾ ഓർമ്മിക്കേണ്ട ഒരു കാര്യം ഓരോ വ്യക്തിക്കും നിരവധി സ്വത്വങ്ങൾ ഉണ്ടെന്നുള്ളതാണ്. ഉദാഹരണമായി ഒരു വ്യക്തിക്ക് ലിംഗം, ജാതി, മതം, ഭാഷ, പ്രദേശം എന്നിവയുടെ അടിസ്ഥാനത്തിലുള്ള സ്വത്വങ്ങൾ ഉണ്ടായിരിക്കാം. അയാൾ ചിലപ്പോൾ ഈ പറഞ്ഞ എല്ലാ സ്വത്വങ്ങളിലും അഭിമാനം കൊള്ളുന്നുമുണ്ടായിരിക്കും. ഓരോ വ്യക്തിക്കും (അവൻ / അവൾ) തന്റെ വ്യക്തിത്വത്തിന്റെ വിവിധമാനങ്ങൾ സ്വതന്ത്രമായി പ്രകടിപ്പിക്കാൻ കഴിയുന്ന സാഹചര്യത്തിൽ ഏതെങ്കിലും ഒരു സ്വത്വത്തിന്റെ അംഗീകാരത്തിനും പരിഗണനയ്ക്കും വേണ്ടിയുള്ള അവകാശവാദങ്ങൾ ഉന്നയിക്കാൻ അവർ തയ്യാറാവുകയില്ല. ഒരു ജനാധിപത്യത്തിൽ പൗരന്റെ രാഷ്ട്രീയസ്വത്വം ജനങ്ങളുടെ വിവിധസ്വത്വങ്ങളെ ഉൾക്കൊള്ളാൻ പര്യാപ്തമായിരിക്കണം. അസഹിഷ്ണുതയുള്ള ഏകാത്മകരൂപത്തിലുള്ള സ്വത്വങ്ങളും ദേശീയതയും വളർന്നുവരാൻ അനുവദിക്കുന്നത് വളരെ അപകടകരമാണ്.

# അഭ്യാസം

അഭ്യാസം

1) മറ്റ് കൂട്ടായ്മകളിൽ നിന്നും ദേശത്തിനുള്ള വ്യത്യാസമെന്താണ്?

2) ദേശീയ സ്വയംനിർണയാവകാശം എന്നതുകൊണ്ട് നിങ്ങൾ എന്താണ് മനസിലാക്കിയിരിക്കുന്നത്? ഈ ആശയം എങ്ങനെയാണ് ഒരുപോലെ ദേശരാഷ്ട്ര രൂപീകരണത്തിനെന്നതുപോലെ അവയ്ക്ക് ഒരു വെല്ലുവിളിയായും മാറുന്നത്?

3) “ദേശീയത ജനങ്ങളെ ഒരുമിപ്പിക്കുന്നതുപോലെ വിഭജിക്കുകയും അതുപോലെ ജനങ്ങൾക്ക് വിമോചനം നേടിക്കൊടുക്കുമ്പോൾ തന്നെ വിദ്വേഷത്തിനും കലഹങ്ങൾക്കും കാരണമാകുകയും ചെയ്യുന്നു” ഉദാഹരണ സഹിതം വിവരിക്കുക.

4) വംശപരമ്പര, ഭാഷ, മതം, വംശീയത എന്നിവയെ ലോകത്തിലെ എല്ലാ ദേശീയതകളുടേയും പൊതുഘടകങ്ങളായി കണക്കാക്കാൻ കഴിയില്ല. നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

5) എന്തുകൊണ്ടാണ് പരസ്പരം കലഹിക്കുന്ന ദേശീയ അഭിലാഷങ്ങളെ നേരിടാൻ സമഗ്രാധിപത്യ ഗവൺമെന്റിനേക്കാൾ ഫലപ്രദം ജനാധിപത്യമാണെന്നു പറയുന്നത്?

6) നിങ്ങളുടെ കാഴ്ചപ്പാടിൽ ദേശീയതയുടെ പരിമിതികൾ എന്തൊക്കെയാണ്?

## അധ്യായം 8

# മതേതരത്വം (Secularism)



## അവലോകനം

ഒരു രാജ്യത്തിനുള്ളിൽത്തന്നെ വിവിധസംസ്കാരങ്ങളും സാമുദായങ്ങളും നിലനില്ക്കുമ്പോൾ, എങ്ങനെയാണ് ഒരു ജനാധിപത്യരാജ്യത്തിന് ഓരോരുത്തർക്കും സമത്വം ഉറപ്പുവരുത്താനാകുന്നത്? ഈ ചോദ്യമാണ് കഴിഞ്ഞ അധ്യായത്തിൽ ഉയർന്നുവന്നത്. ഈ ഉത്കണ്ഠയ്ക്ക് പരിഹാരം കാണാൻ മതേതരത്വത്തിന് എങ്ങനെ കഴിയും എന്നാണ് ഈ അധ്യായത്തിലൂടെ നമ്മൾ കണ്ടെത്താൻ ശ്രമിക്കുന്നത്. ഇന്ത്യയിൽ പൊതു സംവാദങ്ങളിലും ചർച്ചകളിലും മതേതരത്വം എന്ന ആശയം വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്. എന്നിരുന്നാലും ഇന്ത്യയിൽ മതേതരത്വത്തിന്റെ അവസ്ഥകളെ സംബന്ധിച്ച് ചില സംശയങ്ങൾ നിലനില്ക്കുന്നുണ്ട്. ഒരുവശത്ത് എല്ലാ രാഷ്ട്രീയക്കാരും മതേതരത്വത്തെപ്പിടിച്ച് ആണയിടുന്നു. രാഷ്ട്രീയപ്പാർട്ടികൾ മതേതരത്വം പിൻതുടരുന്ന പാർട്ടികളാണെന്ന് പരസ്യമായി പ്രഖ്യാപിക്കുന്നു. മറുവശത്ത് എല്ലാത്തരത്തിലുമുള്ള ആകുലതകളും സംശയങ്ങളും ഇന്ത്യൻ മതേതരത്വത്തെ ചുറ്റിപ്പറ്റി നിൽക്കുകയും ചെയ്യുന്നു. മതേതരത്വം വെല്ലുവിളി നേരിടുന്നത്, പൗരോഹിത്യത്തിൽ നിന്നും മതദേശീയതാവാദികളിൽ നിന്നും മാത്രമല്ല, മറിച്ച് ചില രാഷ്ട്രീയക്കാരിൽ നിന്നും സാമൂഹ്യപ്രവർത്തകരിൽ നിന്നും അക്കാദമിക പണ്ഡിതന്മാരിൽ നിന്നും കൂടിയാണ്. ഈ അധ്യായത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഈ സംവാദത്തിൽ നമുക്ക് ഇടപെടാം.

- എന്താണ് മതേതരത്വം എന്നതുകൊണ്ടർത്ഥമാക്കുന്നത്?
- മതേതരത്വം എന്നത് വിദേശമണ്ണിൽ നിന്നും ഇന്ത്യയിലേക്ക് പറിച്ചുനട്ട ഒന്നാണോ?

- വ്യക്തിജീവിതത്തിൽ മതം ശക്തമായ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന സമൂഹങ്ങളിൽ മതേതരത്വം അനുയോജ്യമാണോ?
- മതേതരത്വം വിവേചനം കാണിക്കുന്നുണ്ടോ? ഇത് ന്യൂനപക്ഷവിഭാഗങ്ങളുടെ താൽപര്യങ്ങളെ ഹനിക്കുന്നുണ്ടോ?
- മതേതരത്വം മതവിരുദ്ധമാണോ?

ഇന്ത്യയെപ്പോലുള്ള ജനാധിപത്യസമൂഹങ്ങളിൽ മതേതരത്വത്തിന്റെ പ്രാധാന്യം മനസിലാക്കുന്നതിനും ഇതിലെ ചില സവിശേഷതകളെ മനസിലാക്കുവാനും തിരിച്ചറിയുന്നതിനും ഈ പാഠഭാഗത്തിലൂടെ നമുക്ക് കഴിയും.

## 8.1 എന്താണ് മതേതരത്വം? (WHAT IS SECULARISM)

നൂറ്റാണ്ടുകളോളം വിവേചനങ്ങൾ അനുഭവിച്ചവരാണ് ജൂതന്മാർ. എന്നാൽ ആ ജൂതന്മാരാൽ സ്ഥാപിക്കപ്പെട്ട ഇന്നത്തെ ഇസ്രായേലിൽ ക്രിസ്ത്യാനികളും മുസ്ലീങ്ങളുമുൾപ്പെടുന്ന അറബ് ന്യൂനപക്ഷങ്ങൾ ജൂതപൗരന്മാർക്ക് ലഭ്യമാകുന്ന സാമൂഹിക, രാഷ്ട്രീയ, സാമ്പത്തികനേട്ടങ്ങളിൽ നിന്നും പുറം തള്ളപ്പെട്ടിരിക്കയാണ്. യൂറോപ്പിലെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവേതരവിഭാഗങ്ങൾക്കെതിരെ പലതരത്തിലുള്ള വിവേചനങ്ങൾ ഇന്നും തുടരുന്നു. നമ്മുടെ അയൽരാജ്യങ്ങളായ പാകിസ്ഥാനിലും ബംഗ്ലാദേശിലും മതന്യൂനപക്ഷങ്ങളുടെ അവസ്ഥ ഉത്കണ്ഠാജനകമാണ്. ഇത്തരം ഉദാഹരണങ്ങൾ സമകാലീനലോകത്തിലെ ജനങ്ങൾക്കും സമൂഹങ്ങൾക്കും മതേതരത്വത്തിനോടുള്ള ആഭിമുഖ്യം നമ്മെ ഓർമ്മിപ്പിക്കുന്നവയാണ്.

### അന്തർമതമേധാവിത്വം? (Inter-religious Domination)

ഏതൊരു ഇന്ത്യൻപൗരനും നമ്മുടെ രാജ്യത്തിന്റെ ഏതു ഭാഗത്തും സ്വാതന്ത്ര്യത്തോടും അന്തസോടും കൂടി ജീവിക്കാനുള്ള അവകാശമുണ്ടെന്ന് ഭരണഘടന പ്രഖ്യാപിക്കുന്നു. എന്നിട്ടും യഥാർഥത്തിൽ, പലരൂപത്തിലുള്ള സാമൂഹ്യ ഒഴിച്ചുനിർത്തലുകളും വിവേചനങ്ങളും ഇന്നും നിലനില്ക്കുന്നുണ്ട്. പ്രധാനപ്പെട്ട മൂന്ന് ഉദാഹരണങ്ങൾ പരിഗണിക്കുക.

- 1984-ൽ ഡൽഹിയിലും രാജ്യത്തിന്റെ പലഭാഗങ്ങളിലുമായി നാലായിരത്തോളം സിക്കുകാർ കൂട്ടക്കൊല ചെയ്യപ്പെട്ടു. കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടില്ലെന്ന് ഇരകളുടെ കുടുംബാംഗങ്ങൾ വിശ്വസിക്കുന്നു.
- ആയിരക്കണക്കിന് ഹിന്ദു-കാശ്മീരിപണ്ഡിറ്റുകൾക്ക് കാശ്മീർ താഴ്വരയിൽ നിന്നും അവരുടെ വീടുകളുപേക്ഷിച്ച് പലായനം ചെയ്യേണ്ടിവന്നിട്ടുണ്ട്. രണ്ടു പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും അവർക്കിനിയും ജന്മനാട്ടിലേക്ക് മടങ്ങാൻ കഴിഞ്ഞിട്ടില്ല.
- 2002-ൽ ഗുജറാത്തിൽ രണ്ടായിരത്തോളം മുസ്ലിങ്ങൾ കൂട്ടക്കൊലചെയ്യപ്പെട്ടു. അക്രമികളിൽനിന്നും രക്ഷപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് ഗ്രാമങ്ങളിലേക്ക് ഇനിയും മടങ്ങാൻ കഴിഞ്ഞിട്ടില്ല.

ഈ ഉദാഹരണങ്ങളിൽ പൊതുവായുള്ളതെന്താണ്? അവയെല്ലാം ഒരുതരത്തി ലല്ലെങ്കിൽ മറ്റൊരുതരത്തിൽ വിവേചനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോ സംഭവത്തിലും മതപരമായ സ്വത്വത്തിന്റെ അടിസ്ഥാനത്തിൽ ഒരു സമുദായത്തെ ലക്ഷ്യം വയ്ക്കുകയോ ഇരകളാക്കുകയോ ചെയ്യുന്നു. അതായത് ഒരു കൂട്ടം പൗരന്മാർക്ക് അവരുടെ അടിസ്ഥാന സ്വാതന്ത്ര്യങ്ങൾ നിഷേധിക്കപ്പെടുന്നു. ചിലർ ഈ സംഭവങ്ങളെ മതപരമായ പീഡനത്തിന്റെ ഉദാഹരണങ്ങളാണെന്നും, ഇവ അന്തർമത മേധാവിത്വത്തെ പ്രതിഫലിപ്പിക്കുന്നതാണെന്നും വരെ പറഞ്ഞേക്കാം.

മതേതരത്വമെന്നത് പ്രഥമമായും സുപ്രധാനമായും എല്ലാ തരത്തിലുമു ള്ള അന്തർമത മേധാവിത്വത്തെ എതിർക്കുന്ന ഒരു സിദ്ധാന്തമാണ്. എന്നാൽ മതേതരത്വം എന്ന സങ്കല്പത്തിന്റെ ഒരു പ്രധാന അർഥതലം മാത്രമാണിത്. എല്ലാതരത്തിലുമുള്ള ആന്തരിക മത മേധാവിത്വത്തിനും മതേതരത്വം എതിരാണ് എന്നതാണ് ഇതിന്റെ തത്തുല്യമായ മറ്റൊരുതലം. ഈ വിഷയം നമുക്ക് കൂടു തൽ ആഴത്തിൽ പഠിക്കാം.

### ആന്തരിക മതമേധാവിത്വം (Intra - religious Domination)

'മതം മനുഷ്യനെ മയക്കുന്ന കറുപ്പ്' മാത്രമാണെന്ന് ചിലർ വിശ്വസിക്കുന്നു. ഒരി ക്കൽ മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റപ്പെടുമ്പോൾ അവൻ സന്തോഷകരവും സംതൃപ്തികരവുമായ ഒരു ജീവിതം നയിക്കുമെന്നും മതം അപ്രത്യക്ഷമാകുമെന്നും കരുതുന്നു. മനുഷ്യന്റെ കഴിവുകളിലുള്ള അതിശ യോക്തിയാണ് ഈ വീക്ഷണത്തിന്റെ അടിസ്ഥാനം. ലോകത്തെ പൂർണമായും നിയന്ത്രിക്കുവാനും മനസിലാക്കുവാനും മനുഷ്യർ എന്നെങ്കിലും പ്രാപ്തരാ കുമെന്ന് കരുതാവുന്നതല്ല. നമുക്ക് നമ്മുടെ ജീവിതദൈർഘ്യം വർധിപ്പിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ മരണത്തിന് കീഴടങ്ങാതിരിക്കാൻ കഴിയില്ല. രോഗങ്ങളെ പൂർണമായും ഇല്ലാതാക്കാൻ നമുക്ക് കഴിയില്ല. എന്നുമാത്രമല്ല, നമ്മുടെ ജീവിത ത്തിൽ വന്നുചേരുന്ന അപകടത്തിന്റെയും ഭാഗ്യത്തിന്റെയും ഘടകങ്ങളെ ഒഴിവാക്കാനുമാകില്ല. വേർപിരിയലും നഷ്ടവും മനുഷ്യാവസ്ഥയിൽ സഹജ വുമാണ്. നമ്മുടെ യാതനകളിൽ വലിയൊരുഭാഗവും മനുഷ്യനിർമിതമായതിനാൽ അവയെ നിർമാർജനം ചെയ്യുവാനും നമുക്ക് കഴിയും. പക്ഷേ നമ്മുടെ ദുരിത ങ്ങളിൽ പലതും മനുഷ്യനിർമിതമല്ല. മതം, കല, തത്വശാസ്ത്രം എന്നിവയെല്ലാം അത്തരം യാതനകളോടുള്ള പ്രതികരണങ്ങളാണ്. ഈ വസ്തുത അംഗീകരി ക്കുന്നതിനാൽ മതേതരത്വത്തെ മതവിരുദ്ധമെന്ന് പറയാനാവില്ല.

എന്നിരുന്നാലും രൂഢമൂലമായ ചില പ്രശ്നങ്ങളിൽ മതത്തിന് അതിന്റേ തായ പങ്കുണ്ട്. ഉദാഹരണമായി സ്ത്രീക്കും പുരുഷനും തുല്യാവകാശങ്ങളുള്ള ഒരു മതത്തെക്കുറിച്ച് ചിന്തിക്കാനാവില്ല. ഹിന്ദുമതം പോലുള്ള മതങ്ങളിലെ ചില വിഭാഗങ്ങൾ നിരന്തരമായി വിവേചനങ്ങൾ നേരിടുന്നുണ്ട്. ഉദാഹരണമായി, ദളിതർ ക്ഷേത്രത്തിൽ പ്രവേശിക്കുന്നത് വിലക്കപ്പെട്ടിരുന്നു. രാജ്യത്തിന്റെ ചില ഭാഗങ്ങളിലാകട്ടെ സ്ത്രീകളെ ക്ഷേത്രങ്ങളിൽ പ്രവേശിപ്പിക്കാറുണ്ടായിരുന്നില്ല.

മതം സംഘടിതമായപ്പോൾ അതിന്റെ നേതൃത്വം യാഥാസ്ഥിതികരുടെ കൈകളിലെത്തുകയും അവർ ഭിന്നാഭിപ്രായക്കാരോട് യാതൊരു സഹിഷ്ണുതയും കാണിക്കാതിരിക്കുകയും ചെയ്തു. അമേരിക്കയുടെ ചില ഭാഗങ്ങളിലുണ്ടായിരുന്ന മതമൗലികവാദം ഒരു വലിയ പ്രശ്നമായി മാറുകയും അത് രാജ്യത്തിനകത്തും പുറത്തുമുള്ള സമാധാനത്തെ അപകടപ്പെടുത്തുകയും ചെയ്തിരുന്നു. പല മതങ്ങൾക്കുള്ളിലും ഉപവിഭാഗങ്ങൾ രൂപംകൊള്ളുകയും അവ മിക്കപ്പോഴും വിഭാഗീയാക്രമണങ്ങൾ നടത്തിക്കൊണ്ട് തങ്ങളോട് വിയോജിക്കുന്ന ന്യൂനപക്ഷങ്ങളെ പീഡിപ്പിക്കുകയും ചെയ്യുന്നു.

അതിനാൽ മതമേധാവിത്വത്തെ അന്തർമത മേധാവിത്വമായി മാത്രം കാണാനാവില്ല. അതിന് ആന്തരികമത മേധാവിത്വം എന്ന സുവ്യക്തമായ മറ്റൊരു രൂപവും ഉണ്ട്. മതേതരത്വം എല്ലാവിധ മതസ്ഥാപനവൽക്കരണത്തിനും എതിരാണ്. ഇത് അന്തർമത മേധാവിത്വത്തെ മാത്രമല്ല ആന്തരികമത മേധാവിത്വത്തെയും വെല്ലുവിളിക്കുന്നു.

ഇപ്പോൾ നമുക്ക് മതേതരത്വത്തെ സംബന്ധിച്ച ഒരു പൊതുധാരണ ഉണ്ടായിട്ടുണ്ട്. ഇത് അന്തർമത മേധാവിത്വത്തിൽ നിന്നും ആന്തരിക മതമേധാവിത്വത്തിൽ നിന്നും മുക്തമായ ഒരു മതേതരസമൂഹം സാക്ഷാത്കരിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു നൈതികസിദ്ധാന്തമാണ്. സ്പഷ്ടമായിപ്പറഞ്ഞാൽ, മതേതരത്വം മതങ്ങൾക്കുള്ളിലെ സ്വാതന്ത്ര്യത്തെയും സമത്വത്തെയും, അതോടൊപ്പം തന്നെ മതങ്ങൾക്കിടയിലെ സമത്വത്തെയും പ്രോത്സാഹിപ്പിക്കുന്നു. ഈ വിശാലമായ ചട്ടക്കൂടിൽ നിന്നുകൊണ്ട് വളരെ ഇടുങ്ങിയതും എന്നാൽ സുവ്യക്തവുമായ ഒരു ചോദ്യം. പരിഗണിക്കേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാൻ ഏതുതരം രാഷ്ട്രമാണ് നമുക്കനിവാര്യമായിട്ടുള്ളത്. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ, മതേതരത്വത്തോട് പ്രതിബദ്ധതയുള്ള ഒരു രാഷ്ട്രം എങ്ങിനെയാണ് മതത്തെയും മതസമുദായങ്ങളെയും പരിഗണിക്കുന്നത്?

## 8.2 മതേതര രാഷ്ട്രം (Secular State)

മതവിവേചനത്തെ തടയാനുള്ള മാർഗം ഒരുപക്ഷെ ഒരുമിച്ചു പ്രവർത്തിക്കുക വഴി ഉയർന്ന ദാർശനികതലത്തിലേക്ക് പരസ്പരം എത്തിച്ചേരുക എന്നതാവാം. വിദ്യാഭ്യാസമാണ് മനുഷ്യന്റെ മനഃസ്ഥിതിക്ക് ശരിയായ മാറ്റം വരുത്തുന്നതിന് സഹായകമാകുന്ന ഒരു മാർഗ്ഗം. മത സമുദായങ്ങൾ തമ്മിൽ അടുത്തിടപഴകുകയും പരസ്പരം സഹായിക്കുകയും ചെയ്യുക എന്നത് അവർക്കിടയിലുള്ള മുൻവിധികളും സംശയങ്ങളും കുറയ്ക്കാൻ സഹായിക്കും. വർഗീയലഹളകൾ ഉണ്ടാകുമ്പോൾ ഹിന്ദുക്കൾ മുസ്ലിങ്ങളെ രക്ഷപ്പെടുത്തുന്നതും മുസ്ലീങ്ങൾ ഹിന്ദുക്കളെ രക്ഷപ്പെടുത്തുന്നതുമായ കഥകൾ വായിക്കുന്നത് എപ്പോഴും പ്രചോദനകരമാണ്. പക്ഷേ, കേവലം വിദ്യാഭ്യാസത്തിലൂടെയോ ചില വ്യക്തികളുടെ നന്മയിലൂടെയോ മാത്രം മതപരമായ വിവേചനം ഇല്ലാതാക്കാൻ കഴിയില്ല. ആധുനിക സമൂഹങ്ങളിൽ രാഷ്ട്രത്തിന് ശക്തമായ പൊതുഅധികാ

രമാണുള്ളത്. അന്തർമത സംഘർഷവും മതവിവേചന വും വളരെക്കുറഞ്ഞ ഒരു സമൂഹ സൃഷ്ടിക്കായുള്ള പരി ശ്രമങ്ങളിൽ രാഷ്ട്രം എങ്ങനെ പ്രവർത്തിക്കുന്നു എന്നത് വളരെ നിർണായകമാണ്. ഇക്കാരണത്താൽത്തന്നെ മതസംഘർഷങ്ങൾ തടയുവാനും മതസൗഹാർദം വളർത്തുവാനും ഏതുതരത്തിലുള്ള രാഷ്ട്രമാണ് ആവശ്യമെന്ന് നമുക്ക് പരിശോധിക്കേണ്ടതുണ്ട്.

**നമുക്കിതു ചെയ്യാം**

മതസൗഹാർദ്ദം പരിപോഷിപ്പിക്കുന്നതിന് അനുയോജ്യമായ ഏതാനും മാർഗങ്ങൾ നിർദേശിക്കുക

ഏതെങ്കിലും ഒരു മതവിഭാഗത്തിന്റെ മേധാവിത്വത്തെ ഒരു രാഷ്ട്രത്തിന് എങ്ങനെ തടയാൻ കഴിയും? ഇതിന്റെ ആദ്യപടിയായി ഒരു രാഷ്ട്രം ഏതെങ്കിലും മതത്തിന്റെ മേധാവികളാൽ ഭരിക്കപ്പെടാൻ പാടില്ല. പുരോഹിതക്രമം അനുസരിച്ച് ഭരണം നടത്തുന്ന രാഷ്ട്രത്തെ മതാധിഷ്ഠിതരാഷ്ട്രം (Theocratic state) എന്നാണ് വിളിക്കുന്നത്. മധ്യഘട്ടത്തിലെ മതാധിഷ്ഠിതരാഷ്ട്രങ്ങളായ യൂറോപ്പിലെ പേപ്പൽ രാഷ്ട്രങ്ങളിലും (Papal States) വർത്തമാനകാലത്തെ താലിബാൻനിയന്ത്രിത രാഷ്ട്രങ്ങളിലും മതരാഷ്ട്രീയസ്ഥാപനങ്ങൾ വേർതിരിക്കപ്പെട്ടില്ല എന്ന ന്യൂനത കാരണം ഇവ അറിയപ്പെട്ടത് അടിച്ചമർത്തലുകൾക്കും ശ്രേണീകൃതസമ്പ്രദായത്തിനും മറ്റ് മതങ്ങളിലെ ജനവിഭാഗങ്ങളുടെ മതപരമായ സ്വാതന്ത്ര്യത്തിന് തടസം നിന്നതിന്റെ പേരിലുമായിരുന്നു. സമാധാനം, സ്വാതന്ത്ര്യം, സമത്വം എന്നിവയ്ക്ക് നാം മൂല്യം കല്പിക്കുന്നുവെങ്കിൽ മതസ്ഥാപനങ്ങളും രാഷ്ട്രീയസ്ഥാപനങ്ങളും പരസ്പരം വേർപെടേണ്ടത് അനിവാര്യമാണ്.

ഒരു മതേതരരാഷ്ട്രത്തിന്റെ നിലനിൽപ്പിന് രാഷ്ട്രത്തെയും മതത്തെയും വേർതിരിച്ചുനിർത്തിയാൽ മതിയെന്ന് ചിലർ ചിന്തിക്കുന്നു. എന്നാൽ ഇതുകൊണ്ട് അത് സാധ്യമാകണമെന്നില്ല. മതാധിഷ്ഠിതമല്ലാത്ത പല രാഷ്ട്രങ്ങളും ഏതെങ്കിലും പ്രത്യേകമതങ്ങളുമായി ബന്ധം സ്ഥാപിച്ചിട്ടുണ്ട്. ഉദാഹരണമായി, 16-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലുണ്ടായിരുന്ന രാഷ്ട്രം പുരോഹിതക്രമമനുസരിച്ചുള്ളതായിരുന്നില്ലെങ്കിലും അത് ആംഗ്ലിക്കൻസഭയേയും അതിലെ അംഗങ്ങളേയും പിന്തുണച്ചിരുന്നു. ഇംഗ്ലണ്ടിലുണ്ടായിരുന്ന സംസ്ഥാപിതമായ ആംഗ്ലിക്കൻമതം രാഷ്ട്രത്തിന്റെ ഔദ്യോഗികമതമായിരുന്നു. ഇന്ന് പാകിസ്ഥാന് 'സുന്നി ഇസ്ലാം' എന്ന ഔദ്യോഗികമതമുണ്ട്. ഇത്തരം ഭരണവ്യവസ്ഥകളിൽ മതത്തിനുള്ളിലെ വിയോജിപ്പുകൾക്കോ മതതുല്യതക്കോ യാതൊരു സാധ്യതയുമില്ല.

ഒരു രാജ്യം ശരിയായ മതേതരരാഷ്ട്രമായിരിക്കണമെങ്കിൽ അത് മതാധിഷ്ഠിതമാകരുത് എന്നു മാത്രമല്ല ഔപചാരികമോ നിയമപരമോ ആയ യാതൊരു ബന്ധവും മറ്റൊരു മതവുമായി ഇതിന് പാടില്ലതാനും. മതത്തെയും രാഷ്ട്രത്തെയും വേർപെടുത്തേണ്ടത് ഒരു മതേതരരാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം അനിവാര്യമാണ്. എന്നാൽ അവശ്യഘടകങ്ങൾ ഇതുമാത്രമല്ല. ഒരു മതേതരരാഷ്ട്രം കുറഞ്ഞപക്ഷം മതേതര സ്രോതസുകളിൽ നിന്നും ഉയർന്നുവന്ന കുറെ ആശയങ്ങളോടും ലക്ഷ്യങ്ങളോടുമെങ്കിലും പ്രതിബദ്ധതയുള്ളതാവണം. സമാധാനം, മതസ്വാതന്ത്ര്യം, മതപീഡനങ്ങളിൽ നിന്നും വിവേചനങ്ങളിൽ നിന്നും

**നമുക്ക് സംവദിക്കാം.**

മറ്റുമനുഷ്യരെയും അവരുടെ വിശ്വാസങ്ങളെയും അംഗീകരിക്കാനുള്ള ആദ്യ ചുവട് വയ്പ് മറ്റു മതങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കുക എന്നതാണ്. എന്നാൽ അടിസ്ഥാന മാനുഷിക മൂല്യങ്ങൾ എന്നു തോന്നുന്നവയ്ക്കു വേണ്ടി നിലകൊള്ളാൻ നമുക്ക് കഴിയില്ല എന്ന് ഇതുകൊണ്ട് അർത്ഥമാക്കേണ്ടതില്ല.

പുറന്തള്ളലിൽ നിന്നുമുള്ള സ്വാതന്ത്ര്യം, ഒപ്പംതന്നെ അന്തർമത സമത്വം, ആന്തരികമത സമത്വം എന്നിവയും മതേതരത്വം ലക്ഷ്യമാക്കുന്നു.

ഈ ലക്ഷ്യങ്ങളെ പരിപോഷിപ്പിക്കണമെങ്കിൽ സംഘടിതമതത്തിൽ നിന്നും അതിന്റെ സ്ഥാപനങ്ങളിൽ നിന്നും രാഷ്ട്രത്തെ വേർപെടുത്തേണ്ടതുണ്ട്. ഈ വേർതിരിക്കൽ ഒരു പ്രത്യേക തരത്തിലായിരിക്കണമെന്ന് നിർദേശിക്കാൻ ഒരു കാരണവും ഇല്ലതന്നെ. എന്നിരുന്നാലും രാഷ്ട്രവും മതവും തമ്മിലുള്ള വേർതിരിവിന്റെ സ്വഭാവം അത് ഉയർത്തിപ്പിടിക്കുകയും ഉദ്ഘോഷിക്കുകയും ചെയ്യുന്ന സവിശേഷ മൂല്യങ്ങൾക്കനുസരിച്ച് വ്യത്യസ്തമായിരിക്കും. അങ്ങനെയുള്ള മതേതരത്വത്തിന്റെ രണ്ട് വ്യത്യസ്തസങ്കൽപങ്ങളെ നമുക്ക് പരിഗണനയ്ക്കെടുക്കാം – പാശ്ചാത്യമതേതരമാതൃകകൾക്ക് ഉത്തമോദാഹരണമായ അമേരിക്കയും അതിൽ നിന്ന് വ്യത്യസ്തമായ ഇന്ത്യൻ മാതൃകയും.

## 8.3 മതേതരത്വത്തിന്റെ പാശ്ചാത്യമാതൃക (THE WESTERN MODEL OF SECULARISM)

എല്ലാ മതേതരരാഷ്ട്രങ്ങൾക്കും പൊതുവായൊരു സ്വഭാവമുണ്ട്. അവ മതാധിഷ്ഠിതമല്ല, ഒരു പ്രത്യേക മതത്തിനുവേണ്ടിയും നിലകൊള്ളുന്നുമില്ല. എന്നിരുന്നാലും മുഖ്യമായും അമേരിക്കൻ മാതൃകയിൽ നിന്നും പ്രചോദനമുൾക്കൊണ്ട് പൊതുവായി നിലനിൽക്കുന്ന മാതൃകകളിൽ മതവും രാഷ്ട്രവും തമ്മിലുള്ള വേർതിരിവിനെ 'പരസ്പരം ഒഴിവാക്കൽ' (mutual exclusion) എന്നാണ് അർഥമാക്കുന്നത്. അതായത് രാഷ്ട്രം മതകാര്യങ്ങളിൽ ഇടപെടാൻ പാടില്ല, അതുപോലെ തന്നെ മതം രാഷ്ട്രകാര്യങ്ങളിൽ ഇടപെടാനും പാടില്ല. ഓരോ വിഭാഗത്തിനും പ്രവർത്തനങ്ങളിൽ സ്വതന്ത്രമായ അധികാരപരിധിയുണ്ട്. രാഷ്ട്രത്തിന്റെ ഒരു നയവും പൂർണമായി മതാധിഷ്ഠിതമാകാൻ പാടില്ല. ഒരു പൊതു നയത്തിന്റെയും അടിസ്ഥാനം മതപരമായ വർഗീകരണമാകാൻ പാടില്ല. ഇങ്ങനെ സംഭവിക്കുകയാണെങ്കിൽ അവിടെ രാഷ്ട്രത്തിനു മേൽ മതത്തിന്റെ നിയമവിരുദ്ധമായ നുഴഞ്ഞുകയറലാവും ഫലത്തിൽ ഉണ്ടാവുക.

അതുപോലെ, ഒരു മതസ്ഥാപനത്തെയും രാഷ്ട്രത്തിന് സഹായിക്കാനാകില്ല. സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് അത് സാമ്പത്തിക സഹായം നൽകുകയില്ല. രാജ്യത്തെ നിയമവ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്നിടത്തോളം മതസമുദായങ്ങളുടെ പ്രവർത്തനത്തെ രാഷ്ട്രം തടസപ്പെടുത്തുകയുമില്ല. ഉദാഹരണത്തിന്, ഒരു മതസ്ഥാപനം ഒരു സ്ത്രീയ്ക്ക് പൗരോഹിത്യം വിലക്കിയാൽ രാഷ്ട്രത്തിന് അക്കാര്യത്തിൽ ഒന്നും തന്നെ



127

### കെമാൽ അറ്റാത്തുർക്കിന്റെ മതേതരത്വം

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ തുർക്കിയിൽ നിലവിലിരുന്ന വളരെ വ്യത്യസ്തമായ ഒരു മതേതരത്വരീതി നമുക്ക് പരിശോധിക്കാം. ഈ മതേതരത്വം സംഘടിത മതങ്ങളിൽ നിന്ന് തത്വാധിഷ്ഠിത അകലം (Principled distance) പാലിക്കുക എന്നതായിരുന്നില്ല പകരം മതകാര്യങ്ങളിൽ സജീവമായി ഇടപെടുകയോ അതിനെ അടിച്ചമർത്തുകയോ ചെയ്തിരുന്നു. ഇത്തരത്തിലുള്ള മതേതരത്വത്തിന്റെ പ്രയോക്താവ് മുസ്തഫാ കെമാൽ അറ്റാത്തുർക്ക് ആയിരുന്നു.

ഒന്നാംലോകമഹായുദ്ധത്തിനു ശേഷമാണ് അദ്ദേഹം അധികാരത്തിൽ വന്നത്. തുർക്കിയുടെ പൊതുജീവിതത്തിൽ നിലവിലിരുന്ന 'ഖലീഫാ' സമ്പ്രദായം അവസാനിപ്പിക്കാൻ അദ്ദേഹം തീരുമാനിച്ചു. തുർക്കിയുടെ പരിതാപകരമായ അവസ്ഥയിൽ നിന്നും കരകയറണമെങ്കിൽ പഴഞ്ചൻവിശ്വാസങ്ങളും കാഴ്ചപ്പാടുകളും ഇല്ലാതാക്കണമെന്ന് അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. തുർക്കിയെ ആധുനികവൽക്കരിക്കുന്നതിനും മതേതരവൽക്കരിക്കുന്നതിനും അക്രമണോൽസുകമായ മാർഗങ്ങളാണ് അറ്റാത്തുർക്ക് സ്വീകരിച്ചത്. അറ്റാത്തുർക്ക് അദ്ദേഹത്തിന്റെ മുസ്തഫ കമാൽ പാഷ എന്ന പേര് 'കെമാൽ അറ്റാത്തുർക്ക്' എന്നാക്കി മാറ്റി. (അറ്റാത്തുർക്ക് എന്നതിന്റെ അർഥം തുർക്കികളുടെ പിതാവ് എന്നാണ്). തലപ്പാവ് നിയമത്തിലൂടെ (Hat Law), മുസ്ലിംങ്ങൾ പരമ്പരാഗതമായി ധരിച്ചിരുന്ന 'ഫെസ്' (Fez) എന്ന തൊപ്പി അദ്ദേഹം നിരോധിച്ചു. സ്ത്രീകളുടേയും പുരുഷന്മാരുടെയും ഇടയിൽ പാശ്ചാത്യ വസ്ത്രധാരണരീതി പ്രോൽസാഹിപ്പിച്ചു. പരമ്പരാഗതതുർക്കികലണ്ടറിന് പകരം പാശ്ചാത്യ (Gregorian) കലണ്ടർ കൊണ്ടുവന്നു. 1928-ൽ ലാറ്റിൻരീതിയിൽ പരിഷ്കരിച്ച പുതിയ തുർക്കി അക്ഷരമാല നടപ്പിലാക്കി.

നാളിതുവരെ ആശയവിനിമയത്തിനുപയോഗിച്ചിരുന്ന ഒരു ഭാഷ ഉപയോഗിക്കാനോ പതിവായി ധരിക്കുന്ന വസ്ത്രം ധരിക്കാനോ നമ്മെ തിരിച്ചറിഞ്ഞിരുന്ന നമ്മുടെ സ്വന്തം പേർ ഉപയോഗിക്കുവാനോ ഉള്ള സ്വാതന്ത്ര്യമില്ലാത്ത ഒരു മതേതരത്വ മാതൃകയെക്കുറിച്ച് നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുമോ? അറ്റാത്തുർക്കിന്റെ മതേതരത്വം ഏതൊക്കെ തരത്തിലാണ് ഇന്ത്യൻ മതേതരത്വത്തിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നതായി നിങ്ങൾ കരുതുന്നത്?

ചെയ്യാനാകില്ല. ഒരു മതവിഭാഗം അതിനുള്ളിലെ, അവരോട് വിയോജിപ്പുള്ളവരെ പുറത്താക്കിയാൽ രാഷ്ട്രത്തിന് മൂകസാക്ഷിയായി നിലകൊള്ളാനേകഴിയു. ഏതെങ്കിലും ഒരു മതസമൂഹം ചില അംഗങ്ങളെ ക്ഷേത്രത്തിന്റെ ശ്രീകോവിലിൽ പ്രവേശിക്കുന്നതിൽ നിന്നും തടഞ്ഞാൽ രാഷ്ട്രത്തിന് ആ വിഷയത്തിൽ ഇടപെടാതെ മാറി നില്ക്കാനേ കഴിയു. ഇതനുസരിച്ച് മതമെന്നത് സ്വകാര്യ വിഷയമാണ്. രാഷ്ട്രനയം, നിയമം എന്നിവയുമായി അതിന് ബന്ധമില്ല.

ഈ പൊതുവായ സങ്കല്പം സ്വാതന്ത്ര്യത്തെയും സമത്വത്തെയും വ്യക്ത്യാധിഷ്ഠിതമായ കാഴ്ചപ്പാടിലാണ് വ്യാഖ്യാനിക്കുന്നത്. സ്വാതന്ത്ര്യമെന്നത് ഇവിടെ വ്യക്തികളുടെ സ്വാതന്ത്ര്യമാണ്. സമത്വം എന്നതാകട്ടെ വ്യക്തികൾ തമ്മിലുള്ള സമത്വവും. ഒരു സമുദായത്തിനും തങ്ങളുടെതായ മതചര്യകൾ അനുവർത്തിക്കുവാനുള്ള സ്വാതന്ത്ര്യത്തിന്

**മതേതരത്വം - നെഹ്രുവിന്റെ കാഴ്ചപ്പാടിൽ**

'സ്വതന്ത്ര ഇന്ത്യയിൽ മതേതരത്വം എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത് എന്ന് ഒരു വിദ്യാർഥി ചോദിച്ചപ്പോൾ 'എല്ലാ മതങ്ങൾക്കും രാഷ്ട്രത്തിന്റെ തുല്യ സംരക്ഷണം' എന്നായിരുന്നു നെഹ്രുവിന്റെ പ്രതികരണം. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിലെ മതേതരരാഷ്ട്രം എന്നത് സർവമതങ്ങളെയും സംരക്ഷിക്കുകയും പക്ഷേ ഏതെങ്കിലും ഒരു പ്രത്യേക മതത്തോട് വിധേയത്വം കാട്ടുകയോ ഏതെങ്കിലും ഒരു മതത്തെ രാഷ്ട്രമതമായി സ്വീകരിക്കുകയോ ചെയ്യാതിരിക്കുക എന്നതാണ്. ഇന്ത്യൻ മതേതരത്വത്തിന്റെ ദാർശനികനായിരുന്നു നെഹ്രു.

നെഹ്രു ഒരു മതവിശ്വാസിയോ ഈശ്വര വിശ്വാസിയോ ആയിരുന്നില്ല. പക്ഷേ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മതേതരത്വം എന്നത് മതവിരോധം ആയിരുന്നില്ല. ആ അർഥത്തിൽ നെഹ്രു തുർക്കിയിലെ അറ്റാത്തുർക്കിൽ നിന്ന് വളരെ വ്യത്യസ്തനായിരുന്നു. അതേസമയം തന്നെ രാഷ്ട്രത്തെയും മതത്തെയും പൂർണമായും വേർതിരിക്കുന്നതിനെ അദ്ദേഹം അനുകൂലിച്ചിരുന്നില്ല. സാമൂഹികപരിഷ്കരണത്തിനുവേണ്ടി രാഷ്ട്രത്തിന് മതകാര്യങ്ങളിൽ ഇടപെടാം എന്ന നിലപാടായിരുന്നു അദ്ദേഹത്തിന്റേത്. ജാതി വിവേചനം, സ്ത്രീധനം, സതി തുടങ്ങിയവ ഇല്ലായ്മചെയ്യുന്നതിനുള്ള നിയമനിർമാണത്തിലും സ്ത്രീകൾക്ക് സാമൂഹ്യസ്വാതന്ത്ര്യവും നിയമപരമായ അവകാശങ്ങളും നൽകുന്നതിലും നെഹ്രു നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

നെഹ്രു പല കാര്യങ്ങളിലും വീട്ടുവീഴ്ചാ മനോഭാവക്കാരനായിരുന്നെങ്കിലും, ഒരു കാര്യത്തിൽ അദ്ദേഹത്തിന് വിട്ടുവീഴ്ചയില്ലാത്ത നിലപാടുണ്ടായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ച് മതേതരത്വം എന്നാൽ എല്ലാത്തരത്തിലുമുള്ള വർഗ്ഗീയതയോടുമുള്ള പൂർണമായ എതിർപ്പായിരുന്നു. ദേശീയാഖണ്ഡതക്ക് ഏറ്റവും വലിയ ഭീഷണി എന്ന നിലയിൽ ഭൂരിപക്ഷ വർഗീയതയെ വളരെ നിശിതമായിത്തന്നെ അദ്ദേഹം വിമർശിച്ചു. നെഹ്രുവിനെ സംബന്ധിച്ച് മതേതരത്വമെന്നാൽ വെറും തത്വങ്ങൾ മാത്രമായിരുന്നില്ല, മറിച്ച്, രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന ഒരേ ഒരു ഘടകമായിരുന്നു.

ഇവിടെ സാധ്യതയുമില്ല. അതുപോലെതന്നെ, സാമുദായിക അവകാശങ്ങൾക്കോ ന്യൂനപക്ഷവകാശങ്ങൾക്കോ യാതൊരു പ്രാധാന്യവും ഉണ്ടായിരിക്കുകയില്ല. എന്തുകൊണ്ടാണിതെന്ന് പാശ്ചാത്യ സമൂഹങ്ങളുടെ ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നു. ജൂതൻമാരുടെ സാന്നിധ്യം ഒഴിച്ചുനിർത്തിയാൽ ഭൂരിപക്ഷം പാശ്ചാത്യ സമൂഹങ്ങളും മതപരമായ ഏകീകൃതസ്വഭാവം രേഖപ്പെടുത്തുന്നു. സ്വാഭാവികമായും അവർ മതത്തിനകത്തെ മേധാവിത്വത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. രാഷ്ട്രത്തിൽനിന്ന് മതത്തിന്റെ കർശനമായ വേർതിരിക്കലിന് ഊന്നൽ നൽകുമ്പോൾ അത് വ്യക്തിസ്വാതന്ത്ര്യം, ന്യൂനപക്ഷാവകാശങ്ങൾ,അന്തർമത സമത്വം എന്നിവ അവഗണിക്കപ്പെടുന്നതിന് പലപ്പോഴും ഇടയാക്കുന്നു.

അവസാനമായി, ഈ മുഖ്യധാരാമതേതര മാതൃകയിൽ രാഷ്ട്രപിന്തുണയോടെയുള്ള മതപരിഷ്ക്കരണത്തിന് യാതൊരു സ്ഥാനവുമില്ല. ഈ പ്രത്യേകതയിൽ നിന്നുമാണ് രാഷ്ട്രവും മതവും വേർപെടുത്തപ്പെടുമ്പോൾ പരസ്പരം ഒഴിവാക്കൽ എന്ന സമീപനം ആവശ്യമായി വരുന്നത്.

## 8.4 മതേതരത്വത്തിന്റെ ഇന്ത്യൻ മാതൃക (The Indian Model of Secularism)

പാശ്ചാത്യമതേതരത്വത്തിന്റെ അനുകരണമാണ് ഇന്ത്യൻമതേതരത്വം എന്ന് മിക്കപ്പോഴും പറയാറുണ്ട്. എന്നാൽ നമ്മുടെ ഭരണഘടന ശ്രദ്ധാപൂർവ്വം വായിച്ചാൽ അത് അങ്ങനെയല്ല എന്ന് ബോധ്യപ്പെടും. ഇന്ത്യൻമതേതരത്വം മൗലികമായി പാശ്ചാത്യമതേതരത്വത്തിൽ നിന്നും വ്യത്യസ്തമാണ്. രാഷ്ട്രത്തെയും മതത്തെയും പരസ്പരം വേർപെടുത്തുന്നതിൽ മാത്രമല്ല ഇന്ത്യൻ മതേതരത്വം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ഒപ്പംതന്നെ മതങ്ങൾ തമ്മിലുള്ള സമത്വം എന്ന ആശയമാണ് ഇന്ത്യൻമതേതരത്വത്തിന്റെ ഏറ്റവും നിർണായകമായ ഘടകം. ഇക്കാര്യം നമുക്ക് വിശദമായി പരിശോധിക്കാം.

ഇന്ത്യൻമതേതരത്വത്തെ വ്യത്യസ്തമാക്കുന്നത് എന്താണ്? പാശ്ചാത്യ - ആധുനികാശയങ്ങളുടേയും ദേശീയതയുടെയും ആവിർഭാവത്തിനുമുമ്പുള്ള മതവൈവിധ്യത്തിന്റെ പശ്ചാത്തലത്തിലാണ് അത് ആരംഭിച്ചത്. പണ്ടുമുതൽ ഇന്ത്യയിൽ വിവിധ മതവിഭാഗങ്ങൾക്കിടയിൽ 'സഹിഷ്ണുത' (Tolerance) യുടേതായ ഒരു സംസ്കാരം നിലനിന്നിരുന്നു. എന്നാൽ സഹിഷ്ണുത മതപരമായ ആധിപത്യവുമായി പൊരുത്തപ്പെടുന്ന ഒന്നാണെന്ന കാര്യം നാം മറക്കരുത്. ഇത് എല്ലാവർക്കും കുറച്ചൊക്കെ അവസരം നൽകിയേക്കാമെങ്കിലും അത്തരം സ്വാതന്ത്ര്യം പൊതുവെ പരിമിതമാണ്. കൂടാതെ, വലിയ അഭിപ്രായവ്യത്യാസമുള്ള ആളുകളുമായി പൊരുത്തപ്പെടാൻ ഇത് നിങ്ങളെ പ്രേരിപ്പിക്കുന്നു. വലിയ ആഭ്യന്തരകലാപങ്ങളിൽ നിന്നും സമൂഹത്തെ മോചിപ്പിക്കാൻ സഹിഷ്ണുതയ്ക്ക് കഴിയുന്നുവെന്നത് മഹത്തായ ഒരു കാര്യമാണെങ്കിലും സാധാരണജീവിത സാഹചര്യങ്ങളിൽ തുല്യതയ്ക്കും മാന്യതയ്ക്കും അന്തസിനും വേണ്ടി പൊരുതുന്ന ജനതയ്ക്ക് അത് സഹായകമാകണമെന്നില്ല.

**നമുക്ക് ചർച്ച ചെയ്യാം**

ആദ്യത്തെ വിമർശനം ഇന്ത്യൻ മതേതരത്വം മതവിരുദ്ധമാണ് എന്നതാണ്. മതേതരത്വം സ്ഥാപനവൽക്കരിക്കപ്പെട്ട മതങ്ങളുടെമേധാവിത്വത്തിന് എതിരാണ്. ഇത് മതവിരുദ്ധമായി കണക്കാക്കാനാവില്ല.




പാശ്ചാത്യ ആധുനികതയുടെ ആവിർഭാവം ഇന്ത്യൻചിന്തയിൽ അന്നേവരെ അവഗണിക്കപ്പെട്ടതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ സമത്വാശയങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സഹായകമായി. ഇത് ആശയങ്ങളെ മൂർച്ചയുള്ളതാക്കാനും സമുദായത്തിനുള്ളിലെ സമത്വത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ നമ്മെ സഹായിക്കുകയും ശ്രേണീ സങ്കല്പത്തിന് പകരം സമുദായങ്ങൾക്കിടയിലെ സമത്വം എന്ന ആശയം പ്രോൽസാഹിപ്പിക്കുകയും ചെയ്തു. മതവൈജാത്യങ്ങളിൽ അധിഷ്ഠിതമായ ഇന്ത്യൻമതേതരത്വവും പാശ്ചാത്യരാജ്യങ്ങളിൽ നിന്നുവന്ന ആശയങ്ങളും തമ്മിലുള്ള ഇടപെടലുകളിൽ നിന്നാണ് ഇന്ത്യൻ മതേതരത്വത്തിന്റെ മൂർത്തമായ ആശയം രൂപംകൊണ്ടത്. ഇതാ

കട്ടെ അന്തർമത മേധാവിത്വത്തിനും ആന്തരികമത മേധാവിത്വത്തിനും തുല്യമായ ഊന്നൽ നൽകുന്നതിന് കാരണമാകുന്നു. ഹിന്ദുമതത്തിൽ ദളിതർക്കും സ്ത്രീകൾക്കു മെതിരെ നിലനിൽക്കുന്ന അടിച്ചമർത്തലുകളെ ഇന്ത്യൻ മതേതരത്വം എതിർക്കുന്നു. അതുപോലെ സ്ത്രീകൾക്കെതിരെ ഇന്ത്യയിലെ ഇസ്ലാമിലും ക്രിസ്തുമതത്തിലും നിലനിൽക്കുന്ന വിവേചനങ്ങൾക്കെതിരെയും ന്യൂനപക്ഷമതസമുദായങ്ങളുടെ അവകാശങ്ങൾക്കുനേരെ ഭൂരിപക്ഷ സമുദായങ്ങൾ ഉയർത്തുന്ന സാധ്യമായ വെല്ലുവിളി കളെയും എതിർക്കുന്നു. മുഖ്യധാരാപാശ്ചാത്യമതേതരത്വവും ഇന്ത്യൻമതേതരത്വവും തമ്മിലുള്ള പ്രധാനപ്പെട്ട വ്യത്യാസം ഇതാണ്.

ഇതുമായി ബന്ധപ്പെട്ടതുതന്നെയാണ് രണ്ടാമത്തെ വ്യത്യാസവും. ഇന്ത്യൻ മതേതരത്വം വ്യക്തികളുടെ മതസ്വാതന്ത്ര്യത്തിനുമാത്രമല്ല ന്യൂനപക്ഷ സമുദായങ്ങളുടെ മതസ്വാതന്ത്ര്യത്തിനും പ്രധാന്യം നൽകുന്നു. അതിനുള്ളിൽ തന്നെ ഒരുവ്യക്തിക്ക് അവനോ അല്ലെങ്കിൽ അവൾക്കോ ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുവാനും അത് ആചരിക്കുവാനും അവകാശമുണ്ട്. അതുപോലെ മത ന്യൂനപക്ഷങ്ങൾക്ക് അവരുടെതായ സംസ്കാരം നിലനിർത്താനും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനും അവകാശമുണ്ട്.

മൂന്നാമത്തെ വ്യത്യാസം, ഒരു മതേതരരാഷ്ട്രം ആന്തരികമത മേധാവിത്വ ത്തെയും അന്തർമതമേധാവിത്വത്തെയും തുല്യമായ പ്രാധാന്യത്തോടെ പരിഗണിക്ക ണമെന്നതിനാൽ, ഇന്ത്യൻമതേതരത്വം രാഷ്ട്രപിന്തുണയോടെയുള്ള മതപരിഷ് കരണത്തിന് ഇടം നൽകുകയും അതിനോട് യോജിക്കുകയും ചെയ്യുന്നു. ഇന്ത്യൻ ഭരണഘടന അയിത്തം നിരോധിച്ചിരിക്കുന്നത് ഇതിന്റെ ഭാഗമായാണ്. ശൈശവ വിവാഹത്തെ നിരോധിച്ചുകൊണ്ടും മിശ്രവിവാഹത്തിനുമേൽ ഹിന്ദുമതം ഏർപ്പെടുത്തിയ വിലക്കുകൾ നീക്കിക്കൊണ്ടും ഇന്ത്യ ധാരാളം നിയമങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

സ്വാഭാവികമായും ഇവിടെ ചില ചോദ്യങ്ങൾ ഉയർന്നുവരുന്നു. മതപരിഷ്കരണ ത്തിന് മുൻകൈ എടുക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രത്തിന് മതേതരമായിരിക്കാൻ കഴിയുമോ? രാഷ്ട്രവും മതവും തമ്മിൽ വേർപെടുത്താത്ത ഒരു രാഷ്ട്രത്തിന് മതേതരരാഷ്ട്രം എന്നവകാശപ്പെടാൻ കഴിയുമോ? ഇന്ത്യയുടെ മതേതരസ്വഭാവത്തിന്റെ അടിസ്ഥാനം അത് ഒരു മതാധിഷ്ഠിത രാഷ്ട്രമല്ല എന്നതും ഏതെങ്കിലും ഒരു മതത്തെയോ മതങ്ങളെയോ ഔദ്യോഗികമായി സ്വീകരിച്ചിട്ടില്ല എന്നതുമാണ്. ഇതിനെല്ലാമുപരിയായി മതസമത്വത്തിന്റെ കാര്യത്തിൽ വളരെ സങ്കീർണമായ ഒരു നയമാണ് നമ്മൾ സ്വീകരിച്ചിട്ടുള്ളത്. ഇത് അമേരിക്കൻമാതൃകയിൽ എന്നപോലെ മതത്തിൽ നിന്ന് വേർപെട്ട് നിൽക്കുവാനും ആവശ്യാനുസരണം ഇടപെ ടുവാനും രാഷ്ട്രത്തിന് അവസരം നൽകുന്നു.

മതപരമായ സ്വേച്ഛാധിപത്യത്തെ തടയാനായി ഇന്ത്യ മതങ്ങളോട് നിഷേധാത്മകമായ സമീപനം പുലർത്തിയേക്കാം. തൊട്ടുകൂട്ടായ്മ നിരോധി ച്ചുകൊണ്ടുള്ള നടപടികളിൽ ഈ സമീപനം പ്രതിഫലിക്കുന്നുണ്ട്. അതുപോലെതന്നെ രാഷ്ട്രം മതങ്ങളോട് ക്രിയാത്മകമായ സമീപനം സ്വീകരിക്കാറുണ്ട്. അതുകൊണ്ടാണ് ഇന്ത്യൻ ഭരണഘടന മതന്യൂനപക്ഷങ്ങൾക്ക് അവരുടേതായ വിദ്യാഭ്യാസസ്ഥാപനങ്ങൾ

**നമുക്ക് ചിന്തിക്കാം.....**

താഴെപ്പറയുന്നവയുമായി മതേതരത്വത്തിന് യോജിച്ചുപോകാൻ കഴിയുമോ?

- ന്യൂനപക്ഷസമുദായങ്ങൾക്ക് തീർഥാടനത്തിന് സബ്സിഡി നൽകുന്നത്.
- സർക്കാർസ്ഥാപനങ്ങളിൽ മതപരമായ അനുഷ്ഠാനങ്ങൾ നടത്തുന്നത്.

സ്ഥാപിക്കാനും അവർക്ക് ഗവൺമെന്റ് സഹായം ലഭിക്കുന്നതിനുമുള്ള അവകാശം നൽകിയിരിക്കുന്നത്. രാഷ്ട്രം ഇത്തരം സങ്കീർണമായ തന്ത്രങ്ങൾ ആവിഷ്ക്കരിച്ചു കൊണ്ടാണ് സമാധാനം, സ്വാതന്ത്ര്യം, സമത്വം എന്നീ മൂല്യങ്ങളെ പരിപോഷിപ്പിച്ചത്.

'എല്ലാ മതങ്ങൾക്കും തുല്യ ആദരവ്' എന്ന പ്രയോഗത്തിന് ഇന്ത്യൻ മതേതരത്വത്തിന്റെ മുഴുവൻ സങ്കീർണതകളെയും പ്രതിഫലിപ്പിക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് ഇപ്പോൾ വ്യക്തമായല്ലോ? സമാധാനപരമായ സഹവർത്തിത്വമെന്നോ മതങ്ങൾ തമ്മിലുള്ള സഹിഷ്ണുതയെന്നോ ആണ് ഈ പ്രയോഗം കൊണ്ട് അർഥമാക്കുന്നതെങ്കിൽ മതേതരത്വത്തെ മനസ്സിലാക്കാൻ അതു പോരാതെ വരും. കാരണം മതേതരത്വത്തിന്റെ അർഥവ്യാപ്തി കേവലം സമാധാനപരമായ സഹവർത്തിത്വം, മതങ്ങൾക്കിടയിലെ സഹിഷ്ണുത എന്നിവക്കുപരിയാണ്. മറിച്ച് എല്ലാ സ്ഥാപിതമതങ്ങളോടും അവയുടെ ആചാരങ്ങളോടും തുല്യമായ ബഹുമാനം എന്നതാണ് ഈ പ്രയോഗത്തിന്റെ അർഥമെങ്കിൽ അവിടെ വ്യക്തത വരുത്തേണ്ടത് അത്യാവശ്യമാണ്. ഇന്ത്യൻ മതേതരത്വം എല്ലാ മതങ്ങളിലും തത്ത്വാധിഷ്ഠിതമായ ഇടപെടൽ നടത്താൻ രാഷ്ട്രത്തെ അനുവദിക്കുന്നുണ്ട്. അത്തരം ഇടപെടലുകൾ എല്ലാ മതങ്ങളുടെയും ചില രീതികളോട് രാഷ്ട്രം അനാദരവ് പ്രകടിപ്പിച്ചേക്കാം. ഉദാഹരണത്തിന്, മതം അംഗീകരിച്ചിട്ടുള്ള ജാതിശ്രേണികളെ ഇന്ത്യൻ മതേതരത്വം അംഗീകരിക്കുന്നില്ല. എല്ലാ മതങ്ങളുടെയും എല്ലാ തലങ്ങളെയും തുല്യമായ ബഹുമാനത്തോടെ പരിഗണിക്കുവാൻ മതേതരരാഷ്ട്രത്തിനാവില്ല.

**നമുക്കിത് ചെയ്യാം**

- താഴെപ്പറയുന്നവയിൽ ഏതെങ്കിലും ചലച്ചിത്രം കാണുക. ആ ചിത്രം അവതരിപ്പിക്കുന്ന വ്യത്യസ്ത മതേതരക്കാഴ്ചപ്പാടുകൾ ഏതൊക്കെയാണ്?

1. ബോംബെ
2. ഗരം ഹവാ (Garam Hawa)

- അബ്ദുൾ ഗാനിഷെയ്ക്കിന്റെ ഫോർസേക്കിംഗ് പാരഡൈസ് : സ്റ്റോറീസ് ഫ്രം ലഡാക് (Forasking paradise: Stories from Ladak)
*('കഥ' എന്ന പ്രസിദ്ധീകരണ സ്ഥാപനത്തിന്റേത്)*

സംഘടിതമതങ്ങളുടെ ചില തലങ്ങളോട് ആദരവ് പുലർത്തുമ്പോൾത്തന്നെ മറ്റു ചില തലങ്ങളോട് അനാദരവ് കാട്ടാനും ഇത് അനുവാദം നൽകുന്നു.

## 8.5 ഇന്ത്യൻ മതേതരത്വത്തിനെതിരായ വിമർശനങ്ങൾ (CRITICISMS OF INDIAN SECULARISM)

ഇന്ത്യൻ മതേതരത്വം നിശിതമായ വിമർശനങ്ങൾക്ക് വിധേയമാണ്. എന്തൊക്കെയാണവ? ഈ വിമർശനങ്ങളെ നമുക്ക് പ്രതിരോധിക്കുവാൻ കഴിയുമോ?

### മതവിരുദ്ധം (Anti - religious)

ആദ്യത്തെ വിമർശനം ഇന്ത്യൻമതേതരത്വം മതവിരുദ്ധമാണ് എന്നതാണ്. മതേതരത്വം സ്ഥാപനവൽക്കരിക്കപ്പെട്ട മതങ്ങളുടെ മേധാവിത്വത്തിന് എതിരാണ്. ഇത് മതവിരുദ്ധമായി കണക്കാക്കാനാവില്ല.

അതുപോലെ മതേതരത്വം മതസ്വത്വത്തിന് ഭീഷണിയാണെന്ന് ചിലർ വാദിക്കുന്നു. എന്നാൽ മതേതരത്വം മതസ്വാതന്ത്ര്യത്തെയും സമത്വത്തെയും പരിപോഷിപ്പിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ മതസ്വത്വത്തിന് ഭീഷണിയാകുന്നതിനുപകരം അതിനെ സംരക്ഷിക്കുകയാണ് മതേതരത്വം ചെയ്യുന്നത്. എന്നാൽ തീർച്ചയായും മതേതരത്വം ചില രൂപത്തിലുള്ള മതസ്വത്വങ്ങളെ ദുർബലമാക്കാനും ഇല്ലായ്മ ചെയ്യാനും ശ്രമിക്കുന്നുണ്ട്. ജഡിലവും ഹിംസാത്മകവും മതാന്ധവും, സ്വേഛാപരവുമായതും അതുപോലെതന്നെ മറ്റു മതങ്ങളോട് വെറുപ്പ് ജനിപ്പിക്കുന്നതുമായ മതസ്വത്വങ്ങളുടെ പ്രവർത്തനങ്ങളെ ഇല്ലായ്മ ചെയ്യുക എന്നതും മതേതരത്വത്തിന്റെ ലക്ഷ്യമാണ്. ചില സ്വത്വങ്ങളെ നശിപ്പിക്കുന്നുണ്ടോ ഇല്ലയോ എന്നതല്ല, മറിച്ച് നശിപ്പിക്കപ്പെടുന്ന സ്വത്വത്തിന്റെ പ്രസക്തിയും അപ്രസക്തിയും ആണ് പരിശോധിക്കപ്പെടേണ്ടത്.

### പാശ്ചാത്യ ഇറക്കുമതി (Western Import)

രണ്ടാമത്തെ വിമർശനം, മതേതരത്വം പാശ്ചാത്യ ക്രൈസ്തവ പശ്ചാത്തലത്തിൽ രൂപം കൊണ്ടതാണെന്നും അത് ഇന്ത്യൻ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ല എന്നുള്ളതുമാണ്. ഒറ്റനോട്ടത്തിൽത്തന്നെ ഇത് വളരെ വിചിത്രമായ ഒരു വാദഗതിയാണ്. ഇന്ത്യയിൽ നമ്മൾ ഉപയോഗിക്കുന്ന വസ്ത്രം മുതൽ ഇന്റർനെറ്റ് വരെയും അതുപോലെ നാം സ്വീകരിച്ചിട്ടുള്ള പാർലമെന്ററി ജനാധിപത്യം പോലും ഉത്ഭവിച്ചിട്ടുള്ളത് പാശ്ചാത്യലോകത്താണ്. പൂജ്യം കണ്ടുപിടിച്ചത് ഇന്ത്യാക്കാരായതുകൊണ്ട് തങ്ങളത് ഉപയോഗിക്കില്ല എന്ന് ഏതെങ്കിലും യൂറോപ്യൻമാർ ശഠിക്കുന്നത് നിങ്ങൾ കേട്ടിട്ടുണ്ടോ?

എന്തൊക്കെയായാലും ഈ വാദഗതികളൊക്കെ പൊള്ളയായ പ്രതികരണങ്ങൾ മാത്രമാണ്. ഏറ്റവും പ്രസക്തമായ വസ്തുത, ഒരു രാഷ്ട്രം യഥാർഥത്തിൽ മതേതരമാകണമെങ്കിൽ അതിന് അതിന്റേതായ ലക്ഷ്യങ്ങൾ ഉണ്ടായിരിക്കണം എന്നതാണ്. പാശ്ചാത്യരാജ്യങ്ങൾ അവരുടെ സാമൂഹ്യ

രാഷ്ട്രീയ ജീവിതത്തിനുമേലുള്ള ആധിപത്യം വെല്ലുവിളിച്ചുകൊണ്ടാണ് മതേതര രാഷ്ട്രങ്ങളായി മാറിയത്. അതുകൊണ്ടുതന്നെ പാശ്ചാത്യമതേതരത്വം ക്രിസ്തു മതത്തിന്റെ സൃഷ്ടിയാണെന്ന് പറയുന്നതിൽ കഴമ്പില്ല. എന്നിരുന്നാലും രാഷ്ട്രവും മതവും തമ്മിലുള്ള പരസ്പരം ഒഴിവാക്കൽ എന്ന പാശ്ചാത്യമതേതരസങ്കല്പം എല്ലാ മതേതരരാഷ്ട്രങ്ങളുടേയും പൊതുവായ സവിശേഷതയായി കണക്കാക്കാൻ കഴിയില്ല. മതവും രാഷ്ട്രവും തമ്മിലുള്ള വേർതിരിവ് (പരസ്പരം ഒഴിവാക്കൽ) എന്നത് വ്യത്യസ്തസമൂഹങ്ങളിൽ വ്യത്യസ്തവ്യാഖ്യാനങ്ങൾ നൽകാൻ കഴിയുന്നതാണ്. ഒരു മതേതരരാഷ്ട്രം വ്യത്യസ്തജനവിഭാഗങ്ങൾക്കി ടയിലുള്ള സമാധാനം നിലനിർത്തുന്നതിനു വേണ്ടി മതങ്ങളിൽ നിന്ന് ഒരു തത്വാധിഷ്ഠിത അകലം പാലിക്കുന്നു. അതുപോലെതന്നെ ചില പ്രത്യേക വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു.

ഇന്ത്യയിൽ യഥാർഥത്തിൽ സംഭവിച്ചത് ഇതാണ്. പടിഞ്ഞാറുനിന്നുള്ള ഒരു പറിച്ചുനടീലിലൂടെ രൂപം കൊണ്ടതല്ല ഇന്ത്യൻ മതേതരത്വം. മതേതരത്വത്തിന് പാശ്ചാത്യവും പാശ്ചാത്യേതരവുമായ വേരുകളുണ്ട്. പാശ്ചാത്യലോകത്ത് മതവും രാഷ്ട്രവും തമ്മിള്ള വേർതിരിവായിരുന്നു മതേതരത്വത്തിന്റെ മുഖമുദ്ര. എന്നാൽ ഇന്ത്യപോലുള്ള രാജ്യങ്ങളിൽ മതസമുദായങ്ങൾ തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വത്തിനാണ് പ്രാധാന്യം നൽകുന്നത്.

### ന്യൂനപക്ഷത്വം (Minoritism)

ഇന്ത്യൻമതേതരത്വത്തിനെതിരായുള്ള മൂന്നാമത്തെ വിമർശനം അതിന് ന്യൂനപക്ഷത്വം ഉണ്ടെന്നതാണ്. ഇന്ത്യൻ മതേതരത്വം ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കുന്നു എന്നത് വസ്തുതയാണ്. ഇത് ന്യായീകരിക്കത്തക്കതാണോ എന്നതാണ് ചോദ്യം. വളരെ വേഗത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന തീവണ്ടിയിലെ ഒരു കംപാർട്ടുമെന്റിലെ നാല് മുതിർന്ന യാത്രക്കാരിൽ ഒരാൾ യാത്രാമദ്ധ്യേ പുകവലിക്കാനാഗ്രഹിക്കുന്നു. പുകവലിക്കാരനല്ലാത്ത രണ്ടാമൻ അതിനെ എതിർക്കുന്നു. മറ്റുള്ള രണ്ടുപേരും പുകവലിക്കുന്നവരായതിനാൽ അവർ ഒന്നും പറയുന്നില്ല. വ്യക്തമായും തർക്കം രണ്ടുപേർ തമ്മിലായി. പ്രശ്നം വോട്ടിനിട്ട് പരിഹരിക്കണമെന്ന് ഒരു നിർദേശം ഉയർന്നു വന്നു. പുകവലിക്കാർ മൂവരും ഒരുമിക്കുകയും പുകവലിക്കാത്ത ആൾ രണ്ടു വോട്ടുകൾക്ക് പരാജയപ്പെടുകയും ചെയ്യുന്നു. പൊതുവായി അംഗീകരിച്ച ജനാധിപത്യ നടപടിക്രമങ്ങൾ പാലിച്ചു എന്നതിനാൽ ഫലം നീതിയുക്തമാണെന്ന് തോന്നാം.

ഇനി ഈ സാഹചര്യം അല്പം മാറ്റംവരുത്തി പരിശോധിക്കാം. പുകവലിക്കാത്തയാൾ ഒരു ആസ്ത്മാ രോഗിയാണെന്നും പുകവലി അയാളുടെ ജീവനുതന്നെ ഭീഷണിയാണെന്നും കരുതുക. മറ്റുള്ളവർ പുക വലിക്കരുത് എന്ന് പറയുന്നതിലൂടെ അയാളുടെ മൗലികവും അടിയന്തരവുമായ ഒരു ആവശ്യമാണ്

പ്രകടിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ തീരുമാനമെടുത്ത മുൻ നടപടിക്രമം ന്യായീകരിക്കത്തക്കതാണോ ട്രയിൻ അതിന്റെ ലക്ഷ്യസ്ഥാനത്ത് എത്തുന്നതുവരെ ആസക്തനായ പുകവലിക്കാരൻ അതിൽ നിന്നു വിട്ടു നിൽക്കണമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? മൗലികമായ താത്പര്യങ്ങൾ വരുമ്പോൾ ജനാധിപത്യനടപടി എന്ന നിലയിൽ വോട്ടുചെയ്യുന്നത് അനുചിതമാണെന്ന് നിങ്ങൾ അംഗീകരിക്കും. ഒരുവ്യക്തിക്ക് അവന്റെ അല്ലെങ്കിൽ അവളുടെ ഏറ്റവും പ്രധാനപ്പെട്ട താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് സവിശേഷ അവകാശം ഉണ്ട്. വ്യക്തികളെ സംബന്ധിച്ച് ശരിയായിട്ടുള്ളത് സമൂഹത്തിനും ബാധകമാണ്. ന്യൂനപക്ഷങ്ങളുടെ മൗലികമായ താൽപര്യങ്ങൾ ഹനിക്കപ്പെടരുത്. അവ ഭരണഘടനാപരമായ നിയമങ്ങളാൽ സംരക്ഷിക്കപ്പെടണം. ഇന്ത്യൻ ഭരണഘടന ചെയ്തിട്ടുള്ളത് അതാണ്. ന്യൂനപക്ഷാവകാശങ്ങൾ അവരുടെ അടിസ്ഥാനതാൽപര്യങ്ങൾ സംരക്ഷിക്കുന്നിടത്തോളംകാലം അവ ന്യായീകരിക്കത്തക്കതാണ്.

ഈ അവസരത്തിൽ ന്യൂനപക്ഷാവകാശങ്ങൾ മറ്റുള്ളവരുടെ ചിലവിൽ ലഭിക്കുന്ന പ്രത്യേകാനുകൂല്യങ്ങളാണെന്ന് ചിലർ പറയുന്നു. അങ്ങനെയെങ്കിൽ പിന്നെന്തിനാണ് ഇത്തരം ആനുകൂല്യങ്ങൾ നൽകുന്നത്? ഈ ചോദ്യത്തിന് മറ്റൊരു ഉദാഹരണത്തിലൂടെ ഉത്തരം കണ്ടെത്താം. ഒന്നാം നിലയിലുള്ള ഒരു ആഡിറ്റോറിയത്തിൽ ഒരു സിനിമ പ്രദർശിപ്പിക്കുന്നുവെന്ന് കരുതുക. കോണിപ്പടി കയറി വേണം ആഡിറ്റോറിയത്തിൽ എത്താൻ. ടിക്കറ്റെടുത്ത് കോണിപ്പടി കയറിച്ചെന്ന് എതൊരാൾക്കും സിനിമ കാണാം. എല്ലാവർക്കും ഇത് കഴിയുമോ? സിനിമ കാണാൻ വന്നവരിൽ ചിലർ വൃദ്ധരും ചിലർ അടുത്തകാലത്തായി കാലിന് പരിക്കേറ്റവരും മറ്റു ചിലർ സ്ഥിരമായി അംഗപരിമിതിയുള്ളവരും ആണെങ്കിലോ? അവർക്ക് തീർച്ചയായും കോണിപ്പടി കയറാൻ കഴിയില്ല. വീൽചെയറിലുള്ളവർക്ക് ഒരു ലിഫ്റ്റോ റാംപോ (Ramp) ലഭ്യമാക്കുന്നത് തെറ്റാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ കോണിപ്പടി ഉപയോഗിച്ച് മറ്റുള്ളവർ സ്ഥിരമായി ആർജിക്കുന്ന കാര്യങ്ങൾ അതേനിലയ്ക്ക് നേടുവാൻ അംഗപരിമിതരെ പ്രാപ്തരാക്കുന്നു. അംഗപരിമിതിയുള്ള ന്യൂനപക്ഷത്തിന് ഒന്നാം നിലയിലേയ്ക്കെത്താൻ വ്യത്യസ്തമായ ഒരു മാർഗം ആവശ്യമാണ്. ചെറുപ്പക്കാർക്കും ശാരീരികശേഷിയുള്ളവർക്കും അനുയോജ്യമായ രീതിയിലാണ് ആഡിറ്റോറിയം നിർമിച്ചിട്ടുള്ളതെങ്കിൽ ചില വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്ക് സിനിമകാണുക എന്നതുപോലെ വളരെ നിസാരമായ അവസരങ്ങൾ പോലും നിഷേധിക്കപ്പെടും. അവർക്കുവേണ്ടി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് എന്തെങ്കിലും പ്രത്യേകാനുകൂല്യം നൽകലല്ല. മറിച്ച് മറ്റുള്ളവരോട് കാണിക്കുന്ന അതേ ആദരവും അന്തസ്സും അവരോടും കാണിക്കുന്നുവെന്നേയുള്ളൂ. ന്യൂനപക്ഷാവകാശങ്ങളെ പ്രത്യേകാനുകൂല്യങ്ങളായി കാണേണ്ടതില്ലെന്ന് ഈ ഉദാഹരണം നമ്മെ പഠിപ്പിക്കുന്നു.



എല്ലാവരേയും തുല്യമായി പരിഗണിക്കുന്നത് എല്ലായ്പോഴും നല്ലതാണെന്ന് ഞാൻ കരുതുന്നില്ല.

### ഇടപെടൽ (Interventionist)

മതേതരത്വം നിർബന്ധിതമാണെന്നും അത് സമുദായങ്ങളുടെ മതസ്വാതന്ത്ര്യത്തിൽ അമിതമായി ഇടപെടുന്നു എന്നതുമാണ് നാലാമത്തെ വിമർശനം. ഇത് ഇന്ത്യൻ മതേതരത്വത്തെ തെറ്റായി വിലയിരുത്താൻ കാരണമാകുന്നു. പരസ്പരം ഒഴിവാക്കൽ എന്ന ആശയത്തെ നിഷേധിക്കുമ്പോൾ തന്നെ മതകാര്യങ്ങളിൽ ഇടപെടാൻ പാടില്ല എന്ന ആശയത്തെയും അത് നിരാകരിക്കുന്നു. പക്ഷേ മതകാര്യങ്ങളിലുള്ള അമിതമായ ഇടപെടലിനെ അത് അംഗീകരിക്കുന്നില്ല. 'തത്ത്വാധിഷ്ഠിതമായ അകലം' പാലിക്കുക എന്ന നയമാണ് ഇന്ത്യൻ മതേതരത്വം പിന്തുടരുന്നത്. എന്നാൽ ആവശ്യമുള്ള സന്ദർഭങ്ങളിൽ ഇടപെടാറുമുണ്ട്. ഇടപെടൽ എന്നതുകൊണ്ട് ബലപ്രയോഗത്തിലൂടെയുള്ള ഇടപെടൽ എന്നല്ല അർഥമാക്കുന്നത്.



എങ്ങനെയാണ് ഒരു രാഷ്ട്രത്തിന് എല്ലാ മതങ്ങളെയും തുല്യ മായി പരിഗണിക്കുവാൻ കഴിയുക? എല്ലാ മതങ്ങൾക്കും തുല്യ അവധി ദിനങ്ങൾ നൽകുന്നതിലൂടെ സാധിക്കുമോ? അല്ലെങ്കിൽ മതപരമായ എല്ലാ ആഘോഷങ്ങളും പൊതു ഇടങ്ങളിൽ നിരോധിച്ചുകൊണ്ട് സാധിക്കുമോ?

രാഷ്ട്രത്തിന്റെ പിൻതുണയോടെയുള്ള മതപരിഷ്കരണത്തെ ഇന്ത്യൻ മതേതരത്വം പിന്തുണക്കുന്നു എന്നത് തീർച്ചയായും സത്യമാണ്. പക്ഷേ ഇത് ബലപ്രയോഗത്തിലൂടെ മുകൾത്തട്ടിൽനിന്നും അടിച്ചേർപ്പിക്കപ്പെടുന്നതിനോട് തുല്യമല്ല. എന്നാൽ ഇത് സ്ഥിരമായി ചെയ്യാൻ കഴിയുന്നതാണെന്ന് വാദിക്കാൻ കഴിയുമോ? എന്തുകൊണ്ടാണ് എല്ലാ മതസമുദായങ്ങളുടേയും വ്യക്തിനിയമങ്ങൾ പരിഷ്ക്കരിക്കാതിരിക്കുന്നത്? ഇതാണ് ഇന്ത്യ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി. ഒരു മതനിരപേക്ഷവാദി വ്യക്തി നിയമങ്ങളെ (വൈവാഹിക നിയമം, പിന്തുടർച്ചാവകാശനിയമം, കുടുംബ നിയമം തുടങ്ങി വിവിധ മതങ്ങൾ അനുവർത്തിക്കുന്ന നിയമങ്ങൾ) ഭരണഘടനാപരമായി വിവിധ സാമുദായിക - സവിശേഷ അവകാശങ്ങളുടെ സാക്ഷാത്കാരങ്ങളായാണ് കാണുന്നത്. അല്ലെങ്കിൽ അത്തരം നിയമങ്ങൾ സ്ത്രീകളെ തുല്യരായി കാണുന്നില്ല എന്നതിനാലും നീതിപൂർവകമല്ല എന്നതിനാലും മതേതരത്വത്തിന്റെ അന്തഃസത്തക്ക് അസ്വസ്ഥത സൃഷ്ടിക്കുന്നതായി കാണും. അതുകൊണ്ടുതന്നെ വ്യക്തി നിയമങ്ങൾ മതങ്ങൾക്കിടയിലെ മേധാവിത്വത്തിൽ നിന്നും മതത്തിനുള്ളിലെ മേധാവിത്വത്തിൽ നിന്നും ഉള്ള സ്വാതന്ത്ര്യത്തിന്റെ സാക്ഷാത്കാരമായി കാണാവുന്നതാണ്.

ഇത്തരം ആന്തരികവൈരുധ്യങ്ങൾ ഏതൊരു സങ്കീർണമായ സിദ്ധാന്തത്തിന്റെയും ഭാഗമായി ഉണ്ടാകാവുന്നതാണെങ്കിലും എന്നെന്നേക്കും അവയുമായി പൊരുത്തപ്പെട്ട് ജീവിക്കേണ്ട കാര്യമില്ല. ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കുകയും സ്ത്രീപുരുഷസമത്വം ഉറപ്പുവരുത്തുകയും ചെയ്യുന്ന വിധത്തിൽ വ്യക്തിനിയമങ്ങൾ പരിഷ്കരിക്കേണ്ടതാണ്. എന്നാൽ അത്തരം പരിഷ്കരണങ്ങൾ ഭരണകൂടം അടിച്ചേൽപ്പിക്കാനോ സംഘടിതസമ്മർദം മൂലം കൊണ്ടുവരാനോ പാടില്ല. അതേസമയം ഇതിൽ നിന്നും രാഷ്ട്രം പൂർണമായി ഒഴിഞ്ഞുനില്ക്കാനും

പാടില്ല. എല്ലാ മതങ്ങൾക്കും ഉള്ളിലുള്ള ഉദാരജനാധിപത്യ ശബ്ദങ്ങൾക്ക് പ്രോത്സാഹനവും സൗകര്യങ്ങളും നൽകുന്ന കടമയാണ് രാഷ്ട്രം നിർവഹിക്കേണ്ടത്.

### വോട്ട്ബാങ്ക്രാഷ്ട്രീയം (Vote Bank Politics)

അഞ്ചാമതായി ഉയർന്നുവരുന്ന വിമർശനം ഇന്ത്യൻമതേതരത്വം വോട്ട്ബാങ്ക് രാഷ്ട്രീയത്തെ പ്രോൽസാഹിപ്പിക്കുന്നു എന്നതാണ്. ശാസ്ത്രീയനിഗമനങ്ങളുടെ അടിസ്ഥാനത്തിലുള്ള വാദഗതി എന്നനിലയിൽ ഇത് പൂർണമായും തെറ്റാണെന്നു പറയാനാവില്ല. എന്നിരുന്നാലും ഈ പ്രശ്നത്തെ മറ്റൊരു കാഴ്ചപ്പാടിലൂടെ സമീപിക്കേണ്ടതുണ്ട്. ഒന്നാമതായി ഒരു ജനാധിപത്യത്തിൽ വോട്ട് ലക്ഷ്യം വച്ച് പ്രവർത്തിക്കുക എന്നത് രാഷ്ട്രീയക്കാരുടെ സ്വഭാവവും അവരുടെ ജോലിയുടെ പ്രത്യേകതയുമാണ്. ജനാധിപത്യ രാഷ്ട്രീയത്തിൽ ഏറിയപങ്കും ഇതുതന്നെയാണ് നടക്കുന്നത്. ജനങ്ങളുടെ വോട്ട് കിട്ടുന്നതിനുവേണ്ടി അവർ ചില വാഗ്ദാനങ്ങൾ നൽകുന്നതിന്റെ പേരിലോ അവർ ചില നയങ്ങൾക്ക് തുടക്കം കുറിക്കുമെന്നു പറയുന്നതിന്റെ പേരിലോ അവരെ കുറ്റപ്പെടുത്തുന്നത് ശരിയല്ല. യഥാർത്ഥ പ്രശ്നം അവർ വോട്ടുചോദിക്കുന്നത് എന്തിനുവേണ്ടിയാണ് എന്നതാണ്. അത് വെറും സ്വാർഥതാൽപര്യത്തിനാണോ, അതോ അധികാരം നേടാൻ വേണ്ടിയാണോ? അതോ ഏതെങ്കിലും പ്രത്യേകവിഭാഗത്തിന്റെ ക്ഷേമത്തിനു വേണ്ടിയാണോ? രാഷ്ട്രീയക്കാർ തങ്ങൾക്ക് വോട്ട് ചെയ്ത് വിജയിപ്പിച്ച വിഭാഗത്തിന് ഒരു ഗുണവും ചെയ്യുന്നില്ലെങ്കിൽ തീർച്ചയായും അവർ വിമർശനത്തിന് വിധേയമാകും. ന്യൂനപക്ഷങ്ങളുടെ വോട്ടുതേടുന്ന മതേതരരാഷ്ട്രീയക്കാർ അവരുടെ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുന്നെങ്കിൽ അത് മതേതരത്വത്തിന്റെ വിജയമാണ്. എന്തെന്നാൽ, മതേതരത്വം ന്യൂനപക്ഷങ്ങളുടെ താൽപര്യങ്ങളുടെ സംരക്ഷണവും ലക്ഷ്യം വയ്ക്കുന്നു.

എന്നാൽ ഒരു വിഭാഗത്തിന്റെ ക്ഷേമത്തിനും അവകാശങ്ങൾക്കും വേണ്ടി മറ്റുവിഭാഗങ്ങളുടെ താത്പര്യങ്ങളെ ബലികഴിച്ചാലോ? ഭൂരിപക്ഷവിഭാഗത്തിന്റെ താൽപര്യങ്ങൾ മതേതരരാഷ്ട്രീയക്കാർ അവഗണിച്ചാൽ എന്താകും? അത് പുതിയൊരു അനീതിയുടെ തുടക്കമാകും. എന്നാൽ അത്തരം ഉദാഹരണങ്ങൾ നിങ്ങൾക്ക് ഓർക്കുവാനാകുന്നുണ്ടോ? ഒന്നോ രണ്ടോ അല്ല നിരവധി ഉദാഹരണങ്ങളിലൂടെ മുഴുവൻ വ്യവസ്ഥയും ന്യൂനപക്ഷങ്ങൾക്കനുകൂലമായി വക്രീകരിക്കപ്പെട്ടിരിയ്ക്കുന്നുവെന്ന് നിങ്ങൾക്ക് വാദിക്കുവാനാകുമോ? നിങ്ങൾ ഗഹനമായി ചിന്തിക്കുകയാണെങ്കിൽ ഇന്ത്യയിൽ ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളതിന്റെ ഒരു തെളിവും നിങ്ങൾക്ക് ലഭിക്കുകയില്ല. ചുരുക്കത്തിൽ വോട്ടുബാങ്ക് രാഷ്ട്രീയം പൂർണമായും തെറ്റാണെന്ന് പറയാനാവില്ല. അനീതി സൃഷ്ടിക്കാവുന്ന വോട്ടുബാങ്കുരാഷ്ട്രീയം മാത്രമാണ് എതിർക്കപ്പെടേണ്ടത്. മതേതരപാർട്ടികൾ വോട്ടുബാങ്കുകൾ ഉപയോഗിക്കുന്നു എന്നത് ഒരു ഗുരുതരമായ തെറ്റല്ല. എല്ലാ പാർട്ടികളും ചില സാമൂഹ്യവിഭാഗങ്ങളുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ പ്രവർത്തിക്കുകയാണ് ചെയ്യുന്നത്.

**അസാധ്യമായ പദ്ധതി (Impossible Project)**

അവസാനമായി, ഒരിക്കലും പരിഹരിക്കാൻ കഴിയാത്ത ഒരു പ്രശ്നം എന്നതുകൊണ്ടുതന്നെ മതേതരത്വം അപ്രായോഗികമാണ് എന്നതാണ് ദോഷൈകദൃക്കുകളുടെ വിമർശനം. എന്താണ് ഈ പ്രശ്നം? ഇക്കൂട്ടർ പറയുന്നത് ആഴത്തിൽ മതപരമായി അഭിപ്രായവ്യത്യാസങ്ങളുള്ള ജനതക്ക് സമാധാനപരമായി ഒരുമിച്ചുള്ള ജീവിതം അസാധ്യമാണ് എന്നാണ്. എന്നാൽ, ശാസ്ത്രീയമായി പരിശോധിച്ചാൽ ഇത് തെറ്റായൊരു വാദഗതിയാണെന്ന് മനസിലാകും. ഇന്ത്യയുടെ സംസ്കാരികചരിത്രം ഒത്തൊരുമയോടെയുള്ള ജീവിതം സാധ്യമാണെന്ന് കാണിക്കുന്നു. മറ്റ് പല ഇടങ്ങളിലും ഇത് യാഥാർഥ്യമായിട്ടുണ്ട്. ഒട്ടോമൻ സാമ്രാജ്യത്തിന്റെ ചരിത്രം ഇതിന് ആവേശജനകമായ ഉദാഹരണമാണ്. എന്നാൽ അസമത്വം നിറഞ്ഞ സാഹചര്യങ്ങളിലും സഹവർത്തിത്വം സാധ്യമാണെന്ന് വിമർശകർ പറഞ്ഞേക്കാം. ശ്രേണീവ്യവസ്ഥയിൽ എല്ലാവർക്കും തങ്ങളുടേതായ ഒരിടം കണ്ടെത്താൻ കഴിയും. സമത്വം ആധികാരികമായ ഒരു സാംസ്കാരിക മൂല്യമായി തുടരുന്നിടത്തോളം ഇത് പ്രാവർത്തികമാകില്ല എന്നതാണ് അവർ ഉന്നയിക്കുന്ന പ്രധാന വാദഗതി.

ഈ വിമർശനത്തോടുള്ള മറ്റൊരു പ്രതികരണം ഇതാണ്. അസാധ്യമായ ഒരു ലക്ഷ്യത്തെ പിന്തുടരുന്നതിനുമപ്പുറം ഇന്ത്യൻമതേതരത്വം ലോകത്തിന്റെ ഭാവിയെയാണ് പ്രതിഫലിപ്പിക്കുന്നത്. ഇന്ത്യയിലെ മഹത്തായ മതേതര പരീക്ഷണത്തെ വളരെ സൂക്ഷ്മതയോടെയും അതീവതാൽപര്യത്തോടെയുമാണ് ലോകജനത വീക്ഷിക്കുന്നത്. ഇതിനുകാരണം മുൻകോളനികളിൽ നിന്ന് പാശ്ചാത്യരാജ്യങ്ങളിലേക്ക് വലിയതോതിൽ കുടിയേറ്റം നടക്കുകയും തീവ്ര ആഗോളവൽക്കരണത്തിന്റെ ഫലമായി ആഗോളതലത്തിൽ ജനങ്ങളുടെ ഒഴുക്ക് വർധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. യൂറോപ്പും അമേരിക്കയും മധ്യപൗരസ്ത്യമേഖലയുടെ ചില ഭാഗങ്ങളും സാംസ്കാരികവും മതപരവുമായ വൈവിധ്യങ്ങളുടെ കാര്യത്തിൽ ഇന്ത്യയുടേതിന് സമാനമായ സമൂഹങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ സമൂഹങ്ങൾ ഇന്ത്യൻമതേതരത്വത്തിന്റെ ഭാവിയെ വളരെ പ്രതീക്ഷയോടെ ഉറ്റുനോക്കിക്കൊണ്ടിരിക്കുകയുമാണ്.

ഇന്ത്യയിലെ ഔദ്യോഗികഅവധിദിനങ്ങളുടെ (gazetted holidays) പട്ടിക വായിച്ചുനോക്കുക. ഇത് ഇന്ത്യയുടെ മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിക്കിന്നുണ്ടോ? നിങ്ങളുടെ വാദഗതികൾ അവതരിപ്പിക്കുക.

| **അവധിദിനങ്ങൾ** | **2006 ലെ ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ചുള്ള തീയതി** |
|---|---|
| 1. ഈദ്-ഉൽ-സുഹ (ബക്രീദ്) | ജനുവരി 11 |
| 2. റിപ്പബ്ലിക് ദിനം | ജനുവരി 26 |
| 3. മുഹറം | ഫെബ്രുവരി 9 |
| 4. ഹോളി | മാർച്ച് 15 |
| 5. രാമനവമി | ഏപ്രിൽ 6 |
| 6. മഹാവീരജയന്തി | ഏപ്രിൽ 11 |
| 7. മിലാദ്-ഉൻ-നബി (പ്രവാചകൻ മുഹമ്മദിന്റെ ജന്മദിനം) | ഏപ്രിൽ 11 |
| 8. ദുഃഖവെള്ളി | ഏപ്രിൽ 14 |
| 9. ബുദ്ധപൂർണിമ | മേയ് 13 |
| 10. സ്വാതന്ത്ര്യദിനം | ആഗസ്റ്റ് 15 |
| 11. ജന്മാഷ്ടമി | ആഗസ്റ്റ് 16 |
| 12.മഹാത്മാഗാന്ധിയുടെ ജന്മദിനം | ഒക്ടോബർ 2 |
| 13. ദസറ (വിജയദശമി) | ഒക്ടോബർ 2 |
| 14. ദീപാവലി | ഒക്ടോബർ 21 |
| 15. ഈദ്-ഉൽ-ഫിത്തർ | ഒക്ടോബർ 25 |
| 16. ഗുരുനാനാക്കിന്റെ ജന്മദിനം | നവംബർ 5 |
| 17. ക്രിസ്തുമസ് | ഡിസംബർ 25 |

# അഭ്യാസം

അഭ്യാസം

1. ചുവടെ നൽകിയിരിക്കുന്നതിൽ ഏതാണ് മതേതരത്വസങ്കല്പവുമായി യോജിക്കുന്നത്? കാരണം നൽകുക.
   a. ഒരു മതവിഭാഗം മറ്റൊന്നിനുമേൽ ആധിപത്യം സ്ഥാപിക്കാത്തതിന്റെ അഭാവം.
   b. രാഷ്ട്രം ഒരു ഔദ്യോഗികമതത്തെ അംഗീകരിക്കൽ.
   c. എല്ലാ മതങ്ങൾക്കും രാഷ്ട്രം തുല്യപരിഗണന നൽകുക.
   d. സ്കൂളുകളിലെ നിർബന്ധിത ഈശ്വര പ്രാർഥന.
   e. ഏതെങ്കിലും ന്യൂനപക്ഷസമുദായത്തിന് പ്രത്യേക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുക.
   f. ക്ഷേത്രഭരണാധികാരസമിതികളെ ഗവൺമെന്റ് നിയമിക്കുക.
   g. ദളിതരുടെ ക്ഷേത്രപ്രവേശനം ഉറപ്പാക്കാൻ ഗവൺമെന്റ് ഇടപെടുക.
2. പാശ്ചാത്യ – ഇന്ത്യൻ മതേതരത്വങ്ങളുടെ ചില പ്രധാന സവിശേഷതകൾ ഇടകലർത്തിക്കൊടുത്തിരിക്കുന്നു. അവയെ വേർതിരിച്ച് ഒരു പുതിയ പട്ടിക നിർമ്മിക്കുക.

| പാശ്ചാത്യമതേതരത്വം | ഇന്ത്യൻമതേതരത്വം |
|---|---|
| രാഷ്ട്രവും മതവും അവയുടെ കാര്യങ്ങളിൽ പരസ്പരം കർശനമായി ഇടപെടാതിരിക്കുക. | രാഷ്ട്രത്തിന്റെ പിന്തുണയോടെയുള്ള മതപരിഷ്കരണം അനുവദനീയമാണ്. |
| വിവിധ മതവിഭാഗങ്ങൾ തമ്മിലുള്ള സമത്വമാണ് പ്രധാനം. | ഒരു മതത്തിനുള്ളിലെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള സമത്വത്തിന് പ്രാധാന്യം നൽകുന്നു. |
| ന്യൂനപക്ഷാവകാശങ്ങൾക്കുള്ള പരിഗണന. | സമുദായാടിസ്ഥാനത്തിലുള്ള അവകാശങ്ങൾക്ക് കുറഞ്ഞ പ്രാധാന്യം. |
| വ്യക്തിക്കും അയാളുടെ അവകാശങ്ങൾക്കുമാണ് മുഖ്യ പരിഗണന. | വ്യക്തികളുടേയും മതസമുദായങ്ങളുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നു. |

അഭ്യാസം

3. മതേതരത്വം എന്നതുകൊണ്ട് അർഥമാക്കുന്നതെന്താണ്? അതിനെ മതസഹിഷ്ണുതയുമായി തുലനം ചെയ്യാവുന്നതാണോ?

4. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഏതിനെയൊക്കെ പിന്തുണയ്ക്കുകയൊ എതിർക്കുകയൊ ചെയ്യുന്നെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുക.

   a. ഒരു മതസ്വത്വത്തിനെ മതേതരത്വം അംഗീകരിക്കുന്നില്ല.

   b. ഒരു മതവിഭാഗത്തിനുള്ളിലോ വിവിധ മതവിഭാഗങ്ങൾ തമ്മിലോ ഉള്ള അസമത്വത്തിന് എതിരാണ് മതേതരത്വം.

   c. പാശ്ചാത്യ-ക്രിസ്ത്യൻ പശ്ചാത്തലത്തിൽ നിന്നാണ് മതേതരത്വം രൂപം കൊണ്ടത്. ഇത് ഇന്ത്യൻസാഹചര്യത്തിൽ അനുകൂലമല്ല.

5. 'മതവും രാഷ്ട്രവും തമ്മിലുള്ള വിഭജനത്തിനുമപ്പുറമാണ് ഇന്ത്യൻ മതേതരത്വം ഊന്നൽ നൽകുന്നത്' - വിവരിക്കുക.

6. 'തത്ത്വാധിഷ്ഠിത അകലം' എന്ന സങ്കല്പത്തെക്കുറിച്ച് വിവരിക്കുക.



C5M8U1

# അധ്യായം 9

# സമാധാനം (Peace)

## അവലോകനം

യുദ്ധങ്ങൾ, ഭീകരാക്രമണങ്ങൾ, ലഹളകൾ എന്നിവയെക്കുറിച്ചുള്ള ഞെട്ടിക്കുന്ന മാധ്യമറിപ്പോർട്ടുകൾ സ്ഥിരമായി നമ്മെ ഓർമിപ്പിക്കുന്നത് ഒരു കലുഷിതമായ കാലത്താണ് നാം ജീവിക്കുന്നത് എന്നതാണ്. തീർച്ചയായും യഥാർത്ഥ സമാധാനം ദൃശ്യമാകാത്തത് കൊണ്ടാണ് സമാധാനം എന്ന വാക്ക് ജനകീയമായിക്കൊണ്ടിരിക്കുന്നത് എന്നു തോന്നുന്നു. സമാധാനം എന്ന വാക്ക് രാഷ്ട്രീയക്കാർ, പത്രപ്രവർത്തകർ, വ്യവസായികൾ, അഭ്യസ്ഥവിദ്യർ, സൈനിക തലവന്മാർ, എന്നിവരുടെ ചുണ്ടുകളിൽ നിന്നും ഉതിർന്നു വീഴുന്നു. പാഠപുസ്തകങ്ങൾ, ഭരണഘടനകൾ, അവകാശപ്രമാണങ്ങൾ, ഉടമ്പടികൾ തുടങ്ങിയവയിൽ വളരെയധികം പ്രകീർത്തിക്കപ്പെടുന്ന മൂല്യമായി സമാധാനം കാണപ്പെടുന്നുണ്ട്. സമാധാനം എന്ന ആശയം വളരെ എളുപ്പത്തിൽ പിന്തുണ ആർജിക്കുന്നു. അതുപോലെതന്നെ സമാധാനം പിന്തുടരേണ്ടതിന്റെ ആവശ്യകതയെ ആരും ചോദ്യം ചെയ്യാറില്ല. ഇക്കാരണങ്ങളാൽ സമാധാനം എന്ന ആശയത്തിന്റെ അർത്ഥവ്യാപ്തിയെക്കുറിച്ച് കൂടുതൽ വ്യക്തത വരുത്തേണ്ടതില്ലെന്ന് നമുക്ക് തോന്നിയേക്കാം. എന്നാൽ യാഥാർത്ഥ്യം അതല്ല. ഇനി നമ്മൾ മനസ്സിലാക്കാൻ പോകുന്നതുപോലെ സമാധാനത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഈ അഭിപ്രായ ഐക്യം അടുത്തകാലത്ത് ഉണ്ടായതാണ്. കാലങ്ങളായിസമാധാനത്തിന്റെ അർത്ഥവും മുല്യവും ന്യായമായും വ്യത്യസ്തരൂപത്തിലാണ് വിലയിരുത്തിയിരുന്നത് സമാധാനത്തിനുവേണ്ടി വാദിക്കുന്നവർ നിരവധി ചോദ്യങ്ങളെ അഭിമുഖീകരിക്കുന്നു.

- എന്താണ് യഥാർത്ഥത്തിൽ സമാധാനം?
- എന്തു കൊണ്ടാണ് ഇന്നത്തെ ലോകത്ത് സമാധാനത്തെ എളുപ്പത്തിൽ തകർക്കാൻ കഴിയുന്നത്‘?
- സമാധാനം സ്ഥാപിക്കാൻ എന്തു ചെയ്യാൻ കഴിയും?
- സമാധാനം സ്ഥാപിക്കാൻ ഹിംസയെ ഉപയോഗിക്കാൻ കഴിയുമോ?
- നമ്മുടെ സമൂഹത്തിൽ ഹിംസ വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?

ഈ അദ്ധ്യായത്തിൽ വളരെ വിശദമായി പരിശോധിക്കുന്ന ചോദ്യങ്ങളാണിവ.

### 9.1 ആമുഖം (INTRODUCTION)

ജനാധിപത്യം, നീതി, മനുഷ്യാവകാശം എന്നീ പദങ്ങൾ പോലെതന്നെ സമാധാനം എന്ന പദത്തിന് വ്യത്യസ്ത അർത്ഥങ്ങളാണുള്ളത്. പക്ഷെ സമാധാനത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള പൊതുവായ സമവായം താരതമ്യേന അടുത്തകാലത്ത് ഉണ്ടായതാണെന്ന് നാം ഓർക്കേണ്ടതുണ്ട്. കഴിഞ്ഞ കാലത്തെ നിരവധി പ്രധാനപ്പെട്ട ചിന്തകർ സമാധാനത്തെ കുറിച്ച് നിഷേധാത്മകമായാണ് എഴുതിയിട്ടുള്ളത്.


ഫ്രെഡറിക് നിഷെ

19-ാം നൂറ്റാണ്ടിലെ ജർമൻ തത്ത്വചിന്തകനായിരുന്ന ഫ്രെഡറിക് നിഷെ യുദ്ധത്തെ മഹത്വവൽക്കരിച്ചവരിൽ ഒരാളായിരുന്നു. നാഗരികത വളർച്ച പ്രാപിക്കുന്നത് സംഘട്ടനങ്ങളിലൂടെയാണെന്ന് നിഷെ വിശ്വസിച്ചു. അതുകൊണ്ട് അദ്ദേഹം സമാധാനത്തിന് മൂല്യം കൽപിച്ചിരുന്നില്ല. മറ്റു പല ചിന്തകരും ഇതുപോലെ തന്നെ സമാധാനത്തെ വിമർശിക്കുകയും കലാപത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. വ്യക്തിധീരതയുടെയും സാമൂഹിക സജീവതയുടെയും വാഹകരായിട്ടാണ് ഇവയെ അവർ കണ്ടത്. ഇറ്റാലിയൻ സാമൂഹിക ചിന്തകനായ വിൽഫ്രെഡോ പരേറ്റോ (1848–1923) ലക്ഷ്യപ്രാപ്തിക്കായി ബലപ്രയോഗം നടത്താൻ കഴിവും മടിയുമില്ലാത്തവരാണ് മിക്ക സമൂഹങ്ങളിലും ഭരണാധികാരികളായിത്തീരുന്നതെന്ന് വാദിച്ചു. സിംഹങ്ങൾ (Lions) എന്നാണ് അദ്ദേഹം അവരെ വിശേഷിപ്പിച്ചത്.

എന്നാൽ സമാധാനത്തിനുവേണ്ടി നിലകൊണ്ടവരാരും അക്കാലത്ത് ഉണ്ടായിരുന്നില്ല എന്ന് ഇതുകൊണ്ടർത്ഥമാക്കുന്നില്ല. വാസ്തവത്തിൽ മിക്ക മതങ്ങളുടെയും മൗലിക തത്വങ്ങളിൽ സമാധാനത്തിന് കേന്ദ്രസ്ഥാനം നൽകിയിട്ടുണ്ട്. ആധുനിക യുഗത്തിൽ ആത്മീയതയിലും മതേതര രംഗത്തും സമാധാനത്തിന് വേണ്ടി ശക്തമായി വാദിക്കുന്ന വ്യക്തികൾ ഉണ്ടായിട്ടുണ്ട്. മഹാത്മാഗാന്ധി അത്തരം വ്യക്തികളിൽ പ്രധാനിയായിരുന്നു. എന്നാൽ

20-ാം നൂറ്റാണ്ടിലെ കൊടും ക്രൂരതകളാണ് സമകാലിക ലോകത്തിലെ സമാധാന പ്രവർത്തനങ്ങൾക്ക് വഴിവെച്ചത്. ദശലക്ഷക്കണക്കിന് ആളുകൾ അതിൽ കൊല്ലപ്പെട്ടു. ഇതിൽ ചില സംഭങ്ങളെക്കുറിച്ച് നിങ്ങളുടെ ചരിത്ര പാഠപുസ്തകത്തിൽ പഠിച്ചിട്ടുണ്ടാവും. ഫാസിസത്തിന്റെയും നാസിസത്തിന്റെയും ഉയർച്ച, ലോകമഹായുദ്ധങ്ങൾ, നമ്മുടെ രാജ്യത്തെ ജനങ്ങൾ വിഭജനത്തിന്റെ ഭാഗമായി അനുഭവിച്ച ദുരിതങ്ങൾ എല്ലാം ഇതിൽപെടും.

### നമുക്കിത് ചെയ്യാം

എഡിറ്റമോറിസ് എഴുതിയ ദ ഫ്ളവേഴ്സ് ഓഫ് ഹിരോഷിമ (The Flowers of Hiroshima) എന്ന നോവൽ വായിക്കുക. ആണവായുധങ്ങളുടെ ഉപയോഗം ദീർഘകാലത്തേക്ക് ജനങ്ങൾക്ക് ഭീഷണിയാകുന്നത് എങ്ങനെയെന്ന് രേഖപ്പെടുത്തുക.

നേരത്തേ സൂചിപ്പിച്ച നിരവധി ദുരന്തങ്ങളിൽ ശാസ്ത്ര സാങ്കേതിക വിദ്യയിലുണ്ടായ മുന്നേറ്റം മനുഷ്യവർഗത്തെ നശിപ്പിക്കുവാൻ മുൻപില്ലാത്ത വിധത്തിൽ ഉപയോഗിച്ചിരുന്നു. അപ്രകാരം രണ്ടാംലോക മഹായുദ്ധകാലത്ത് ജർമനി ലണ്ടൻ നഗരത്തെ കാർപ്പറ്റ് ബോംബിങ്ങിലൂടെ (Carpet Bombing) നശിപ്പിക്കുകയും തിരിച്ച് ജർമൻ നഗരങ്ങളെ ആക്രമിക്കുന്നതിനായി ബ്രിട്ടീഷ് സേന 1000 ബോംബർ ആക്രമണങ്ങൾ നടത്തുകയുമുണ്ടായി. അമേരിക്ക ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബിട്ടതോടെ ഈ യുദ്ധം അവസാനിച്ചു. ഇതിന്റെ ഫലമായി ഏതാണ്ട് 120000 ത്തോളം ആളുകൾ കൊല്ലപ്പെടുകയും നിരവധി ആളുകൾ ന്യൂക്ലിയർ റേഡിയേഷൻ മൂലം പിന്നീട് മരിക്കുകയും ചെയ്തു. മരിച്ചവരിൽ 95% ആളുകളും സാധാരണക്കാരായിരുന്നു.

രണ്ടാംലോകമഹായുദ്ധത്തിനു ശേഷമുള്ള ദശകങ്ങൾ ലോകത്തിലെ രണ്ട് പ്രബല ശക്തികൾക്കിടയിലുള്ള തീവ്രമായ ശത്രുതയുടെ കാലഘട്ടമായിരുന്നു. ലോക മേധാവിത്വത്തിന് വേണ്ടി മുതലാളിത്ത രാഷ്ട്രമായ യു.എസ്.എ യും കമ്മ്യൂണിസ്റ്റ് രാഷ്ട്രമായ സോവിയറ്റ് യൂണിയനും തമ്മിലായിരുന്നു മത്സരം. അണുവായുധങ്ങൾ അധികാരത്തിന്റെ പുതിയ ചിഹ്നം ആയതു മുതൽ രണ്ട് രാജ്യങ്ങളും വൻ തോതിൽ അവ നിർമിക്കുവാനും സംഭരിക്കുവാനും തുടങ്ങി. 1962 ഒക്ടോബറിലെ ക്യൂബൻ മിസൈൽ പ്രതിസന്ധി ഈ സൈനിക മത്സരത്തെ വെളിവാക്കുന്ന ഒരു ഇരുണ്ട അദ്ധ്യായമായിരുന്നു. അമേരിക്കൻ ചാരവിമാനങ്ങൾ അവരുടെ അയൽരാജ്യമായ ക്യൂബയിൽ



അദ്ദേഹം ഒരു പിന്നോക്ക രാഷ്ട്രത്തിൽ നിന്നുള്ളവനായിരിക്കണം. തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, അഭയസ്ഥലം എന്നിവയെക്കുറിച്ചാണ് സംസാരിച്ചത്. അണുബോംബിനെ കുറിച്ച് ഒരു വാക്ക്പോലും സംസാരിച്ചില്ല.

സോവിയറ്റ് യൂണിയന്റെ മിസൈൽ താവളങ്ങൾ കണ്ടുപിടിച്ചതോടെയാണ് പ്രതിസന്ധി ആരംഭിച്ചത്. അമേരിക്ക ക്യൂബക്കെതിരെ ഒരു നാവിക ഉപരോധം ഏർപ്പെടുത്തുകയും ക്യൂബയിൽ നിന്നു മിസൈലുകൾ പിൻവലിച്ചില്ലെങ്കിൽ ശക്തമായ സൈനിക നടപടിയെടുക്കുമെന്ന് സോവിയറ്റ് യൂണിയനെ ഭീഷണിപ്പെടുത്തുകയും ചെയ്തു. ലോകമൊരു ആണവയുദ്ധത്തെ മുഖാമുഖം കണ്ടു. സോവിയറ്റ് യൂണിയൻ ക്യൂബയിൽ നിന്നും മിസൈലുകൾ പിൻവലിക്കാൻ തയ്യാറായതോടെ ഒടുവിൽ ഈ പ്രതിസന്ധി രണ്ട് ആഴ്ചകൊണ്ട് അവസാനിച്ചു. ഈ പ്രതിസന്ധി മനുഷ്യവർഗത്തെ സർവനാശത്തിന്റെ വക്കോളമെത്തിച്ചു..

ഇന്ന് സമാധാനമെന്ന ആശയത്തെ ജനങ്ങൾ വാഴ്ത്തുന്നുവെങ്കിൽ അത് ഒരു ആശയമാണെന്ന് അവർ വിശ്വസിക്കുന്നതു കൊണ്ട് മാത്രമല്ല അതിന്റെ അഭാവത്തിൽ മനുഷ്യൻ വലിയ വില നൽകേണ്ടിവന്നു എന്നതുകൊണ്ടും കൂടിയാണ്. ദുരന്തപൂർണമായ ഏറ്റുമുട്ടലുകളുടെ പ്രേതങ്ങൾ ഇന്നും നമ്മെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. കാരണം ലോകത്തിലെവിടെയുമുള്ള ജനങ്ങൾ വർദ്ധിതമായ തോതിൽ ഭീകരവാദ ഭീഷണിയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. സമാധാനത്തിനു നേരെ എപ്പോഴും അപകടങ്ങൾ പതിയിരിക്കുന്നതിനാൽ സമാധാനം മൂല്യമുള്ളതായി തുടരുന്നു.

### 9.2 സമാധാനത്തിന്റെ അർത്ഥം (THE MEANING OF PEACE)

യുദ്ധത്തിന്റെ അഭാവം എന്നാണ് സാധാരണയായി സമാധാനത്തെ നിർവചിക്കാറുള്ളത്. ഈ നിർവചനം ലളിതമാണെങ്കിലും തെറ്റിദ്ധാരണാജനകമാണ്. ഇതിനു കാരണം രാജ്യങ്ങൾ തമ്മിലുള്ള സായുധ പോരാട്ടങ്ങളെയാണ് യുദ്ധം എന്ന് വിളിക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള ഒരു യുദ്ധമായിരുന്നില്ല റുവാണ്ടയിലും ബോസ്നിയായിലും സംഭവിച്ചത്. അത് അക്രമമോ അല്ലെങ്കിൽ സമാധാനത്തിന്റെ നിഷേധമോ ആയിരുന്നു. എന്നിരുന്നാലും എല്ലായുദ്ധങ്ങളും സമാധാനത്തിന്റെ അഭാവത്തിലേക്ക് നയിക്കുമെങ്കിലും സമാധാനത്തിന്റെ അഭാവം എല്ലായ്പ്പോഴും യുദ്ധത്തിലേക്ക് നയിക്കപ്പെടണമെന്നില്ല.

രണ്ടാമത്തെ ഘട്ടത്തിലാകട്ടെ സമാധാനമെന്നത് യുദ്ധം, കലാപം, കൂട്ടക്കൊലകൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, ശാരീരികമായ അക്രമണങ്ങൾ തുടങ്ങി എല്ലാവിധ ഹിംസാത്മക സംഘട്ടനങ്ങളുടെയും അഭാവമാണെന്ന് നിർവ്വചിക്കാം. ഇത് സമാധാനത്തെക്കുറിച്ചുള്ള ആദ്യ നിർവചനത്തേക്കാൾ ഭേദപ്പെട്ടതാകുന്നു. എന്നിട്ടും ഇത് നമ്മെ പൂർണതയിലേക്ക് എത്തിക്കുന്നില്ല. അക്രമം പലപ്പോഴും സാമൂഹികഘടനയിലാണു വേരുകളുറപ്പിച്ചിട്ടുള്ളത്. ജാതി, വർഗം, ലിംഗം മുതലായ സാമൂഹിക അസമത്വങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സാമൂഹിക സ്ഥാപനങ്ങളും, സമ്പ്രദായങ്ങളും സൂക്ഷ്മവും അദൃശ്യവുമായ മുറിവുകൾക്ക് കാരണമാകുന്നു. ഈ ശ്രേണീക്രമത്തിനെതിരെ അടിച്ചമർത്തപ്പെട്ട വിഭാഗത്തിന്റെ ഏതൊരു വെല്ലുവിളിയും



### നമുക്ക് ചിന്തിക്കാം

താഴെപറയുന്ന ഏതെല്ലാം കാഴ്ചപ്പാടുകളോടാണ് നിങ്ങൾ യോജിക്കുന്നത്. എന്തുകൊണ്ട്?

- എല്ലാ ദുഷ്ട പ്രവൃത്തികളുടേയും ഉറവിടം മനസ്സാണ്. മനസ്സിൽ മാറ്റങ്ങൾ ഉണ്ടായാൽ തിന്മക്ക് നിലനിൽക്കാൻ കഴിയുമോ?

  **– ഗൗതമ ബുദ്ധൻ**

- ഞാൻ ഹിംസയെ എതിർക്കുന്നത് അത് സൃഷ്ടിക്കുന്ന നന്മ താത്കാലികവും തിന്മ സ്ഥായിയായി നിലനിൽക്കുന്നതും കൊണ്ടാണ്.

  **– മഹാത്മാഗാന്ധി**

"നിന്റെ കണ്ണുകൾ എല്ലായ്പ്പോഴും ഒരു ശത്രുവിനെ തേടിക്കൊണ്ടിരിക്കട്ടെ. പുതിയ യുദ്ധങ്ങൾക്കുള്ള മാർഗ്ഗമെന്ന രീതിയിൽ വേണം നീ സമാധാനത്തെ കാണാൻ. അതുകൊണ്ടു ക്ഷണികമായ സമാധാനം മാത്രമാണ് ദൈർഘ്യമേറിയത്. അധ്വാനിക്കുവാനല്ല വിജയിക്കുവാനാണ് നിനക്കുള്ള എന്റെ ഉപദേശം നിന്റെ അധ്വാനം ഒരു പോരാട്ടമാകട്ടെ, സമാധാനം വിജയത്തിലേക്കു നയിക്കട്ടെ."

**– ഫ്രഡറിക് നിഷെ**

സംഘട്ടനങ്ങൾക്കും ആക്രമണങ്ങൾക്കും വഴിവെച്ചേക്കാം. അത്തരത്തിലുള്ള ഹിംസയുടെ വ്യക്തമായ ചില ഉദാഹരണങ്ങളിലേക്ക് നമുക്ക് കണ്ണോടിക്കാം. ഇവ ജാതിശ്രേണി (Caste hierarchy), വർഗവ്യത്യാസം (Class disparity), പുരുഷാധിപത്യം (Patriarchy), കോളനിവൽക്കരണം, വംശീയത, വർഗീയത എന്നിവയിൽനിന്നും ഉയർന്നു വരുന്നതാണ്.

## ഘടനാപരമായ ഹിംസയുടെ രൂപങ്ങൾ
## (Forms of Structural Violence)

പരമ്പരാഗതര ജാതിവ്യവസ്ഥ ചില വിഭാഗങ്ങളെ അസ്പൃശ്യർ അഥവാ തൊട്ടുകൂടാത്തവരായാണ് കണക്കാക്കിയിരുന്നത്. സ്വതന്ത്ര ഇന്ത്യയിലെ ഭരണഘടന അയിത്തം നിരോധിക്കുന്നതുവരെ ഏറ്റവും മോശമായ സാമൂഹിക തിരസ്കാരത്തിനും നിഷേധത്തിനും വിധേയരായിരുന്നു അവർ. ഇന്നും നമ്മുടെ രാജ്യം ആ വൃത്തികെട്ട അചാരത്തിന്റെ പാടുകൾ മായ്ച്ചുകളയാൻ പോരാടിക്കൊണ്ടിരിക്കുന്നു. എന്നാൽ വർഗത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു സാമൂഹികക്രമം കൂടുതൽ അയവുള്ളതായി തോന്നാമെങ്കിലും അതു വലിയ തോതിലുള്ള അസമത്വവും അടിച്ചമർത്തലും സൃഷ്ടിക്കുന്നു. വികസ്വര രാജ്യങ്ങളിലെ തൊഴിലാളികളിൽ ഭൂരിഭാഗവും അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവരായതിനാൽ അവരുടെ കൂലിയും തൊഴിൽ സാഹചര്യങ്ങളും വളരെ പരിതാപകരമാണ്. വികസിത രാജ്യങ്ങ

ളിൽ പോലും തൊഴിലാളികളിൽ ഗണ്യമായ ഒരു വിഭാഗം ഈ ഗണത്തിൽപ്പെട്ടവരാണ്.

പുരുഷാധിപത്യമെന്ന സാമൂഹിക സംവിധാനം വ്യവസ്ഥാപിതമായി സ്ത്രീകളെ പുരുഷന്മാരുടെ ആജ്ഞാനുവർത്തികളാക്കുന്നതിലേയ്ക്കും അവർക്കെതിരെയുള്ള വിവേചനത്തിലേക്കും നയിക്കുന്നു. പെൺഭ്രൂണഹത്യ, പെൺകുട്ടികൾക്ക് ആവശ്യമായ പോഷകാഹാരത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും നിഷേധം, ശൈശവ വിവാഹം, ഭർതൃപീഢനം, സ്ത്രീധനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ, ജോലി സ്ഥലങ്ങളിൽ വെച്ചുള്ള ലൈംഗികാതിക്രമം, ബലാൽസംഗം, ദുരഭിമാനക്കൊല എന്നിവയെല്ലാം ഇതിന്റെ പ്രത്യക്ഷരൂപങ്ങളാണ്. ഇന്ത്യയിലെ കുറഞ്ഞ ലിംഗാനുപാതം (1000 പുരുഷൻമാർക്ക് 933 സത്രീകൾ) പുരുഷാധിപത്യത്തിന്റെ ക്രൂരത വെളിപ്പെടുത്തുന്ന ദയനീയമായ സൂചകമാണ്.

വിദേശികൾ അന്യദേശങ്ങളിലെ ജനതയെ ദീർഘകാലമായി പ്രത്യക്ഷത്തിൽ കീഴടക്കി വാഴുന്നതിനെ കോളനിവൽക്കരണം എന്ന് പറയുന്നു. ഇന്നത് അപൂർവമായ പ്രതിഭാസമാണെങ്കിലും ഇസ്രായേലിന്റെ മേധാവിത്വത്തിനെതിരെ പാലസ്തിനിയൻ ജനത നടത്തിക്കൊണ്ടിരിക്കുന്ന പോരാട്ടം കൊളോണിയലിസം പൂർണമായും അപ്രത്യക്ഷമായിട്ടില്ലെന്ന് കാണിക്കുന്നു. കൂടാതെ യൂറോപ്യൻ സാമ്രാജ്യത്വരാജ്യങ്ങളുടെ മുൻകാല കോളനികൾ കോളനി വാഴ്ചകാലത്ത് അവർ അനുഭവിച്ച വിവിധതരത്തിലുള്ള ചൂഷണങ്ങളിൽ നിന്ന് പൂർണമായി മോചിതരാവേണ്ടതുണ്ട്.

വംശീയതയും വർഗീയതയും ഒരു വംശീയ വിഭാഗത്തെയോ അല്ലെങ്കിൽ സമുദായത്തേയോ പൂർണമായും അപമാനിക്കുകയും അടിച്ചമർത്തുകയും ചെയ്യുന്നതാണ്. മനുഷ്യരെ വ്യത്യസ്ത വംശങ്ങളായി തരംതിരിക്കാൻ കഴിയുമെന്ന ആശയം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. നീഗ്രോകളുടെ അടിമത്വത്തെ സാധൂകരിക്കുന്നതിനുവേണ്ടി 1865 വരെ അമേരിക്ക വംശീയതയെ ഉപയോഗപ്പെടുത്തിയിരുന്നു. ജർമനിയിൽ യഹൂദരെ കശാപ്പുചെയ്യുന്നതിനും ദക്ഷിണാഫ്രിക്കയിൽ വർണ്ണവിവേചനത്തിനും (apartheid) 1992 വരെ ദക്ഷിണാഫ്രിക്കയിലെ വെളുത്ത വർഗക്കാരുടെ നിയന്ത്രണത്തിലുള്ള സർക്കാർ അവിടുത്തെ ഭൂരിപക്ഷം വരുന്ന കറുത്തവർഗക്കാരായ ജനങ്ങളെ രണ്ടാംതരം പൗരന്മാരായാണ് കണക്കാക്കിയിരുന്നത്. വംശീയത ഇപ്പോഴും പാശ്ചാത്യലോകത്ത് ഒളിഞ്ഞും തെളിഞ്ഞും നിലനിൽക്കുന്നുണ്ട്. ഏഷ്യ,



ഭീകരവാദം സൃഷ്ടിക്കുന്നതിനാവശ്യമായ ചേരുവകൾ

ആഫ്രിക്ക, ലാറ്റിനമേരിക്ക എന്നിവിടങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാർക്കെതിരെയാണ് പലപ്പോഴും അത് പ്രകടിപ്പിക്കുന്നത്. വർഗീയതയെ വംശീയതയുടെ ഒരു ദക്ഷിണേഷ്യൻ പകർപ്പായി കണക്കാക്കാം. അവിടെ ന്യൂനപക്ഷമത വിഭാഗങ്ങളാണ് അക്രമങ്ങൾക്ക് ഇരയാകുന്നത്.

അക്രമത്തിന് ഇരയായവർ അനുഭവിച്ചിട്ടുള്ള മാനസികവും ശാരീരികവുമായ പീഢനങ്ങൾ തലമുറകളോളം നീണ്ടുനിന്ന യാതനകൾക്ക് കാരണമായിട്ടുണ്ട്. ചിലപ്പോൾ ഏതെങ്കിലും സംഭവമോ അല്ലെങ്കിൽ അഭിപ്രായമോ ജനങ്ങളെ പ്രകോപിക്കുകയും അത് പുതിയ സംഘർഷങ്ങൾക്ക് കാരണമായെന്നും വരാം. ഏറെക്കാലം പരസ്പരം വിദ്വേഷം മനസിൽ സൂക്ഷിച്ച് നടന്നിരുന്ന സമുദായങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലുകളുടെ ഉദാഹരണങ്ങൾ ദക്ഷിണേഷ്യയിൽ നമുക്കുണ്ട്. 1947 ൽ ബ്രിട്ടീഷ് ഇന്ത്യയുടെ വിഭജന ഫലമായിട്ടുണ്ടായ അനിയന്ത്രിതമായ അക്രമണങ്ങളുടെ ഫലങ്ങൾ ഇന്നും മനുഷ്യമനസ്സിൽ നിലനിൽക്കുന്നു.

സംഘർഷങ്ങൾക്ക് കാരണമായേക്കാവുന്ന തർക്കങ്ങളും ആവലാതികളും ചർച്ചകളിലൂടെ വ്യക്തമാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിലൂടെ മാത്രമെ നീതിയുക്തവും സ്ഥായിയുമായ സമാധാനം കൈവരിക്കാനാവൂ. ഇന്ത്യയ്ക്കും പാകിസ്ഥാനുമിടയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടന്ന് വരുന്ന ശ്രമങ്ങളിൽ രണ്ട് രാജ്യങ്ങളിലേയും എല്ലാ തുറകളിലുമുള്ള ജനങ്ങൾ തമ്മിലുള്ള പരസ്പരബന്ധത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതും ഉൾപ്പെടുന്നു.

## ഹിംസയുടെ ഉന്മൂലനം

### (Eliminating Violence)

യുനെസ്കോ (UNESCO) യുടെ കാഴ്ചപ്പാടിൽ: "മനുഷ്യമനസുകളിൽ നിന്നാണ് യുദ്ധം ഉത്ഭവിക്കുന്നത്, അതുകൊണ്ട് സമാധാനത്തിനായുള്ള പ്രതിരോധങ്ങൾ ഉയരേണ്ടത് മനുഷ്യമനസിൽ തന്നെയാണ്." പൗരാണികമായ പല ആരമീയ മൂല്യങ്ങളും ഉദാ: ദീനാനുകമ്പ (Compassion), ആചരണങ്ങളും ഉദാ: ധ്യാനം (Meditation) അത്തരം ഉദ്യമങ്ങളെ പരിപോഷിപ്പിക്കുന്നു. ആധുനിക രോഗ ചികിത്സാരീതികളായ മനോവിശ്ലേഷണം (Psycho-analysis) പോലെയുള്ളവയ്ക്കും ഈ മേഖലയിൽ ഫലപ്രദമായി പ്രവർത്തിക്കുവാനാകും.

**നമുക്കിത് ചെയ്യാം**

സമാധാനത്തിനുള്ള നോബൽ സമ്മാന ജേതാക്കളുടെ ഒരു ചെറിയ പട്ടിക തയാറാക്കി അതിൽ ഒരാളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

എന്നിരുന്നാലും നാം മനസിലാക്കിയിട്ടുള്ളത് ഹിംസ ഉത്ഭവിച്ചിരിക്കുന്നത് വ്യക്തികളുടെ മനസ്സിൽ മാത്രമല്ലെന്നും ചില സാമൂഹിക ഘടനകളിലും അത് വേരുറപ്പിച്ചിരിക്കുന്നു എന്നുമാണ്. ഘടനാപരമായ ഹിംസയെ

ഉന്മൂലനം ചെയ്യുന്നതിന് നീതിയുക്തവും ജനാധിപത്യപരവുമായ ഒരു സമൂഹം അനിവാര്യമാണ്. സംതൃപ്തരായ ജനങ്ങളുടെ സൗഹാർദത്തോടെയുള്ള സഹവർത്തിത്വമാണ് സമാധാനം എന്ന് മനസിലാക്കുക്കയാണെങ്കിൽ അത് ഒരു സാമൂഹ്യ സൃഷ്ടിയായിക്കാണാൻ കഴിയും. സമാധാനം ഒരിക്കലും എന്നെന്നേയ്ക്കുമായി കൈവരിക്കാനാവില്ല. സമാധാനം ഒരു അന്തിമാവസ്ഥയല്ല. വിശാലമായ അർത്ഥത്തിൽ സമാധാനമെന്നാൽ മനുഷ്യക്ഷേമം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ധാർമികവും ഭൗതികവുമായ വിഭവങ്ങൾ സജീവമായിമായി അന്വേഷിക്കുന്ന പ്രക്രിയയാണ്.



### നമുക്ക് ചിന്തിക്കാം

കംബോഡിയായിലെ ഖമർറൂഷ് (Khmer Rouge) ഭരണം വിപ്ലവാത്മക ഹിംസയുടെ ഭയാനകമായ ഭവിഷ്യത്തുകളുടെ ഉദാഹരണമാണ്. കർഷക ജനതയുടെ മോചനത്തിനായി നിലകൊണ്ട പോൾ പോട്ടിന്റെ (Pol Pot) നേതൃത്വത്തിലുള്ള് ഭരണകൂടം ഒരു പുതിയ കമ്മ്യൂണിസ്റ്റ് സമൂഹം പടുത്തുയർത്തുന്നതിനു വേണ്ടി ഭീകരമായ ഭരണരീതികൾ ആവിഷ്കരിച്ചു. 1975 – 1979 വരെയുള്ള കാലഘട്ടത്തിൽ ഭീകരവാഴ്ച അഴിച്ച് വിടുകയും ഏകദേശം 17 ലക്ഷത്തോളം (രാജ്യത്തെ ജനസംഖ്യയുടെ 2%) കംബോഡിയൻ ജനതയുടെ മരണത്തിന് കാരണമാകുകയും ചെയ്തു. കഴിഞ്ഞ നൂറ്റാണ്ടിലെ അറിയപ്പെട്ട് മനുഷ്യ ദുരന്തങ്ങളിൽ ഏറ്റവും വലിയ ഒന്നായിരുന്നു ഇത്.

പ്രകടവും അഭിലഷണീയവുമായ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പരിഷ്കരണ പ്രസ്ഥാനങ്ങൾ ഹിംസയുടെ വ്യവസ്ഥാപിത സംവിധാനം ഉപയോഗിക്കുന്നതിലൂടെ മിക്കപ്പോഴും അത്തരത്തിലുള്ള നാടകീയമായ ഭീകര ഫലങ്ങൾ ഉണ്ടാവണമെന്നില്ല. പക്ഷെ ഈ പ്രക്രിയ ഹിംസയെ സ്ഥാപനവൽക്കരിക്കുകയും അതിന്റെ സൃഷ്ടിയായിട്ടുള്ള രാഷ്ട്രീയ സംവിധാനത്തിന്റെ അവിഭാജ്യഘടകമായി ഹിംസ മാറുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട ഒരു കേസ് ഉദ്ധരിക്കുകയാണെങ്കിൽ അൽജീരിയായിലെ സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയ ദേശീയ വിമോചന മുന്നണി (National Liberation Front) ഹിംസാത്മക മാർഗങ്ങളിലൂടെ 1962 – ൽ രാജ്യത്തിന് ഫ്രഞ്ച് സാമ്രാജ്വത്വത്തിന്റെ ചങ്ങലയിൽ നിന്ന് സ്വാതന്ത്ര്യം നേടിക്കൊടുത്തു. എന്നാൽ എഫ്.എൽ.എൻ ഭരണം പെട്ടെന്ന് സ്വേച്ഛാധിപത്യത്തിലേയ്ക്ക് വഴിമാറുകയും ഇസ്ലാമിക മത മൗലിക വാദത്തിന്റെ രൂപത്തിലേയ്ക്ക് അധഃപതിക്കുകയും ചെയ്തു.

### 9. 3 ഹിംസയ്ക്ക് എപ്പോഴെങ്കിലും സമാധാനത്തെ പരിപോഷിപ്പിക്കാൻ കഴിയുമോ? (Can Violence Ever Promote Peace?)

ഹിംസ ഒരു തിന്മയാണെങ്കിലും സമാധാനം കൊണ്ട് വരുന്നതിന് ചിലപ്പോൾ അത് ആവശ്യമായിവരുമെന്ന് ചിലപ്പോഴൊക്കെ വാദിക്കാറുണ്ട്. ജനവിരുദ്ധരായ ഏകാധിപതികളെയും മർദ്ദകരായ ഭരണാധികാരികളേയും തടഞ്ഞ് നിർത്തുവാൻ കഴിയുന്നത് അവരെ ബലംപ്രയോഗിച്ച്



മാറ്റുന്നതിലൂടെ മാത്രമായിരിക്കുമെന്ന് വാദിക്കാം. അല്ലെങ്കിൽ പീഢിത ജനത നടത്തുന്ന വിമോചന സമരങ്ങളിൽ ചില അക്രമ മാർഗങ്ങൾ ഉപയോഗിക്കുന്നതിനെ ന്യായീകരിക്കാൻ കഴിഞ്ഞേക്കാം. പക്ഷെ ഹിംസയെ അവലംബിക്കുന്നത് സദുദ്ദേശത്തോടെയാണെങ്കിലും വിപരീത ഫലമായിരിക്കും. ഉണ്ടാകുന്നത്. ഒരിക്കൽ ഹിംസ ഉപയോഗിച്ച് കഴിഞ്ഞാൽ അത് നിയന്ത്രണം വിട്ട് പോകുകയും മരണവും വിനാശവും വിതയ്ക്കുകയും ചെയ്യും.

### നമുക്ക് സംവദിക്കാം

ചില സമയങ്ങളിൽ ഹിംസയെ ശരണം പ്രാപിക്കുക എന്നത് ആവശ്യമാണെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? എന്തൊക്കെയായാലും ജർമനിയിലെ നാസിഭരണം ബാഹ്യമായ സൈനിക നടപടിയിലൂടെ തൂത്തെറിയപ്പെട്ടതായിരുന്നു.

ഈ കാരണം കൊണ്ടുതന്നെയാണ് സമാധാനത്തിന് ഉന്നത മൂല്യം കൽപിക്കുന്ന സമാധാന വാദികൾ നീതിയുക്തമായ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പോലും ഹിംസയെ ഉപയോഗിക്കുന്നതിനെതിരെ ധാർമികമായ ഒരു നിലപാടെടുക്കുന്നത്. അടിച്ചമർത്തലുകൾക്കെതിരെയുള്ള പോരാട്ടത്തിന്റെ ആവശ്യകതയെ അവരും അംഗീകരിക്കുന്നു. എന്നിരുന്നാലും സ്നേഹത്തെയും സത്യത്തേയും ചലനാത്മതകമാക്കുന്നതിലൂടെ മർദ്ദകരുടെ ഹൃദയത്തേയും മനസ്സിനേയും കവരാമെന്നും അവർ വാദിക്കുന്നു.

തീവ്രവും അഹിംസാരമകവുമായ ചെറുത്തുനിൽപിനെ ഇത് വില കുറച്ച് കാണിക്കുന്നില്ല. ഇത്തരത്തിലുള്ള പ്രധാനസമരമാർഗ്ഗമെന്ന നിലയിൽ സിവിൽ നിയമലംഘനം മർദ്ദകവ്യവസ്ഥയിൽ കനത്ത പ്രഹരം ഏൽപ്പിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യ സമര

### അഹിംസയെക്കുറിച്ച് മഹാത്മാഗാന്ധി

'മജ്ബൂരി കാ നാം മഹാത്മാഗാന്ധി' (Majboori ka Naam Mahatma Gandhi) എന്ന പഴഞ്ചൊല്ല് ഒരു പക്ഷെ നിങ്ങൾ കേട്ടിരിക്കുമല്ലോ? നിസ്സഹയതയെ അഹിംസയുമായും, അഹിംസയെ ഗാന്ധിജിയുമായും തുല്ല്യതപ്പെടുത്താനുള്ള ഈ പ്രവണത ചില ആളുകളെ ഇങ്ങനെ പറയുന്നതിലേക്ക് നയിച്ചു. ഇതിന്റെ വെളിച്ചത്തിൽ അഹിംസയെക്കുറിച്ചുള്ള ഈ ധാരണ ഗാന്ധിജി തള്ളിക്കളയുകയും അതിനെ സംബന്ധിച്ച് വ്യത്യസ്തമായ ഒരു തത്ത്വശാസ്ത്രം രൂപപ്പെടുത്തുകയും ചെയ്തു. അഹിംസയെക്കുറിച്ച് പൊതുവെയുള്ള നമ്മുടെ ധാരണ ശാരീരികമായി മുറിവേൽപിക്കാതിരിക്കുകയെന്നതാണ്. ഒരു അഹിംസാ പ്രവർത്തകനും കായികമായി മുറിവേൽപ്പിക്കുന്നതിന് കാരണമാകുകയില്ലായെന്ന് കരുതപ്പെടുന്നു. രണ്ട് അടിസ്ഥാനമാർഗങ്ങളിൽ ഗാന്ധിജി ഈ അർത്ഥത്തെ മാറ്റി. ഗാന്ധിജിയുടെ അഭിപ്രായത്തിൽ അഹിംസയെന്നാൽ മറ്റുള്ളവന് ശാരീരികമോ മാനസികമോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഉപജീവനമാർഗം നഷ്ടപ്പെടുത്തുന്ന രൂപത്തിലോ ഹാനിഉണ്ടാക്കുന്നതിൽ നിന്ന് ഒഴിഞ്ഞ് മാറി നിൽക്കുകയെന്ന് മാത്രമല്ല, മറ്റുള്ളവർക്ക് ഹാനിക്ക് കാരണമായ ചിന്തയെപ്പോലും ഉപേക്ഷിക്കലാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'കാരണമാവുക' എന്നതുകൊണ്ട് സ്വയം ഹാനിയുണ്ടാകുക എന്ന് അർത്ഥമാകുന്നില്ല. മറ്റുള്ളവർക്ക് ഹാനിക്ക് കാരണമായ പ്രവർത്തികൾ ചെയ്യാൻ ആരെയെങ്കിലും സഹായിക്കുകയോ അത്തരം ഹാനികരമായ പ്രവർത്തികളിൽ നിന്ന് പ്രയോജനമുണ്ടാവുകയോ ചെയ്യുന്നത് ഹിംസയാണെന്ന് അദ്ദേഹം വാദിച്ചു. ഈ അർത്ഥത്തിൽ ഗാന്ധിജിയുടെ ഹിംസയെകുറിച്ചുള്ള അഭിപ്രായം ഘടനാപരമായ ഹിംസയുമായി ബന്ധപ്പെട്ടതായിരുന്നു. രണ്ടാമത്തെ പ്രധാനപ്പെട്ട മാറ്റമെന്ന് പറയുന്നത് ഹിംസയ്ക്ക് ക്രിയാത്മകമായ അർത്ഥം നൽകുവാൻ ഗാന്ധിജി നിർദേശിച്ച ആശയമായിരുന്നു. ഹിംസയ്ക്ക് കാരണമാകുന്നില്ല എന്ന് മാത്രമല്ല ശത്രുവിനോട് ബോധപൂർവ്വമായ അനുകമ്പ കാണിക്കുകയെന്നതും അഹിംസയ്ക്ക് ആവശ്യമുള്ള ഒരു ഘടകമാണെന്ന് അദ്ദേഹം വാദിച്ചു. നിഷ്ക്രിയമായ ആത്മീയതയെ ഗാന്ധിജി എതിർത്തു. ക്രിയാത്മകമായും കാര്യക്ഷമമായും ക്ഷേമത്തെയും നന്മയെയും പിൻതുടരുന്നതിനെയാണ് അഹിംസയെന്ന് അദ്ദേഹം സുചിപ്പിച്ചത്. അപ്രകാരം ഏതൊരു പ്രകോപനപരമായ സാഹചര്യത്തിലും അഹിംസയെ ജീവിതത്തിൽ അനുഷ്ഠിക്കുന്ന ഏതൊരു വ്യക്തിയും മാനസികവും ശാരീരികവുമായ നിയന്ത്രണങ്ങൾ കൊണ്ടുവരണം. അഹിംസയെന്നത് സജീവമായ ഒരു ശക്തിയാണ്. ബലഹീനതക്കോ, ഭീരുത്വത്തിനോ അതിൽ ഒരു ഇടവുമില്ല. ഒരാൾക്ക് സ്വയം പ്രതിരോധിക്കാൻ അഹിംസകൊണ്ട് പര്യാപ്തമല്ലെങ്കിൽ അഹിംസയുടെ പേരിൽ നിഷ്ക്രിയതയിൽ അഭയം പ്രാപിക്കുന്നതിനെക്കാളും ഉത്തമം ഹിംസ ഉപയോഗിക്കുന്നതാണെന്നുപോലും ഒരവസരത്തിൽ ഗാന്ധിജി പറയുകയുണ്ടായി. ചില ഗാന്ധിയന്മാർ തുടക്കത്തിൽ ഉദ്ദരിക്കപ്പെട്ട ചൊല്ല് 'മസ്ബുദി കാ നാം മഹാത്മാഗാന്ധി' എന്ന് മാറ്റേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു.

**നമുക്കിത് ചെയ്യാം**

ദക്ഷിണാഫ്രിക്കയിലും ചമ്പാരനിലും ദണ്ഡിയാത്രയിലും ഗാന്ധിജി സ്വീകരിച്ച സത്യാഗ്രഹത്തിന്റെ വിവിധ രീതികളെ സംബന്ധിക്കുന്ന വിവര ശേഖരണം നടത്തുക.

സാധ്യമെങ്കിൽ ഗിരിരാജ് കിഷോറിന്റെ പഹല ഗിർമറ്റിയ (Pahala Girmatiya) എന്ന പുസ്തകം വായിക്കുക.

മാർട്ടിൻ ലൂഥർകിങ്ങിന്റെ പൗരവകാശ പ്രസ്ഥാനത്തെക്കുറിച്ച് കൂടുതൽ കണ്ടെത്തുക. ഗാന്ധിജി എങ്ങനെയാണ് അദ്ദേഹത്തിന് പ്രചോദനമായത്?

കാലത്ത് ഗാന്ധിജി ഉപയോഗിച്ച സത്യാഗ്രഹം ഇതിന്റെ ഉത്തമ ഉദാഹരണമാണ്. നീതിയ്ക്കുമേൽ ഗാന്ധിജി തന്റെ നിലപാടെടുക്കുകയും ബ്രിട്ടീഷ് ഭരണാധികാരികളുടെ മനസാക്ഷിയോട് നീതി നടപ്പിലാക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തു. ബ്രിട്ടീഷുകാരെ മാനസാന്തരപ്പെടുത്താനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടെങ്കിലും സിവിൽ നിയമലംഘന പ്രസ്ഥാനത്തിലൂടെ ഗാന്ധി അന്യായമായ നിയമങ്ങൾ ലംഘിച്ചുകൊണ്ട് ബ്രിട്ടീഷ് ഭരണാധികാരികളുടെമേൽ ധാർമികവും രാഷ്ട്രീയവുമായ സമ്മർദ്ദം ചെലുത്തി. ഗാന്ധിജിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് മാൾട്ടിൻ ലൂഥർകിങ് അമേരിക്കയിൽ കറുത്ത വർഗ്ഗക്കാരോട് കാണിച്ച വംശീയ വിവേചനത്തിനെതിരെ 1960 - ൽ സമാനമായ പോരാട്ടങ്ങൾ നടത്തുകയുണ്ടായി.

## 9.4 സമാധാനവും രാഷ്ട്രവും (Peace and The State)

ലോകത്തെ വ്യത്യസ്ത പരമാധികാര രാഷ്ട്രങ്ങളായുള്ള വിഭജനം സമാധാനം സ്ഥാപിക്കുന്നതിനുള്ള തടസമാണെന്ന് പലപ്പോഴും വാദിക്കുന്നു. ഓരോ രാഷ്ട്രവും സ്വതന്ത്രവും, പരമാധികാരവുമാണെന്ന നിലയിൽ സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് പരിശ്രമിക്കുന്നത്. അതേസമയം സമാധാനം നേടണമെങ്കിൽ നാം എല്ലാവരും വിശാലമായ മാനവികതയുടെ ഭാഗമാണെന്ന കാഴ്ചപ്പാട് ഉണ്ടാവേണ്ടതാണ്. രാഷ്ട്രങ്ങൾ ജനങ്ങൾക്കിടയിൽ വേർതിരിവുകൾ സൃഷ്ടിക്കുന്നു. അവരുടെ പൗരന്മാരുടെ താൽപര്യങ്ങൾ നേടാൻ മറ്റുള്ളവരുടെമേൽ ഹാനി അടിച്ചേൽപ്പിക്കുവാൻ അവർ തയാറാകുന്നു.

അന്തർദേശീയ തലത്തിൽ നിരവധി രാഷ്ട്രങ്ങൾ അതിർത്തികളും വിഭവങ്ങളും പിടിച്ചെടുക്കുന്നത് പോലെയുള്ള തങ്ങളുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ഹിംസാത്മക മാർഗങ്ങൾ ഉപയോഗിക്കുന്ന പ്രവണതയുടെ അടിസ്ഥാനത്തിൽ രൂക്ഷമായ പ്രതിസന്ധികൾ ഉയർന്ന് വരുന്നു. ഇതിന്റെ എല്ലാം ഫലമെന്നത് പൂർണ തോതിലുള്ള യുദ്ധമായിരിക്കും. അപ്രകാരം 1990-ൽ ഇറാഖ് തന്റെ അയൽ രാജ്യവും, ചെറുതും, എണ്ണ സമൃദ്ധവുമായ കുവൈത്തിനെ ആക്രമിച്ച് കീഴടക്കി. സാമ്രാജ്യത്വകാലത്ത് ഇറാക്കിൽ നിന്നും ഏകപക്ഷീയമായി വേർപെടുത്തപ്പെട്ട ഒരു പ്രവിശ്യയായിരുന്നു കുവൈത്തെന്നും ഇറാഖിന്റെ ഭൂപ്രദേശത്ത് നിന്നും കുവൈത്ത് എണ്ണചോർത്തുന്നു എന്നുമായിരുന്നു ആക്രമണത്തെ ന്യായീകരിച്ചുകൊണ്ട് ഇറാക്ക് ഉയർത്തിയ വാദങ്ങൾ. അമേരിക്കയുടെ നേതൃത്വത്തിലുള്ള സൈനികസഖ്യം ഇറാക്കിന്റെ നിയന്ത്രണത്തിൽ നിന്നും കുവൈത്തിനെ മോചിപ്പിക്കുകയുണ്ടായി.

ഒരു ആഗോള സർക്കാർ ഇല്ലാത്ത ഒരു ലോകക്രമത്തിൽ ഇത്തരം സംഘർഷങ്ങളുടെ സാധ്യതകൾ നിലനിൽക്കുന്നു. യുദ്ധത്തെ ലാഭകരമായ ഒരു സാദ്ധ്യതയായി കാണുന്നതിനാൽ ആയുധക്കച്ചവടം പോലെയുള്ള നിക്ഷിപ്ത താൽപര്യങ്ങൾ സംഘർഷങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

ഇതിന് പുറമെ ഇന്നത്തെ ലോകത്ത് ഓരോ രാഷ്ട്രത്തിനും അവരുടേതായ ബലപ്രയോഗത്തിന്റെയും അധികാരത്തിന്റെയും സംയോജിതമായ ഉപകരണങ്ങൾ ഉണ്ട്. അതേസമയം അതിന്റെ സൈന്യത്തേയും അല്ലെങ്കിൽ പോലീസിനേയും പൗരന്മാരെ സംരക്ഷിക്കാൻ വേണ്ടി രാഷ്ട്രങ്ങൾ ഉപയോഗിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. പ്രയോഗത്തിൽ ഈ സേനകളെ അവർക്ക് തങ്ങളോട് വിയോജിപ്പുള്ള സ്വന്തം അംഗങ്ങളെ തന്നെ അടിച്ചമർത്തുവാൻ ഉപയോഗിക്കാൻ കഴിയുന്നു. ഏകാധിപത്യ ഭരണകൂടങ്ങളിലും പട്ടാള ഭരണത്തിലുമാണ് ഇത് കൂടുതൽ വ്യക്തമാകുന്നത്. ഇന്ന് പട്ടാളം ഭരിച്ച് കൊണ്ടിരിക്കുന്ന മ്യാൻമാറിനെ പോലുള്ള ഒരു രാജ്യം ഇതിന് ഉദാഹരണമാണ്. രാഷ്ട്രത്തിന്റെ ജനാധിപത്യവൽക്കരണത്തിലൂടെ അതിനെ കൂടുതൽ ഉത്തരവാദിത്വമുള്ളതാക്കുകയും ഫലപ്രദമായ ഒരു പൗരാവകാശ വ്യവസ്ഥയിലൂടെ അതിനെ നിയന്ത്രിക്കുകയും ചെയ്തുകൊണ്ട് ഇത്തരം പ്രശ്നങ്ങൾക്ക് സ്ഥായിയായ ഒരു പരിഹാരം കണ്ടെത്താവുന്നതാണ്. ദക്ഷിണാഫ്രിക്കയിൽ വർണവിവേചന ഭരണത്തിന് ശേഷം സ്വീകരിച്ച ഈ മാർഗം സമീപകാലത്തെ രാഷ്ട്രീയ വിജയഗാഥകളിൽ ഒന്നായിരുന്നു. ജനാധിപത്യത്തിനും മനുഷ്യാവകാശങ്ങൾക്കുമുള്ള പോരാട്ടങ്ങൾ അപ്രകാരം സമാധാനം സംരക്ഷിക്കുന്നതുമായി വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു.

## 9.5 സമാധാന സ്ഥാപനത്തിനുള്ള വ്യത്യസ്ത സമീപനങ്ങൾ (Different Approaches To The Pursuit Of Peace)

സമാധാനം സ്ഥാപിക്കുന്നതിനും നിലനിർത്തുന്നതിനുമായി വ്യത്യസ്ത തന്ത്രങ്ങൾ അവലംബിക്കപ്പെടുന്നു. മൂന്ന് വ്യത്യസ്ത സമീപനങ്ങളിലൂടെയാണ് ഇവ രൂപപ്പെടുന്നത്. ഇതിൽ ആദ്യത്തെ സമീപനം രാഷ്ട്രങ്ങൾക്ക് മുഖ്യ സ്ഥാനം നൽകുന്നതോടൊപ്പം അവയുടെ പരമാധികാരത്തെ ബഹുമാനിക്കുന്നു. അവക്കിടയിലെ പരസ്പര മത്സരത്തെ ഇത് ഒരു ജീവിത യാഥാർത്ഥ്യമായി ഉൾകൊള്ളുന്നു. ഈ മത്സരത്തെ ശരിയായ രീതിയിൽ ക്രമീകരിക്കുകയും രാഷ്ട്രങ്ങൾ തമ്മിലുള്ള സംഘർഷ സാധ്യതകളെ 'ശക്തിസംതുലനം' പോലെയുള്ള അന്താരാഷ്ട്ര മാർഗങ്ങളിലൂടെ തടയുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രഥമ പരിഗണന. 19-ാം നൂറ്റാണ്ടിൽ അത്തരത്തിലുള്ള ഒരു സംതുലിതാവസ്ഥ വിജയകരമായി ഉണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. ഈ സമയത്ത് പ്രധാനപ്പെട്ട യൂറോപ്യൻ ശക്തികൾ തങ്ങളുടെ അധികാര പോരാട്ടത്തിന് സഖ്യങ്ങൾ രൂപീകരിച്ച് കൊണ്ട് ശത്രുരാജ്യങ്ങളെ ഭയപ്പെടുത്തി നിർത്തുകയും അതിലൂടെ വൻതോതിലുള്ള യുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനെ തടഞ്ഞ് നിർത്തുകയും ചെയ്തു.

രണ്ടാമത്തെ സമീപനം രാഷ്ട്രങ്ങൾ തമ്മിൽ ആഴത്തിൽ വേരൂന്നപ്പെട്ട ശത്രുതാപരമായ സ്വഭാവത്തെ അനുകൂലിക്കുന്നു. എന്നാൽ

ഇത് രാഷ്ട്രങ്ങളുടെ പുരോഗമനപരമായ നിലനിൽപ്പിനും അതുപോലെ പരസ്പര ആശ്രയത്തിനുമുള്ള സാധ്യതകൾക്കും ഊന്നൽ നൽകുന്നു. ഇത് രാഷ്ട്രങ്ങൾക്കിടയിൽ വളർന്ന് വരുന്ന സാമൂഹികവും സാമ്പത്തികവുമായ സഹകരണത്തിന് ഊന്നൽ നൽകുകയും സമാധാനത്തിന്റെ ഔന്നത്യത്തി ലേക്ക് ലോകത്തെ നയിക്കുകയും ചെയ്യുന്നു. ഈ സമീപനത്തിന്റെ വക്താക്കൾ പലപ്പോഴായി സൂചിപ്പിക്കുന്ന ഉദാഹരണമാണ് രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം യൂറോപ്പ് നേടിയെടുത്ത സുസ്ഥിര സമാധാനം സാമ്പത്തിക സംയോജനത്തിലൂടെ നേടിയെടുത്ത രാഷ്ട്രീയ ഏകീകരണ ത്തിലൂടെയാണ് എന്നത്.

മനുഷ്യ ചരിത്രത്തിലൂടെ കടന്ന് പോകുന്ന ഒരു പ്രത്യേക ഘട്ടമായാണ് രാഷ്ട്ര സംവിധാനത്തെ മൂന്നാമത്തെ സമീപനം പരിഗ ണിക്കുന്നത്. ഇത് രാഷ്ട്രീയാതീതമായ ഒരു ലോക ക്രമത്തിന്റെ ഉത്ഭവത്തെ വിഭാവനം ചെയ്യുകയും അതോടൊപ്പം അന്തർദേശീയ സമാധാനം ഉറപ്പ് നൽകുന്ന വിധത്തിൽ ഒരു അന്തർദേശീയസമൂഹത്തെ വളർത്തിയെടുക്കുന്ന തിനെക്കുറിച്ചുള്ള കാഴ്ചപ്പാട് മുന്നോട്ട് വെയ്ക്കുകയും ചെയ്യുന്നു. രാഷ്ട്ര ത്തിന്റെ അതിർത്തികൾ കടന്നുള്ള ആശയ വിനിമയത്തിലും കൂട്ടായ്മയിലും അത്തരമൊരു സമൂഹത്തിന്റെ വിത്തുകൾ കാണാം. ഇതിൽ വ്യത്യസ്ത

### സമാധാനവാദം (Pacifism)

തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു മാർഗമെന്ന നിലയിൽ യുദ്ധത്തിനെയോ അല്ലെങ്കിൽ ഹിംസയെയോ എതിർക്കുന്നതാണ് സമാധാനവാദം. ഹിംസയെ ഏത് സാഹചര്യത്തിലും ഉപയോഗിക്കുന്നതിനെ പൂർണമായും എതിർക്കുന്നതോടൊപ്പം നയതന്ത്ര മാർഗങ്ങൾക്ക് മുൻഗണന കൊടുത്തു കൊണ്ടുള്ള വ്യത്യസ്ത കാഴ്ചപ്പാടുകളുടെ ഒരു വർണ രാജി തന്നെ ഇത് കൊണ്ട് വരുന്നു. സമാധാനവാദം തത്ത്വങ്ങളേയോ അല്ലെങ്കിൽ പ്രായോഗിക വാദത്തിന്റെയോ അടിസ്ഥാനത്തിലുള്ളതാണ്. യുദ്ധം, ബോധപൂർവമായ മാരക ബലപ്രയോഗം, ഹിംസ അല്ലെങ്കിൽ ഏത് തരത്തിലുള്ള ബലപ്രയോഗവും ധാർമികമായി തെറ്റാണെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് തത്ത്വാധിഷ്ഠിത സമാധാന വാദം രൂപപ്പെട്ടത്. പ്രായോഗിക സമാധാന വാദം അത്തരത്തിലുള്ള പൂർണമായ ഒരു തത്ത്വത്തെ അനുവദിക്കുന്നില്ല. പക്ഷെ യുദ്ധത്തെക്കാളും നല്ല മാർഗങ്ങൾ അവർ മനസിലാക്കുകയും അല്ലെങ്കിൽ യുദ്ധത്തിന് ഗുണത്തേക്കാളേറെ ദോഷങ്ങളാണെന്ന് അവർ വിചിന്തനം ചെയ്യുകയും ചെയ്യുന്നു. ഡോവ് അല്ലെങ്കിൽ ഡോവിഷ് എന്നീ അനൗപചാരിക പദങ്ങളാണ് യുദ്ധത്തെ ഒഴിവാക്കാനാഗ്രഹിക്കുന്ന ജനങ്ങളെ (സമാധാനപ്രിയരെ) സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. സമാധാനകാംക്ഷികൾ എന്ന് വിളിക്കപ്പെടുന്ന ചില ആളുകൾ അവരുടെ സമാധാന വാദികൾ എന്ന സ്ഥാനം ചിലപ്പോൾ കാണാതിരിക്കുകയും ചില സാഹചര്യങ്ങളിൽ യുദ്ധത്തെ നീതികരിക്കുകയും ചെയ്യുന്നു. സമാധാനവിരോധി ഒരു കഴുകനോ അല്ലെങ്കിൽ യുദ്ധക്കൊതിയനോ ആണ്. ചില സമാധാന വാദികൾ യുദ്ധത്തെ എതിർക്കുന്നുവെങ്കിലും അവർ എല്ലാ തരത്തിലുള്ള ബലപ്രയോഗത്തെയും അതേപോലെ തന്നെ സ്വത്ത് നശീകരണത്തെയോ എതിർക്കണമെന്നില്ല. ഉദാഹരണത്തിന് പട്ടാള വിരോധികൾ ഹിംസയെ എതിർക്കുന്നതിനേക്കാൾ ആധുനിക ദേശരാഷ്ട്രങ്ങളുടെ സൈനിക സ്ഥാപനങ്ങളെ എതിർക്കുന്നു. അക്രമ രഹിതമാർഗങ്ങളാണ് സ്വീകാര്യമായതെന്ന വിശ്വാസത്തിൽ മറ്റ് സമാധാന കാംക്ഷികൾ അഹിംസ തത്ത്വങ്ങളെ പിൻതുടരുന്നു. (വിക്കീപീഡിയായിൽ നിന്നും എടുത്തത്)

ങ്ങളായ ഗവൺമെന്റിതര സംഘടനകൾ ബഹുരാഷ്ട്ര കോർപറേഷനുകൾ, ജനകീയ പ്രസ്ഥാനങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന ആഗോളവൽക്കരണ പ്രക്രിയ രാഷ്ട്രങ്ങളുടെ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന പരമാധികാരവും പ്രാധാന്യവും വീണ്ടും കുറയ്ക്കുമെന്നും അതുവഴി ലോക സമാധാനം സ്ഥാപിക്കുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും ഈ സമീപനത്തിന്റെ വക്താക്കൾ വാദിക്കുന്നു.

ഐക്യരാഷ്ട്ര സഭ ഈ മൂന്ന് സമീപനങ്ങളുടെയും ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണെന്ന് പറയാം. ഇത് അന്തർദേശീയ രംഗത്ത്, മുഖ്യമായ അധികാരശ്രേണി പ്രതിഫലിപ്പിക്കുന്ന തരത്തിൽ അഞ്ച് പ്രമുഖ രാഷ്ട്രങ്ങൾക്ക് യു.എൻ. സുരക്ഷാ സമിതിയിൽ സ്ഥിരാംഗത്വവും അതുപോലെ വീറ്റോ അധികാരവും നൽകിയിരിക്കുന്നു. യു.എൻ.ഒ.യുടെ സാമ്പത്തിക സാമൂഹിക സമിതി (The Economic and Social Council) വിവിധ മേഖലകളിൽ അന്തർദേശീയ സഹകരണം പ്രോത്സാഹിപ്പിക്കുന്നു. ലോക മനുഷ്യാവകാശ കമ്മീഷൻ രാഷ്ട്രാന്തരതലത്തിൽ നിയമങ്ങൾ രൂപപ്പെടുത്തുവാനും പ്രയോഗത്തിൽ വരുത്താനും ശ്രമിക്കുന്നു.

## 9.6 സമകാലിക വെല്ലുവിളികൾ (CONTEMPORARY CHALLENGES)

ഐക്യരാഷ്ട്രസഭ ഒരുപാട് ശ്രദ്ധേയമായ നേട്ടങ്ങൾ നേടിയിട്ടുണ്ടെങ്കിലും അന്തർദേശീയ സമാധാനത്തിനെതിരെയുള്ള ഭീക്ഷണികളെ തടഞ്ഞ് നിർത്തുന്നതിൽ പൂർണമായി വിജയിക്കാൻ കഴിഞ്ഞിട്ടില്ല. അതിനുപകരം പ്രബല രാഷ്ട്രങ്ങൾ അവരുടെ പരമാധികാരത്തെ ഉറപ്പിക്കുകയും അന്തർദേശീയ സംവിധാനത്തെ മാറ്റി നിർത്തി സ്വന്തം അവബോധത്തിനും മുൻഗണനകൾക്കുമനുസരിച്ച് പ്രാദേശിക അധികാര ഘടകങ്ങളെ രൂപപ്പെടുത്താനും ശ്രമിച്ചു. ഈ ലക്ഷ്യത്തിലേക്കായി വിദേശ ഭൂപ്രദേശങ്ങൾക്ക് എതിരെയും അവയെ കൈവശപ്പെടുത്തുവാനും, പ്രത്യക്ഷ സൈനിക നടപടി തെരഞ്ഞെടുക്കുകപോലുമുണ്ടായി. അഫ്ഗാനിസ്ഥാനിലും ഇറാക്കിലും കഴിഞ്ഞകാലത്തുണ്ടായ അമേരിക്കൻ ഇടപെടൽ അത്തരത്തിലുള്ള പെരുമാറ്റത്തിന്റെ പ്രകടമായ ഉദാഹരണമാണ്. അതിനെത്തുടർന്നുണ്ടായ യുദ്ധത്തിൽ നിരവധി പേർക്ക് ജീവഹാനിയുണ്ടായി.

അക്രമോത്സുകങ്ങളായ രാഷ്ട്രങ്ങളുടെ അമിതാവേശത്തിന്റെയും സ്വന്തം താൽപര്യ സംരക്ഷണത്തിന്റെയും ഭാഗികമായ പ്രതികരണമെന്ന നിലയ്ക്കാണ് ഭീകരവാദത്തിന്റെ ഉയർച്ചയുണ്ടാകുന്നത്. ആധുനിക ആയുധങ്ങളുടെയും വികസിച്ച സാങ്കേതിക വിദ്യയുടെയും മൃഗീയമായ ഉപയോഗത്തിലൂടെ ഭീകരവാദികൾ ഇന്ന് അന്തർദേശീയ സമാധാനത്തിന് ഒരു ഭീഷണി ഉയർത്തുന്നു. 2001 സെപ്റ്റംബർ 9ന് ഇസ്ലാമിക തീവ്രവാദികൾ അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ തകർത്തത് പൈശാചികമായ ഈ യാഥാർഥ്യത്തിന്റെ ശ്രദ്ധേയമായ വെളിപ്പെടുത്തലായിരുന്നു. വൻനാശത്തിന് കാരണമായേക്കാവുന്ന ജൈവ, രാസ, ആണവ ആയുധങ്ങൾ ഈ ശക്തി

കൾ ഉപയോഗിച്ചേക്കാം എന്നത് ലോകത്തെ ഭയത്തിന്റെ മുൾമുനയിൽ നിർത്തുന്നു.

ലോകത്തെ വൻശക്തികളുടെ ദുർമോഹങ്ങളും അതുപോലെ ഭീകരവാദികളുടെ ഗറില്ലായുദ്ധ തന്ത്രങ്ങളും ഇല്ലായ്മ ചെയ്യുന്നതിൽ അന്തർദേശീയ സമൂഹത്തിന് വിജയിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു പ്രത്യേക വർഗത്തെ അല്ലെങ്കിൽ വിഭാഗത്തെ ബോധപൂർവം ഒന്നടങ്കം കൊന്നൊടുക്കുന്നതായ വംശഹത്യയെ (genocide) മൂകസാക്ഷിയായി നോക്കി നിൽക്കാനേ യു.എൻ.ഒ.യ്ക്ക് പലപ്പോഴും കഴിഞ്ഞിട്ടുള്ളു. 1994-ൽ ആഫ്രിക്കൻ രാജ്യമായ റുവാണ്ടയിൽ അഞ്ച് ലക്ഷത്തോളം വരുന്ന ടുട്സി (Tutsis) വംശജരെ അവിടത്തെ ഹുടു (Hutus) വംശജർ കൊന്നൊടുക്കിയപ്പോൾ ഉണ്ടായ സംഭവഗതികൾ ഇതിന് ഉദാഹരണമാണ്. കൂട്ടക്കൊല ആരംഭിക്കുന്നതിന് മുമ്പുതന്നെ ഇന്റലിജൻസ് റിപ്പോർട്ട് ലഭിക്കുകയും സംഭവത്തിന് ശേഷം അന്തർദേശീയ മാധ്യമങ്ങൾ അതിനെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ടുകൾ പുറത്ത് വിടുകയും ചെയ്തിട്ടു പോലും യാതൊരുവിധ അന്താരാഷ്ട്ര ഇടപെലും ഉണ്ടായില്ല. കൂട്ടക്കൊലക്ക് അറുതിവരുത്താൻ ഒരു സമാധാനപരിപാലന സേനയെ അയക്കാൻ പോലും ഐക്യരാഷ്ടസഭ തയാറായില്ല.

**നമുക്ക് പ്രാവർത്തികമാക്കാം**

ചിഹ്നം ഉൾപ്പെടുന്ന ഒരു സമാധാന സമ്മാനം രൂപകല്പന ചെയ്യുക. സമാധാനത്തെ ശരിയായി പ്രതിഫലിപ്പിക്കുന്ന ഏത് ചിഹ്നമായിരിക്കും നിങ്ങൾ നൽകുന്നത്? ഏതാണ്? ആർക്കാണ് നിങ്ങൾ ഈ അവാർഡ് കൊടുക്കാൻ ആഗ്രഹിക്കുന്നത്? എന്തുകൊണ്ട്?

ഈ കാരണങ്ങൾക്കൊണ്ടെല്ലാം സമാധാനമെന്നത് ഒരു നഷ്ട സ്വപ്നമാണെന്ന് പറയാൻ കഴിയില്ല. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ജപ്പാനും, കോസ്റ്ററിക്കയും പോലെയുള്ള രാജ്യങ്ങൾ സൈന്യത്തെ നിലനിർത്തേണ്ടതില്ലെന്ന് തീരുമാനിച്ചു. ലോകത്തിന്റെ പല ഭാഗങ്ങളും അണുവായുധ വിമുക്ത മേഖലയായി രൂപംകൊള്ളുന്നതിന് നാം സാക്ഷ്യം വഹിച്ചു. അന്തർദേശീയമായി അംഗീകരിക്കപ്പെട്ട കരാറുകളുടെ അടിസ്ഥാനത്തിൽ അത്തരം പ്രദേശങ്ങളിൽ അണുവായുധങ്ങൾ ഉപയോഗിക്കുന്നതും വികസിപ്പിക്കുന്നതും അല്ലെങ്കിൽ വിന്യസിക്കുന്നതും നിരോധിക്കപ്പെട്ടു. അന്റാർട്ടിക് പ്രദേശം, തെക്ക് കിഴക്കൻ ഏഷ്യ, ലാറ്റിൻ അമേരിക്കയും കരീബിയൻ പ്രദേശങ്ങളും സൗത്ത് പെസഫിക്, മംഗോളിയ എന്നീ ആറ് മേഖലകൾ ഇത്തരം ലക്ഷ്യം നേടുകയോ അല്ലെങ്കിൽ അത്തരം ലക്ഷ്യ പ്രാപ്തിക്കായുള്ള പ്രവർത്തനം നടത്തുകയോ ചെയ്യുന്ന മേഖലകളാണ്. 1991-ലെ യു.എസ്. എസ്.ആറിന്റെ ശിഥിലീകരണം ലോകത്ത് പ്രബല ശക്തികൾക്കിടയിലുള്ള സൈനികമായ (പ്രത്യേകിച്ചും

**നമുക്ക് ചർച്ച ചെയ്യാം**

ഇന്ന് ലോകത്ത് ആണവായുധങ്ങളുടെ സാന്നിധ്യം യുദ്ധം തടഞ്ഞ് നിർത്തുന്നതിന് സഹായകമാകുന്നു.

അണുവായുധ) ശത്രുതയുടെ കാലഘട്ടത്തിന് വിരാമമിട്ടു. ഇതോടെ അന്തർ ദേശീയ സുരക്ഷിതത്വത്തി നുള്ള ഒരു പ്രധാന ഭീഷണി ഇല്ലാതാകുകയും ചെയ്തു.

കൂടാതെ, സമാധാനത്തെ പരിപോഷിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ അനേകം ജനകീയ സംരംഭങ്ങളുടെ ഉയർച്ചയ്ക്ക് ഈ സമകാലീന യുഗം സാക്ഷ്യം വഹിച്ചു. ഇവ പൊതുവെ സമാധാനപ്രസ്ഥാനങ്ങൾ എന്ന് വിളിക്കപ്പെടുന്നു. ഒന്നാം ലോക മഹായുദ്ധത്തിന്റെ ഫലമായുണ്ടായ അതീവ നാശങ്ങളാണ് ഈ പ്രസ്ഥാനത്തെ തട്ടിയുണർത്തി കർമോത്സുകമാക്കിയത്. അന്നുമുതൽ ഇത്തരം പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ ഗതിവേഗം കൈവരിക്കുകയും ഭൂമി ശാസ്ത്ര, രാഷ്ട്രീയ മേഖലകൾക്കതീതമായി ഇതിന് പിന്തുണ ലഭിക്കുകയും ചെയ്തു. തൊഴിലാളികൾ, എഴുത്തുകാർ, ശാസ്ത്രജ്ഞർ, അധ്യാപകർ, മാധ്യമപ്രവർത്തകർ, പുരോഹിതർ, രാഷ്ട്രതന്ത്രജ്ഞർ എന്നീ ജീവിതത്തിന്റെ നാനാതുറകളിൽപെട്ട ജനങ്ങൾ ഇത്തരം പ്രസ്ഥാനത്തെ മുന്നോട്ടുനയിച്ചു. സ്ത്രീശാക്തീകരണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന മറ്റു പ്രസ്ഥാനങ്ങളുമായി ഒത്തു ചേർന്ന് കൊണ്ട് ഈ പ്രസ്ഥാനം അതിന്റെ പ്രവർത്തന മേഖല വികസിപ്പിക്കുകയും ചെയ്തു. ഈ പ്രസ്ഥാനം സമാധാന പഠനങ്ങൾ (Peace Studies) എന്ന് വിളിക്കപ്പെട്ട വിജ്ഞാന ശാഖയ്ക്ക് തുടക്കം കുറിക്കുകയും ഇന്റർനെറ്റ് പോലെയുള്ള ആശയ വിനിമയ മാർഗങ്ങൾ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്തു.

ഈ അധ്യായത്തിൽ സമാധാനത്തിന്റെ അർത്ഥം, അത് നേരിടുന്ന ഭൗതികവും പ്രായോഗികവുമായ വെല്ലുവിളികൾ അതിന്റെ ഭാവി എന്നി ങ്ങനെ സമാധാനത്തിന്റെ വിവിധ തലങ്ങൾ നാം പരിശോധിച്ചു. മാനവ നന്മയ്ക്ക് അനുയോജ്യമായ സൗഹാർദപരമായ സാമൂഹിക ബന്ധങ്ങൾ സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിന് തുടർച്ചയായ പരിശ്രമങ്ങൾ നടത്തുക എന്നതാണ് സമാധാനം സ്ഥാപിക്കുന്നതിനുള്ള പ്രധാനമാർഗമെന്നും നാം കണ്ടു കഴിഞ്ഞു. സമാധാനത്തിലേയ്ക്കുള്ള പാതയിൽ അനീതി മുതൽ സാമ്രാജ്യത്വം വരെയുള്ള അനേകം തടസ്സങ്ങൾ നിലനിന്നേക്കാം. അക്രമത്തിലൂടെ അവയെ നീക്കം ചെയ്യാനുള്ള പ്രലോഭനം അധാർമികവും അപകടകരവുമാണ്. വംശഹത്യയുടെയും അതേപോലെ ഭീകരവാദത്തിന്റെയും പരസ്പരം പൗരന്മാരെന്നോ, പോരാളികളെന്നോ മനസിലാകാത്തക്കവിധത്തിൽ സമ്പൂർണ യുദ്ധത്തിന്റേതായ കാലഘട്ട ത്തിൽ സമാധാനത്തിനുവേണ്ടിയുള്ള രാഷ്ട്രീയനടപടികൾ ലക്ഷ്യവും മാർഗവും സാധൂകരിക്കുന്ന വിധത്തിൽ ആയിരിക്കണം.

# അഭ്യാസം

1. സമാധാനപരമായ ഒരു ലോകത്തിലേയ്ക്കുള്ള മാറ്റത്തിന് മനുഷ്യ മനസ്സുകളുടെ ചിന്താവഴിയിൽ ചില മാറ്റങ്ങൾ ആവശ്യമാണെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ? മനുഷ്യ മനസുകൾക്ക് സമാധാനത്തെ കൊണ്ടുവരാൻ കഴിയുമോ? മാത്രമല്ല സമാധാനം കൊണ്ടുവരാൻ മനുഷ്യ മനസ്സുകളെ മാത്രം കേന്ദ്രീകരിച്ചാൽ മതിയോ?

2. രാഷ്ട്രം (State) തീർച്ചയായും അവരുടെ പൗരന്മാരുടെ ജീവനും അവകാശങ്ങൾക്കും സംരക്ഷണം നൽകണം. എന്നാൽ രാഷ്ട്രത്തിന്റെ ചില പ്രവർത്തനങ്ങൾ അതിന്റെ തന്നെ പൗരന്മാർക്കെതിരെയുള്ള ഹിംസയുടെ ഉറവിട ങ്ങളാകുന്നു. ഉദാഹരണ സഹിതം വ്യക്തമാകുക.

3. സ്വാതന്ത്ര്യം, സമത്വം, നീതി എന്നിവ നില നിൽക്കുന്നിടത്തു മാത്രമേ സമാധാനം നല്ല രീതിയിൽ യഥാർത്ഥ്യവൽ ക്കരിക്കാൻ കഴിയൂ. ഇതിനോട് നിങ്ങൾ യോജിക്കുന്നുവോ?

4. ഹിംസയെ ഉപയോഗിക്കുന്നതിലൂടെ ദീർഘകാലാടി സ്ഥാനത്തിൽ നീതിയുക്തമായ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ കഴിയുകയില്ല. ഈ പ്രസ്താവനയെ സംബന്ധിച്ച് നിങ്ങൾ എന്ത് ചിന്തിക്കുന്നു?

5. ലോകത്ത് സമാധാനം സ്ഥാപിക്കുവാൻ വേണ്ടി ഈ അധ്യായത്തിൽ ചർച്ച ചെയ്യപ്പെട്ട പ്രധാന സമീപനങ്ങൾ ക്കിടയിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തുക.



*Credit: Image on opening page: Shweta Rao*

അഭ്യാസം

# അധ്യായം 10

# വികസനം (Development)

B9A4I5

## അവലോകനം



വികസനത്തെക്കുറിച്ചുള്ള പൊതുധാരണകളും വികസനം ഉയർത്തുന്ന പ്രശ്നങ്ങളും ചർച്ച ചെയ്തുകൊണ്ട് ഈ പാഠം നമുക്ക് തുടങ്ങാം. ഈ പാഠത്തിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ വികസനപ്രശ്നങ്ങൾ എങ്ങനെ അഭിമുഖീകരിക്കാം എന്നും വികസനത്തിന്റെ ബദൽ മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നതിനെകുറിച്ചും ചർച്ചചെയ്യുന്നു. ഈ പാഠഭാഗം പഠിക്കുക വഴി വികസനവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയ ധാരണകൾ നേടിയെടുക്കുവാൻ സാധിക്കുന്നു.

- വികസനമെന്ന പദത്തിന്റെ അർത്ഥം വിശദീകരിക്കാൻ
- നിലനിൽക്കുന്ന വികസനമാതൃകകളുടെ നേട്ടങ്ങളും പ്രശ്നങ്ങളും ചർച്ചചെയ്യാൻ
- ബദൽ വികസന മാതൃകകൾ ചർച്ചചെയ്യുന്നതിനും മുന്നോട്ടുവയ്ക്കുന്നതിനും

### 10.1 ആമുഖം (INTRODUCTION)

പാഠ്യേതര പ്രവർത്തനത്തിന്റെ ഭാഗമായി ഒരു സ്കൂളിലെ ഒരോ ക്ലാസി ലെയും കുട്ടികൾ ഒരു വാർഷിക മാഗസിൻ തയ്യാറാക്കുന്നതായി കരുതുക. മുൻവർഷം തയാറാക്കിയ മാഗസിന്റെ മാതൃകയുടെ അടിസ്ഥാനത്തിൽ ഈ വർഷത്തെ മാഗസിനിൽ ഉൾപ്പെടുത്തേണ്ട കഥ, കവിത, ലേഖനങ്ങൾ എന്നി വയെക്കുറിച്ച് അദ്ധ്യാപിക ഓരോ ഗ്രൂപ്പിനും നിർദ്ദേശം നൽകി. തൽഫല മായി നാടകത്തിൽ താൽപര്യമുള്ള കുട്ടിക്ക് ക്രിക്കറ്റിനെക്കുറിച്ച് എഴുതുവാ നാണ് നൽകിയത്. അതേപോലെ മൂന്ന് കുട്ടികൾ ഒരുമിച്ച് ചേർന്ന് കാർട്ടൂൺ ചെയ്യാൻ ആഗ്രഹിച്ചെങ്കിലും അവരെ ഉൾപ്പെടുത്തിയത് മറ്റൊരു ഗ്രൂപ്പിലാ യിരുന്നു. മറ്റൊരു ക്ലാസിൽ മാഗസിന്റെ ഉള്ളടക്കം കുട്ടികൾ തന്നെ ചർച്ച ചെയ്യുകയും വിവിധ അഭിപ്രായങ്ങൾ ഉയർന്നു വരികയും ചെയ്തു. ഒടുവിൽ മാഗസിൻ തയാറാക്കുന്നതിനുള്ള ധാരണയിൽ അവർ തനിയെ എത്തി ച്ചേർന്നു.

താങ്കളുടെ അഭിപ്രായത്തിൽ ഏതു ക്ലാസിലെ കുട്ടികളാണ് അവ രുടെ തനതുകഴിവുകൾ ഉപയോഗിച്ച് ഏറ്റവും നല്ല മാഗസിൻ തയ്യാറാക്കി യത്? ഒന്നാം ഗ്രൂപ്പ് നിർമ്മിച്ച മാഗസിൻ കാഴ്ചയിൽ നല്ലതാണെങ്കിലും ചിലപ്പോൾ ഉള്ളടക്കം കുറവായിരിക്കുമോ? ക്രിക്കറ്റിനെക്കുറിച്ച് എഴുതാൻ ആഗ്രഹിക്കുന്നയാൾ തുല്യപ്രാധാന്യത്തോടു കൂടി അയാൾക്ക് നൽകിയി രിക്കുന്ന ജോലി ചെയ്യുമോ? ഏതു മാഗസിനായിരിക്കും ഏറ്റവും ഉദാത്തവും നിലവാരവുമുള്ളത്? മാഗസിൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത് ഏറ്റവും രസ കരമായും ദൈനംദിന ഗൃഹപാഠപ്രവർത്തനമായും ഏത് ക്ലാസുകാർക്ക് തോന്നിയിട്ടുണ്ടാകും?

ഒരു സ്കൂൾ മാഗസിൻ എങ്ങനെ രൂപീകരിക്കാമെന്ന കുട്ടികളുടെ ചിന്തപോലെയാണ് ഒരു സമൂഹത്തിനാവശ്യമായ വികസന പ്രവർത്തന ങ്ങളും. മുൻപ് പ്രയോഗത്തിലിരുന്ന ഒരു വികസനമാതൃക യാന്ത്രികമായി നമുക്ക് പിൻതുടരുകയോ, അല്ലെങ്കിൽ മറ്റു രാജ്യങ്ങളിലെ വികസന മാതൃ കകളെ അവലംബിക്കുകയോ ചെയ്യാം. അതുമല്ലെങ്കിൽ പൊതു നന്മയെ ലക്ഷ്യമാക്കിക്കൊണ്ടോ വികസനപദ്ധതികളുടെ ഫലമായി പാർശ്വവൽക്ക രിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ അവകാശം സംരക്ഷിച്ചുകൊണ്ടോ ഉള്ള വികസന മാതൃകകൾ പിൻതുടരാം. വികസനപദ്ധതികൾ നടപ്പിലാക്കുന്ന തിനെതിരെയുള്ള ബഹുജനപ്രക്ഷോഭത്തെ അവഗണിച്ചും ജനാധിപത്യ രീതിയിൽ ജനങ്ങളെ വിശ്വാസത്തിലെടുത്തും നേതാക്കൾക്ക് വികസനപ്രക്രി യയിൽ ഇടപെടാം.

വിശാലമായ അർത്ഥത്തിൽ വികസനമെന്നത് പുരോഗതി, അഭിവൃദ്ധി, സുഖജീവിതത്തിന് വേണ്ടിയുള്ള അഭിലാഷം എന്നിവയാണ്. ഒരു സമൂഹത്തിന്റെ ലക്ഷ്യങ്ങൾ എത്രമാത്രം നിറവേറ്റാം എന്നതും എങ്ങനെ നിറവേറ്റാം എന്നതുമാണ് വികസന സങ്കൽപം കൊണ്ട് വിവക്ഷിക്കുന്നത്. എന്നാൽ വികസനമെന്നത് സങ്കുചിതമായ അർത്ഥത്തിൽ ഒരു സമൂഹത്തിന്റെ സാമ്പത്തിക പുരോഗതിയായും ആധുനികവൽക്കരണമായും കരുതുന്നു. ദൗർഭാഗ്യവശാൽ സമൂഹം ഉയർത്തിപ്പിടിക്കുന്ന വികസനത്തിന്റെ വിശാല വീക്ഷണത്തിൽ നിന്ന് വിഭിന്നമായി വികസനത്തെ ചിലർ മുൻകൂട്ടി നിശ്ച യിക്കപ്പെട്ട ലക്ഷ്യങ്ങൽ നേടിയെടുക്കുന്നതിനും വലിയ അണക്കെട്ടുകൾ, ഫാക്ടറികൾ, ആശുപത്രികൾ എന്നിവയുടെ നിർമ്മിതിക്കുവേണ്ടിയുള്ളതാ ണെന്നും കരുതുന്നു. ഈ പ്രകിയയിൽ വികസന നേട്ടങ്ങൾ ചില പ്രത്യേക വിഭാഗത്തിന് മാത്രം ഗുണം ചെയ്യുകയും മറ്റുള്ളവരുടെ ഭൂമി, വീട്, ജീവിത സാഹചര്യം എന്നിവക്ക് തത്തുല്യമായ നഷ്ടപരിഹാരം ലഭ്യമാക്കാതിരി ക്കുകയും ചെയ്യുന്നു

പല രാജ്യങ്ങളും ഉന്നയിക്കുന്ന പ്രശ്നം വികസന പ്രക്രിയയിൽ ജനങ്ങളുടെ അവകാശങ്ങൾ മാനിക്കപ്പെടുമോ, വികസനത്തിന്റെ ഗുണദോ ഷങ്ങൾ നീതിയുക്തമായി പങ്ക് വയ്ക്കുമോ, വികസന മുൻഗണനകൾ ജനാ ധിപത്യപരമായിരിക്കുമോ എന്നുള്ളതാണ്. അതുകൊണ്ട് വികസനമെന്നത് വലിയ വിവാദ വിഷയമാണ്. വിവിധ രാജ്യങ്ങൾ അനുവർത്തിച്ചുപോരുന്ന വികസന മാതൃകകൾ ചർച്ചകൾക്കും വിമർശനങ്ങൾക്കും കാരണമാവുകയും തൽഫലമായി ബദൽ വികസന മാതൃകകൾ ഉയർന്നുവരുകയും ചെയ്യുന്നു. അത്തരമൊരു സാഹചര്യത്തിൽ വികസനത്തിന്റെ വിശാലമായ ധാരണ ഒരു രാജ്യത്തിന്റെ വികസനാനുഭവം പരിശോധിക്കുന്നതിനുള്ള മാനദണ്ഡ മാണ്.

## 10.2 വികസനത്തിന്റെ വെല്ലുവിളി (THE CHALLENGE OF DEVELOPMENT)

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടുകൂടിയാണ് വികസനമെന്ന സങ്കല്പത്തിന് പ്രാധാന്യം ലഭിക്കുന്നത്. ഏഷ്യയിലും ആഫ്രിക്കയിലുമുള്ള ധാരാളം രാജ്യങ്ങൾക്ക് സ്വാതന്ത്ര്യം ലഭിച്ച കാലഘട്ടമാണിത്. ഈ രാജ്യ ങ്ങൾ മിക്കതും ദരിദ്രവും അവിടുത്തെ ജനതയുടെ ജീവിത നിലവാരം വളരെ താഴ്ന്നതുമായിരുന്നു. ഇവരെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയിൽ വളരെ പിന്നോ ക്കമായിരുന്നു. ഇവരെ മിക്കപ്പോഴും അവികസിതമെന്നും വികസ്വരമെന്നും

വിളിച്ചുപോരുന്നു. അമേരിക്കയിലെയും പാശ്ചാത്യയുറോപ്പിലെയും ധനികരാജ്യങ്ങളുമായിട്ടാണ് ഇവരെ താരതമ്യം ചെയ്തിരുന്നത്.



*If this project comes up we will be finished!*

ഏഷ്യയിലെയും ആഫ്രിക്കയിലെയും രാജ്യങ്ങൾ 1950–1960 കാലഘട്ടങ്ങളിൽ കോളനി വാഴ്ചയിൽ നിന്ന് മുക്തമാക്കപ്പെട്ടു. ദാരിദ്ര്യം, തൊഴിലില്ലായ്മ, പോഷകാഹാരകുറവ്, നിരക്ഷരത, വലിയൊരു ജനവിഭാഗങ്ങൾക്ക് അടിസ്ഥാന ആവശ്യങ്ങളുടെ അഭാവം തുടങ്ങിയ നിരവധി പ്രശ്നങ്ങൾക്ക് അടിയന്തിരമായി പരിഹാരം കാണുക എന്നതായിരുന്നു ഇവരുടെ മുഖ്യ ലക്ഷ്യം. ഇത്തരത്തിലുള്ള പിന്നോക്കാവസ്ഥയുടെ കാരണം കോളനി വാഴ്ചക്കാലത്ത് അവരുടെ വിഭവങ്ങൾ മുഴുവനും പാശ്ചാത്യരുടെ വികസനത്തിനായി ഉപയോഗിച്ചതാണോ? സ്വാതന്ത്ര്യം നേടിയതോടുകൂടി ദേശീയ താല്പര്യത്തിനായി വിഭവങ്ങളെ ശരിയായ രീതിയിൽ ഉപയോഗിക്കുവാൻ അവർക്കു കഴിഞ്ഞു. പിന്നോക്കാവസ്ഥ മറികടക്കുന്നതിനായി നയരൂപീകരണം നടത്തുന്നതിനും പഴയ കോളനി യജമാനന്മാരുടെ ജീവിത നിലവാരത്തിലേയ്ക്ക് ഉയരുന്നതിനും ഇത് അവസരമുണ്ടാക്കിക്കൊടുത്തു. ഈ കരുത്ത് പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് അവർക്ക് ഉത്തേജനം നൽകി.

വികസനം എന്ന ആശയം വർഷങ്ങളായി ഒട്ടനവധി മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. ആദ്യകാലഘട്ടത്തിൽ വികസനമെന്നത് പാശ്ചാത്യ സാമ്പത്തിക വളർച്ചയും സമൂഹത്തിന്റെ ആധുനികവത്ക്കരണവുമായിരുന്നു. വികസ്വര രാജ്യങ്ങൾ തങ്ങളുടെ മുഖ്യ ലക്ഷ്യമായി കരുതിയത് ഉയർന്ന സാമ്പത്തിക വളർച്ചയാണ്. ഇതിനായി അവർ വ്യവസായവൽക്കരണം, കാർഷികമേഖലയുടെ നവീകരണം, വിദ്യാഭ്യാസ മേഖലയുടെ വ്യാപനവും നവീകരണവും എന്നിവ ഉന്നമിട്ടു. സാമൂഹിക സാമ്പത്തിക മാറ്റങ്ങൾക്ക് തുടക്കമിടാൻ രാഷ്ട്രത്തിനുമാത്രമേ കഴിയുകയുള്ളുവെന്ന് അക്കാലത്ത് വിശ്വസിച്ചിരുന്നു. വികസിതരാജ്യങ്ങളുടെ ധനസഹായത്തോടും വായ്പയോടും കൂടി വികസനപദ്ധതികൾ നടപ്പിലാക്കാൻ പല രാജ്യങ്ങൾക്കും കഴിഞ്ഞു.

ഇന്ത്യയിൽ 1950 കളിൽ വികസനം ലക്ഷ്യമിട്ടുകൊണ്ട് പഞ്ചവത്സര പദ്ധതികൾക്ക് തുടക്കം കുറിച്ചു. ഭക്രാനംഗൽ അണക്കെട്ട്, ധാതുഖനനം, രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ഉരുക്ക് നിർമാണശാലകളുടെ നിർമാണം, രാസവള നിർമാണം, കാർഷികരംഗത്ത് പുതിയ സാങ്കേതികവിദ്യകൾ, കാർഷിക അഭിവൃദ്ധിക്കായി വളങ്ങളും കീടനാശിനികളും തുടങ്ങി വലിയ പദ്ധതികളും ഇതിന്റെ ഭാഗമായി നടപ്പിലാക്കി. ഇത്തരത്തിലുള്ള ബഹുമുഖവികസന തന്ത്രം സമ്പദ്‌വ്യവസ്ഥയിലും വലിയമാറ്റമുണ്ടാക്കുമെന്ന് പ്രതീക്ഷിച്ചു. അതുപോലെ അഭിവൃദ്ധി പാവപ്പെട്ട ജനവിഭാഗത്തിലേക്ക് സാവധാനം ഊർന്നിറങ്ങുമെന്നും (trickle down ) അതുവഴി അസമത്വം കുറയുമെന്നും പ്രതീക്ഷിക്കുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT) പോലുള്ള പുത്തൻ വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചുകൊണ്ട് ലോകത്തെ വിവിധരാജ്യങ്ങളിലെ ഇത്തരം സ്ഥാപനങ്ങളുമായി സഹകരിച്ച് അവർ സ്വായത്തമാക്കിയ പുത്തൻ അറിവുകൾ നേടിയെടുക്കാനുള്ള ശ്രമത്തിന് മുൻഗണന നൽകി. വികസനപ്രക്രിയ സമൂഹത്തെ ആധുനികവത്ക്കരിക്കുകയും മുൻപോട്ടുള്ള പ്രയാണത്തിന് മാർഗനിർദ്ദേശം നൽകുകയും ചെയ്യുമെന്ന് വിശ്വസിക്കുന്നു.

എന്നിരുന്നാലും ഇന്ത്യയും മറ്റു രാജ്യങ്ങളും സ്വീകരിച്ച വികസന മാതൃകകൾ കഴിഞ്ഞ കാലങ്ങളിൽ വ്യാപകമായി വിമർശിക്കപ്പെടുകയും ഇത് വികസന പ്രക്രിയയെയും അതിന്റെ ലക്ഷ്യത്തെയും പറ്റി പുനർവിചിന്തനം നടത്തുവാൻ കാരണമാവുകയും ചെയ്തു.

**നമുക്കിതുചെയ്യാം**

നിങ്ങൾ സ്ഥിരമായി തിരസ്ക്കരിക്കുന്ന/പുറന്തള്ളുന്ന വസ്തുക്കളുടെ ഒരു പട്ടിക തയ്യാറാക്കുക. മാരകമായ മാലിന്യ നിക്ഷേപം കുറയ്ക്കുന്നതിനായി എങ്ങനെ അവയെ പുനരുത്പാദിപ്പിക്കാമെന്നും പുന:രുപയോഗിക്കാമെന്നും ചിന്തിക്കുക.

## 10.3 വികസനമാതൃകകളുടെ വിമർശനങ്ങൾ (Criticisms of Development Models)

ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്ന വികസനമാതൃകകൾ വികസ്വരരാജ്യങ്ങൾക്ക് വളരെ ചെലവ് കൂടിയതാണെന്ന് വിമർശകർ അഭിപ്രായപ്പെടുന്നു. വികസന പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക ചെലവ് വികസ്വരരാജ്യങ്ങളെ ദീർഘകാല കടത്തിലേക്ക് തള്ളിവിടുന്നു. ഇന്നത്തെ സാഹചര്യത്തിൽ ആഫ്രിക്കൻ രാജ്യങ്ങൾ ധനികരാജ്യങ്ങളിൽ നിന്ന് ഭീമമായതുക കടം വാങ്ങിയതിന്റെ വീർപ്പു മുട്ടലിലാണ്. വികസനത്തിന്റെ ആനുപാതിക നേട്ടം ലഭ്യമാകാതെ ദാരിദ്ര്യവും പട്ടിണിയും പകർച്ചവ്യാധികളും ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ ഇന്നും തുടരുന്നു.

## വികസനത്തിന്റെ സാമൂഹിക ചെലവ്
**(The Social Costs of Development)**

ഇത്തരത്തിലുള്ള വികസനമാതൃകകൾ വലിയ സാമൂഹിക ചെലവിനു കാരണമാകും. വലിയ അണക്കെട്ടുകൾ, വ്യവസായശാലകൾ, ഖനനപ്രവർത്തനങ്ങൾ, മറ്റു പദ്ധതികൾ എന്നിവയിലൂടെ വലിയൊരു ജനവിഭാഗം അവരുടെ വാസസ്ഥലങ്ങളിൽ നിന്നും ആവാസവ്യവസ്ഥയിൽ നിന്നും കുടിയിറക്കപ്പെട്ടു. ഇത്തരത്തിലുള്ള കുടിയിറക്കൽ ജീവനോപാധികളുടെ നഷ്ടത്തിനും ദാരിദ്ര്യം കൂട്ടുന്നതിനും കാരണമാകുന്നു. ഗ്രാമീണകാർഷിക സമൂഹങ്ങൾ അവരുടെ പരമ്പരാഗത തൊഴിലുകളിൽ നിന്നും പ്രദേശങ്ങളിൽ നിന്നും പുറന്തള്ളപ്പെടുകയും ഗ്രാമത്തിലെയും നഗരത്തിലെയും ദരിദ്രരുടെ എണ്ണം പെരുകുകയും ചെയ്യുന്നു. മറ്റൊരു സ്ഥലത്തേക്ക് മാറ്റി പാർപ്പിക്കുക വഴി അവർ ആർജ്ജിച്ചെടുത്ത പരമ്പരാഗത തൊഴിലുകളും സാംസ്കാരിക തനിമയും നഷ്ടപ്പെട്ടേക്കാം. ഇത്തരത്തിലുള്ള കുടിയിറക്കൽ പലരാജ്യങ്ങളിലും പല പോരാട്ടങ്ങളിലേക്കും സംഘർഷങ്ങളിലേക്കും നയിക്കുന്നു.

വാസസ്ഥലം നഷ്ടപ്പെട്ടവർ ഒരിക്കലും വിധിയെ അലസമായി സ്വീകരിക്കാൻ തയാറാവില്ല. നിങ്ങൾ 'നർമ്മദ ബച്ചാവോ ആന്ദോളനെ'ക്കുറിച്ച് കേട്ടിട്ടുണ്ടാകും. അത് നർമ്മദ നദിക്കു കുറുകെ നിർമ്മിക്കുന്ന സർദാർ സരോവർ അണക്കെട്ടിനെതിരെ ദീർഘകാലമായി നടത്തുന്ന ജനകീയ പ്രക്ഷോഭമാണ്. വലിയതോതിൽ വൈദ്യുതി ഉല്പാദിക്കപ്പെടുമെന്നും വലിയ ഭൂപ്രദേശത്ത് ജലസേചനം നടത്തുമെന്നും വരൾച്ചാമേഖലയായ കച്ചിലെയും സൗരാഷ്ട്രയിലെയും ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുമെന്നും അണക്കെട്ടിനെ അനുകൂലിക്കുന്നവർ അവകാശപ്പെടുന്നു. എതിർക്കുന്നവരാകട്ടെ ഈ വാദഗതികളെ തള്ളിക്കളയുന്നു. ഈ പദ്ധതി പൂർത്തിയാകുന്നതോടെ ഏകദേശം ഒരു ദശലക്ഷത്തോളം ആളുകളുടെ ഭൂമിയും ജീവനോപാധികളും വെള്ളത്തിൽ ആണ്ടുപോകുമെന്നും അവർ അവകാശപ്പെടുന്നു. ഇവരിൽ കൂടുതൽ പേരും ദളിതരും ആദിവാസികളും അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുമാണ്. അണക്കെട്ടിന്റെ നിർമ്മാണം വലിയ പാരിസ്ഥിതിക അസന്തുലിതാവസ്ഥയ്ക്കും വനനശീകരണത്തിനും കാരണമാകുന്നുവെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

## വികസനത്തിന്റെ പാരിസ്ഥിതിക ചെലവ്
**(Environmental Costs of Development)**

വികസനം തീർച്ചയായും പലരാജ്യങ്ങളിലും വലിയപാരിസ്ഥിതിക അപചയത്തിന് കാരണമാവുകയും കുടിയിറക്കപ്പെട്ടവരും അല്ലാത്തവരും ഇതിന്റെ പരിണിതഫലങ്ങൾ അനുഭവിക്കേണ്ടതായും വരുന്നു. തെക്കും തെക്ക് പടിഞ്ഞാറ് ഏഷ്യൻ രാജ്യങ്ങളിലും വീശിയടിച്ച സുനാമിത്തിരകൾക്ക്

## കെൻ സാരോ വിവ



നിങ്ങളുടെ വീടിന്റെ പിൻവശത്ത് ഒരു നിധി ഒളിഞ്ഞിരിക്കുന്നതായി സങ്കല്പിക്കുക. വികസനത്തിന്റെ പേരുപറഞ്ഞ് ആ നിധി അധികാരികൾ അല്പാല്പം കവർന്നെടുത്താൽ നിങ്ങൾക്ക് എന്ത് തോന്നും? ഈ വികസനം നിങ്ങളുടെ ജീവിത നിലവാരത്തിലോ നിങ്ങൾ ജീവിക്കുന്ന കോളനിയുടെ സൗകര്യങ്ങളിലോ പ്രതിഫലിക്കുന്നുമില്ല. മാത്രമല്ല, നിധിയുടെ ഉറവിടം എന്ന നിലയിൽ നിങ്ങളുടെ വീട് വികസനത്തിന്റെ വക്താക്കൾ സ്ഥിരമായി അതിക്രമിച്ച് കടക്കുന്നിടമാകാം. നിധിയിരിക്കുന്ന വീട്ടുകാരോടുള്ള കടുത്ത അനീതിയല്ലേ ഇത്?

നൈജീരിയയിലെ ഒഗോണിയയിൽ 1950–കളിൽ എണ്ണ നിക്ഷേപം കണ്ടെത്തുകയും അവിടെ ക്രൂഡ് ഓയിൽ ഖനനം ആരംഭിക്കുകയും ചെയ്തു. പെട്ടെന്ന് ആ പ്രദേശത്തിന്റെ ചുറ്റുപാടും സാമ്പത്തിക പുരോഗതിയും വൻവ്യവസായവും ചേർന്ന് സങ്കീർണ്ണമായ രാഷ്ട്രീയ ഉപചാപങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും അഴിമതിയും ഉടലെടുത്തു. എന്നാൽ എണ്ണ കണ്ടെത്തിയ പ്രദേശത്തിന്റെ വികസനം ഇതു വഴി തടയപ്പെട്ടു.

പ്രശസ്തനായ എഴുത്തുകാരനും പത്രപ്രവർത്തകനും ടെലിവിഷൻ പരിപാടികളുടെ നിർമ്മാതാവുമായിരുന്ന ഒഗോണിയൻ വംശജനായ കെൻ സാരോ വിവ അദ്ദേഹത്തിന്റെ കൃതിയിൽ ചുറ്റും നടക്കുന്ന എണ്ണ പ്രകൃതിവാതക ചൂഷണം നിരീക്ഷിക്കുകയും അതിനോട് പ്രതികരിക്കുകയും ചെയ്തു. എണ്ണ പ്രകൃതി വാതക കമ്പനികൾ പാവപ്പെട്ട ഒഗോണിയൻ കർഷകരെ സമ്പന്നരുടെ കാൽ ചുവട്ടിലാക്കുകയും അവരുടെ അവകാശങ്ങൾ നിഷേധിക്കുകയും ഭൂമി മലിനമാക്കുകയും ചെയ്തു.

സാരോ വിവ 1990–ൽ ദി മൂവ്മെന്റ് ഫോർ ദ സർവൈവൽ ഓഫ് ദ ഒഗോണിയ പീപ്പിൾ (MOSOP) എന്നറിയപ്പെടുന്ന ഒരു സമാധാന സമരം നയിക്കുകയും അത് ഏറ്റവും താഴെത്തട്ടിലുള്ള ഒരു തുറന്ന രാഷ്ട്രീയ പ്രസ്ഥാനമായി മാറുകയും ചെയ്തു. അതൊരു ഫലപ്രദമായ സമരമായിത്തീരുകയും എണ്ണ കമ്പനികൾക്ക് ഒഗോണിയിൽ നിന്ന് 1993–ൽ പിൻവലിയേണ്ടതായും വന്നു. എന്നാൽ സാരോവിവയ്ക്ക് അതിന് വലിയ വില നൽകേണ്ടതായി വന്നു. നൈജീരിയയിലെ പട്ടാള ഭരണം അദ്ദേഹത്തെ ഒരു കൊലപാതക കേസിൽ കുടുക്കുകയും സൈനിക കോടതി വധശിക്ഷയ്ക്ക് വിധിക്കുകയും ചെയ്തു. ഒഗോണി വിട്ടുപോകേണ്ടി വന്ന ബഹുരാഷ്ട്രകുത്തകയായ ഷെൽ എന്ന എണ്ണ കമ്പനിക്കുവേണ്ടിയാണ് ഗവൺമെന്റ് ശിക്ഷ വിധിച്ചതെന്ന് സാരോവിവ ആരോപിച്ചു. ലോകത്താകമാനമുള്ള മനുഷ്യാവകാശ സംഘടനകൾ കെൻസാരോ വിവയുടെ വിചാരണയ്ക്കെതിരെ രംഗത്തു വരികയും അദ്ദേഹത്തിന്റെ മോചനത്തിനായി മുറവിളി കൂട്ടുകയും ചെയ്തു. ലോകവ്യാപകമായ പ്രതിഷേധത്തെ വകവക്കാതെ നൈജീരിയൻ ഭരണകൂടം 1995–ൽ കെൻസാരോ വിവയെ കൊലപ്പെടുത്തി.

### പാരിസ്ഥിതികവാദം

മലിനീകരണം, മാലിന്യം കൈകാര്യം ചെയ്യൽ, സുസ്ഥിര വികസനം, വംശനാശം സംഭവിക്കുന്ന ജീവജാലങ്ങളുടെ സംരക്ഷണം, ആഗോളതാപനം തുടങ്ങിയവയെപറ്റി മിക്കപ്പോഴും കേട്ടുകാണു മല്ലോ? പ്രകൃതിവിഭവങ്ങളും പരിസ്ഥിതിയും സംര ക്ഷിക്കുന്നതിനായുള്ള സ്ഥിരം പല്ലവി നിങ്ങൾക്ക റിയുമോ? പ്രകൃതിയുടെ താളം തെറ്റിക്കാതെ പരി സ്ഥിതിസൗഹൃദമായി ജീവിക്കാൻ പരിസ്ഥിതി പ്രവർത്തകർ നമ്മെ ഉദ്ഘോഷിക്കുന്നു. ക്ഷണിക മായ ആഗ്രഹപൂർത്തീകരണം നിറവേറ്റുന്നതിന് പ്രകൃതിയെ നശിപ്പിക്കരുത്. അവരുടെ കാഴ്ച പ്പാടിൽ പ്രകൃതി വിഭവങ്ങളെ നശിപ്പിക്കുകയും ഭൂമിയെ തരിശാക്കുകയും നദികളെ വിഷലിപ്ത മാക്കുകയും വായുവിനെ മലിനപ്പെടുത്തുകയും ചെയ്യുന്ന തലത്തിലേക്ക് നമ്മുടെ ഉപഭോഗതൃഷ്ണ വളർന്നിരിക്കുന്നു. ഭാവിതലമുറയ്ക്ക് ദോഷകര മായി മാറിയിരിക്കുന്നു.

പാരിസ്ഥിതിക പ്രസ്ഥാനത്തിന്റെ തുടക്കം വ്യവ സായവത്ക്കരണത്തെ എതിർത്തുകൊണ്ട് 19-ാംനൂറ്റാണ്ടിൽ ഉണ്ടായ പ്രക്ഷോഭങ്ങളാണ്. ഇന്ന് പരിസ്ഥിതി പ്രസ്ഥാനം ലോകത്താകമാനം ഒരു പ്രതിഭാസമായി വളരുകയും ആയിരകണക്കിന് ഗവൺമെന്റ് ഇതര സംഘടനകളും ഹരിതപാർട്ടി (Green Party)കളും ഉൾക്കൊള്ളുന്ന ഒന്നായി മാറിയിരുന്നു. ഗ്രീൻ പീസ്, ലോക വന്യജീവി നിധി (World wide Wild life fund), ഹിമാലയൻ വനമേ ഖല സംരക്ഷിക്കാനുള്ള ചിപ്കോ പ്രസ്ഥാനം തുട ങ്ങിയവ വളരെ പ്രശസ്തമായ പരിസ്ഥിതി പ്രസ്ഥാ നങ്ങളാണ്. ഈ പ്രസ്ഥാനങ്ങൾ പരിസ്ഥിതി ലക്ഷ്യ ങ്ങളെ മുൻനിർത്തി ഗവൺമെന്റിന്റെ വ്യവസായ വികസന നയങ്ങളിൽ പരിഷ്ക്കരണം കൊണ്ടുവരു വാൻ സമ്മർദം ചെലുത്തികൊണ്ടിരിക്കുന്നു.

ആഘാതം കൂട്ടുവാനുള്ള പ്രധാന കാരണമായി വിലയിരുത്തപ്പെട്ടത് കണ്ടൽ കാടുകളുടെ നശീകരണവും സമുദ്രതീരങ്ങളിലുള്ള വ്യാപാരസമുച്ച യങ്ങളുടെ നിർമാണവുമാണ്. നിങ്ങൾ ആഗോളതാപനത്തെക്കുറിച്ച് കേട്ടിട്ടു ണ്ടാകുമല്ലോ? ഹരിതഗൃഹവാതകങ്ങ ളുടെ നിർഗമനം മൂലം അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുകയും ഓസോൺ പാളികൾക്ക് വിള്ളലുണ്ടാ വുകയും ആർട്ടിക്കിലെയും അന്റാർട്ടി ക്കയിലെയും മഞ്ഞുരുകുകയും ചെയ്യു ന്നു. ബംഗ്ലാദേശും മാലിദ്വീപും പോലെ സമുദ്രനിരപ്പിന് താഴെ സ്ഥിതി ചെയ്യുന്ന രാജ്യങ്ങൾ കടലിൽ മുങ്ങി ത്താഴുന്നതിനും വെള്ളപ്പൊക്കമുണ്ടാ ക്കുന്നതിനും ഇതുകാരണമാകുന്നു.

പാരിസ്ഥിതിക പ്രശ്നങ്ങൾ മൂലമു ണ്ടാകുന്ന ദോഷങ്ങൾ നമ്മെ ദീർഘ കാലം പിൻതുടരും. ധനിക ദരിദ്ര വ്യത്യാസമില്ലാതെ വായുമലിനീക രണം ഇപ്പോൾതന്നെ ഒരു പ്രശ്ന മായി മാറിയിരിക്കുകയാണ്. വിഭവങ്ങ ളുടെ യുക്തി രഹിതമായ ഉപയോഗം അധികം താമസിയാതെ തന്നെ ദരിദ്ര ജനവിഭാഗങ്ങളെ കൂടുതൽ ദോഷക രമായി ബാധിക്കും. വനനശീകരണം വിറകിനും മരുന്നിനും ആഹാരത്തിനും വനത്തെ ആശ്രയിക്കുന്നവരെ ദോഷ കരമായി ബാധിക്കും. പുഴകളും കുള ങ്ങളും വറ്റിവരളുന്നതും ഭൂഗർഭജലനി രപ്പ് താഴുന്നതും മൂലം ജലം ശേഖരി ക്കുവാൻ സ്ത്രീകൾക്ക് ഏറെ ദൂരം നട ക്കേണ്ടി വരുന്നു.

ഇപ്പോൾ സ്വീകരിച്ചു വരുന്ന വികസന മാതൃകകൾ എല്ലാം അമിത ഊർജ്ജ ഉപയോഗത്തിൽ അധിഷ്ഠിതമാണ്. ലോകത്താകമാനം ഇന്നുല്പാദിപ്പിക്കുന്ന ഊർജ്ജം പുനരുത്പാദിപ്പിക്കാൻ കഴിയാത്ത പെട്രോളിയത്തിൽ നിന്നും കൽക്കരിയിൽ നിന്നുമാണ്. വർദ്ധിച്ചുവരുന്ന ഉപഭോഗതാൽപര്യം നിറവേറ്റുന്നതിനായി ആമസോണിലെ നിത്യഹരിത വനമേഖലപോലും നശിപ്പിക്കപ്പെടുന്നു. സമൃദ്ധമായ ജീവിതം നയിക്കുന്നതിനായി പുരോഗതി പ്രാപിച്ച രാജ്യങ്ങൾക്ക് മാത്രമല്ല ലോകത്താകമാനമുള്ള ജനവിഭാഗങ്ങൾക്ക് പുനരുപയോഗിക്കുവാൻ കഴിയുന്ന വിഭവങ്ങൾ ഇന്ന് ലഭ്യമാണോ? വിഭവങ്ങൾ പരിമിതമായതിനാൽ ഈ ചോദ്യത്തിന് ഉത്തരം 'ഇല്ല' എന്നാണ്. വരുംതലമുറയുടെ ഭാവി എന്താകും? വിഭവശോഷണം സംഭവിച്ച ഭൂമിയും തീർത്താൽ തീരാത്ത പ്രശ്നങ്ങളുമാണോ വരുംതലമുറയ്ക്കായി നമ്മൾ കൈമാറുക?

## വികസനം വിലയിരുത്തൽ (Assessing Development)

വികസനം ലോകത്തിന് ദോഷം മാത്രമേ പ്രദാനം ചെയ്യൂ എന്ന സങ്കല്പം തെറ്റാണ്. സാമ്പത്തിക വളർച്ച നേടുന്നതിലും ദാരിദ്ര്യം ലഘൂകരിക്കുന്നതിലും ചില രാജ്യങ്ങൾ വിജയം കൈവരിച്ചിട്ടുണ്ട്. മൊത്തത്തിൽ വിലയിരുത്തുമ്പോൾ വികസ്വരരാജ്യങ്ങളിൽ ഇന്നും അസമത്വവും ദാരിദ്ര്യവും ഒരു പ്രധാന പ്രശ്നമായി തുടരുന്നു. മുൻപ് സൂചിപ്പിച്ചതുപോലെ വികസനത്തിന്റെ സദ്ഫലങ്ങൾ സമൂഹത്തിലെ പാവപ്പെട്ടവരിലേക്ക് കിനിഞ്ഞിറങ്ങുകയും അവരുടെ ജീവിത നിലവാരം ഉയരുകയും ചെയ്യുമെന്നാണ് കരുതിയതെങ്കിലും ആഗോളതലത്തിൽ ധനികനും ദരിദ്രനും തമ്മിലുള്ള വിടവ് വർദ്ധിച്ചു വരുകയാണ്. വൻതോതിൽ വളർച്ചാനിരക്ക് കൈവരിച്ച രാജ്യങ്ങളിൽപ്പോലും സമ്പത്തിന്റെയും വിഭവങ്ങളുടെയും നീതിയുക്തമായ വിതരണം നടക്കുന്നില്ല. സാമ്പത്തിക വളർച്ചയും വിഭവങ്ങളുടെ പുനർവിതരണവും ഒരുമിച്ചു പോകാതിരുന്നാൽ ഇതിന്റെ ഗുണഫലങ്ങൾ പ്രബല വിഭാഗങ്ങൾ സ്വായത്തമാക്കുന്നു.

വികസനത്തെക്കുറിച്ച് ഒരു വിശാല സങ്കല്പം സ്വീകരിക്കണമെന്ന് ഇപ്പോൾ തിരിച്ചറിഞ്ഞിരിക്കുന്നു. സാമ്പത്തിക വളർച്ചയ്ക്ക് നൽകുന്ന അമിതമായ പ്രാധാന്യം ശരിയായ ഒരു സാമ്പത്തിക വളർച്ച ഉണ്ടാക്കുന്നില്ലെന്ന് മാത്രമല്ല, നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. അതുകൊണ്ട് വികസനമെന്നതിനെ വിശാലമായ അർത്ഥത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം ഉയർത്തുന്ന പ്രക്രിയയായി വിലയിരുത്താം.

വികസനത്തെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള പ്രക്രിയയായി വിലയിരുത്തുമ്പോൾ സാമ്പത്തിക വളർച്ചാനിരക്കിനെ മാത്രം അടിസ്ഥാനമാക്കിയുള്ള വികസന കാഴ്ചപ്പാട് നിരർത്ഥകമാണെന്ന് ബോധ്യ

മാകും. അതുകൊണ്ട് വികസനത്തെ വിലയിരുത്തുന്നതിന് മറ്റ് ബദൽ മാർഗ്ഗങ്ങൾ ഇന്ന് തേടേണ്ടതുണ്ട്. ഇത്തരത്തിലുള്ള ഒരു ശ്രമമാണ് UNDP (United Nations Development Programme) വർഷം തോറും പ്രസിദ്ധീകരിക്കുന്ന ഐക്യ രാഷ്ട്ര മാനവിക വികസന രേഖ. ഈ റിപ്പോർട്ട് സാമൂഹിക സൂചകങ്ങളായ സാക്ഷരത, വിദ്യാഭ്യാസ നിലവാരം, ആയുർദൈർഘ്യം, മാതൃമരണ നിരക്ക് എന്നീ മേഖലയിലെ നേട്ടങ്ങളെ അടിസ്ഥാനമാക്കി രാഷ്ട്രങ്ങളുടെ മുൻഗണന രേഖപ്പെടുത്തുന്നു. ഈ രീതിയെ മാനവവികസന സൂചിക എന്നു വിളിക്കുന്നു. (ഈ കാഴ്ചപ്പാടനുസരിച്ച് ജനങ്ങൾക്ക് കൂടുതൽ അർത്ഥപൂർണ്ണമായ തെരഞ്ഞെടുക്കലുകൾക്കുള്ള അവസരം ഉണ്ടായിരിക്കണം. ഇതിനുള്ള മുൻഉപാധി ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളുടെ സാക്ഷാത്കാരമാണ്). ഇതിനെ അടിസ്ഥാന ആവശ്യ സമീപനം എന്നു വിളിക്കുന്നു. ഗരീബിഹഠാവോ, 'റൊട്ടികപ്പടാ ഓർ മക്കാൻ' '(Rotti Kapada Aur makan)' 'ബിജിലി, സടക്, പാനി' '(Bijili, Sadak, Pani)' എന്നീ ജനകീയ മുദ്രാവാക്യങ്ങൾ വെളിപ്പെടുത്തുന്ന അടിസ്ഥാന ആശയം മനുഷ്യന്റെ ഈ ആഗ്രഹങ്ങൾ സഫലീകരിച്ചുകൊണ്ടല്ലാതെ അന്തസായ ഒരു ജീവിതം സാധ്യമല്ലെന്നാണ്. ഒരു വ്യക്തിയുടെ ആഗ്രഹം നിറവേറ്റുന്നതിനും ശരിയായവ തെരഞ്ഞെടുക്കുന്നതിനും ആവശ്യങ്ങളിൽ നിന്നുള്ള മോചനവും കഷ്ടതകളിൽനിന്നുള്ള മോചനവും അത്യന്താപേക്ഷിതമാണ്. ഈ കാഴ്ചപ്പാടിൽ വിലയിരുത്തുമ്പോൾ ആഹാരം, പാർപ്പിടം എന്നിവയുടെ അപര്യാപ്തത മൂലമുള്ള പട്ടിണി മരണങ്ങളും കുട്ടികൾ സ്കൂളിൽ പോകാനാകാതെ ജോലി ചെയ്യാൻ നിർബന്ധിതരാകുന്നതും അവികസിത സമൂഹത്തിന്റെ ലക്ഷണമാണ്.



### നമുക്ക് ചിന്തിക്കാം

ഏറ്റവും പുതിയ മാനവിക വികസന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനവിക വികസനസൂചികയെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുക. ക്ലാസിലെ കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പും താഴെപ്പറഞ്ഞിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് (News, Report, Article)അവതരിപ്പിക്കുക.

- ഇന്ത്യയുടെ മാറിക്കൊണ്ടിരിക്കുന്ന മാനവവികസന സൂചികയിലെ സ്ഥാനം
- ഇന്ത്യയുടെ സ്ഥാനം മറ്റ് അയൽ രാജ്യങ്ങളുടേതുമായി താരതമ്യം ചെയ്യുക.
- മാനവിക വികസനസൂചികയിലെ വിവിധ ഘടകങ്ങളും അതിൽ ഓരോന്നിലും ഇന്ത്യ കൈവരിച്ച സൂചികയും
- ഇന്ത്യയുടെ മാനവിക വികസന സൂചികയും നമ്മുടെ സാമ്പത്തിക വളർച്ചയുടെ കണക്കും താരതമ്യം ചെയ്യുക.

## 10.4 വികസനത്തിന്റെ ബദൽ കാഴ്ചപ്പാടുകൾ (ALTERNATIVE CONCEPTIONS OF DEVLOPMENT)

ഇന്നുവരെ അനുവർത്തിച്ചുപോരുന്ന വികസന മാതൃകകളുടെ പോരായ്മകൾ കഴിഞ്ഞ ഭാഗങ്ങളിൽ നമ്മൾ ചർച്ചചെയ്തല്ലോ? ഇവയ്ക്ക് പ്രധാനപ്പെട്ട രണ്ട് പോരായ്മകൾ ചൂണ്ടികാണിക്കപ്പെടുന്നു അതിലൊന്നാണ് മനുഷ്യനും പരിസ്ഥിതിക്കുമുണ്ടാക്കിയ ആഘാതം. വികസനത്തിന്റെ ചെലവും നേട്ടങ്ങളും അസന്തലുതമായിട്ടാണ് ജനങ്ങളുടെ ഇടയിൽ വിതരണം ചെയ്യപ്പെട്ടത് എന്നുള്ളത് മറ്റൊരു പോരായ്മയാണ്. തന്നെയുമല്ല, വിവിധരാജ്യങ്ങൾ സ്വീകരിച്ചിരിക്കുന്ന വികസന തന്ത്രം "മുകൾത്തട്ടിൽ നിന്ന് താഴേത്തട്ടിലേക്ക്" എന്നുള്ളതാണ്. ഇവിടെ വികസനത്തിന്റെ മുൻഗണനാക്രമം നിശ്ചയിച്ചതും തന്ത്രങ്ങൾ അവിഷ്ക്കരിച്ച് നടപ്പാക്കിയതും ഉന്നതശ്രേണിയിലുള്ള രാഷ്ട്രീയനേതൃത്വവും ഉദ്യോഗസ്ഥവൃന്ദവുമാണ്. ഇവിടെ തീരുമാനങ്ങൾ മിക്കപ്പോഴും കൈക്കൊണ്ടത് വികസന പദ്ധതികളുടെ ഇരകളായവരുമായി കൂടിയാലോചിക്കാതെയാണ്. അവരുടെ താൽപര്യങ്ങളോ നൂറ്റാണ്ടുകളായി അവർ ആർജ്ജിച്ച അറിവോ അനുഭവ സമ്പത്തോ കണക്കിലെടുക്കാതെയാണ് വികസന പദ്ധതികൾ നടപ്പിലാക്കിയത്. ജനാധിപത്യ രാജ്യങ്ങളുടെ കാര്യത്തിലും ഏകാധിപത്യ രാജ്യങ്ങളുടെ കാര്യത്തിലും ഇത് ശരിയാണ്. രാജ്യത്തെ വികസനപ്രക്രിയയെ രൂപപ്പെടുത്തിയതും നടപ്പിലാക്കിയതും മിക്കപ്പോഴും ഇതിന്റെ പ്രധാന നേട്ടങ്ങൾ കൊയ്തവരും ഭരണവർഗ്ഗമായിരുന്നു. ഇത് തുല്യവും സുസ്ഥിരവുമായ വികസനത്തെ സംബന്ധിച്ച ബദൽകാഴ്ചപ്പാടുകളെ കുറിച്ചുള്ള ആലോചനകളിലേക്ക് നമ്മെ നയിച്ചു. അവകാശങ്ങൾ, സമത്വം, സ്വാതന്ത്ര്യം, നീതി, ജനാധിപത്യം എന്നീ പ്രശ്നങ്ങളെല്ലാം ബദൽ ആലോചനയിൽ ഉയർന്നുവന്നു. വികസനത്തെ സംബന്ധിച്ചുള്ള ചർച്ചകളുടെ പശ്ചാത്തലത്തിൽ പുതിയ അർത്ഥതലങ്ങൾ എങ്ങനെ ഉണ്ടായിവന്നുവെന്ന് നമുക്ക് പരിശോധിക്കേണ്ടതുണ്ട്.

**നമുക്കിതുചെയ്യാം**

നിങ്ങൾ സ്ഥിരമായി തിരസ്ക്കരിക്കുന്ന/പുറന്തള്ളുന്ന വസ്തുക്കളുടെ ഒരു പട്ടിക തയ്യാറാക്കുക. മാരകമായ മാലിന്യ നിക്ഷേപം കുറയ്ക്കുന്നതിനായി എങ്ങനെ അവയെ പുനരുത്പാദിപ്പിക്കാമെന്നും പുനഃരുപയോഗിക്കാമെന്നും ചിന്തിക്കുക.

### ശരിയായ അവകാശവാദങ്ങൾ (Right Claims)

വികസനത്തിന്റെ ഗുണഫലങ്ങൾ ഏറിയ പങ്കും സമൂഹത്തിലെ ശക്തന്മാർ കവർന്നെടുക്കുകയും പരിസ്ഥിതി നാശത്തിന്റെയും കുടിയൊഴിപ്പിക്കലിന്റെയും ജീവനോപാധികളുടെ നഷ്ടത്തിന്റെയും ദോഷവശങ്ങൾ സമൂഹത്തിലെ പാവപ്പെട്ടവരും ദുർബലരും സഹിക്കേണ്ടതായും വരുന്നു. ഇപ്പോൾ ഉന്നയിക്കപ്പെടുന്ന പ്രധാന പ്രശ്നം ദുരിതബാധിതരായവരുടെ സംരക്ഷണം രാഷ്ട്രവും സമൂഹവും ഏറ്റെടുക്കണമെന്നുള്ളതാണ്. ജനാധിപത്യ സമ്പ്രദായത്തിൽ ജനങ്ങളെ നേരിട്ടു ബാധിക്കുന്ന പ്രശ്നങ്ങളിൽ അവർക്ക് തീരു

**നമുക്ക് ചർച്ച ചെയ്യാം**

നദികൾ ജനങ്ങൾക്കവകാശപ്പെട്ട താണ്. അല്ലാതെ ഗവൺമെന്റിനു ള്ളതല്ല; അതുകൊണ്ട് നദീജല വുമായി ബന്ധപ്പെട്ട എല്ലാ തീരു മാനങ്ങളും ജനങ്ങളുടെ അനുമ തിയോടുകൂടി മാത്രമേ എടു ക്കാൻ പാടുള്ളൂ.

മാനമെടുക്കുവാൻ കഴിയുമോ? ഗവൺമെന്റ് നടപ്പിലാക്കുന്ന ഒരു പദ്ധതി ജനങ്ങളുടെ ജീവനോപാധികളുടെ ഉറവിടങ്ങൾക്ക് ഭീഷണിയാണെങ്കിൽ ജീവനോപാധികൾക്കുള്ള നിങ്ങളുടെ അവകാശം നിലനിൽക്കുമോ? മറ്റൊരു പ്രധാന പ്രശ്നം പ്രകൃതിവിഭവങ്ങളിന്മേലുള്ള അവകാശമാണ്. ഒരു പ്രത്യേക സാമൂഹിക ജീവിതം നയിക്കുകയും പ്രകൃതിക്ക് ഇണങ്ങും വിധം ബന്ധങ്ങൾ സൂക്ഷിക്കുകയും ചെയ്യുന്ന ആദിവാസി-ഗോത്രവിഭാഗങ്ങളെയാണ് ഇത് പ്രത്യേകമായും ബാധിക്കുന്നത്.

ഇവിടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഈ പ്രകൃതിവിഭവങ്ങൾ ആരുടേതാണെന്നതാണ്. ഒരു പ്രത്യേക ജനവിഭാഗത്തിന്റേതാണോ, രാഷ്ട്രത്തിന്റേതാണോ അതോ പൊതുവായി ഉള്ളതാണോ എന്നതാണ് പ്രശ്നം. വിഭവങ്ങൾ മനുഷ്യരാശിക്ക് പൊതുവായിട്ടുള്ളതാണെങ്കിൽ മനുഷ്യരാശി എന്നതിൽ വരും തലമുറകൾ കൂടി ഉൾപ്പെടും. ഇവിടെ ജനാധിപത്യത്തിന്റെ ഏറ്റവും വിലിയ ദൗത്യം എന്നത് വിവിധ ജനവിഭാഗങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളിൽ ധാരണ സൃഷ്ടിക്കുക എന്നതും അതുപോലെ തന്നെ വർത്തമാനത്തെയും ഭാവിയെയും സംബന്ധിച്ചുള്ള അവകാശവാദങ്ങളിൽ സന്തുലനം കൊണ്ടുവരുക എന്നതുമാണ്.

## ജനാധിപത്യ പങ്കാളിത്തം (Democratic Participation)

നിങ്ങളുടെ നന്മയ്ക്കുവേണ്ടി രക്ഷിതാക്കളെയും അധ്യാപകരെയും അനുസരിക്കണമെന്ന് എത്ര പ്രാവശ്യം നിങ്ങളോട് പറഞ്ഞിരിക്കുന്നു. അപ്പോഴൊക്കെ നിങ്ങൾക്ക് പറയണമെന്നുതോന്നിയിട്ടില്ലെ, എനിക്കു നല്ലതാണെങ്കിൽ അതുതീരുമാനിക്കാനുള്ള അവസരം എനിക്കു തരൂ. ജനാധിപത്യവും സ്വേഛാധിപത്യവും തമ്മിലുള്ള വ്യത്യാസം ജനാധിപത്യസമ്പ്രദായത്തിൽ വിഭവങ്ങൾക്ക് വേണ്ടിയുള്ള തർക്കങ്ങളോ മെച്ചപ്പെട്ട ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടോ ചർച്ചകളിലൂടെ പരിഹരിക്കപ്പെടുകയും എല്ലാവരുടെയും അവകാശങ്ങളെ മാനിക്കുകയും ചെയ്യുന്നു. അല്ലാതെ അതൊരിക്കലും മുകളിൽ നിന്ന് അടിച്ചേൽപ്പിക്കുന്നതല്ല. സമൂഹത്തിലെ എല്ലാവർക്കും മെച്ചപ്പെട്ട ജീവിതത്തിനുള്ള അവകാശവും വികസന ലക്ഷ്യങ്ങൾ നിർണ്ണയിക്കുന്നതിലും നടപ്പാക്കുന്നതിലും തുല്യപങ്കാളിത്തവും ഉണ്ടായിരിക്കും. മറ്റുള്ളവർ രൂപീകരിച്ച പദ്ധതി പിൻതുടരുന്നതിലും പദ്ധതി രൂപീകരണത്തിൽ പങ്കാളിയായിരിക്കുന്നതും തമ്മിൽ ഏറെ വ്യത്യാസങ്ങളുണ്ട്. ഒന്നാമതായി മറ്റുള്ളവർ വളരെ നല്ല ഉദ്ദേശലക്ഷ്യത്തോടു കൂടി പദ്ധതി നടപ്പിലാക്കിയാലും നിങ്ങളുടെ യഥാർത്ഥ ആവശ്യത്തെക്കുറിച്ച് അവർ അജ്ഞരായിരിക്കും. രണ്ടാമതായി തീരുമാനമെടുക്കുന്നതിൽ സജീവപങ്കാളിത്തം ലഭിക്കുന്നതിലൂടെ നമ്മുടെ ശാക്തീകരണം സാധ്യമാകും.

ജനാധിപത്യം വികസനവും പൊതുനന്മ ലക്ഷ്യം വച്ചുള്ളതാണ്. പൊതു നന്മയെ എങ്ങനെ നിർവ്വചിക്കാൻ കഴിയും? ജനാധിപത്യരാജ്യങ്ങളിൽ തീരുമാനമെടുക്കൽ പ്രക്രിയയിൽ പൗരന്മാരുടെ പങ്കിന് ഊന്നൽ നൽകുന്നു. പ്രാദേശികമായ വികസനപദ്ധതികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താനുള്ള ഒരു മാർഗമായി കാണുന്നത് തീരുമാനമെടുക്കൽ പ്രക്രിയയിൽ പ്രാദേശിക സമിതിയ്ക്കുള്ള പങ്കാളിത്തത്തെയാണ്. ഇത് പ്രാദേശിക സമിതികളുടെ അധികാര വർദ്ധനവിനും വിഭവങ്ങളുടെ വർദ്ധനവിനും കാരണമാകുന്നു. ഒരു വശത്ത് വികസനവുമായി ബന്ധപ്പെട്ട് ജനങ്ങളെ ഗുരുതരമായി ബാധിക്കുന്ന വിഷയങ്ങളിൽ അവരുടെ അഭിപ്രായം തേടുകയും അതുവഴി ദോഷകരമായ പദ്ധതികളെ തള്ളിക്കളയാനും കഴിയുമെന്ന് വാദിക്കുന്നു. മറുവശത്ത് ആസൂത്രണത്തിലും നയരൂപീകരണത്തിലുമുള്ള ജനപങ്കാളിത്തം അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് വിഭവങ്ങളെ ഉപയോഗിക്കാനുള്ള അവസരം നൽകുന്നു. ഒരു റോഡ് എവിടെ നിർമിക്കണം, ഒരു മെട്രോയുടെയോ പ്രാദേശിക ബസിന്റെയോ പാത എന്തായിരിക്കണമെന്ന് നിശ്ചയിക്കുക, ഒരു സ്കൂളോ പാർക്കോ എവിടെ വേണമെന്ന് തീരുമാനിക്കുക, ഒരു ഗ്രാമത്തിൽ ഒരു തടയണയോ ഇന്റർനെറ്റ് കഫേയോ വേണമെന്ന കാര്യം തീരുമാനിക്കുക തുടങ്ങിയവയൊക്കെ ജനകീയ പങ്കാളിത്തത്തോടെ എളുപ്പത്തിൽ തീരുമാനിക്കാൻ സാധിക്കും.

### നമുക്ക് ചിന്തിക്കാം

നർമ്മദാ താഴ്‌വരയിലെ ദോംകേദി ഗ്രാമത്തിൽ നടന്ന സത്യാഗ്രഹത്തിന്റെ ചിത്രങ്ങളാണിത്. സർദാർ സരോവർ അണക്കെട്ടിന്റെ നിർമ്മാണത്തോടു കൂടി നർമദാ നദിയുടെ താഴ്‌വര മുഴുവനും വെള്ളത്തിനടിയിലായി. "നർമ്മദാബച്ചാവോ ആന്തോളൻ" പ്രതിഷേധക്കാർ ഉയർന്നുവരുന്ന വെള്ളത്തെ നിർഭയം നേരിടാൻ തീരുമാനിച്ചു. ജലം അപകടകരാമാംവിധം പ്രവർത്തകരുടെ കഴുത്തറ്റത്തോളം വരെ ഉയർന്നപ്പോൾ ഗവൺമെന്റ് അവരെ അറസ്റ്റ് ചെയ്തു. ഈ വിവാദത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കണ്ടെത്തുകയും വലിയ അണക്കെട്ടുകളുടെ ഗുണദോഷങ്ങൾ വിലയിരുത്തുകയും ചെയ്യുക. ജലദൗർലഭ്യം പരിഹരിക്കുന്നതിനുള്ള ഒരു നല്ല മാർഗ്ഗമാണ് സർദാർസരോവർ അണക്കെട്ട് എന്ന് നിങ്ങൾ കരുതുന്നുണ്ടോ?







മുകളിൽ പരാമർശിച്ചതുപോലെ വികസനമാതൃക മുകൾത്തട്ടിൽ നിന്ന് താഴേക്കുള്ളതും ജനങ്ങളെ ലക്ഷ്യമാക്കുന്നതുമാണ്. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുവാനുള്ള ഒരു മികച്ച മാർഗമായി ഇത് കരുതപ്പെടുന്നു. ഈ പ്രക്രിയയിൽ ജനങ്ങൾ ആർജിച്ചെടുത്ത കഴിവും അനുഭവങ്ങളും അവഗണിക്കപ്പെട്ടേക്കാം. വികസനത്തെക്കുറിച്ചുള്ള വികേന്ദ്രീകൃത കാഴ്ചപ്പാട് പരമ്പരാഗതവും ആധുനികവുമായ സാങ്കേതികവിദ്യയുടെ സൃഷ്ടിപരമായ ഉപയോഗം സാധ്യമാക്കുന്നു.




## വികസനവും ജീവിത ശൈലിയും

**(Development and Life Style)**

വികസനത്തിന്റെ ബദൽ മാതൃക എല്ലായ്പ്പോഴും ചെലവ് ചുരുക്കി പരിസറിതിസൗഹൃദമായുള്ള, സാങ്കേതികവിദ്യ ഉപയോഗിച്ചായിരിക്കണം. വികസനത്തെ ജനങ്ങൾ എത്ര മൊബൈൽ ഫോൺ ഉപയോഗിക്കുന്നോ, എത്ര അത്യാധുനിക സാങ്കേതിക വിദ്യയിലുള്ള ആയുധം വികസിപ്പിച്ചോ, ജനങ്ങൾ ഉപയോഗിക്കുന്ന കാറിന്റെ വലിപ്പം എന്നിവയുടെ അടിസ്ഥാനത്തിലോ അല്ല വിലയിരുത്തേണ്ടത്. മറിച്ച് ജനങ്ങൾ മെച്ചപ്പെട്ട ജീവിതം

സന്തോഷപ്രദമായും സുഖകരമായും നയിക്കുന്നോ എന്നും അവരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നുണ്ടോ എന്നും നോക്കിയാണ്. പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കുന്നതോടൊപ്പം പുനരുൽപാദന ശേഷിയുള്ള ഊർജസ്രോതസുകളുടെ ഉപയോഗവും സാധ്യമാക്കണം. മഴവെള്ള സംഭരണം, സൗരോർജ്ജ ജൈവപദ്ധതികൾ, ചെറുകിട വൈദ്യുത പദ്ധതികൾ, കംപോസ്റ്റ് കുഴികളിൽ നിർമിച്ച ജൈവവള നിർമാണം എന്നിവ ഈ ദിശയിലുള്ള പ്രവർത്തനങ്ങൾക്കുദാഹരണമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ പ്രാദേശികമായി ചെയ്താൽ ഉയർന്ന തോതിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്താം: വലിയ പുരോഗതി സാദ്ധ്യമാക്കുവാനുള്ള മാർഗം വലിയ പദ്ധതികൾ മാത്രമല്ല. വലിയ അണക്കെട്ടുകളെ എതിർക്കുന്നവർ ചെറിയ അണക്കെട്ടുകളുടെയും തടയണകളുടെയും ബണ്ടുകളുടെയും നിർമാണത്തെ അനുകൂലിക്കുന്നു. ഇതാകട്ടെ ചെറിയ ചെലവിൽ പൂർത്തിയാക്കാൻ കഴിയുന്നതും ചുരുങ്ങിയ തോതിലുള്ള കുടിയൊഴിപ്പിക്കലിലൂടെ സാദ്ധ്യമാക്കാവുന്നതുമാണ്. ഇത് പ്രാദേശിക ജനവിഭാഗത്തിന് കൂടുതൽ ഉപകാരപ്രദമായിരിക്കും.

നമ്മുടെ ജീവിതരീതിയിൽ മാറ്റം വരുത്തി പുനരുപയോഗിക്കുവാൻ കഴിയാത്ത ഊർജ്ജ സ്രോതസുകളുടെ ഉപയോഗം നമുക്ക് കുറക്കാവുന്നതാണ്. ഇത് വളരെ തന്ത്രപരമായ നിലപാടാണ്. കാരണം ജനങ്ങൾ താഴ്ന്ന ജീവിത നിലവാരം പിൻതുടരാൻ ആവശ്യപ്പെടുന്നത് അവരുടെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെ ഹനിക്കലായി കണക്കാക്കിയേക്കാം. ജീവിത ശൈലിയുടെ ബദൽ മാതൃകയെ സംബന്ധിച്ചുള്ള ചർച്ചകൾ അർത്ഥം വെയ്ക്കുന്നത് സ്വാതന്ത്ര്യവും സൃഷ്ടിപരതയും ഉദ്ഘോഷിക്കുന്ന നല്ല ജീവിതത്തിന്റെ ബദൽ മാതൃകകൾ രൂപപ്പെടുത്തിക്കൊണ്ടാണ്. ഇങ്ങനെയുള്ള ഏത് നയവും രാജ്യത്തെ ഗവൺമെന്റും ജനങ്ങളും തമ്മിലുള്ള ശക്തമായ സഹകരണം ആവശ്യപ്പെടുന്നു. ജനാധിപത്യരീതിയിലുള്ള വികസനമാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. പൂർണസ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണമായി കണക്കാക്കിയാൽ ജനങ്ങൾ വെറും ഉപഭോക്താവെന്ന നിലയിൽ നിന്നും വികസന ലക്ഷ്യത്തെ രൂപപ്പെടുത്തുന്ന മുഖ്യ പങ്കാളിയായി മാറുന്നത് കാണാം. അപ്പോൾ വികസന വിഷയങ്ങളിൽ സമവായം സാദ്ധ്യമാകും. ഈ പ്രക്രിയയിൽ രാജ്യത്തിന്റെ അവകാശങ്ങളേയും സ്വാതന്ത്ര്യത്തേയും നീതിയേയും സംബന്ധിക്കുന്ന സങ്കല്പങ്ങൾ കൂടുതൽ വിശദമായ തലത്തിലേക്ക് വികാസം പ്രാപിക്കുന്നതായി കാണാം. അപ്പോൾ വിവിധ വിഷയങ്ങളിൽ സമവായം സാദ്ധ്യമാകുന്നു. ഈപ്രക്രിയയിൽ രാജ്യത്തിന്റെ അവകാശങ്ങളേയും സ്വാതന്ത്ര്യത്തേയും നീതിയേയും സംബന്ധിക്കുന്ന സങ്കൽപം കൂടുതൽ വിശാലമായ തലത്തിലേക്ക് വികാസം പ്രാപിക്കുന്നതായി കാണാം.

# ഉപസംഹാരം

വികസനംകൊണ്ടർത്ഥമാക്കുന്നത് മെച്ചപ്പെട്ട ജീവിതത്തോടുള്ള അഭിലാഷമാണ്. മനുഷ്യന്റെ എല്ലാ മുന്നോട്ടുള്ള പോക്കിനും ശക്തമായി വർത്തിക്കുന്ന ഘടകവും ഇതാണ്. വളരെ വ്യാപകമായി സ്വീകരിക്കപ്പെട്ട പല വികസന മാതൃകകളും എങ്ങനെയാണ് വിമർശനാത്മകമായി വിലയിരുത്തപ്പെടുന്നതെന്ന് ഈ പാഠത്തിൽ നിന്ന് മനസിലാക്കാൻ കഴിഞ്ഞു. കൂടുതൽ ജനാധിപത്യപരവും സുസ്ഥിരവും സമത്വപൂർണവുമായ ഒരു ബഹുമുഖ അന്വേഷണം നടന്നു വരുകയാണ്.

ഈ പ്രക്രിയയിൽ വിവിധ രാഷ്ട്രീയ സിദ്ധാന്തങ്ങളായ സമത്വം, ജനാധിപത്യം, അവകാശങ്ങൾ എന്നിവ പുനർവ്യാഖ്യാനം ചെയ്യപ്പെടുന്നു.

ഇന്നത്തെ വികസന ലക്ഷ്യങ്ങളെ പിൻതുടരുമ്പോൾ ചില പ്രശ്നങ്ങൽ ഉയർന്നു വരുന്നതായി കാണാം. നമ്മുടെ വികസന രീതികൾ മിക്കതും മറ്റുള്ള ജനങ്ങൾക്കും ലോകത്തിലെ മിക്ക ജീവജാലങ്ങൾക്കും പ്രതികൂലാവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ നാം ഓരോരുത്തരും വിശാലമായ പ്രപഞ്ചത്തിന്റെ ഭാഗമാണെന്നും നമ്മുടെ വിധികൾ പരസ്പരബന്ധിതമാണെന്നും തിരിച്ചറിയേണ്ടതുണ്ട്. കൂടാതെ എന്റെ പ്രവർത്തനങ്ങൾ മറ്റുള്ളവരെ ബാധിക്കുകമാത്രമല്ല എന്റെ ഭാവി സാധ്യതകൾ കൂടി ഇരുളടഞ്ഞതാക്കുന്നു. കേവലം നമ്മുടെ വർത്തമാന ആവശ്യങ്ങൾ മാത്രമല്ല ഭാവി താൽപര്യങ്ങൾകൂടി മുൻനിർത്തി ശ്രദ്ധയോടെയുള്ള തെരഞ്ഞെടുക്കലുകളാണ് ആവശ്യം.

# അഭ്യാസം

അഭ്യാസം

1. വികസനം എന്ന പദംകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? വികസനത്തിന്റെ ഈ നിർവചനം കൊണ്ട് എല്ലാവർക്കും പ്രയോജനമുണ്ടാകുമോ?
2. വിവിധ രാജ്യങ്ങൾ പിൻതുടർന്നുവരുന്ന വികസന മാതൃകകളുടെ സാമൂഹികവും പാരിസ്ഥിതികവുമായ പ്രത്യാഘാതങ്ങൾ ചർച്ച ചെയ്യുക.
3. വികസന സങ്കൽപം സൃഷ്ടിച്ച അവകാശങ്ങൾക്കു വേണ്ടിയുള്ള പുത്തൻ വാദമുഖങ്ങൾ എന്തെല്ലാം?
4. പൊതു നന്മയ്ക്കായി വികസനതീരുമാനങ്ങൾ എടുക്കുന്നതിൽ മറ്റ് ഗവൺമെന്റ് മാതൃകയേക്കാൾ ജനാധിപത്യത്തിനുള്ള മേന്മ എന്താണ്?
5. നിങ്ങളുടെ കാഴ്ചപ്പാടിൽ വികസനം മൂലമുള്ള സാമൂഹിക പാരിസ്ഥിതിക ചെലവുകൾക്കെതിരെ നടക്കുന്ന ജനകീയ സമരങ്ങൾ എത്ര മാത്രം വിജയമായിരുന്നു? ഉദാഹരണം സഹിതം വ്യക്തമാക്കുക.

# പദാവലി

| | | |
|---|---|---|
| അഭയാർഥി | - | Refugee |
| അധികാര വേർതിരിവ് | - | Seperation of powers |
| അസ്പൃശ്യത | - | Untouchability |
| അവസര സമത്വം | - | Equality of opportunity |
| അസമത്വം | - | Inequality |
| അവകാശം | - | Right |
| അന്തസ്സ് | - | Dignity |
| ആമുഖം | - | Preamble |
| ആഗോളവൽക്കരണം | - | Globalisation |
| ആവിഷ്കാര സ്വാതന്ത്ര്യം | - | Freedom of expression |
| ആനുപാതിക നീതി | - | Proportionate justice |
| ഇടപെടൽ | - | Intervention |
| ഉദാരതാവാദം | - | Liberalism |
| കുടിയേറ്റക്കാർ | - | Immigrants |
| ക്രിയാത്മക സ്വാതന്ത്ര്യം | - | Positive liberty |
| ജീവനോപാധിക്കുള്ള അവകാശം | - | Right to livelihood |
| തീവ്രവാദം | - | Terrorism |
| ദേശസ്നേഹം | - | Patriotism |
| ദേശീയത | - | Nationalism |
| ദേശരാഷ്ട്രം | - | Nation state |
| ന്യൂനപക്ഷം | - | Minority |
| നിഷേധാത്മക സ്വാതന്ത്ര്യം | - | Negative liberty |
| നീതി | - | Justice |

| | | |
|---|---|---|
| നീതിന്യായ പുനപരിശോധന | - | Judical Review |
| നിയമവാഴ്ച | - | Rule of Law |
| പ്രാദേശികവാദം | - | Regionalism |
| ഭൂപ്രദേശം | - | Territory |
| മനുഷ്യാവകാശം | - | Human Right |
| മതേതരത്വം | - | Secularism |
| രാഷ്ട്രീയ സൈദ്ധാന്തികർ | - | Political Scientists |
| രാഷ്ട്രീയ സിദ്ധാന്തം | - | Political theory |
| വർണവിവേചനം | - | Apartheid |
| വിവരാവകാശം | - | Right to Information |
| വിവേചനം | - | Discrimination |
| വികസനം | - | Development |
| സമത്വം | - | Equality |
| സമാധാനം | - | Peace |
| സമാധാനവാദം | - | Pacifism |
| സ്വകാര്യതക്കുള്ള അവകാശം | - | Right to privacy |
| സ്വാഭാവിക നിയമം | - | Natural Law |
| സ്വതന്ത്ര വിപണി | - | Free market |
| സാമൂഹ്യനീതി | - | Social justice |
| സംസാര സ്വാതന്ത്ര്യം | - | Freedom of speech |
| സ്വാതന്ത്ര്യം | - | Freedom |
| ഹിംസ | - | Violence |